# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 ജൂൺ 9, ബുധൻ

സ്പീക്കർ
**ശ്രീ. എം.ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2039/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...97

**II അടിയന്തരപ്രമേയം**

നികുതിയിളവ്

- ശ്രീ. എൻ. ഷംസുദ്ദീൻ

(അവതരണാനുമതി നിഷേധിച്ചു) ...370

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സ്ഥലമേറ്റെടുക്കുന്നതിന് തുക അനുവദിക്കൽ

- ഡോ. എൻ. ജയരാജ് ...387

(2) ഭൂപതിവുചട്ടങ്ങളുടെ ഭേദഗതി

- ശ്രീ. പി. ജെ. ജോസഫ് ...390

**IV സബ്മിഷൻ**

(1) ഭൂമി ഏറ്റെടുക്കൽ

- ശ്രീ. ഐ. ബി. സതീഷ് ...393

(2) റെഗുലേറ്റർ-കം-ബ്രിഡ്ജ്

- ശ്രീ. മഞ്ഞളാംകുഴി അലി

...395

(3) വന്യജീവി ആക്രമണം

- ശ്രീ. കെ. യു. ജനീഷ് കുമാർ ...397

*പേജ്*

(4) പാർപ്പിട പ്രശ്നം

- ശ്രീ. കെ. ബാബു (നെന്മാറ) ...399

(5) പാലക്കയം ആദിവാസി കോളനി റോഡ്

- ശ്രീ. പി. കെ. ബഷീർ ...401

(6) റോഡ് നിർമ്മാണം

- ശ്രീ. പി. വി. ശ്രീനിജിൻ ...406

(7) മേൽപ്പാല നിർമ്മാണം

- ശ്രീ. പി. സി. വിഷ്ണുനാഥ് ...403

(8) കല്ലൂരിക്കടവ് പാലം നിർമ്മാണം

- ശ്രീ. കെ. വി. സുമേഷ് ...405

(9) കെട്ടിട നിർമ്മാണം

- ശ്രീ. പ്രമോദ് നാരായൺ ...405

(10) കോവിഡ് ചികിത്സാ സൗകര്യം

-ശ്രീ. ടി. സിദ്ദിഖ് ...410

**V ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച) ...411

**VI വ്യക്തിപരമായ വിശദീകരണം**

അവാസ്തവ പ്രസ്താവന

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...453

**VII അറിയിപ്പ്**

പരിശീലന പരിപാടി

- മി. സ്പീക്കർ ...467

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 9, ബുധൻ*

| വാല്യം 184] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 11 |
|---|---|---|

നിയമസഭ 2021 ജൂൺ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നമ്പർ (*61)

### കിഫ്ബിയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട്

1(*61) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വൻകിട പദ്ധതികൾ നടപ്പാക്കുവാൻ ചുമതലപ്പെടുത്തിയ കിഫ്ബിയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പോലും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കിഫ്ബിയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് വകയിരുത്താത്തത് കടുത്ത അനീതിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സാഹചര്യത്തിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ/ട്രൈബൽ സബ് പ്ലാൻ മാതൃകയിൽ പിന്നാക്ക വിഭാഗങ്ങൾക്കായി കിഫ്ബിയിൽ പ്രത്യേക ഫണ്ട് വകയിരുത്താൻ വകുപ്പ് മുൻകയ്യെടുക്കുമോ;

(ഡി) ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങിയവ ആരംഭിക്കുന്നതിന് 14 പ്രോജക്ടുകൾക്കായി 92.62 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* 1 ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കിഫ്ബി ഫണ്ട് ലഭ്യമാക്കി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ഹോസ്റ്റലുകൾ/ഐ.ടി.ഐ.-കൾ എന്നിവയുടെ നിർമ്മാണത്തിന് 22-10-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1581/2016/പജപവവിവ. പ്രകാരം 100 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതികളിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച 89.61 കോടി രൂപയുടെ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 2*ആയി ചേർക്കുന്നു.

(ബി) ഇല്ല. ബഡ്ജറ്റ് വിഹിതത്തിനുപുറമെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആകെ 182.23 കോടി രൂപയുടെ 26 പ്രവൃത്തികളും പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിൽ 17.73 കോടി രൂപയുടെ ഒരു പദ്ധതിയും നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുകീഴിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിന് 17.73 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം നല്കിയിട്ടുണ്ട്.

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയ പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തരമായ നടപ്പിലാക്കേണ്ട

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവയാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുത്തിരുന്നു. 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ശേഷിക്കുന്നവയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ട്. കോളനികളുടെ വിവരങ്ങൾ അനുബന്ധം* 3 ആയി ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 62 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ടി കോളനികളിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളനികളുടെ വിവരങ്ങൾ അനുബന്ധം *4 ആയി ചേർക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നക്ഷത്രചിഹ്നമിട്ട 61-ാം നമ്പർ ചോദ്യത്തിന്റെ (എ) ഉത്തരത്തിൽ കിഫ്ബി ഒരുപാട് വർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ബഹുമാന്യനായ അങ്ങ് പറയുന്നുണ്ട്. ഇവിടെ എല്ലാ വർക്കുകൾക്കും കിഫ്ബിയുടെ അംഗീകാരമുണ്ട്. പക്ഷെ അങ്ങ് നൽകിയ ഉത്തരത്തിൽ അംഗീകാരം നൽകിയ 94 വർക്കുകളിൽ 19 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു എന്നാണ് പറയുന്നത്. 80 ശതമാനം വർക്കുകളും പൂർത്തീകരിച്ചിട്ടില്ല. 2016-ലാണ് അംഗീകാരം ലഭിച്ച് പദ്ധതികൾ ആരംഭിച്ചത്. എന്തുകൊണ്ടാണ് ഇത്രയും പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നത്? കിഫ്ബിയുടെ 90 ശതമാനം വർക്കുകളും ഇഴഞ്ഞ് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഇതിൽ അനാസ്ഥ വന്നിരിക്കുന്നത് കരാറുകാരനാണോ, നിർവ്വഹണ ഏജൻസിക്കാണോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രശ്നങ്ങൾ ഇതിലുണ്ടോയെന്ന് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ; കൂടാതെ എസ്.സി/ എസ്.ടി. വിഭാഗത്തിനുവേണ്ടി കിഫ്ബി എത്ര ഫണ്ട് ചെലവഴിച്ചിട്ടുണ്ട് എന്നതുകൂടി സൂചിപ്പിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കിഫ്ബി ഫണ്ടിന്റെ കാര്യം നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. അതിന്റെ അംഗീകാരം ഗവൺമെന്റ് നൽകിയെങ്കിലും കിഫ്ബിയുടെ അനുമതി വൈകിയാണ് ലഭിച്ചത്. ഈ സാമ്പത്തികവർഷം തന്നെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ പണികളും പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ വർക്കുകൾ ആരംഭിച്ചിട്ട് 5 വർഷമായി. കിഫ്ബി പദ്ധതികൾ വന്നതോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഏറെക്കുറെ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഹൈടെക് സ്കൂളുകൾ വന്നെങ്കിലും രണ്ട് വർഷമായി അവ പൂട്ടിക്കിടക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എസ്.സി./എസ്.ടി. മേഖലകളിൽ ഇല്ല. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ പൊങ്ങിൻചുവട് ആദിവാസി കോളനിയിൽ 115-ഓളം കുടുംബങ്ങൾ താമസമുണ്ട്. മൊബൈൽ ഫോണിന് അവിടെ റേഞ്ചില്ല. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. ഞങ്ങളെ ടെലിഫോണിൽ വിളിക്കുന്നവരിലധികവും എസ്.സി./എസ്.ടി. വിഭാഗം വിദ്യാർത്ഥികളാണ്. അവർക്ക് അത്തരം സംവിധാനങ്ങൾ സൗജന്യമായി ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള നല്ല ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്ന് ഇതുസംബന്ധിച്ച് ഒരു യോഗം വിളിച്ചിട്ടുണ്ട്. എല്ലാ സ്ഥലങ്ങളിലും കണക്ടിവിറ്റി ലഭ്യമാക്കാൻ ഇടപെടലുകൾ നടത്തുന്നുണ്ട്. പഠന സൗകര്യമില്ലാത്ത മുഴുവൻ വിദ്യാർത്ഥികൾക്കും അതിനുള്ള സൗകര്യം നൽകുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, കിഫ്ബിയിൽ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് പ്രത്യേക ചോദ്യം വേണം.

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ ഏതാനും വർഷങ്ങളായി വിവിധ പട്ടികജാതി കോളനികൾ നവീകരിക്കാനായി തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. പല കോളനികളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടില്ലെന്ന് അവ

പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. വിവിധ നിയോജകമണ്ഡലങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. പല പദ്ധതികളും നടപ്പിലാക്കുന്ന ഏജൻസി നിർമ്മിതി കേന്ദ്രമാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. നിർമ്മിതികേന്ദ്രം ഒരു സമ്പൂർണ്ണ പരാജയമാണ് എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; എന്താണ് ഇതിന്റെ പ്രശ്നം? ഇത് ഏത് നിലയിൽ കൈകാര്യം ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? പല പദ്ധതികളും നിർമ്മാണത്തിന്റെ പാതിവഴിയിലാണ്. ചിലയിടത്ത് കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്, വീടുകളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണികൾ നടത്താനുണ്ട്, അങ്ങനെ വിവിധ തലങ്ങളിൽ ഓരോ പ്രദേശത്തും പണി പാതിവഴിയിലാണ്. ഒന്നും പൂർണ്ണമായതായി കാണാൻ കഴിയുന്നില്ല. വളരെ ഗൗരവമായ സാഹചര്യമാണ്, ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുണ്ടാകണം. ഇവ എപ്രകാരം പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഏറ്റെടുത്ത കോളനികളിലെ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളിലൂടെയാണ് പൂർത്തീകരിക്കുന്നത്. നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെല്ലാം മോശമാണെന്ന് പറയാൻ കഴിയില്ല. ചില പ്രദേശങ്ങളിൽ പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കാം. അതിനുശേഷം ഓരോ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ അംബേദ്കർ കോളനികൾ തെരഞ്ഞെടുത്തത് പരിശോധിച്ച് അതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്താം. ഇപ്പോൾ നടപ്പിലാക്കുന്ന പല പദ്ധതികളും അവർക്ക് പ്രയോജന മില്ലാത്തതാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് ഈ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഇന്ത്യയ്ക്കാകെ അഭിമാനകരമായൊരു മാതൃകയാണ് പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച കോളേജാണിത്. ഈ മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. പാസ്സായി ഹൗസ് സർജൻസിയും കഴിഞ്ഞ 72-ലധികം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കോവിഡ് കാലത്ത് ജനങ്ങൾക്ക് സേവനം നൽകിക്കൊണ്ടിരിക്കുന്ന അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുകയാണ്. കിഫ്ബി പോലെയുള്ള പ്രോജക്ട് വിഭാവന ചെയ്യുമ്പോൾ, എസ്.സി. പ്ലാൻ ഫണ്ടിൽ നിന്നുമാത്രമായി അവിടത്തെ

വികസനപ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. ഏഴര ലക്ഷം സ്ക്വയർഫീറ്റിൽ 550 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുൾപ്പെടെയുള്ള സംവിധാനങ്ങളുടെ നിർമ്മാണമാണ് അവിടെ നടക്കുന്നത്. ഇതിന് ബഡ്ജറ്ററി സപ്പോർട്ട് അനിവാര്യമാണെന്നതിനപ്പുറം കിഫ്ബി ഒരു പ്രോജക്ട് പ്രഖ്യാപിച്ചിട്ട് പാലക്കാട് മെഡിക്കൽ കോളേജ് പോലെ ഇത്രയും വലിയ സാമൂഹ്യനീതിയുടെ വിളംബരം കൂടിയായ ഒരു സ്ഥാപനത്തിന് ഫണ്ട് നീക്കിവയ്ക്കാതിരിക്കുന്നത് അനുചിതമാണ്. ഇതിന്റെ തുടർ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിപ്പിക്കുമെന്നതരത്തിൽ അങ്ങയുടെ ഇടപെടൽ ഉണ്ടാകുമോ? അതോടൊപ്പം അവിടെ ഒരു സ്പോർട്സ് സ്കൂളിനോടനുബന്ധിച്ച് ആരംഭിച്ച സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം. പാലക്കാടിന്റെ കായിക രംഗത്തെ സംഭാവനകൾ നമുക്കറിയാം. ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രിയായിരിക്കുമ്പോൾ ഉണ്ടായിരുന്നു. അതിന്റെ തുടർനടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് തീർച്ചയായും മാതൃകാപരമാണ്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടെങ്കിലും പൂർണ്ണതയിൽ എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നാണ് അതിന് ഫണ്ട് നൽകിക്കൊണ്ടിരിക്കുന്നത്. അങ്ങ് ചൂണ്ടിക്കാണിച്ചത് കിഫ്ബി പോലെയുള്ള ഒരു ബൃഹത് വികസന പദ്ധതിയിൽ പാലക്കാട് മെഡിക്കൽ കോളേജിനെ ഉൾപ്പെടുത്തി അതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുമോ എന്നതാണ്. തീർച്ചയായും അതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. അല്ലാതെ തന്നെ ആ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ഇപ്പോൾ നടക്കുന്നുണ്ട്. എല്ലാവരുടെയും സഹായത്തോടുകൂടി പാലക്കാട് മെഡിക്കൽ കോളേജിനെ പൂർണ്ണതയിലെത്തിക്കാൻ വേണ്ട ശ്രമമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന് അനുയോജ്യമായ സ്ഥലം ഇതുവരെ കണ്ടെത്തിയിട്ടില്ല. കണ്ടെത്തിയാൽ മാത്രമേ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, 2019-20 വരെയുള്ള എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത് കിഫ്ബിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിന് ആകെ കൊടുത്തിരിക്കുന്നത് 25 കോടി രൂപയാണെന്നാണ്. കിഫ്ബിയെക്കുറിച്ച് നമ്മൾ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപവും കേന്ദ്ര

ഗവൺമെന്റിനെക്കുറിച്ച് നമ്മൾ പൊതുവായി ഉന്നയിക്കുന്ന ഒരാക്ഷേപവും അതാണ്. അതായത് പ്ലാനിനെ ദുർബ്ബലമാക്കി കേന്ദ്ര ഗവൺമെന്റ് പ്രോജക്ടിലേയ്ക്ക് പോകുന്നുവെന്നായിരുന്നു പ്രധാനപ്പെട്ട ആരോപണം. ഇവിടെ കിഫ്ബി പ്രോജക്ടിലെ പ്രധാനപ്പെട്ട ഒരു പ്രശ്നം പ്ലാനിൽ അലോക്കേഷൻ ഉണ്ടാകുമെന്നതാണ്. പട്ടികജാതി വിഭാഗത്തിന് ഭരണഘടനാപരമായി കൃത്യമായ അലോക്കേഷനുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രത്യേകമായ പ്ലാനും പദ്ധതിയുമുണ്ട്. കിഫ്ബി പദ്ധതിക്ക് യഥാർത്ഥത്തിൽ നമ്മുടെ ബഡ്ജറ്റിൽ നിന്നാണ് പണം പോകുന്നത്. പക്ഷേ കിഫ്ബി പദ്ധതി പ്രഖ്യാപിക്കുമ്പോൾ അത് പ്ലാനിൽനിന്ന് പ്രോജക്ടിലേയ്ക്ക് മാറുകയാണ്. അങ്ങനെ വരുമ്പോൾ പ്രോപ്പറായുള്ള അലോക്കേഷൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നും കിഫ്ബി പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ നിശ്ചിത ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി നീക്കിവയ്ക്കണമെന്നുള്ള ഒരു പ്രൊപ്പോസൽ അങ്ങയുടെ വകുപ്പ് നൽകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കിഫ്ബി പദ്ധതിയിലൂടെ 25 കോടി രൂപ നൽകിയെന്നാണ് എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നതെന്ന് അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ ലഭിച്ച കണക്കനുസരിച്ച് 182 കോടി രൂപയാണ്. ....(ബഹളം).... അത് കൃത്യമായി പരിശോധിച്ച് പറയേണ്ടതാണ്. പ്ലാനും പ്രോജക്ടും തമ്മിൽ വ്യത്യാസമുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പ്ലാനിൽ വരുന്നതും പ്രോജക്ടിൽ വരുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളത് ശരിയാണ്. അത് എല്ലാ പ്രോജക്ടിലുമുണ്ട്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പല പദ്ധതികളും പ്രോജക്ടായി നടപ്പിലാക്കുന്നതിന്റെ ഫലമായി എസ്.സി./എസ്.ടി. വിഭാഗത്തിന് ജനസംഖ്യയനുസരിച്ചുള്ള വിഹിതം കുറഞ്ഞുവരികയാണ്. കേന്ദ്ര ഗവൺമെന്റ് പോപ്പുലേഷൻ അനുസരിച്ച് വിഹിതം വയ്ക്കുന്നില്ല. എന്നാൽ കേരളത്തിൽ പോപ്പുലേഷനേക്കാൾ കൂടുതൽ ബഡ്ജറ്റ് വിഹിതം വയ്ക്കുന്നുണ്ടെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. തീർച്ചയായും അങ്ങ് ചൂണ്ടിക്കാണിച്ച കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഇടപെടൽ നടത്താവുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേന്ദ്ര സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന ഉപപദ്ധതികൾക്ക് ജനസംഖ്യാനുപാതികമായി ഫണ്ട് വകയിരുത്തുന്നില്ലെന്നും എന്നാൽ കേരളം ജനസംഖ്യാനുപാതിക തോതിനേക്കാളും ഫണ്ട് അനുവദിക്കുന്നുണ്ടെന്നും അങ്ങ് മറുപടിയിൽ സൂചിപ്പിച്ചത് വസ്തുതയാണ്. അതിനുപുറമേ കിഫ്ബി ഉൾപ്പെടെയുള്ള ഫണ്ടിന്റെ സാധ്യതകളും നാം ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ഫണ്ടുകൾ

ഉപയോഗപ്പെടുത്തി വികേന്ദ്രീകരിച്ച ചില പദ്ധതികൾ നടപ്പാക്കുമ്പോൾ, താഴെത്തലത്തിലേയ്ക്ക് അവ വിന്യസിക്കുമ്പോൾ നിയോജകമണ്ഡലങ്ങളിലെ എസ്.സി./എസ്.ടി. പോപ്പുലേഷൻ കൂടി ആനുപാതികമായെടുക്കാൻ ശ്രമിക്കുമോ; അതോടൊപ്പം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് കിഫ്ബി വഴി ലഭ്യമാക്കിയ ഫണ്ടുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിയോജകമണ്ഡലാടിസ്ഥാനത്തിൽ പോപ്പുലേഷൻ അനുസരിച്ച് താഴെത്തട്ടിലേയ്ക്ക് ഫണ്ട് കൊടുക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഇപ്പോൾ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ഫണ്ട് ഓരോ സ്ഥലത്തേയ്ക്കും കൊടുത്തുകൊണ്ടിരിക്കുന്നത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ടിയാണ് നമ്മൾ പ്രയോറിറ്റി കൊടുക്കുന്നത്. അതിനുശേഷം ജനസംഖ്യാനുപാതികമായി ഫണ്ട് നൽകുന്നതായിരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്നത് ജനസംഖ്യാനുപാതികമായിട്ടാണ്. അതിന്റെ ഗ്യാപ് നികത്താൻ വേണ്ടിയാണ് ട്രൈബൽ/ എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പ്രശ്നങ്ങൾ രൂക്ഷമായ സ്ഥലങ്ങളിലേയ്ക്കുവേണ്ടിയാണ് ആ ഫണ്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ ജനസംഖ്യാനുപാതികമായി കൊടുക്കുന്ന കാര്യം പരിശോധിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം പൊതുവിഭവ വിതരണത്തിലുള്ള അസന്തുലിതാവസ്ഥയാണ്. അതാണ് ഇവിടെ ശ്രീ. വി. ഡി. സതീശനുൾപ്പെടെയുള്ളവർ സൂചിപ്പിച്ചത്. കിഫ്ബി വന്നപ്പോൾ സാധാരണ ജനങ്ങളിലേയ്ക്ക് എത്തേണ്ട തുക ലഭ്യമായില്ല. 60,000 കോടി രൂപ നമ്മൾ ചെലവഴിക്കുമ്പോൾ അതിൽ 182 കോടി രൂപയുടെ പദ്ധതിയാണെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങയുടെ ഉത്തരത്തിൽ, ജനസംഖ്യാനുപാതികമായി കൂടുതൽ തുക സർക്കാർ വകയിരുത്തുന്നുണ്ടെന്ന് പറഞ്ഞു. അത് ശരിയാണ്. മുൻകാലങ്ങളിൽ അതുപോലെ ചെയ്യാറുണ്ട്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കുറവ് ചെലവ് വന്നിട്ടുള്ളത് എസ്.സി. ഡിപ്പാർട്ടുമെന്റിലാണ്. നമ്മൾ പണം അധികം നീക്കിവച്ചതുകൊണ്ടായില്ല. നീക്കിവയ്ക്കുന്ന തുക ചെലവഴിക്കുന്ന കാര്യത്തിലും ആത്മാർത്ഥതയുണ്ടാകണം. പക്ഷേ അതുണ്ടായിട്ടില്ലെന്ന് ബഹുമാന്യനായ അങ്ങേയ്ക്ക് ബോധ്യമാകും. മാത്രമല്ല ബഹുമാന്യനായ അങ്ങ് മന്ത്രിയായിരുന്നപ്പോഴാണ് തദ്ദേശഭരണ

സ്ഥാപനങ്ങൾക്ക് ഏറ്റവും കൂടുതൽ ഫണ്ട് നീക്കിവച്ചത് എസ്.സി. ഡിപ്പാർട്ടുമെന്റാണ്, ഏതാണ്ട് 38 ശതമാനം. ഇപ്പോൾ അവിടെയും പദ്ധതി തുക ചെലവഴിക്കുന്നത് വളരെ കുറവാണ്. ആ രീതിയിൽ പരിശോധിച്ചാൽ ഇന്ന് കിഫ്ബിയിലും എസ്.സി. വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഫണ്ട് ലഭിക്കുന്നില്ല. എസ്.സി. ഡിപ്പാർട്ടുമെന്റ് നീക്കിവയ്ക്കുന്ന ഫണ്ടുപോലും വർഷംതോറും അവർക്ക് ലഭിക്കുന്നില്ലെന്നുള്ള കാര്യം അങ്ങ് പരിശോധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാന്യനായ അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. നേരത്തെ ഓരോ ഡിപ്പാർട്ടുമെന്റും പത്തുശതമാനം തുകയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവഴിച്ചുകൊണ്ടിരുന്നത്. 1996 മുതലാണ് അതിൽ മാറ്റം വരുത്താൻ തീരുമാനിച്ചത്. അതനുസരിച്ച് അധികാര വികേന്ദ്രീകരണം വന്ന സന്ദർഭത്തിൽ താഴെത്തട്ടിലുള്ള പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നുകണ്ടുകൊണ്ടാണ് കൂടുതൽ ഫണ്ട് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് ത്രിതലപഞ്ചായത്തിന് നൽകിയത്. അതിന്റെ പരിശോധന കൃത്യമായി നടത്തിവന്നിരുന്നു. ഇപ്പോൾ അതുസംബന്ധിച്ച കൃത്യമായ വിവരം ശേഖരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ 25 വർഷമായി, ത്രിതലപഞ്ചായത്തുകൾക്ക് അധികാരവും സമ്പത്തും കൊടുത്തതിനുശേഷം, നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച്, പ്രത്യേകിച്ചും പാവപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളെയും അതിന്റെ പുരോഗതിയേയും സംബന്ധിച്ച് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് പരിശോധന നടത്തി ആവശ്യമായ തിരുത്തലുകൾ നടത്താൻ ശ്രമിക്കുന്നുണ്ട്. ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് കൃത്യമായും ചെലവഴിക്കപ്പെടേണ്ടതാണ്. അത് ലാപ്സാകാതിരിക്കാൻ ശ്രദ്ധയുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പല പദ്ധതികൾക്കും ഏകദേശം 95 ശതമാനത്തിലധികം എക്സ്പെൻഡിച്ചറായിട്ടുണ്ട്. ചില പദ്ധതികൾക്ക് മാത്രമാണ് എക്സ്പെൻഡിച്ചർ നടത്താൻ കഴിയാതെ പോയത്. അത് ഭൂമി വാങ്ങിക്കൊടുക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ടാണ്. ഭൂമിയുടെ ലഭ്യത അങ്ങേയ്ക്കറിയാം. അതിന്റെ ഫലമായാണ് അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് പോരായ്മകൾ സംഭവിച്ചത്. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. കേന്ദ്രത്തിന്റെ നോംസ് അനുസരിച്ച് ഇവിടെ പ്രവർത്തിക്കാൻ കഴിയാത്തതുകൊണ്ടാണ് ആ പദ്ധതികൾക്ക് പൂർണ്ണമായും തുക ചെലവഴിക്കാൻ കഴിയാതെ വന്നത്. തീർച്ചയായും അവ പരിഹരിക്കുന്നതിന് ഇടപെടൽ നടത്താവുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലും ജീവിത മാർഗ്ഗവും അവരുടെ വരുമാനവും നിലനിർത്തുന്നതിനുവേണ്ടി ഏതെല്ലാം രീതിയിലുള്ള പദ്ധതികളാണ് നടപ്പാക്കാൻ കഴിഞ്ഞതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാന്യനായ മുൻമന്ത്രി ചോദിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നവരാണ് എസ്.സി./എസ്.ടി. ജനവിഭാഗം. അവരെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ഗവൺമെന്റ് നടപ്പിലാക്കുന്ന ഒട്ടേറെ പദ്ധതികളുടെ പ്രയോജനം ഈ വിഭാഗത്തിന് കിട്ടാൻവേണ്ട ഇടപെടൽ നടത്തുന്നതോടൊപ്പം എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റ് പ്രത്യേകമായും ദുരിതമനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ വേണ്ടിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരികയാണ്, അതിനാവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇനിയും ഇടപെടൽ നടത്താവുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സാമൂഹ്യപുരോഗതിക്കുവേണ്ടി അവർ ഏറ്റവും കൂടുതൽ താമസിക്കുന്ന കോളനികളിൽ ഗവൺമെന്റ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഒരുകോടി രൂപയുടെ സ്കീമിനെക്കുറിച്ച് പറയുകയുണ്ടായി. ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ രണ്ട് കോളനികളാണ് ഏറ്റെടുത്തത്. ഇതുവരെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇത് മോണിറ്റർ ചെയ്യാനുള്ള സംവിധാനം അവിടെ ഇല്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എം.എൽ.എ.-മാർ എന്ന നിലയിൽ ജില്ലാതലത്തിലോ അല്ലെങ്കിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലോ ഇടപെടാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് വർക്കുകളും നിർമ്മിതി കേന്ദ്രമാണ് ഏറ്റെടുത്തിരിക്കുന്നത്. അവർക്ക് കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകാനുള്ള ഫണ്ട് ഗവൺമെന്റിൽനിന്നും യഥാസമയം കിട്ടുന്നില്ലെന്നൊരു പ്രശ്നം പറയുന്നുണ്ട്. ഇക്കാര്യം പരിശോധിക്കണം. ഒരു കോടി രൂപ കൊടുക്കുന്നതുകൊണ്ട് കോളനിയുടെ നവീകരണത്തിന് വലിയ സഹായമാണ്. ഇത് നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചത് എവിടെയാണെന്നത് ഗൗരവമായി പരിശോധിക്കണം. നായനാർ സർക്കാരിന്റെ ഭരണകാലത്ത് അങ്ങ് ആ വകുപ്പ് ഏറ്റെടുത്തത് ഞാൻ ഓർക്കുന്നുണ്ട്. ഏറ്റവും കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനങ്ങൾ ആ കാലഘട്ടത്തിൽ നടത്തിയെന്നത് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇതിൽ സാമൂഹ്യനീതിയുടെ പ്രശ്നം കൂടിയുണ്ട്. എസ്.സി./എസ്.ടി. കോളനികളിൽ

താമസിക്കുന്ന ആളുകൾ ഏറ്റവും കൂടുതലായി ചോദിക്കുന്നത് വീടുകളാണ്. അവിടെ ഭൂരിപക്ഷവും തകർന്ന വീടുകളാണ്. അവ നന്നാക്കാതെ അവിടെ മറ്റ് കാര്യങ്ങൾക്കുവേണ്ടി ഫണ്ട് വിനിയോഗിക്കുമ്പോൾ അവർ അതിനെ സംശയത്തോടെ നോക്കിക്കാണുകയാണ്. ഈ പദ്ധതിയിൽ വീടുകൾക്ക് കൂടുതൽ പരിഗണന കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. കിഫ്ബിയിൽ നിന്ന് ഇത്രയേറെ തുക ചെലവഴിക്കുമ്പോൾ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രമായ നവീകരണത്തിനുവേണ്ടി കൂടുതൽ തുക മാറ്റിവച്ച് ഒരു പുതിയ പ്രോജക്ടിന് രൂപം കൊടുക്കുവാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരു കോടി രൂപ ഓരോ കോളനിയുടെയും വികസനത്തിന് കൊടുക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത് നേരത്തെ തുടങ്ങിയ ഒരു പദ്ധതിയാണ്. വിവിധ ഏജൻസികളെയാണ് അത് ഏൽപ്പിക്കുന്നത്. ഒരു കോടി രൂപ അഡ്വാൻസായി അനുവദിച്ച് പദ്ധതി തയ്യാറാക്കാനായി ആവശ്യപ്പെടും. ഓരോ കോളനികളിലെയും ആവശ്യം നോക്കി പദ്ധതികൾ തയ്യാറാക്കാൻ നമുക്ക് കഴിയും. വെറുതെ ഒരു കോടി രൂപ കൊടുത്ത് പദ്ധതി ഉണ്ടാക്കിക്കോ എന്നുപറയുന്നതിനുപകരം ഓരോ കോളനിയുടെയും ആവശ്യങ്ങൾ നോക്കി പദ്ധതിക്കാവശ്യമായ ഫണ്ട് കൊടുക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. തീർച്ചയായും ഇത് പ്രായോഗികമായി നടപ്പിലാക്കാൻ നമുക്ക് കഴിയണം. മുടങ്ങിക്കിടക്കുന്ന ഓരോ കോളനിയുടെയും വർക്കിന്റെ പുരോഗതി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ നമുക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും. അതിൽ എം.എൽ.എ.-മാരുടെ നല്ല രീതിയിലുള്ള സഹകരണവും ഉണ്ടാകേണ്ടതാണ്. ഈ വിഭാഗത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതി വേറൊരു വിഭാഗത്തിനുകൂടി പ്രയോജനമായി ത്തീരുന്നുവെന്ന് ഉറപ്പുവരുത്താൻ ജനപ്രതിനിധികളെന്ന നിലയിൽ നമുക്ക് ഓരോരുത്തർക്കും അതിൽ പങ്കുണ്ടെന്നുകൂടി തിരിച്ചറിയണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മന്ത്രി അംബേദ്കർ കോളനിയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് സിഡ്കോ ആയാലും നിർമ്മിതികേന്ദ്രമായാലും പല പ്രവർത്തനങ്ങളും പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. 25 ശതമാനം

അഡ്വാൻസ് കൊടുക്കാനുള്ള വ്യവസ്ഥകൂടിയുണ്ട്. ഈ ഏജൻസികൾക്കൊന്നും തന്നെ സ്വന്തമായി കാര്യങ്ങൾ ചെയ്തുകൊണ്ടുപോകാനുള്ള കഴിവില്ല. അവർ വീണ്ടും സബ് കോൺട്രാക്ട് കൊടുക്കുകയാണ്. അങ്ങനെയാണെങ്കിൽ സാധാരണ ഗവൺമെന്റ് നടപടിപ്രകാരം കരാർ കൊടുത്ത് എന്തുകൊണ്ട് ഈ പ്രവൃത്തി ചെയ്തുകൂട?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്നത്. അവർക്ക് അതിനുള്ള കപ്പാസിറ്റി ഇല്ലെന്ന് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിൽ ശരിയുണ്ട്. അവരെല്ലാം സബ് കോൺട്രാക്ട് കൊടുക്കുകയാണ്. അപ്പോൾ ആ ഏജൻസിയുടെയും സബ്കോൺട്രാക്ടർമാരുടെയും കമ്മീഷനെല്ലാം കഴിഞ്ഞ് ഫിസിക്കലായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അതിന്റെ പ്രയോജനം വിചാരിക്കുന്നതുപോലെയുണ്ടാകുന്നില്ലെന്നുകണ്ട് കൃത്യമായി നടപ്പിലാക്കാൻ കഴിയുന്ന ഏജൻസികളെ കണ്ടുപിടിച്ച് അവരെ ഏൽപ്പിക്കുകയെന്നുള്ള നിലപാട് തുടർന്ന് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 62-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 70-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ചോദ്യവുമായി നേരിട്ട് സാമ്യമില്ലാത്തതുകൊണ്ട് ക്ലബിംഗ് അനുവദിക്കുന്നില്ല.

**കുടിവെള്ള വിതരണ സംവിധാനം**

2(*62) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) തീരദേശ മേഖലയിൽ തടസ്സരഹിതമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ; കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം ചെയ്യുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ; സംസ്ഥാനത്ത് കൂടുതൽ മൾട്ടി വില്ലേജ് ഡ്രിങ്കിംഗ് വാട്ടർ സ്കീമുകൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ 2024-ലോടുകൂടി നല്കുവാൻ ലക്ഷ്യമിട്ടുള്ള ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതോടെ ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. സംസ്ഥാനത്ത് നഗര മേഖലയിൽ കിഫ്ബി, അമൃത്, കെ.എസ്.യു.ഡി.പി, സംസ്ഥാന പദ്ധതികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിന്നുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ, എന്നിവ വൻകിട-ചെറുകിട പദ്ധതികളിലൂടെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. മേൽ പദ്ധതികളിലൂടെ നഗരപ്രദേശങ്ങളിലും കുടിവെള്ള വിതരണം മെച്ചപ്പെടുത്തുവാൻ സാധിക്കും. കൂടാതെ സംസ്ഥാനത്ത് സുഗമമായ ജലവിതരണ സംവിധാനം നിലവിലില്ലാത്ത സ്ഥലങ്ങളിൽ വിശദമായ ഭൂജല പര്യവേഷണം നടത്തി നല്ല ജലസ്രോതസ്സുള്ള ബോർവെല്ലുകൾ നിർമ്മിച്ച് അതിലെ ജലലഭ്യതയ്ക്ക് അനുസരിച്ച് വിവിധതരം പമ്പുകൾ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ച് ജലവിതരണം നടത്തുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) ജലജീവൻ പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയുൾപ്പെട്ട ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇപ്രകാരം ജലജീവൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ ഗ്രാമീണ മേഖലയുൾപ്പെട്ട തീരദേശ മേഖലയിൽ തടസ്സരഹിതമായ കുടിവെള്ള വിതരണം സാധ്യമാകുന്നതാണ്. കൂടാതെ കിഫ്ബി, അമൃത്, കെ.എസ്.യു.ഡി.പി. മുതലായ നഗര മേഖലയ്ക്കുള്ള പദ്ധതികളിലൂടെയും നഗര പ്രദേശങ്ങളുമായി ബന്ധപ്പെട്ട തീരദേശ മേഖലകളിൽ

കുടിവെള്ള വിതരണ സംവിധാനം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതികൾ, സംസ്ഥാന പദ്ധതികൾ, തീരദേശ വികസന അതോറിറ്റി, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ എന്നിവയിലൂടെയും തീരദേശ മേഖലയിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമാക്കി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് കേന്ദ്ര (ജിക്ക) ധനസഹായത്തോടുകൂടി 5 പദ്ധതികളാണ് നടപ്പിലാക്കിയത്. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടിയുള്ള ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി, കോഴിക്കോട് കോർപ്പറേഷനും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ട ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും 13 സമീപപഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും 18 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും 12 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്. 5 പദ്ധതികളിലും കൂടി 516 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിച്ച് ഈ പദ്ധതിപ്രദേശങ്ങളിലെ ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിരുന്നത്. ഈ 5 പദ്ധതികളിലുമായി 516 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല, 233 മില്യൺ ലിറ്റർ സംഭരണ ശേഷിയുള്ള 76 ശുദ്ധജല സംഭരണികൾ, 442 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിൻ, 4490 കിലോമീറ്റർ വിതരണ ശൃംഖല എന്നിവയാണ് ഉൾപ്പെട്ടിരുന്നത്. ഇതിൽ മീനാട്, കോഴിക്കോട് പദ്ധതിയിലുൾപ്പെട്ട 377 കിലോമീറ്റർ വിതരണ ശൃംഖല ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള പണികൾ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നു. ജല ജീവൻ പദ്ധതിയിലുൾപ്പെടുത്തി 2024-ഓടെ ഗ്രാമീണ വീടുകളിലെല്ലാം കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാവശ്യമായ മൾട്ടി വില്ലേജ് ഡ്രിങ്കിംഗ് വാട്ടർ സ്കീമുകൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, 2024-ഓടുകൂടി ജലജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ വീടുകളിലും വെള്ളം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞതിനെ അഭിനന്ദിക്കുകയാണ്. ജലജീവൻ മിഷനിൽ പൈപ്പ്‌ലൈൻ നീട്ടി ഹൗസ് കണക്ഷൻ കൊടുക്കുന്ന ഒരു സ്കീമാണ് ഇപ്പോൾ നടക്കുന്നത്. പൈപ്പ്‌ലൈൻ എക്സ്റ്റന്റ് ചെയ്യുമ്പോൾ നിലവിലുള്ള സോഴ്സ് പര്യാപ്തമാണോയെന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. അതുമാത്രമല്ല പത്ത് മീറ്റർവരെ ദൂരമുള്ള സ്ഥലങ്ങളിൽ മാത്രമേ കോൺട്രാക്ടർമാർ പൈപ്പ്‌ലൈൻ നീട്ടിക്കൊടുക്കുന്നുള്ളൂ. അത് ജലജീവൻ മിഷനിൽ നിലവിൽ നടക്കുന്ന വർക്കിലുൾപ്പെടുത്താൻ പ്രായോഗികമായി കഴിയുന്നില്ല. അങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇത്തരത്തിൽ പൈപ്പ്‌ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമുണ്ട്. അതുപോലെ ഇത് നീട്ടുന്നതനുസരിച്ച് സോഴ്സുംകൂടി ഉറപ്പാക്കേണ്ട ആവശ്യമുണ്ട്; അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജലജീവൻ മിഷനിൽ പ്രത്യേകമായൊരു നടത്തിപ്പ് ചുമതലയുണ്ടെന്ന് പറയുന്നുണ്ട്. അതിന് വ്യക്തത വേണം. നിയമസഭാ കമ്മിറ്റികൾ പരിശോധിച്ച ഒരുപാട് റിപ്പോർട്ടുകളുണ്ട്. ജലനിധി പോലെയുള്ള അത്തരം പദ്ധതികൾ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും മാറ്റി, സേവന മേഖലയിൽനിന്ന് പുറകോട്ടുപോകുന്ന കേന്ദ്ര ഗവൺമെന്റ് നയമാണോ എന്നുപോലും പരിശോധിക്കേണ്ടതുണ്ട്. അത്തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജലജീവൻ മിഷന്റെ നടത്തിപ്പ് ചുമതല കൊടുക്കുന്ന അവസ്ഥ വരരുത്. കാരണം ഇത്തരത്തിൽ ഏൽപ്പിച്ച ജലനിധി പോലുള്ള പല പദ്ധതികളിൽ എഴുപത് ശതമാനത്തോളവും നിശ്ചലമായി കിടക്കുന്നതായി നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകളുണ്ട്. അത്തരത്തിലുള്ള ഭരണപരമായ പ്രശ്നങ്ങൾ വരാൻ സാധ്യതയുണ്ടോ; അതിന് മുൻകൂട്ടി എന്തെങ്കിലും പഠനങ്ങളും തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വാട്ടർ സോഴ്സാണ്. പല പദ്ധതികളും നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ പാതിവഴിയിൽ അവതാളത്തിലാകുന്നത്, അതിന്റെ ആദ്യഘട്ട പഠനത്തിലും വാട്ടർ സോഴ്സ് കണ്ടെത്തുന്നതിലും വന്നിട്ടുള്ള തടസ്സങ്ങൾമൂലമാണ്. അത് പരിഹരിക്കേണ്ടതായിട്ടുണ്ട്. ആദ്യഘട്ടത്തിൽത്തന്നെ അത് പരിശോധിക്കുന്ന തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

എന്നാൽ പൈപ്പ്ലൈൻ എക്സ്റ്റൻഡ് ചെയ്യുമ്പോൾ വാട്ടർ റിസോഴ്സസിന്റെ കുറവുകൊണ്ട് ജലം കിട്ടാതെ വരുന്ന പ്രശ്നമാണ് ശ്രദ്ധയിൽപ്പെടുത്തിയ മറ്റൊരു വിഷയം. 'സമ്പൂർണ്ണ കുടിവെള്ളം എത്തിക്കുക' എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അതിനാവശ്യമായ ജലം ആ സോഴ്സിൽനിന്നും ലഭിക്കുമെന്ന നിലയിൽത്തന്നെ വേണം പദ്ധതി ആരംഭിക്കാൻ. അതിൽ കുറവുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്. മറ്റൊരു കാര്യം ഭരണപരമായ പ്രശ്നമാണ്. പഞ്ചായത്തുകൾക്ക് ഇത് ഏൽപ്പിച്ച് കൊടുക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും മറ്റു കാര്യങ്ങളും വിശദമായി ചർച്ച ചെയ്യാം. അപാകതയില്ലാതെ അത്തരം വിഷയങ്ങൾ പരിഹരിച്ച് നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള കാര്യങ്ങൾ കൂട്ടായി ആലോചിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വാട്ടർ അതോറിറ്റി ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ കൃത്യമായി സംരക്ഷിക്കപ്പെടാൻ ശ്രദ്ധിക്കണം. ഉദാഹരണമായി, കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സായ ശാസ്താംകോട്ട കായൽ (അതിന്റെ ജലസംഭരണശേഷി, കയ്യേറ്റം ഉൾപ്പെടെയുള്ള സംഗതികൾ), കല്ലടയാർ, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സായ അരുവിക്കര ഡാം തുടങ്ങിയവയെല്ലാം വാട്ടർ അതോറിറ്റി ആശ്രയിക്കുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സുകളാണ്. ഇതുപോലെ സംസ്ഥാനത്തൊട്ടാകെ നിരവധി ജലസ്രോതസ്സുകളുണ്ട്. വാട്ടർ അതോറിറ്റി ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിച്ചില്ലെങ്കിൽ എല്ലാ പദ്ധതികളും അവതാളത്തിലാകും. അതുസംബന്ധിച്ച് തുടർച്ചയായി പഠനം നടത്തി യഥാസമയം പരിഹാരം ചെയ്യുന്നതിനുള്ള ജാഗ്രതയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടുണ്ടോ; കുടിവെള്ളത്തിന് ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾക്ക് മുൻഗണന നൽകിക്കൊണ്ട് എന്തൊക്കെ സംരക്ഷണ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കുടിവെള്ളത്തിനുവേണ്ടി എടുത്തിട്ടുള്ള ജലസ്രോതസ്സുകളെ സംരക്ഷിക്കുകയെന്നത് എല്ലാവരുടേയും ആവശ്യമാണ്. അതിന് എല്ലാ വിഭാഗക്കാരുടെയും പിന്തുണയും സഹകരണവും ആവശ്യമാണ്. ശാസ്താംകോട്ട, അരുവിക്കര ഡാം ഇവയെല്ലാം നമ്മുടെ നാടിന്റെയും സമൂഹത്തിന്റെയും പൊതുവായ ആവശ്യമാണെന്ന കാഴ്ചപ്പാടും ബോധവൽക്കരണവും സമൂഹത്തിൽ കൊണ്ടുവരികയെന്നതാണ് ഏറ്റവും പ്രധാനം. 'ജലസ്രോതസ്സുകൾ മലിനമാകുന്നു, കയ്യേറ്റം ചെയ്യപ്പെടുന്നു' എന്നുള്ളതാണ് ബഹുമാനപ്പെട്ട

മെമ്പർ സൂചിപ്പിച്ച പ്രധാനപ്പെട്ട വിഷയം. ജലം മലിനമാകാതിരിക്കാൻ കൂട്ടായ ക്രമീകരണം ആവശ്യമാണ്. അത് മോണിറ്റർ ചെയ്യുന്നതിനുള്ള സിസ്റ്റത്തിന് ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ പ്രാരംഭം കുറിക്കാം. അതിന് ജനപ്രതിനിധികളുടെയും സർവ്വോപരി എല്ലാവരുടെയും പിൻബലം ആവശ്യമാണ്. കുടിവെള്ളമെടുക്കുന്ന വാട്ടർ റിസോഴ്സിൽ ഒരിക്കലും ഇത്തരം വിഷയം ഉണ്ടാകാതിരിക്കാൻ എല്ലാവരുടെയും സഹകരണം ഉറപ്പു വരുത്തുക എന്നതാണ് ഏറ്റവും പ്രധാനം. ഡിപ്പാർട്ടുമെന്റ് തലത്തിൽ ഈ വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ജലജീവൻ പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നാദാപുരം നിയോജകമണ്ഡലത്തിൽ പത്ത് ഗ്രാമപഞ്ചായത്തുകളുള്ളതിൽ ഏഴെണ്ണത്തിനും കുന്നുമ്മൽ കുടിവെള്ള പദ്ധതിയിൽനിന്നും വെള്ളം നൽകാൻ കഴിയും. ചെക്യാട്, കാവിലുമ്പാറ, മരുതുംകര ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കണമെങ്കിൽ പ്രത്യേകം പദ്ധതികൾ വേണം. ത്വരിതഗതിയിൽ ആ പദ്ധതികൾക്ക് രൂപം നൽകാൻ സംവിധാനമൊരുക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലജീവൻ മിഷന്റെ ഭാഗമായി നാദാപുരത്തെ ഏഴ് പഞ്ചായത്തുകളിൽ കുന്നുമ്മൽ കുടിവെള്ള പദ്ധതി കവർ ചെയ്യപ്പെട്ടു. എന്നാൽ നാദാപുരം, കാവിലുമ്പാറയുൾപ്പെടെയുള്ള പഞ്ചായത്തുകൾ ഈ സ്കീമിന്റെ ഭാഗമായി വരുന്നില്ല. അവിടെ കുടിവെള്ളം ലഭിക്കുന്നില്ലെന്നാണ് ഇവിടെ സൂചിപ്പിച്ചത്. 2024-ഓടുകൂടി എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിനാൽ ഈ മൂന്ന് പഞ്ചായത്തുകളിലും ജലജീവൻ മിഷന്റെ ഭാഗമായി കുടിവെള്ളം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, പുനലൂർ എന്നാൽ 'വെള്ളത്തിന്റെ നാട്' എന്നാണ് അർത്ഥം. പുനലൂരിൽനിന്നും കൊല്ലം ജില്ലയിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന് നിരവധി പദ്ധതികളുണ്ട്. പുനലൂർ മണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നതിന് ചില പദ്ധതികളുണ്ടെങ്കിലും നിലവിലുള്ള ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അവ പര്യാപ്തമല്ല. പുനലൂർ താലൂക്കിൽ പൂർണ്ണമായും കുടിവെള്ളമെത്തിക്കുന്നതിന് ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകുമോ; അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? കൊല്ലം ജില്ലയിൽ മുഴുവൻ കുടിവെള്ളമെത്തിക്കുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സായ കല്ലടയാറിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കുടിവെള്ളത്തിന് കല്ലടയാർ ഒരു വാട്ടർ റിസോഴ്സായി കാണുന്ന സ്ഥലമാണ്. ശാസ്താംകോട്ട, അരുവിക്കര എന്നിവ ഉൾപ്പെട്ട കേരളത്തിലെ ശുദ്ധജലമെടുക്കുന്ന തടാകങ്ങളെയും സോഴ്സുകളെയുമെല്ലാം നമുക്ക് ഒരുപോലെ കാണാൻ ശ്രമിക്കാം. പുനലൂരിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട അംഗം നേരത്തേതന്നെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെയൊരു പുതിയ പദ്ധതി രൂപകല്പനചെയ്ത് കൊണ്ടുവരേണ്ടതുണ്ട്. ആ നിലയിൽ പുനലൂർ വിഷയം പരിഹരിക്കുന്നതിനുവേണ്ട നടപടി എങ്ങനെ വേണമെന്നും ഫണ്ടിന്റെ ലഭ്യതയും അത് എങ്ങനെ നൽകാൻ സാധിക്കുമെന്നതിനെക്കുറിച്ചും ആലോചിച്ച് ഉചിതമായൊരു തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെടുന്ന നാൽപ്പതോളം വാർഡുകൾ ഉൾപ്പെട്ടതാണ് തൃശ്ശൂർ നിയോജകമണ്ഡലം. പ്രസ്തുത മണ്ഡലത്തിൽ, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി ആർ. ബിന്ദു ചെയർമാനായിരുന്ന തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നാണ് ശുദ്ധജലം വിതരണം നിർവ്വഹിക്കുന്നത്. പീച്ചി ഡാം വാട്ടറാണ് ഇതിന് ഉപയോഗിക്കുന്നത്. വേനൽക്കാലമായാൽ ഉയർന്ന പ്രദേശങ്ങളിലെ ഡിവിഷനുകളിൽ ജലലഭ്യത കുറവാണ്. ചിമ്മിണി കുടിവെള്ള പദ്ധതിയിൽനിന്നും വാട്ടർ പമ്പിംഗ് സിസ്റ്റം ആരംഭിക്കുന്നതിനുവേണ്ട ഇൻഫ്രാസ്ട്രക്ച്ചർ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികൂടി പ്രാവർത്തികമായാൽ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് വരെയുള്ള പ്രദേശങ്ങളിലേയ്ക്ക് സുലഭമായി ശുദ്ധജലമെത്തിക്കാൻ കഴിയും. ആ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; അല്ലെങ്കിൽ അത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഈ ചോദ്യത്തിന് വിശദമായി മറുപടി പറയാൻ കഴിയില്ല. നിലവിലെ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം നേരിടുന്നുണ്ടെങ്കിൽ അത് പരിശോധിക്കേണ്ടതുണ്ട്. അവിടത്തെ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് ആവശ്യമുള്ളപക്ഷം ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1950-കളിൽ ആരംഭിച്ചതാണ് കോട്ടയം ശുദ്ധജല വിതരണ പദ്ധതി. അതിനുശേഷം നാട് വളർന്നു, കൂടുതൽ കൺസ്യൂമേഴ്സ് വന്നു, ആവശ്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഈ പരിമിതമായ സൗകര്യംവച്ച് എല്ലാവർക്കും വെള്ളം കൊടുക്കാൻ സാധിക്കുന്നില്ല. കോട്ടയം കളക്ടറേറ്റിൽ ഒരു ശുദ്ധജലവിതരണ ടാങ്കുണ്ട്. ആ ടാങ്കിലെ വെള്ളം മുഴുവൻ കൊടുത്താൽപ്പോലും അത് ഇന്നത്തെ ആവശ്യത്തിന്റെ പകുതിപോലും ആകില്ല. അതുകൊണ്ട് ആ ടാങ്ക് വിപുലപ്പെടുത്തുകയും അതോടൊപ്പം പടിഞ്ഞാറൻ മേഖലയ്ക്കുവേണ്ടി മറ്റൊരു ഓവർഹെഡ് ടാങ്ക് നിർമ്മിക്കുകയും ചിങ്ങവനത്തും പനച്ചിക്കാട്ടും വിജയപുരത്തും ഓവർഹെഡ് ടാങ്കുകൾ നിർമ്മിക്കുകയും വേണം. ഇങ്ങനെ ഡിസ്ട്രിബ്യൂട്ട് ചെയ്ത് പോയെങ്കിൽ മാത്രമേ ഇന്നത്തെ ആവശ്യത്തിനനുസരിച്ച് വെള്ളം നൽകാൻ കഴിയുകയുള്ളൂ. അങ്ങേയ്ക്ക് ഇത് നേരിട്ടറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ഇത് വിപുലീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ? മാത്രമല്ല ഇപ്പോൾ പൈപ്പ് പൊട്ടുന്നതുകൊണ്ട് ആളുകൾക്ക് വെള്ളം കിട്ടുന്നില്ല. പൈപ്പ് പൊട്ടുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, പൈപ്പിൽക്കൂടി പോയാൽ പൈപ്പ് വാട്ടറും നിലത്ത് വീണാൽ ഗ്രൗണ്ട് വാട്ടറുമാണെന്നാണ്. അതുകൊണ്ട് സമഗ്രമായ രൂപത്തിൽ പുനരുദ്ധാരണമുണ്ടാകത്തക്ക വിധത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയോ നിലവിലുള്ള പദ്ധതി വിപുലപ്പെടുത്തുന്നതിനുവേണ്ടി നടപടിയെടുക്കുകയോ ചെയ്യുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയങ്ങളെല്ലാം വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ളതാണ്. പൈപ്പിൽ കൂടി പോയാൽ പൈപ്പ് വാട്ടറും ഗ്രൗണ്ടിൽ വീണാൽ ഗ്രൗണ്ട് വാട്ടറുമാണ്. ഇത് ചെറിയ തോതിൽ പരിഹരിക്കാൻ കഴിയുന്നതല്ല. കോട്ടയം നിയോജക മണ്ഡലത്തിലെ സമഗ്രമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 2024-ൽ സമ്പൂർണ്ണമായി ഈ സ്കീം നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ കോട്ടയത്തിന് മുൻഗണന നൽകി ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾക്ക് തുടക്കം കുറിക്കാം.

ശ്രീമതി ശാന്തകുമാരി കെ.: സർ, കുടിവെള്ള പദ്ധതികളുടെ മേജർ പദ്ധതികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച ചില വിഷയങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സോഴ്സായ

കാഞ്ഞിരപ്പുഴ ഡാമിൽ 27 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഭാരതപ്പുഴ ഞാവിളംകടവിൽ നിന്നുള്ള വെള്ളം പറളി - മങ്കര പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതാണ്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലവിളംബം സ്വാഭാവികമായും കുടിവെള്ളം ലഭിക്കുന്നതിന് പ്രയാസങ്ങളുണ്ടാക്കുന്നുണ്ടെന്ന് ജനങ്ങൾക്കിടയിൽ വലിയ പരാതിയുണ്ട്. ഈ പദ്ധതികളുടെകൂടെ substitution ഉണ്ടാക്കിയെടുക്കാൻ വേണ്ട ഒരു സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമാക്കേണ്ടതല്ലേ? ദിവസങ്ങളോളം മണ്ണെടുത്ത് ഗ്രൗണ്ട് വർക്ക് നടത്തി ഓപ്പണായി ഇടുന്ന പ്രവണത വലിയ പരാതിക്ക് ഇടവരുത്തുന്നുണ്ട്. അതിനാൽ മേജർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ തടസ്സമില്ലാതെ വെള്ളം ലഭിക്കാൻ കഴിയുന്ന ഏതെങ്കിലും പദ്ധതി ഇതിന്റെ ഭാഗമാക്കാൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു മേജർ പദ്ധതി നടപ്പിലാക്കുന്ന സമയത്ത് അവിടെയുണ്ടാകുന്ന താൽക്കാലിക കുടിവെള്ള പ്രശ്നമായിരിക്കാം ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയത്. നമുക്ക് രണ്ട് കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നു. ഓരോ നിയോജകമണ്ഡലത്തിലെയും പദ്ധതികൾ അതാത് എം.എൽ.എ.-മാർ തന്നെ കൃത്യമായി സ്കൂട്ടിനൈസ് ചെയ്യുന്നതിനാവശ്യമായ ഒരു സംവിധാനമുണ്ടാക്കണം. പലപ്പോഴും പല പദ്ധതികളും അനന്തമായി നീണ്ടു പോകുകയും അവതാളത്തിലാകുകയും ചെയ്യുന്നുണ്ട്. അത് കോൺട്രാക്ടർമാരുടെ വിഷയമോ സ്ഥലമേറ്റെടുക്കുന്നതിലെ വിഷയമോ ഡിപ്പാർട്ടുമെന്റ് ഡിലേയോ ആകാം. ഇക്കാര്യങ്ങളിൽ ഒരു ശ്രദ്ധയുണ്ടായാൽ പകുതി പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. മേജർ പോർഷന്റെ പണി നടക്കുമ്പോൾ ശുദ്ധജല വിതരണത്തിന് തടസ്സം നേരിടുന്ന പ്രദേശങ്ങളുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാം. അവിടെ ശുദ്ധജലം കൊടുക്കാനാവശ്യമായ ആൾട്ടർനേറ്റീവ് സിസ്റ്റം എന്താണെന്നുള്ളതിനെക്കുറിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ മനസ്സിലാക്കി ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജലജീവൻ മിഷൻ പദ്ധതി പ്രകാരം പല പഞ്ചായത്തുകളും ധാരാളം വാട്ടർ പൈപ്പ്ലൈൻ കണക്ഷൻ നൽകുന്നുണ്ട്. പക്ഷേ വാട്ടർ സോഴ്സില്ലാത്തതിനാൽ പൈപ്പിൽ ആഴ്ചയിലൊരിക്കൽ മാത്രമേ വെള്ളമെത്തുകയുള്ളൂ. ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്? അതുപോലെ ജലജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര ധനസഹായം എത്രയുണ്ട്; സംസ്ഥാന സർക്കാരിന് എത്ര ഷെയറുണ്ട്; പഞ്ചായത്ത് എത്ര സംഖ്യയാണ് വകയിരുത്തേണ്ടത് എന്നതുസംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 50 ശതമാനം തുകയാണ് കേന്ദ്ര സർക്കാർ തരുന്നത്. 10 ശതമാനം ഗുണഭോക്തൃ വിഹിതവും 15 ശതമാനം തദ്ദേശഭരണ സ്ഥാപനവും 25 ശതമാനം സ്റ്റേറ്റ് ഷെയറും കൊടുക്കുന്നുണ്ട്. അങ്ങനെയാണ് 50:50 എന്ന് വന്നിട്ടുള്ളത്. അതായത് സംസ്ഥാന സർക്കാരിന്റെ 50 ശതമാനവും കേന്ദ്രസർക്കാരിന്റെ 50 ശതമാനവും. ഇങ്ങനെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം വാട്ടർ സോഴ്സിനെക്കുറിച്ചാണ്. കേരളത്തിന്റെ അവസ്ഥ മാറി. പഴയ കുളങ്ങളും പഴയ രീതിയിലുള്ള വാട്ടർ റിസോഴ്സുകളുമൊന്നും ഇപ്പോൾ ലഭിക്കുന്നില്ല. കോവിഡ്-19-ന്റെ പശ്ചാത്തലം രണ്ട് പ്രധാന കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു. ഒന്ന് ജീവന്റെ വില, രണ്ട് ഓക്സിജന്റെ പ്രാധാന്യം. മരണാസന്നമായി വെന്റിലേറ്ററിൽ കയറിയപ്പോഴാണ് യാതൊരു ബുദ്ധിമുട്ടുമില്ലാതെ ശ്വസിക്കുന്ന പ്രാണവായുവിന്റെ വില നമ്മൾ മനസ്സിലാക്കിയത്. ഭൂമിയും ആ നിലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ആവാസ വ്യവസ്ഥയിൽ ധാരാളം മാറ്റം വന്നു. കാലാവസ്ഥാ വ്യതിയാനം വന്നു. ശക്തമായ മലിനീകരണമുണ്ടായി. ജൈവ വൈവിദ്ധ്യങ്ങൾ തകർന്നു. ഇതൊക്കെ പരിശോധിക്കുമ്പോൾ വാട്ടർ റിസോഴ്സിന്റെ സാധ്യതകൾ കുറയാനുള്ള സാഹചര്യമാണ് വരും വർഷങ്ങളിലുമുണ്ടാകാൻ പോകുന്നത്. ഞാൻ മറുപടി പറഞ്ഞപ്പോൾ, കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതികൾ നിലവിലില്ലെന്ന് പറഞ്ഞു. പക്ഷേ അത്തരം പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ട സമയമായിരിക്കുന്നു. ആ നിലയിൽ ദീർഘ വീക്ഷണത്തോടുകൂടി കുടിവെള്ള പദ്ധതികൾ കണ്ടെത്തുന്ന സാഹചര്യമുണ്ടായില്ലെങ്കിൽ ഈ വിഷയങ്ങൾക്ക് ഭാവിയിൽ പരിഹാരം കണ്ടെത്താൻ കഴിയാത്ത അവസ്ഥയുണ്ടാകും. അതിനുവേണ്ട ഒരു ശ്രദ്ധയും പഠനവും നടത്താൻ ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ് കുട്ടനാട്. പക്ഷേ അവിടെ കുടിക്കാനായി ഒരുതുള്ളി വെള്ളം പോലുമില്ലെന്നുള്ളതാണ് സത്യം. 172 ബൂത്തുകളും 181 വാർഡുകളുമുള്ള ഒരു സ്ഥലമാണിത്. 172 ബൂത്തുകളിലും ഞാൻ പ്രസംഗിച്ചപ്പോൾ ഒറ്റ കാര്യമേ പറഞ്ഞുള്ളൂ, 'ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാവും, ശ്രീ. തോമസ് കെ. തോമസ് കുട്ടനാടിന്റെ എം.എൽ.എ. ആകും, നിങ്ങൾക്ക് കുടിവെള്ളം തരും.' ഞാൻ പറഞ്ഞ രണ്ട് കാര്യങ്ങൾ സംഭവിച്ചു. ഇപ്പോൾ ഞാൻ ഈ നിയമസഭയിലാണ്. മൂന്നാമത്തെ കാര്യം സംഭവിക്കണമെങ്കിൽ അതൊരു മിറക്കിൾ ആയിരിക്കണം. അതുകൊണ്ട് എനിക്ക് വലിയൊരു ആഗ്രഹമുണ്ട്. തോമസ് ചാണ്ടിയാണ് നീരേറ്റുപുറത്ത് പ്ലാന്റുണ്ടാക്കാൻ സ്ഥലമെടുത്ത് കൊടുത്തത്.

ഇതിനുവേണ്ടി എന്റെ പേരിലുണ്ടായിരുന്ന 55 സെന്റ് സ്ഥലം ഞാനും കഴിഞ്ഞതിന് മുമ്പത്തെ മാസം ആദരണീയനായ ജില്ലാ കളക്ടർക്ക് എഴുതിക്കൊടുത്തു. 13 MLD ആണ് അവിടത്തെ പ്രോജക്ട്. 13 MLD ഉൽപാദിപ്പിച്ചുകൊണ്ടിരുന്നത് ഇപ്പോൾ 30 MLD ആക്കിയെന്ന് പറയുന്നു. പക്ഷേ അത് എവിടെയാണെന്ന് യാതൊരു പിടിയുമില്ല. രണ്ടാമത് പറയുന്നു, എഴുപത് കോടി രൂപ അനുവദിച്ച് പൈപ്പ്ലൈൻ ഇട്ടിട്ടുണ്ടെന്ന്. ഞാൻ ആദരണീയനായ മുഖ്യമന്ത്രിയെ കണ്ടിരുന്നു, 291 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. എനിക്ക് വേണ്ടത് ഇതിന്റെ പൂർണ്ണ ചിത്രമാണ്. 70 കോടി രൂപയുടെ പൈപ്പ്ലൈൻ തപ്പിനടന്നിട്ട് എനിക്ക് ഒന്നും കണ്ടുപിടിക്കാൻ സാധിച്ചില്ല. അവസാനം ഞാൻ നിരാശനായി മടങ്ങുകയായിരുന്നു. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കൊടുക്കണം. അത് ഏത് രീതിയിലാണ് സാധിക്കുന്നത്; എന്ത് സഹായമാണ് ഞങ്ങളുടെ ഭാഗത്തുനിന്ന് വേണ്ടതെന്ന് പറഞ്ഞാൽ ചെയ്തുതരാൻ തയ്യാറാണ്. അതുകൊണ്ട് അടിയന്തരമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, കുട്ടനാട്ടിലെ വിഷയം സത്യത്തിൽ സഭയുടെ ഒരു പൊതുവികാരമാകേണ്ടതാണ്. കുട്ടനാട്ടിൽ പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. തീരദേശം പോലെതന്നെ പ്രധാനപ്പെട്ട നിലയിൽ അവിടത്തെ ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ട ആവശ്യം നമുക്കുണ്ട്. കുടിവെള്ളംകൂടി കിട്ടുന്നില്ല എന്നുപറയുന്നത് വേദനാജനകമാണ്. ഈ പദ്ധതികളൊക്കെ യുണ്ടെങ്കിലും അവിടെ ആവശ്യമായ നടപടി പുരോഗമിക്കുന്നില്ല. എം.എൽ.എ.-യ്ക്ക് പൈപ്പ്ലൈൻ കണ്ടെത്താൻ സാധിച്ചില്ല എന്നുള്ളത് ഗുരുതരമായ ഒരു വിഷയമാണ്. അക്കാര്യം അന്വേഷിച്ചതിനുശേഷം അവിടെ എന്ത് പദ്ധതിയാണോ നടപ്പിലാക്കാൻ സാധിക്കുന്നത് അത് തീർച്ചയായും ചെയ്യുന്നതാണ്. കുട്ടനാട് പാക്കേജുൾപ്പെടെ പ്രത്യേക പരിഗണന നൽകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് വെളിപ്പെടുത്തിയിരുന്നു. അതിന്റെ ഭാഗമായി കുട്ടനാട്ടിൽ ശുദ്ധജല വിതരണത്തിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നതാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എറണാകുളത്തും പരിസര പ്രദേശങ്ങളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് JnNURM പദ്ധതിയിലുൾപ്പെടുത്തി പിറവത്തുനിന്നും വെള്ളം കൊണ്ടുവന്ന് മരടിൽ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് പണിതിട്ടുള്ളത്. പക്ഷേ മരടിൽ ഇന്ന് ഉപയോഗിക്കുന്ന

ടീറ്റ്മെന്റ് പ്ലാന്റിൽനിന്നും അധികമായുള്ള 15 MLD വെള്ളം തമ്മനം പമ്പ്ഹൗസിൽ കൊണ്ടുവന്നാൽ മാത്രമേ നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും വിതരണം ചെയ്യാൻ കഴിയുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. അതിന് പ്രധാന തടസ്സമായി നിൽക്കുന്നത് മരടിൽനിന്ന് തമ്മനം പമ്പ്ഹൗസിലേയ്ക്ക് പൈപ്പ്ലൈൻ ഇടുന്നതിനായി National Highways Authority of India (NHAI)-യുടെ സ്ഥലത്ത് അപ്രോച്ച് റോഡിൽക്കൂടി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി അവർ നൽകുന്നില്ല എന്നുള്ളതാണ്. ഇതേ വിഷയമാണ് ചേരാനല്ലൂർ പഞ്ചായത്തിലുമുള്ളത്. പത്ത്-മുപ്പത് വർഷമായി അവിടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ഒരു പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം നൽകി. പക്ഷേ തമ്മനം പമ്പ്ഹൗസിൽനിന്ന് ഇടപ്പള്ളി ബൈപ്പാസ് ജംഗ്ഷൻ വരെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് NHAI അനുമതി നൽകുന്നില്ല. പ്രസ്തുത അനുമതി അടിയന്തരമായി ലഭ്യമാക്കിയാൽ നഗരത്തിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള സ്രോതസ്സുണ്ടാക്കാനും കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാനും കഴിയുമെന്നുള്ളത് ഒരു വസ്തുതയാണ്. അടിയന്തരമായി ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇവിടെ സൂചിപ്പിച്ചത് മരടിൽനിന്ന് തമ്മനം പമ്പ്ഹൗസിലേയ്ക്ക് വെള്ളം എത്തിക്കണമെന്നുള്ളതാണ്. NHAI-യുടെ അനുമതിയുണ്ടെങ്കിൽ മാത്രമാണ് അത് ചെയ്യാൻ കഴിയുന്നത്. ബഹുമാന്യനായ പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായി ആലോചിച്ച് അതിന് സാധ്യതയുണ്ടോയെന്ന് പരിശോധിക്കാം. അതിലുപരിയായി ഒരു പ്രശ്നം ഞാൻ മനസ്സിലാക്കുന്നത്, ഇപ്പോൾ പഴയതുപോലെയല്ല, റോഡുകളെല്ലാം അന്താരാഷ്ട്ര നിലവാരമുള്ളതായി മാറുകയാണ്. പലപ്പോഴും റോഡിന്റെ നിർമ്മാണം കഴിഞ്ഞാലുടനെ പൈപ്പ്ലൈനിന്റെ പണി ആരംഭിക്കേണ്ട സ്ഥിതിയാണ്. എല്ലാത്തിനും ഒരു കാഴ്ചപ്പാടുണ്ട്. ഇന്ന് ഒരു കിലോമീറ്റർ റോഡ് ഒരു കോടിയും ഒന്നരക്കോടിയും രൂപ ചെലവഴിച്ച് സ്റ്റാൻഡേർഡൈസ്ഡായി നിർമ്മിച്ച് കഴിയുമ്പോൾ ഉടൻതന്നെ അത് പൊളിക്കുക എന്നുപറഞ്ഞാൽ അതിൽ അശാസ്ത്രീയമായ ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് റോഡ് നിർമ്മാണം നടത്തുന്ന ഘട്ടം ഏതാണോ, അവിടെ പൈപ്പ്ലൈൻ പോയിട്ടുണ്ടോ, പൈപ്പ്ലൈൻ 1969-ലും 1970-ലും 1975-ലുമൊക്കെ ഇട്ടതാണെങ്കിൽ, റീപ്ലെയ്സ് ചെയ്ത് റോഡ് നിർമ്മാണത്തിന് മുമ്പേ ആ പണി പൂർത്തീകരിക്കുക എന്നുള്ള ശാശ്വതമായ ഒരു വിഷയത്തിലേയ്ക്ക്

നമ്മുടെ സംസ്ഥാനം വരേണ്ട കാലമായിട്ടുണ്ട്. അത് പരിശോധിക്കാം. ഇപ്പോൾ പറഞ്ഞ വിഷയം NHAI-യുമായി ആലോചിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ നഗരത്തിനും ചുറ്റുപാടുമുള്ള എട്ട് പഞ്ചായത്തുകൾക്കും ശുദ്ധജലം ലഭിക്കുന്ന പദ്ധതിയാണ് ആലപ്പുഴ കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചെങ്കിലും പലയിടത്തും ശുദ്ധജലം ഇപ്പോഴും ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. സ്ഥാപിച്ച പൈപ്പുകൾ തന്നെ പലയിടത്തും പൊട്ടിയൊലിക്കുകയാണ്. കരുമാടിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് അനുസംബന്ധിച്ച എല്ലാ നടപടികളും പൂർത്തീകരിച്ചെങ്കിലും നിലവിൽ സ്ഥാപിച്ച പൈപ്പുകൾ പൊട്ടുന്നതിന്റെ ഭാഗമായും അതോടൊപ്പം പി.ഡബ്ല്യൂ.ഡി.-യും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടുള്ള ചില തർക്കങ്ങളുടെ പേരിലും ഇപ്പോൾ കുടിവെള്ളം പല പ്രദേശങ്ങളിലും ലഭിക്കുന്നില്ല എന്നുള്ളത് അത്യന്തം ഗുരുതരമായ അവസ്ഥയാണ്. ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു. പൈപ്പ്ലൈൻ പൊട്ടുന്നതുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കുവേണ്ടി മാത്രം കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ ഏതാണ്ട് ഒരു കോടി എഴുപത് ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവഴിക്കപ്പെട്ടു എന്നാണ് ഞാൻ മനസ്സിലാക്കിയത്. അപ്പോൾത്തന്നെ ഞാൻ അതിൽ ഇടപെടുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ കരാർ കാലാവധി കഴിഞ്ഞതിനുശേഷവും ഒന്നര കിലോമീറ്റർ ദൂരം വരുന്ന പ്രദേശത്ത് നിരന്തരം പൈപ്പ്ലൈൻ പൊട്ടുന്ന സ്ഥിതിയാണ് ഉണ്ടായത്. പൈപ്പ്ലൈൻ മാറ്റുകയാണ് അതിനുള്ള ഏക പോംവഴി. അതിൽ വന്നിരിക്കുന്ന വീഴ്ച മനസ്സിലാക്കി അവ പരിഹരിക്കാൻ കഴിഞ്ഞാൽ ആലപ്പുഴ ജില്ലയിലെ പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ വിഷയം ഗൗരവമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ജലജീവൻ മിഷനുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. ജലജീവൻ മിഷനിലൂടെ കൂടുതൽ കണക്ഷനുകൾ കൊടുത്ത്, അത് 2024-ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇവിടെ ജലസ്രോതസ്സുകളുടെ അഭാവമാണ് പ്രധാന പ്രശ്നം. വിതരണ ശൃംഖല പരിപൂർണ്ണമായും തകർന്നിരിക്കുന്ന സാഹചര്യങ്ങളുമുണ്ട്. ജലസ്രോതസ്സുകൾ ശാക്തീകരിക്കുക, ട്രീറ്റ്മെന്റ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പൈപ്പ്ലൈനുകൾ മാറ്റിസ്ഥാപിച്ച് വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുക എന്നാൽ മാത്രമേ ജലജീവൻ മിഷൻ വിജയകരമായി കൊണ്ടുപോകാൻ

കഴിയുകയുള്ളൂ. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള വിഷയമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് ഇപ്പോൾ എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലസ്രോതസ്സ്, ട്രീറ്റ്മെന്റ് പ്ലാന്റ്, വിതരണ ശൃംഖല എന്നിവയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം വിതരണ ശൃംഖലയിൽ വന്നിട്ടുള്ള പ്രശ്നങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഒരു പദ്ധതി തുടങ്ങിയിട്ടെത്ര വർഷമായി അല്ലെങ്കിൽ അതിന്റെ നിലവിലെ സ്ഥിതിയെന്താണ് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ കൃത്യമായ പഠനം ഇല്ലാത്തതുകൊണ്ട് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ദിവസം രാവിലെ പൈപ്പ് പൊട്ടുന്നു അത് ശരിയാക്കുന്നു, പിറ്റേദിവസം രാവിലെ വീണ്ടും പൈപ്പ് പൊട്ടുന്നു വീണ്ടും അത് ശരിയാക്കുന്നു. ഇത്തരത്തിൽ ആറ് മാസക്കാലയളവിൽ അറ്റകുറ്റപ്പണി ചെയ്യുന്ന തുകയുണ്ടെങ്കിൽ ആ പൈപ്പ് മാറ്റാൻ സാധിക്കും. അങ്ങനെ അശാസ്ത്രീയമായ ചില വിഷയങ്ങൾ പരിഹരിക്കേണ്ടതുണ്ട്, അത് പരിശോധിച്ച് ചെയ്യാം. നിലവിലുള്ള സ്കീമുകളുടെ കാലപ്പഴക്കവും ഇതുവരെയുള്ള അതിന്റെ സ്റ്റാറ്റിസ്റ്റിക്സും എടുക്കാൻ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെടുന്നുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, സർക്കാർ സമഗ്രമായൊരു പദ്ധതി വിഭാവന ചെയ്താൽ മാത്രമേ ഇതിന് പരിഹാരമുണ്ടാകുകയുള്ളൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സമഗ്രമായ പദ്ധതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. കാലപ്പഴക്കംചെന്ന ഡിസ്ട്രിബ്യൂഷൻ ലൈനുകൾ കുടിവെള്ളം എത്തിക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ആ വിഷയം പരിഹരിക്കുന്നതിനായി നിലവിലെ പദ്ധതികളുടെ കാലപ്പഴക്കത്തെക്കുറിച്ചും അവയുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചും മനസ്സിലാക്കി റിപ്പോർട്ട് ശേഖരിച്ച് അതുകൂടി ജലജീവൻ മിഷനുമായി ബന്ധപ്പെടുത്തി പരിഹരിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ജല അതോറിറ്റി വലിയ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിന്റെ ഉൽപ്പാദന ഘടകങ്ങളുടെ പണി പൂർത്തിയാക്കാതെ തന്നെ വിതരണശൃംഖല സ്ഥാപിക്കുക എന്നതായിരുന്നു നേരത്തെയുണ്ടായിരുന്ന ഒരു പ്രവണത. അത്തരത്തിൽ നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഒന്നാം പിണറായി സർക്കാർ എടുത്ത ഒരു നിലപാട്, ഉൽപ്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ വിതരണ ശൃംഖല ആരംഭിക്കാവൂ എന്നുള്ളതാണ്. അങ്ങനെ മുൻതൂക്കം കൊടുത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ നിരവധി പദ്ധതികളുടെ ഉൽപ്പാദന ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

ശ്രീ. വി. അബ്ദുറഹിമാന് ചോദ്യം ചോദിക്കാൻ കഴിയാത്തതുകൊണ്ട് മിണ്ടാതിരിക്കുകയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലടക്കം അത്തരത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. അത്തരത്തിൽ വിതരണ ശൃംഖലയിലേയ്ക്ക് പോകുന്നതിന് മുൻതൂക്കം കൊടുക്കാൻ സാധിക്കുമോ; കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ നയംതന്നെ തുടരുകയാണോ? വിതരണ ശൃംഖലയ്ക്ക് ആവശ്യമായ വിഭവസ്രോതസ്സ് കണ്ടെത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വിതരണ ശൃംഖല എന്നുപറയുന്നത് ഇതിന്റെ അവസാനഘട്ടമാണ്. വാട്ടർ റിസോഴ്സും ട്രീറ്റ്മെന്റ് പ്ലാന്റും മറ്റ് കാര്യങ്ങളും പൂർത്തീകരിച്ചതിനുശേഷമാണ് വിതരണ ശൃംഖലയിലേയ്ക്ക് പോകേണ്ടത്. വാട്ടർ റിസോഴ്സ് ഉണ്ടാകുന്നതിനുമുൻപേ വിതരണ ശൃംഖല ഉണ്ടായി എന്നുള്ളതാണ് മുൻകാലങ്ങളിൽ വന്ന ഒരു വീഴ്ചയായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത് ഏതായാലും ഈ ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടാകില്ല. ഓരോന്നും ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കുകയുള്ളൂ. വെള്ളം എത്തിച്ച് കൊടുക്കേണ്ട സമയത്തുമാത്രമേ ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ ആവശ്യം വരുന്നുള്ളൂ. നേരത്തെതന്നെ പൈപ്പ് ഇറക്കിയിടുക, സോഴ്സ് എല്ലാം കണ്ടെത്തി വിതരണത്തിന് ആവശ്യമാകുന്ന സമയത്ത് ഈ പൈപ്പെല്ലാം കേടാവുക, വീണ്ടും മാറ്റുക ഇത്തരത്തിലുള്ള കാര്യങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കും. അങ്ങനെ ഏതെങ്കിലും കുടിവെള്ള പദ്ധതിക്ക് വിതരണ ശൃംഖലയുടെ ഭാഗമായി പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ അതിന് പ്രഥമ പരിഗണന നൽകി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ജലസംരക്ഷണ പദ്ധതികൾ**

3(*63) ശ്രീ. പി. പി. സുമോദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും ജലസംരക്ഷണത്തിനുമായി സ്വീകരിക്കുന്ന പദ്ധതികളുടെ ഭാഗമായി പുഴകളും തോടുകളും ശുചീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇത്തരം ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(സി) പുഴകളിലും തോടുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും മലിനജലം ഒഴുക്കിവിടുന്നത് തടയുന്നതിനും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) സംസ്ഥാനത്തെ ജലസംഭരണികളിലെയും പുഴകളിലെയും കുളങ്ങളിലെയും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എക്കലും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) വിധിയുടെ അടിസ്ഥാനത്തിൽ മലിനമായ പുഴകൾ ശുചീകരിക്കുന്നതിനുവേണ്ടിയുള്ള DPR എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായത്തോടുകൂടി ജലസേചന വകുപ്പ് തയാറാക്കിക്കഴിഞ്ഞു. ഇതിന്മേൽ പദ്ധതികൾ തയ്യാറാക്കി മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ അതിയായി മലിനീകരിക്കപ്പെട്ടിരിക്കുന്ന 21 നദികളുടെ DPR ആണ് തയ്യാറാക്കിയിരിക്കുന്നത്. ഭാരതത്തിൽ ഇത്തരമൊരു സംരംഭം ആദ്യമാണ്.

(ബി) ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്താൻ പൊതുജന പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവൽക്കരണവും ജനപ്രതിനിധികളുടെ പങ്കാളിത്തവുംകൂടി ഉൾപ്പെടുത്തി വിജയപ്രാപ്തിയിലെത്താനാണ് വിഭാവന ചെയ്യുന്നത്.

(സി) കേരളത്തിലെ അതിയായി മലിനപ്പെട്ട 21 നദികളുടെയും DPR എഞ്ചിനീയറിംഗ് കോളേജുകളുടെ സഹായത്തോടെ ജലസേചന വകുപ്പ് തയാറാക്കിക്കഴിഞ്ഞു. ഇതേ മാതൃകയിൽ കേരളത്തിലെ 44 നദികളും ശുചീകരിക്കാനാണ് ലക്ഷ്യമിടുന്നത്. നദികളെ മലിനപ്പെടുത്തുന്ന മുഖ്യ സ്ഥലങ്ങളും കാരണങ്ങളും തിരിച്ചറിഞ്ഞ് പരിഹാരമാർഗ്ഗങ്ങളിലൂടെയും നിയമ പാലനത്തിലൂടെയും മലിനീകരണ തോത് കുറയ്ക്കാനാണ് ശ്രമിക്കുന്നത്. കൂടാതെ സാധ്യമാകുന്ന സ്ഥലങ്ങളിൽ വികേന്ദ്രീകൃത STP/ETP (Sewage Treatment Plant/Effluent Treatment Plant)-കൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

ശ്രീ. പി. പി. സുമോദ്: സർ, കാലാവസ്ഥാ വ്യതിയാനംമൂലം മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽകാലത്ത് കടുത്ത വരൾച്ചയും ഉണ്ടാകുന്ന സാഹചര്യമാണ്

ഇപ്പോഴുള്ളത്. വേനൽക്കാലത്തെ രൂക്ഷമായ വരൾച്ച നേരിടുന്നതിന് മഴവെള്ളം പരമാവധി സംഭരിച്ച് സംരക്ഷിച്ചു വയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണികളുടെയും മഴക്കുഴികളുടെയും നിർമ്മാണം ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വരൾച്ച നേരിടാൻ മഴവെള്ള സംഭരണികൾ പ്രയോജനകരമാണ്. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ഇത് ആശ്വാസകരമായ പദ്ധതിയാക്കി കുടിവെള്ളപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. അതുകൊണ്ട് മഴവെള്ള സംഭരണികൾ ജലനിധിയുമായി ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠനം നടത്തിവരികയാണ്. നിലവിലെ പശ്ചാത്തലത്തിൽ അതിന്റെ സാമ്പത്തിക സോഴ്സുകൂടി മനസ്സിലാക്കി ആവശ്യമായ സൗകര്യങ്ങൾ കഴിയുന്നത്ര മേഖലകളിൽ കൊടുക്കാൻ ശ്രമിക്കാം.

ശ്രീ. പി. പി. സുമോദ്: സർ, നിലവിലുള്ള ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണലും എക്കലുമെല്ലാം നീക്കം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത് വളരെ അത്യന്താപേക്ഷിതമായ ഒന്നാണ്. അത്തരം കാര്യങ്ങൾ ചെയ്യുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. തീർച്ചയായും പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് മാലിന്യം പുഴകളിലേയ്ക്കും നദികളിലേയ്ക്കും കനാലുകളിലേയ്ക്കും വലിച്ചെറിയാതിരിക്കുക എന്ന വിഷയം അവരെ ബോധ്യപ്പെടുത്തി ഇവ പരിഹരിക്കാനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരം നഗരത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ചെറിയൊരു മഴ പെയ്താൽപോലും വലിയ വെള്ളപ്പൊക്കമുണ്ടാകുന്ന ഒരവസ്ഥയാണ് നഗരത്തിലുള്ളത്. നഗരത്തിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട പുഴകളും നദികളുമെല്ലാംതന്നെ എക്കലും മണ്ണുമെല്ലാം അടിഞ്ഞ് വെള്ളം ഒഴുകാൻ പറ്റാത്ത സ്ഥിതിയിലാണ്. നഗരത്തിലെ കിള്ളിയാർ, കരമനയാർ, പാർവ്വതീപുത്തനാർ, ഉള്ളൂർ തോട്, പട്ടം തോട് ഇവയിൽ നിന്നൊക്കെ

ഒഴുകിവരുന്ന വെള്ളം കണ്ണമ്മൂല ആമയിഴഞ്ചാൻ തോടിലെത്തി ആക്കുളം കായലിലേയ്ക്കും അവിടെനിന്ന് അറബിക്കടലിലേയ്ക്കും പോകുന്ന അവസ്ഥയാണുള്ളത്. ആമയിഴഞ്ചാൻ തോട് ശക്തിപ്പെടുത്തുന്നതിനുവേണ്ടി അതിലെ എക്കൽ നീക്കംചെയ്യാനും സംരക്ഷണഭിത്തി കെട്ടാനും തോടിന്റെ ആഴംകൂട്ടാനും ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം രണ്ടുതവണ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല. അന്വേഷിച്ചപ്പോൾ 37% വരെ ടെണ്ടർ എക്സസ് കരാറുകാരൻ രേഖപ്പെടുത്തിയതായാണ് കാണുന്നത്. ഈ പ്രവൃത്തി ഏറ്റെടുക്കാൻ സാധാരണഗതിയിൽ ആരും തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ നഗരത്തിലെ വെള്ളപ്പൊക്കം തടയുന്നതിനുവേണ്ട പ്രധാന പ്രവൃത്തി എന്നനിലയിൽ ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ഏറ്റെടുത്ത് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? ഇന്നലെ രണ്ട് മന്ത്രിമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരടക്കം ഒരു ഉന്നതതലയോഗം ചേർന്നിരുന്നു. നഗരത്തിലെ തോടുകളും പുഴകളും ശുചീകരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എ.സി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കിയതായി മനസ്സിലാക്കാൻ സാധിച്ചു. അതുംകൂടി നടപ്പിലാക്കിയാൽ നഗരത്തിലെ വെള്ളപ്പൊക്കപ്രശ്നം പരിഹരിക്കാൻ സാധിക്കും. അങ്ങനെ ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കരമനയാർ, പാർവ്വതീപുത്തനാർ, ഉള്ളൂർ തോട് ഉൾപ്പെടെയുള്ള പുഴകളിലും തോടുകളിലും വെള്ളം പോകുന്നതിനുള്ള സൗകര്യങ്ങളില്ല. ടെണ്ടർ എക്സസ് വന്നിട്ടുണ്ടെങ്കിൽ, ചെയ്യാൻ ആളില്ലെങ്കിൽ ചെയ്യേണ്ടത് നമ്മുടെ ആവശ്യമാണ്. ഈ നാടിന്റെയും സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ദൗത്യം എന്നുള്ള നിലയിൽ തലസ്ഥാന നഗരിയായ തിരുവനന്തപുരത്ത് ഇത്തരം വെള്ളക്കെട്ടുകളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുണ്ടാകാതിരിക്കാൻ ഏതുവിധേനയും നടപടി സ്വീകരിക്കുക എന്നുള്ളത് സഭയുടെയുംകൂടി ഒരു പൊതുതാൽപ്പര്യമായി കണക്കാക്കി ആവശ്യമായ കാര്യങ്ങൾ രൂപപ്പെടുത്താൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടി

4 (*64) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യകൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതുപ്രകാരം ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിലുൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ ധനസഹായത്തോടെ 739.6 ലക്ഷം രൂപയുടെ ബ്ലൂ റവല്യൂഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷിയുടെ വികസനത്തിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യക്കൃഷി ബ്ലൂ റവല്യൂഷൻ PMMSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യക്കൃഷി രീതികളിൽ വൈവിധ്യവത്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2393 ബയോഫ്ളോക്ക് യൂണിറ്റുകളും 4140 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്കൃഷി യൂണിറ്റുകളും 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇതിനുപുറമേ 200 RAS യൂണിറ്റുകളും 1850 ബയോഫ്ളോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യക്കൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

(സി) ഉൾനാടൻ മത്സ്യവിപണി ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

**പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണം**

5 (*65) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

ആരോഗ്യ സംരക്ഷണ പദ്ധതികൾ: സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി- സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ: പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനമൊട്ടാകെ 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 4 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxilary Nurse & Mid-wifery Centre).

ആംബുലൻസ് സേവനം: പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകൾ പ്രവർത്തിച്ച് വരുന്നു

(ബി) ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേന സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തിച്ച് വരുന്നു കൂടാതെ വകുപ്പ് നേരിട്ടുനടത്തുന്ന 2 മൊബൈൽ മെഡിക്കൽ യൂണിറ്റും ഉണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാ വിധികൾ നിശ്ചയിച്ച് മരുന്ന് നൽകുന്നതും വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്ക് താലൂക്ക് ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് വരുന്നു കോവിഡ്-19 ന്റെ പ്രതിരോധ വാക്സിനേഷൻ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തിക്കുന്നതിനായി ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം കൂടി പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗവ്യാപനം തടയുന്നതിനും ഇതുസംബന്ധിച്ച് അവബോധം നൽകുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ച് വരുന്ന നടപടി ചുവടെ ചേർക്കുന്നു:

ബോധവൽക്കരണ പ്രവർത്തനങ്ങൾ: കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്. എന്നിവയുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിപുലമായ ബോധവൽക്കരണം നടത്തിവരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ ഗോത്രഭാഷയിലുള്ള ലഘുലേഖകളും, ഹ്രസ്വ ചിത്രങ്ങളും ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

ആരോഗ്യ പ്രവർത്തനങ്ങൾ: നിലവിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ വകുപ്പിന്റെ ഫീൽഡ്തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നു വരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ വകുപ്പിന്റെ നേതൃത്വത്തിൽ മാസ്ക് വിതരണം, വാക്സിൻ രജിസ്ട്രേഷന് ആവശ്യമായ സഹായങ്ങൾ, കോളനികളിൽ ശുദ്ധജലം ലഭ്യമാക്കൽ, ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം, മരുന്നുകളുടെ വിതരണം എന്നിവ നടത്തിവരുന്നു. ഇതോടൊപ്പം ഫുഡ് & ന്യൂട്രീഷൻ സപ്പോർട്ട് പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും മറ്റും എക്സൈസ്/പോലീസ്/വനം എന്നീ വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു

**ആഴക്കടൽ മത്സ്യബന്ധനം**

6 (*66) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.-യുമായുള്ള ധാരണാപത്രം റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് ഇ.എം.സി.സി .-യുമായി ധാരണാ പത്രം ഒപ്പുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

(ബി) ഫിഷറീസ് വകുപ്പുമായി ഇ.എം.സി.സി. ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; ഈ ചർച്ചകളുടെ വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(സി) സർക്കാരിന്റെ ഫിഷറീസ് നയത്തിന്റെ അടിസ്ഥാനത്തിൽ വിദേശ കമ്പനികൾക്ക് ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് നിരോധനമുണ്ടോ; 2019-ൽ പുറപ്പെടുവിച്ച മത്സ്യ നയത്തിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങൾ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

2019 സമുദ്ര മൽസ്യബന്ധന നയത്തിലെ Para 2 Subpara 2 പ്രകാരം വിദേശ ട്രോളറുകൾക്കോ, തദ്ദേശീയ കോർപ്പറേറ്റുകളുടെ യാനങ്ങൾക്കോ ആഴക്കടൽ മത്സ്യബന്ധനം നടത്താനുള്ള അനുവാദം നല്കാതിരിക്കാനും ഇന്ത്യയുടെ സമുദ്ര അതിർത്തിയിൽ അവയെ പ്രവേശിപ്പിക്കാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തും എന്ന് പരാമർശിച്ചിട്ടുണ്ട്. ആകയാൽ വിദേശ കമ്പനികൾക്കും തദ്ദേശീയ കോർപ്പറേറ്റുകൾക്കും ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഫിഷറീസ് നയം അനുവദിക്കുന്നില്ല. 12 Nautical Mile വരെയുള്ള തീരക്കടലിൽ മാത്രമേ സംസ്ഥാന സർക്കാരിന് മൽസ്യബന്ധന നിയന്ത്രണാധികാരമുള്ളൂ. 2019-ലെ മത്സ്യ നയത്തിൽ ഇതുവരെ ഒരുമാറ്റവും വരുത്തിയിട്ടില്ല.

(ഡി) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി.യുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശത്തുവച്ച് എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഫിഷറീസ് വകുപ്പ് ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി.-യുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശത്ത് വച്ച് ചർച്ചകൾ നടത്തിയിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

7 (*67) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ കുടുംബങ്ങളുടെ പുനരധിവാസത്തിനുമായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ കുടുംബങ്ങളുടെ പുനരധിവാസത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. സമ്പാദ്യസമാശ്വാസ പദ്ധതി.
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. കടൽ സുരക്ഷാ പദ്ധതികൾ.
6. ഓഖി പുനരധിവാസ പദ്ധതികൾ.
7. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ.

9. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

11. പുനർഗേഹം പദ്ധതി: തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേപ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതാണിത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയാണ് പദ്ധതി അടങ്കൽ. പദ്ധതി പ്രകാരം 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി.

(2) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF & HDF പദ്ധതിയിൽ ഉൾപ്പെടുത്തി 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം.

(3) 2016-17-ൽ കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ നൽകുന്ന പദ്ധതി.

(4) കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ച് നല്കി. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെയും പുനരധിവസിക്കുവാൻ വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കുവാൻ കഴിയുമാറ് കെട്ടിട സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

(5) ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി സുരക്ഷിതമേഖലയിൽ താമസിക്കുന്നതിന് തയ്യാറായതുമായ 24 കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2017-18-ൽ തീരദേശത്തെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിനു പുറത്ത് സ്ഥലമുള്ളവരുമായ 145 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാർ തുടങ്ങിവച്ച പുനർഗേഹം പദ്ധതിയുടെ പ്രവർത്തനപുരോഗതി വെളിപ്പെടുത്താമോ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രദേശത്തെ 10275 ഗുണഭോക്താക്കളെ വിവിധ തീരദേശ ജില്ലകളിലെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും 2014 പേർ ഭൂമി കണ്ടെത്തുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ മണ്ണംപുറം 204, ക്യൂ.എസ്.എസ്. കോളനി കൊല്ലം - 114, ബീമാപ്പള്ളി - 20, പൊന്നാനി - 128 എന്നിവിടങ്ങളിലെ കെട്ടിട സമുച്ചയ നിർമ്മാണം പുരോഗമിക്കുന്നു. നിർമ്മാണം അന്തിമഘട്ടത്തിലുള്ള കാരോടിലെ 128 എണ്ണം ഉടൻ ഗുണഭോക്താക്കൾക്ക് കൈമാറും. പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനതല നിർവ്വഹണവും ഏകോപനവും നടത്തുന്നതിന് പ്രത്യേക ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് മാത്രമായി

ജില്ലകളിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ, മോട്ടിവേറ്റർ എന്നിവരെ നിയമിച്ച പദ്ധതി നിർവ്വഹണത്തെ സഹായിക്കുന്നു. കൂടാതെ ഫിഷറീസ് മന്ത്രി, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി വിലയിരുത്തി. പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ നേട്ടങ്ങൾ എന്തെല്ലാമാണ്?

ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി മത്സ്യകൃഷി മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു;

അതിനൂതന കൃഷിരീതികളിലൂടെ ഉത്പാദനക്ഷമത 1 ഹെക്ടറിന് 1 ടൺ എന്ന പരമ്പരാഗത നിലയിൽനിന്നും 2 സെന്റിൽനിന്നും 1 ടൺ എന്ന നിലയിലേയ്ക്ക് ഉയർത്താൻ സാധിച്ചു. 16666 ഹെക്ടർ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി,600 ഹെക്ടറിൽ ചെമ്മീൻ കൃഷി, 6000 ഹെക്ടർ കുളങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷി നടപ്പിലാക്കി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 8165 കുളങ്ങളിൽ പൊതു പങ്കാളിത്തത്തിൽ മത്സ്യകൃഷി നടപ്പിലാക്കി. എയറേഷൻ, ജൈവ സുരക്ഷ പ്രോബയോട്ടിക്സ് എന്നിവ ഏർപ്പെടുത്തിയതിലൂടെ മത്സ്യോത്പാദന ക്ഷമത വർദ്ധിപ്പിച്ചു. മത്സ്യകൃഷി രീതികളിൽ വൈവിധ്യവൽക്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2482 ബയോഫ്ലോക്ക് യൂണിറ്റുകൾ, 6052 പടുതാകുളങ്ങൾ, 2000 കൂട് മത്സ്യകൃഷി യൂണിറ്റുകൾ, 500 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകൾ, 3500 കല്ലുമ്മക്കായ് കൃഷി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു. 40,000 കർഷകർക്ക് മത്സ്യകൃഷിയിലൂടെ ജീവനോപാധി ലഭ്യമാക്കി. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട ഭരണനിർവ്വഹണം മത്സ്യഭവനുകളിലായി വികേന്ദ്രീകരിച്ചു. ഇതിനായി ഉൾനാടൻ മേഖലയിൽ 16 പുതിയ മത്സ്യഭവനുകൾ സ്ഥാപിച്ചു. മത്സ്യകൃഷിക്കുള്ള വാർഷിക സംസ്ഥാന പദ്ധതി വിഹിതം 13.5 കോടി രൂപയിൽനിന്നും 61.15 കോടിയായി വർദ്ധിപ്പിച്ചു. റിസർവോയർ ഫിഷറീസ് പദ്ധതി 28 റിസർവോയറുകളിലേയ്ക്ക് വ്യാപിപ്പിച്ചു. 6 റിസർവോയറുകളിൽ കൂട് മത്സ്യകൃഷി നടപ്പിലാക്കി. മത്സ്യരോഗ നിയന്ത്രണത്തിന് സംസ്ഥാനത്ത് ആദ്യമായി അക്വാട്ടിക് അനിമൽ ഹെൽത്ത്

സെന്ററുകൾ സ്ഥാപിച്ചു. സർക്കാർ ഹാച്ചറികളിലെ മത്സ്യവിത്ത് ഉല്പാദനം 2 കോടിയിൽനിന്നും 5 കോടിയായി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിച്ചു. മത്സ്യവിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി നെയ്യാർ, കുളത്തൂപ്പുഴ, വെസ്റ്റ് കല്ലട, പീച്ചി, തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിലായി 6 പുതിയ ഹാച്ചറികൾ സ്ഥാപിച്ചു. പോളച്ചിറ, പള്ളം, മീങ്കര, കല്ലാനോട് ചൂളിയാർ എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. നെയ്യാറിലും, പന്നിവേലിച്ചിറയിലും ലക്ഷം വീതം ഉല്പാദനശേഷിയുള്ള ഓരോ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിച്ചു. തദ്ദേശ മത്സ്യങ്ങളുടെ വിത്തുല്പാദനം സാധ്യമാക്കി.

(ഡി) മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യക്കൃഷി, ബ്ലൂ റവല്യൂഷൻ, PMMSY എന്നീ പദ്ധതികളിലുൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യക്കൃഷി രീതികളിൽ വൈവിധ്യവത്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2393 ബയോഫ്ലോക്ക് യൂണിറ്റുകളും 4140 വീട്ടുവളപ്പുകളിൽ കുളത്തിലെ മത്സ്യക്കൃഷി യൂണിറ്റുകളും 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 200 RAS യൂണിറ്റുകളും 1850 ബയോഫ്ലോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യക്കൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു

**ജൈവവേലി**

8 (*68) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങൾ തകർക്കുന്നതും മനുഷ്യന്റെയും വളർത്തുമൃഗങ്ങളുടെയും ജീവന് ഭീഷണിയാകുന്നതും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കുവാൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങൾ തകർക്കുന്നതും മനുഷ്യന്റെയും വളർത്തുമൃഗങ്ങളുടെയും ജിവൻ ഭീഷണിയാകുന്നതും പ്രതിരോധിക്കുന്നതിനായി നിലവിൽ വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട് വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും അറ്റകുറ്റപ്പണിനടത്തി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം (നിലമ്പൂർ), കോഴിക്കോട്, പാലക്കാട് (മണ്ണാർക്കാട്, തിരുവനന്തപുരം (പേപ്പാറ), റാന്നി, എറണാകുളം (കോടനാട്) എന്നിവിടങ്ങളിലായി 13 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു ഇതുകൂടാതെ, കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു പുതുതായി വനാതിർത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി നിർമ്മാണം എന്നീ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നുണ്ട്. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്ന സന്ദർഭത്തിൽ പരിസരവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം KIIFB-യുടെ ധനസഹായത്തോടെ വനത്തിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജനവാസമേഖലയും വനമേഖലയും തമ്മിൽ വേർതിരിച്ച് ജൈവവേലി നിർമ്മിക്കുന്നതിന് വിപുലമായ പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വയനാട്, ആറളം വന്യജീവി സങ്കേതങ്ങളുടെ കീഴിൽ വരുന്ന ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള വനാതിർത്തികളിൽ സങ്കേതത്തിന്റെ അതിർത്തിയിലെ ജനവാസ മേഖലയിൽ കെൽപാം മുഖേന 2019-20 വർഷത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച ഒരു കിലോമീറ്റർ നീളത്തിലുള്ള പാൽമിറ ബയോഫെൻസിംഗ് വിജയകരമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ജൈവവേലി ഓരോ മൃഗത്തിനും പ്രദേശത്തിനും അനുസരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച് വരുന്നുണ്ട്. ഇടുക്കി വന്യജീവി സങ്കേതത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ 2500 നാരകതൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി ഈ വർഷം വിഭാവന ചെയ്തിട്ടുണ്ട് .

## വന്യജീവി ആക്രമണം

9 (*69) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശ വാസികൾക്ക് എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം എത്ര ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ആറളം വന്യജീവി ഡിവിഷനുമായി അതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും സൈലന്റ് വാലി ഡിവിഷനിലെ നീലിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന ഉപ്പുകുളം, അമ്പലപ്പാറ എന്നീ സ്ഥലങ്ങളിലും മൂന്നാർ, മറയൂർ, മാങ്കുളം എന്നീ ഡിവിഷനിലെ വനാതിർത്തിയോട് ചേർന്ന ജനവാസ മേഖലകളിലും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ ചിന്നക്കനാൽ, ശാന്തംപാറ, മറയൂർ, കാന്തല്ലൂർ, കെ.ഡി.എച്ച്.പി. കമ്പനിയുടെ കീഴിലുള്ള വിവിധ എസ്റ്റേറ്റുകൾ ഉൾപ്പെടെ അമ്പതോളം ജനവാസ മേഖലകളിലും പുനലൂർ അച്ചൻകോവിൽ ഡിവിഷനുകളിലെ ജനവാസ മേഖലകളിലും മണ്ണാർക്കാട് ഡിവിഷനിലെ 9 ജനവാസമേഖലകളിലും, പാലക്കാട് ഡിവിഷന് കീഴിലെ വാളയാർ, ഒലവക്കോട് റെയിഞ്ചുകളിലെ ജനവാസ മേഖലകളിലും എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി പ്രദേശവാസികളും ജനപ്രതിനിധികളും വനം വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്ന് രൂപീകരിച്ചിട്ടുള്ള ജന ജാഗ്രതാ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ശേഷം അധികാരത്തിൽ വന്ന ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിവരുന്നുണ്ട്. കോവിഡ് 19 തീവ്രവ്യാപനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾമൂലം പ്രവർത്തനത്തിൽ പരിമിതികൾ അനുഭവപ്പെടുന്നുണ്ട്.

(സി) വനത്തിനുള്ളിൽ വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

വനത്തിനുള്ളിൽ വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. Integrated Development of Wildlife Habitat [IDWH] (15 വന്യജീവി സങ്കേതങ്ങൾക്കും 5 നാഷണൽ പാർക്കുകൾക്കും ഒരു കമ്മ്യൂണിറ്റി റിസർവ്വിനും വേണ്ടി)
2. Project Elephant (PE)
3. Project Tiger (PT)
4. Nilgiri Biosphere Reserve (NBR)
5. Agasthiyamalai Biological Reserve (ABR)
6. Forest Fire Prevention and Management Scheme (FPMS)
7. Recovery Programme for Nilgiri Tahr
8. Recovery Programme for Vulture in Wayanad Widlife Sanctuary
9. Integrated Development of Widlife Habitat to Wayanad Wildife Sanctuary for Voluntary Re-location of Settlements from Protected.

**കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ**

10 (*70) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര പദ്ധതികൾ നിലവിൽ പൂർത്തീകരിക്കുവാനുണ്ട്?

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജെജെഎം., കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, അമൃത്, ആർ.കെ.ഐ, എ.ഡി.ബി., ഡെപ്പോസിറ്റ് തുടങ്ങിയ വിവിധ ശീർഷകങ്ങളിലായി 2254 പ്രവർത്തികൾ പുരോഗമിച്ച് വരുന്നു ഇതിൽ ഒരു കോടി രൂപയ്ക്കു മുകളിൽ പദ്ധതി ചെലവ് വരുന്ന 833 പ്രവർത്തികളും ഉൾപ്പെടുന്നു. 2024- ഓടു കൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള ജലജീവൻ പദ്ധതികളും ഇവയിൽ ഉൾപ്പെടുന്നു.

(ബി) ഇതിനോടകം ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തെ സംബന്ധിച്ചുള്ള കൃത്യമായ അവലോകനങ്ങളും മറ്റു വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികളും കൈക്കൊള്ളുന്നുണ്ട്. പദ്ധതി പുരോഗതിയെ ബാധിക്കുന്ന പ്രധാന ഘടകം റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള കാലതാമസമാണ്. ഇത്തരം അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനുവേണ്ടി കോ ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജില്ലാവികസന കൗൺസിലിന്റെയും ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളിലൂടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ജല അതോറിറ്റിയിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ ജില്ലാ തലത്തിലും കേന്ദ്രകാര്യാലയത്തിലും രൂപീകരിച്ചിട്ടുണ്ട്. ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കാൻ കോൺട്രാക്ടർമാർക്ക് കർശന നിർദ്ദേശം നൽകുന്നുണ്ട്. പദ്ധതികളുടെ പ്രവൃത്തി പുരോഗതി രേഖപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ വെബ്സൈറ്റ് വഴി പ്രതിവാര പുരോഗതി മോണിറ്ററിംഗ് നടത്തിവരുന്നു. ഇതുവഴി പ്രവർത്തന പുരോഗതി സംസ്ഥാനതലത്തിൽ പ്രതിമാസം വിലയിരുത്തുന്നു.

(സി) സംസ്ഥാനത്ത് ജലജീവൻ മിഷൻ പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് സമ്പൂർണ്ണമായും ജലം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. സംസ്ഥാനത്ത് 1-4-2020-ലെ കണക്കനുസരിച്ച് ആകെയുള്ള 67.15 ലക്ഷം ഗ്രാമീണ വീടുകളിൽ 17.5 ലക്ഷം വീടുകൾക്കാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തു ഗ്രാമീണ മേഖലയിൽ 404464 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയുണ്ടായി. 31-5-2021-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ജല ജീവൻ പദ്ധതി നിലവിൽ വന്നതിനുശേഷം 525301-ലധികം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം നിലവിൽ സംസ്ഥാനത്തു 2275301 (33.88%) ഗ്രാമീണ വീടുകളിലാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്ത് ജല ജീവൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് നിലവിൽ പൂർത്തീകരിച്ച ജലവിതരണം നടന്നുവരുന്ന പദ്ധതികളിൽ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ആദ്യ ഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇതിനുപുറമെ വിവിധ ശീർഷകങ്ങളിൽ ഏറ്റെടുത്ത പ്രവർത്തികൾ പുരോഗമിച്ച് വരുന്നു അതുവഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികളും ഇതിനകം തന്നെ ആവിഷ്കരിച്ച് നിർവ്വഹണ നടപടി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം പൂർത്തീകരിച്ചതും പ്രവർത്തികൾ പുരോഗമിക്കുന്നതുമായ പദ്ധതികളിലൂടെ പരമാവധി കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിലൂടെ മാത്രം ജലജീവൻ പദ്ധതി ലക്ഷ്യമിടുന്ന സമ്പൂർണ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം കൈവരിക്കാനാകില്ല. ഈ സാഹചര്യത്തിൽ നിലവിൽ പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിലും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം ആവശ്യമായ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്ന മേൽ പ്രവർത്തനങ്ങളിലൂടെ 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ജലജീവൻ മിഷൻ പദ്ധതിയുടെ സമ്പൂർണ ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ജലനിധി രണ്ടാം ഘട്ടം

11 (*71) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപ്പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

ജന പങ്കാളിത്തത്തോടെ 115 ഗ്രാമപ്പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ 2176 കുടിവെള്ള പദ്ധതികളിലൂടെ 2.60 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുവേണ്ടി 1358.63 കോടി രൂപയാണ് വകയിരുത്തിയത്. 2176 പദ്ധതികളിൽ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകി ആരംഭിച്ച മലപ്പുറം ജില്ലയിലെ മുന്നിയൂർ പഞ്ചായത്തിലെ ഒരു പദ്ധതിയും സ്രോതസ്സിലെ ജലലഭ്യത കുറവുമൂലം കാസർഗോട് ജില്ലയിലെ പൈവളികെ പഞ്ചായത്തിലെ 2 പദ്ധതികളും ഒഴികെ ബാക്കി എല്ലാ പദ്ധതികളും പൂർത്തീകരിച്ചു. മുന്നിയൂർ പദ്ധതിയുടെ 80% പണികളും പൂർത്തിയായി. ബാക്കി പ്രവൃത്തികളും പൂർത്തിയാക്കി 2021-22 സാമ്പത്തിക വർഷം തന്നെ പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളിലൂടെ ഇതുവരെ 2.54 ലക്ഷം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളം വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയുടെ മൂലധന ചെലവിന്റെ 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളുമാണ് വഹിക്കുന്നത്. ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിലാണ് പദ്ധതിയുടെ ആസൂത്രണ, നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തിയത്. കമ്മീഷൻ ചെയ്ത കുടിവെള്ള വിതരണ പദ്ധതികളുടെ തുടർ നടത്തിപ്പിനും പരിപാലനത്തിനുമാവശ്യമായ മുഴുവൻ തുകയും ഗുണഭോക്താക്കളിൽനിന്നും സമാഹരിച്ചുകൊണ്ട് അതാത് സമിതികൾ തന്നെയാണ് നടത്തുന്നത്. പദ്ധതി ആസ്തികളുടെ സംയുക്ത ഉടമസ്ഥാവകാശം അതാതു സമിതികൾക്കും ഗ്രാമപഞ്ചായത്തിനുമാണുള്ളത്. കുടിവെള്ള പദ്ധതികൾ കൂടാതെ 9652 ശുചിത്വ പദ്ധതികളും, ODF പദ്ധതിയിൽ ഉൾപ്പെടുത്തി 36,376 ഗാർഹിക ശൗചാലയങ്ങളും 1899 ഭൂജല പരിപോഷണ പ്രവർത്തനങ്ങളും പദ്ധതി

പങ്കാളികൾക്കായി 8546 പരിശീലനപരിപാടികളും ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി 2019 ജൂൺ മാസത്തിൽ അവസാനിച്ചിരുന്നു. പദ്ധതിയുടെ എല്ലാ ഘടക പ്രവർത്തനങ്ങളുടെയും പ്രവർത്തന പുരോഗതിയും തുടർ നടത്തിപ്പും പരിപാലനവും ഗ്രാമപ്പഞ്ചായത്ത് തലത്തിലും കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ മേഖലാ തലത്തിലും സംസ്ഥാന തലത്തിലും സമയാസമയങ്ങളിൽ അവലോകനം ചെയ്യുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിൽ പദ്ധതി പുരോഗതി സംബന്ധിച്ച പ്രതിമാസ, ത്രൈമാസ റിപ്പോർട്ടുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും ലോകബാങ്കിനും യഥാസമയം നൽകിയിട്ടുണ്ട്. ഇതുകൂടാതെ നിശ്ചിത ഇടവേളകളിൽ ലോകബാങ്ക് മിഷനുകളും പദ്ധതിയുടെ അവലോകനം നടത്തിയിരുന്നു.

(സി) ഗ്രാമീണ ജനതയ്ക്ക് കുടിവെള്ള-ശുചിത്വ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലോകബാങ്ക് നൽകി വരുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് (1-1-2012-28-6-2019) ലോക ബാങ്കിൽനിന്നും വായ്പാ ധനസഹായമായി 884.31 കോടി രൂപ ലഭിച്ചിരുന്നു.

## പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികൾ

12(*72) ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും തുടർ പദ്ധതികളായി നടപ്പിലാക്കിവരുന്നു. കൂടാതെ, 2021-22 വർഷം നടപ്പിലാക്കുന്ന പദ്ധതികളായ ഗോത്ര ജീവിക, കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, എയർപോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ പുരോഗതിക്കായി സാമൂഹ്യ പഠനമുറി, ഓൺലൈൻ വിദ്യാഭ്യാസം, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, ഗോത്രബന്ധു എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട 32 കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിവരുന്നു. 2021-22 വർഷവും ആവശ്യാനുസരണം ഈ പദ്ധതി നടപ്പാക്കുന്നതാണ്. സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പ് വർഷവും സാഹചര്യം പരിശോധിച്ച് പ്രസ്തുത പരിപാടി നടത്തുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തൽ, ഭക്ഷ്യ സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ, മില്ലറ്റ് വില്ലേജ്, നമത്ത് വെള്ളാമെ, പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി സാധിച്ചു. ഈ പദ്ധതികൾ 2021-22 വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2021-22 വർഷത്തിൽ കൂടുതൽ ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിന്റെ ഭാഗമായി അട്ടപ്പാടി ഫാമിന് 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതും ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം വർദ്ധിപ്പിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ ഗദ്ദിക എന്ന പേരിൽ നടത്തിയ സാംസ്കാരികോത്സവം വീണ്ടും സംഘടിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ പാരമ്പര്യകലകൾ പുതുതലമുറയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുമായി ഗദ്ദിക എന്ന പേരിൽ സാംസ്കാരിക ഉത്സവം ഒരോ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ സംഘടിപ്പിച്ച് വരുന്ന കോവിഡ് സ്ഥിതി കൂടി വിലയിരുത്തി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി കിഫ്ബി മുഖേന എത്ര തുക അനുവദിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

കിഫ്ബി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 82.928 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി**

13(*73) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ബി) പ്രസ്തുത ഭവന പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എ) <u>ഭൂമിയുള്ള ഭവനരഹിതർ</u>

1. ഭവന രഹിതരോ വാസയോഗ്യമായ ഭവനമില്ലാത്തവരോ ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. നിലവിൽ റേഷൻ കാർഡ് ഉള്ള കുടുംബം, ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം.

2. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയി അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയിലല്ലാതെ നാലു ചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കടൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ (എ വിഭാഗത്തിൽ പരിഗണിക്കാം) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) ഭൂരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണം:

1. സ്വന്തമായി ഭൂമി ഇല്ലാത്തവർ.

2. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ.

3. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിൽ കൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ .

(സി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ?

മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി നിർത്തിവച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഈടും ഉറപ്പുമുള്ള ഭവനം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയും, 50 മീറ്ററിന് പുറത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ലൈഫ് പദ്ധതി വഴിയും ഭവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു

## സ്റ്റാർട്ട്-അപ്-ഡ്രീംസ് പ്രോജക്ട്

14 (*74) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ആരംഭിച്ചിട്ടുള്ള സ്റ്റാർട്ട്-അപ്-ഡ്രീംസ് എന്ന പ്രോജക്ട് പ്രകാരം സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇവ ലഭിക്കുന്നത്; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളുടെ സംരംഭകത്വ വികസനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസിന്റെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനാണ്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ താഴെപറയുന്നവയാണ്:

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ ലഭ്യമാകും.

2. പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ.

3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭകർക്ക് പലിശരഹിത സീഡ് ഫണ്ട്.

4. ഉല്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം. സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലൂടെ ലഭ്യമാകുന്ന മേൽപ്പറഞ്ഞവ കൂടാതെ സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്ന എല്ലാ സഹായങ്ങളും ലഭ്യമാണ്.

(ബി) ഈ പദ്ധതി സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

പദ്ധതി സോഷ്യൽ ഓഡിറ്റിംഗിന് വിധേയമായിട്ടില്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇന്റേണൽ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകളിൽ ഈ പദ്ധതിയും ഉൾപ്പെടും.

(സി) പ്രസ്തുത പദ്ധതി പ്രകാരം വനിതാസംരംഭകർക്ക് പ്രത്യേക ആനുകൂല്യം അനുവദിക്കുമോ; വിശദീകരിക്കുമോ?

സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിൽ വനിതാ സംരംഭകർക്കായി പ്രത്യേക ആനുകൂല്യം നിലവിലില്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ പൊതുവായ പദ്ധതിയിൽ വനിതാ സംരംഭകർക്കായി നൽകിവരുന്ന സഹായങ്ങൾ പ്രസ്തുത പദ്ധതിയിലുള്ള വനിതാ സംരംഭകർക്കും ലഭ്യമാണ്.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

15 (*75) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്:

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു.

2. പരിശോധനാഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധതലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

3. സംസ്ഥാനത്തെ ഏഴ് ജില്ലാലാബുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ട് തവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജലസേചനവകുപ്പിന്റെ സഹായത്തോടെ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്. പൈപ്പിലൂടെയുള്ള ജല വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശത്തേക്ക് ജലവിതരണം ഉറപ്പാക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. കൂടാതെ എല്ലാ കാലത്തും ജലലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ മോട്ടോറുകൾ മറ്റു അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ജല ചൂഷണം, ജല ദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണനിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും

നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ടാങ്കർ ലോറികൾ വഴി ജലവിതരണത്തിനുള്ള സൗകര്യത്തിനായി ആവശ്യമായ സ്ഥലങ്ങളിൽ വെൻഡിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജല സ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങൾ ജലനിധിവഴിയും നടപ്പിലാക്കിവരുന്നു. ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar) എന്നീ രീതികൾ അവലംബിച്ച് വരുന്ന വേനൽക്കാലത്ത് കുടിവെള്ള പ്രശ്നം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഭൂജല വകുപ്പ് മുഖേന ചെറുകിട കുടിവെള്ള പദ്ധതികളും കൈപ്പമ്പ് പദ്ധതികളും മുൻകാലങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്.

(സി) പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിനായി കേടായ പൈപ്പുകൾ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിനായി നിലവിൽ റണ്ണിംഗ് കോൺട്രാക്ടർ, ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നിവ ഉപയോഗിച്ചുവരുന്നു. എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്ന ജല അതോറിറ്റിയുടെ പദ്ധതികളിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ പൈപ്പുകളുടെ pre-delivery, post-delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. സസ്റ്റെയിനബിലിറ്റി സപ്പോർട്ട് മറ്റു കമ്മ്യൂണിറ്റി മാനേജ്ഡ് വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി കേടുപാടുകൾ സംഭവിച്ച പൈപ്പ്ലൈനുകളും മറ്റു ഘടകങ്ങളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ജലനിധി വഴി നടപ്പിലാക്കി വരുന്നുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം

16 (*76) ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ തുടർനിർവ്വഹണത്തിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. സാമൂഹ്യപഠനമുറി:- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച സാമൂഹ്യപഠനമുറി ദേശീയതലത്തിൽ തന്നെ ശ്രദ്ധേയമായ പദ്ധതിയാണ്. 2017-18 വർഷം 100 പഠനമുറികൾ ആരംഭിച്ചു. ടി പഠനമുറികൾ വഴി 2972 കുട്ടികൾ പഠനം നടത്തിവരുന്നു. 2018-19-ൽ 150 പഠനമുറികൾ ആരംഭിച്ച് 4420 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കിവരുന്നു. ഇവയിൽ 250 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ടി പഠനമുറികൾ പ്രവർത്തനസജ്ജമാക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യ പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 2020-21 സാമ്പത്തിക വർഷം സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനായി 114 സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടി പുരോഗമിച്ച് വരികയാണ്. നടപ്പ് അദ്ധ്യയന വർഷം തന്നെ ആയവ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

2. ഗോത്രബന്ധു:- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി

നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 297 മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ 29 പേരെക്കൂടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു പഠന മുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3. <u>സമഗ്ര ആദിവാസി സാക്ഷരത പദ്ധതി:-</u> പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും ആദിവാസി സാക്ഷരത - തുല്യതാ പരിപാടി - സമഗ്ര - വിവിധ ജില്ലകളിൽനിന്നും 100 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് നടപ്പിലാക്കിവരുന്നു. 2017-18 വർഷം 1996 പേർ സാക്ഷരത കൈവരിച്ചിട്ടുണ്ട്. തുടർന്ന് നാലാം തരം തുല്യതാ പരീക്ഷയിൽ 1555 പേരെയും 7-ാം തരം തുല്യതാ പരീക്ഷയിൽ 959 പേരെയും പങ്കെടുപ്പിച്ചിട്ടുണ്ട്.

4. <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം:-</u> വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ. എസുകളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ്റൂം, 11 കംപ്യൂട്ടർ ലാബ്, 8 സയൻസ് ലാബ്, 15 ലാംഗ്വേജ് ലാബ്, 16 സ്കൂൾ റേഡിയോ, 16 സ്റ്റീംകിച്ചൻ, 10 മൾട്ടി പർപ്പസ് കോർട്ടുകൾ, 18 മിനി മാസ്റ്റ് ലൈറ്റ്, ഒരു ഖരദ്രാവകമാലിന്യ സംസ്കരണ പ്ലാന്റ്, 18 ജലശുദ്ധീകരണ പദ്ധതി, 13 നാപ്കിൻ വെൻഡിംഗ് മെഷീൻ, 9 ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, 17 ഡിജിറ്റൽ ലൈബ്രറി, 20 അഗ്നി പ്രതിരോധ സംവിധാനം, 18 സി.സി.റ്റി.വി എന്നിവ സ്ഥാപിച്ചു. കൂടാതെ കരിയർ ഗൈഡൻസ് & കൗൺസലിംഗ്, കണിയാമ്പറ്റ എം.ആർ.എസ്.-ൽ ആർച്ചെറി പരിശീലന കേന്ദ്രം എന്നിവ നടപ്പിലാക്കി. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.-ക്ക് 100 % വും +2 -വിന് 80.16 % വിജയവും നേടാൻ കഴിഞ്ഞിട്ടുണ്ട്.

5. <u>പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം:-</u> പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിർമ്മാണ

നവീകരണത്തിനായി 12.34 കോടി രൂപയും ഫർണിച്ചർ, കിടക്ക, തലയണ എന്നിവയ്ക്കായി 61.70 ലക്ഷം രൂപയും ചെലവഴിച്ചു. 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 ബാച്ചുകളിൽ കുട്ടികളുടെ എണ്ണം 35-ൽനിന്നും 50 ആയി വർദ്ധിപ്പിക്കുകയും ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതുതായി +2 ബാച്ചുകൾ ആരംഭിക്കുകയും ചെയ്തു. 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.-ക്ക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് 91.9% വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

6. <u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി</u>:- അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക - നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

7. <u>ലാപ്ടോപ്പ് വിതരണം:</u> - ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷം 420 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തുവരുന്നു.

8. <u>വിദേശപഠനത്തിനുള്ള ധനസഹായം</u>:-സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2020-21 വരെ ആകെ 6 കുട്ടികൾക്ക് വിദേശപഠന സ്കോളർഷിപ്പിനായി 1,50,76,676 രൂപ അനുവദിച്ചു.

9. <u>നൈപുണ്യ വികസന പദ്ധതി</u> :- 2016-17 വർഷം മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 28 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 53 കോഴ്സുകളിലായി 5355 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. ഇവരിൽ 2646 പേർക്ക് തൊഴിൽ ഉറപ്പുവരുത്തി. ടി പരിശീലനത്തിന്റെ ഭാഗമായി 22 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്.

10. <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ:</u> - 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200- ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

11. <u>സെന്റർ ഫോർ സ്കിൽ എക്സലൻസ്:</u> - 2017-18-ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

12. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്:-</u> പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചതുവഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയശതമാനം 87.13-ഉം പ്ലസ് ടു വിജയശതമാനം 65.24-ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ 18,329 കുട്ടികൾ പഠനം നടത്തിവരുന്നു. മേൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ തുടർ വർഷങ്ങളിലും നടപ്പിലാക്കുന്നതാണ്.

(ബി) കോവിഡ് രോഗവ്യാപനംമൂലം സ്കൂളുകളിൽ ക്ലാസ്സുകൾ തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കൈറ്റ് വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ (പ്രൈമറി തലത്തിൽ) അദ്ധ്യാപന പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാരുടെ സഹായത്തോടെ ഗോത്ര ഭാഷയിലാക്കി റെക്കോർഡ് ചെയ്ത് വിദ്യാർത്ഥികളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്.

പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗക്കാർക്ക് വേണ്ടിയുള്ള ആശ്രമം സ്കൂളുകളിൽ അദ്ധ്യാപകർ തന്നെ ഗോത്രഭാഷ അറിയാവുന്നവരുടെ സഹായത്തോടെ വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കി കോളനികളിൽ ചെന്ന് ക്ലാസ്സുകൾ നൽകാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ കൂടാതെ ഊരു വിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ 1294 കെട്ടിടങ്ങളിൽ താത്കാലികമായി ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത 32 പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്. സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത ശേഷം ആയത് ഊരിൽ ഒരു പൊതുസ്ഥലത്ത് എത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. വീടുകളിൽ പഠന സൗകര്യം ലഭ്യമല്ലാത്ത 20,500-ഓളം വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ പഠന സൗകര്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നമനത്തിനും പുരോഗതിക്കുമായി വിവിധ സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ, വിവിധ പദ്ധതികൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകിവരുന്നു. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കാലതാമസമില്ലാതെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഇ-ഗ്രാന്റ്സ് വെബ്സൈറ്റ് മുഖേനയാണ്. വകുപ്പിന് കീഴിൽ പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.-കൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നു 2020 വർഷത്തെ ലോക്ഡൗൺ കാലയളവിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. ഹോസ്റ്റൽ, എം.ആർ.എസ്സ് എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ് ചാർജ്ജിന് തുല്യമായ തുക രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്റെറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസ് വരെ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. മേൽ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ നിരക്ക് ഈ സർക്കാർ 9-1-2020 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 01/2020/പജപവവിവ പ്രകാരം 20% വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് ഉടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5,250 രൂപയും 1,000 രൂപയും നൽകുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി രണ്ട് ലക്ഷം രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാനസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നൽകിവരുന്നത്. കോളേജ്

ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ- ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3,500 രൂപ അനുവദിച്ച് വരുന്ന സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാ ത്തതും രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനവുമുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസം 3,000 രൂപ, 14-1-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 33/2016/പജപവവിവ പ്രകാരം ഈ സർക്കാർ വർദ്ധിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തിന് പുറത്തുള്ള പഠനം സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ച് വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 4-10-2017-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 81/2017/പജപവവിവ. പ്രകാരം ഈ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. ഈ ആവശ്യത്തിൽ പരമാവധി 25 ലക്ഷം രൂപ അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ മെഡിക്കൽ എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു. അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന "അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി, കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് "ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി, ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് "വസ്ത്ര വിതരണ പദ്ധതി, വകുപ്പിന്റെ

അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് "ബോർഡിംഗ് ഗ്രാൻഡ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാൻഡ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. 2021-22 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വകുപ്പിന്റെ കീഴിലുള്ള പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശവും ഫണ്ടും നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളിക്ഷേമം

17 (*77) <u>ശ്രീ. എം. നൗഷാദ്</u>:

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554 രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494 രൂപയുമാണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യവിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച് ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (2018-19-ലെ ത്വരിത പരിശോധനാ കണക്കുപ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,25,484 രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,10,960 രൂപയുമാണ്.

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴി ലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് ചുവടെ പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.
4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. ഓഖി പുനരധിവാസ പദ്ധതികൾ.
7. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.
8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.
9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.
10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ ആവിഷ്കരിച്ച പുനരധിവാസ പാക്കേജിന്റെ തുടർപ്രവർത്തനങ്ങൾ നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തിനായി സംസ്ഥാന തലത്തിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ ഓരോ പ്രോജക്ട് കോ-ഓർഡിനേറ്ററേയും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി മോട്ടിവേറ്റർമാരേയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

വ്യക്തമായ പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുള്ളതും സമയബന്ധിത പൂർത്തീകരണം നിരീക്ഷിക്കുന്നതിലേയ്ക്കായി FIMS സോഫ്റ്റ്‌വെയറിന്റെ സഹായം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഫ്ളാറ്റുകളുടെ നിർമ്മാണം ഫിഷറീസ് മന്ത്രി, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി വീക്ഷിച്ച് പുരോഗതി ത്വരിതപ്പെടുത്തുന്നു. പദ്ധതിയാനുകൂല്യം ഗുണഭോക്താക്കളുടെയും ഭൂഉടമകളുടെയും ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഡി.ബി.റ്റി. മുഖാന്തരം നൽകുന്നതിനാൽ പദ്ധതി ആനുകൂല്യം യഥാസമയം അനുവദിക്കാൻ കഴിയുന്നു. ഗുണഭോക്താക്കൾക്ക് പ്രാദേശിക തലത്തിൽ ഭൂമി കണ്ടെത്തുന്നതിനും കെട്ടിട നിർമ്മാണ സാമഗ്രികളും മറ്റും ലഭ്യമാക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ നിയമസഭാംഗങ്ങൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും തീരദേശത്തെ സന്നദ്ധ സംഘടനകളുടെയും സഹായം തേടുന്നതിനും പദ്ധതി പ്രദേശത്ത് ബോധവൽക്കരണവും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണവും തുടർന്ന് ലക്ഷ്യമിടുന്നു.

(സി) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി മുഖേന ഭൂരഹിത/ ഭവനരഹിതരായ അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളെയും ഭൂമി കണ്ടെത്തി ഭവന നിർമ്മാണത്തിനോ കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനോ ലക്ഷ്യമിടുന്നു. കൂടാതെ തീരപ്രദേശത്ത് അപായകരമായ നിലയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളിൽ ഭൂമി കണ്ടെത്തി മാറി താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു . ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) BIF-HDF (2016-17) സമഗ്ര ഭവന പദ്ധതി ഭൂരഹിതരും ഭവനരഹിതരുമായ 800 മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിന് 2 മുതൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം സ്ഥലം വാങ്ങിയ 736 പേരിൽ 601 പേർ 2017-18 ലെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(2) 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി പ്രകാരം 129 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്തു. ഇതിൽ 125 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും 4 പേർ ഭവന നിർമ്മാണത്തിന്റെ അന്തിമ ഘട്ടങ്ങളിലുമാണ്.

(3) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF & HDF പദ്ധതിയിൽ ഉൾപ്പെടുത്തി 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം.

(4) കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം - കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ളാറ്റ് നിർമ്മിച്ചു നൽകി. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെയും പുനരധിവസിപ്പിക്കുവാൻ, വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കാൻ കഴിയുമാറ് കെട്ടിടസമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു

(5) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന (പുനർഗേഹം) പദ്ധതി. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതിപ്രകാരം 10275 ഗുണഭോക്താക്കൾക്ക് വിവിധ തീരദേശ ജില്ലകളിലെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകാരം നൽകുകയും 2014 പേർ ഭൂമി കണ്ടെത്തുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ചെയ്തു. 261 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും 1267 പേർ ഭവന നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്.

(6) ഓഖിയിൽ ഭവനം നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചെങ്കിലും ഭൂമി കണ്ടെത്തി സുരക്ഷിത മേഖലയിൽ താമസിക്കുന്നതിന് തയ്യാറായ 24 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഓഖിയിൽ തിരുവനന്തപുരം ജില്ലയിൽ മരണമടഞ്ഞതോ/കാണാതായതോ ആയ മത്സ്യത്തൊഴിലാളി

കുടുംബങ്ങളിൽ 32 പേർക്ക് സ്ഥലവും വീടും നൽകുന്നതിന് ധനസഹായം അനുവദിച്ചതിൽ 26 പേർ സ്ഥലം വാങ്ങി 8 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ തീരദേശത്തെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിന് പുറത്ത് സ്ഥലമുള്ളവരുമായ 145 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2017-18-ൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം**

18 (*78) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.കെ.രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഏതെല്ലാം മേഖലകളിലാണ് പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

പിന്നാക്കവിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി നിലവിൽ വകുപ്പ് നടപ്പാക്കി വരുന്ന വിദ്യാഭ്യാസ - വികസന ക്ഷേമ പദ്ധതികൾ കൂടുതൽ മേഖലകളിലേക്കും ഗുണഭോക്താക്കളിലേക്കും എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, അഭ്യസ്തവിദ്യരായ യുവാക്കൾക്ക് ബന്ധപ്പെട്ട മേഖലയിൽ വിദഗ്ധ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുക, സ്റ്റാർട്ടപ് സംരംഭങ്ങളിലൂടെ പിന്നാക്ക വിഭാഗങ്ങളിലെ പ്രൊഫഷണലുകൾക്ക് മെച്ചപ്പെട്ട തൊഴിൽ ഉറപ്പാക്കി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾ ചെയ്തുവരുന്ന പരമ്പരാഗത തൊഴിലുകൾ അന്യം നിന്നുപോകാതെ നിലനിർത്തിയും, നൂതന ആശയങ്ങളും സാങ്കേതിക വിദ്യകളും പ്രയോഗത്തിൽ വരുത്തി പുതുതലമുറയെ ടി തൊഴിലുകളിലേയ്ക്ക് ആകൃഷ്ടരാക്കുക തുടങ്ങിയ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനും താഴെ പറയുന്ന പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു:

1. ഒ.ഇ.സി. പ്രീമെട്രിക് ധനസഹായം
2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)
3. ഒ.ഇ.സി. പോസ്റ്റ്മെട്രിക് ധനസഹായം

4. ഒ.ബി.സി . പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)

5. ഓവർസീസ് സ്കോളർഷിപ്പ്

6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

7. അഡ്വക്കേറ്റ് ഗ്രാന്റ്

8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

11. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

12. വിശ്വകർമ്മജർക്കുള്ള പെൻഷൻ

13. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി.

കൂടാതെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും സമഗ്ര വികസനത്തിനുമായി കുറഞ്ഞ പലിശനിരക്കിൽ സ്വയം തൊഴിൽ, ബിസിനസ്സ്, വിദ്യാഭ്യാസം തുടങ്ങി വിവിധ വ്യക്തിഗത വായ്പകൾക്കും, കുടുംബശ്രീ, സി.ഡി.എസ്./സന്നദ്ധ സംഘടനകൾ മുഖേന സ്ത്രീകളുടെ ഉന്നമന ത്തിനായി മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾക്കും പ്രാമുഖ്യം നൽകിവരുന്നു.

(ബി) പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്?

പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു.

(സി) ഭവനരഹിതരായ പിന്നാക്ക വിഭാഗക്കാർക്കായി കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന എന്റെ വീട് പദ്ധതി പ്രകാരം എത്ര തുകയാണ് വായ്പയായി നൽകുന്നത്?

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വേണ്ടി "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതിയായി 10 ലക്ഷം രൂപ വായ്പ 7.5% മുതൽ 8% വരെ പലിശ നിരക്കിൽ അനുവദിച്ച് വരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളിലെ കുടുംബവാർഷിക വരുമാനപരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ?

കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാനപരിധി ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര് കുടുംബ വാർഷിക വരുമാന പരിധി

1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി 3 ലക്ഷം രൂപയിൽ താഴെ.
2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) 3 ലക്ഷം രൂപയിൽ താഴെ.
3. പ്രവർത്തന മൂലധന വായ്പ 3 ലക്ഷം രൂപയിൽ താഴെ.
4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ 8 ലക്ഷം രൂപയിൽ താഴെ.
5. വിദ്യാശ്രീ വായ്പ 3 ലക്ഷം രൂപയിൽ താഴെ.
6. വാഹന വായ്പ 8 ലക്ഷം രൂപയിൽ താഴെ.
7. റീ-ലൈഫ് വായ്പ 1,20,000 രൂപയിൽ താഴെ.
8. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) 8 ലക്ഷം രൂപയിൽ താഴെ.
9. വ്യക്തിഗത വായ്പ 8 ലക്ഷം രൂപയിൽ താഴെ.
10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 1,20,000 രൂപയിൽ താഴെ.
11. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 3 ലക്ഷം രൂപയിൽ താഴെ.

**ഗ്രാമീണ കുടിവെള്ള പദ്ധതികൾ**

19(*79) ശ്രീ. എ. രാജ:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) ഗ്രാമീണമേഖലയിൽ നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ?

31-5-2021-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 33.88% ഗ്രാമീണ വീടുകൾക്കാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുള്ളത്.

(സി) നഗരപ്രദേശങ്ങളിൽ എല്ലാ സമയത്തും തടസ്സം കൂടാതെ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നഗരപ്രദേശങ്ങളിൽ എല്ലാ സമയത്തും തടസ്സം കൂടാതെ കുടിവെള്ളം ലഭ്യമാക്കുന്നതിന് അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾ, ഇവ കൂടാതെ വിവിധ സംസ്ഥാന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം തടസ്സരഹിതമായും കാര്യക്ഷമമായും ഉറപ്പാക്കുന്നതിനായി ജല വിതരണ പദ്ധതികളിൽ ആധുനിക ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ നിലവിലുള്ള ജലസ്രോതസുകൾക്കു പുറമെ അധിക ജലസ്രോതസുകൾ കണ്ടെത്തി എല്ലാ സമയത്തും ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു കൂടാതെ നഗര പ്രദേശങ്ങളിലെ ജലവിതരണ സംവിധാനങ്ങളിലുണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ, പമ്പിംഗ് സംവിധാനങ്ങളിലെ തകരാറുകൾ മുതലായവ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ജലവിതരണ സംവിധാനത്തിലെ പൈപ്പ് പൊട്ടലുകളുൾപ്പെടെയുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ക്രമീകരണങ്ങൾ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

20 (*80) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളുടെ ശൃംഖല സംരക്ഷിച്ച് നിലനിർത്തുന്നതിനും ഭൂജല പരിപോഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ ഇടപെടലുകൾ നീർത്തടാടിസ്ഥാനത്തിൽ വിഭാവന ചെയ്ത് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സാങ്കേതിക സമിതികൾ രൂപീകരിക്കുകയും നീർത്തടപ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളും പാറമടകളിലെ വെള്ളം ഉപയോഗപ്പെടുത്തിയും ഫലപ്രദമായ റീചാർജ്ജിംഗ്, ഉപരിതല ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. എറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഹരിതകേരളം ടാസ്ക് ഫോഴ്സിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിക്കുകയും പാലക്കാട് ജില്ലയിൽ ഭവാനി നദിയിൽ -13, തൂതപ്പുഴയിൽ -6, കാസർഗോഡ് ചന്ദ്രഗിരിപ്പുഴയിൽ -9, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിൽ -6 ഉം ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജലമേഖലയിലെ പ്രധാന പ്രശ്നമായ ജല മലിനികരണം തടയുന്നതിനും ജല ശൃംഖലകളുടെ പുനഃസ്ഥാപനത്തിനുമായി ആരംഭിച്ച "ഇനി ഞാൻ ഒഴുകട്ടെ" മൂന്ന് ഘട്ടങ്ങൾ പൂർത്തികരിച്ചുകഴിഞ്ഞു. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി 3000 മി.മീ. വാർഷിക ശരാശരി മഴ ലഭ്യതയുള്ള കേരളത്തിൽ സമീപകാലത്തായി മഴയുടെ ലഭ്യതയിൽ സ്ഥലകാല വ്യതിയാനം വർദ്ധിച്ചുവന്നിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ജലവിഭവാസൂത്രണം

പ്രാദേശിക വിഭവ ലഭ്യതയുടേയും വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടിക്ക് രൂപം നൽകി വിവിധ വകുപ്പുകളുടേയും/ഏജൻസികളുടേയും ഏകോപനത്തോടെ സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഭൂജല വകുപ്പിന്റെ പ്ലാൻ പദ്ധതിയായ " ഭൂജലസംരക്ഷണവും സംപോഷണവും' പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ ഹരിത കേരളം മിഷൻ പദ്ധതിക്കായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജലത്തിന്റെ ആവശ്യകതയും ജലലഭ്യതയും അനുസരിച്ച് ജലവിഭവം ഫലപ്രദമായി വിനിയോഗിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഒരു പ്രദേശത്തെ ജലലഭ്യതയും അവിടെ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലത്തിന്റെ അളവും അതിന്റെ ഉപഭോഗവും കണക്കിലാക്കി തയ്യാറാക്കുന്ന ജല ബഡ്ജറ്റിംഗ് നടപ്പിലാക്കുന്നതിന് ഹരിത കേരളം മിഷന്റെ ഭാഗമായി കോഴിക്കോട് CWRDM-ന്റെ സാങ്കേതിക സഹായത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കിയ മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ ജല ബഡ്ജറ്റിംഗ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ചെറുപുഴകളിലും തോടുകളിലും മഴക്കാല നീരൊഴുക്കിനെ ഒരുവിധത്തിലും തടസ്സപ്പെടുത്താത്ത രീതിയിൽ നിർമ്മിക്കുന്ന ബന്ധാര മാതൃകയിലുള്ള ഭൂജല ലഭ്യത ഉറപ്പാക്കുന്ന റീചാർജ്ജിംഗ് സംവിധാനം നടപ്പാക്കുവാനും ലക്ഷ്യമിടുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന തീരപ്രദേശങ്ങളിലെ ഓരുവെള്ള പ്രശ്നം, 2030 ആകുമ്പോൾ കുടിവെള്ളം, കൃഷി, വ്യവസായം പാരിസ്ഥിതിക സംതുലനം/ഉപ്പ് വെള്ളക്കയറ്റ പ്രതിരോധം എന്നിവയ്ക്കായി നിലവിലുള്ളതിനേക്കാൾ വലിയ തോതിൽ ജലം ആവശ്യമായി വരുമെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ " പേർസ്പെക്ടീവ് പ്ലാൻ 2030" -ലെ അഭിപ്രായം പരിഗണിച്ച് പ്രാദേശിക ജലലഭ്യതയും ആവശ്യകതയും പഠനവിധേയമാക്കി ജലവിഭവ ആസൂത്രണവും വിനിയോഗവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ-റിഡ്ജ്-ടു-വാലി സമീപനം നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള സമീപനമാണ് കേരള ജലഅതോറിറ്റി കൈക്കൊള്ളുന്നത്. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട്

ജലസ്രോതസ്സുകൾ ആഴംകൂട്ടൽ, ഭൂജല വകുപ്പിന്റെ "ഭൂജല സംരക്ഷണവും സംപോഷണവും', ജലനിധി മുഖേന കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) ജലസുരക്ഷയും ജലസംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഹരിത കേരളം മിഷന്റെ ഭാഗമായി സാങ്കേതിക സമിതികൾ രൂപികരിക്കുകയും അവയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 1013 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അവയെ ബ്ലോക്കടിസ്ഥാനത്തിൽകൂടി യോജിപ്പിച്ച് 105 നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുകയും ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഹരിതകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും നേതൃത്വത്തിൽ നിർവ്വഹണം നടന്നുവരികയും ചെയ്യുന്നു.

## കടലാക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ

21(*81) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് ശക്തമായ കടലാക്രമണത്തിനും കടൽക്ഷോഭത്തിനും കാരണമായ ടൗട്ടേ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ടൗട്ടേ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും തീരദേശത്ത് കനത്ത നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. 3000- ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. മത്സ്യബന്ധന

ഉപകരണങ്ങളുടെയും മത്സ്യക്കൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്ത നിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) കോവിഡ് നിയന്ത്രണങ്ങളും നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭവും മൂലം ഉപജീവനവും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

2020-21-ൽ കോവിഡ്-19, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവയാൽ ജീവനോപാധി നഷ്ടപ്പെട്ട കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 2,000 രൂപാ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1,000 രൂപ വീതവും നൽകുന്നതിനായി 36.12 കോടി രൂപ അനുവദിക്കുകയും 207104 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു. ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ ആറു ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1,200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ച് ഉത്തരവായി. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് മേയ് മാസത്തിൽ ആദ്യ ഇൻസ്റ്റാൾമെന്റ് വിതരണം ചെയ്യുന്നതിനു 22.49 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തു.

(സി) നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭംമൂലം തീരശോഷണം സംഭവിച്ച സ്ഥലങ്ങളിൽ അടിയന്തരമായി സംരക്ഷണഭിത്തി നിർമ്മിച്ച് തീരസംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

തീരസംരക്ഷണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി 9677.434 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയും വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരികയും ചെയ്യുന്നു. തീരസംരക്ഷണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 216.59 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 101.59 കോടി രൂപയുടെയും ഓഖി ദുരന്ത തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെയും നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി 7.40 കോടി രൂപയുടെയും തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.ഐ. പദ്ധതിയിൽപ്പെടുത്തി 52.90 കോടി രൂപയുടെ പദ്ധതി പുരോഗമിച്ചു വരികയാണ്.

## ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം

22(*82) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ ഗോത്രഭാഷയിൽ നിന്ന് പഠന മാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പഠന മാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് "ഗോത്രബന്ധു" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട്, പാലക്കാട് മേഖലകളിലായി 297 മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 29 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പഠനമുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിദ്യാലയങ്ങൾ ഗോത്രസൗഹൃദമാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന താത്പര്യം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും സാധിക്കും. ഭാഷാപരമായ പ്രശ്നങ്ങൾ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളിലൊന്നായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യതയുള്ളവരെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ "ഗോത്രബന്ധു" പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിക്കുന്നു. "ഗോത്രബന്ധു" പദ്ധതി പ്രകാരം നിയമിതരാകുന്ന മെന്റർ ടീച്ചർമാരുടെ ചുമതലകൾ ചുവടെ പറയുന്നവയാണ്: പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുക, പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകരോടൊപ്പം നിന്ന് പട്ടികവർഗ്ഗ

വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹ അദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവ ഇവരുടെ പ്രവർത്തന മേഖലയിൽ വരുന്ന പ്രധാന ജോലിയാണ്. എന്നാൽ പ്രഥമ അദ്ധ്യാപകരുടേയോ സഹാദ്ധ്യാപകരുടേയോ ക്ലാസ്സിൽ പകരക്കാരായി ഇവർ മാറുന്നില്ല. സ്കൂളും കോളനികളുമായുള്ള ആശയവിനിമയവും ഒരുമിച്ചുള്ള പ്രവർത്തനവും കോളനി കേന്ദ്രീകരിച്ചുള്ള പരിഹാരബോധന പ്രവർത്തനങ്ങളും മെന്റർ ടീച്ചർമാർ നിർവ്വഹിക്കുന്നു.

(ബി) കോവിഡ് മഹാമാരിയെത്തുടർന്ന് വിദ്യാഭ്യാസം ഓൺലൈൻ ആയ സാഹചര്യത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഗോത്രഭാഷയിൽ പഠനത്തിനുള്ള സാഹചര്യം സർക്കാർ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ (പ്രൈമറി തലത്തിൽ) അദ്ധ്യാപന പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാരുടെ സഹായത്തോടെ ഗോത്ര ഭാഷയിലാക്കി റെക്കോർഡ് ചെയ്ത് വിദ്യാർത്ഥികളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗക്കാർക്ക് വേണ്ടിയുള്ള ആശ്രമം സ്കൂളുകളിൽ അദ്ധ്യാപകർ തന്നെ ഗോത്ര ഭാഷ അറിയാവുന്നവരുടെ സഹായത്തോട വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കി കോളനികളിൽ ചെന്ന് ക്ലാസ്സുകൾ നൽകാൻ ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാർ വിക്ടേഴ്സ് ചാനൽ വഴി ഫസ്റ്റ് ബെൽ ഓൺലൈൻ ക്ലാസ്സുകൾ നടത്തിയപ്പോൾ ഈ ഗോത്രവിഭാഗത്തിലെ ഒന്നാം ക്ലാസ്സുകൾക്കായി എസ്.എസ്.കെ. 12 ഗോത്ര ഭാഷകളിലായി മഴവിൽപൂവ് എന്ന പേരിൽ വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കുകയും എസ്.എസ്.കെ.-യുടെ യൂ-ട്യൂബ് ചാനൽ ആയ വൈറ്റ് ബോർഡ് എസ്.എസ്.കെ. വഴി ഈ കുട്ടികളിൽ എത്തിക്കുകയും ചെയ്തു.

(സി) വീടുകളിൽ ടിവിയും മറ്റു സൗകര്യങ്ങളും ഇല്ലാത്ത കുട്ടികൾക്ക് പഠനത്തിനായി എന്തെങ്കിലും പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കോവിഡ്-19 രോഗ വ്യാപനം പ്രതിരോധിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നതിനാൽ ഓൺലൈൻ മുഖേനയാണ് അദ്ധ്യയനം നടത്തിവരുന്നത്. ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യ പഠനമുറികൾ കൂടാതെ ഊരു വിദ്യാകേന്ദ്രങ്ങൾ,

ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ 1294 കെട്ടിടങ്ങളിൽ താത്കാലികമായി ഓൺലൈൻ/ ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത 32 പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട്. സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച്. സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ റെക്കോർഡ് ചെയ്ത് ശേഷം ആയത് ഊരിൽ ഒരു പൊതുസ്ഥലത്ത് എത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. വീടുകളിൽ പഠന സൗകര്യം ലഭ്യമല്ലാത്ത 20,500-ഓളം വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽ പഠന സൗകര്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടേയും, മെന്റർ ടീച്ചർമാരുടേയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്രഭാഷയിൽ നൽകുന്നുണ്ട്. 2021-22 വർഷം ഓരോ വാർഡിലും പ്രാദേശിക പഠനകേന്ദ്രങ്ങൾ വാർഡുതല വിദ്യാഭ്യാസ സമിതികളുടെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയിട്ടുണ്ട്.

(ഡി) ആദിവാസി വിഭാഗങ്ങളിലെ കുട്ടികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ ലോക്ഡൗൺ സമയത്തും മുടങ്ങാതെ നൽകാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും പുരോഗതിക്കുമായി വിവിധ സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ, വിവിധ പദ്ധതികൾ എന്നിവ പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നൽകിവരുന്നു. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കാലതാമസമില്ലാതെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഇ-ഗ്രാന്റ്സ് വെബ്സൈറ്റ് മുഖേനയാണ്. വകുപ്പിന് കീഴിൽ പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.കൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ച് വരുന്നു 2020 വർഷത്തെ ലോക്ഡൗൺ കാലയളവിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ് ചാർജ്ജിന്

തുല്യമായ തുക രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്റെറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസ്സ് വരെ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. മേൽ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ നിരക്ക് ഈ സർക്കാർ 9-1-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 01/2020/പജപവവിവ പ്രകാരം 20% വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീ മെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2,250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5,250 രൂപയും 1,000 രൂപയും നൽകുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാനപരിധി രണ്ട് ലക്ഷം രൂപയാക്കി നിശ്ചയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും, കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ളവർക്ക് ആയതും നൽകിവരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാനപരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന ഡി.ബി.റ്റി ആയി വിദ്യാർത്ഥികൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടിൽ

ലഭ്യമാക്കുന്നു. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3500 രൂപ അനുവദിച്ച് വരുന്ന സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാത്തതും രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസം 3,000 രൂപ 14-1-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 33/2016/പജപവവിവ പ്രകാരം ഈ സർക്കാർ വർദ്ധിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി

23(*83) ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ശാന്തകുമാരി കെ.:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിലവിലുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

(1) ഭൂമിവാങ്ങൽ ധനസഹായം- ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിനായി ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് യഥാക്രമം 3,75,000 4,50,000 6,00,000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ ദുർബ്ബല വിഭാഗങ്ങൾക്ക് പ്രത്യേക പുനരധിവാസ പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു.

(2) ഭവന പദ്ധതി - സ്വന്തമായി വീടില്ലാത്ത പട്ടികജാതിക്കാർക്ക് ലൈഫ് മിഷൻ മുഖാന്തരം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ വകുപ്പുകളിൽനിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ട് നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വകുപ്പ് 2020-21 സാമ്പത്തിക വർഷം ഭവന പൂർത്തീകരണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം പരമാവധി 1.50 ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

(3) വിദ്യാഭ്യാസ പദ്ധതി - പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം, പ്രൈമറി -സെക്കൻഡറി എഡ്യൂക്കേഷൻ എയ്ഡ്, പോസ്റ്റ് മെട്രിക്ക്-പ്രീമെട്രിക്ക് സ്കോളർഷിപ്പ്, അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ ധനസഹായം, മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം, ലാപ്പ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകൾ, ഐ.ടി.ഐ.-കൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, നഴ്സറി സ്കൂളുകൾ, മെഡിക്കൽ കോളേജ്, (പാലക്കാട്), പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം, സിവിൽ സർവ്വീസ് പരിശീലനം ഇതര സംസ്ഥാന പഠനം, വിദേശ പഠന ധനസഹായം, മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന സമ്മാനം, പഠനമുറി പദ്ധതി എന്നിവയും വകുപ്പുവഴി നടപ്പിലാക്കിവരുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികളാണ്.

4. മറ്റ് പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(a) വിവാഹ ധനസഹായ പദ്ധതി (75,000 രൂപ)

(b) മിശ്രവിവാഹ ധനസഹായ പദ്ധതി (75,000 രൂപ)

(c) 1-4-2017 മുതൽ ജനിച്ച പട്ടികജാതി പെൺകുട്ടികൾക്കായി എൽ.ഐ.സിയുമായി ചേർന്ന് നടപ്പാക്കുന്ന വാൽസല്യ നിധി പദ്ധതി- പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും.

(d) പട്ടികജാതി അതിക്രമ നിയമ പ്രകാരമുള്ള ആശ്വാസ ധനസഹായം.

(e) മാരകരോഗങ്ങൾ ബാധിച്ചവർക്കും അത്യാഹിതങ്ങളിൽപ്പെട്ടവർക്കും പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപ അനുവദിച്ചുകൊണ്ടുള്ള ആരോഗ്യ സുരക്ഷാ പദ്ധതി.

(f) തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി സങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ കൂടാതെ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായുള്ള പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫിൽ പദ്ധതി, കോർപ്പസ് (Critical Gap Filling) പദ്ധതികൾ, തൊഴിലിനും, പരിശീലനത്തിനും മാനവവിഭവ ശേഷി വികസനത്തിനുമായുള്ള പദ്ധതികൾ, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം, പട്ടികജാതി ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതികൾ എന്നിവയും ഈ വകുപ്പ് വഴി നടത്തിവരുന്നു.

(ബി) പട്ടികജാതിക്കാർ താമസിക്കുന്ന കോളനി പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാർ ഫലപ്രദമായി നടപ്പിലാക്കിയ അംബേദ്കർ ഗ്രാമം പദ്ധതി കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ നടപടി സ്വീകരിക്കുമോ;

നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പട്ടികജാതി കോളനികളിൽ നടത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിയിലേയ്ക്ക് പുതിയ കോളനികളെ തെരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനികളിലെ ബാധ്യതകൾക്കും കോളനി നിവാസികളുടെ താൽപ്പര്യങ്ങൾക്കും വിധേയമായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവു വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തിനിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ നെയ്ത്ത്/കരകൗശലം പുതിയ ഗ്രാമങ്ങളെ തെരഞ്ഞെടുക്കാൻ പട്ടികജാതി വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വനസംരക്ഷണം**

24 (*84) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം- വന്യജീവി വകുപ്പുമന്ത്രി (എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സ്വാഭാവികവനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

(1) കേരളത്തിലെ വനങ്ങളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളുടെ വ്യാവസായിക തോട്ടങ്ങൾ പുതുതായി വച്ചുപിടിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതും, നിലവിലുള്ള അക്കേഷ്യ, വാറ്റിൽ, യൂക്കാലിപ്റ്റസ്, മാഞ്ചിയം എന്നീ വിദേശ വൃക്ഷങ്ങളുടെ തോട്ടങ്ങൾ ഘട്ടംഘട്ടമായി ഒഴിവാക്കി, അവിടങ്ങളിൽ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനോ, സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നു.

(2) റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (RKDP), കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) എന്നിവയുടെ കീഴിൽ വനത്തിനുള്ളിലെ ജനവാസമുള്ള സ്വകാര്യഭൂമികളും സ്വകാര്യ എസ്റ്റേറ്റുകളും സ്വയംസന്നദ്ധത പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത് വനമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(3) ഗ്രീൻ ഇന്ത്യ മിഷൻ (GIM) രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണം, വനവിസ്തൃതി വർദ്ധനവ്, സോഷ്യൽ ഫോറസ്ട്രി - അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, തണ്ണീർത്തട സംരക്ഷണം എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള ഗ്രീൻ ഇന്ത്യ പദ്ധതി നടപ്പാക്കുന്നു. 2016-17 വർഷത്തിൽ ആദ്യ ഗഡുവായി ലഭിച്ച 1524.70 ലക്ഷം രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലായി ലഭിച്ച 1631.81 ലക്ഷം രൂപയിൽ 170.83 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു

(4) MSP for MFP (Minimum Support Price for Minor Forest Produce) പദ്ധതി വനങ്ങളിൽനിന്നും ലഭിക്കുന്ന ചെറുകിട വനവിഭവങ്ങൾ (MFP) പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളിലെ അംഗങ്ങൾ വഴി ശാസ്ത്രീയമായി ശേഖരിച്ച്, മൂല്യവർദ്ധനവ് വരുത്തി വിപണനം ചെയ്യുന്നതിലൂടെ വനാശ്രിതരായ ആദിവാസി ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുന്നതിനും ടി പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനുമായി MSP for MFP എന്ന ഒരു പദ്ധതി കേന്ദ്രസർക്കാർ സ്ഥാപനമായ TRIFED – ന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണത്തിലൂടെ വനങ്ങളെ സ്വാഭാവിക അവസ്ഥയ്ക്ക് കോട്ടം വരാതെ നിലനിർത്തുവാൻ സാധിക്കുന്നു.

(5) പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് കേരളത്തിലെ വനമേഖലകളുടെ പ്രാന്തപ്രദേശങ്ങളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 13-9-2018-ലെ ജി.ഒ(ആർ.റ്റി). നമ്പർ 406/2018/വനം പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതുമാണ്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. വനമേഖലയിൽ നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളെ ഫലപ്രദമായി നീക്കം ചെയ്യുന്നതിലൂടെ വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തുവാനും പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുവാനും പദ്ധതിയിലൂടെ കഴിയുന്നു.

(6) വനത്തെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിനായി പങ്കാളിത്ത കാട്ടുതീ സംരക്ഷണ മാർഗ്ഗങ്ങൾ ഉൾപ്പെടെ ഫലപ്രദമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്.

(7) പങ്കാളിത്ത വനപരിപാലന പദ്ധതികൾ മുഖേനയും സ്വാഭാവിക വനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നു.

(ബി) സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ എന്റെ മരം പോലെയുള്ള പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിച്ച വൃക്ഷത്തൈകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനും അവയുടെ അതിജീവനനിരക്ക് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സ്വീകരിക്കും. സാമൂഹ്യവനവൽക്കരണ വിഭാഗം ഹരിതകേരളം പദ്ധതിപ്രകാരം സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation തുടങ്ങിയവ നടപ്പിലാക്കിവരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ വഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിദ്യാർത്ഥികൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയെയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/ നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മറ്റിയെയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ-കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാവിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) വനാതിർത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വനാതിർത്തി സംരക്ഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു:

(1) വനത്തിനുള്ളിലേയും വനാതിർത്തികളിലേയും സ്റ്റാഫിന്റെ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കും. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

(2) ഉദ്ദേശം 1000 കി.മീ. വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുവാനായി ഇനിയും അവശേഷിക്കുന്നുണ്ട്. ശേഷിക്കുന്ന വനാതിർത്തികളിൽ ജണ്ട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

(3) സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റെക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ സമയബന്ധിതമായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(4) വനഭൂമി കൈക്കലാക്കുവാൻ ഉദ്ദേശിച്ച് വിവിധ കോടതികളിൽ ഉണ്ടാകുന്ന കേസുകളുടെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കും.

### ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം

25 (*85) <u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം- വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയോടു ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ ആന, കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നതും ജനത്തിന് ജീവഹാനിയും ഗുരുതര പരിക്കുകൾ ഉണ്ടാക്കുന്നതും സംബന്ധിച്ച് വിവിധ മേഖലകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള പരാതികളും നിർദ്ദേശങ്ങളും യഥാസമയം പരിഗണിച്ച് കർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് കിടക്കുന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീഷണി ഉണ്ടാകുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുള്ളതും വർഷാവർഷം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ശല്യക്കാരായ ആനകളെ നിയന്ത്രിക്കുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളെ ഉപയോഗിച്ചുവരുന്നു. ഇത്തരം മൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വനാതിർത്തികളിൽ ജനജാഗ്രതാസമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ) നമ്പർ 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരവും വനം വകുപ്പ് നൽകി വരുന്നുണ്ട്.

(ബി) വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധമാർഗ്ഗങ്ങൾ ഏർപ്പെടുത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിലേയ്ക്കായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ?

മനുഷ്യന്റെ വനത്തിന്മേലുള്ള അധിനിവേശത്തിന്റേയും ചൂഷണത്തിന്റേയും ഫലമായി കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് നിത്യസംഭവമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കുന്നതിനായി വനം വകുപ്പ് കാലാകാലങ്ങളായി വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ, കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു

വരുന്നുണ്ട്. പ്രതിരോധമാർഗ്ഗങ്ങളുടെ ഭാഗമായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ് എന്നിവയും ആവശ്യാനുസരണം നിർമ്മിച്ചുവരികയും ഇവയുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് യഥാസമയം ചെയ്തുവരുന്നുമുണ്ട്. വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. വനമേഖലയോട് ചേർന്ന ഡിവിഷന്റെ പരിധികളിൽ നിലവിൽ ജനജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)നമ്പർ 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ജനജാഗ്രതാ സമിതികളുമായി ചർച്ച ചെയ്ത് ലൈസൻസുള്ള തോക്ക് കൈവശമുള്ളവരുടെ പാനൽ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നുണ്ട്. നാളിതുവരെയായി വിവിധ സർക്കിളുകളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽനിന്നും ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-5-2021-ലെ സ.ഉ.(സാധാ) നമ്പർ 159/2021/വനം ഉത്തരവ് പ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും ചെയ്യുന്നുണ്ട്.

## മഴവെള്ള സംഭരണം

26(*86) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>:

<u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമത്തിന് പരിഹാരമായി മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നൂതന മാർഗ്ഗങ്ങളാണ് അവലംബിക്കാനുദ്ദേശിക്കുന്നത്?

നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റഗുലേറ്ററുകൾ എന്നിവ വഴി നദികളെ തന്നെ ജലസംഭരണികൾ ആക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

കൂടാതെ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങിയ അത്യാവശ്യ ജലസംരക്ഷണ പ്രവൃത്തികൾ ആവശ്യാനുസരണം നടപ്പിലാക്കിവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ ജല ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അത് പരിപാലിച്ചും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു മേൽക്കൂര മഴവെള്ളം പ്രയോജനപ്പെടുത്തിയുള്ള ജലസംരക്ഷണം ശാസ്ത്രീയമാർഗ്ഗം എന്ന നിലയിൽ നടപ്പാക്കുന്നതിന് ഒരു മാതൃകാ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ നിലവിൽ ഉപയോഗപ്രദമല്ലാത്ത കുഴൽക്കിണറുകളിൽ മഴവെള്ളം കടത്തിവിട്ട് റീചാർജ് ചെയ്ത്, ആ പ്രദേശത്തെ ഭൂജലനിരപ്പിന്റെ അളവ് മെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടി, ഭൂജല വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിന് ' ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കെ. ആർ.ഡബ്ല്യൂ.എസ്.എ.- യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഓരോ വർഷവും അനുവദിക്കുന്ന തുക ഉപയോഗിച്ച് മഴവെള്ള സംഭരണം ഭൂജല പരിപോഷണം മേഖലയിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ വിവിധ മഴവെള്ളസംഭരണ/ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ 2012-13 സാമ്പത്തിക വർഷം മുതൽ ജലനിധി നടപ്പിലാക്കി വരുന്നു. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ (മലയോര, തീരദേശ, പിന്നോക്ക) മുൻഗണനാ ക്രമത്തിൽ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഗുണഭോക്താക്കളെയും നിശ്ചയിക്കുന്നു. അത്തരം കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിക്കാവുന്ന മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിവരുന്നു. അതുപോലെത്തന്നെ വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്ന പദ്ധതിയും മഴ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം പാത്തിയും പൈപ്പും ഫിൽറ്റർ സംവിധാനവും ക്രമീകരിച്ച് നേരിട്ട് കിണറുകളിലേയ്ക്ക് ഒഴുക്കി വിടുന്നതുമൂലം കിണറിന്റെ ജലനിരപ്പ് ക്രമേണ ഉയർത്തുന്നതിന് സഹായകരമാകും. കൂടാതെ കിണർ റീചാർജ്ജിംഗ്, കിണറിന്റെ അറ്റകുറ്റപ്പണികൾ,

കിണർ സാനിറ്റൈസേഷൻ, പമ്പ് സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു തിരുവനന്തപുരം നഗരത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനാവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കുകയും ആവശ്യമായ സാങ്കേതിക സഹായവും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതം സമാഹരിച്ച് പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് വ്യക്തിഗത പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) മഴക്കാലത്ത് അധികമായി ഒഴുകിവരുന്ന മഴവെള്ളം സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മഴക്കാലത്ത് ലഭ്യമാകുന്ന അധിക ജലം സംഭരിക്കുന്നതിനും ഭൂജല വിതാനം ഉയർത്തുന്നതിനും സാധാരണ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു:

- അനുയോജ്യമായ സ്ഥലങ്ങളിൽ തടയണ, അടിയണ (Sub surface Dykes), VCB, കോണ്ടൂർ ബണ്ട്, മഴക്കുഴികൾ തുടങ്ങിയവ സ്ഥാപിക്കൽ .
- കുഴൽക്കിണറുകൾ ഉപയോഗിച്ചുള്ള കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ.
- പുരപ്പുറ മഴവെള്ള ശേഖരണം .
- ഓപ്പൺവെൽ റീചാർജ്ജ്
- കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും നവീകരണവും സംരക്ഷണവും .
- നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ .
- വനവൽക്കരണം .

അധികമായി ഒഴുകി വരുന്ന മഴവെള്ളം സംഭരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ആനതാഴ്ചിറയും, കീഴിൽ മംഗലപുരം ചിറയും, കിളിമാനൂർ ദേവശ്വരം ചിറയും സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ചിറകെട്ടിയിട്ടുള്ളതാണ്. കൂടാതെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള പേപ്പാറ ഡാമും നിലവിലുണ്ട്. ഇതുകൂടാതെ ഭൂജല വകുപ്പ് മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഉപയോഗിച്ച് ജലസംപോഷണവും ചെയ്ത് വരുന്നുണ്ട്.

(സി) ജലനിധി പദ്ധതിയുടെ ഭാഗമായ മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണത്തിനായി നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളും അവബോധ പരിപാടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

- കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിവരുന്നു.
- മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശേഖരിച്ച് വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണർ റീചാർജ് ചെയ്യുന്നതിലൂടെ കിണറുകളിലെ ജലനിരപ്പ് ഉയർത്താൻ സഹായകരമാകുന്നു.
- മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് കിണർ റീ-ചാർജ് ചെയ്യുകയും കിണറിന്റെ അറ്റകുറ്റപ്പണികൾ ചെയ്തു ശുചിത്വം ഉറപ്പാക്കി പമ്പ് സ്ഥാപിച്ചു നൽകുന്നു.
- പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പൊതു മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിവരുന്നു.
- സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ മഴവെള്ള സംഭരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

**പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതികൾ**

27(*87) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

പാർപ്പിട പദ്ധതി:- സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ച് നൽകുന്ന ഭവന നിർമ്മാണ പദ്ധതി വകുപ്പ് നിലവിൽ നേരിട്ട് നടപ്പിലാക്കുന്നില്ല. സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ വിഭാഗങ്ങൾക്കുമായി ലൈഫ് മിഷൻ മുഖാന്തരമാണ് നിലവിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. 4 ലക്ഷം രൂപ നിരക്കിലാണ് ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ അനുവദിക്കുന്നത്. ആയതിൽ പട്ടികജാതിക്കാർക്കുള്ള 1 ലക്ഷം രൂപ വീതം വകുപ്പാണ് ലൈഫ് മിഷന് നൽകുന്നത്. 2021-22 വർഷം ലൈഫ് മിഷൻ ഭവനനിർമ്മാണ പദ്ധതിക്കായി 300 കോടി രൂപ 2225-01-283-84 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ടി തുക വകുപ്പ് കൈമാറാവുന്നതാണ്.

വിദ്യാഭ്യാസ പദ്ധതി:- പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ വകുപ്പ് ഇപ്പോൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു:

1. പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം (ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ് റീ ഇംപേഴ്സ്മെന്റ് എന്നിവ)
2. പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്
3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
4. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
6. വൈദ്യ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങാൻ ധനസഹായം
7. ലാപ്ടോപ്പ് വാങ്ങാൻ ധനസഹായം
8. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം
9. ആരോഗ്യ ഹാനിക്കിടയാക്കുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്
10. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
11. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

12. +2 പഠനകാലത്ത് തന്നെ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
13. മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
14. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ /എം.ആർ.എസ്. -കൾ
15. പ്രീ-മെട്രിക് ഹോസ്റ്റൽ
16. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
17. ഐ.ടി.ഐ.- കൾ
18. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ
19. CREST
20. നഴ്സറി സ്കൂളുകൾ
21. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
22. മെഡിക്കൽ കോളേജ് (പാലക്കാട്)
23. നൃത്ത സംഗീത വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങൾ
24. പഠനമുറി
25. സിവിൽ സർവ്വീസ് പരിശീലനം
26. ഇതര സംസ്ഥാന പഠനം
27. വിദേശ പഠന ധനസഹായം
28. ബി.ടെക്/മെഡിക്കൽ കോച്ചിംഗ്
29. +2 പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 54,000 രൂപ വീതം അനുവദിക്കുന്ന പദ്ധതി
30. വിദേശ പഠനസഹായം (പരമാവധി 25.00 ലക്ഷം രൂപവരെ)
31. സർഗ്ഗോത്സവം (സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് 10,000 രൂപ നൽകുന്ന പദ്ധതി.

<u>അടിസ്ഥാന ജീവിനോപാധിക്കായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. വിവാഹ ധനസഹായ പദ്ധതി
2. മിശ്രവിവാഹ ധനസഹായ പദ്ധതി
3. ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി.
4. വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ
5. സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവ സംരംഭകർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലന പദ്ധതി.
6. സ്വയംതൊഴിൽ പദ്ധതി
7. വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കുള്ള ധനസഹായം
8. എസ്.സി.എ.റ്റു. എസ്.സി.പി. പദ്ധതി
9. ഉൽപ്പന്ന പ്രദർശന വിപണന മേള
10. ഭൂരഹിത പുനരധിവാസ പദ്ധതി
11. ദുർബ്ബല വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായം.

(ബി) ഭവനരഹിതരായ പട്ടികജാതിക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച നടപടി തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. ഇതിനായി നടപ്പുവർഷം 2225-01-283-84-(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 300 കോടി രൂപയിൽനിന്നും ലൈഫ് മിഷൻ ആവശ്യപ്പെടുന്ന തുക അനുവദിച്ചുനൽകുന്നതാണ്. വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ചതിൽ പദ്ധതി പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ ആയി തുക അനുവദിക്കുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ മുഖേന അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി വകുപ്പ് നടപ്പിലാക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പ്രകാരം പരമാവധി 1,50,000 രൂപ വരെ അനുവദിക്കുന്നുണ്ട്. ഭവന പൂർത്തീകരണ പദ്ധതി പ്രകാരം നടപ്പുവർഷം 10,000 വീടുകളുടെ പൂർത്തീകരണത്തിന് വകുപ്പ് ലക്ഷ്യമിടുന്നു.

(സി) പട്ടികജാതിക്കാർക്കായുള്ള ചികിത്സാസഹായം ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതിക്കാർക്കായുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്കായുള്ള ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്നതിനായി ടി-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും 1-9-2017 മുതൽ ചികിത്സാ ധനസഹായ പദ്ധതി പൂർണ്ണമായും ടി-ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെ വകുപ്പ് നടപ്പിലാക്കിയുംവരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർക്ക് ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ച് വരുന്നു ഓൺലൈനായി അക്ഷയ സെന്ററുകൾ വഴി/ സ്വന്തമായി അപേക്ഷിക്കുന്നവർക്ക് രോഗതീവ്രത അനുസരിച്ച് 5,000 രൂപവരെയുള്ള തുക ജില്ലാ പട്ടികജാതി വികസന ഓഫീസറും 10,000 രൂപ വരെയുള്ള തുക ഡെപ്യൂട്ടി ഡയറക്ടറും 50,000 രൂപ വരെയുള്ള തുക സർക്കാരും അനുവദിച്ച് വരുന്നു കൂടാതെ ഹൃദയ ശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതര രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ ആശുപത്രി മുഖാന്തരം അനുവദിക്കുന്നു.

**മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം**

28(*88) ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി ദെലീമ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധവും സാംസ്കാരികവും യുവജനകാര്യവും (ശ്രീ. സജി ചെറിയാൻ) വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളാണ് തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് ചുവടെ പറയുന്ന 8 മത്സ്യബന്ധന തുറമുഖങ്ങളാണ് തുറന്നു പ്രവർത്തിക്കാൻ സാധിച്ചിട്ടുള്ളത്.

1. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം - 48.8 കോടി (CSS)
2. തലായ് മത്സ്യബന്ധന തുറമുഖം - 34.79 കോടി രൂപ (CSS)
3. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം - 63.99 കോടി രൂപ (CSS)
4. ചേറ്റുവ മത്സ്യബന്ധന തുറമുഖം - 30.24 കോടി രൂപ (CSS)
5. താനൂർ മത്സ്യബന്ധന തുറമുഖം - 55.85 കോടി രൂപ (CSS) + 14.86 കോടി രൂപ (NABARD) + 1.86 കോടി രൂപ (STATE)
6. വെള്ളയിൽ മത്സ്യബന്ധന തുറമുഖം - 39.3 കോടി രൂപ (CSS) + 28.83 കോടി രൂപ ((NABARD)
7. ചെല്ലാനം മത്സ്യബന്ധന തുറമുഖം - 5 കോടി രൂപ (TRP) + 40.27 കോടി രൂപ (NABARD) + 13 കോടി രൂപ (STATE)
8. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം - 13.66 കോടി രൂപ (CSS) + 31.02 കോടി രൂപ (RKVY)

(ബി) മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി ആദ്യഘട്ടത്തിൽ ഏതെല്ലാം തുറമുഖങ്ങളാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിന് വേണ്ടിവരുന്ന തുകയുടെ വിശദാംശവും ലഭ്യമാക്കുമോ?

മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളത് തങ്കശ്ശേരി, ശക്തികുളങ്ങര, നീണ്ടകര, കായംകുളം എന്നീ മത്സ്യബന്ധന തുറമുഖങ്ങളാണ്. നബാർഡ് RIDF XXVI, ഓഖി പാക്കേജ് എന്നീ പദ്ധതികളിലുൾപ്പെടുത്തി 62.55 കോടി രൂപയുടെ പദ്ധതിയാണ് ഈ ഹാർബറുകളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം - 1* ആയി ചേർക്കുന്നു. നബാർഡ് RIDF XXVII-ൽ ഉൾപ്പെടുത്തി ആധുനികവൽക്കരിക്കേണ്ട ഫിഷിംഗ് ഹാർബറുകളുടെ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) സംസ്ഥാനത്ത് പുതുതായി എത്ര മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാനുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

പരിശോധിച്ച് വരുന്നു.

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മത്സ്യബന്ധന തുറമുഖങ്ങളെ മത്സ്യ സംഭരണ, സംസ്കരണ, വിപണന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മത്സ്യഫെഡ് മുഖാന്തരം തീരത്തുനിന്ന് മാർക്കറ്റിലേയ്ക്ക് എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്ന് നേരിട്ടും മത്സ്യം സംഭരിക്കുന്നതിന് തുറമുഖങ്ങൾ/ലാൻഡിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മത്സ്യ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് മത്സ്യഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സംഭരിക്കുന്ന മത്സ്യം ഇൻസുലേറ്റഡ് വാഹനങ്ങളിൽ ഫിഷ് മാർട്ടുകളിലേയ്ക്ക് എത്തിക്കുന്നു. മത്സ്യം ന്യായവിലയ്ക്ക് കൃത്യം അളവിൽ നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി മത്സ്യഫെഡ് 47 ഫിഷ് സ്റ്റാളുകൾ പ്രവർത്തിച്ച് വരുന്നു. സംസ്ഥാന സഹകരണ വകുപ്പുമായി ചേർന്ന് വിവിധ ജില്ലകളിലായി സഹകരണ സംഘം/ബാങ്ക് 52 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യഫെഡിന്റെ തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന് പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന് തന്നെ എത്തിക്കുന്നതിന് അന്തിപ്പച്ച എന്ന നാമധേയത്തിൽ മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. തിരുവനന്തപുരം-3, കൊല്ലം/ പത്തനംതിട്ട - 5, കോട്ടയം 1 എറണാകുളം - 1, ഫിഷ് ലാൻഡിംഗ് സെന്ററുകളിൽനിന്നും ഹാർബറുകളിൽനിന്നും സംഭരിക്കുന്ന മത്സ്യം മത്സ്യഫെഡിന്റെ കൊച്ചിയിലെ ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കയറ്റുമതി ചെയ്യുകയും കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ശീതീകരിച്ച മത്സ്യങ്ങൾ, അച്ചാറുകൾ, കട്‌ലറ്റുകൾ, ചമ്മന്തിപ്പൊടി മത്സ്യത്തിന്റെ കറിക്കൂട്ടുകൾ എന്നിവ പൊതു വിപണിയിലും ഫിഷ് മാർട്ടുകൾ വഴിയും വിപണനം ചെയ്തുവരുന്നു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യ സംഭരണ സംസ്കരണ വിപണനവുമായി ബന്ധപ്പെട്ട ഉദ്യമം, എന്ന നിലയിൽ കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബറിനടുത്ത് ദിവസേന ഒരു ടൺ പച്ച മത്സ്യം പ്രധാനമായും സൗരോർജ്ജം കൊണ്ട് ഉണക്കുവാൻ സാധിക്കുന്ന സംവിധാനമുള്ള ഒരു മത്സ്യസംസ്കരണ കേന്ദ്രം നളപാകം എന്ന പദ്ധതിയിൻകീഴിൽ സ്ഥാപിക്കപ്പെട്ട് പ്രവർത്തിച്ച് വരുന്നു. ഈ കേന്ദ്രത്തിൽനിന്നും ഉണക്കമീൻ ഉൾപ്പെടെ മത്സ്യം അടിസ്ഥാനമാക്കിയുള്ള മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിച്ച് തെക്കൻ ജില്ലകളിൽ വിപണനം ചെയ്തുവരുന്നു. ഈ കേന്ദ്രം പ്രധാന സംഭരണ കേന്ദ്രമാക്കി കൊല്ലം ജില്ലയിൽ തന്നെയുള്ള കരിക്കോട് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ആധുനിക മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് ആധുനിക രീതിയിൽ സംസ്കരിച്ച് പായ്ക്ക് ചെയ്ത ' റെഡി ടു കുക്ക് മത്സ്യം' ഇതിനായുള്ള വിപണന ശൃംഖല മുഖേന വിപണനം ചെയ്യുന്ന നടപടി

ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിനായി 3.5-4 ടൺ സംഭരണശേഷിയുള്ള ആവശ്യാനുസരണം സ്ഥാനം മാറ്റാൻ കഴിയുന്ന ഒരു റീഫർ കണ്ടെയ്നർ തങ്കശ്ശേരി ഹാർബറിൽ ഒരുക്കിയിട്ടുണ്ട്.

**കടലാക്രമണ പ്രതിരോധ നടപടികൾ**

29(*89) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായ രൂക്ഷമായ കടലാക്രമണത്തെ തുടർന്ന് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേരളത്തിൽ ടൗട്ടെ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ രൂക്ഷമായ കടലാക്രമണം നേരിട്ട സാഹചര്യത്തിൽ മേയ് 24, 25 തീയതികളിൽ ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന യോഗങ്ങളിൽ കടലാക്രമണ പ്രതിരോധം ഈ മന്ത്രിസഭയുടെ പ്രഥമ പരിഗണനയിലുള്ള വിഷയം ആണെന്ന് പ്രഖ്യാപിക്കുകയും ടെട്രാപോഡ് പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും തീരുമാനിച്ചു. രൂക്ഷമായി കടലാക്രമണം നേരിടുന്ന ചെല്ലാനത്ത് ടെട്രാപോഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനായുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥതലങ്ങളിൽ യോഗങ്ങൾ കൂടുകയും NCCR, KERI, IDRB പോലുള്ള ദേശീയ/സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ തീരപ്രദേശങ്ങൾക്കു അനുയോജ്യമായ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുവാനും തീരുമാനിച്ചു. അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി സർക്കാർ 10 കോടി രൂപയും ജലസേചന വകുപ്പിലെ നോൺ പ്ലാൻ ഫണ്ടിൽനിന്നും 2.52 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1500 കോടി രൂപ തീരസംരക്ഷണ പാക്കേജിൽ ഉൾപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ബി) കടലാക്രമണം തടയുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകൾ കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്, പൂനെ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്ന ചെല്ലാനം പോലുള്ള രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശത്ത് ടെട്രാപോഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്ന കേരളത്തിന്റെ തീരപ്രദേശത്ത് തീരത്തിന്റെ ഘടനയ്ക്ക് അനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്(എൻ.സി.സി.ആർ.) മുഖേന പഠനം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പഠന പ്രകാരമുള്ള നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റു soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കാവുന്നതാണ്.

(സി) കാലങ്ങളായി സ്വീകരിച്ചുവരുന്ന കടലാക്രമണ പ്രതിരോധ നടപടി നിലവിൽ ഫലപ്രദമാകുന്നില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കടലാക്രമണം ചെറുക്കുന്നതിന് കരിങ്കൽ ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തികളാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കരിങ്കല്ലും ജിയോബാഗും ഉപയോഗിച്ചുള്ള സംരക്ഷണഭിത്തികൾ ഒരു പരിധിവരെ പ്രയോജനകരമായിട്ടുണ്ട്. എന്നാൽ കേരളത്തിൽ അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലമുണ്ടാകുന്ന കടലാക്രമണവും, കടൽകയറ്റവും തീരത്ത് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. കാലാവസ്ഥാവ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ സുസ്ഥിരമായ നൂതന പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കേരളത്തിന്റെ തീരപ്രദേശത്ത് തീരത്തിന്റെ ഘടനയ്ക്ക് അനുസൃതമായി സംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്(എൻ.സി.സി.ആർ.) മുഖേന വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയും പ്രസ്തുത പഠന പ്രകാരമുള്ള നിർദ്ദേശാനുസരണം തീരപ്രദേശത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

## വനം വകുപ്പിലെ വികസന പ്രവർത്തികൾ

30(*90) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്?

വനംവകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. തൊഴിലാളിക്ഷാമവും, വേതനഘടനയിലുണ്ടായ ഭീമമായ വർദ്ധനവുംകാരണം കൺവീനർ വ്യവസ്ഥപ്രകാരം കാര്യക്ഷമതയോടെ നിർദ്ദിഷ്ട പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നതും വനസംബന്ധമായ ജോലികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ സുതാര്യത കൈവരുത്തുന്നതിനുമായാണ് കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നത്.

(ബി) ഈ സംവിധാനം നിലവിൽ വന്നശേഷം എസ്റ്റിമേറ്റ് തുകയേക്കാൾ ഏഴ് മുതൽ പത്ത് ശതമാനം വരെ വർദ്ധനവ് വരുത്തിയാണ് കരാർ നൽകുന്നത് എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ?

ഈ സംവിധാനം നിലവിൽ വന്നശേഷം എല്ലാ കരാറുകൾക്കും ഈ വർദ്ധന ഉണ്ടാകുന്നില്ല. നിലവിൽ ഫോറസ്റ്റി ജോലികൾക്കായുള്ള അടങ്കൽ ഫോറസ്റ്റി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (എഫ്.എസ്.ആർ.) പ്രകാരം തയ്യാറാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ 10% കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് കൂടി ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ, ടെണ്ടറിൽ അടങ്കൽ നിരക്കിനേക്കാൾ കൂടിയും കുറഞ്ഞും ക്വാട്ട് ചെയ്യുന്നുണ്ട്. പൊതുവിൽ 40% കുറവു മുതൽ 10% അധികം വരെ നിരക്കുകളിൽ ജോലികൾക്ക് കരാർ നൽകാറുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

### ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകൽ

1(504) ശ്രീ. സണ്ണി ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുവാൻ 2016 മുതൽ 2021 വരെയുള്ള ബഡ്ജറ്റുകളിൽ ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി വീട് ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2016 മുതൽ 2021 വരെയുള്ള ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (കോടി) |
|---|---|
| 2016- 17 | 42 |
| 2017-18 | 50 |
| 2018-19 | 30 |
| 2019-20 | 55 |
| 2020-21 | 55 |

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും എത്ര ഏക്കർ ഭൂമി വാങ്ങി എന്നും ഇപ്രകാരം വാങ്ങിയ ഭൂമി എത്ര ഗുണഭോക്താക്കൾക്ക് ഇതിനകം വിതരണം ചെയ്തു എന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് ഭൂമി വാങ്ങി നൽകിയിരുന്ന പദ്ധതിയിലൂടെയും നിലവിൽ ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയുടെയും ആയത് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

**എസ്.സി. ലൈഫ് മിഷൻ പദ്ധതി**

2(505) <u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഉള്ളത്?

ലൈഫ് മിഷൻ ലിസ്റ്റിന്റെയും വകുപ്പ് തയ്യാറാക്കിയിട്ടുള്ള അഡീഷണൽ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ് :

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| പട്ടികജാതി | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 57047 |
| ഭൂരഹിത ഭവനരഹിതർ | 76308 |
| ആകെ ഭവനരഹിതർ | 1,33,355 |

| പട്ടികവർഗ്ഗം | |
|---|---|
| ഭൂമിയുള്ള ഭവനരഹിതർ | 12620 |
| ഭൂരഹിത ഭവനരഹിതർ | 7600 |
| ആകെ ഭവനരഹിതർ | 20,220 |

(ബി) പട്ടികജാതി (എസ്.സി.) ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 മുതൽ 2020-21 വരെ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

2018-19 വർഷം വകുപ്പിന്റെ ഭവന പദ്ധതിക്കായി അനുവദിച്ച തുകയിൽനിന്നും 61.30 കോടി രൂപ ലൈഫ് മിഷന് കൈമാറുകയുണ്ടായി. ലൈഫ് മിഷൻ പദ്ധതിക്കായി 2019-20 വർഷം 400 കോടി രൂപയും 2020-21 വർഷം 300 കോടി രൂപയും വകുപ്പിന്റെ 2225-01-283-84 (പി) ശീർഷകത്തിൽ വകയിരുത്തിയിരുന്നു. ക്യൂ ബില്ലായി അവശേഷിച്ച 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 100 കോടി രൂപ ഉൾപ്പെടെ 2020-21 സാമ്പത്തിക വർഷം 245 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്.

(സി) 2017-18 മുതൽ 2020-21 വരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ആകെ 13,736 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

## ഭവനരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

3(506) ശ്രീ. പി. കെ. ബഷീർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി 2018-19 മുതൽ 2020-21 വരെ എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെന്നും എത്ര തുകയാണ് ചെലവഴിച്ചതെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിക്കായി 2018-19 വർഷം തുക വകയിരുത്തിയിരുന്നില്ല. എന്നാൽ 2018-19 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയിൽനിന്നും ലൈഫ് മിഷൻ ആവശ്യപ്പെട്ട 61.30 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിരുന്നു. 2019-20 വർഷം 400 കോടി രൂപയും, 2020-21 വർഷം 300 കോടി രൂപയും ലൈഫ് മിഷൻ പദ്ധതിക്കായി വകയിരുത്തിയിരുന്നു. 2019-20 വർഷം ലൈഫ് മിഷൻ 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വെയ്സ് & മീൻസ് ക്ലിയറൻസ് ലഭിക്കാത്തതിനാൽ ടി തുക അനുവദിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2020-21 വർഷം വകയിരുത്തിയിരുന്ന 300 കോടി രൂപയിൽനിന്നും ടി തുകയും അതിന് പുറമെ ലൈഫ് മിഷൻ ആവശ്യപ്പെട്ട 145 കോടി രൂപയും ഉൾപ്പെടെ 245 കോടി രൂപ ലൈഫ് മിഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിക്കായി 2019-20 വർഷം 120 കോടി രൂപ വകയിരുത്തുകയും ആയതിൽ 64.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 2020-21 വർഷം 140 കോടി രൂപ വകയിരുത്തുകയും ഈ തുക മുഴുവൻ ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ലൈഫ് മിഷൻ പദ്ധതിയിലൂടെ 2017-18 മുതൽ 2020-21 വരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 3893 സ്പിൽ ഓവർ വീടുകളിൽ 3844 വീടുകളും രണ്ടാം ഘടത്തിൽ കരാറിലേർപ്പെട്ട 12000 ഗുണഭോക്താക്കളുടെ 8828 വീടുകളും മൂന്നാം ഘട്ടത്തിൽ കരാറിലേർപ്പെട്ട 3442 ഗുണഭോക്താക്കളുടെ 1064 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 11376 വീടുകളും രണ്ടാം ഘട്ടത്തിൽ 2522 വീടുകളും മൂന്നാം ഘട്ടത്തിൽ 83 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പ്രകാരം ഏറനാട് മണ്ഡലത്തിൽ ലൈഫ് മിഷനിൽ എത്ര ഭവനങ്ങൾ ആണ് പൂർത്തീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം പട്ടികജാതി വികസന വകുപ്പ് 25 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് 149 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

## കൊല്ലക ത്രീ സെന്റ് കോളനി

4(507) ഡോ. സുജിത് വിജയൻപിള്ള: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിലെ കൊല്ലക ത്രീ സെന്റ് കോളനിയിൽ നടന്നുവന്നിരുന്ന ഒരു കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ വേഗം പൂർത്തീകരിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വീട് നവീകരണം, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണവും ഫർണിഷിംഗും, പുതിയ ടോയ്ലറ്റ് ബ്ലോക്കിന്റെ നവീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി കുഴൽക്കിണർ നിർമ്മാണം ആരംഭിച്ചെങ്കിലും അപകട സാധ്യത കണക്കിലെടുത്ത് ടി പദ്ധതി ഉപേക്ഷിച്ചു. കുടിവെള്ളത്തിന് മറ്റ് സാധ്യതകൾ കണ്ടെത്തി തുടർ നടപടി സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. കോളനികളുടെ വികസനത്തിനായുള്ള പദ്ധതികൾ

5(508) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.സി./എസ്.ടി. കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടത്തിവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി കോളനികളിലെ സമഗ്ര വികസനത്തിനായി ഒരു കോടി രൂപയുടെ വികസന പ്രവൃത്തികൾ ഉൾപ്പെടുത്തി അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള ഭവനം/കുടിവെള്ള വിതരണം, ഭവന പുനരുദ്ധാരണം എന്നിവ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം പദ്ധതികളുടെ ഭാഗമായി കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

### അംബേദ്കർ ഗ്രാമപദ്ധതി

6(509) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം മങ്കട നിയോജക മണ്ഡലത്തിൽനിന്നും 2016-17 വർഷത്തിൽ തെരഞ്ഞെടുത്ത കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി, ചൊവ്വാണ എസ്.സി. കോളനി എന്നിവയുടെ നിർമ്മാണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; ഏത് ഏജൻസിയാണ് പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്; എന്തെല്ലാം പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇനി എത്ര ശതമാനം പ്രവൃത്തി പൂർത്തിയാവാൻ ബാക്കിയുണ്ട്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കളത്തിൽ ചാളക്കൽ കോളനി- പൂർത്തിയായ പ്രവൃത്തികൾ</u>

1. ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി
2. സോളിഡ് വേസ്റ്റ് മാനേജ്മെന്റ്
3. മോഡെണൈസേഷൻ ഓഫ് കോമൺ അമിനിറ്റീസ്
4. ഇന്റേണൽ പാത്ത് വേ
5. ബൗണ്ടറി വാൾസ്
6. മെയിന്റനൻസ് ഓഫ് എക്സിസ്റ്റിംഗ് ഹൗസ്
7. സാനിറ്റേഷൻ സോളാർ സ്ട്രീറ്റ് ലൈറ്റ്, ഡ്രിങ്കിംഗ് വാട്ടർഫെസിലിറ്റിയുടെ ഭാഗമായ ഒരു കിണർ റിപ്പയർ എന്നിവ പൂർത്തിയാക്കാനുണ്ട്.

<u>ചൊവ്വാണ കോളനി- പൂർത്തിയായ പ്രവൃത്തികൾ</u>

1. ബൗണ്ടറി വാൾ
2. ഇന്റേണൽ പാത്ത് വേ
3. ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി
4. ഡ്രെയിനേജ് ഫെസിലിറ്റി
5. മെയിന്റനൻസ് ഓഫ് എക്സിസ്റ്റിംഗ് ഹൗസ്
6. സാനിറ്റേഷൻ ഒരു റോഡ് വർക്ക് മാത്രമേ പൂർത്തീകരിക്കാനുള്ളൂ. ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണ ഏജൻസി. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു .

(ബി) 2019-20 വർഷം തെരഞ്ഞെടുക്കപ്പെട്ട അമ്പലപ്പറമ്പ് കോളനിയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; അനുവദിച്ച തുക എത്രയാണ്; എസ്റ്റിമേറ്റ് അംഗീകരിച്ചതിൻ പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള നിർവ്വഹണ ഏജൻസി ഏതാണ്; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുമോ?

അമ്പലപ്പറമ്പ് കോളനിക്ക് 10 ലക്ഷം രൂപ ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർവ്വഹണ ഏജൻസി. ടി കോളനിയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായ ടെണ്ടർ വിളിച്ചിരുന്നുവെങ്കിലും ആരും ഏറ്റെടുത്തിട്ടില്ല. റീ-ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോളനികളിലെ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

7(510) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിയും ഫണ്ടും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കോർപ്പസ് ഫണ്ട്/അംബേദ്കർ ഗ്രാമം പദ്ധതി എന്നീ പദ്ധതികളും പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾക്കായി പ്രത്യേക ഫണ്ട് ഉണ്ട്.

(ബി) ഒരു കോളനിയിൽ ചെലവഴിക്കുന്ന പരമാവധി തുക എത്രയാണെന്നും ഇതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

2018-19 വർഷം മുതൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കുകയും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ടിന്റെ ⅓ തുക ജില്ലകൾക്ക് അനുവദിച്ച് നൽകുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികജാതി- പട്ടികവർഗ്ഗത്തിനുള്ള ജില്ലാതല കമ്മിറ്റി അംഗീകാരം നൽകുന്നു. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് സർക്കാർ അനുമതിയോടെ തുക അനുവദിച്ചു നല്കുന്നു. മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികൾക്ക് സ്പിൽ ഓവർ ആയും തുക അനുവദിക്കുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. 20-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2302/17 പജപവവിവ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഊരുകൂട്ട തീരുമാനമനുസരിച്ച് നിർവ്വഹണ ഏജൻസി തയ്യാറാക്കുന്ന ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കിയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(സി) കോളനികളിലെ ഏതെല്ലാം തരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയാണ് ഫണ്ട് നൽകാറുള്ളതെന്ന് വ്യക്തമാക്കാമോ?

കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ കുടിവെള്ള വിതരണം, ഗതാഗത സൗകര്യം, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ ഫണ്ടിന്റെ ലഭ്യതയും, കോളനിയിലെ സാധ്യതകൾക്കും, കോളനി നിവാസികളുടെ താല്പര്യങ്ങൾക്കും വിധേയമായി ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇന്റേണൽ റോഡ്/ ഫുട്പാത്ത്, ആശയവിനിമയ സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യം, വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, ഭവന പുനരുദ്ധാരണം, മാലിന്യനിർമ്മാർജ്ജനം, പൊതുവായ സൗകര്യം മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ), സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ, അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം, ഹോർട്ടിക്കൾച്ചർ/ നെയ്ത്ത്, കരകൗശലം മുതലായവ, വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി. പട്ടികവർഗ്ഗ കോളനികളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്നവർക്ക് പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

(ഡി) കഴിഞ്ഞ അഞ്ചുവർഷക്കാലം പട്ടികജാതി - പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഈ സാമ്പത്തിക വർഷം പട്ടികജാതി - പട്ടികവർഗ്ഗ കോളനിയിൽ എത്ര ഫണ്ടാണ് ചെലവഴിക്കാൻ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2021-22 വർഷം ⅓ കോർപ്പസ് ഫണ്ട് ഇനത്തിൽ 2000 ലക്ഷം രൂപയും, ⅓ കോർപ്പസ് ഫണ്ട് സ്പിൽ ഓവർ ഇനത്തിൽ 18,43,05,940 രൂപയും, ⅔ കോർപ്പസ് ഫണ്ട് സ്പിൽ ഓവർ ഇനത്തിൽ 9,96,50,158 രൂപയും, അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 7000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ 5 ഘടകങ്ങൾക്കായി "2225-02-102-85-അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി (പ്ലാൻ) " എന്ന ശീർഷകത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ്. അധിക തൊഴിലിനുള്ള വേതനം, ആരോഗ്യം, എ.റ്റി.എസ്.പി. പദ്ധതികളുടെ സ്പിൽ ഓവർ, പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി) 52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

8(511) ശ്രീ. സജീവ് ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 5 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരുന്നതിൽ എല്ലാ കോളനികളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ എന്ന് വെളിപ്പെടുത്താമോ?

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആയത് പുരോഗമിച്ച് വരികയും ചെയ്യുന്നു. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതെന്നും എപ്പോഴത്തേയ്ക്ക് ആയത് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ 31-3-2022 നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## അച്ചൻകോവിൽ ആറിന്റെ ഇരുകരകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള പാലം

9(512) ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം പഞ്ചായത്തിലെ ആവണിപ്പാറ കോളനിയിലേയ്ക്ക് പോകുന്നതിന് അച്ചൻകോവിൽ ആറിന്റെ ഇരു കരകളേയും ബന്ധിപ്പിച്ചുകൊണ്ട് പാലം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-19 സ്കീമിൽ ഉൾപ്പെടുത്തി പാലം നിർമ്മാണത്തിന് സർക്കാർ അംഗീകൃത നിർമ്മാണ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.ടി. ലിമിറ്റഡിന് അനുമതി നൽകിയിരുന്നുവെങ്കിലും നിബിഡ വനത്തിനുള്ളിലെ നിർമ്മാണ പ്രവൃത്തി എന്ന നിലയിൽ വനാവകാശ നിയമപ്രകാരമുള്ള Stage I ക്ലിയറൻസിന് പുറമെ വനസംരക്ഷണ നിയമപ്രകാരമുള്ള Stage II ക്ലിയറൻസ് കൂടി ലഭ്യമാകേണ്ടതായി കോന്നി ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ അറിയിച്ചിരുന്നു. ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസർ ആവശ്യപ്പെട്ട പ്രകാരം യൂസർ ഏജൻസി കംപ്ലയൻസ് റിപ്പോർട്ട് യഥാസമയം സമർപ്പിക്കുകയും Stage II ക്ലിയറൻസിനായി നിശ്ചിത തുക ഒടുക്കുകയും ചെയ്തുവെങ്കിലും ആർ.ഐ.ഡി.എഫ് 19 സ്കീമിന്റെ കാലാവധിക്കുള്ളിൽ Stage II ക്ലിയറൻസ് ലഭ്യമായിട്ടില്ല. നബാർഡ് ആർ.ഐ.ഡി.എഫ്. 19 സ്കീമിന്റെ കാലാവധി 31-3-2019-ന് അവസാനിച്ചിരുന്നു. Stage II ക്ലിയറൻസ് ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുകയാണെങ്കിൽ വകുപ്പിന്റെ മറ്റേതെങ്കിലും സ്കീമിലുൾപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനി

10(513) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിയിൽ വീടില്ലാത്തതും വാസയോഗ്യമായ വീടില്ലാത്തവരുമായ എത്ര കുടുംബങ്ങളുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിയിൽ നിലവിൽ വീടില്ലാത്തതും വാസയോഗ്യമായ വീടില്ലാത്തതുമായ 36 കുടുംബങ്ങളുണ്ട്.

(ബി) ഇവർക്ക് വീട് നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി 23 കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 19 കുടുംബങ്ങളുടെ വീട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 13 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) മഴക്കാലമായാൽ അന്യവീടുകളിൽ അഭയം പ്രാപിക്കേണ്ട ദയനീയ സ്ഥിതിയിൽ നിന്ന് കോളനിയിലുള്ളവർക്ക് എന്ന് മോചനം നൽകാനാകുമെന്ന് അറിയിക്കാമോ?

ചെമ്പക്കാട് പട്ടികവർഗ്ഗകോളനിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ച 23 കുടുംബങ്ങൾക്കുള്ള വീട് പണി പൂർത്തീകരിക്കുന്ന മുറയ്ക്കും ബാക്കിയുള്ളവരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്ന മുറയ്ക്കും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

**മലമ്പുഴ മണ്ഡലം-അംബേദ്കർ ഗ്രാമ കോളനി നവീകരണ പദ്ധതി**

11(514) <u>ശ്രീ. എ. പ്രഭാകരൻ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം കോളനികളാണ് അംബേദ്കർ ഗ്രാമ കോളനി നവീകരണ പദ്ധതി പ്രകാരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ കൊളകണ്ടാംപൊറ്റ പട്ടികജാതി കോളനിയെ ടി പദ്ധതി പ്രകാരം നവീകരിച്ചിട്ടുണ്ട്. 2017-18 വർഷം അയ്യൻപൊറ്റ, മുല്ലക്കര, മംഗലത്താൻചള്ള, ചെല്ലങ്കാവ് എന്നീ പട്ടികവർഗ്ഗ കോളനികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഓരോ കോളനിക്കും എത്ര തുക വീതമാണ് അനുവദിച്ചത്; ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതിയും നിർവ്വഹണ ഏജൻസി ഏതാണെന്നും അറിയിക്കാമോ?

കൊളകണ്ടാംപൊറ്റ പട്ടികജാതി കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 79,89,569 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രം പാലക്കാട് ആണ് നിർവ്വഹണ ഏജൻസി. മലമ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ ടി പദ്ധതി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രം വഴിയാണ് നടപ്പിലാക്കുന്നത്. പ്രവർത്തന പുരോഗതിയും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു*.

## അംബേദ്ക്കർ ഗ്രാമം പദ്ധതി

12(515) ശ്രീ. ഒ. ആർ. കേളു: സർ, താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ നടപ്പാക്കിവരുന്ന അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതി ഏതെല്ലാം കോളനികളിലാണ് നടപ്പാക്കി വരുന്നത്?

വയനാട് ജില്ലയിൽ ആകെ 5 പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വലിയകുന്ന് പട്ടികജാതി കോളനി (കൽപ്പറ്റ നിയോജകമണ്ഡലം), കാവുംകുന്ന് പട്ടികജാതി കോളനി (മാനന്തവാടി നിയോജകമണ്ഡലം), പുതിയേടം IHDP കോളനി (മാനന്തവാടി നിയോജകമണ്ഡലം) എന്നീ മൂന്ന് കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാതിരി IHDP കോളനിയിലെ (സുൽത്താൻബത്തേരി നിയോജകമണ്ഡലം) പ്രവൃത്തികൾ 50%-ത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു തീണ്ടൂർ പട്ടികജാതി കോളനിയിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു

## ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

13(516) ശ്രീ. കെ. എം.സച്ചിൻദേവ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ ഏതെല്ലാം കോളനികളാണ് നവീകരിച്ചു കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്ന പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു:

1. കരിങ്കാളിമ്മൽ കോളനി - (2016-17) - ഉണ്ണികുളം ഗ്രാമപഞ്ചായത്ത്.
2. നേരാടിമല എസ്.സി. കോളനി- (2019-20)
   - പനങ്ങാട് ഗ്രാമപഞ്ചായത്ത്
3. നെല്ലിക്കുന്ന് എസ്.സി. കോളനി-(2020-21)
   - ഉള്ളിയേരി ഗ്രാമപഞ്ചായത്ത്

ടി നിയോജകമണ്ഡലത്തിൽനിന്നും 2020-21 സാമ്പത്തിക വർഷത്തിൽ അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നവീകരണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാവുമെന്നാണ് സർക്കാർ കരുതുന്നത്?

പ്രസ്തുത കോളനികളിലെ പദ്ധതി പ്രവർത്തനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നു.

(സി) അമ്പലക്കുന്ന് ആദിവാസി കോളനി നവീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തിയാണ് പ്രസ്തുത കോളനിയിൽ നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉണ്ട്. അമ്പലക്കുന്ന് കോളനിയുടെ നവീകരണ പ്രവൃത്തികൾക്കായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനി വികസനം**

14(517) <u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പട്ടികജാതി കോളനി വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന മണലൂർ ഇറിഗേഷൻ കോളനി, കരിക്കൊടി കോളനി എന്നിവിടങ്ങളിലെ പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ചിരുന്ന തുക എത്രയാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദീകരിക്കാമോ?

(എ & ബി) ഇറിഗേഷൻ കോളനി

ഇറിഗേഷൻ കോളനിയിൽ 22 വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 2619312.65 രൂപയും സൈഡ് പ്രൊട്ടക്ഷൻ വർക്കിനായി 1443264.19 രൂപയും കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനായി 109463.67 രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട്. 22 വീടുകളിൽ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കരിക്കൊടി കോളനി

കരിക്കൊടി കോളനിയിൽ 29 വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 2891517.23 രൂപയും 8 ടോയ്ലെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി 150796.28 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) പദ്ധതിയുടെ പൂർത്തീകരണ കാലാവധി എന്നാണെന്നും അടിയന്തരമായി പദ്ധതി പൂർത്തീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ. അടിയന്തരമായി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി**

15(518) ശ്രീ. ടി. ഐ. മധുസൂദനൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ കോളനികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിലെ കരിവള്ളൂർ പഞ്ചായത്തിൽ കുക്കാനം കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ കീഴിൽ പട്ടത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടത്തുവയൽ കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു 50% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തിയുടെ നടത്തിപ്പിനിടയിൽ റിവിഷൻ വരുന്നതിനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കിയത് കോവിഡ്-19-ന്റെ അതിപ്രസരവും ലോക്ഡൗണും ആണ്. എയ്യൻകല്ല് കോളനിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും കോളനിക്കാരുടെ ആശങ്കകൾ ദുരീകരിക്കുന്നതിനുമായി വിളിച്ചുചേർത്ത ഊരുകൂട്ടത്തിൽ നവീകരണ ഗുണഭോക്താക്കൾ നവീകരണം ആവശ്യമില്ലെന്നും ഭവന നിർമ്മാണ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പുതിയ വീടുകൾ ആവശ്യമില്ലെന്നും അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ ജലക്ഷാമവും രൂക്ഷമായിരുന്നു. ആയതിനാലാണ് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടത് .

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ടി നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമപദ്ധതി

16(519) ശ്രീ. കെ. ആൻസലൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഒരു കോടി രൂപ വിനിയോഗിച്ച് നവീകരിക്കുന്ന പൂഴിക്കുന്ന്, ഭാസ്കർ നഗർ കോളനികളുടെ പ്രവൃത്തികളുടെ പൂർണ്ണരൂപം വിശദമാക്കാമോ?

പൂഴിക്കുന്ന് പനവിളാകം കോളനിയിൽ കനാൽ കൾവെർട്ടിന്റെ നിർമ്മാണം, നടപ്പാത നിർമ്മിക്കൽ, 13 വീടുകളുടെ മെയിന്റനൻസ്, ബോർവെല്ലിന്റെ നിർമ്മാണം എന്നിവയാണ് പ്രവൃത്തികൾ. അതിയന്നൂർ ബ്ലോക്ക് പരിധിയിലെ ഭാസ്കർ നഗർ കോളനിയിൽ 19 വീടുകളും മെയിന്റനൻസ്, പ്ലേ ഗ്രൗണ്ട് നിർമ്മാണം, ഓപ്പൺ ആഡിറ്റോറിയം, അങ്കണവാടി കെട്ടിട നിർമ്മാണം, പ്ലേ ഗ്രൗണ്ട്-ന് ചുറ്റുമതിൽ എന്നിവയാണ് പ്രധാന പ്രവൃത്തികൾ.

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവൃത്തികളിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

പൂഴിക്കുന്ന് പനവിളാകം കോളനിയിൽ നിർവഹിക്കേണ്ട പ്രവൃത്തികളുടെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഭാസ്കർ നഗർ കോളനിയിൽ 3 വീടുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഗുണഭോക്താക്കൾ ശരിയായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് ടി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായത്. കളിക്കളത്തിൽ പോസ്റ്റ് സ്ഥാപിക്കൽ, മാർക്ക് ചെയ്യൽ, കളിസ്ഥലത്തിന് ചുറ്റുമതിൽ ഉയർത്തി കെട്ടുക തുടങ്ങിയ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. ഓപ്പൺ ആഡിറ്റോറിയത്തിൽ സ്റ്റേജ് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും, റാമ്പ് സ്ഥാപിക്കൽ തുടങ്ങിയ അന്തിമഘട്ട പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

## പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠനം മെച്ചപ്പെടുത്തൽ

17(520) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

&

(ബി) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠന സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്നും അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

(എ & ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ബോയ്സ്), മണ്ണന്തല, തിരുവനന്തപുരം.
2. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ബോയ്സ്), കോഴിക്കോട്.
3. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ബോയ്സ്), പുതുപരിയാരം, പാലക്കാട്.
4. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), നൂറണി, പാലക്കാട്.
5. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), ശ്രീകാര്യം, തിരുവനന്തപുരം.
6. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), മറയൂർ, ഇടുക്കി.
7. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), അഗളി, പാലക്കാട്.
8. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), മാനന്തവാടി, വയനാട്.
9. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (ഗേൾസ്), കാസർഗോഡ്.
10. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), കാസർഗോഡ്.
11. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്), കണ്ണൂർ.
12. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്), നല്ലൂർനാട്, വയനാട്.
13. ആശ്രമം സ്കൂൾ, നൂൽപ്പുഴ (ബോയ്സ്, ഗേൾസ്), വയനാട്.
14. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), കണിയാമ്പറ്റ.
15. ആശ്രമം സ്കൂൾ, നൂൽപ്പുഴ (ബോയ്സ്, ഗേൾസ്), നിലമ്പൂർ.
16. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), അട്ടപ്പാടി, പാലക്കാട്.
17. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), ചാലക്കുടി, തൃശ്ശൂർ.
18. ആശ്രമം സ്കൂൾ (ഗേൾസ്, ബോയ്സ്), മലമ്പുഴ, പാലക്കാട്.
19. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൈനാവ് (ഗേൾസ്, ബോയ്സ്), ഇടുക്കി.
20. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്), മൂന്നാർ, ഇടുക്കി.
21. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്), വടശ്ശേരിക്കര, പത്തനംതിട്ട.
22. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), ഏറ്റുമാനൂർ, കോട്ടയം.

23. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ബോയ്സ്), കുളത്തൂപ്പുഴ.

24. മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്), കട്ടേല.

25. ഡോ. അംബേദ്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ. സ്കൂൾ (ബോയ്സ്, ഗേൾസ്), ഞാറനീലി.

ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻ ആയിട്ടുള്ള സമിതിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. കൃത്യമായ ഇടവേളകളിൽ ടി സമിതി ചേർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് വകുപ്പിലെ പി.ഒ./റ്റി.ഡി.ഒ.മാർ തലത്തിലും ഡയറക്ടർ തലത്തിലും അവലോകനം നടത്താറുണ്ട്.

(സി) പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

18(522) ശ്രീ എം. രാജഗോപാലൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് പുറത്തിറങ്ങി 10 വർഷത്തിലധികം കഴിഞ്ഞിട്ടും ഇവിടെ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പ്രസ്തുത സ്കൂളിൽ നിലവിലുണ്ടായിരുന്നില്ല.

(ബി) പ്രസ്തുത സ്ക്കൂളിൽ പ്ലസ് ടു കോഴ്സ് തുടങ്ങാൻ ആവശ്യമായ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ നടപ്പുവർഷം തന്നെ പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കിഫ്ബി വഴി ലഭ്യമായ തുക വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയതിനെത്തുടർന്ന് പ്രസ്തുത സ്കൂളിൽ ഹയർ സെക്കൻഡറി സയൻസ്, കൊമേഴ്സ് കോഴ്സ് ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു .

## ആദിവാസി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ

19(523) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി . അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് വിദ്യാഭ്യാസം ഓൺലൈനായി നടക്കുന്ന സാഹചര്യത്തിൽ ആദിവാസിമേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ലോക്ഡൗൺ കാലത്ത് എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ/ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിനുകീഴിലുള്ള സാമൂഹ്യ പഠനമുറികൾ, നഴ്സറി സ്കൂളുകൾ, കിന്റർഗാർഡനുകൾ, ഏകാധ്യാപക വിദ്യാലയങ്ങൾ എന്നിവയ്ക്ക് പുറമെ അങ്കണവാടികൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, എം.ജി.എൽ.സി.കൾ എന്നിവിടങ്ങളിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ റിക്കോർഡ് ചെയ്ത് കോളനികളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.

(ബി) ആദിവാസി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ നൽകാമോ?

ആവശ്യമായ പഠനോപകരണങ്ങൾ നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി എന്തെങ്കിലും പ്രത്യേക പഠന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വിദ്യാർത്ഥികളുടെ പഠന താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും അതുവഴി കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനുമായി പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപന യോഗ്യതയുള്ളവരെ പ്രൈമറി ക്ലാസ്സുകൾ ഉള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്നു. ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിക്കുന്ന ടീച്ചർമാരുടെ ചുമതലകൾ ചുവടെ പറയുന്നവയാണ്:

പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുക, പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകരോടൊപ്പം നിന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദി ഒരുക്കുക, സഹ അദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷാസംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവ ഇവരുടെ പ്രവർത്തന മേഖലയിൽ വരുന്ന പ്രധാന ജോലിയാണ്. എന്നാൽ പ്രഥമ അദ്ധ്യാപകരുടെയോ സഹ അദ്ധ്യാപകരുടെയോ ക്ലാസ്സിൽ പകരക്കാരായി ഇവർ മാറുന്നില്ല. സ്കൂളും കോളനികളുമായുള്ള ആശയവിനിമയവും ഒരുമിച്ചുള്ള പ്രവർത്തനവും കോളനി കേന്ദ്രീകരിച്ചുള്ള പരിഹാര ബോധന പ്രവർത്തനങ്ങളും മെന്റർ ടീച്ചർമാർ നിർവ്വഹിക്കുന്നു.

(ഡി) സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ ഇല്ലാത്ത ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കണക്കുകൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കവളങ്ങാട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

20(524) <u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മഞ്ചേരി കവളങ്ങാട് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. പട്ടികജാതി വികസന വകുപ്പിനു കീഴിൽ 1987-88 കാലഘട്ടത്തിൽ മഞ്ചേരി എൻ.എസ്.എസ്. കോളേജ്, മലപ്പുറം ഗവൺമെന്റ് കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താമസസൗകര്യം ഉദ്ദേശിച്ച് മഞ്ചേരി മണ്ഡലത്തിലെ കവളങ്ങാട്, ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണി കഴിപ്പിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് പ്രസ്തുത കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളായി 10 വർഷത്തോളം ഉപയോഗിച്ചിരുന്നുവെങ്കിലും പിന്നീട് പട്ടികവർഗ്ഗ വികസന വകുപ്പിന് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ച സാഹചര്യത്തിൽ ഹോസ്റ്റൽ കെട്ടിടം ഒഴിയുകയുണ്ടായി. നിലവിൽ ടി കെട്ടിടം ഒരു സർക്കാർ സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ തക്കവിധത്തിൽ ഉപയോഗ യോഗ്യമല്ലാത്ത അവസ്ഥയിലാണ്.

(ബി) എങ്കിൽ സാമൂഹ്യവിരുദ്ധ ശല്യവും കെട്ടിടം നശിക്കുന്നതും കണക്കിലെടുത്ത് ആയതു നവീകരിച്ച് എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

നവീകരിച്ച് പുനരുപയോഗപ്രദമാക്കാനാകാത്ത വിധം കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിട്ടുണ്ട്. എന്നിരുന്നാലും ആയത് നവീകരിച്ച് എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

21(525) ശ്രീ. ഷാഫി പറമ്പിൽ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിച്ചിട്ടുള്ളത്?

മുൻ സർക്കാർ ആരംഭിച്ച പദ്ധതികളുടെ തുടർച്ച എന്ന രീതിയിൽ പട്ടികവർഗ്ഗക്കാർക്ക് വരുമാനദായക പദ്ധതികൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ സ്വന്തം ഭൂമിയിൽ കാർഷിക വരുമാനം അടിസ്ഥാനമാക്കിയിട്ടുള്ള പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. നൈപുണ്യ

വികസനത്തിലൂടെ ആധുനിക തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന തൊഴിൽ അവസരങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക തൊഴിൽ മേഖലയിൽ വസ്ത്ര നിർമ്മാണം, ഏവിയേഷൻ, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്ന നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള സ്വയംതൊഴിൽ സംരംഭങ്ങളും ഇതോടൊപ്പം ആരംഭിക്കുന്നു. പട്ടികവർഗ്ഗ മേഖലയെ പ്രത്യേകം ക്ലസ്റ്ററുകളാക്കി തിരിച്ചിട്ടുള്ള വിവിധ തൊഴിൽ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളുടെ സഹകരണത്തോടെ മറ്റു പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ആധുനിക തൊഴിൽ മേഖലപോലെത്തന്നെ പ്രാധാന്യം കൊടുത്തുകൊണ്ട് കെട്ടിട നിർമ്മാണം, പ്ലമ്പിംഗ്, പെയിന്റിംഗ് തുടങ്ങിയ മേഖലകളിലും പരിശീലനം നൽകിവരുന്നു. ഇത്തരം പണികൾ പഠിച്ചവരെക്കൊണ്ടുതന്നെ പട്ടികവർഗ്ഗ മേഖലയിലെ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാൽ അവർക്ക് സ്ഥിരമായ തൊഴിൽ ഉറപ്പാക്കാനും സാധിക്കും. ഇങ്ങനെ പാരമ്പര്യവും പാരമ്പര്യേതര മേഖലകളിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് അവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിലൂടെ അവരുടെ ജീവിത രീതി മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നു.

(ബി) ഓരോ പദ്ധതിയിലും എത്ര പേർക്ക് തൊഴിൽ നല്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ?

നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഗോത്ര ജീവിക പദ്ധതിയിലൂടെ 1050 പേർക്കും കാർഷിക പ്രവർത്തനങ്ങൾക്ക് ഇടുക്കി, വയനാട് ജില്ലകളിലായി 2500 പേർക്കും പാലക്കാട് ജില്ലയിൽ നമത്ത് വെള്ളാമേ പദ്ധതിയിലൂടെ 1208 പേർക്കും പുതുതായി പരിശീലനം നൽകി കാർഷിക പരിപാടികൾ നടത്തുന്നതാണ്. ആധുനിക തൊഴിൽ മേഖലയിൽ 220 പേർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഭൂരിപക്ഷം പദ്ധതികളും പ്രാരംഭദിശയിൽ ആകയാൽ ഗുണഭോക്താക്കളുടെ എണ്ണം പൂർണ്ണമായി കണക്കാക്കിയിട്ടില്ല .

## ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി

22(526) ശ്രീ. ഷാഫി പറമ്പിൽ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ-സി) പട്ടിക ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി

ലഭിക്കുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇതിനകം ഏതൊക്കെ വകുപ്പുകളിൽ പ്രസ്തുത വിഭാഗത്തിനായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കി എന്നറിയിക്കുമോ?

പ്രസ്തുത സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം ഓരോ വകുപ്പിലും നിയമനം ലഭിച്ചവരുടെ എണ്ണം വെളിപ്പെടുത്തുമോ?

(എ-സി)പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമനം നടത്തുന്നതിന് 100 വാച്ച്മാൻ/വാച്ച് വുമൺ തസ്തികകളും ആയമാരുടെ 108 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകൾ എല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച് ആയ (Ayah) തസ്തികയിൽ 23 പേർക്കും വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിൽ 32 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

**പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി**

23(527) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

12-2-2021 -ലെ സ.ഉ.(എം.എസ്.)3/2021/വനം നമ്പർ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ വനാശ്രിത വിഭാഗത്തിൽപ്പെട്ടവരായ ആദിവാസി വിഭാഗത്തിൽനിന്നും പുതിയ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി, 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി 'അനിമൽ ഹാന്റിലേഷ്സ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് ' എന്ന കോഴ്സ് പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

12-2-2021-ലെ സ.ഉ(എം.എസ്.)3/2021/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനാശ്രിത വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്ക് നിയമനം നൽകുമ്പോൾ, പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി നടത്തിയ അനിമൽ ഹാൻഡ്‌ലിംഗ് ഇൻ സൂ & ഫോറസ്റ്റ് എന്ന കോഴ്സ് പൂർത്തിയായവർക്ക് മുൻഗണന നൽകുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

24(528) ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമനം നടത്തുന്നതിന് 100 വാച്ച്മാൻ/വാച്ച് വുമൺ തസ്തികകളും ആയമാരുടെ 108 തസ്തികകളും സൃഷ്ടിച്ച് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിലേയ്ക്ക് പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച് ആയ (Ayah) തസ്തികയിൽ 23 പേർക്കും വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിൽ 32 പേർക്കും നിയമനം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 200 തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളതാണ്. വനം വന്യജീവി വകുപ്പിൽ ആദിവാസി വിഭാഗത്തിൽനിന്നും യോഗ്യരായ 300 ഫോറസ്റ്റ് ഗാർഡുകളെയും 700 ട്രൈബൽ വാച്ചർമാരെയും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുവാനും അനുമതി നൽകിയിരുന്നു. കൂടാതെ ആദിവാസി വിഭാഗത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവുകൾ യഥാക്രമം അനുബന്ധം I,II,III ആയി ചേർക്കുന്നു*.) പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2016 മുതൽ 2020 വരെയുള്ള കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പട്ടികവിഭാഗക്കാർക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2622 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പരീക്ഷ നടത്തിയിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു*.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി നൈപുണ്യ വികസന പരിശീലനത്തിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ നൈപുണ്യ വികസന പരിശീലന പദ്ധതികൾ വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ മുഖേന നടപ്പിലാക്കി, വിദേശ രാജ്യത്തുൾപ്പെടെയുള്ള വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കി വരുന്നു. ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ, ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സുകൾ, ആയുർവേദ കോഴ്സുകൾ, ഐ.റ്റി.ഐ. കോഴ്സുകൾ, ഫാഷൻ ഡിസൈനിംഗ് കോഴ്സുകൾ, ഐ.ടി.ഓറിയന്റഡ് കോഴ്സുകൾ എന്നിങ്ങനെ 72 കോഴ്സുകളിലായി പരിശീലനം നൽകി 2020-21 വർഷത്തിൽ 225 പേർക്ക് സ്വദേശത്തും 27 പേർക്ക് വിദേശത്തും പ്ലേസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു 2016-17 വർഷം മുതൽ നാളിതുവരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 16 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 46 കോഴ്സുകളിലായി 5658 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നതിനും വിദേശത്ത് പോകാൻ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നതാണ്. ആദ്യമായാണ് വകുപ്പിന്റെ ശ്രമഫലമായി പട്ടികവർഗ്ഗ കുട്ടികൾ വിദേശത്ത് തൊഴിൽ കണ്ടെത്തുന്നത്.

**ഗോത്രവർഗ്ഗക്കാർക്ക് തൊഴിൽ**

25(529) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കുറഞ്ഞത് ഒരു ഗോത്രവർഗ്ഗ കുടുംബത്തിലെ ഒരംഗത്തിന് തൊഴിൽ നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെക്കെയാണെന്ന് അറിയിക്കാമോ?

പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 46 വകുപ്പുകളിലായി 1487 പേർക്ക് സർക്കാർ മേഖലകളിൽ തൊഴിൽ നൽകി. പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ജോലി നൽകിയിട്ടുണ്ട്. വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2895 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താൽക്കാലിക നിയമനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. 2016-17 വർഷം മുതൽ നാളിതുവരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 16 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 46 കോഴ്സുകളിലായി 5658 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം കുറഞ്ഞ പട്ടികവർഗ്ഗക്കാർക്ക് വരുമാനം ഉറപ്പാക്കുന്നതിനായി ട്രൈബൽ പ്ലസ് എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 32,657 കുടുംബങ്ങൾക്ക് 100 ദിന തൊഴിൽ പൂർത്തിയാക്കാനും അതിൽ 29,252 കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകാനും സാധിച്ചു.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ഗോത്രവർഗ്ഗ കുടുംബങ്ങളിൽ ഉള്ളവർക്ക് തൊഴിൽ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഈ പദ്ധതി പ്രകാരം വിവിധ വകുപ്പുകളിലൂടെ നൽകിയ തൊഴിലുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. എക്സൈസ് & പോലീസ് | - | 100 വ്യക്തികൾ |
| 2. വിദ്യാഭ്യാസ വകുപ്പ് (മെന്റർ ടീച്ചർ) | - | 297 വ്യക്തികൾ |
| 3. നൈപുണ്യ വികസനം | - | 500 വ്യക്തികൾ |
| 4. ഗോത്രജീവിക | – | 1050 വ്യക്തികൾ |
| 5. ഫെസിലിറ്റേറ്റർ - പഠനമുറി | - | 250 വ്യക്തികൾ |
| 6. ട്രൈബൽ പ്ലസ് | - | 29,252 കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ നൽകി. |

(സി) ഇനി എത്ര ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഒരു കുടുംബത്തിൽ ഒരാൾക്ക് ഒരു തൊഴിൽ എന്ന പദ്ധതി തുടർന്നും നടപ്പിലാക്കിവരികയാണ്. ഇനി എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകുവാനുണ്ടെന്ന വിവരം പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് മാത്രമേ കണക്കാക്കുവാൻ കഴിയൂ.

## സർക്കാർ സർവ്വീസിൽ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം

26(530) ശ്രീ. പി. കെ. ബഷീർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറിനായി 12,19,987 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട നടപടി ഏത് വർഷമാണ് ആരംഭിച്ചതെന്നും എപ്പോൾ പ്രവർത്തനക്ഷമമാകുമെന്നും വ്യക്തമാക്കുമോ?

2012-ൽ സോഫ്റ്റ്‌വെയർ വികസനവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടി ആരംഭിക്കുകയും 2015 -ൽ " V-Smart" (Vacant Seat Monitoring and Allotment by Recruitment Terms and rules) പ്രോഗ്രാം സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ചെയ്തു. തുടർന്ന് വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് പ്രസ്തുത സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുകയുണ്ടായി. വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ വിവരങ്ങൾ പ്രസ്തുത സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തുവരുന്നു. അധികവിവരം ശേഖരിച്ച് വരുന്നു.

(സി) സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് നടപടി സ്വീകരിക്കുമോ?

എല്ലാ വകുപ്പുകളിൽ നിന്നുമുള്ള പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ പരിശോധിച്ച് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി വകുപ്പിൽ സ്വീകരിച്ച് വരുന്നു.

## മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ

27(531) ശ്രീ. പി. ഉബൈദുള്ള: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ മലപ്പുറം നഗരസഭയിൽ ഓഫീസർ തസ്തിക ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മലപ്പുറം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അധിക ചുമതല നൽകിയിരിക്കുന്നതുമൂലം രണ്ട് ഓഫീസുകളിലേയും വികസന പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സാഹചര്യത്തിൽ ജില്ലാ ആസ്ഥാനം കൂടി ഉൾപ്പെടുന്ന മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിക്കുന്നതാണ്.

## പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും

28(532) ശ്രീ. എൻ. ഷംസുദീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദമായ വിവരം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് വരുന്നു.

---

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലായെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന സ്കീമുകളിൽ ആവശ്യമായ രേഖകൾ ഗുണഭോക്താക്കൾ യഥാസമയം ഹാജരാക്കാൻ കഴിയാതെ വരുമ്പോൾ തുകകൾ യഥാസമയം റിലീസ് ചെയ്യാൻ കഴിയുന്നില്ല. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹണം നടത്തി ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് തുകകൾ നൽകുന്നത്. ഇതിനുണ്ടാകുന്ന കാലതാമസം വാർഷിക പദ്ധതി ചെലവുകൾ കുറയുന്നതിന് കാരണമാകുന്നു. 2018-19, 2019-20 കാലയളവുകളിലെ പ്രളയങ്ങൾ, കോവിഡ് 19 മൂലമുണ്ടായ ലോക്ഡൗണുകൾ എന്നിവ പദ്ധതി നിർവ്വഹണത്തെയും അതിന്റെ ചെലവിനെയും സ്വാധീനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ 2019-20 വർഷം ഒഴികെ ബാക്കി 4 വർഷങ്ങളിൽ ശരാശരി 92.48% തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ 62.49% തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. 2018,2019 വർഷങ്ങളിലെ പ്രളയക്കെടുതി കാരണം 2019-20 വർഷം സാമ്പത്തിക നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ടി സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതിനിർവ്വഹണം പൂർത്തീകരണ അവസ്ഥയിൽ ആയിരുന്നെങ്കിലും കോവിഡ് മഹാമാരിയെ തുടർന്ന് വർഷാന്ത്യത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

29(533) ശ്രീ. ലിന്റോ ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി ഫീൽഡ് തലത്തിലും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർമ്മാണ ഏജൻസികൾക്ക് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാർക്ക് ധനസഹായം

30(534) ശ്രീ. റോജി എം. ജോൺ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ പട്ടികവർഗ്ഗക്കാരുടെ കടം എഴുതി തള്ളുന്നതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 വരെ 6,29,43,341 രൂപ (ആറ് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി നാല്പത്തിമൂവായിരത്തി മുന്നൂറ്റി നാല്പത്തി ഒന്ന് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും അതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തുവെന്നും വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ എത്ര രൂപ സർക്കാർ ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായി അപേക്ഷിച്ചവരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഈ കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 88825 ഗുണഭോക്താക്കൾക്ക് 164,42,30,913 രൂപയും (നൂറ്റി അറുപത്തിനാല് കോടി നാല്പത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ മാത്രം), പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 80288 ഗുണഭോക്താക്കൾക്ക് 25,58,74,730 രൂപയും (ഇരുപത്തി അഞ്ച് കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുനൂറ്റി മുപ്പത് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## ചിറ്റാരി -കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

31(535) ശ്രീ. ഇ. കെ. വിജയൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെക്യാട് ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനിയിലേയ്ക്കുള്ള ചിറ്റാരി കണ്ടിവാതുക്കൽ റോഡുനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ചിറ്റാരി - കണ്ടിവാതുക്കൽ റോഡ് രണ്ട് വർഷം മുൻപ് സോളിംഗ് വരെയുള്ള പ്രവൃത്തികൾ നടന്നിരുന്നു. കോൺട്രാക്ടർ പ്രവൃത്തി നിർത്തിവച്ചതിനാൽ തുടർ പ്രവൃത്തികൾ നടന്നിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തി ഉൾപ്പെട്ടിരുന്ന NABARD - RIDF Tranche XX - ന്റെ കാലാവധി 2021 സെപ്റ്റംബർ മാസം 30 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു

## വയനാട്ടിലെ കോവിഡ് സമാശ്വാസ പദ്ധതികൾ

32(536) ശ്രീ. ഒ. ആർ. കേളു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി കാലത്ത് വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ സമാശ്വാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധി കാലത്ത് ചികിത്സയിലും നിരീക്ഷണത്തിലുമായിരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങളും പച്ചക്കറി ഉൾപ്പെടെയുള്ള കിറ്റുകളും മരുന്നുകളും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ധനസഹായം, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള പെൻഷൻ എന്നിവ ഈ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പ്രീ-മെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മെസ്സ് ചാർജ്ജ് തുകയും അതാത് വിദ്യാർത്ഥികൾക്ക് ടി കാലയളവിൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും വാഹനസൗകര്യം (ആംബുലൻസുകൾ ഉൾപ്പെടെ) ലഭ്യമാക്കിയിട്ടുണ്ട്. 45, 60 വയസ്സിന് മുകളിലുള്ള പട്ടികവർഗ്ഗക്കാർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനായി പ്രത്യേക വാഹനങ്ങളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർ എന്നിവർ മുഖേന വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തിച്ച് വരുന്നു കണ്ടെയിന്റ്മെന്റ് സോണുകളിൽ ഉള്ളവർക്കും കിടപ്പു രോഗികൾക്കും ക്വാറന്റൈനിലാകുന്ന പട്ടിക വർഗ്ഗക്കാർക്കും ഭക്ഷ്യകിറ്റുകളും മരുന്നുകളും വിതരണം ചെയ്തുവരുന്നു. കൽപ്പറ്റ ഐ.റ്റി.ഡി.പി. ഓഫീസ് ആസ്ഥാനമായി കോവിഡ് കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ച് വരുന്നു യഥാസമയം ആവശ്യമായ നടപടി സ്വകരിക്കുന്നതിന് കോ-ഓർഡിനേറ്ററെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് 19 പ്രതിരോധിക്കുന്നതിനായി പോഷകാഹാര ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തുവരുന്നു. വയനാട് ജില്ലയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ കോവിഡ് പടർന്നുപിടിക്കാതിരിക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് 19 വ്യാപനം തടയുന്നതിനും ഇതുസംബന്ധിച്ച അവബോധം നൽകുന്നതിനുമായി, വകുപ്പിന്റെ കീഴിലുള്ള എ.എൻ.എം. സെന്ററുകളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, എം.ആർ.എസ്. സീനിയർ സൂപ്രണ്ട്, മാനേജർ, ഹോസ്റ്റൽ വാർഡൻ, മറ്റ് ജീവനക്കാർ എന്നിവരടങ്ങിയ പ്രത്യേക ടീമിനെ തയ്യാറാക്കി പ്രസ്തുത ടീം കോളനികളിലൂടെ പര്യടനം നടത്തി ആവശ്യമായ ബോധവത്കരണം നടത്തുകയുണ്ടായി. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എസ്.ടി. പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും ബോധവത്കരണം നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൽനിന്നും നൽകിയ നോട്ടീസുകൾ,

ബാനറുകൾ, ലഘുരേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഗോത്രഭാഷകളിൽ തയ്യാറാക്കിയ അറിയിപ്പുകളും നിർദ്ദേശങ്ങളും പ്രാദേശിക ചാനലുകൾ, സോഷ്യൽ മീഡിയ എന്നിവ വഴിയും ജനങ്ങളിൽ എത്തിക്കുകയുണ്ടായി. മാത്രമല്ല കോവിഡ് രോഗികൾ, നിരീക്ഷണത്തിലിരിക്കുന്നവർ എന്നിവരുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസാധനങ്ങളും വിതരണം നടത്തുകയുണ്ടായി. കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് രണ്ട് ഘട്ടങ്ങളിലായി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് കോവിഡ് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചുവരികയും ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനം തടയുന്നതിനായി കോവിഡ് വ്യാപനം ഉള്ള പട്ടികവർഗ്ഗ കോളനികളിൽ നിന്നുള്ള ആളുകളെ മാറ്റി പാർപ്പിക്കുന്നതിനായി വകുപ്പിന്റെ സ്ഥാപനങ്ങൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രത്യേകം ഡി.സി.സി. തയ്യാറാക്കുകയും ആയതിലേയ്ക്ക് കോളനിയിൽ നിന്നുള്ള ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർക്ക് വകുപ്പ് മുഖേന മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## ട്രൈബൽ ആശുപത്രി നിർമ്മാണം

33(537) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ല ഏതാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസികളുള്ള രണ്ടാമത്തെ ജില്ല കാസർഗോഡ് ആണ്.

(ബി) ഈ ജില്ലയിൽ ഇവർക്കായി മാത്രം ഒരു ട്രൈബൽ ആശുപത്രിയില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിൽ വകുപ്പിന്റെ നിയന്ത്രണത്തിൽ നിലവിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ബേളയിൽ ഒരു ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ജില്ലയിൽ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി ആശുപത്രി പ്രവർത്തിക്കുന്നില്ല. ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അടുത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽനിന്നും ജില്ലാ താലൂക്ക് ആശുപത്രികളിൽനിന്നും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ട്.

(സി) എങ്കിൽ ഇവർക്കായി മാത്രം ഒരു ആശുപത്രി ബേഡഡുക്ക പഞ്ചായത്തിലെ വലിയപാറയിൽ വകുപ്പിന്റെ കൈവശമുള്ള സ്ഥലം പ്രയോജനപ്പെടുത്തി അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ആറളം ഫാം**

34(538) ശ്രീ. സണ്ണി ജോസഫ്: സർ, താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറളം ഫാം പുനരധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സഹായത്തോടെ നടക്കുന്ന പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണ്; പ്രവൃത്തി നിലച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കാരണത്താൽ; പദ്ധതി പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ ?

ആറളം സമഗ്ര വികസന പാക്കേജിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിച്ചുവരുന്നുണ്ട്. പ്രവൃത്തി നിലച്ചിട്ടില്ല. 55% പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് ലോക്ഡൗൺ നിയന്ത്രണങ്ങൾ കാരണം സ്വാഭാവികമായി ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ ഒഴിച്ചാൽ മറ്റ് പ്രശ്നങ്ങളൊന്നും തന്നെ പദ്ധതിയെ ബാധിച്ചിട്ടില്ല. നബാർഡ് നിഷ്കർഷിച്ചിട്ടുള്ള കാലാവധി 31-5-2021 ആയിരുന്നതിനാൽ ടി കാലാവധിക്കുള്ളിൽ തന്നെ പ്രോജക്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് വകുപ്പ് കർശന നിർദ്ദേശം നൽകിയിരുന്നു. പദ്ധതിയുടെ ഭാഗമായ റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടി ദ്രുതഗതിയിലാക്കുന്നതിന് കണ്ണൂർ കളക്ടറുമായി ബന്ധപ്പെട്ട് വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ട്. നിർമ്മാണം സംബന്ധിച്ച് കിറ്റ്കോ ലിമിറ്റഡ് 8 പാർട്ട് ബില്ലുകൾക്കുമായി നാളിതുവരെ ക്ലെയിം ചെയ്തിട്ടുള്ള 1543.09 ലക്ഷം രൂപ പൂർണ്ണമായി അനുവദിച്ചു നൽകിയിട്ടുമുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ

35(539) ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി എന്തൊക്കെ പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത് എന്നതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമങ്ങൾക്കായി ഈ സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതിയിലെ അർഹതപ്പെട്ട ആനുകൂല്യങ്ങളും, ടി വിഭാഗക്കാരുടെ പ്രത്യേക ആവശ്യങ്ങൾ അറിഞ്ഞ് യഥാസമയം ഉചിതമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## ചികിത്സാധനസഹായം

36(540) ശ്രീ. പി. വി. ശ്രീനിജിൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വനിധിയിൽനിന്ന് ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പട്ടികജാതി വിഭാഗത്തിന് ചികിത്സാധനസഹായമായി 2,27,19,660 രൂപയും (രണ്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി പത്തൊൻപതിനായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിന് 75,000 രൂപയും (എഴുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് വില്ലേജുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്ത് തലത്തിലുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

1. വാഴക്കുളം പഞ്ചായത്ത് -13,96,500

2. കിഴക്കമ്പലം പഞ്ചായത്ത് -23.87,660

3. ഐക്കരക്കാട് പഞ്ചായത്ത് -35,71,000

4. മഴവന്നൂർ പഞ്ചായത്ത് -34,73,500

5. പൂതൃക്ക പഞ്ചായത്ത് -25,82,000

6. തിരുവാണിയൂർ പഞ്ചായത്ത് -13,01,500

7.വടവുകോട് പഞ്ചായത്ത് -33,51,000

8. കുന്നത്തുനാട് പഞ്ചായത്ത് -46,56500

പട്ടികവർഗ്ഗ വിഭാഗത്തിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

1. ഐക്കരനാട് സൗത്ത് വില്ലേജ് - 35,000

2. പുത്തൻകുരിശ് വില്ലേജ് - 40,000

(സി) കുന്നത്തുനാട് മണ്ഡലത്തിൽ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനായി നല്കിയ എത്ര അപേക്ഷകൾ പെൻഡിംഗ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനായി നൽകിയ അപേക്ഷകളിൽ പട്ടികജാതി വിഭാഗത്തിൽ 42 എണ്ണത്തിൽ ആനുകൂല്യം അനുവദിക്കാൻ ശേഷിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിലവിൽ അപേക്ഷകളൊന്നും ഇല്ല.

(ഡി) മുഴുവൻ ചികിത്സാധനസഹായ അപേക്ഷകളിലും വേഗത്തിൽ സഹായം അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

37(542) ശ്രീ. ഡി. കെ. മുരളി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകാമോ; ഇവയിൽ നിഷ്ക്രിയമായ സംഘങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ നൽകാമോ?

തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു: പട്ടികജാതി സംഘങ്ങൾ - 132, പട്ടികവർഗ്ഗ സംഘങ്ങൾ - 17 പ്രവർത്തനക്ഷമമായ പട്ടികജാതി സംഘങ്ങൾ - 38 പ്രവർത്തനക്ഷമമായ പട്ടികവർഗ്ഗ സംഘങ്ങൾ - 6 നിഷ്ക്രിയമായ പട്ടികജാതി സംഘങ്ങൾ - 94 നിഷ്ക്രിയമായ പട്ടികവർഗ്ഗ സംഘങ്ങൾ - 11. സംഘങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

നിഷ്ക്രീയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുനർജ്ജനി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ് .

## അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതി

38(543) ശ്രീ. എം. വിജിൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളുവ കോളനിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടി കോളനിയിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നാഷണൽ ഹൈവേയുമായി വള്ളുവ കോളനി റോഡ് ബന്ധിപ്പിക്കുന്നതിനാൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ മുതുകുട കോളനിയെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ 2020-21 സാമ്പത്തികവർഷം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉൾപ്പെടുത്തിയിട്ടില്ല.

## മില്ലറ്റ് വില്ലേജ് പദ്ധതി

39(544) <u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വ്യാപിപ്പിക്കുന്നതിനും അവരുടെ കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും എന്തെല്ലാം സൗകര്യങ്ങളാണ് വകുപ്പ് നൽകുന്നതെന്ന് വിശദമാക്കുമോ?

ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷിയും അനുബന്ധപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക, സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം എന്നൊരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ജൈവ ഉത്പന്നങ്ങളെ ഒരു എകീകൃത പേരിൽ മാർക്കറ്റിൽ വിപണനം ചെയ്യുന്നതിനുള്ള നടപടി പുരോഗതിയിലാണ്.

(ബി) അട്ടപ്പാടിയിൽ നടപ്പിലാക്കിയ മില്ലറ്റ് വില്ലേജ് സ്കീം ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് എത്രമാത്രം സഹായകമായി എന്നും പദ്ധതി വിജയമാണോയെന്നും വ്യക്തമാക്കുമോ?

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ് പദ്ധതി. ഈ പദ്ധതി മുഖേന തരിശായി കിടന്നിരുന്ന കൃഷിഭൂമി ഉപയോഗയോഗ്യമാക്കാനും പട്ടികവർഗ്ഗക്കാരെ പരമ്പരാഗത കൃഷിയിലേയ്ക്കും ഭക്ഷ്യസുരക്ഷയിലേയ്ക്കും തിരികെ എത്തിക്കുവാനും സാധിച്ചു.

(സി) പ്രസ്തുത സ്കീം സംസ്ഥാനത്തെ മറ്റ് ഭാഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ മറ്റ് ഭാഗങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം

40(545) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം തടയുന്നതിന് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി ചുവടെ ചേർക്കുന്നു:

ബോധവൽക്കരണ പ്രവർത്തനങ്ങൾ:- കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുമായി ചേർന്ന് ഹാൻഡ് വാഷ്, വ്യക്തിശുചിത്വം, മാസ്കിന്റെ ഉപയോഗം, ശാരീരിക അകലം പാലിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പറ്റി വിപുലമായ ബോധവൽക്കരണം നടത്തിവരുന്നു. ഓരോ ഊരുകളിലും എത്തി സാമൂഹിക അകലം പാലിക്കുക, കൈകൾ വൃത്തിയായി സോപ്പുപയോഗിച്ച് കഴുകുക, ഇവയുടെ ആവശ്യകത, കൊറോണ വൈറസ് പകരുന്ന രീതിയും അതിനെ പ്രതിരോധിക്കേണ്ട വിധവും, കോവിഡിന്റെ ലക്ഷണങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. തുടർ സേവനം ലഭ്യമാകുന്നതിനുള്ള ഹെൽപ്പ് ലൈൻ നമ്പറുകളും ഇവർക്ക് നൽകിയിട്ടുണ്ട്. രോഗലക്ഷണങ്ങളുണ്ടെന്ന് സംശയം തോന്നിയവരെ ക്വാറന്റീനിലാക്കി നിരീക്ഷിക്കുകയും രോഗലക്ഷണങ്ങളുള്ളവരെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തുവരുന്നു. ആൾക്കൂട്ടം ഉണ്ടാകാത്ത വിധം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ ഒരു ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ വകുപ്പു മുഖേന ചെയ്തുവരുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗോത്രഭാഷയിലുള്ള ലഘുലേഖകളും, ഹ്രസ്വ ചിത്രങ്ങളും ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

ആരോഗ്യ പ്രവർത്തനങ്ങൾ: നിലവിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ എസ്.റ്റി. പ്രൊമോട്ടർ, ആരോഗ്യ വകുപ്പ് അധികൃതർ, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ തുടങ്ങിയവരുടെ സഹായത്തോടെ നടന്നുവരുന്നുണ്ട്. തിരുവനന്തപുരം, വയനാട്, പാലക്കാട്, കോഴിക്കോട്, എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിൽ ആരോഗ്യ വകുപ്പ് പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 18 വയസിന് മുകളിലുള്ള അർഹരായ 3,56,175 പട്ടികവർഗ്ഗക്കാരിൽ 92605 പേർക്ക് ഒന്നാം ഡോസ് വാക്സിനും 12963 പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവത്കരണം നടത്തുകയും വാക്സിൻ രജിസ്ട്രേഷന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ പ്രൊമോട്ടർമാർ മുഖേനയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും അക്ഷയകേന്ദ്രം മുഖേനയും സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും മാസ്ക് വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽനിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുലേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ആയതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ധാന്യങ്ങളും, പോഷകാഹാര വിതരണവും നടത്തുന്നുണ്ട്. കൂടാതെ ശുദ്ധജലം ദൗർലഭ്യമായ കോളനികളിൽ ആയത് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർ എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. കോളനികളിൽ ഹോമിയോ പ്രതിരോധ മരുന്ന് പ്രൊമോട്ടർമാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (16 എണ്ണം) കൃത്യമായ ഇടവേളകളിൽ ദുർഘട പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെടെ പരിശോധന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തുന്നുണ്ട്. ഇതു കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. കോവിഡ് ബാധിത മേഖലകളിലും രോഗാവസ്ഥയിലുള്ളവർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് & ന്യൂട്രീഷ്യൻ സപ്പോർട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ

ആശുപത്രിയിൽ പോകുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽനിന്നും സഹായം നൽകുന്നുണ്ട്. ചികിത്സാസഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനപ്രകാരം വിട്ടുനൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 29 സ്ഥാപനങ്ങൾ ഇപ്രകാരം വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ അടിയന്തര അറിയിപ്പുകൾ നൽകുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പുകൾ മുഖേന നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം രോഗവ്യാപനം കൂടുതലാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരം പ്രശ്നങ്ങൾ എക്സൈസ്/പോലീസ്/വനം വകുപ്പുകളെ അടിയന്തരമായി അറിയിച്ച് നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ പട്ടികവർഗ്ഗക്കാർക്ക് MNREGS മുഖേന തൊഴിലും വരുമാനവും ഉറപ്പ് വരുത്തുന്നതോടൊപ്പം നിർമ്മാണ മേഖലയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആയതിന്റെ വിപണനം കണ്ടെത്തി വരുമാനം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ സഹായത്തോടുകൂടി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പോഷകാഹാരക്കുറവ് രൂക്ഷമായ അട്ടപ്പാടി അടക്കമുള്ള ആദിവാസി മേഖലകളിലെ കുട്ടികൾക്കും വയോധികർക്കും പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പോഷകാഹാര കിറ്റുകൾ വിതരണം ചെയ്തുവരുന്നു. റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യധാന്യകിറ്റുകൾക്ക് പുറമേ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഫുഡ് സപ്പോർട്ട് പദ്ധതിമുഖേനയും ഭക്ഷ്യ ധാന്യകിറ്റുകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ ആയുർവേദ ഡിസ്പെൻസറികൾ വഴി ആയുർവേദ പ്രതിരോധ മരുന്നുകളും ആവശ്യാനുസരണം മറ്റ് വിറ്റാമിൻ ഗുളികകളും വിതരണം ചെയ്തുവരുന്നു.

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട കോവിഡ് ബാധിച്ച് മരിച്ചവരുടെ വിവരങ്ങൾ ലഭ്യമാണോ; ഉണ്ടെങ്കിൽ നൽകാമോ?

കോവിഡ് ബാധിച്ച് 162 പട്ടികവർഗ്ഗക്കാർ മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

41(546) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്നത് ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നവരാണ്; അറിയിക്കുമോ?

ഗോത്രവർഗ്ഗക്കാരിൽ എറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളാണ് ചോലനായ്ക്കർ, കാട്ടുനായ്ക്കർ, കാടർ, കുറുമ്പർ, കൊറഗർ. ഇവരെ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാർ എന്ന് അറിയപ്പെടുന്നു. ഇതിനുപുറമെ, അടിയർ, പണിയർ, അരനാടൻ, മലമ്പണ്ടാരം, ഹിൽപുലയർ എന്നീ സമുദായങ്ങളെ കൂടി ഏറ്റവും പിന്നാക്കം നിൽക്കുന്നവരായി കണക്കാക്കിയിരിക്കുന്നു.

(ബി) അവരെ പ്രസ്തുത മേഖലകളിൽ മുന്നേറാൻ സഹായിക്കുന്ന എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്കായി പ്രത്യേക സ്കൂളുകൾ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗക്കാരുടെ സമഗ്രവികസനത്തിനും മറ്റ് സാമ്പത്തിക ഉന്നമനത്തിനും ഉതകുന്ന വിവിധ പദ്ധതികൾ ഊരുകൂട്ട തീരുമാനപ്രകാരം നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസപരമായ മുന്നേറ്റത്തിനായി വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ പ്രാക്തന ഗോത്രവിഭാഗത്തിലെ കുട്ടികൾക്കും പ്രവേശനം നൽകി അവരുടെ വിദ്യാഭ്യാസം ഉറപ്പാക്കിവരുന്നു. ഈ വിഭാഗങ്ങളിൽനിന്നും സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി കേന്ദ്ര സഹായത്തോടെ പതിമൂന്നാം ധനകാര്യ കമ്മിഷൻ അവാർഡ് മുഖേന 148.00 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അടിയർ, പണിയർ സമുദായങ്ങളുടെ പുരോഗതിക്കായി പ്രത്യേക ശീർഷകം വകയിരുത്തി വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് അറുപത് ശതമാനത്തിലധികം പട്ടിക വിഭാഗക്കാർ താമസിക്കുന്ന വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ?

പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരെപ്പോലെ പിന്നാക്കം നിൽക്കുന്ന അഞ്ച് സമുദായങ്ങളായ അടിയർ, പണിയർ, ഹിൽപുലയ, അരനാടൻ, മലമ്പണ്ടാരം എന്നിവരുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് 532.57 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലം- എസ്.സി./എസ്.റ്റി. ക്ഷേമ വകുപ്പ് പദ്ധതികൾ**

42(547) ശ്രീ. പി. വി. ശ്രീനിജിൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എസ്.സി./എസ്.റ്റി. ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തരം കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധം I ആയി* ചേർക്കുന്നു. കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം II* ആയി ചേർക്കുന്നു.

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കോർപ്പസ് ഫണ്ട് പദ്ധതിയായ നെടുമല പട്ടികജാതി കോളനി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട വീട്ടൂർ കോളനി, മൂലേക്കുഴി കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് നടപ്പിലാക്കേണ്ട

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പ്രവൃത്തികൾ ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പ്രളയാനന്തര ഭവനനിർമ്മാണം ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ ശേഷിക്കുന്ന 2 വീടുകളുടെ നിർമ്മാണം നടപ്പുവർഷം പൂർത്തിയാകുന്നതാണ്.

## അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാംസ് സൊസൈറ്റി

43(548) ശ്രീ. പി. ടി. തോമസ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാംസ് സൊസൈറ്റി (എ.സി.എഫ്.എസ്.)-യുടെ കൈവശമുള്ള വരടിമല ഫാമിൽ 1970 കളിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്; എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്; എത്ര വീടുകൾ നിർമ്മിച്ചെന്നും പുനരധിവാസത്തിനായി എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

സംഘം പ്രവർത്തനമാരംഭിച്ചത് 1975-ലാണ്. 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828 രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക.

(ബി) വരടിമല ഫാമിൽ എത്ര ഏക്കറിൽ എന്തെല്ലാം കൃഷികളാണ് ചെയ്യുന്നത്; അറിയിക്കാമോ?

സംഘത്തിന് സർക്കാരിൽനിന്നും അനുവദിച്ചു ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു.

(സി) നിലവിൽ എത്ര കുടുംബങ്ങൾ ഇവിടെ സ്ഥിരതാമസമുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിരതാമസമില്ല.

(ഡി) ഫാമിന്റെ തകർച്ച സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംഘം തകർച്ചയിൽ ആയിട്ടില്ല.

(ഇ) വരടിമല പുനരധിവാസ കേന്ദ്രത്തിലെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകാൻ ഒറ്റപ്പാലം സബ് കളക്ടർ കരാർ ഒപ്പിട്ടത്; നിയമവിധേയമായാണോ കരാർ ഒപ്പിട്ടത്; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വരടിമല ഫാമിൽ, സംഘത്തിന്റെ മാനേജിംഗ് ഡയറക്ടറായ സബ് കളക്ടർ ആർക്കും സ്ഥലം നൽകിയിട്ടില്ല. കൃഷിക്ക് ദോഷം വരാത്ത രീതിയിൽ സംഘത്തിന്റെ മേൽനോട്ടത്തിൽ ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടത്താൻ ജനറൽ ബോഡിയുടെ അംഗീകാരത്തോടെയാണ് സംഘം മാനേജിംഗ് ഡയറക്ടർ കരാറിൽ ഒപ്പിട്ടത്.

**ആദിവാസിക്ഷേമം**

44(549) ശ്രീ. എ. പി. അനിൽ കുമാർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ നടത്തിയ സോഷ്യോ-എക്കണോമിക് സർവ്വേയുടെ ഭാഗമായി പട്ടികവർഗ്ഗ കോളനികളെ സംബന്ധിച്ച് ഒരു സമഗ്ര വിവരശേഖരണം നടത്തി. ആയത് സർക്കാരിന്റെ ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ വിവര ശേഖരണം പ്രയോജനപ്പെടുത്തുന്നതാണ്. ഈ സർവ്വേയിലൂടെ ആകെ 6507 കോളനികളെ സംബന്ധിച്ചും 1,46,720 കുടുംബങ്ങളെ സംബന്ധിച്ചും 4,85,398 വ്യക്തിഗത വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ മേഖലകളിൽ ആദിവാസിക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും സംബന്ധിച്ചും പദ്ധതികൾക്കനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചുമുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെയും അവയ്ക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗവും സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് കൃത്യമായ വിലയിരുത്തൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള പഠന റിപ്പോർട്ട് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

## വിവാഹ ധനസഹായം

45(550) ശ്രീ. ടി. ജെ. വിനോദ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ 2021 വരെ ഓരോ വർഷവും എത്ര അപേക്ഷകളാണ് ലഭിച്ചത്; അറിയിക്കാമോ?

പട്ടികജാതി ക്ഷേമ വകുപ്പിൽ വിവാഹ ധനസഹായത്തിനായി 2016 മുതൽ 2021 വരെ 53416 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2016-17 | 12380 |
| 2017-18 | 9928 |
| 2018-19 | 9422 |
| 2019-20 | 11543 |
| 2020-21 | 10143 |
| ആകെ | 53416 |

(ബി) അതിൽ എത്രപേർക്ക് വിവാഹ ധനസഹായം ഇതിനകം വിതരണം ചെയ്യാൻ സാധിച്ചു; വിശദാംശങ്ങൾ നൽകാമോ?

അർഹതാ മാനദണ്ഡങ്ങൾ അനുസരിച്ച് ആകെ 44,661 പേർക്ക് ധനസഹായം വിതരണം ചെയ്യുവാൻ സാധിച്ചു. വിവാഹ ധനസഹായം വിതരണം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2016-17 | 10523 |
| 2017-18 | 8921 |
| 2018-19 | 7291 |
| 2019-20 | 8677 |
| 2020-21 | 9249 |
| ആകെ | 44661 |

**പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം**

46(551) ശ്രീ. കെ. ഡി. പ്രസേനൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സാധനസഹായവും വിദ്യാഭ്യാസ ധനസഹായവും നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ?

2016 ജൂൺ മാസം മുതൽ നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ 1376 പട്ടികജാതി കുടുംബങ്ങൾക്കും 304 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായം 23873 പട്ടികജാതി കുടുംബങ്ങൾക്കും 537 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

| പട്ടികജാതി വിഭാഗം | | | |
|---|---|---|---|
| ക്രമ നമ്പർ | വർഷം | ചികിത്സാ ധനസഹായം | വിദ്യാഭ്യാസ ധനസഹായം |
| 1 | 2016-17 | 314 | 4354 |
| 2 | 2017-18 | 575 | 4974 |
| 3 | 2018-19 | 235 | 4700 |
| 4 | 2019-20 | 140 | 5105 |
| 5 | 2020-21 | 112 | 4740 |
| | ആകെ | 1376 | 23873 |

| പട്ടികവർഗ്ഗ വിഭാഗം | | | |
|---|---|---|---|
| ക്രമ നം | വർഷം | ചികിത്സാ ധനസഹായം | വിദ്യാഭ്യാസ ധനസഹായം |
| 1 | 2016-17 | 63 | 105 |
| 2 | 2017-18 | 60 | 106 |
| 3 | 2018-19 | 35 | 108 |
| 4 | 2019-20 | 77 | 124 |
| 5 | 2020-21 | 69 | 94 |
| | ആകെ | 304 | 537 |

**വരടിമല ഫാം**

47(552) ശ്രീമതി കെ. കെ. രമ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ&ബി) അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റിയുടെ കീഴിലുള്ള വരടിമല ഫാമിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്?

ഇവർക്കായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരുന്നത്; ഇതിനായി എത്ര തുകയാണ് സർക്കാർ ചെലവഴിച്ചത്?

120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828 രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക.

(സി) വരടിമലയിൽ ആദിവാസികൾക്കായി എന്തെല്ലാം കൃഷികളാണ് നടത്തിയത്; ഓരോന്നും എത്ര ഏക്കർ വീതമെന്ന് വ്യക്തമാക്കുമോ?

സംഘത്തിന് സർക്കാരിൽനിന്നും അനുവദിച്ച ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു.

(ഡി) നിലവിൽ ഇവിടെ എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിരതാമസം ഇല്ല.

(ഇ) പ്രസ്തുത ഫാം ഇപ്പോൾ തകർച്ചയിലാണോ; തകർച്ചയുടെ കാരണങ്ങൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുകയുണ്ടായോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംഘം തകർച്ചയിൽ ആയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ച ടി സ്ഥാപനം മെമ്പർമാർക്കും അവരുടെ ആശ്രിതർക്കും കൂടാതെ അട്ടപ്പാടിയുടെ വിവിധ ഭാഗങ്ങളിലുള്ള പട്ടികവർഗ്ഗക്കാർക്കും ഇപ്പോഴും തൊഴിൽ നൽകിവരുന്നു. സംഘത്തിന്റെ തനത് വരുമാനത്തിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായം ലഭ്യമാകുന്നു.

(എഫ്) ഫാമിന്റെ ഭൂമി സർക്കാർ പാട്ടത്തിന് നൽകുകയുണ്ടായോ; ആരാണ് ഇതുസംബന്ധിച്ച തീരുമാനം എടുത്തത്?

പ്രസ്തുത പാട്ടക്കരാർ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടക്കുകയുണ്ടായോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ?

സംഘത്തിന്റെ ഫാം ഭൂമി സർക്കാർ ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല.

## ഹാംലറ്റ് വികസന പദ്ധതി

48(553) ശ്രീ സി. എച്ച്. കുഞ്ഞമ്പു:
ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ എം. മുകേഷ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി മുൻ സർക്കാർ ഫലപ്രദമായി നടപ്പിലാക്കിയ ഹാംലറ്റ് വികസന പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 2011 മുതൽ 2016 വരെയുള്ള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ഹാംലറ്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. ഈ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുക്കുകയും 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 62 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ഈ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ

പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം, മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അപ്രതീക്ഷിതമായ പ്രളയവും മറ്റു പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അടിയന്തരഘട്ടങ്ങളിൽ താല്ക്കാലിക കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുകയും തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും അനുവദിക്കുന്നു. ഇതിനായി ഇവർക്ക് താല്പര്യമുള്ള സ്ഥലം കണ്ടെത്തിയാണ് ഭൂമി വാങ്ങി വീട് വച്ച് നൽകുന്നത്.

## സ്വയം പര്യാപ്ത ഗ്രാമം

49(554) <u>ശ്രീ. സജീവ് ജോസഫ്</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ടി നിയോജകമണ്ഡലത്തിൽ ഗതാഗതയോഗ്യമല്ലാത്ത പട്ടികജാതി കോളനി റോഡുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ടി നിയോജകമണ്ഡലത്തിൽനിന്നും 11 പട്ടികവർഗ്ഗ കോളനി റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പും കണ്ണൂർ ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം നവീകരിച്ച എസ്.സി./എസ്.ടി. കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടി നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ സ്വയംപര്യാപ്ത/ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ഇനി ഏതെല്ലാം എസ്.സി./എസ്.ടി. കോളനികളാണ് മേൽ പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം പുതിയ കോളനികളൊന്നും നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടില്ല.

**ആദിവാസികൾക്ക് വേണ്ടി വരടിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ**

50(555) ശ്രീ. വി. ശശി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റിയുടെ കൈവശമുള്ള വരടി മല ഫാമിൽ 1970-കളിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്?

(ബി) ആദിവാസികൾക്ക് വേണ്ടി വരടിമലയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; എത്ര രൂപയാണ് ചെലവഴിച്ചത്; എത്ര വീടുകളാണ് നിർമ്മിച്ചത്?

സംഘം പ്രവർത്തനമാരംഭിച്ചത് 1975-ലാണ്. 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828 രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക.

(സി) വരടിമല ഫാമിൽ എത്ര ഏക്കറിൽ കൃഷി നടത്തി; നിലവിൽ വരടിമല പുനരധിവാസ മേഖലയിൽ എത്ര കുടുംബങ്ങൾ സ്ഥിരതാമസമുണ്ട്?

സംഘത്തിന് സർക്കാരിൽനിന്നും അനുവദിച്ച ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു. നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിര താമസം ഇല്ല.

(ഡി) ഫാമിന്റെ തകർച്ചയ്ക്ക് കാരണമെന്തെന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകുമോ?

സംഘം തകർച്ചയിൽ ആയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ 1975-ൽ ആരംഭിച്ച ടി സ്ഥാപനം മെമ്പർമാർക്കും അവരുടെ ആശ്രിതർക്കും കൂടാതെ അട്ടപ്പാടിയുടെ വിവിധ ഭാഗങ്ങളിലുള്ള പട്ടികവർഗ്ഗക്കാർക്കും ഇപ്പോഴും തൊഴിൽ നൽകിവരുന്നു. സംഘത്തിന്റെ തനത് വരുമാനത്തിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായവും ലഭ്യമാക്കുന്നു.

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

51(556) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽനിന്നും 2708 പേർക്കായി 1870.41 ഏക്കർ ഭൂമിയും, വനാവകാശ നിയമപ്രകാരം 1564 പേർക്ക് 2063.58 ഏക്കർ ഭൂമിയും, ഭൂമി വില കൊടുത്തു വാങ്ങുന്ന പദ്ധതി പ്രകാരം 552 പേർക്ക് 185.22 ഏക്കർ ഭൂമിയും, 186 പേർക്കായി 27.30 ഏക്കർ റവന്യൂ ഭൂമിയും ഉൾപ്പെടെ 5010 പേർക്കായി 4146.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സുപ്രീംകോടതി വിധിപ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമി വിതരണം (കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകൾ), ലാൻഡ് ബാങ്ക് പദ്ധതി, വനാവകാശ നിയമം, മിച്ചഭൂമി വിതരണം എന്നിവ വഴി ഭൂമി കണ്ടെത്തി ഭൂരഹിതരും നാമമാത്രമായി ഭൂമിയുള്ളവർക്കും വിതരണം ചെയ്തുവരുന്നു.

(സി) ഇതിനു വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമല്ലെന്നു കണ്ടെത്തിയ ഭൂമിക്കു പകരം ഭൂമി ലഭ്യമാക്കിയും, വനാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ വിവിധ കമ്മിറ്റികൾ മുമ്പാകെ

പെൻഡിംഗിലുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായുള്ള എല്ലാപേർക്കും വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനും കൂടാതെ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്കു വാങ്ങിയും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നതാണ്.

(ഡി) ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം നൽകാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വനഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്നവരും എന്നാൽ തങ്ങളുടെ വനഭൂമിയിൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാതെ പോയവരുമായ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് വനാവകാശ നിയമം. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി വനാവകാശ നിയമപ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. ഇതിനായി 662 വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ ശിപാർശ SDLC, DLC തലങ്ങളിൽ ചർച്ച ചെയ്താണ് കൈവശാവകാശ രേഖ നൽകുന്നത്. നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിക്കുള്ള വ്യക്തിഗത അവകാശങ്ങളും, 174 പേർക്ക് സാമൂഹിക അവകാശങ്ങളും, 503 പേർക്ക് 187.38 ഏക്കർ ഭൂമിക്കുള്ള വികസന അവകാശങ്ങളും നൽകിയിട്ടുണ്ട്.

## ആദിവാസി വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് സൗകര്യങ്ങൾ

52(557) <u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിലെ വിദ്യാർത്ഥികളുടെ ഓൺ ലൈൻ പഠനത്തിനായി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വകുപ്പിനുകീഴിലുള്ള സാമൂഹ്യ പഠനമുറികൾ, നഴ്സറി സ്കൂളുകൾ, കിന്റർ ഗാർഡനുകൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നിവയ്ക്ക് പുറമെ അങ്കണവാടികൾ,

ഊരുവിദ്യാകേന്ദ്രങ്ങൾ എം.ജി.എൽ.സി.-കൾ എന്നിവിടങ്ങളിലും ഓൺലൈൻ പഠനത്തിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ വിക്ടേഴ്സ് ചാനലിൽ വരുന്ന ക്ലാസ്സുകൾ റിക്കോർഡ് ചെയ്ത് കോളനികളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നാദാപുരം മണ്ഡലത്തിലെ വാണിമേൽ, നേരിപ്പറ്റ, മരുതോങ്കര, കാവിലുംപാറ ഗ്രാമപഞ്ചയാത്തുകളിലെ വായാട്, പന്നിയേരി, കുറ്റല്ലൂർ, മാടഞ്ചേരി കെട്ടിൽ, കുടിൽപ്പാറ, അട്ടപ്പിൽ, വാളാന്തോട്, ഒടാങ്കോട് തുടങ്ങിയ ആദിവാസി കോളനികളിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് അടിയന്തര പ്രാധാന്യം നൽകി കെ- ഫോൺ സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഓൺലൈൻ പഠനത്തിനായി സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്ത കുട്ടികൾക്ക് ഡിജിറ്റൽ/ഓൺലൈൻ പഠനത്തിന് മൊബൈൽ ഫോൺ/ടാബ് മുതലായ സംവിധാനങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവിഭാഗക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈൻ വഴിയാക്കുന്നതിന് നടപടി

53(558) <u>ശ്രീ. മോൻസ് ജോസഫ്</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടേതു പോലെ പട്ടിക വിഭാഗക്കാരുടെയും ചികിത്സാ ധനസഹായം ഓൺലൈനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ധനസഹായപദ്ധതി 'ടി ഗ്രാന്റ്സ്' എന്ന ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ടും ആയതിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു കൊണ്ടും 31-10-2020-ലെ സ.ഉ.(കൈ)നമ്പർ 25/2020/പ.ജ.പ.വ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടിക വർഗ്ഗക്കാരുടെ ചികിത്സാസഹായം പ്രസ്തുത ആപ്ലിക്കേഷൻ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ 5,000 രൂപ വരെയുള്ള ചികിത്സാധനസഹായം ബന്ധപ്പെട്ട ജില്ലാ ആഫീസിൽനിന്നും നേരിട്ടും 5,000 രൂപയ്ക്ക് മുകളിൽ 25,000 രൂപ വരെയുള്ള ചികിത്സാധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും അനുവദിച്ച് വരുന്ന 25,000 രൂപയ്ക്ക് മുകളിലേയ്ക്കുള്ള അപേക്ഷകൾ സർക്കാർ തലത്തിലും കാലതാമസമില്ലാതെ അനുവദിച്ചു വരുന്നുണ്ട്.

(സി) ചികിത്സാ ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിന് എം.എൽ.എ.-മാർക്ക് പ്രത്യേക പോർട്ടൽ തയ്യാറാക്കുമോ?

31-10-2020-ലെ സ.ഉ.(കൈ) നമ്പർ 25/2020/പ.ജ.പ.വ.വി.വ. പ്രകാരം പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായ വിതരണത്തിനായി പുതുതായി തയ്യാറാക്കിയ 'ടി ഗ്രാന്റ്സ്' എന്ന വെബ് ആപ്ലിക്കേഷനിലെ മാർഗ്ഗനിർദേശങ്ങൾ പ്രകാരം എം.എൽ.എ.-മാരുടെ ശിപാർശക്കത്തുള്ള പക്ഷം അപേക്ഷ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്ക് നേരിട്ട് അയയ്ക്കാവുന്നതാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ അവകാശ സംരക്ഷണനിയമം

54(559) ശ്രീ. വി. ശശി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിനായി പട്ടികജാതി, പട്ടികവർഗ്ഗ അവകാശ സംരക്ഷണ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പൗരാവകാശ നിയമം (Protection of Civil Rights Act 1955) നിലവിലുണ്ട്. കൂടാതെ ഈ വിഭാഗക്കാർക്കുണ്ടാകുന്ന ചൂഷണത്തിൽനിന്നും സംരക്ഷണം നൽകുന്നതിനായി അതിക്രമം തടയൽ നിയമം (POA Act 1989) നിലവിലുണ്ട്. കൂടാതെ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും വകുപ്പു ഉറപ്പു വരുത്തുന്നുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടികവിഭാഗക്കാരുടെ സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച് വിലയിരുത്തിയ ശേഷമാണ് ടി വിഭാഗക്കാരെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ പുതുതായി ഒരു കമ്മീഷനെ നിയമിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം

55(560) ശ്രീ. യു. എ. ലത്തീഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച 2-7-2009-ലെ സ.ഉ(പി)നമ്പർ 50/2009/പജപവവിവ ഉത്തരവിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഇല്ല. 2-7-2009-ലെ സ.ഉ(പി)നമ്പർ 50/2009/പ.ജ.പവ.വി.വ എന്ന ഉത്തരവിലെ B(viii) ക്ലോസിൽ എം.ഫിൽ, പി.എച്ച്.ഡി, എം.ടെക്, എം.ലിറ്റ് തുടങ്ങിയ കോഴ്സുകളിൽ യു.ജി.സി./ഗേറ്റ് പാസ്സാകാത്ത വിദ്യാർത്ഥികൾക്ക് കാലാകാലങ്ങളിൽ യു.ജി.സി. അനുവദിക്കുന്ന തുകയുടെ 75% നിരക്കിൽ ഫെല്ലോഷിപ്പും, കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജെ.ആർ.എഫ് -ന് പ്രായപരിധി നിശ്ചയിച്ചുകൊണ്ട് യു.ജി.സി. പുറപ്പെടുവിച്ച ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് പട്ടിക വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾക്ക് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യം നിഷേധിച്ചിട്ടുണ്ടോ?

ഇല്ല.

(സി) ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രായപരിധി നിശ്ചയിച്ച പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തീരുമാനം പുനഃപരിശോധിച്ച് പ്രായഭേദമെന്യേ ഗവേഷണ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് 2-7-2009-ലെ സ.ഉ(പി)നമ്പർ 50/2009/പജ.പവ.വി.വ പ്രകാരം നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ യു.ജി.സി. ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് യു.ജി.സി. പ്രായപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ, ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## പ്രളയബാധിത പ്രദേശങ്ങൾ

56(561) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങളിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന ചെറുകിട സംരംഭകർക്ക് പലിശ രഹിത വായ്പ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന ചെറുകിട സംരംഭകർക്കായി പ്രത്യേക പദ്ധതി ഇല്ലെങ്കിലും പൊതുവായി ലഭിക്കുന്ന ആനുകൂല്യം ഇവർക്ക് ലഭിക്കുന്നതാണ്.

(ബി) എങ്കിൽ ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

(സി) ഈ പദ്ധതിയിൻകീഴിൽ ഇതിനകം എത്ര സംരംഭകർക്ക് ആനുകൂല്യം നൽകിയെന്നും ഇതിനായി എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

## തൊഴിൽ രഹിതരായ പട്ടിക ജനവിഭാഗങ്ങൾക്കുള്ള ആശ്വാസ നടപടികൾ

57(562) ശ്രീ തോമസ് കെ. തോമസ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽരഹിതരായ പട്ടിക സമുദായത്തിലെ ജനവിഭാഗങ്ങൾക്ക് കൂടുതൽ ആശ്വാസ നടപടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

&

(ബി) കോവിഡിന്റെ സാഹചര്യത്തിൽ സർക്കാർ ഈ വിഭാഗങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപയും, ഗ്രൂപ്പുകൾക്ക് 10.00 ലക്ഷം രൂപ വരെയും സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കോവിഡ് ബാധിതരായ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് അർഹതപ്പെട്ടവർക്ക് അടിയന്തര ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു .

## ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം

58(563) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ പൊതുജനങ്ങൾക്ക് ക്ഷേത്രങ്ങളിലേയ്ക്കുള്ള പ്രവേശനം നിഷേധിച്ചതോടുകൂടി ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുപോലും പണം ഇല്ലാത്ത സ്ഥിതിവിശേഷം വിവിധ ദേവസ്വം ബോർഡുകൾ അഭിമുഖീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കോവിഡ് മഹാമാരികാരണം പൊതുജനങ്ങൾക്ക് ക്ഷേത്രങ്ങളിലേയ്ക്ക് പ്രവേശനമില്ലാത്തതിനാൽ ദേവസ്വം ബോർഡുകൾക്ക് വരുമാനക്കുറവുണ്ടായിട്ടുണ്ട്.

(ബി) ശബരിമലയിൽ നിന്ന് കഴിഞ്ഞ സീസണിൽ ലഭിച്ച വരുമാനം എത്രയായിരുന്നു; മുൻ വർഷത്തെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ വരുമാന കുറവാണ് അനുഭവപ്പെട്ടത്; വ്യക്തമാക്കാമോ?

കഴിഞ്ഞ സീസണിൽ 9,90,08,065 രൂപയാണ് ശബരിമലയിലെ വരുമാനം. മുൻ വർഷത്തെ അപേക്ഷിച്ച് 153,78,25,627 രൂപയുടെ വരുമാനക്കുറവുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ദേവസ്വം ബോർഡുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വിഷയം പരിശോധിച്ച് വരുന്നു.

**ദേവസ്വം ബോർഡുകൾക്ക് സാമ്പത്തിക സഹായം**

59(564) ശ്രീ. മോൻസ് ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും പെൻഷനായവരുടെയും ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കോവിഡ് ലോക്ഡൗൺമൂലം സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളെ പ്രവേശിപ്പിക്കാൻ സാധിക്കാതിരുന്നതുമൂലമുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനും ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെയും പെൻഷനായവരുടെയും ആനുകൂല്യങ്ങൾ മുടങ്ങുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രളയത്തെ തുടർന്നും മറ്റ് വിവിധ കാരണങ്ങളാലും ഉണ്ടായ വരുമാനനഷ്ടം തടയുന്നതിന് അനുവദിച്ച 30 കോടി രൂപയ്ക്ക് പുറമേ കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തി 90 കോടി രൂപയും (ആകെ 120 കോടി) കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലോക്ഡൗൺമൂലം സംസ്ഥാനത്തെ ക്ഷേത്രങ്ങൾക്ക് ഉണ്ടായിരിക്കുന്ന വരുമാന നഷ്ടത്തിന്റെ ഭാഗമായി എന്തെങ്കിലും സാമ്പത്തിക സഹായം ദേവസ്വം ബോർഡുകൾക്ക് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

മേൽ പരാമർശിച്ച ധനസഹായത്തിന് പുറമേ അധിക ധനസഹായം അനുവദിക്കുന്നത് പരിശോധിച്ച് വരുന്നു.

(സി) ക്ഷേത്ര വഴിപാടുകൾ ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നതിനും ആയതിന്റെ വരുമാനം അതത് ക്ഷേത്രങ്ങൾക്കു നൽകുന്നതിനും വഴിപാട് പ്രസാദം പോസ്റ്റ് വഴി എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

ക്ഷേത്രങ്ങളിലെ ദർശന സമയം, പ്രസാദം, വഴിപാടുകൾ, പൂജകൾ, താമസ സൗകര്യം എന്നിവ മുൻകൂട്ടി ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നതിന് സഹായകമാകുന്ന തരത്തിൽ മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുവാൻ 20-8-2020-ലെ റവ-ദേവ 3/147/2020-റവ നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.) മുഖേന എല്ലാ ദേവസ്വങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു.

**ശബരിമലയുടെ വികസനം**

60(565) ശ്രീ. ഡി. കെ. മുരളി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ശബരിമലയുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് ശബരിമലയുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും പ്രസ്തുത പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയടക്കമുള്ള വിശദ വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി**

61(566) ശ്രീ. ഐ. ബി. സതീഷ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ പരിശോധിച്ച് വരികയാണ്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

62(567) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. 12-2-2021-ലെ GO(Ms) No. 57/2021/RD ഉത്തരവ് പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറുപടി ലഭ്യമായാലുടൻ ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ജീവനക്കാർ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നുമാണ് അനുവദിക്കേണ്ടത്. ജീവനക്കാർക്ക് പൂർണ്ണമായ ശമ്പളം നൽകുന്നതിന് മതിയായ ഫണ്ടില്ലാത്ത, വാർഷിക വരുമാനം 25 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും വ്യവസ്ഥകൾക്ക് വിധേയമായി ശമ്പള ധനസഹായം നൽകി വരുന്നുണ്ട്.

പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സംവിധാനമാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് എന്നതിനാൽ ശമ്പള ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ, സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്ന മുറയ്ക്ക്, തീർപ്പാക്കി, കഴിയുന്നതും വേഗത്തിൽ സാമ്പത്തികസഹായം അനുവദിച്ച് വരുന്നുണ്ട്.

**മലബാർ ദേവസ്വം ബോർഡ്**

63(568) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ നിലവിലെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഹിന്ദുമത ധർമ്മ സ്ഥാപന നിയമം റൂൾസ് 1951 സെക്ഷൻ 100(2)(y) പ്രകാരമുള്ളതാണ്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിലെ ഓഫീസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ KSR പാർട്ട് I, II പ്രകാരമുള്ളതാണ്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ, 12-2-2021-ലെ G.O.(Ms) No. 57/2021/RD പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) മലബാർ ദേവസ്വം ബോർഡിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എപ്പോഴാണെന്ന് അറിയിക്കാമോ?

നിലവിൽ 12-2-2021-ലെ G.O.(Ms) No. 57/2021/RD പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് 1-3-2009 പ്രാബല്യത്തിൽ 28-2-2009-ലെ G.O.(Ms) No. 116/2009/RD പ്രകാരമാണ് ശമ്പളം പരിഷ്കരിച്ചത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

64(569) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ജീവനക്കാർക്കായി സർക്കാർ പ്രഖ്യാപിച്ച ശമ്പള പരിഷ്കരണ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

&

(സി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് അറിയിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് മാത്രമാണ് സർക്കാർ നേരിട്ട് ശമ്പള പരിഷ്കരണ ശിപാർശ അംഗീകരിച്ചുനൽകുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-2-2021-ലെ G.O.(MS) No.57/2021/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത ഫിക്സേഷൻ ചട്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ വ്യക്തത വേണമെന്ന് ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ഇപ്പോൾ ധനകാര്യ വകുപ്പ് പരിഗണിച്ച് വരുന്നു മറുപടി ലഭിച്ചാലുടൻ ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

## ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം

65(570) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് ഉദ്യോഗങ്ങളിൽ നിലവിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ദേവസ്വം ബോർഡിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികവിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടക്കുന്ന നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് 2 ശതമാനവും സംവരണം നൽകിവരുന്നുണ്ട്. ദേവസ്വം ബോർഡുകൾക്ക് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. പട്ടിക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

(ബി) ദേവസ്വം ബോർഡിൽ ഹിന്ദു ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാരുടെ സംവരണം 17 ശതമാനമായും പട്ടികവർഗ്ഗക്കാരുടെ സംവരണം 3 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) ദേവസ്വം ബോർഡിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആകെ ജീവനക്കാരുടെ എണ്ണവും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു .

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

66(571) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഴക്കഞ്ചേരി, വണ്ടാഴി, ആലത്തൂർ, എരിമയൂർ, മേലാർകോട്, കുഴൽമന്ദം, തേങ്കുറുശ്ശി എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ 2016 മുതൽ 2020 വരെ നടത്തിയിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമെന്നും അതിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ?

ക്ഷേത്രങ്ങളുടെ പേര് വിവരങ്ങളും ക്ഷേത്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൈതൃക ഉത്സവ പട്ടിക

67(572) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ഉത്സവങ്ങളുടെ പട്ടികയിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഏതൊക്കെ ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പൈതൃക ഉത്സവ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(സി) കൂടുതൽ ക്ഷേത്രങ്ങൾ പൈതൃക ഉത്സവ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ - സി)വിവരം ശേഖരിച്ച് വരുന്നു

## കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട്

68(573) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവൽക്കരണം നടപ്പിലാക്കുവാനായി കേന്ദ്ര കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് പ്ലാനിംഗ് അതോറിറ്റി സംസ്ഥാന സർക്കാരിന് 2020-21 കാലഘട്ടത്തിൽ തുക അനുവദിച്ചിട്ടുണ്ടോ?

അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിലെ അംഗീകൃത ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻസ് പ്രകാരം പരിഹാരവനവൽക്കരണം, വന സംരക്ഷണം, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 15.78 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) കേരളത്തേക്കാൾ ചെറിയ സംസ്ഥാനങ്ങളായ ത്രിപുര, മിസോറാം, മണിപ്പൂർ, സിക്കിം എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയതിനേക്കാൾ കുറഞ്ഞ വിഹിതമാണോ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

1980-ലെ വനസംരക്ഷണ നിയമം അനുശാസിക്കുംപ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകുമ്പോൾ, യൂസർ ഏജൻസിയിൽ

നിന്ന് പരിഹാരവനവൽക്കരണം, എന്നിവയ്ക്കായി ഈടാക്കുന്ന തുകയാണ് നാഷണൽ ക്യാമ്പ സംസ്ഥാനങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. സംസ്ഥാനങ്ങളുടെ വലിപ്പച്ചെറുപ്പമോ മറ്റു മാനദണ്ഡങ്ങളോ അടിസ്ഥാനമാക്കിയല്ല കേന്ദ്ര സർക്കാർ ടി തുക നൽകുന്നത്. ഇത്തരത്തിൽ നാഷണൽ ക്യാമ്പ് 29-8-2019-ലെ F.No. 11-100/2015-FC നമ്പർ കത്ത് മുഖേന കേരള സംസ്ഥാനത്തിനായി 81.59 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. കേരളത്തിന് ലഭിക്കേണ്ടതായ തുക തന്നെയാണ് ലഭിച്ചിട്ടുള്ളത്.

## വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കാനുള്ള നടപടി

69(574) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഫയർ അലർട്ട് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, വൈൽഡ് ലൈഫ് വാർഡന്മാരും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഫോറസ്റ്റ് ഫയർ പോർട്ടൽ ലിങ്കിൽ ന്യൂ യൂസർ രജിസ്ട്രേഷൻ എന്ന ഓപ്ഷനിൽ ക്ലിക് ചെയ്ത് പേരും

മൊബൈൽ നമ്പരും രജിസ്റ്റർ ചെയ്താൽ ഫയർ അലർട്ടിന്റെ എസ്.എം.എസ്. ലഭ്യമാകുന്നതാണ്. അപ്രകാരം പൊതുജനങ്ങളും, വനം വകുപ്പ് ജീവനക്കാരും ഉൾപ്പെടെ കേരളത്തിൽനിന്നും 3700 പേർ നാളിതുവരെ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.എസ്.ഐ.-യുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന തീയുടെ വിവരം, കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിന്റെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

(ബി) അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം 2016 മുതൽ വനം വകുപ്പ് ആസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ എല്ലാ സർക്കിൾ, ഡിവിഷൻ, റേഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തലങ്ങളിലും ഫയർ സീസണിൽ ഫയർ കൺട്രോൾ റൂമുകളും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ച് വരുന്നു ജനുവരി മുതൽ മേയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫയർ സെല്ലിൽനിന്നും യഥാസമയം സർക്കിൾ, ഡിവിഷൻതല കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) കാട്ടുതീ സാധ്യത മുൻകൂട്ടി അറിയുവാൻ ഫയർ വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ?

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ കാലാവസ്ഥ ഘടകങ്ങൾ ആസ്പദമാക്കി കാട്ടുതീ പടരുവാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ വിവരം മുൻകൂട്ടി (Forest Fire Early Warning Alert System) ഇ-മെയിൽ മുഖാന്തരം ലഭ്യമാക്കുന്നു.

(ഡി) കാട്ടുതീയിൽ നിന്നുള്ള വനസംരക്ഷണ പ്രവൃത്തികൾ വിലയിരുത്തുന്നതിനും മറ്റ് വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കാട്ടുതീയിൽ നിന്നുള്ള വനസംരക്ഷണ പ്രവൃത്തികൾ വിലയിരുത്തുന്നതിനും മറ്റ് വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാന തലത്തിൽ 14-3-2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 89/2017/വനം പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വനം വകുപ്പ് മേധാവി ചെയർമാനായിട്ടുള്ള ഈ കമ്മിറ്റിയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ /ഡയറക്ടർ ജനറൽ (ഫയർ & റസ്ക്യൂ സർവീസസ്)/ ലാൻഡ് റവന്യൂ കമ്മീഷണർ /ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, (പി. എച്ച്. ക്യൂ.)/ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി/ ആരോഗ്യ വകുപ്പ് ഡയറക്ടർ/പഞ്ചായത്ത് വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (F,L&R) കൺവീനറുമാണ്. വരൾച്ചമൂലം വനത്തിന് ഉണ്ടാകാനിടയുള്ള നാശനഷ്ടങ്ങൾ മറ്റ് വകുപ്പുകളുമായി ചേർന്ന് വിലയിരുത്തുക, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക, ഭാവിയിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി അതാത് ഫയർ സീസണുകളെ വിലയിരുത്തുക മുതലായവയാണ് ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ.

## വന വിസ്തൃതി

70(575) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി നിലവിൽ എത്ര ഹെക്ടറാണ്; കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വനവിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി; അറിയിക്കാമോ?

സംസ്ഥാനത്തിന്റെ വനവിസ്തൃതി 2018-19 വർഷത്തെ വനം വകുപ്പ് ഭരണ റിപ്പോർട്ട് പ്രകാരം 11,520.058 ച.കി.മീറ്ററാണ്. പത്തുവർഷം മുമ്പുള്ള 2008-09 വർഷത്തെ ഭരണറിപ്പോർട്ട് പ്രകാരം വനവിസ്തൃതി 11,309.4754 ച.കി.മീറ്റർ ആയിരുന്നു. അപ്രകാരം ടി പത്ത് വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 1.86 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019-20, 2020-21- വർഷങ്ങളിലെ ഭരണ റിപ്പോർട്ട് തയ്യാറാകുന്നതേയുള്ളൂ.

(ബി) കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത് രാജ്യത്തിന്റെ മൊത്തം കാർബൺ ശേഖരണത്തിന്റെ എത്ര ശതമാനം വരും; വ്യക്തമാക്കുമോ?

കണക്കാക്കിയുണ്ട്. 2019-ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ India State of Forest Report (ISFR) പ്രകാരം കേരളത്തിലെ വനങ്ങളുടെ കാർബൺ ശേഖരം 21,29,56,000 ടൺ ആണ്. ടി റിപ്പോർട്ട് പ്രകാരം ഇത് രാജ്യത്തിന്റെ മൊത്തം കാർബൺ ശേഖരണത്തിന്റെ 2.989 ശതമാനമാണ്.

## വനഭൂമി സംരക്ഷണം

71(576) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമിയാണ് സംരക്ഷിതവനമായി മാറ്റുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 132.09 ഏക്കർ ഭൂമി സംരക്ഷിതവനമായി മാറ്റുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | സംരക്ഷിതവനമായി മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| 1 | കൊല്ലം | 9.47 |
| 2 | ആലപ്പുഴ | 97.50 |
| 3 | കോട്ടയം | 18.50 |
| 4 | ഇടുക്കി | 6.62 |
| | ആകെ | 132.09 |

(ബി) കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുണ്ടായിരുന്ന ഭൂമി സംരക്ഷിത വനമായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കീഴിലുണ്ടായിരുന്ന 137.411 ഹെക്ടർ ഭൂമി 30-1-2017-ലെ വിജ്ഞാപന പ്രകാരം സംരക്ഷിതവനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഇതിന്റെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

1961-ലെ കേരള വനം ആക്ടിന്റെ (1962-ലെ 4) 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി 30-1-2017-ലെ എസ്.ആർ.ഒ. നമ്പർ 74/2017 ജി.ഒ.(പി)1/2017/വനം പ്രകാരം റിസർവ് വനമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസറെ ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ കേരള വന നിയമം 6-ാം വകുപ്പ് പ്രകാരമുള്ള 21-6-2017 തീയതിവച്ചുള്ള വിളംബരം 1-8-2017-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ആയതിനുശേഷം സെക്ഷൻ 19 പ്രകാരമുള്ള അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്.

**വൃക്ഷത്തൈ വിതരണം**

72(577) ഡോ. മാത്യൂ കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വനം വകുപ്പ് വിതരണം ചെയ്ത പകുതിയോളം വൃക്ഷത്തൈകൾ തുടർപരിപാലനം ഇല്ലാത്തതിനാൽ നശിച്ചുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് ഉല്പാദിപ്പിച്ച് വിതരണംചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 കാലഘട്ടങ്ങളിൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(ബി) 2016 മുതൽ 2020 വരെ ഓരോ വർഷവും എത്ര വൃക്ഷത്തൈകളാണ് വനം വകുപ്പ് വിതരണം ചെയ്തതെന്നും അതിനായി പ്രസ്തുത വർഷങ്ങളിൽ ഓരോന്നിലും എന്ത് തുക ചെലവ് ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 2016-17 മുതൽ 2019-20 വരെ 269.90 ലക്ഷം വൃക്ഷത്തൈകൾ വിതരണം

ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള തൈകളുടെ എണ്ണം താഴെ പറയുന്നു:

| വർഷം | തൈകളുടെ എണ്ണം | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 69.98 | 1110.80 |
| 2017-18 | 78.15 | 1188.25 |
| 2018-19 | 63.18 | 975.79 |
| 2019-20 | 58.59 | 1025.21 |
| ആകെ | 269.90 | 4300.05 |

(സി) വിതരണം ചെയ്യുന്ന തൈകളുടെ അതിജീവനം വിലിയിരുത്തുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദമാക്കുമോ?

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സൗജന്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതുവഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും, ഉന്നതവിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള

കമ്മറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) വൃക്ഷത്തൈ വിതരണത്തിനും, പരിപാലനത്തിനും നിലവിലുള്ള സംവിധാനം ഫലപ്രദമല്ലാത്തതിനാലാണ് വിതരണം ചെയ്യുന്ന തൈകളിൽ കൂടുതലും നശിക്കുവാൻ കാരണമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

വൃക്ഷത്തൈ വിതരണത്തിനും, പരിപാലനത്തിനും നിലവിലുള്ള സംവിധാനം ഫലപ്രദമാണ്.

**ഫോറസ്റ്റ് ലൈസൻസ്**

73(578) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002 ഒക്ടോബർ 30-ന് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തനാനുമതി ഇല്ലാത്തതുമായ തടിമില്ലുകൾക്കും മരാധിഷ്ഠിത വ്യവസായശാലകൾക്കും ഫോറസ്റ്റ് ലൈസൻസ് നൽകുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏതെങ്കിലും നിബന്ധനകളുടെ അടിസ്ഥാനത്തിലാണോ ഇപ്രകാരം ലൈസൻസ് പുതുക്കുന്നത്; വിശദാംശം നൽകുമോ?

അതെ. Kerala Forest (Regulation of Sawmills and Other Wood - based Industrial Units) Rules, 2021 ചട്ടം 3(3) പ്രകാരം, മനഃപൂർവ്വമല്ലാത്തതോ, മറ്റു ന്യായമായ കാരണങ്ങളാലോ മുൻകാലങ്ങളിൽ അനുവദിച്ച സമയപരിധിക്കുള്ളിൽ ഫോറസ്റ്റ് ലൈസൻസിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവരും, സംസ്ഥാനത്ത് 30-10-2002-ന് മുൻപ് മുതൽ പ്രവർത്തിച്ച്

വരുന്നതുമായ തടിമില്ല് ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായ സ്ഥാപന ഉടമകൾക്ക് ഫോറസ്റ്റ് ലൈസൻസിനായും, കൂടാതെ ചട്ടം 3(6) അനുസരിച്ച് വ്യക്തമായ കാലാവധി രേഖപ്പെടുത്താത്ത ലൈസൻസ്/ എൻ.ഒ.സി, ഉപയോഗപ്പെടുത്തി പ്രവർത്തിച്ചുവരുന്നതുമായ സാമിൽ/മരാധിഷ്ഠിത വ്യവസായങ്ങൾക്ക് കാലാവധി രേഖപ്പെടുത്തിയ പുതിയ ലൈസൻസ് ലഭിക്കുന്നതിനുമുള്ള അപേക്ഷകൾ ടി നിയമം നിലവിൽ വന്ന തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ലൈസൻസ് പുതുക്കുന്നതിനായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രയെണ്ണത്തിന് ലൈസൻസ് അനുവദിച്ചു?

12-2-2021-ലെ G.O.(P) No.2/2021/F&WLD (SRO No.162/2021) നിലവിൽ വന്നതിനുശേഷം 30-10-2002-ന് മുമ്പ് പ്രവർത്തനം ആരംഭിച്ച മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനായി 141 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അപേക്ഷകളിൽ 4 എണ്ണത്തിന് ബന്ധപ്പെട്ട ആതറൈസ്ഡ് ഓഫീസർമാർ അനുമതി നൽകിയിട്ടുള്ളതാണ്.

## വനം കയ്യേറ്റം

74(579) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമി കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

(1) വനത്തിനുള്ളിലേയും വനാതിർത്തികളിലേയും സ്റ്റാഫിന്റെ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കും. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾതന്നെ തടയുകയും പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതുമാണ്.

(2) ഉദ്ദേശം 1000 കി.മീ. വനാതിർത്തികൾ സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുവാനായി ഇനിയും അവശേഷിക്കുന്നുണ്ട്. ടി ശേഷിക്കുന്ന വനാതിർത്തികളിൽ ജണ്ട നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

(3) സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റു രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ സമയബന്ധിതമായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(4) വനഭൂമി കൈക്കലാക്കുവാൻ ഉദ്ദേശിച്ച് വിവിധ കോടതികളിൽ ഉണ്ടാകുന്ന കേസ്സുകളുടെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പാക്കും.

(ബി) വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 70,306 സ്ഥിരം ജണ്ടകൾ കെട്ടി ഉദ്ദേശം 3,260 കി.മീ. വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി), 2019-20-ൽ 11,779 ജണ്ടകളും (ഉദ്ദേശം 580 കി.മീ. വനാതിർത്തി), 2020-21-ൽ 16,993 ജണ്ടകളും (ഉദ്ദേശം 750 കി.മീ. വനാതിർത്തി) നിർമ്മിച്ചിട്ടുണ്ട്. ഏകദേശം 1000 കി.മീ. വനാതിർത്തികളിലായി ഉദ്ദേശം 25,000 സ്ഥിരം ജണ്ടകൾ നിർമ്മിക്കുവാൻ ഇനിയും അവശേഷിക്കുന്നുണ്ട്. ടി ശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണവും 2-3 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(സി) വനാതിർത്തി സർവ്വേ ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്?

2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു.

ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. 4-4-2016-ലെ G.O.(P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ട്രെയിനിംഗിൽ വിജയികളായ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ഡി) സർവ്വേ ജോലികൾക്കായുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സർവ്വേ ജോലികൾക്കുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി 2016-17 മുതൽ വനം വകുപ്പിലെ 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്ക് സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. ഇവരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്.

### വാമനപുരം നിയോജകമണ്ഡലത്തിലെ വനം കാവൽക്കാർ

75(580) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട്, കുളത്തുപ്പുഴ ഡിവിഷനുകളിൽ വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര വനം കാവൽക്കാർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കാമോ?

പാലോട് റെയ്ഞ്ചിൽ 50-ഉം, കുളത്തുപ്പുഴ റെയ്ഞ്ചിൽ 32-ഉം വനം കാവൽക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) അതിൽ സ്ഥിരം ജീവനക്കാർ എത്ര; താൽക്കാലിക ജീവനക്കാർ എത്ര?

പാലോട് റെയ്ഞ്ചിൽ 8 സ്ഥിരം ജീവനക്കാരും, 42 താൽക്കാലിക ജീവനക്കാരും, കുളത്തുപ്പുഴ റെയ്ഞ്ചിൽ 22 സ്ഥിരം ജീവനക്കാരും, 10 താൽക്കാലിക ജീവനക്കാരുമുണ്ട്.

(സി) സ്ഥിര ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും വേതനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

സ്ഥിരംജീവനക്കാർക്ക് അതാത് തസ്തികയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്കെയിലുകളിലുള്ള ശമ്പളവും, താൽക്കാലിക ജീവനക്കാർക്ക് ഹാജരായിട്ടുള്ള ദിവസങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതനമായ 659 രൂപ + വി.ഡി.എ.-യും നൽകിവരുന്നു.

(ഡി) പ്രസ്തുത ജീവനക്കാർക്ക് ഏതുമാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്ഥിരം ജീവനക്കാർക്ക് മേയ് മാസം വരെയുള്ള ശമ്പളവും, താൽക്കാലിക ജീവനക്കാർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഫെബ്രുവരി, മാർച്ച് മാസം വരെയുള്ള വേതനവും നൽകിയിട്ടുള്ളതാണ്.

(ഇ) പ്രസ്തുത ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് എന്താണ് തടസ്സം എന്നറിയിക്കാമോ?

താൽക്കാലിക ജീവനക്കാരെ നിയോഗിക്കുന്നത് പദ്ധതി ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ ഭാഗമായാണ്. ആയതിനാൽ തന്നെ പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്കാണ് താൽക്കാലിക ജീവനക്കാരുടെ വേതനം നൽകിവരുന്നത്. ഈ സാമ്പത്തിക വർഷം (ഏപ്രിൽ 2021), മൊത്തം പദ്ധതി വിഹിതത്തിന്റെ 33% മാത്രമാണ് വോട്ട് ഓൺ അക്കൗണ്ടായി ലഭിച്ചത്. ടി ലഭ്യമായ തുക വനം വകുപ്പിന്റെ വിവിധ ആഫീസുകളിലായി വിതരണം ചെയ്തിട്ടുള്ളതാണ്. ഏപ്രിൽ-മേയ് മാസങ്ങളിൽ പല ദിവസങ്ങളിലായി ട്രഷറിയുടെ സെർവ്വർ മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് ട്രാൻസ്ഫർ നടത്തുന്ന ബാംസ് (BAMS) സംവിധാനവും, ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ബിംസ് (BIMS) സംവിധാനവും പ്രവർത്തന രഹിതമായതും ശമ്പളം നൽകുന്നതിന് കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(എഫ്) എല്ലാ ജീവനക്കാർക്കും കുടിശ്ശിക വരാതെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മതിയായ ഫണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭിക്കുന്ന മുറയ്ക്ക് വേതനം കുടിശ്ശിക വരാതെ നൽകാൻ സാധിക്കും.

## വിരമിച്ച ഉദ്യോഗസ്ഥർ സർക്കാർ ക്വാർട്ടേഴ്സുകൾ ഒഴിയുന്നില്ലായെന്ന പരാതി

76(581) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽനിന്നും വിരമിച്ച ഉന്നത ഉദ്യോഗസ്ഥർ സർക്കാർ ക്വാർട്ടേഴ്സുകൾ ഒഴിയുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021 ഫെബ്രുവരി 28-ന് വിരമിച്ച മുൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാർ ക്വാർട്ടേഴ്സ് ഒഴിഞ്ഞിട്ടില്ലെന്ന പരാതി സർക്കാരിൽ കിട്ടിയിട്ടുണ്ട്.

(ബി) വിരമിച്ച ശേഷം എത്ര കാലം വരെ സർക്കാർ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സിൽ തുടരാം എന്ന് വെളിപ്പെടുത്തുമോ?

ആറുമാസം.

(സി) വിരമിച്ച ഉദ്യോഗസ്ഥർ നിശ്ചിത സമയത്തിനുള്ളിൽ ക്വാർട്ടേഴ്സ് ഒഴിയുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

77(582) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2020 വരെയുള്ള കാലയളവിൽ വനം-വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, അതിനു വേണ്ടി അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

വിശദാംശം ചുവടെ നൽകുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ചതുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജണ്ടനിർമ്മാണം-1301 എണ്ണം | 61.48 |
| 2 | സൗരോർജ്ജവേലി-4.6 കി. മി. പുല്ലം-പരുത-പനംകുറ്റി | 7.94 |
| | ആകെ | 69.42 |

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും, ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ നൽകുന്നു:

| ക്രമ നമ്പർ | വനവൽക്കരണ പ്രവർത്തനങ്ങൾ | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മുരിങ്ങമല മിസ് പ്ലാന്റേഷൻ - 3 ഹെക്ടർ | 2.82 |
| 2 | പാലക്കുഴി മിസ് പ്ലാന്റേഷൻ - 2.02 ഹെക്ടർ | 2.93 |
| 3 | മച്ചോട് ടീക്ക് പ്ലാന്റേഷൻ രണ്ടാം വർഷപരിപാലനം | 0.53 |
| 4 | മച്ചോട് ടീക്ക് പ്ലാന്റേഷൻ ഒന്നാം വർഷപരിപാലനം | 1.11 |
| 5 | അണക്കപ്പാറ മിസ്, പ്ലാന്റേഷൻ | 1.85 |
| | ആകെ | 9.24 |

## ഗ്രീൻ ഗ്രാഫ് പദ്ധതി

78(583) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷത്തൈ നടുന്നതിന് വനം വകുപ്പ് ഉപയോഗിക്കുന്ന പോളിത്തീൻ ബാഗുകൾക്ക് പകരം കമ്പോസ്റ്റിബിൾ കവർ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

വനം വകുപ്പ് തൈകൾ വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന പോളിത്തീൻ കവറുകൾ ഘട്ടംഘട്ടമായി മാറ്റി ബദൽ സംവിധാനം കണ്ടെത്തുന്നതിനുള്ള വിവിധ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കയർ പിത്ത് (ചകിരിച്ചോർ) ഉപയോഗിച്ചുള്ള റൂട്ട് ട്രൈനർ സെല്ലുകൾ മറ്റ് കണ്ടെയ്നറുകളെ അപേക്ഷിച്ച് ഈട് നിൽക്കുന്നതായും, പരിസ്ഥിതി സൗഹാർദ്ദമായതുമാണെന്ന് കണ്ടെത്തുകയുണ്ടായി. ടി കണ്ടെയ്നറുകളിൽ 6 മാസം വരെ തൈകൾ നഴ്സറിയിൽ സൂക്ഷിക്കാവുന്നതാണെന്നും പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. 2020 വർഷത്തിൽ ഒരുലക്ഷത്തിലേറെ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ തയ്യാറാക്കിയിട്ടുള്ളതാണ്. വരുംവർഷങ്ങളിൽ കൂടുതൽ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ വളർത്തിയെടുക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ബി) വനങ്ങളെ അതിൽ നിക്ഷേപിക്കപ്പെട്ട മാലിന്യ ഭീഷണിയിൽനിന്നും മുക്തമാക്കുന്നതിന് ഗ്രീൻ ഗ്രാഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന തരത്തിൽ പ്ലാസ്റ്റിക്ക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇത് തടയുന്നതിനും, മാലിന്യങ്ങൾ നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി 871.50 ലക്ഷം രൂപ ചെലവഴിച്ച് 2019-20, 2020-21, 2021-22 എന്നീ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കുന്നതിന് ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്ന പദ്ധതിക്ക് 24-12-2019-ലെ G.O. (Rt) No. 506/2019/വനം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ വിവിധ

എൻ.ജി.ഒ.കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ PWD, ശുചിത്വമിഷൻ, തുടങ്ങി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിൽ വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും രാത്രികാല പട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിലേയ്ക്ക് 20 ലക്ഷം രൂപ ഫണ്ട് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഈ പദ്ധതിക്കായി ഇക്കോടൂറിസം ബഡ്ജറ്റ് ശീർഷകത്തിൽനിന്നും 8 ലക്ഷം രൂപയും CAMPA ഫണ്ടിൽനിന്നും 5 ലക്ഷം രൂപയും വിവിധ വനം സർക്കിളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിലെ സാമ്പത്തിക വർഷം (2021-22) ഈ പദ്ധതിക്കായി ഇക്കോടൂറിസം ബഡ്ജറ്റ് ശീർഷകത്തിൽനിന്നും 35.64 ലക്ഷം രൂപ വിവിധ വനം സർക്കിളുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൻ കീഴിൽ എത്ര ടൺ പ്ലാസ്റ്റിക് മാലിന്യം വനങ്ങളിൽനിന്നും നീക്കം ചെയ്യുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ?

ഈ പദ്ധതിയിൻ കീഴിൽ 2021 ഫെബ്രുവരി വരെ 1869 ടൺ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വനങ്ങളിൽനിന്നും നീക്കം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ശല്യത്തിന് പരിഹാരം

79(584) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനും കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിനും വനത്തിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പുല്ലുവർഗ്ഗങ്ങളും മറ്റു തദ്ദേശീയമായി കാണുന്ന സസ്യങ്ങളും കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിന് വനത്തിൽ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ ശിപാർശ എന്താണ്; അറിയിക്കാമോ?

വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടില്ല.

(സി) വനം വകുപ്പിന് കീഴിലുള്ള തേക്ക് മരങ്ങൾ മുറിച്ചുമാറ്റി അവിടെ ഫലവൃക്ഷങ്ങൾ അടങ്ങുന്ന സ്വാഭാവിക വനവൽക്കരണം നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെടുന്ന തേക്ക് തോട്ടങ്ങളിൽനിന്നും പാകമായ തേക്കുമരങ്ങൾ മുറിച്ച് സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് ഒരു വിദഗ്ധ സമിതി 10-5-2019-ലെ സ.ഉ.(സാധാ) നമ്പർ168/2019/വനം എന്ന ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് രൂപം നൽകുകയോ കേന്ദ്രാനുമതിക്ക് അയക്കുകയോ ചെയ്തിട്ടില്ല.

**വന്യജീവി ആക്രമണത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത്**

80(585) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നാശമുണ്ടായാൽ കർഷകർക്ക് നഷ്ടപരിഹാരമായി എന്തൊക്കെയാണ് നൽകുന്നത് എന്ന് അറിയിക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം, സ്വത്ത് നാശം, പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനായി 1980-ൽ സർക്കാർ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിളനാശത്തിന് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം എന്ന സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട, മുതുകാട്, ചക്കിട്ടപാറ പ്രദേശങ്ങളിൽ കാട്ടുമൃഗങ്ങൾ വ്യാപകമായി കൃഷിനാശം ഉണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

മേൽ പറയുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് "ഇ-ഡിസ്ട്രിക്ട്" പോർട്ടൽ മുഖാന്തരം ലഭിക്കുന്ന അപേക്ഷകളിൽ നഷ്ടപരിഹാരം 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം എന്ന ഉത്തരവ് പ്രകാരം നൽകിവരുന്നുണ്ട്. ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുവാനുള്ള അനുവാദം 18-2-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ, 29-5-2021 -ലെ സ.ഉ. (സാധാ) നമ്പർ 159/2021/ വനം ഉത്തരവ് പ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ കോഴിക്കോട് ജില്ലയിൽ നാളിതുവരെ ശല്യക്കാരായ 70 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകൾ പെടുന്ന പെരുവണ്ണാമുഴി റെയിഞ്ചിൽ 2018-19 മുതൽ 2020-21 വരെ കൃഷിനാശത്തിന് നഷ്ടപരിഹാരമായി 8,18,773 രൂപ നൽകിയിട്ടുണ്ട്.

## ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി

81(586) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് ക്രാഷ് ഗാർഡ് ഫെൻസിംഗ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെ 6 കി.മീ. നീളത്തിലും സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 14.5 കി.മീ.-ൽ ഏകദേശം 2.5 കി.മീ. ദൂരവും വരുന്ന ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് മാനന്തവാടി നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്നതാണ്.

(ബി) നിലവിൽ പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങളിലെ പുരോഗതി അറിയിക്കാമോ?

നോർത്ത് വയനാട് വനം ഡിവിഷനിലെ കൂടൽകടവ് മുതൽ പാൽവെളിച്ചം വരെയുള്ള 6 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ നിർമ്മാണത്തിന് വേണ്ടി അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ മുതൽ ദാസനക്കര വരെയുള്ള 2.5 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ട്.

(സി) ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ക്രാഷ്ഗാർഡ് ഫെൻസിംഗും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗും മറ്റ് പ്രതിരോധ മാർഗ്ഗങ്ങളെക്കാൾ വളരെ ചെലവ് കൂടിയതാണ്. ആയതിനാൽ, ഫണ്ടിന്റെ ലഭ്യതയും വന്യമൃഗശല്യത്തിന്റെ രൂക്ഷതയും അടിസ്ഥാനമാക്കി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വന്യജീവികളുടെ ആക്രമണം

82(587) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിന് വിധേയരായി ഗുരുതരമായി പരിക്കുപറ്റിയവർക്കും ജീവഹാനി നേരിട്ടവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക ഏത് കാലയളവിലുള്ളതുവരെ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

വന്യജീവികളുടെ ആക്രമണത്തിന് വിധേയരായി ഗുരുതരമായി പരിക്കുപറ്റിയവർക്കും ജീവഹാനി നേരിട്ടവർക്കും നഷ്ടപരിഹാരത്തുക 2020-21 വരെ മിക്കവാറും ഡിവിഷനുകളിൽ നൽകിയിട്ടുണ്ട്. എന്നാൽ, ഫണ്ടിന്റെ അപര്യാപ്തതമൂലം ചില ഡിവിഷനുകളിൽ 2018-19 വരെ മാത്രമേ നൽകിയിട്ടുള്ളൂ. അവശേഷിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക നിയമാനുസൃത രേഖകൾ ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചും വിതരണം ചെയ്യുന്നതാണ്.

(ബി) മരണപ്പെട്ടവർക്കും പരിക്കുപറ്റുന്നവർക്കും നൽകുന്ന തുകയുടെ തോത് എത്രയെന്ന് അറിയിക്കാമോ?

5-4-2018-ലെ സ.ഉ. (കൈ)നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നു വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാത്തുക മുഴുവനായും നൽകിവരുന്നുണ്ട്.

(സി) അവശേഷിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

അവശേഷിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുകയുടെ കുടിശ്ശിക നിയമാനുസൃത രേഖകൾ ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ചും വിതരണം ചെയ്യുന്നതാണ്.

(ഡി) വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുടിശ്ശിക തുക നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വന്യജീവികൾമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള കുടിശ്ശിക ഈ സാമ്പത്തിക വർഷം ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**വന്യമൃഗങ്ങളുടെ ശല്യം**

83(588) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണം എന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കാട്ടുപന്നിശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ വന്യജീവി സംരക്ഷണ നിയമത്തിലെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചുവെങ്കിലും വന്യജീവിസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. തുടർന്ന് ടി കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകുന്നതിലേക്കായി കേന്ദ്ര സർക്കാരിന് വീണ്ടും കത്തയച്ചിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ വനംവകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം (നിലമ്പൂർ), കോഴിക്കോട്, പാലക്കാട് (മണ്ണാർക്കാട്), തിരുവനന്തപുരം (പേപ്പാറ), റാന്നി, എറണാകുളം (കോടനാട്) എന്നീ സ്ഥലങ്ങളിലായി 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

## വന്യജീവി ആക്രമണം

84(589) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയുടെയും മറ്റ് വന്യജീവികളുടെയും ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെങ്കിലും ധനസഹായങ്ങളോ ആനുകൂല്യങ്ങളോ നൽകുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര രൂപയാണ് ഈ ഇനത്തിൽ നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്ന വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകിവരുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഈ ഇനത്തിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| സർക്കിൾ | നഷ്ടപരിഹാരത്തുക (ലക്ഷത്തിൽ) |
|---|---|
| ഉത്തരമേഖലാ വന്യജീവി വിഭാഗം, പാലക്കാട് | 91.53 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 11.99 |
| ഫീൽഡ് ഡയറക്ടർ, പ്രോജക്റ്റ് ടൈഗർ, കോട്ടയം. | 68.23 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 606.87 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 919.27 |
| സതേൺ സർക്കിൾ, കൊല്ലം | 433.52 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 816.97 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 327.59 |
| ആകെ | 3275.97 |

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ട ആളുകളുടെ എണ്ണമെത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കേരളത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ട ആളുകളുടെ (പാമ്പുകടിയേറ്റുള്ള മരണം സഹിതം) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

| ജില്ല | പാമ്പുകടിയേറ്റുള്ള മരണം | മറ്റു വന്യജീവികൾ മൂലമുള്ള മരണം | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 21 | 9 | 30 |
| കൊല്ലം | 46 | 6 | 52 |
| പത്തനംതിട്ട | 26 | 6 | 32 |
| കോട്ടയം | 17 | 1 | 18 |
| ആലപ്പുഴ | 51 | 0 | 51 |
| ഇടുക്കി | 22 | 44 | 66 |
| എറണാകുളം | 42 | 8 | 50 |

| (1) | (2) | (3) | (4) |
|---|---|---|---|
| തൃശ്ശൂർ | 87 | 87 | 174 |
| പാലക്കാട് | 192 | 59 | 251 |
| മലപ്പുറം | 79 | 18 | 97 |
| വയനാട് | 9 | 44 | 53 |
| കോഴിക്കോട് | 30 | 2 | 32 |
| കണ്ണൂർ | 85 | 15 | 100 |
| കാസർഗോഡ് | 22 | 20 | 42 |
| ആകെ | 729 | 319 | 1048 |

(സി) വയനാട് ജില്ലയിലെ കൽപ്പറ്റ, മേപ്പാടി എന്നീ വന മേഖലകളിൽ സ്ഥിരമായി കാട്ടാനശല്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷന് കീഴിലെ കൽപ്പറ്റ റെയിഞ്ചിന് പരിധിയിൽ വരുന്ന ചുണ്ടേൽ, വൈത്തിരി, അമ്മാറ, വട്ടവയൽ, ചേലോട്, പാറത്തോട്, 8-ാം മൈൽ, കുന്നംപുറം, സുഗന്ധഗിരി, കാപ്പിക്കളം, കുറ്റ്യാവയൽ, ബപ്പനം, സേട്ടുക്കുന്ന് എന്നീ ഭാഗങ്ങളിലും മേപ്പാടി റെയ്ഞ്ചിന്റെ പരിധിയിൽവരുന്ന വട്ടകണ്ട്, തളിമല, ചാരിറ്റി, വേങ്ങക്കോട്, ആനപ്പാറ, അരണമല, ലക്കിടി, ഓടത്തോട്, കുന്നംമ്പറ്റ, ചേമ്പ്ര, ആനക്കാട്, എളിമ്പിലേരി, ചുളുക്ക, കനേഡിയൻകുണ്ട്, അരണമല, പുഞ്ചിരിമറ്റം, അമ്പലക്കുന്ന്, അട്ടമല, ഏലമല ചെല്ലംങ്കോട്, അളകാപുരി, മീൻമുട്ടി, ചോലാടി എന്നീ വനമേഖലയോട് ചേർന്ന ഭാഗങ്ങളിലും കാട്ടാന ശല്യം അനുഭവപ്പെടുന്നുണ്ട്.

(ഡി) മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമായി വിപുലമായ നയം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്തുവരുന്നു:

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു

- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ ക്രേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവയുണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.
- വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.
- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2019/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.
- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിൻതിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.
- വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## വന്യജീവി ആക്രമണം നേരിടുന്ന സെറ്റിൽമെന്റുകൾ

85(590) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽനിന്നും കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനകം എത്ര കുടുംബങ്ങളെ ഇപ്രകാരം മാറ്റി പാർപ്പിച്ചുവെന്ന് അറിയിക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 320 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

(ബി) ഇനി എത്ര കുടുംബങ്ങളെ ഇത്തരത്തിൽ മാറ്റിപ്പാർപ്പിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള വനഗവേഷണകേന്ദ്രം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആകെ 800 കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിക്കാനുള്ളത്.

(സി) ഈ പദ്ധതിയോടുള്ള വനവാസി സമൂഹത്തിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ?

വനവാസി സമൂഹം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിക്ക് അനുകൂലമാണ്. അവരിൽനിന്നും അപേക്ഷകൾ ലഭിക്കുന്നുണ്ട്. കാടിനെ ആശ്രയിച്ച് സാമൂഹിക സാംസ്കാരിക ജീവിതം നയിക്കുന്ന വനവാസികൾ സാംസ്കാരിക പൈതൃകം നഷ്ടപ്പെടാതെ പുതിയ സ്ഥലത്തേയ്ക്ക് മാറി താമസിച്ച് വരുന്നുണ്ട്.

## വന്യജീവികളുടെ ആക്രമണം

86(591) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം ഇല്ലാതാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം ഇല്ലാതാക്കുന്നതിന് പുതുതായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്:-

- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജവേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗിനും പുറമെ പുതുതായി ഹാംഗിംഗ് ഫെൻസസ്, റെയിൽ ഫെൻസ് വയർ റോപ് ഫെൻസ്, ജൈവവേലി എന്നിവ നിർമ്മിച്ചുവരുന്നുണ്ട്.

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ വെടിയുടെ ഒച്ച കേൾപ്പിച്ച് ഭയപ്പെടുത്തി തിരിച്ച് കാട്ടിൽ വിടുന്നതിലേയ്ക്കായി പമ്പ് ആക്ഷൻ ഗണ്ണിന്റെ പ്രയോഗവും ഉപയോഗപ്പെടുത്തുന്നുണ്ട്.
- വന്യജിവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.
- വന്യജീവി ആക്രമണംമൂലം ജിവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര തുകയാണ് നഷ്ടപരിഹാരമായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജിവി ആക്രമണംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നു വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാത്തുക മുഴുവനായും നൽകിവരുന്നുണ്ട്.

(സി) വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എത്രയും വേഗം നഷ്ടപരിഹാരം നൽകുവാനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എത്രയും വേഗം നഷ്ടപരിഹാരം നൽകുവാനായി സർക്കാർ വെബ് പോർട്ടലായ ഇ-ഡിസ്ട്രിക്ട് മുഖാന്തരം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

**വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം**

87(592) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് അനുബന്ധിച്ചുള്ള ജനവാസകേന്ദ്രങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽനിന്ന് വർദ്ധിച്ച തോതിൽ ആക്രമണം നേരിടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

വനമേഖലയോട് അനുബന്ധിച്ചുള്ള ജനവാസ ക്രേന്ദങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽനിന്ന് ആക്രമണം നേരിടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്.

(ബി) ഇതു നേരിടുന്നതിന് രൂപീകരിച്ച റാപിഡ് റസ്പോൺസ് ടീമിന്റെ പ്രവർത്തനം ഫലപ്രദമാണോ; അല്ലെങ്കിൽ അത് ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമിനെ അടിസ്ഥാനമാക്കി ഏർളി വാണിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആറളം, സൈലന്റ് വാലി, മൂന്നാർ വന്യജീവി ഡിവിഷനുകളിലേയും, മറയൂർ, മാങ്കുളം, മൂന്നാർ, പുനലൂർ, അച്ചൻകോവിൽ, മണ്ണാർക്കാട്, പാലക്കാട് എന്നീ ഡിവിഷനുകളിലെ വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിൽ എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. നാട്ടിലേക്കിറങ്ങുന്ന

വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു. ഇതുകൂടാതെ, കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വനാതിർത്തികളിൽ നിന്ന് വന്യമൃഗങ്ങൾ ജനവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നും 2020-21-ൽ ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:-

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജിവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.
- വനാതിർത്തികളിൽ നിന്ന് വന്യമൃഗങ്ങൾ ജനവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിക്ക് 2020-21 ചെലവായ തുകയുടെ സർക്കിൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| സർക്കിൾ | ചിലവായ തുക (ലക്ഷത്തിൽ) |
|---|---|
| ഉത്തരമേഖലാ വന്യജീവി വിഭാഗം, പാലക്കാട് | 1445.20 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 17.003 |
| ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം. | 96.89 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 202.08 |
| ഉത്തരമേഖല സർക്കിൾ, കണ്ണൂർ | 366.43 |
| ദക്ഷിണമേഖല സർക്കിൾ, കൊല്ലം | 150.80 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 290.46 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 110.26 |
| ആകെ | 2679.123 |

## വന്യജീവി പ്രതിരോധം

88(593) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിയിടങ്ങൾ നശിപ്പിക്കുന്നതും കർഷകർക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി ശാസ്ത്രീയമായ എന്തെങ്കിലും മാർഗ്ഗങ്ങൾ കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്-

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജിവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജിവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷികവിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു

- വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം

89(594) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം രൂക്ഷമായ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ ഫെൻസിംഗും മറ്റ് പ്രതിരോധ നടപടികളും പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി എന്നീ മേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം തടയുന്നതിനായി സൗരോർജ്ജ വൈദ്യുത വേലികൾ സ്ഥാപിച്ചിട്ടുണ്ട്. ഉളിക്കൽ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം 10,940 കിലോമീറ്ററും പയ്യാവൂർ പഞ്ചായത്തിൽ 2015-16 വർഷം 4 കിലോമീറ്ററും 2020-21 വർഷം 5.5 കിലോമീറ്ററും ഉദയഗിരി പഞ്ചായത്തിൽ 2014-15 വർഷം 10 കിലോമീറ്ററും ആലക്കോട് പഞ്ചായത്തിൽ 2014-15 വർഷം 4.5 കിലോമീറ്ററും വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കുമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജിവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച്വരുന്നു. വന്യമൃഗങ്ങൾ നാട്ടിൽ ഇറങ്ങുന്നതും കൃഷിനാശം വരുത്തുന്നതും കുറയ്ക്കുന്നതിനായുള്ള മേൽപ്പറയുന്ന നടപടിക്കൊപ്പം തന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള സ്വയം സന്നദ്ധ പുനരധിവാസം പോലെയുള്ളവയും നടപ്പിലാക്കി വരുന്നുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായവും കൃഷിയും വസ്തുവകകളും നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരവും വർദ്ധിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

വന്യജീവികൾമൂലം കൃഷിനാശം, സ്വത്തുനാശം, പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നല്കുന്നതിനായി 1980-ൽ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിള നാശത്തിന് 8-1-2015-ലെ സ.ഉ. നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുന്ന പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നുണ്ട്. എല്ലാവർഷവും 10 കോടിയോളം രൂപ ഈ ഇനത്തിൽ വനം വകുപ്പ് നൽകിവരുന്നുണ്ട്. നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് വരുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ഇപ്രകാരം ഉയർന്ന നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്ന സംസ്ഥാനമാണ് കേരളം.

### വന്യമൃഗങ്ങളുടെ ആക്രമണം

90(595) ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കർഷകർക്ക് കൃഷിനാശം സംഭവിക്കുന്നത് തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്-

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു.

- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

- വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വനാതിർത്തിയിൽ മാത്രമായിരുന്ന ഇത്തരം ആക്രമണങ്ങൾ പുറത്തുള്ള പ്രദേശങ്ങളിലേക്കും കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുമൂലം നാശനഷ്ടം സംഭവിക്കുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വന്യജീവികൾമൂലം കൃഷിനാശം, സ്വത്ത് നാശം, പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനായി 1980-ൽ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിള നാശത്തിന് 8-1-2015-ലെ സ.ഉ.നമ്പർ(കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. എല്ലാ വർഷവും 10 കോടിയോളം രൂപ ഈ ഇനത്തിൽ വനം വകുപ്പ് നൽകിവരുന്നുണ്ട്. ഇന്ത്യയിൽതന്നെ ഇപ്രകാരം ഉയർന്ന നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്ന സംസ്ഥാനമാണ് കേരളം.

## കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നവർക്കുള്ള പ്രതിഫലം

91(596) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നവർക്കുള്ള പ്രതിഫലം സമയബന്ധിതമായി നൽകുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?

കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളവർക്ക് കൃത്യം നിർവ്വഹിക്കുന്നതിനായി ഉണ്ടാകുന്ന ചെലവ് പരിഗണിച്ച് ഒരു കാട്ടുപന്നിക്ക് 1,000 രൂപ വച്ച് തുക നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാട്ടുപന്നിയെ കൊല്ലുന്നതിനുള്ള തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നുണ്ട്. എന്നാൽ, ഉത്തരമേഖലയിലെ കോഴിക്കോട് ഡിവിഷനിൽ 2020-21 സാമ്പത്തികവർഷം ഫണ്ടിന്റെ അപര്യാപ്തതമൂലം ഇപ്രകാരം പ്രതിഫലം നൽകുവാൻ സാധിച്ചിട്ടില്ല.

(ബി) ഇവരുടെ പ്രതിഫലം അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## വന്യജീവികളുടെ ശല്യം തടയൽ

92(597) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ശല്യം കാരണം ഉണ്ടായ നാശനഷ്ടങ്ങളും അതിനെ തുടർന്നുള്ള ആളപായങ്ങളും എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ആക്രമണംമൂലവും, പാമ്പുകടിയേറ്റും മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| മഞ്ചേശ്വരം മണ്ഡലം | - | - | 1 | 1 | - |
| കാസർഗോഡ് മണ്ഡലം | - | - | 1 | 2 | 5 |
| കാഞ്ഞങ്ങാട് മണ്ഡലം | - | 2 | 1 | 3 | 4 |
| തൃക്കരിപ്പൂർ മണ്ഡലം | - | 1 | - | 1 | 2 |
| ഉദുമ മണ്ഡലം | - | - | - | 1 | 2 |

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം വന്യജീവികളുടെ ശല്യം മൂലമുണ്ടായ കൃഷിനാശങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | | | |
| മഞ്ചേശ്വരം മണ്ഡലം | 10 | 15 | 5 | 8 | 6 |
| കാസർഗോഡ് മണ്ഡലം | 65 | 21 | 35 | 17 | 28 |
| കാഞ്ഞങ്ങാട് മണ്ഡലം | 20 | 26 | 44 | 55 | 60 |
| തൃക്കരിപ്പൂർ മണ്ഡലം | 40 | 80 | 71 | 65 | 45 |
| ഉദുമ മണ്ഡലം | 110 | 105 | 60 | 105 | 106 |
| ആകെ | 245 | 247 | 215 | 250 | 245 |

(ബി) കൃഷിനാശം സംഭവിച്ചവർക്ക നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം എത്ര തുകയാണ് നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

| | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | | | |
| മഞ്ചേശ്വരം മണ്ഡലം | 2.93 | 3.92 | 4.56 | 5.12 | 0.69 |
| കാസർഗോഡ് മണ്ഡലം | 5.13 | 3.13 | 4.57 | 7.01 | 0.73 |
| കാഞ്ഞങ്ങാട് മണ്ഡലം | 2.35 | 2.80 | 3.92 | 4.64 | 0.40 |
| തൃക്കരിപ്പൂർ മണ്ഡലം | 0.53 | 0.62 | 0.81 | 1.03 | 0.12 |
| ഉദുമ മണ്ഡലം | 0.17 | 3.42 | 1.23 | 2.92 | 0.96 |
| ആകെ | 1.11 | 13.89 | 15.09 | 20.72 | 2.9 |

(സി) വന്യജീവികളുടെ ശല്യം തടയാൻ കഴിഞ്ഞ അഞ്ചുവർഷം സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും ഇതിനുചെലവഴിച്ച തുക എത്രയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വന്യജീവികളുടെ ശല്യം തടയുന്നതിനു വേണ്ടി സൗരോർജ്ജ വേലി, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ആയതിന് ചെലവഴിച്ച തുക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

| | സൗരോർജ്ജവേലി | ആന പ്രതിരോധ മതിൽ | ആന പ്രതിരോധ കിടങ്ങ് |
|---|---|---|---|
| മഞ്ചേശ്വരം മണ്ഡലം | - | - | - |
| കാസർഗോഡ് മണ്ഡലം | 4.55 ലക്ഷം | - | 3.45 ലക്ഷം |
| കാഞ്ഞങ്ങാട് മണ്ഡലം | 6.00 ലക്ഷം | 2.00 കോടി | 5.72 ലക്ഷം |
| തൃക്കരിപ്പൂർ മണ്ഡലം | - | - | - |
| ഉദുമ മണ്ഡലം | 43.00 ലക്ഷം | 1.92 കോടി | - |
| ആകെ | 53.55 ലക്ഷം | 3.92 കോടി | 9.17 ലക്ഷം |

(ഡി) വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ പദ്ധതികളാവിഷ്കരിക്കാനുദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

വന്യജീവികളുടെ ശല്യം ശാശ്വതമായി തടയാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോണ്ട്സ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോണ്ട്സ് ടീമുകൾ പ്രവർത്തിച്ച് വരുന്നു.
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ് ഗാർഡ്, റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിലൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.
- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ. 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

- വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ)17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നല്കിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷിചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു .

- വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം

93(598) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോടുചേർന്നുള്ള പ്രദേശങ്ങളിൽ മനുഷ്യരും വന്യമൃഗങ്ങളുമായുള്ള സംഘർഷങ്ങൾ വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ?

വന്യമൃഗങ്ങൾ വനത്തിനോട് ചേർന്നുള്ള മനുഷ്യവാസ മേഖലകളിലും കൃഷിയിടങ്ങളിലും പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്-

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ച് വരുന്നു .
- വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, ആന പ്രതിരോധ മതിലുകളും, കിടങ്ങുകളും, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

- സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനവും, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.(സാധാ)111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-5-2021-ലെ സ.ഉ(സാധാ) നമ്പർ159/2021/ വനം ഉത്തരവ് പ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

- വന്യജിവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

- വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നമ്പർ (കൈ ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്.

- വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു

- വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വന്യജീവി ആക്രമണം തടയുന്നതിന് നടപടി

94(599) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി മേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം തടയുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഉളിക്കൽ, പയ്യാവൂർ, ആലക്കോട്, ഉദയഗിരി എന്നീ മേഖലകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം തടയുന്നതിനായി സോളാർ വൈദ്യുത വേലികൾ സ്ഥാപിച്ചിട്ടുണ്ട്. ഉളിക്കൽ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം 10.940 കി.മീ.-ഉം പയ്യാവൂർ പഞ്ചായത്തിൽ 2015-16 വർഷം 4: കി.മീ-ഉം 2020-2021 വർഷം 5.5 കി.മീ.-ഉം ഉദയഗിരി പഞ്ചായത്തിൽ 2014-15 വർഷം 10 കി.മീ.-ഉം ആലക്കോട് പഞ്ചായത്തിൽ 2014-15 വർഷം 4.5 കി.മീ.-ഉം വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ സ്ഥാപിച്ച വൈദ്യുതവേലികളുടെ അറ്റകുറ്റപ്പണി ജോലികൾക്കും പുതിയവ നിർമ്മിക്കുന്നതിനും അനുമതി നൽകുമോ എന്ന് വെളിപ്പെടുത്താമോ?

പയ്യാവൂർ പഞ്ചായത്തിൽ 2020-2021 വർഷം 5.5 കി.മീ സൗരോർജ്ജവേലി പുതുതായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2015-16-ൽ സ്ഥാപിച്ച 4 കി.മീ. സൗരോർജ്ജവേലിക്കും ഉദയഗിരി പഞ്ചായത്തിൽ 2014-15-ൽ സ്ഥാപിച്ച 10 കി.മി. സൗരോർജ്ജവേലിക്കും കഴിഞ്ഞ സാമ്പത്തിക വർഷം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളും ഗുണഭോക്താക്കളായ കർഷകരും ഇക്കാര്യത്തിൽ മുൻകൈ എടുക്കുന്നതാണ് കൂടുതൽ ഫലപ്രദം.

## വനം വകുപ്പിന്റെ പരിധിയിൽ അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റൽ

95(600) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിൽ വകുപ്പിന്റെ പരിധിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നിർദ്ദേശം നൽകുമോ?

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ?

വഴിയരികിലും പൊതുസ്ഥലങ്ങളിലും മറ്റും അപകടകരമായി നിൽക്കുന്ന മരങ്ങൾ മനുഷ്യരുടെ ജീവനും സ്വത്തിനും പലപ്പോഴും ഹാനികരമാണ്. ഇത്തരത്തിലുള്ള അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കാനുള്ള അപേക്ഷ വനം വകുപ്പ് ഓഫീസിൽ ലഭിച്ച് 2 ദിവസത്തിനകംതന്നെ തീർപ്പാക്കാനും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഉദ്യോഗസ്ഥർ അപേക്ഷയ്ക്കായി കാത്തുനിൽക്കാതെ ബന്ധപ്പെട്ട വകുപ്പുമായി ഇക്കാര്യത്തിൽ മുൻകയ്യായി പരിശോധന നടത്തി അപകടകരമായി നിൽക്കുന്ന മരങ്ങളും അവയുടെ കൊമ്പുകളും വെട്ടിനീക്കി മാറ്റുന്നതിന് 03.06.2021-ലെ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ SW3-804/2021 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങളും ശിഖരങ്ങളും സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് തേടുവാനും തുടർ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ?

തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള, അപകടകരമായ വൃക്ഷങ്ങളും ശിഖരങ്ങളും മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ വൃക്ഷകമ്മറ്റി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള മരങ്ങളും ശിഖരങ്ങളും മുറിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടപടി സ്വീകരിക്കേണ്ടത്.

## നിയമപരമല്ലാത്ത വന്യജീവി വ്യാപാരം

96(601) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപരമല്ലാത്ത വന്യജീവി വ്യാപാരം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത് തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

വന്യജീവി വ്യാപാരം തടയുന്നതിനായി നഗര പ്രദേശങ്ങൾ ഉൾപ്പെടെ പട്രോളിംഗും സംശയമുള്ള പെറ്റ് ഷോപ്പുകളിൽ റെയിഡുകളും നടത്തിവരുന്നുണ്ട്. ഇതിനുപുറമെ ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം മുഖാന്തരം രഹസ്യവിവര ശേഖരണവും നടത്തിവരുന്നു. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ നൽകുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മിന്നൽ പരിശോധനയും നടത്തിവരുന്നു. വന്യജീവി വ്യാപാരം കണ്ടെത്തുന്ന കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നുണ്ട്.

(സി) 2020-21 കാലഘട്ടത്തിൽ എത്ര കേസ്സുകൾ ഈയിനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

2020-21 കാലഘട്ടത്തിൽ ഉത്തരമേഖലയിൽ 6 കേസും, ദക്ഷിണമേഖലയിൽ 6 കേസും, കിഴക്കൻ മേഖലയിൽ 2 കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇത്തരം വ്യാപാരം തടയുന്നതിനും അന്വേഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിനും ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലുണ്ട്.

**ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ്**

97(602) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് രേഖപ്പെടുത്തുന്ന സാഹചര്യം ഉണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; അറിയിക്കാമോ?

വനത്തിലും വനത്തോടുചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലും മനുഷ്യവാസ പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ വന്യമൃഗങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു

സ്ഥലത്തേയ്ക്ക് പോകുന്ന മുന്നാലെയുള്ള ഇടനാഴികൾ മുറിഞ്ഞുപോയിട്ടുണ്ട്. ഇതുമൂലം വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യം നിലവിലുണ്ട്. വനാതിർത്തിയോട് ചേർന്ന് കർഷകർ കൃഷി ചെയ്യുന്ന കാർഷിക വിളകളായ വാഴ, പൈനാപ്പിൾ, തെങ്ങ്, കപ്പ, പ്ലാവ് എന്നിവയിൽ ആകൃഷ്ടരായി വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങാറുണ്ട്. വനത്തോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങൾ കാടുപിടിച്ച് കിടക്കുന്നതുമൂലവും വന്യജീവികൾ നാട്ടിലിറങ്ങുന്ന പ്രവണത കൂടിയിട്ടുണ്ട്. വന പ്രദേശങ്ങൾക്ക് സമീപം നഗരങ്ങളിൽനിന്നുള്ള ഭക്ഷ്യമാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലവും വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കിയതിനാൽ വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതും ഒരു കാരണമാണ്

(ബി) കാടിറങ്ങുന്ന കാട്ടുമൃഗങ്ങളെ വനത്തിലേയ്ക്ക് മടക്കി അയച്ചതിന് 2020-21 സാമ്പത്തിക വർഷം വനം വകുപ്പിന് എന്ത് തുക ചെലവായി?

കാടിറങ്ങുന്ന കാട്ടുമൃഗങ്ങളെ വനത്തിലേയ്ക്ക് മടക്കി അയയ്ക്കുന്നതിലേയ്ക്കായി വിവിധ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കിയതിനും തദ്ദേശീയരായ വാച്ചർമാരെ ഉൾപ്പെടുത്തി ഇവയെ തിരിച്ച വനത്തിലേയ്ക്ക് മടക്കി അയയ്ക്കുന്നതിലേയ്ക്കായി 2020-21 സാമ്പത്തിക വർഷം ചെലവായ തുക സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു:-

| സർക്കിൾ | തുക (ലക്ഷത്തിൽ) |
|---|---|
| വന്യജീവി വിഭാഗം, പാലക്കാട് | 96.59 |
| ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം | 26.33 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 240.19 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 133.32 |
| സതേൺ സർക്കിൾ, കൊല്ലം | 34.60 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 69.38 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 73.87 |
| ആകെ | 674.28 |

(സി) കാട്ടുമൃഗങ്ങളുടെ പോസ്റ്റ്മോർട്ടത്തിനും സംസ്കാരത്തിനുമായി 2020-21 സാമ്പത്തിക വർഷം എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

കാട്ടുമൃഗങ്ങളുടെ പോസ്റ്റ്മോർട്ടത്തിനും സംസ്കാരത്തിനുമായി 2020-21 സാമ്പത്തിക വർഷം 16.79 ലക്ഷം രൂപ ചെലവായി.

## ജലജീവൻ മിഷൻ പദ്ധതി

98(603) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയായ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്/മുനിസിപ്പൽ മേഖലകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും/ മുനിസിപ്പാലിറ്റിയിലും എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നും, ഓരോ പ്രവർത്തിയുടേയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലുമായി 12989 കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള 5355 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു കോതമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ജലജീവൻ പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മൈനർ ഇറിഗേഷൻ പദ്ധതികൾ

99(604) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധം 1-ആയി* ചേർത്തിരിക്കുന്നു.

(ബി) കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നദീജല സംരക്ഷണം

100(605) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവര ശേഖരണം നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണം മൈനർ ഇറിഗേഷൻ സെൻസസ്സിന്റെ ഭാഗമായി നടത്തിവരുന്നു. കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗനിർദ്ദേശവും ഇക്കാര്യത്തിൽ ലഭ്യമാകാറുണ്ട്. ആറാമത് മൈനർ ഇറിഗേഷൻ സെൻസസ്സ് പൂർത്തിയാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ സഹായത്തോടെയാണ് ഈ സർവ്വേ നടത്തുന്നത്. ഇതോടൊപ്പം കേരളത്തിലെ പൊതുകുളങ്ങൾ സംബന്ധിച്ച പ്രാഥമിക വിവരശേഖരണം ജലസേചന വകുപ്പിൻ കീഴിലെ ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡിന്റെ (IDRB) നേതൃത്വത്തിൽ ശേഖരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41500- ലേറെ കുളങ്ങളുള്ളതായി കണക്കാക്കുന്നു. ജലവിഭവ വിനിയോഗത്തിനായി വേണ്ടവിവരങ്ങൾ സംഗ്രഹിച്ചുകൊണ്ട് ഒരു സമഗ്രമായ സംവിധാനം ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ Kerala Water Resources Information System (Kerala -WRIS) എന്ന സോഫ്റ്റ്‍വെയറിന്റെ വികസനം കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഐ.ഡി.ആർ.ബി വിഭാവന ചെയ്യുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. ജലവിഭവങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഏകീകൃതമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ വികസിപ്പിക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഹൈഡ്രോ -മെറ്റീരിയോളജിക്കൽ ഡാറ്റയുടെയും, റിസർവോയർ ഡാറ്റയുടെയും വിവര ശേഖരണത്തിനായി മൊബൈൽ അപ്ലിക്കേഷനും ഐ.ഡി.ആർ.ബി. വികസിപ്പിച്ചിട്ടുണ്ട്.

(ബി) ജലാശയ സംരക്ഷണത്തിനായി മുൻ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജലാശയങ്ങളുടെ സംരക്ഷണത്തിന് മുഖ്യ പരിഗണന നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി നിർവ്വഹിച്ചത്. ഓരോ തദ്ദേശ ഭരണസ്ഥാപനാടിസ്ഥാനത്തിലും സമഗ്ര നീർത്തടപ്ലാനുകൾ തയ്യാറാക്കുന്നതിന്

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരായ സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന പ്രത്യേക സാങ്കേതിക സമിതികൾക്ക് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും നീർത്തടനടത്തം, ദ്വിതീയ വിവരശേഖരണം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ എന്നിവ നടത്തി നീർത്തട പ്ലാനുകൾ/ നീർത്തട മാസ്റ്റർ പ്ലാനുകൾക്ക് രൂപം നൽകുകയും ചെയ്തു. നീർത്തടങ്ങൾ എന്നത് ജലസംരക്ഷണത്തിനുള്ള ഉത്തമമായ പ്രകൃതിദത്ത യൂണിറ്റായാണ് കണക്കാക്കുന്നത്. അതുകൊണ്ട് തന്നെ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകികൊണ്ടാണ് ജലസേചന വകുപ്പ് വിവിധ ജലാശയങ്ങളുടെ സംരക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളത്. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, എക്കൽ/ചളി/മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുക, ജലസ്രോതസ്സുകളുടെ ജല നിർഗ്ഗമന ചാലുകൾ ശുചിയാക്കുക, തോടുകളിലെ നീരൊഴുക്ക് സുഗമമാക്കി ഭൂജലപോഷണം സാധ്യമാക്കും വിധം വെന്റഡ് ക്രോസ് ബാറുകൾ, ചെറുതടയണകൾ എന്നിവ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നദീജല സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കേരളത്തിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്നതുകൊണ്ട് തന്നെ നദീജല സംരക്ഷണം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നദീജല സംരക്ഷണത്തിനായാണ് പ്രധാനമായും ജലസേചന വകുപ്പിൻ കീഴിലെ ജലസംഭരണികൾ നിർമ്മിച്ചിട്ടുള്ളത്. നദികളിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചും ജലസംരക്ഷണം നിർവ്വഹിക്കുന്നു. കൂടാതെ നദീജല സംരക്ഷണം സാധ്യമാകണമെങ്കിൽ നദീതടത്തെയും സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്ത ടങ്ങളെ ആധാരമാക്കി നീർത്തടപ്ലാനുകൾ (തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ) തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നദികളിലെ മാലിന്യമടങ്ങിയ ചളി/എക്കൽ എന്നിവ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയും നിർവ്വഹിച്ച് വരുന്നു ഇതോടൊപ്പം, ജലസേചനവകുപ്പ് നദികളിൽ നിർമ്മിച്ചിട്ടുള്ള തടയണ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചളി/മണൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് നദികളിലെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും ഏറ്റെടുത്തിട്ടുണ്ട്.

## പുഴകളുടെ തീരസംരക്ഷണം

101(606) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലയളവിൽ, പുഴകളുടെ തീരം ഇടിഞ്ഞ് വീടുകൾ, കൃഷിയിടങ്ങൾ, കാർഷിക വിളകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയാൻ പിറവം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രദേശങ്ങളിൽ തീര സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

&

(ബി) ഇല്ലെങ്കിൽ, ഇതിനായി പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

മൺസൂൺ കാലയളവിൽ പുഴകളുടെ തീരം ഇടിഞ്ഞ് വീടുകൾ കൃഷിയിടങ്ങൾ കാർഷികവിളകൾ എന്നിവയ്ക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് പിറവം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ തീരസംരക്ഷണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ന്യൂകട്ട് ജലസേചന പദ്ധതി

102(607) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂകട്ട് പുഴ ആഴം കൂട്ടി, സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുകയും തടയണ നിർമ്മിക്കുകയും ചെയ്യുന്ന ന്യൂകട്ട് ജലസേചന പദ്ധതിയുടെ പൂർത്തീകരിച്ച നടപടി വിശദമാക്കാമോ?

ദേശീയ ജലപാത എൻ.ഡബ്ല്യൂ.3-യുടെ ഭാഗമായി വരുന്ന റൂട്ടാണ് ന്യൂകട്ട് കനാൽ. എൻ.ഡബ്ല്യൂ.3-യുടെ പ്രവർത്തനങ്ങൾ പ്രാവർത്തികമാകുന്ന മുറയ്ക്ക് ന്യൂകട്ട് കനാലിലെ പ്രവൃത്തിയും നടപ്പിലാക്കുന്നതാണ്. ന്യൂകട്ട് കനാലിൽ ഒരു ലോക്ക് നിർമ്മാണത്തിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിനുവേണ്ടി ഇൻഡന്റ് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലുവ മണ്ഡലത്തിലെ ത്തുമ്പാത്തോടിന്റെ പുനരുദ്ധാരണം

103(608) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ ത്തുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ ഓഫീസിലെ 12224/19/ഡബ്ല്യൂ2 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആലുവ മണ്ഡലത്തിലെ ത്തുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 12224/19/ഡബ്ല്യൂ2 നമ്പർ ഫയലിൽനിന്നും ഈ വിഷയം സംബന്ധിച്ച് ലഭിച്ച അപേക്ഷയുടെ തുടർനടപടികൾ എന്നോണം സാമ്പത്തിക ലഭ്യത അനുസരിച്ച് ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മേൽപ്പറഞ്ഞ പ്രവർത്തികൾക്ക് അനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

## നദികളിലെ മണൽ ലഭ്യത

104(609) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച സാൻഡ് ഓഡിറ്റ് 30 പ്രധാന നദികളിലും 5 പോഷക നദികളിലും നടത്തിയിട്ടുണ്ട്. അതിൽ 26 പ്രധാന നദികളും 3 പോഷക നദികളും ചേർത്ത് 29 നദികളുടെ സാൻഡ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 13 നദികളിൽ മണൽ ലഭ്യതയില്ല. 16 നദികളിൽ (പമ്പ, മണിമല, അച്ചൻകോവിൽ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ, മാഹി, പെരുമ്പ, വളപട്ടണം, ശ്രീകണ്ഠാപുരം, മൊഗ്രാൽ, ചന്ദ്രഗിരി (പാർട്ട്-2) ഉപ്പള, ഷിറിയ) മണൽ ലഭ്യത കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നദികളിൽ നിന്നാണ് മണൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ?

മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള 16 നദികളിൽ മണൽ ഖനനം നടത്തുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് വേണ്ട നടപടി പുരോഗമിക്കുന്നു. സാൻഡ് ഓഡിറ്റിനെ അടിസ്ഥാനപ്പെടുത്തിയും മറ്റ് ഘടകങ്ങൾ പരിശോധിച്ചും കേന്ദ്ര വനം- പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകൃത എജൻസി മുഖാന്തരം ജില്ലാ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മൈൻ പ്ലാൻ ഉണ്ടാക്കി വേണം പാരിസ്ഥിതിക അനുമതി നേടേണ്ടത്. ഈ പ്രക്രിയ ദേശീയ ഹരിത ട്രൈബ്യൂണൽ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. പാരിസ്ഥിതിക അനുമതി ലഭ്യമായാൽ മണൽ ഖനനം ആരംഭിക്കാൻ സാധിക്കും.

## തോടുകളുടെ അറ്റകുറ്റപ്പണി

105(610) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ കരിമ്പന തോട് മാലിന്യം നിറഞ്ഞ് നീരൊഴുക്കില്ലാത്ത അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വടകര നിയോജകമണ്ഡലത്തിലെ കരിമ്പനത്തോട് കഴിഞ്ഞ കാലങ്ങളിൽ വലിയതോതിൽ മാലിന്യം നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിലായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ നാരായണ നഗരത്തിലെ മാലിന്യ സംസ്കരണപ്ലാന്റ് പ്രവർത്തനസജ്ജമായതിനുശേഷം രണ്ടു വർഷമായി മാലിന്യം കുറഞ്ഞ് നീരൊഴുക്കുള്ളതായി കാണപ്പെടുന്നുണ്ട്.

(ബി) തോടുകളുടെ അറ്റകുറ്റപ്പണികൾക്കും തോട് വൃത്തിയാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് തോടിന്റെ പുനരുദ്ധരണ പ്രവർത്തനങ്ങൾ വടകര മുനിസിപ്പാലിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നോൺ പ്ലാൻ സ്കീമിലെ FD, MI Priority എന്നീ ശീർഷകങ്ങളിലും പ്ലാൻ സ്കീമിലെ MI ക്ലാസ് II, ഹരിത കേരളത്തിന്റെ സ്കീമുകളിലും ഉൾപ്പെടുത്തി തോടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ നിർവഹിക്കാറുണ്ട്.

(സി) നിലവിലെ സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി കരിമ്പന തോട് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

4-11-2020-ലെ സ.ഉ.(കൈ) നമ്പർ 170/2020/ത.സ്വ.ഭ സർക്കാർ ഉത്തരവുപ്രകാരം വടകര മുനിസിപ്പാലിറ്റിയിലെ വാർഡ് 26-ൽ കരിമ്പനത്തോട് വലിയകൈയ്യിൽ പാലം മുതൽ കുട്ടിയാമി ചീർപ്പ് വരെ കെട്ടി സംരക്ഷിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി വടകര മുനിസിപ്പാലിറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾ ആവശ്യമായി വരുന്നപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## കുറ്റ്യാടി ജലസേചന പദ്ധതി

106(611) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയിലെ ബ്രാഞ്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടക്കാത്തതുമൂലം കനാലുകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി നാളിതുവരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി വർഷാവർഷങ്ങളിൽ ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി എല്ലാവർഷവും മുൻഗണന അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നു. 2018-ലെ പ്രളയത്തിൽ തകർന്ന ഭാഗങ്ങൾ നവീകരിക്കുന്നതിനായി SDRF പദ്ധതിയിൽ ഉൾപ്പെടുത്തി 139 പ്രവൃത്തികൾക്ക് 1943.12 ലക്ഷം രൂപയും സ്ട്രക്ചറുകളുടെ നവീകരണത്തിനായി RKI-യിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു

(ബി) കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും കനാൽ വൃത്തിയാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

&

(സി) ഏതെങ്കിലും സർക്കാർ പദ്ധതികളിലുൾപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. എല്ലാവർഷവും ജലവിതരണത്തിന് മുന്നോടിയായി MGNREGS മുഖേന കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നുണ്ട്.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

107(612) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവീകരണത്തിനാവശ്യമായ തുക അനുവദിച്ച, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നിർമ്മാണ പുരോഗതിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും വ്യക്തമാക്കുമോ?

23-4-2018-ലെ സ.ഉ(സാധ)നമ്പർ 300/2018/ ജവിവ ഉത്തരവ് പ്രകാരം കുണ്ടൂർത്തോട് നവീകരണം എന്ന പ്രവൃത്തി കെ.ഐ.ഐ.ഡി.സി.(KIIDC)-യെ ഏല്പിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആയക്കെട്ട് വിശദാംശങ്ങൾ, മണ്ണിന്റെ മൂല്യനിർണ്ണയ റിപ്പോർട്ട്, മണ്ണ് നീക്കം ചെയ്യൽ പഠനം എന്നിവയുടെ അഭാവംമൂലം ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിട്ടു. കിഫ്ബിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു വർഷത്തിനുള്ളിൽ ഭരണവകുപ്പിൽനിന്നും അനുമതി നേടിയിരിക്കണം. അതിൻപ്രകാരം കെ.ഐ.ഐ.ഡി.സി. (KIIDC) ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും സ.ഉ.(സാധ)നമ്പർ 16/2021/WRD പ്രകാരം 6-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തു. അതനുസരിച്ച് 30-1-2021-ൽ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

## കടലുണ്ടിപുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കൽ

108(613) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് ആരംഭിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനുസമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്ന പ്രവൃത്തി 72% പൂർത്തീകരിച്ചിട്ടുണ്ട്. വേനൽ മഴയും, ശേഷം ടൗട്ടെ ചുഴലിക്കാറ്റ്മൂലം മഴ ശക്തമാവുകയും പുഴയിൽ ജലനിരപ്പുയരുകയും ചെയ്തതിനാൽ ഇപ്പോൾ തീരത്തുള്ള പണികൾ മാത്രം നടക്കുന്നുണ്ട്.

(ബി) നിലവിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

72% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രവൃത്തി 2021 മേയ് 20-ന് പൂർത്തീകരിക്കുന്നതിന് വേണ്ടി പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതുപ്രകാരമാണ് മുന്നോട്ടുപോയിരുന്നത്. അപ്രതീക്ഷിതമായ വേനൽമഴയും ചുഴലിക്കാറ്റും കാരണം ഈ സീസണിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. 2022 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## വയനാട് ജില്ലയിലെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ജലവിതരണ പദ്ധതികൾ

109(614) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ അണക്കെട്ടുമായി ബന്ധപ്പട്ട ജലവിതരണ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ 2730 മീറ്റർ നീളമുള്ള പ്രധാന കനാലിന്റെ 2360 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 690 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള

പടിഞ്ഞാറത്തറ ശാഖാ കനാലിന്റെ 197 മീറ്റർ ഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. 3485 മീറ്റർ നീളമുള്ള കാപ്പുകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 750 മീറ്റർ ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഡൈവേർഷൻ ചേമ്പറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമാക്കി ഒരു പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതുപ്രകാരം പ്രധാന കനാൽ, കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി, പേരാൽ ഡിസ്ട്രിബ്യൂട്ടറി എന്നിവ 2022-ലും വെണ്ണിയോട് ബ്രാഞ്ച് കനാൽ 2023-ലും പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലും മറ്റ് ഡിസ്ട്രിബ്യൂട്ടറികളും 2024-ലും പൂർത്തീകരിക്കാൻ സാധിക്കും.

(ബി) ബാണാസുര സാഗർ അണക്കെട്ടിന്റെയും അനുബന്ധ ജലവിതരണ പദ്ധതികളുടെയും നടത്തിപ്പിനായി സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ അഭാവം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു .

(സി) കേരളത്തിലെ തന്നെ പ്രധാന മണ്ണണകെട്ടായ കാരാപ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട് എത്ര ജലസേചന - കുടിവെള്ള പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കാരാപ്പുഴ ജലസേചന പദ്ധതിയുടെ കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ മണ്ണണയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. റിസർവ്വോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ച് വരുന്നു ഇടതുകര വലതുകര പ്രധാന കനാലുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു എങ്കിലും 2018-ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെ. 4.800 കി.മീ തകർച്ചയുണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തിവരുകയും ചെയ്യുന്നു. ആയതിന്റെ 70% പൂർത്തിയായിട്ടുണ്ട്. 2021 നവംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് ഇതിലൂടെ ജലസേചനം നടത്താനാകുന്നതോടുകൂടി മെയിൻ കനാലുകൾ പൂർണ്ണമായും ജലസേചനയോഗ്യമാവും. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50% ശതമാനവും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാരാപ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ കീഴിൽ രണ്ട് കുടിവെള്ളപദ്ധതികളാണ് നിലവിലുള്ളത്.

(1) നബാർഡ് ധനസഹായത്തോടെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, മുട്ടിൽ, നൂൽപ്പുഴ പഞ്ചായത്തുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(2) മേപ്പാടി, മൂപ്പൈനാട്, വൈത്തിരി പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശുദ്ധീകരണ ശാല, വിതരണം എന്നിവ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ.) തയ്യാറാക്കിവരുന്നു.

(ഡി) ഏതെല്ലാം പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ പദ്ധതികളുടെ ഗുണം ലഭിക്കുമെന്നും പദ്ധതികൾ എപ്പോൾ പൂർത്തീകരിച്ച് കർഷകർക്ക് ജലസേചനം ലഭ്യമാക്കാൻ സാധിക്കുമെന്നും, വ്യക്തമാക്കാമോ?

വൈത്തിരി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ 5600 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കാനാണ് കാരാപ്പുഴ ജലസേചന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശ പ്രകാരം ആദ്യഘട്ടമായി 2588 ഹെക്ടർ കൃഷി സ്ഥലങ്ങളിലേയ്ക്കുള്ള ജലസേചന പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. 2021 നവംബർ മാസത്തോടെ ഇടതുകര വലതുകര കനാലുകളിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലവിതരണം സാധ്യമാവും. അതുവഴി മുട്ടിൽ, കോട്ടത്തറ, കണിയാൻപറ്റ, അമ്പലവയൽ, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലെ കർഷകർക്ക് പ്രയോജനം ലഭിക്കും. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ പഞ്ചായത്തിലെ 785 ഹെക്ടർ കൃഷി ഭൂമിയിലും കോട്ടത്തറ പഞ്ചായത്തിലെ 55 ഹെക്ടർ കൃഷി ഭൂമിയിലും ജലസേചനം ലഭ്യമാക്കുക വഴി ആകെ 840 ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചനം ഉറപ്പുവരുത്തുകയാണ് ബാണാസുര സാഗർ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി 2024-ൽ പൂർത്തീകരിച്ച് ജലസേചനം ലഭ്യമാക്കാൻ സാധിക്കും.

(ഇ) കാവേരി നദീതട തർക്ക പരിഹാര ട്രിബ്യൂണൽ വിധിയനുസരിച്ച് എത്ര ടി.എം.സി വെള്ളമാണ് കേരളത്തിന് അർഹതപ്പെട്ടതെന്നും ഇവ കേരളത്തിലെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വെളിപ്പെടുത്താമോ?

അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) കാവേരി വിധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ജലസേചന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ജി) ഇവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. കടമൻതോട് ജലസേചന പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും തൊണ്ടാർ പദ്ധതിയെ അനുകൂലിച്ചും എതിർത്തും പരാതികൾ ലഭിച്ചിട്ടുണ്ട്. അട്ടപ്പാടി ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ

110(615) ശ്രീ. എൻ. ഷംസീദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ അറ്റകുറ്റപ്പണികൾ ലോകബാങ്ക് സഹായത്തോടെ നടത്താൻ കേന്ദ്ര ജലകമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജലകമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ,

വാളയാർ,കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II ലേയ്ക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.\ 2020-2026 കാലയളവിലേയ്ക്കായി DRIP Phase-II-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടി ചെയ്തുവരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും.

(ബി) ഈ അറ്റകുറ്റപ്പണികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്രജല കമ്മീഷന്റെ മേൽ നോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം-1-ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/ റെഗുലേറ്ററുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തൽ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ടി പദ്ധതിയിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി,

പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് DRIP Phase-I ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള 3 ഡാമുകളുടെ പണികൾ DRIP Phase-II- ലേയ്ക്ക് ഏറ്റെടുത്ത് നടത്തിവരുന്നു. DRIP Phase-I ന് അനുമതി ലഭിച്ച 327 കോടി രൂപയിൽ 2021 മാർച്ച് 31 വരെ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-2026 കാലയളവിലേയ്ക്കായി DRIP Phase-II വിൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, പമ്പ, മംഗലം, മലങ്കര, കാരാപ്പുഴ, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ 15 ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്. 2021-22-ൽ 65 കോടി രൂപയുടെ ബഡ്ജറ്റ് ഉണ്ട്. കുറ്റ്യാടി ഡാമിന്റെ ബലപ്പെടുത്തൽ, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ, എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തി എന്നിവ ഏറ്റെടുക്കാനുള്ള നടപടി ചെയ്തുവരുന്നു. ശേഷിക്കുന്ന ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ DRIP Phase-II ന്റെ കാലാവധിക്കുള്ളിൽ (2026-ൽ) പൂർത്തീകരിക്കുവാൻ കഴിയും.

## ഡാമുകളുടെ ഫ്ലഡ് മാപ്പും റൂൾ കേർവും

111(616) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഡാമുകൾ തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നതു സംബന്ധിച്ച വിശദമായ ഫ്ലഡ് മാപ്പ് വകുപ്പിന്റെ കൈവശമുണ്ടോ?

ഉണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾക്ക് റൂൾ കർവ് നിലവിലുണ്ടോ, വിശദാംശങ്ങൾ നൽകാമോ?

ജലവിഭവ വകുപ്പിനുകീഴിൽ വരുന്ന ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, നെയ്യാർ, പീച്ചി, കുറ്റ്യാടി, പോത്തുണ്ടി, വാഴാനി, പേപ്പാറ എന്നീ 11 ഡാമുകൾക്ക് റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ചുഴലിക്കാറ്റും അതിതീവ്ര മഴയും അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ, ഇനിയൊരു പ്രളയമുണ്ടായാൽ അതിജീവിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന തീവ്രമഴയും പ്രളയസമാന സാഹചര്യവും നേരിടുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ട്. മഴക്കാലത്തിന് മുമ്പുതന്നെ ജലസേചന വകുപ്പിന് കീഴിൽ വരുന്ന എല്ലാ അണക്കെട്ടുകളുടെയും വിശദമായ പരിശോധന കേന്ദ്ര ജലകമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഡാം എഞ്ചിനീയർമാർ നടത്തുകയും ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഡാമുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ (Operation & Maintenance Manual) ആവശ്യമായ പരിഷ്കാരങ്ങളോടുകൂടി ഉൾപ്പെടുത്തി തയ്യാറാക്കി ജലസേചന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റൂൾ കർവിനനുസരിച്ച് ജലനിരപ്പ് സൂക്ഷിക്കുകയും അതിതീവ്ര മഴയുടെ അവസരത്തിൽ ഡാമിന്റെ ഫ്ലഡ് സോൺ ഉപയോഗപ്പെടുത്തി പ്രളയ സാധ്യത ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ Flood Inundation Map ഉപയോഗിച്ച് കേരളത്തിലെ ജലസേചന വകുപ്പിന് കീഴിൽ വരുന്ന 13 അണക്കെട്ടുകളുടെയും 1 ബാരേജിന്റെയും Emergency Action Plan തയ്യാറാക്കി ജലസേചന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് ദിവസേന നദീതടാടിസ്ഥാനത്തിലും സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു. ഡാമുകളിൽ 24 മണിക്കൂറും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെയും സ്ഥിതിഗതികളും വിലയിരുത്താറുണ്ട്. കൂടാതെ കേരളത്തിൽ ലഭിക്കുന്ന മഴയുടെയും നദികളിലെ വെള്ളത്തിന്റെ അളവും തത്സമയം ലഭ്യമാകുന്നതിലേയ്ക്കായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (RTDAS) നടപ്പിലാക്കുന്നതിനായി 99 എണ്ണം ടിപ്പിംഗ് ബക്കറ്റ് ഗേജുകൾ, 56 എണ്ണം റഡാർ ലെവൽ സെൻസറുകൾ, 13 എണ്ണം ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു 2018-ലും 2019-ലും സംസ്ഥാനം നേരിട്ട അതിതീവ്ര മഴയും അതുമൂലം ഉണ്ടായ

നാശനഷ്ടങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്ത് ഒരു വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാരംഭ പദ്ധതി എന്ന നിലയിൽ 2018-ലെ വെള്ളപ്പൊക്കത്തിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട പെരിയാർ നദീതടം തെരഞ്ഞെടുക്കുകയും ഇതിനായുള്ള ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവയുടെ സഹകരണത്തോടെ അതിതീവ്രമഴ/പ്രളയ സാഹചര്യങ്ങളിൽ ആവശ്യമായ വിവരങ്ങൾ/മുന്നറിയിപ്പുകൾ യഥാസമയം ജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

(ഡി) സംസ്ഥാനത്തെ ഡാമുകളിൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ ചെളി പൂർണ്ണമായും നീക്കം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മംഗലം ഡാമിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം ഡാമിൽനിന്നും 17-12-2020 മുതൽ മണൽ നീക്കം ചെയ്യുന്ന നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള special purpose vehicle (SPV) ആയ KIIDC എന്ന സ്ഥാപനത്തെയും, വാളയാർ, മീൻകര ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ KEMDEL എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം 10 ഡാമുകളുടെയും 2 ബാരേജുകളുടെയും Bathymetry Study നടത്തുകയും അവയിൽ അടിഞ്ഞുകൂടിയ sediments-ന്റെ അളവ് കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. പഴശ്ശി, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ sedimentation study പുരോഗമിച്ചുവരികയാണ്. കൂടാതെ മലമ്പുഴ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതിരേഖ തയ്യാറാക്കിവരുന്നു. മണിയാർ ഡാമിന്റെ sedimentation study നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു അരുവിക്കര ഡാമിലെ ചെളി നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് കമ്പനികളെ തെരഞ്ഞെടുക്കുന്നതിനുള്ള Expression of Interest തയ്യാറാക്കിയിട്ടുണ്ട്.

## പ്രളയനിയന്ത്രണ പദ്ധതികൾ

112(617) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ:
ശ്രീ. നജീബ് കാന്തപുരം:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങൾ നിയന്ത്രിക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

2018-ലും 2019-ലും സംസ്ഥാനം നേരിട്ട അതിതീവ്ര മഴയും അതുമൂലമുണ്ടായ നാശനഷ്ടങ്ങളിൽ നിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്ത് ഒരു വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഒരു വെള്ളപ്പൊക്ക പ്രവചന മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാരംഭ പദ്ധതി എന്ന നിലയിൽ 2018 -ലെ പ്രളയം ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട പെരിയാർ നദീതടം തെരഞ്ഞെടുക്കുകയും ഇതിനായുള്ള ടെണ്ടർ നടപടി പൂർത്തീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ കനാലുകൾ എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി അറ്റകുറ്റപ്രവൃത്തികൾ നടത്തുകയും കനാലിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കം ചെയ്ത് ജലം കൃത്യമായി ഒഴുകിപ്പോകുവാൻ തക്ക രീതിയിൽ പദ്ധതി തയ്യാറാക്കുകയും ചെയ്യാറുണ്ട്. അതിശക്തമായ മഴയിൽ ജലം ഒഴുകിപ്പോകാതെ പ്രളയം സൃഷ്ടിക്കുന്നത് തടയാൻ അത് ഒരു പരിധിവരെ സഹായകമാവാറുണ്ട്. പ്രളയം കാരണം ശുദ്ധജലവിതരണത്തിന് ഉണ്ടായേക്കാവുന്ന തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഓരോ വർഷകാലത്തും പമ്പ് ഹൗസ്, ഇൻടേക്ക് പരിസരങ്ങളിൽ അടിഞ്ഞുകൂടുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി ആവശ്യാനുസരണം ചെയ്തുവരുന്നു. ഇത് കിണറുകളിലേയ്ക്കുള്ള ജലപ്രവാഹം സുഗമമാക്കുന്നു. ഇതുകൂടാതെ പാഴ് വസ്തുകളും, മര അവശിഷ്ടങ്ങളും അടിഞ്ഞുകൂടി ജലപ്രവാഹം തടസ്സപ്പെടുന്നത് ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ വരുന്ന പേപ്പാറ ഡാമിന്റെ സംഭരണശേഷി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡാം തുറന്നു വിടുമ്പോൾ വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ ഫ്ലഡ് മാപ് തയ്യാറാക്കിയിട്ടുണ്ട്. ഇത് അത്യാവശ്യ പ്രളയ ഘട്ടങ്ങളിൽ ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് വളരെ ഫലപ്രദമായി

ഉപയോഗിക്കുവാൻ കഴിയുന്നതാണ്. കൂടാതെ ഡാമിലെ ജല നിരപ്പ് വിവിധ സീസണുകളിൽ ക്രമീകരിക്കുന്നതിന് "റൂൾ കർവ്" തയ്യാറാക്കിയിട്ടുണ്ട്. അരുവിക്കര ഡാമിന്റെ സംഭരണ ശേഷി വീണ്ടെടുക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ചിണ്ട്.

(ബി) പ്രളയ നിയന്ത്രണം, ശുദ്ധജല വിതരണം, ജലസേചനം എന്നിവയ്ക്കായി മൾട്ടിപർപ്പസ് ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ ശിരുവാണി നദിയുടെ കുറുകെ ജലസേചനത്തിനായി അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചിറ്റൂരിൽ ഒരു അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിലെ അഗളി, ഷോളയൂർ കോട്ടത്തറ മേഖലയിലെ 4255 ഹെ. കൃഷി ഭൂമിക്ക് ജലസേചന സൗകര്യം (Cross Commanded Area 8738 ഹെ.) ചെയ്യുകയെന്നതാണ് പ്രസ്തുത പദ്ധതി. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായുള്ള നടപടി പുരോഗമിച്ചുവരുന്നു. ജലസേചനം കൂടാതെ പ്രളയ ജലം ഒരു നിശ്ചിത അളവിൽ ക്രമീകരിക്കാൻ കൂടി ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പാലക്കാട് ജില്ലയിൽ വിഭാവന ചെയ്തിട്ടുള്ള കുരിയാർകുറ്റി കാരപ്പാറ പദ്ധതി (SAKKIP), ഭവാനി ബേസിനിൽ വിഭാവന ചെയ്തിട്ടുള്ള അട്ടപ്പാടിവാലി ജലസേചന പദ്ധതി, വയനാട് ജില്ലയിൽ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള ഏഴ് ഇടത്തരം പദ്ധതികളും (കടമൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, തൊണ്ടാർ, തിരുനെല്ലി, കല്ലംപതി, പെരിങ്ങോട്ടുപുഴ) പ്രളയ നിയന്ത്രണം കൂടി ഉദ്ദേശിച്ചുള്ളവയാണ്. കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA CONSULTING Engineers LTD, MUMBAI എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കടമൻതോട്, തൊണ്ടാർ എന്നീ പദ്ധതികൾക്കായി DPR തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി നടത്തിയ പ്രവൃത്തികൾ

113(618) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി കാഡാ ചാനലുകൾ, മെയിൻ കനാലുകൾ, ചേരാമംഗലം ഡാം, മംഗലം ഡാം എന്നിവിടങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ മംഗലം ഡാമിനു കീഴിൽ വരുന്ന കാഡാ ചാനലുകൾ, മംഗലം, ചേരാമംഗലം മെയിൻ കനാലുകൾ, ചേരാമംഗലം കാഡാ ചാനലുകൾ എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യാൻ നടപടി**

114(619) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ചെളിയും മണലും അടിഞ്ഞു കിടന്ന് സംഭരണശേഷിയിൽ കുറവുസംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ഇപ്രകാരം അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മംഗലം ഡാമിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം ഡാമിൽനിന്നും 17-12-2020 മുതൽ മണൽ നീക്കം ചെയ്യുന്ന നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 7-1-2021-ലെ സ.ഉ(സാധാ) നമ്പർ 21/2021/ജവിവ പ്രകാരം ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള special purpose vehicle (SPV) ആയ KIIDC എന്ന സ്ഥാപനത്തെയും, 7-1-2021 -ലെ സ.ഉ. (സാധാ) നമ്പർ 22/2021/ജവിവ പ്രകാരം വാളയാർ, മീൻകര ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തി KEMDEL എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10 ഡാമുകളുടെയും 2 ബാരേജുകളുടെയും Bathymetry Study നടത്തുകയും അവയിൽ അടിഞ്ഞ് കൂടിയ sediments-ന്റെ അളവ് കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. പഴശ്ശി, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ sedimentation study പുരോഗമിച്ചുവരികയാണ്. കൂടാതെ മലമ്പുഴ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി രേഖ തയ്യാറാക്കിവരുന്നു. മണിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായുള്ള sedimentation study നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## പ്രളയ പ്രതിരോധത്തിനായുള്ള അണക്കെട്ടുകളുടെ നിർമ്മാണം

115(620) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ ചെറുക്കുവാനായി സംസ്ഥാനത്ത് മൂന്ന് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത അണക്കെട്ടുകൾ നിർമ്മിക്കുകയെന്നും ഇതിനായി ആകെ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അണക്കെട്ടുകളുടെ സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത അണക്കെട്ടുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

&

ഇതിനായുള്ള സാമ്പത്തിക സഹായം എവിടെ നിന്ന് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-ഇ) പ്രളയത്തെ ചെറുക്കാനായി ഒരു പ്രാഥമിക സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രളയ നിയന്ത്രണത്തിനു മാത്രമായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. 2018-19-ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ കൂടുതൽ ഭീഷണി നേരിട്ട പമ്പ, അച്ചൻകോവിൽ, പെരിയാർ, മീനച്ചൽ, ചാലിയാർ, ചാലക്കുടി നദീതടങ്ങളിലാണ് പ്രാഥമിക സാധ്യത റിപ്പോർട്ടിൽ പരാമർശിച്ചത്. എസ്റ്റിമേറ്റ് തുക അറിയുവാനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതായിട്ടുണ്ട്.

## മലങ്കര ഡാമിന്റെ റൂൾ കർവ്

116(621) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലങ്കര ഡാമിന്റെ റൂൾ കർവ് നിലവിലുണ്ടോ എന്നറിയിക്കുമോ?

മൂലമറ്റം പവർഹൗസിൽനിന്നും വൈദ്യുതോല്പാദനത്തിനുശേഷം പുറന്തള്ളുന്ന ജലമാണ് മലങ്കര ഡാമിലേയ്ക്ക് ഒഴുകിയെത്തുന്നത്. ആയതിനാൽ റൂൾ കർവ് ബാധകമല്ല.

(ബി) ഉണ്ടെങ്കിൽ മഴ സമയത്ത് ജലനിരപ്പ് എത്ര അടിയായാണ് നില നിർത്തേണ്ടതെന്ന് അറിയിക്കുമോ; ആയത് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മഴസമയത്ത് ജലനിരപ്പ് 39.5 മീ. ആയി ക്രമീകരിച്ചിരിക്കുന്നു. First warning level - 40.70 m (blue alert), Second warning level - 41.00 m (Orange alert), Third warning level - 41.3 m (Red alert) എന്നിവയാണ് നിലവിലെ warning ലെവലുകൾ. ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട ജില്ലാ അധികാരികളിൽനിന്നും അനുവാദം ലഭ്യമാക്കിയതിനുശേഷം പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നു.

## മുല്ലപ്പെരിയാർ ഡാം

117(622) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ബലം ഉന്നതാധികാര സമിതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

ഉണ്ട്. 18-2-2010-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ട ഉന്നതാധികാരസമിതി (Empowered Committee), കേന്ദ്രജലകമ്മീഷൻ (CWC), സെൻട്രൽ സോയിൽ ആൻഡ് മെറ്റീരിയൽസ് റിസർച്ച് സ്റ്റേഷൻ (CSMRS), സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), IMD, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കൂടാതെ മറ്റ് വിദഗ്ധ ഏജൻസികൾ എന്നിവ മുഖേന ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച് സ്വതന്ത്രമായ അന്വേഷണങ്ങളും ടെസ്റ്റുകളും പഠനങ്ങളും നടത്തിയിട്ടുണ്ട്.

ഹൈഡ്രോളജിക്കൽ സുരക്ഷയെ സംബന്ധിച്ച്, ഡാമിന്റെ സാധ്യമായ ഉയർന്ന വെള്ളപ്പൊക്കനിയന്ത്രണ രേഖ (PMF) നിർണ്ണയിക്കുവാനും ഡാമിന്റെ എമർജൻസി പ്ലാൻ ഇനൻഡേഷൻ മാപ്പ് (Inundation maps) എന്നിവ തയ്യാറാക്കുന്നതുമായും ബന്ധപ്പെട്ട് മുല്ലപ്പെരിയാർ മുതൽ ഇടുക്കി വരെയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാം ബ്രേക്ക് ഫ്ലഡ് പഠനങ്ങൾ, ഡാമിന്റെ സംഭരണ നഷ്ടം വിലയിരുത്തുവാനുള്ള റിസർവോയർ സെഡിമെന്റേഷൻ സർവേ തുടങ്ങിയവ നടത്തുകയും, ഡാമിന്റെ ഘടനപരമായ സുരക്ഷിതത്വത്തെ സംബന്ധിച്ച്, ഡാമിന്റെ അപ്സ്ട്രീം മുഖത്തുള്ള വിള്ളലുകൾ, പൊള്ളകൾ, ശൂന്യതകൾ, ജോയിന്റുകൾ എന്നിവ കണ്ടുപിടിക്കാനായി ഫോട്ടോഗ്രാഫിയും റിമോട്ട് ഓപ്പറേറ്റിംഗ് വെഹിക്കിൾ മുഖേനയും അന്വേഷണങ്ങൾ നടത്തുകയുമുണ്ടായി. കൂടാതെ ഡാമിന്റെ സീപ്പേജ്, ലൈം കണ്ടന്റ് എന്നിവയെ സംബന്ധിച്ചും, അതിന്റെ ബോഡിയിലും ഫൗണ്ടേഷനിലും ഉപയോഗിച്ച മെറ്റീരിയലുകളുടെ ശക്തിയും സമഗ്രതയും കണ്ടെത്തുവാനുള്ള ഇൻസിറ്റു (in-situ) & എക്സിറ്റു (ex-situ) ടെസ്റ്റുകളും ഡാമിന്റെ സീസ്മിക് സേഫ്റ്റിയെ സംബന്ധിച്ച ഫൈനൈറ്റ് എലമെന്റ് മെത്തേഡ് അനാലിസിസും നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ബേബി ഡാമിന്റെ പരിസരത്ത് ജിയോളജിക് ഫാൾട്ടിന്റെ അസ്തിത്വം ഉണ്ടോയെന്ന് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ, ഉൾപ്പെടെ ഡാം ഹൈഡ്രോളജിക്കലായും ഭൂകമ്പപരമായും ഘടനാപരമായും സുരക്ഷിതമല്ല എന്ന വസ്തുത ഉന്നതാധികാരസമിതി മുൻപാകെ കേരളം സമർപ്പിച്ചിരുന്നുവെങ്കിലും, ഉന്നതാധികാര സമിതി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഡാം ഈ മൂന്ന് തരത്തിലും സുരക്ഷിതമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ബേബി ഡാമും ഘടനാപരമായി സുരക്ഷിതമാണെന്ന് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. എങ്കിലും ആരുടേയും നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ ഭാവിയിൽ ചില സമയങ്ങളിൽ ഡാമിന് ബലക്ഷയം സംഭവിക്കാനുള്ള സാധ്യത തള്ളിക്കളയുവാനുള്ളതല്ലയെന്നും ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ, സൗഹാർദപരമായ തീർപ്പിൽ രണ്ട് സംസ്ഥാനങ്ങളും എത്തുന്ന മുറയ്ക്ക് ചില നിബന്ധനകളോടെ കേരളത്തിന് പുതിയ അണക്കെട്ട് നിർമ്മിക്കാം എന്നും അല്ലെങ്കിൽ 106.5 അടി ഉയരം വരെയുള്ള സംഭരണിയിലെ ജലം വിനിയോഗിക്കുന്നതിന് തമിഴ്നാടിന് 50 അടിയിൽ പുതിയൊരു തുരങ്കം നിർമ്മിക്കാമെന്നും Empowered Committee നിർദ്ദേശിക്കുകയുണ്ടായി.

(ബി) പ്രസ്തുത ഡാമിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) സാധ്യതാപഠനം നടത്തുന്നതിനെതിരെ സുപ്രീംകോടതിയിൽ നിലനിന്ന കേസിൽ സംസ്ഥാനത്തിന് അനുകൂലമായ വിധി ഉണ്ടായ സാഹചര്യത്തിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള തീരുമാനം ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിക്കായുള്ള നടപടി കേരളം സ്വീകരിച്ച് വരുന്നു പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, പെരിയാർ കടുവ സങ്കേത മേഖലയിൽ ആയതിനാൽ പാരിസ്ഥിതികാനുമതി (Environmental Clearance), ഫോറസ്റ്റ് ക്ലിയറൻസ്, വൈൽഡ് ലൈഫ് ക്ലിയറൻസ്, ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ ക്ലിയറൻസ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്രപരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാതപഠന (EIA) ത്തിനുള്ള Terms of Reference (TOR)-നുള്ള അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. EIA പഠനം പുരോഗമിച്ചുവരുന്നു .

## ചെറുകിട ജലസേചന പദ്ധതികൾ

118(623) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുഴകളിൽ ചെറുകിട ജലസേചന പദ്ധതികൾ (ചെക്ക് ഡാം) നടപ്പിലാക്കുന്നതിനുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുഴകളിൽ ചെറുകിട ജലസേചന പദ്ധതികൾ (ചെക്ക് ഡാം) നടപ്പിലാക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി വാമനപുരം പഞ്ചായത്തിൽ കാരേറ്റ് പാലത്തിന് മുകൾവശത്ത് 4.78 ലക്ഷം രൂപയുടേയും പുല്ലാമ്പാറ പഞ്ചായത്തിൽ അരുവിപ്പുറം പാലത്തിന് താഴ്ഭാഗത്ത് 4.98 ലക്ഷം രൂപയുടെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(ബി) ടി പഠനങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും പുഴകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പുഴകൾ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പുഴകളിൽ ചെറുകിട ജലസേചന പദ്ധതികൾ (ചെക്ക് ഡാം) നടപ്പിലാക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയിൽ തടയണ നിർമ്മിക്കുന്നതിനായി വാമനപുരം പഞ്ചായത്തിൽ കാരേറ്റ് പാലത്തിന് മുകൾവശത്ത് 4.78 ലക്ഷം രൂപയുടേയും പുല്ലമ്പാറ പഞ്ചായത്തിൽ അരുവിപ്പുറം പാലത്തിന് താഴ്ഭാഗത്ത് 4.98 ലക്ഷം രൂപയുടെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

## വാടാനപ്പള്ളി ഐ.വി.കെട്ടിൽ തടയണ നിർമ്മാണം

119(624) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി ഐ.വി.കെട്ടിൽ തടയണ നിർമ്മാണത്തിന്റെ പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി.കെട്ടിൽ തടയണ നിർമ്മാണത്തിന്റെ പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമായിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതി നൽകിയിട്ടുണ്ടോ; അറിയിക്കാമോ?

ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഭരണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

## ബണ്ട് പുനർനിർമ്മാണം

120(625) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര-അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ബണ്ട് പുനർനിർമ്മിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ബണ്ട് പുനർനിർമ്മിക്കാൻ കാലതാമസ്സം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

&

(സി) ബണ്ട് പുനർനിർമ്മാണത്തിന് എത്ര തുകയാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ അമരവിള പുല്ലാമലയിൽ നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പുല്ലാമല ബണ്ട് പ്രദേശത്ത് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിലേക്കായി 1,24,000 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് 6 മീറ്റർ ഉയരത്തിൽ ഗാബിയോൺ ബോക്സ് ഉപയോഗിച്ചാണ് ബണ്ട് പുനർനിർമ്മിക്കുന്നതിന് വിഭാവന ചെയ്തിരുന്നത്. ആയതിലേയ്ക്ക് തയ്യാറാക്കിയ ഡിസൈൻ പ്രസ്തുത സ്ഥലത്ത് പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ ചീഫ് എഞ്ചിനീയർ(IDRB)ക്ക് ലഭ്യമാക്കുകയും ആയതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

121(626) ശ്രീ. മുഹമ്മദ് മുഹസിൻ പി. :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ തിരുവേഗപ്പുര പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

തിരുവേഗപ്പുര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കാലടിക്കുന്ന്ലിഫ്റ്റ് ഇറിഗേഷൻ സ്കീം 1977-ൽ കമ്മീഷൻ ചെയ്തതാണ്. 2008 വരെ പ്രവർത്തിച്ച ഈ സ്കീം കനാലുകൾ തകർന്നതുമൂലവും പമ്പ് ഹൗസിലെ മോട്ടോറുകൾ പ്രവർത്തനരഹിതമായതിനാലും പ്രവർത്തനം നിർത്തി വയ്ക്കേണ്ടി വന്നു. എന്നാൽ ഒമ്പത് വർഷത്തോളം പ്രവർത്തനരഹിതമായി കിടന്ന സ്കീം കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും പമ്പ് ഹൗസ് നവീകരിച്ചും 2017-ൽ പ്രവർത്തനം പുനരാരംഭിച്ചു. നിലവിൽ വാലറ്റം വരെ കനാലുകൾ പുനരുദ്ധരിച്ച് ജലസേചനം നടത്തിവരുന്നു.

## കാസർഗോഡ് ജില്ലയിലെ ബാവിക്കര തടയണ നിർമ്മാണം

122(627) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര തടയണയുടെ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബാവിക്കര തടയണയുടെ സിവിൽ, മെക്കാനിക്കൽ എന്നിവയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഷട്ടർ ഉയർത്താനും താഴ്ത്താനുമുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ഷട്ടർ ഉയർത്താനും താഴ്ത്താനുമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് കോവിഡ് കാരണം കാലതാമസം നേരിട്ടു. ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. കരാർ കാലാവധിക്ക് മുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാലവർഷം തുടങ്ങുന്നതിനുമുൻപ് ഈ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലുള്ള അപകട ഭീഷണി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റെഗുലേറ്ററിന്റെ FRP ഷട്ടറുകൾ മുഴുവനും മാറ്റുകയും, സ്റ്റീൽ ഷട്ടറുകൾ ഉയർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിലവിൽ അപകട ഭീഷണി ഇല്ല.

(ഡി) എങ്കിൽ ഇത് അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

റെഗുലേറ്ററിന്റെ FRP ഷട്ടറുകൾ മുഴുവനും മാറ്റുകയും, സ്റ്റീൽ ഷട്ടറുകൾ ഉയർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നിലവിൽ അപകട ഭീഷണി ഇല്ല.

## ഇത്തിക്കരയാറിലെ തടയണ നിർമ്മാണം

123(628) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽ ഇത്തിക്കരയാറിന് കുറുകെ ഞവരൂർ കടവിൽ തടയണയും പാലവും നിർമ്മിക്കുന്ന പ്രവൃത്തിയുടെ (ബഡ്ജറ്റ് വർക്ക് 2020 -2021) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇത്തിക്കരയാറിന്റെ കുറുകെ ഞവരൂർ കടവിൽ തടയണയും പാലവും നിർമ്മിക്കുന്ന പ്രവൃത്തിയുടെ പര്യവേക്ഷണ പ്രവൃത്തികൾ 2021 മാർച്ചിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

## കാസർഗോഡ് ജില്ലയിലെ കടലേറ്റം തടയുന്നതിനുള്ള നടപടി

124(629) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവ്വായി കായലും അറബിക്കടലും അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന കടലേറ്റം തടയുന്നതിനും ദ്വീപിൽ വർഷകാലത്തുണ്ടാകുന്ന കരയിടിച്ചിൽ നേരിടുന്നതിന് കരകെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 19 കി.മീ. വരുന്ന കിഴക്ക് ഭാഗത്തെ കവ്വായി കായൽ അതിർത്തി പങ്കിടുന്ന വലിയ പറമ്പ കടപ്പുറം ദ്വീപ് പ്രദേശം വളരെ വീതി കുറഞ്ഞതാണ്. ഇവിടെ കാലാകാലങ്ങളിലായി അതിരൂക്ഷമായ കടലാക്രമണം നേരിട്ട്, ജനങ്ങൾ ഭീതിയിലാണ് കഴിയുന്നത്. എല്ലാ വർഷവും ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തെ നേരിടാൻ ശാശ്വതപരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കേരളത്തിൽ കടലാക്രമണം കൂടുതൽ രൂക്ഷമായി ബാധിക്കുന്ന 10- ഹോട്ട് സ്പോട്ടുകളായ കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ തീരപ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിലുള്ള നിർമ്മാണപ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ. സി. സി. ആർ) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് 'ഡി.പി.ആർ.' തയ്യാറാക്കി തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## തോടിന്റെ അതിർത്തി നിർണ്ണയം, നവീകരണം

125(630) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ-സി) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരകുളത്തുനിന്നും കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി

നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം സ്വീകരിച്ച തുടർനടപടി എന്തെല്ലാമെന്നും വിശദമാക്കാമോ?

കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനായി 2019-20 -ലെ ബഡ്ജറ്റിൽ (വോള്യം- II, ക്രമനമ്പർ 2197) 15 കോടി രൂപയുടെ എസ്റ്റിമേറ്റിന് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തിയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

(എ-സി) കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരകുളത്തുനിന്നും കണ്ടാണശ്ശേരി ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ പോകുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന തിനായി 6,70,000 രൂപയുടെ ഭരണാനുമതി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് മൂന്ന് തവണ ദർഘാസും ഒരു തവണ ക്വട്ടേഷനും ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. രണ്ടാമത് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഒരു കരാറുകാരനിൽനിന്നും ക്വട്ടേഷൻ ലഭിച്ചു. ആയത് അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു അതിർത്തി നിർണ്ണയിച്ച് തരുന്നതിന് ചാവക്കാട് തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പുഴ സംരക്ഷണഭിത്തി നിർമ്മാണം

126(631) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകിയത് ഏതെല്ലാം എന്ന് അറിയിക്കാമോ?

പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ രണ്ട് എസ്റ്റിമേറ്റുകളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇറിഗേഷൻ വകുപ്പ് 2021 വർഷത്തിൽ ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽനിന്ന് ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാം?

2021 വർഷത്തിൽ ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽനിന്ന് ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ* ചേർത്തിരിക്കുന്നു.

(സി) ഭരണാനുമതി ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികൾക്ക് ഭരണാനുമതി അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഭരണാനുമതി ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.* ടി പ്രവൃത്തികൾക്ക് ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## പാലത്തോടുകൂടിയ ഉപ്പുവെള്ള പ്രതിരോധബണ്ട്

127(632) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ, മുട്ടിൽകാപ്പ് എന്നിവിടങ്ങളിൽ പാലത്തോടു കൂടിയ ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് മുണ്ടാപ്രത്ത് ആർ.സി.ബി നിർമ്മിക്കുന്നതിനുള്ള 1330 ലക്ഷത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി ഹരിതകേരളം ക്ലാസ്സ് I സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഹരിതകേരളം സ്കീമിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റഗുലേറ്റർ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതിനാൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബഹുമാനപ്പെട്ട മുൻ സ്ഥലം എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം നിലവിലുള്ള റഗുലേറ്റർ പുതുക്കി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പണിയുന്നതിന് പകരം അവിടെ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് രൂപകൽപ്പനയ്ക്കായി ഐ.ഡി.ആർ.ബി-ൽ ഉടനെ സമർപ്പിക്കുന്നതാണ്.

## കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ

128(633) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ഉൾപ്പെട്ട ചെട്ടിപ്പടി മുതൽ കെട്ടുങ്ങൽ വരെ കടൽ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

&

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ഉൾപ്പെട്ട ചെട്ടിപ്പടി മുതൽ കെട്ടുങ്ങൽ വരെ കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള സർവ്വെ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. കടൽഭിത്തി നിർമ്മാണത്തിന് 4711-02-103-99-00-00 എന്ന പ്ലാൻ ശീർഷകത്തിൽ 2.40 കോടി രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്.

## നീണ്ടകരയിലെ പുലിമുട്ട് നിർമ്മാണം

129(634) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ.-ന്റെയും ഐ.ആർ.ഇ.-യുടെയും സഹായത്തോടെ വെള്ളനാതുരുത്ത് മുതൽ നീണ്ടകര വരെയുള്ള സ്ഥലത്ത് കടലാക്രമണം തടയുന്നതിനായി പുലിമുട്ടുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പാട് പ്രദേശത്തെ രൂക്ഷമായ കടലാക്രമണം നേരിടുന്നതിനായി ചവറ

ഐ.ആർ.യു.- യുടെ സഹായത്തോടെ വെള്ളനാതുരുത്തിൽ CH 34.000 KM-നും CH 35.000 KM-നും ഇടയിലായി 4 പുലിമുട്ടുകൾ അടങ്ങുന്ന പുലിമുട്ട് ശൃംഖലയുടെ നിർമാണം പൂർത്തീകരിച്ചു. ചവറ മണ്ഡലത്തിലെ പന്മന ഗ്രാമ പഞ്ചായത്ത് പ്രദേശത്തിലെ ചെയിനേജ് 30.230 കി.മി.-നും 34.00 കി.മി.-നും ഇടയിൽ KMML-ന്റെ സഹായത്തോടെ 4 പുലിമുട്ടുകൾ അടങ്ങുന്ന പുലിമുട്ട് ശൃംഖലയുടെ പ്രവൃത്തി നിലവിൽ 16% പൂർത്തീകരിച്ചു. KMML നൽകാമെന്ന് സമ്മതിച്ചിരുന്ന പാറ നൽകാൻ കഴിയാതെ വന്നതും മഴയും ക്വാറിയുടെ പ്രശ്നങ്ങളും, പാറയുടെ ദൗർലഭ്യവുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്. കൂടാതെ വെള്ളനാതുരുത്തിനും പണ്ടാരതുരുത്തിനും ഇടയിലായി ഒരു പുലിമുട്ട് ശൃംഖലയുടെ നിർമ്മാണത്തിനായി വിശദമായ സാങ്കേതിക പഠന റിപ്പോർട്ട് CWPRS, Pune -യുമായിച്ചേർന്ന് ക്രമീകരിച്ച് വരുന്നു

(ബി) എത്ര പുലിമുട്ടുകൾ ഏതൊക്കെ സ്ഥലത്ത് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കരുനാഗപ്പള്ളി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പാട് പ്രദേശത്തെ രൂക്ഷമായ കടലാക്രമണം നേരിടുന്നതിനായി ചവറ ഐ. അർ. ഇ.-യുടെ സഹായത്തോടെ വെള്ളനാതുരുത്തിൽ CH 34.000 KM-നും CH 35.000 KM-നും ഇടയിലായി 4 പുലിമുട്ടുകൾ അടങ്ങുന്ന പുലിമുട്ട് ശൃംഖലയുടെ നിർമാണം പൂർത്തീകരിച്ചു. ചവറ മണ്ഡലത്തിലെ പന്മന ഗ്രാമ പഞ്ചായത്ത് പ്രദേശത്തിലെ ചെയിനേജ് 30.230 കി.മി.-നും 34.00 കി.മി.-നും ഇടയിൽ KMML ന്റെ സഹായത്തോടെ 4 പുലിമുട്ടുകൾ അടങ്ങുന്ന പുലിമുട്ട് ശൃംഖലയുടെ പ്രവൃത്തി നിലവിൽ 16% പൂർത്തീകരിച്ചു. KMML നൽകാമെന്ന് സമ്മതിച്ചിരുന്ന പാറ നൽകാൻ കഴിയാതെ വന്നതും മഴയും ക്വാറിയുടെ പ്രശ്നങ്ങളും, പാറയുടെ ദൗർലഭ്യവുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്. കൂടാതെ വെള്ളനാതുരുത്തിനും പണ്ടാരതുരുത്തിനും ഇടയിലായി ഒരു പുലിമുട്ട് ശൃംഖലയുടെ നിർമ്മാണത്തിനായി വിശദമായ സാങ്കേതിക പഠന റിപ്പോർട്ട് CWPRS, Pune-യുമായിച്ചേർന്ന് ക്രമീകരിച്ച് വരുന്നു

**കടൽഭിത്തി നിർമ്മാണം**

130(635) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കസബ, ചേരങ്കൈ, കാവുഗോളി കടപ്പുറത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

&

(ബി) ആയത് എത്ര മീറ്റർ നീളത്തിൽ എത്ര തുക ചെലവഴിച്ച് ഏത് വർഷമാണ് നിർമ്മിച്ചതെന്ന് അറിയിക്കുമോ?

കാസർഗോഡ് കസബ, ചേരങ്കൈ, കാവുഗോളി കടപ്പുറത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

(സി) ഒരിക്കൽ നിർമ്മിച്ച കടൽഭിത്തി കടലാക്രമണത്തിൽ തകർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. ആയത് പുനർനിർമ്മിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത കടപ്പുറത്ത് ഇപ്പോൾ കടലാക്രമണഭീഷണി ഉണ്ടോയെന്നും ഇത് തടയാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കടപ്പുറത്ത് താഴെ പറയുന്ന 2 റീച്ചിലുള്ള കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു.

1. സിപി സ്റ്റോൺ നം. 2733-ന് വടക്ക് 22 മീറ്ററിനും തെക്ക് 25 മീറ്ററിനും ഇടയ്ക്ക് 47 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു.

2. സിപി സ്റ്റോൺ നം.2733-ന് തെക്ക് 30 മീറ്ററിനും 75 മീറ്ററിനും ഇടയ്ക്ക് 45 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി പുരോഗമിക്കുന്നു. കടലാക്രമണത്തെ നേരിടാനായി ചേരങ്കൈ കടപ്പുറത്ത് സിപി സ്റ്റോൺ നം. 2733-നും സിപി സ്റ്റോൺ നം.2737-നും ഇടയിൽ 517 മീറ്റർ ജിയോബാഗ് ഉപയോഗിച്ച് അടിയന്തര നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു.

## കടൽഭിത്തി നിർമ്മാണം

131(636) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 16 കോടി രൂപയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ പഞ്ചായത്തുകളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 6 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരനുമായി കരാർ ഉടമ്പടി ചെയ്തിട്ടുണ്ട്. കാലവർഷം കുറയുന്നതനുസരിച്ച് സെപ്റ്റംബർ ഒക്ടോബർ മാസത്തോടുകൂടി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആലപ്പാട് തീരസംരക്ഷണം**

132(637) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തീരപ്രദേശമായ ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി 2018 മുതൽ പാറ അടുക്കിയുള്ള നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ച് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തീരപ്രദേശമായ ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി 2018 മുതൽ പാറ അടുക്കിയുള്ള നിർമ്മാണത്തിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി ചെന്നൈ ഐ.ഐ.ടി. തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൽ പറയുന്ന പ്രകാരം ആലപ്പാട് തീരസംരക്ഷണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സർക്കാർ തയ്യാറാകുമോ?

മുമ്പ് അനുവദിക്കപ്പെട്ടിരുന്ന ഫണ്ട് ഉപയോഗിച്ച് ആലപ്പാട് കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃഖലയ്ക്ക് മാത്രം IIT സാങ്കേതിക പഠന റിപ്പോർട്ട് ലഭ്യമാക്കുകയും അതേതുടർന്ന്, കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃഖല നിർമ്മിക്കുകയും ചെയ്തു. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ പഠനത്തിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ കടൽഭിത്തി ആസൂത്രണം ചെയ്യുന്നതിനുമായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. ടി പഠനം നടത്തുന്ന കേരളത്തിലെ പ്രധാന ഹോട്ട്സ്പോട്ടുകളിൽ ആലപ്പാടും ഉൾപ്പെടുന്നുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ കടൽഭിത്തി/പുലിമുട്ട് നിർമ്മാണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ പണ്ടാരത്തുരുത്തിൽ IREL-ന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗ്രോയിൻ ഫീൽഡിനുവേണ്ടി CWPRS, Pune മുഖാന്തരം പഠനം നടത്തുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

മുമ്പ് അനുവദിക്കപ്പെട്ടിരുന്ന ഫണ്ട് ഉപയോഗിച്ച് ആലപ്പാട് കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃഖലയ്ക്ക് മാത്രം IIT സാങ്കേതിക പഠന റിപ്പോർട്ട് ലഭ്യമാക്കുകയും അതേത്തുടർന്ന്, കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃഖല നിർമ്മിക്കുകയും ചെയ്തു. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ പഠനത്തിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ കടൽഭിത്തി ആസൂത്രണം ചെയ്യുന്നതിനുമായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. ടി പഠനം നടത്തുന്ന കേരളത്തിലെ പ്രധാന ഹോട്ട്സ്പോട്ടുകളിൽ ആലപ്പാട്ടും ഉൾപ്പെടുന്നുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ കടൽഭിത്തി/പുലിമുട്ട് നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ പണ്ടാരത്തുരുത്തിൽ IREL-ന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗ്രോയിൻ ഫീൽഡിനുവേണ്ടി CWPRS, Pune മുഖാന്തരം പഠനം നടത്തുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു.

## മഞ്ചേശ്വരത്തെ തീരദേശങ്ങളിൽ കടൽക്ഷോഭത്തെ തുടർന്ന് സംഭവിച്ച നാശനഷ്ടങ്ങൾ

133(638) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭംമൂലം കേരളത്തിലെ തീരദേശത്ത് വ്യാപകമായ നാശനഷ്ടം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം കാരണം വീടുകൾ നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ?

കടൽക്ഷോഭം കാരണം വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മാനദണ്ഡപ്രകാരമുള്ള ധനസഹായം വീടിന്റെ നഷ്ടശതമാനം

കണക്കാക്കി ബന്ധപ്പെട്ട തഹസീൽദാർ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 23-07-2015-ലെ സ.ഉ(കൈ)നമ്പർ 343/2015/ ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം തീരശോഷണം (Coastal erosion) ഒരു സംസ്ഥാന സവിശേഷ ദുരന്തം (State Specific Local Disaster) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനാൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. അതോടൊപ്പം പ്രസ്തുത ദുരന്തത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും, വള്ളവും വലയും മറ്റും നഷ്ടപ്പെടുന്നവർക്കും പ്രസ്തുത മാനദണ്ഡപ്രകാരമുള്ള ആശ്വാസ സഹായത്തിന് അർഹതയുണ്ട്.

(സി) ഈ മണ്ഡലത്തിലെ കടൽ തീരങ്ങളിൽ കടൽക്ഷോഭം തടയുന്നതിനും തീരപ്രദേശത്തെ ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്തുന്നതിനും എന്തെങ്കിലും ശാശ്വത പരിഹാര മാർഗ്ഗങ്ങൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ടി കടൽത്തീരത്തിന് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി വിഭാവന ചെയ്യുന്നതിനുള്ള പഠനത്തിനായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) ചെന്നൈ, എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് പ്രവൃത്തികൾ വിഭാവന ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1500 കോടി രൂപ തീരസംരക്ഷണ പാക്കേജിൽ ഉൾപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## പാലങ്ങളിൽ ഷട്ടറുകൾ സ്ഥാപിക്കൽ

134(639) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ മലയം കനാലിന് കുറുകെയുള്ള മുട്ടേൽ പാലം, കരിപ്പുഴ കനാലിന് കുറുകെയുള്ള പത്തിയൂർ പാലം, എരുവ പാലം എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള സ്ലൂയിസ് ഷട്ടറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ മലയം കനാലിന് കുറുകെയുള്ള മുട്ടേൽ പാലം, കരിപ്പുഴ കനാലിന് കുറുകെയുള്ള പത്തിയൂർ പാലം, എരുവ പാലം എന്നിവിടങ്ങളിൽ സ്ലൂയിസ്സുകൾക്കിടയിൽ താത്കാലിക ഓരുമുട്ടുകൾ സ്ഥാപിച്ചുകൊണ്ടാണ് എല്ലാ വർഷവും ഓരുവെള്ളം കയറുന്നത് തടയുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആധുനിക രീതിയിലുള്ള സ്ലൂയിസ് ഷട്ടറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട്ടിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

135(640) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ കുട്ടനാട്ടിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിയും അനുവദിച്ചിട്ടുള്ള തീയതി, എസ്റ്റിമേറ്റ് തുക, ഭരണാനുമതി, സാങ്കേതികാനുമതി തീയതികൾ, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുമോ?

മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ കുട്ടനാട്ടിൽ നിലവിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ്, ഭരണാനുമതി, സാങ്കേതികാനുമതി, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കൃഷിയിടങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്താത്തതുമൂലം മടവീഴ്ച ഉണ്ടായി പതിനായിരക്കണക്കിന് ഹെക്ടർ കൃഷി നശിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷിയിടങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തുന്നതിനായി എഫ്.എം.പി, നബാർഡ്, എസ്.ഡി.ആർ.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജനപ്രതിനിധികൾ, പാടശേഖരസമിതി, പൊതുജന- നിവേദനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യകതയും അടിയന്തര പ്രാധാന്യവും കണക്കിലെടുത്ത് പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വലിയതുരുത്ത് പാടശേഖരത്തിൽ 500 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) കുട്ടനാട്ടിലെ മേജർ ഇറിഗേഷൻ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ?

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ അവയുടെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി അറിയിക്കുന്നതിന് ഉപകാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തികളുടെ പുരോഗതി യഥാസമയം നിരീക്ഷിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കരിങ്കര ഡാം പരിസരത്തെ കയ്യേറ്റം

136(641) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ ഉടമസ്ഥതയിലുള്ള കരിങ്കയം ഡാമിലും പരിസരത്തും എത്ര സ്ഥലം ഇറിഗേഷൻ വിഭാഗത്തിന്റെ വശമുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ കിഴഞ്ചേരി-2 വില്ലേജിൽ റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം കരിങ്കയം ഡാമിന് പരിസരത്തായി 11.7180 ഹെക്ടർ സ്ഥലം ജലസേചന വകുപ്പിന്റെ കൈവശം ഉണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും രീതിയിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആകെ ഉണ്ടായിരുന്ന 40.3375 ഹെക്ടർ സ്ഥലത്ത് റവന്യൂ വകുപ്പ് 11.7180 ഹെക്ടർ സബ്ഡിവിഷൻ ചെയ്തതിനുശേഷമുള്ള ഭൂമിയുടെ അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇതിനുള്ള കാട് വെട്ടൽ, അതിർത്തിക്കല്ലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള പ്രവൃത്തി ടെൻഡർ നടപടികളിലാണ്. അളന്നുതിട്ടപ്പെടുത്തിയാൽ മാത്രമേ കയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് അറിയാനാകൂ.

(സി) ഉണ്ടെങ്കിൽ കയ്യേറ്റം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആകെ ഉണ്ടായിരുന്ന 40.3375 ഹെക്ടർ സ്ഥലത്ത് റവന്യൂ വകുപ്പ് 11.7180 ഹെക്ടർ സബ്ഡിവിഷൻ ചെയ്തതിനുശേഷമുള്ള ഭൂമിയുടെ അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇതിനുള്ള കാട് വെട്ടൽ, അതിർത്തിക്കല്ലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള പ്രവൃത്തി ടെൻഡർ നടപടികളിലാണ്. അളന്നുതിട്ടപ്പെടുത്തിയാൽ മാത്രമെ കയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് അറിയാനാകൂ.

## പെമ്പുഴക്കടവ്- പൂവ്വം പാലത്തിന്റെ നിർമ്മാണം

137(642) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട പെമ്പുഴക്കടവ്-പൂവ്വം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പെരുമ്പുഴക്കടവ്-പൂവ്വം പാലത്തിന്റെ നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 28-3-2019-ലെ സ.ഉ.(സാധാ) നമ്പർ 10/2019/ സി.എസ്.ഐ.എൻ.ഡി. പ്രകാരം പാലത്തിന്റെ നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ചീഫ് എഞ്ചിനിയർ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിൽനിന്നും പ്രസ്തുത നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരവും ജി.എസ്.ടി തുകയും ഉൾപ്പെടുത്തി പാലം നിർമ്മാണത്തിനായി 450 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനിയർ സമർപ്പിച്ചിട്ടുള്ളതും പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണിച്ചുവരികയുമാണ്.

(ബി) പാലത്തിന്റെ നിർമ്മാണ ജോലികൾ പുനരാരംഭിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പെരുമ്പുഴക്കടവ്-പൂവ്വം പാലത്തിന്റെ നിർമ്മാണത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 28-3-2019-ലെ സ.ഉ(സാധാ) നമ്പർ 10/2019/ സി.എസ്.ഐ.എൻ.ഡി. പ്രകാരം പാലത്തിന്റെ നിർമ്മാണത്തിനായി 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ചീഫ് എഞ്ചിനിയർ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന്റെ കാര്യാലയത്തിൽനിന്നും പ്രസ്തുത നിർമ്മാണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ നിലവിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരവും ജി.എസ്.ടി തുകയും ഉൾപ്പെടുത്തി പാലം നിർമ്മാണത്തിനായി 450 ലക്ഷം രൂപയുടെ പുതുക്കിയ

എസ്റ്റിമേറ്റ് ചീഫ് എഞ്ചിനിയർ സമർപ്പിച്ചിട്ടുള്ളതും പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണിച്ചുവരികയുമാണ്.

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ നടപടി പൂർത്തിയായോ?

&

(ഡി) പാലത്തിന്റെ നിർമ്മാണ ജോലികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കടലാക്രമണം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

138(643) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണം ചെറുക്കുന്നതിനായി സംരക്ഷണഭിത്തികൾ അടിയന്തരമായി നിർമ്മിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

2021-ലെ മൺസൂൺ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിൽനിന്നും 9 തീരദേശ ജില്ലകളിലേയും രൂക്ഷമായ കടലാക്രമണം നേരിടാൻ വേണ്ട ക്രമീകരണം നടത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 2711-103-02-99-00-00 എന്ന ശീർഷകത്തിൽ സംസ്ഥാനമൊട്ടുക്കുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 6.582 കോടി രൂപയും 4711-103-02-99-00-00 എന്ന ശീർഷകത്തിൽ 2.40 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 20 ലക്ഷം രൂപ വീതം നോൺ പ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുകയുണ്ടായി. ഇതിനുപുറമേ ചെല്ലാനത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രതിരോധ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും തിരുവനന്തപുരത്തെ വലിയതുറയിലെ അടിയന്തര പ്രവർത്തികൾക്കായി 42 ലക്ഷം രൂപയും ടി നോൺ പ്ലാൻ ശീർഷകത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തികൾക്കായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം കാസർഗോഡ് എന്നീ

ജില്ലകൾക്ക് 1 കോടി രൂപ വീതവും രൂക്ഷമായി കടലാക്രമണം നേരിടുന്ന ചെല്ലാനം പ്രദേശം ഉൾപ്പെടുന്ന എറണാകുളം ജില്ലയ്ക്ക് 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ചാക്കിൽ മണ്ണ് നിറച്ചും, ആവശ്യമായ സ്ഥലങ്ങളിൽ കല്ല് ഉപയോഗിച്ചുമുള്ള താൽക്കാലിക കടൽഭിത്തി നിർമ്മാണവും വഴി വിവിധ തീരദേശ ജില്ലകളിലെ കടൽത്തീരം അടിയന്തരമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു. എല്ലാ വർഷവും ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തെ നേരിടുവാൻ ഒരു ശാശ്വതപരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കേരളത്തിൽ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ തീരപ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിലുള്ള നിർമ്മാണപ്രവൃത്തികൾക്കായി സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് സാഹചര്യത്തിന് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## മാവുള്ള പൊയിലിൽ വി.സി.ബി. നിർമ്മാണം

139(644) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ള പൊയിലിൽ വി.സി.ബി. നിർമ്മിക്കാൻ 2017 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അതിനുശേഷം സമർപ്പിച്ച പല പ്രൊപ്പോസലുകൾക്കും ഭരണാനുമതി നൽകിയിട്ടും മേൽപ്പറഞ്ഞ പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപ്പോയിൽ എന്ന സ്ഥലത്ത് ഒരു വി.സി.ബി.-ക്കുവേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ആവശ്യകതയും അടിയന്തര

സ്വഭാവവും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്നും അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നത്. ആയത് പ്രകാരം തയ്യാറാക്കിയതിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി പ്രവൃത്തിക്ക് ഇതുവരെ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. ടി പ്രവൃത്തിയുടെ മുകൾ ഭാഗത്തു (ഏകദേശം 3 കി.മീ.) മറ്റൊരു VCB-യുടെ പ്രവൃത്തി ടെൻഡർ നടപടി പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. ടി പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ സ്ഥലപരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപ്പോയിൽ എന്ന സ്ഥലത്ത് ഒരു വി.സി.ബി.-ക്കുവേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ആവശ്യകതയും അടിയന്തര സ്വഭാവവും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്നും അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നത്. ആയത് പ്രകാരം തയ്യാറാക്കിയതിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി പ്രവൃത്തിക്ക് ഇതുവരെ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. ടി പ്രവൃത്തിയുടെ മുകൾഭാഗത്തു (ഏകദേശം 3 കി.മീ.) മറ്റൊരു VCB യുടെ പ്രവൃത്തി ടെൻഡർ നടപടി പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. ടി പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ സ്ഥലപരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതി

140(645) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിക്ക് വേണ്ടിയുള്ള രൂപകൽപ്പന തയ്യാറാക്കാനുള്ള ഒരു പ്രൊപ്പോസൽ 3-3-2021-ന് ചീഫ്എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)-യുടെ കാര്യാലയത്തിൽ നൽകിയിരുന്നുവെങ്കിലും രൂപകൽപ്പന ചെയ്യാനാവശ്യമായ എല്ലാ വിവരങ്ങളും പ്രസ്തുത പ്രൊപ്പോസലിൽ ലഭ്യമാക്കിയിരുന്നില്ല. ആകയാൽ ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ഫീൽഡ് കാര്യാലയങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ രൂപകൽപ്പന മുൻഗണനാക്രമത്തിൽ IDRB-ൽനിന്നും പൂർത്തീകരിച്ച DPR തയ്യാറാക്കി ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ഐ.ഡി.ആർ.ബി.-യിൽ ഉള്ള പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിന് എത്രയും വേഗം അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിക്ക് വേണ്ടിയുള്ള രൂപകൽപ്പന തയ്യാറാക്കാനുള്ള ഒരു പ്രൊപ്പോസൽ 3-3-2021-ന് ചീഫ്എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)-യുടെ കാര്യാലയത്തിൽ നൽകിയിരുന്നുവെങ്കിലും രൂപകൽപ്പന ചെയ്യാനാവശ്യമായ എല്ലാ വിവരങ്ങളും പ്രസ്തുത പ്രൊപ്പോസലിൽ ലഭ്യമാക്കിയിരുന്നില്ല. ആകയാൽ ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ഫീൽഡ് കാര്യാലയങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ രൂപകൽപ്പന മുൻഗണനാക്രമത്തിൽ IDRB-ൽനിന്നും പൂർത്തീകരിച്ച DPR തയ്യാറാക്കി ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

## ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തികൾക്കായി പാലക്കാട് ജില്ലയിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ

141(646) ശ്രീ. മുഹമ്മദ് മുഹസിൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലിഫ്റ്റ് ഇറിഗേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിൽ ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് സർക്കാരിൽ പരിശോധിച്ച് വരുന്നു.

(ബി) ആയതിന് സാധിക്കാത്ത പക്ഷം, ഇത്തരം പ്രവൃത്തികൾ പാലക്കാട് പി.ഡബ്ല്യു.ഡി.-ക്ക് കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് സർക്കാരിൽ പരിശോധിച്ച് വരുന്നു.

## പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ

142(647) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ ഇപ്പോൾ ഏത് ഡിവിഷന്റെ കീഴിലാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ?

പി.ഡബ്ല്യൂ.ഡി; മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോടിന്റെ കീഴിലാണ് പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ നടത്തിവരുന്നത്.

(ബി) മേല്പറഞ്ഞ മെക്കാനിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ആയവ മലമ്പുഴ ഡിവിഷന് കീഴിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കോഴിക്കോട് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നതായി കാണുന്നില്ല. കാലതാമസം വരുന്ന പക്ഷം ആയവ പരിഹരിക്കുന്നതിനുള്ള കർശ്ശന നടപടി സ്വീകരിക്കുന്നതാണ്.

## ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

143(648) <u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 10.70 കോടി രൂപയുടെ ഡി.പി.ആർ; ഭരണാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 10 കോടിക്ക് മുകളിൽ വരുന്നതിനാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ പുനഃസമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗങ്ങൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത എസ്റ്റിമേറ്റുകൾ എത്ര തുകയുടേതാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

പമ്പ് ഹൗസിന്റെ നിർമ്മാണം, പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ, ചെക്ക് ഡാമിന്റെ പുനരുദ്ധാരണം തുടങ്ങിയ സിവിൽ പ്രവൃത്തികൾക്കായി 3.86 കോടി രൂപയും മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന മെക്കാനിക്കൽ പ്രവൃത്തികൾക്കായി 4.65 കോടി രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 1.04 കോടി രൂപയും ഇവയുടെ ജി.എസ്.റ്റി.- യും ഉൾപ്പെടെ മൊത്തം 10.70 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) പ്രസ്തുത എസ്റ്റിമേറ്റുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

144(649) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് ആർ.സി.ബി.-യുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുവേണ്ടി 15.30 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ നേരിട്ട് സ്ഥലപരിശോധന നടത്തി പ്രവൃത്തിയിൽ ചില മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശം കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 16.50 ലക്ഷം രൂപ ആവശ്യമായതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുശേഷം ആർ.സി.ബി.-യുടെ ഡിസൈൻ തയ്യാറാക്കിയതിനുശേഷം മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി**

145(650) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാരംഭ നടപടികൾ പൂർത്തിയാക്കിയ തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയതിന്റെ റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനുശേഷം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറിൽനിന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കുട്ടനാട്ടിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

146(651) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ&ബി) മൈനർ ഇറിഗേഷൻ പദ്ധതികളുടെ ഭാഗമായി കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

മേല്പറഞ്ഞ ഓരോ മൈനർ ഇറിഗേഷൻ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക, എ.എസ്., റ്റി.എസ്. എന്നിവ ലഭിച്ച തീയതികൾ, നിലവിലെ സ്ഥിതി, പ്രവൃത്തി മുടങ്ങിക്കിടക്കുകയാണെങ്കിൽ അതിന്റെ കാരണങ്ങൾ എന്നിവ വ്യക്തമാക്കുമോ?

മൈനർ ഇറിഗേഷൻ പദ്ധതികളുടെ ഭാഗമായി കുട്ടനാട്ടിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു .*

**പള്ളിക്കടവ് ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണം**

147(652) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ പള്ളിക്കടവ് ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണം സംബന്ധിച്ച് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ കാര്യാലയത്തിലെ ഫയൽ നമ്പർ 38586/19/ഡബ്ല്യു2-ൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലവിഭവ (ജലസേചനവും ഭരണവും) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഡബ്ല്യു2/38586/19 നമ്പർ ഫയൽ പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പള്ളിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് 8-2-2021-ൽ ശ്രീ.അൻവർ സാദത്ത്, എം.എൽ.എ നൽകിയ ശിപാർശ പ്രകാരം MLA-MP Payment through DC എന്ന ശീർഷകത്തിൽ 39 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന് സാങ്കേതികാനുമതി നൽകി പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിക്കുകയും ചെയ്യുന്നു.

(ബി) ഈ വിഷയത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* (9-2-2021-ലെ ഉത്തരവ് നമ്പർ ആർ.ഡി2/685/2021, എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം.)

### എം.വി.ഐ.പി. സ്ഥലം കൈമാറുന്നതിന് നടപടി

148(653) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിനായുള്ള സ്ഥലം ഡ്രൈവിംഗ് പരിശീലനത്തിന് ലഭ്യമാക്കുന്നതിന് വകുപ്പിൽ നിലവിലുള്ള ഐ.ആർ./1/262/2019 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ;

&

(ബി) ഈ സ്ഥലം കൈമാറുന്നതിന് തിരുവനന്തപുരം പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് കീഴിലുള്ള മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾക്ക് താൽക്കാലിക ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന് എം.വി.ഐ.പി.-യുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം താൽക്കാലികമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡ്രൈവിംഗ് സ്കൂൾ ഉടമകളും പരിശീലകരും നൽകിയ നിവേദനം ഐ.ആർ1/262/2019/ജ.വി.വ. എന്ന ഫയലിൽ കൈകാര്യം ചെയ്തുവരുന്നു. പ്രസ്തുത നിവേദനത്തിന്മേൽ സ്ഥലം കൈമാറുന്നത് സംബന്ധിച്ച് പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ല. എന്നാൽ എം.വി.ഐ.പി. എൽ.ബി.എം.സി.-യുടെ ഉഴവൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന കനാൽ വക സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറിയിട്ടുള്ളതാണെന്നും ഈ സ്ഥലത്തോട് ചേർന്നുവരുന്ന എം.വി.ഐ.പി.-യുടെ സ്ഥലമാണ് ഡ്രൈവിംഗ് പരിശീലനത്തിനായി താൽക്കാലികമായി കൈമാറാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും മോട്ടോർ വാഹന വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥലത്തിനുശേഷം വരുന്ന സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ചാൽ മാത്രമേ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂവെന്നും അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്നതിനായി സർവ്വെ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## മലമ്പുഴ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

149(654) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും നിലവിലെ അവസ്ഥയും അനുബന്ധം I ആയും *, ജലസേചന വകുപ്പിന്

കീഴിലുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയും*, ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. കാര്യാലയത്തിന് കീഴിലുള്ള പദ്ധതി വിവരങ്ങൾ അനുബന്ധം 3 ആയും * ഭൂജല വകുപ്പിന് കീഴിലുള്ള പദ്ധതി വിവരങ്ങൾ അനുബന്ധം 4 ആയും * ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ കാര്യാലയത്തിന് കീഴിലുള്ള പദ്ധതി വിവരങ്ങൾ അനുബന്ധം 5 ആയും* ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം (1) കാര്യാലയത്തിന് കീഴിലുള്ള പദ്ധതി വിവരങ്ങൾ അനുബന്ധം 6 ആയും* ഉള്ളടക്കം ചെയ്തിരിക്കുന്നു.

## പാറക്കടവ് അങ്കണവാടിക്ക് പെരിയാർ വാലിയുടെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി

150(655) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറക്കടവ് അങ്കണവാടിക്ക് പെരിയാർ വാലിയുടെ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് സർക്കാരിലെ ഐ.ആർ1/153/20 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ബി) ഈ അങ്കണവാടിക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര തുടർനടപടി സ്വീകരിക്കുമോ?

പാറക്കടവ് അങ്കണവാടിക്ക് പെരിയാർ വാലിയുടെ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട സ്ഥലം ജലവിഭവ വകുപ്പ് പദ്ധതിക്കായി പണം നൽകി ഏറ്റെടുത്ത ഭൂമി ആയതിനാൽ ടി ഭൂമിയുടെ വില അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുകയിൽ കിഴിവ് ചെയ്യേണ്ടതും, വകുപ്പ് തലത്തിൽ സ്ഥലം കൈമാറ്റം നടത്തുന്നതിനുള്ള നടപടികളും പാലിച്ചുകൊണ്ടും സ്ഥലം കൈമാറുന്നതിൽ തടസ്സമില്ലായെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആവശ്യപ്പെട്ട സ്ഥലം പുറമ്പോക്ക് ഭൂമി ആയതിനാൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പാറക്കടവ് അങ്കണവാടിക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരികയാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുകയും ആയത് നിലവിലുള്ള നിയമപ്രകാരം പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷ ലഭ്യമായതിനുശേഷം മാത്രമേ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

151(656) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ) പദ്ധതിയിൽ സ്പ്രിംഗ്ളർ, ഡ്രിപ്പ് ജലസേചന പദ്ധതികൾ സ്ഥാപിക്കുന്നതിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്.

(ബി) അപ്രകാരം നൽകുന്ന സബ്സിഡിയുടെ എത്ര ശതമാനം കേന്ദ്രവിഹിതമായി ലഭിക്കും എന്ന് വ്യക്തമാക്കുമോ?

ചെറുകിട നാമമാത്ര കർഷകർക്ക് ആകെ സബ്സിഡി ആയി 80% ലഭിക്കുമ്പോൾ അതിൽ 41.25% കേന്ദ്ര വിഹിതവും ബാക്കി 58.75% സംസ്ഥാന വിഹിതവും ആണ്. മറ്റു കർഷകർക്ക് 70% സബസിഡി ലഭിക്കുമ്പോൾ 38.57% കേന്ദ്ര വിഹിതവും ബാക്കി 61.43% സംസ്ഥാന വിഹിതവുമാകുന്നു.

(സി) ഡ്രിപ്പ്, സ്പ്രിംഗ്ളർ തുടങ്ങിയ സൂക്ഷ്മജലസേചന രീതികളോട് സംസ്ഥാനത്തെ കർഷകർ വിമുഖത കാട്ടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്; ആയത് കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ-കേരള, പ്രധാനമന്ത്രി കൃഷി സഞ്ചായി യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ 2322.27 ഹെക്ടർ സ്ഥലത്ത് ഡ്രിപ്പ് ഇറിഗേഷനും 1209.45 ഹെക്ടർ സ്ഥലത്ത് സ്പ്രിംഗ്ളർ ഇറിഗേഷനും നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സ്ഥലത്തേയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## ലൈഫ് ഭവന പദ്ധതിക്കായുള്ള എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട അപേക്ഷകളുടെ എണ്ണം

152(657) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിക്കുന്നതിനുവേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽനിന്നും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വില്ലേജ്/പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിക്കുന്നതിനുവേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽനിന്നും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം (1)-ആയി ചേർക്കുന്നു .*

(ബി) ഇതിൽ ഭൂരഹിത ഭവനരഹിതർ, ഭവന രഹിതർ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഭൂരഹിത ഭവനരഹിതർ, ഭവന രഹിതർ എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധം (2)-ആയി ചേർക്കുന്നു *.

(സി) ഭൂരഹിത ഭവനരഹിതർക്ക് ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശസ്ഥാപനങ്ങൾ വഴിയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ഗുണഭോക്താക്കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ച് വരുന്നു.

(ഡി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചുവെന്ന് പഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചുവെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധം(1)-ആയി ചേർത്തിട്ടുണ്ട്*.

(ഇ) മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ഭവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

അപേക്ഷകർക്ക് വേഗത്തിൽ ഭവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുഴൽക്കിണർ നിർമ്മാണം

153(658) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് ഒരു ട്യൂബ് വെൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ട്യൂബ് വെൽ നിർമ്മാണം മൂന്നാം വാർഡിനുപകരം ഏഴാം വാർഡിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് 9-12-2019-ൽ ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിരുന്നു. അതിൻപ്രകാരം ഏഴാം വാർഡിൽ നിർദ്ദേശിച്ച പ്രദേശത്ത് ഭൂജലപര്യവേക്ഷണം നടത്തുകയുണ്ടായി. ടി പ്രദേശം കുഴൽക്കിണർ നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

7 – ാം വാർഡിൽ പുതിയ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഭൂജല പര്യവേക്ഷണം നടത്തി പുതിയ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## റെഗുലേറ്ററുകളുടെ നവീകരണം

154(659) ശ്രീ. മുരളി പെരിനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ച ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ തുക ഓരോന്നിനും എത്രയാണെന്ന് വ്യക്തമാക്കാമോ?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 751 ലക്ഷം രൂപയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി അടങ്കൽ തുക 446 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 321 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്കായി 430 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 230 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 216 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഇവയുടെ ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ) PQ ടെണ്ടർ രണ്ട് തവണ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. മൂന്നാമത് PQ ടെണ്ടർ 4-5-2021-ൽ ക്ഷണിച്ചിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകാനുള്ള Detailed Estimate തയ്യാറാക്കുന്നതിന് സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടത്തി structure stability വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ശക്തമായ വേലിയേറ്റവും ഷട്ടറിന്റെ ചോർച്ചയുംമൂലം ആയത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല, ടി വിഷയത്തിൽ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. തുടർനടപടി സ്വീകരിച്ച് വരുന്നു മേൽ വിഷയത്തിൽ വിദഗ്ദ്ധ ഉപദേശം ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റി ചേരുവാനും തീരുമാനമായിട്ടുണ്ട്.

(ഡി) റെഗുലേറ്ററുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ച് വരുന്നു.

## കുട്ടനാട്ടിലെ 70 കോടി രൂപയുടെ കുടിവെള്ള പദ്ധതി

155(660) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ 70 കോടി രൂപ ചെലവിൽ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിലെ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

13-ാം ധനകാര്യകമ്മീഷനിൽ 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി 3 പാക്കേജുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാം പാക്കേജായ നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽനിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എംഎച്ച്.ഡി.പി.ഇ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പാക്കേജ് 1-ൽ തന്നെ ഉൾപ്പെടുത്തി പള്ളിക്കൂട്ടുമ്മ മുതൽ കാവാലംവരെ സ്ഥാപിച്ചിട്ടുള്ള 315 എം.എം, 225 എം.എം. പൈപ്പ് ലൈനുകൾ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തുന്നുണ്ട്. പാക്കേജ് 2-ന്റെ ഭാഗമായി കിടങ്ങറയിൽനിന്നും നീലംപേരൂർവരെ 500 എം.എം, 200 എം.എം എച്ച്.ഡി.പി.ഇ. പൈപ്പ് ലൈനുകളും എടത്വായിൽനിന്ന് വീയപുരംവരെ 355 എം.എം, 200 എം.എം എന്നീ പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുള്ളതാണ്. പാക്കേജ് 3-ന്റെ ഭാഗമായി 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും, തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആറു പഞ്ചായത്തുകളിലായി 46 കി.മി. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 36 കി.മി. പൂർത്തീകരിച്ചു. സ്ഥാപിച്ച പൈപ്പ് ലൈനുകളുടെ ട്രയൽറണ്ണിങ്ങും കമ്മീഷനിംഗ് പ്രവൃത്തികളും നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട 68,15,186 രൂപ 5-3-2021-ൽ അടച്ചെങ്കിലും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. ഈ ആവശ്യത്തിലേയ്ക്കായി പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളിൽ സ്ഥാപിച്ച വിതരണശൃഖല ചാർജ്ജ് ചെയ്തു കമ്മീഷൻ ചെയ്തുവരുന്നു. തകഴി പഞ്ചായത്തിലെ ലൈനുകൾ പൂർണ്ണമായും ചാർജ് ചെയ്യാൻ റെയിൽവെ ട്രാക്ക് ക്രോസ്ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. തകഴി റയിൽവേ ലൈൻ ക്രോസ്ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ജോയിന്റ് ഇൻസ്പെക്ഷൻ 24-4-2021-ൽ പൂർത്തിയാക്കിയെങ്കിലും റയിൽവേ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കമ്മീഷനിംഗ് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം സർക്കാരിനും ജനങ്ങൾക്കും ഉണ്ടാകുന്ന വലിയ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്ക് താഴ്ന്ന പ്രദേശമായതിനാൽ വർഷത്തിൽ 6 മാസം മാത്രമേ റോഡ് മുറിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. ഇത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. റോഡ് മുറിക്കുന്നതിനുള്ള അപേക്ഷ നൽകിയെങ്കിലും അനുമതി സമയബന്ധിതമായി ലഭിച്ചിരുന്നില്ല. ഇപ്പോൾ പൊതുമരാമത്ത് വകുപ്പിൽ ഓൺലൈൻ സംവിധാനം വഴി അപേക്ഷകൾ സമർപ്പിക്കുന്ന രീതി നിലവിൽ വന്നതിനാൽ ഇത്തരം കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നതാണ് .

(സി) പ്രസ്തുത പദ്ധതിയിൽ ബാക്കിയുള്ള ജോലികൾ എന്തൊക്കെയാണെന്നും പദ്ധതിയിലൂടെ എന്നത്തേയ്ക്ക് കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കുട്ടനാട് കുടിവെള്ള പദ്ധതിയിൽനിന്നും കുടിവെള്ള വിതരണം പൂർണ്ണതോതിൽ നടപ്പിലാക്കാൻ വേണ്ടി കിഫ്ബിയിൽ കുട്ടനാട് ഘട്ടം 2-നായി ഉൾപ്പെടുത്തിയ സമഗ്ര കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കുട്ടനാട് ഘട്ടം 2 പ്രോജക്ടിന്റെ ശുദ്ധീകരണശാലയും ട്രാൻസ്മിഷൻ ലൈനുകളും പൂർത്തിയാകുന്ന മുറയ്ക്ക് കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്.

**ഉയർന്ന പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം**

156(661) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സംസ്ഥാനത്തെ ഉയർന്ന സ്ഥലങ്ങൾ, കുന്നിൻചെരിവുകൾ തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ പ്രത്യേക കുടിവെള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സംസ്ഥാനത്തെ ഉയർന്ന സ്ഥലങ്ങൾ, കുന്നിൻചെരിവുകൾ തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. <u>തിരുവനന്തപുരം ജില്ല</u>

a) ഇടിഞ്ഞാർ ഗ്രാമീണ ശുദ്ധജല പദ്ധതി, പെരിങ്ങമല പഞ്ചായത്ത്

b) ഗ്രാമീണ ശുദ്ധജല പദ്ധതി പുറുത്തിപ്പാറ കോളനി, ആര്യനാട് ഗ്രാമപഞ്ചായത്ത്.

2. <u>കോഴിക്കോട് ജില്ല</u>

a) പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പൊൻപാറകുന്ന് കുടിവെള്ള പദ്ധതി.

b) പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ കാപ്പുമല കൈപ്രം കുടിവെള്ള പദ്ധതി.

c) കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ കരിങ്ങാറ്റിമല കുടിവെള്ള പദ്ധതി.

d) ഉണ്ണികുളം ഗ്രാമ പഞ്ചായത്തിലെ നീലഞ്ചേരിമല കുടിവെള്ള പദ്ധതി

e) വില്യാപ്പള്ളി പയംകുറ്റിമല കുടിവെള്ള പദ്ധതി.

3. <u>പാലക്കാട് ജില്ല</u>

ജില്ലയിൽ അഗളി പുളൂർ, ഷോളയൂർ, കാഞ്ഞിരപ്പുഴ, വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നിവയാണ് പ്രധാനമായുള്ള ഉയർന്ന പ്രദേശങ്ങൾ. ഈ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, ജല ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി 18 വിവിധ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

(ബി) പ്രസ്തുത പ്രദേശങ്ങൾക്കായി മാത്രം പ്രത്യേക പദ്ധതികൾ നിലവിൽ ഇല്ലെങ്കിൽ നിലവിലുള്ള മറ്റു പദ്ധതികളുടെ പ്രത്യേക ഘടക പദ്ധതി ആയി പ്രസ്തുത സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മറ്റു ജില്ലകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പരിധിയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഉയർന്ന സ്ഥലങ്ങളിലേയ്ക്ക് വിതരണ ശൃംഖലയിലെ വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും കുടിവെള്ളവിതരണം സുഗമമാക്കാറുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിവിധ സ്കീമുകളിൽ ഉയർന്ന സ്ഥലങ്ങൾ, കുന്നിൻ ചെരിവുകൾ ഉൾപ്പെടെ വിതരണ ശൃംഖലകളുടെ വിപുലീകരണവും അനുബന്ധ സംവിധാനങ്ങളുടെ സ്ഥാപനവും മറ്റും ഉൾപ്പെടുത്തി ജലലഭ്യത സാധ്യമാക്കാൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## മലമ്പുഴ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി

157(662) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തികളാണ് നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

&

(ബി) ഇതിനായി അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ജലജീവൻ പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിനും എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാകുകയെന്ന് അറിയിക്കാമോ?

ജല ജീവൻ പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇപ്രകാരം നൽകാൻ ലക്ഷ്യമിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു :

അകത്തേത്തറ -800 കണക്ഷനുകൾ

എലപ്പുള്ളി- 10163 കണക്ഷനുകൾ

കൊടുമ്പ്-6239 കണക്ഷനുകൾ

മലമ്പുഴ-2847 കണക്ഷനുകൾ

മരുതറോഡ്- 3952 കണക്ഷനുകൾ

മുണ്ടൂർ- 7827 കണക്ഷനുകൾ

പുതുപ്പരിയാരം- 5740 കണക്ഷനുകൾ

പുതുശ്ശേരി-4300 കണക്ഷനുകൾ

ഇതുകൂടാതെ നിലവിലുള്ള എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശബരിമലയിലെ കുടിവെള്ളക്ഷാമം

158(663) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലപൂജ-മകര വിളക്ക് സീസണിൽ ശബരിമലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മണ്ഡലപൂജ-മകരവിളക്ക് സീസണിൽ ശബരിമലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 335 ലക്ഷം രൂപ വകയിരുത്തി പമ്പ KSRTC ബസ് സ്റ്റാൻഡിൽ 10 LL-ന്റെ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ച് കരാർ ഉറപ്പിച്ചു. ഉന്നതതല ജലസംഭരണി നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന KSTRC-യുടെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് KSRTC അനുമതി നൽകിയെങ്കിലും വനപരിപാലന നിയമപ്രകാരം വനം വകുപ്പ് തടസ്സമുന്നയിച്ചതിനാൽ നിർമ്മാണ പ്രവൃത്തികൾ നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ്. പരിസ്ഥിതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ശബരിമല കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിനുവേണ്ടി 49 കോടി രൂപയുടെ DPR കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. 2018-ലെ പ്രളയത്തെ തുടർന്ന് നിലയ്ക്കൽ ശബരിമല തീർത്ഥാടകരുടെ ബേസ് ക്യാമ്പായി മാറ്റിയതിനാൽ നിലയ്ക്കലിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സീതത്തോട് നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 120 കോടി രൂപയുടെ ഭരണാനുമതി 2019-ൽ നൽകിയിട്ടുണ്ട്. ഇതിന്റെ പാക്കേജ് - ഒന്നിന്റെ ഭാഗമായി 22.175 Km 508 mm MS പമ്പിംഗ് മെയിൻ ആങ്ങമൂഴി-പ്ലാപ്പള്ളി റൂട്ടിൽ ആങ്ങമൂഴി, തൈയ്ക്കമൺ, പ്ലാപ്പള്ളി എന്നിവിടങ്ങളിലായി 6 LL വീതം ശേഷിയുള്ള ഭൂതല ജലസംഭരണിയിൽ (ബൂസ്റ്റിംഗ് സ്റ്റേഷനുകൾ) പ്ലാപ്പള്ളിയിൽ 3.5 LL ഉന്നതതല സംഭരണി, നിലയ്ക്കലിൽ 20 LL വീതം ശേഷിയുള്ള മൂന്ന് ഉന്നതതല സംഭരണികൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പാക്കേജ് 2 & 3 യഥാക്രമം സീതത്തോട് പഞ്ചായത്തിലെ സംഭരണികളും പമ്പിംഗ് മെയിനും സീതത്തോട് പെരുനാട് പഞ്ചായത്തിലെ വിതരണ ശൃംഖലയുടെയും എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

പമ്പയിലെ OH tank-നുവേണ്ടി 335 ലക്ഷം രൂപയും സീതത്തോട് നിലയ്ക്കൽ പദ്ധതിക്കായി 12000 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12,335 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കീരംപാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം

159(664) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കീരം പാറ-കാളകടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കുടിവെള്ള പദ്ധതി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ബി) ഇവിടെ എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

25.18 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു കൂടാതെ ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി രേഖക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് .

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി SLSSC ലിസ്റ്റിൽ ചേർത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു കൂടാതെ ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി രേഖയ്ക്കായി ഇവ കീരംപാറ പഞ്ചായത്തിലും സമർപ്പിച്ചിട്ടുണ്ട് .

(ഇ) പ്രസ്തുത കുടിവെള്ള പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി, ടെൻഡർ നടപടി പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ് .

## ജലജീവൻ മിഷൻ

160(665) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ ജലജീവൻ മിഷനിലൂടെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ വഴി ഇതുവരെ 3-6-2021 വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു :

പഞ്ചായത്ത് കണക്ഷനുകളുടെ എണ്ണം ആനാട് 600, കല്ലറ 1987, നന്ദിയോട് 508, നെല്ലനാട് 335, പനവൂർ 1360, പാങ്ങോട് 725, പെരിങ്ങമ്മല 670, പുല്ലമ്പാറ 1947, വാമനപുരം 305.

(ബി) ഇനിയും എത്ര കണക്ഷനുകൾ കൂടി നൽകാനുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

വാമനപുരം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഇനി നൽകാനുള്ള കുടിവെള്ള കണക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു :

(3-6-2021-ലെ കണക്കനുസരിച്ച്) പഞ്ചായത്ത് ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം:-

ആനാട് -7789

കല്ലറ -3287

നന്ദിയോട് -7670

നെല്ലനാട്- 3566

പനവൂർ- 4205

പാങ്ങോട്- 7913

പെരിങ്ങമ്മല- 7389

പുല്ലമ്പാറ - 3570

വാമനപുരം- 4951

(സി) കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതിയിൽ ഓരോ പഞ്ചായത്തിലും വിവിധ തലങ്ങളിൽനിന്നും വിനിയോഗിക്കുന്ന തുകയുടെ വിശദവിവരങ്ങൾ നൽകാമോ?

പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള പദ്ധതിയിൽ ഓരോ പഞ്ചായത്തിലും വിവിധ തലങ്ങളിൽനിന്നും വിനിയോഗിക്കേണ്ടുന്ന തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു .*

## കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം

161(666) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പ്രഖ്യാപിച്ച 291 കോടിയുടെ സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് താലൂക്കിപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി തീയതി വച്ച് ലഭ്യമാക്കുമോ?

തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെന്റ് സ്ഥലം ആവശ്യമായിട്ടുണ്ട്. കൂടാതെ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി പുളിങ്കുന്ന് പഞ്ചായത്തിലും വെളിയനാട് പഞ്ചായത്തിലും 20 സെന്റ് സ്ഥലം വീതം ആവശ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ 9-6-2020-ലെ G.O(Rt)നമ്പർ 369/2020/WRD ഉത്തരവും റവന്യൂ (ബി) വകുപ്പിന്റെ 4-9-2020-ലെ G.O(Rt) No. 2780/2020/RD ഉത്തരവും സർവ്വേ നമ്പറിലുണ്ടായ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെറ്റ് തിരുത്തി ജലവിഭവ വകുപ്പിന്റെ 15-2-2021-ലെ G.O(Rt) No. 114/2021/WRD നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലയ്ക്ക് വേണ്ടിയുള്ള നിലം നികത്തുന്നതിന് തലവടി കൃഷിഭവന് 6-12-2019-ൽ കേരള വാട്ടർ അതോറിറ്റി കത്ത് നൽകുകയും 25-2-2020, 19-6-2020 എന്നീ തീയതികളിൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ യോഗം കൂട്ടുകയും നിലം നികത്തുന്നതിനുള്ള ശിപാർശ തലവടി കൃഷിഭവനിലെ കൃഷി ഓഫീസർ, 28-2-2020-ൽ മേഖലാഫിസിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ ഇത് നടപ്പാക്കുന്നതിലെ കാലതാമസം തുടർന്നാൽ 15 വർഷം ആയാലും ഇത് പൂർത്തീകരിക്കാൻ കഴിയില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

തലവടി പഞ്ചാത്തിൽ നീരേറ്റുപുറത്ത് സ്ഥാപിക്കുന്ന ജല ശുദ്ധീകരണശാലയ്ക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുത്താൽ മാത്രമേ കുട്ടനാട് കുടിവെള്ള പദ്ധതിയുടെ മറ്റ് അനുബന്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം കൊണ്ടാണ് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. ടി പ്രവൃത്തിക്കായുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കേണ്ടത് തഹസിൽദാർ, കിഫ്ബി, ലാന്റ് അക്വിസിഷൻ, കായംകുളം ആണ്. ആയതിലേയ്ക്കുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ഡി) 291 കോടി രൂപ മുടക്കുന്ന ഈ പദ്ധതിക്ക് അനുമതി നൽകുമ്പോൾ ഓവർഹെഡ് ടാങ്കുകൾ പണിയാൻ സ്ഥലം വാങ്ങണമെന്ന് തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകളോട് ആവശ്യപ്പെടുന്നതിന്റെ കാരണം സഹിതം വിശദാംശം ലഭ്യമാക്കുമോ?

ജലശുദ്ധീകരണശാലയും ഉന്നതതല ജലസംഭരണികളും നിർമ്മിക്കുന്നതിനാവശ്യമായ തുക ടി പദ്ധതിയിൽതന്നെ വകയിരുത്തിയിട്ടുണ്ട്. അതായത് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ പണം പഞ്ചായത്തുകൾ നൽകേണ്ടതില്ല. തകഴി, എടത്വ, തലവടി, മുട്ടാർ, രാമങ്കരി, കാവാലം എന്നീ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായുള്ള സ്ഥലത്ത് തന്നെയാണ് ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നത്. നീലംപേരൂർ പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുത്ത് കേരള വാട്ടർ

അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെന്റ് സ്ഥലം ആവശ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള ഉത്തരവും സർക്കാർ നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കേണ്ടത് തഹസിൽദാർ, കിഫ്ബി, ലാൻഡ് അക്വിസിഷൻ, കായംകുളം ആണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള പണം കിഫ്ബിയിൽ നിന്നാണ് ലഭ്യമാകുന്നത്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻഡ് കൺവേർഷന് അനുമതി ലഭ്യമാകേണ്ടതിനുള്ള അപേക്ഷകളും രേഖകളും കൃഷിഭവനിൽ സമർപ്പിച്ചിട്ടുണ്ട്. ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ടി നെടുമുടി, വീയപുരം എന്നീ പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലവും ചമ്പക്കുളം പഞ്ചായത്തിലെ ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവുമാണ് കേരള വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടത്. കൈനകരി പഞ്ചായത്തിൽ സ്വകാര്യ വ്യക്തി പഞ്ചായത്തിന് വിട്ടുനൽകിയ സ്ഥലമാണ് കേരള ജല അതോറിറ്റിക്ക് നൽകേണ്ടത്. സ്ഥലം കൈമാറുന്നതിനുള്ള കത്തുകൾ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ട സ്ഥലങ്ങൾ പഞ്ചായത്തുകൾ പണം മുടക്കി വാങ്ങേണ്ടതില്ല.

### ഏറനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

162(667) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ &ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്;

അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയ കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.* പ്രസ്തുത പദ്ധതിയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയന്തരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന 3566 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഉറങ്ങാട്ടിരി ബൃഹത് കുടിവെള്ള പദ്ധതിയും (Large Water Supply Scheme) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മേൽ പദ്ധതിയിൽനിന്നും പുതിയതായി 500 കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്; ഓരോ പദ്ധതിയുടെയും അടങ്കൽ തുക അടക്കം വിശദാംശം നൽകുമോ?

അനുബന്ധം 2 ആയി ചേർക്കുന്നു.*

**ജലജീവൻ മിഷൻ**

163(668) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ ജനതയ്ക്ക് നൂറ് ശതമാനവും ഗുണമേന്മയുള്ള പൈപ്പ് വെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജലജീവൻ മിഷൻ വഴി 2020-21-ൽ എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര പേർക്ക് കണക്ഷൻ നൽകി?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ജല ജീവൻ പദ്ധതിയുടെ 2020-21 വാർഷിക പദ്ധതി പ്രകാരം 21.42 ലക്ഷം ഗ്രാമീണ കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 404464 കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പദ്ധതിക്കായി 2021-22-ൽ കേന്ദ്ര സർക്കാർ എന്ത് തുകയാണ് സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്?

ജല ജീവൻ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 1,804.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിക്കുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് ജലജീവൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വർഷവും സംസ്ഥാനം നൽകേണ്ട കുടിവെള്ള കണക്ഷനുകളുടെ എണ്ണം കേന്ദ്ര സർക്കാർ നിശ്ചയിക്കുകയും അത് ജല ജീവൻ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഇപ്രകാരം വാർഷിക പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള കണക്ഷനുകൾ നൽകാവുന്ന തരത്തിൽ പൂർത്തിയായ കുടിവെള്ള പദ്ധതികൾ ലഭ്യമാവാത്ത സ്ഥലങ്ങളിൽ പുതിയതോ പ്രവൃത്തികൾ പുരോഗമിക്കുന്നതോ ആയ പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടിവരുന്നുണ്ട്. ആയതിനാൽ അത്തരം പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന തടസ്സങ്ങളും കാലതാമസവും ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുന്നുണ്ട്. ഇതിനുപുറമേ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കൽ, റെയിൽവേ ഉൾപ്പെടെ മറ്റുവകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസം, കോവിഡ് മഹാമാരി, പൈപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വിദഗ്ധ തൊഴിലാളികളുടെയും ദൗർലഭ്യം, തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കും നടന്ന തെരഞ്ഞെടുപ്പ് സമയത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ മുതലായ കാരണങ്ങളാൽ വാട്ടർ കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ചിരുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

## മലപ്പുറം നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി

164(669) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ-പുൽപ്പറ്റ-മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ.-ന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

&

(സി) മേൽപഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ-പുൽപ്പറ്റ-മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതിയെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നു .

## മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി

165(670) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പൂഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് (അടങ്കൽ തുക 5000 ലക്ഷം രൂപയുടേത്) തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു ഇരുമ്പൂഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതിയെ ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രാരംഭ നടപടി സ്വീകരിച്ച് വരുന്നു.

## തിരൂരങ്ങാടി കല്ലക്കയം കുടിവെള്ള പദ്ധതി

166(671) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി കല്ലക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

തിരൂരങ്ങാടി കുടിവെള്ള പദ്ധതിയിലെ കിണർ, പമ്പ്ഹൗസ്, 7 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ടെൻഡർ ക്ഷണിച്ച് കരാർ നൽകിയിരുന്നു. കിണറും ജലശുദ്ധീകരണ ശാലയും ഭാഗികമായി പൂർത്തിയാക്കി. റോഡ് റെസ്റ്റോറേഷൻ തുക അടയ്ക്കാത്തതിനാൽ ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം നീട്ടി നൽകിയിട്ടും മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്തു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് റെസ്റ്റോറേഷൻ തുക എത്രയായിരുന്നു?

രൂപ 237.38 ലക്ഷം.

(സി) പ്രസ്തുത കുടിവെള്ള പദ്ധതിക്കാവശ്യമായ തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് സത്വരം അടച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് തിരൂരങ്ങാടി മുനിസിപ്പാലിറ്റി ഗ്രാമ പഞ്ചായത്തായിരുന്നു. എന്നാൽ ഇത് 2016-ൽ മുനിസിപ്പാലിറ്റി ആയി മാറുകയുണ്ടായി. 2021 മാർച്ചോടെ എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**ജലനിധി പദ്ധതി**

167(672) ശ്രീ. ജോബ് മൈക്കിൾ:
ഡോ എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇപ്പോൾ എത്ര ഘട്ടം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

രണ്ടു ഘട്ടമായാണ് ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതി നടപ്പിലാക്കിയത്. ജലനിധി രണ്ടാംഘട്ട പദ്ധതി 2019 ജൂൺ മാസം ഇരുപത്തിയെട്ടാം തീയതി അവസാനിച്ചു.

(സി) അടുത്ത ഘട്ടം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## തൃക്കാക്കരയിലെ കുടിവെള്ളക്ഷാമം

168(673) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആലുവയിൽനിന്ന് തൃക്കാക്കരയിലേയ്ക്ക് കൂടുതൽ കുടിവെള്ളം എത്തിക്കുന്നതിനും അത് സംഭരിക്കുന്നതിനായി രണ്ട് ഓവർഹെഡ് ടാങ്കുകൾ സ്ഥാപിക്കുന്നതിനും മന്ത്രിതലത്തിൽ എടുത്ത തീരുമാനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2021 ജനുവരി 20-ന് ജലവിഭവ വകുപ്പുമന്ത്രി നടത്തിയ വീഡിയോ കോൺഫറൻസിൽ ആലുവയിൽനിന്നും 3 എം.എൽ.ഡി. ജലം അധികമായി കളമശ്ശേരിയിൽ എത്തിച്ച് അത് തൃക്കാക്കരയ്ക്ക് നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ അതിനുവേണ്ടി നിലവിൽ കളമശ്ശേരിയിൽനിന്നും തൃക്കാക്കരയ്ക്ക് പമ്പ് ചെയ്യുന്ന 3 Nos. 60 HP മോട്ടോർ പമ്പ് സെറ്റുകൾക്കുപകരം 3 Nos. 80 HP മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി 52 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കിവരുന്നു. ആലുവയിൽ വിഭാവന ചെയ്തിട്ടുള്ള 143 എം.എൽ.ഡി. പ്ലാന്റ് യാഥാർത്ഥ്യമാകുമ്പോൾ അതിനോടനുബന്ധിച്ച് തൃക്കാക്കരയിൽ ടാങ്കുകളും, മറ്റ് അനുബന്ധ പൈപ്പ് ലൈനുകളും കൂടി സ്ഥാപിച്ചാൽ മാത്രമേ തൃക്കാക്കരയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതിനെ മുൻനിർത്തി ഒലിമുഗൾ എയർഫോഴ്സ് അക്കാഡമിയുടെ സമീപത്തെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണി സ്ഥാപിക്കാനും അതിലേയ്ക്ക് ജലം എത്തിക്കാനുള്ള പമ്പിംഗ് ലൈനുകളും അതിൽനിന്നും ജലം കൊണ്ട് പോകാനുള്ള ട്രാൻസ്മിഷൻ ലൈനുകളും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി 16.85 കോടി രൂപയുടെ പദ്ധതി നിർദ്ദേശം തയ്യാറാക്കിവരുന്നു.

(ബി) തൃക്കാക്കരയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എഫ്.എ.സി.റ്റി.-യുടെ അധീനതയിലുള്ള അമ്പലമുകൾ സംഭരണിയിൽനിന്ന് വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരടങ്ങിയ സംഘം 20-1-2021-ന് അമ്പലമുകളിലുള്ള ഫാക്ട് ഡാംസൈറ്റ് സന്ദർശിക്കുകയും വാട്ടർ അതോറിറ്റിക്ക് നൽകാൻ മാത്രമുള്ള ജലം അവിടെനിന്നും ലഭ്യമാക്കാൻ സാധ്യമല്ല എന്നതിനാൽ ആ പദ്ധതി ഒഴിവാക്കിയിട്ടുള്ളതുമാണ് .

## എല്ലാ വീടുകളിലും ശുദ്ധജലം പദ്ധതി

169(674) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, സംസ്ഥാന പദ്ധതികൾ എന്നിവ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം നഗര പ്രദേശങ്ങളിലും പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## നിലയ്ക്കൽ ജലസേചന പദ്ധതി

170(675) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ നിലയ്ക്കൽ ജലസേചന പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ?

നിലയ്ക്കൽ ജലസേചന പദ്ധതി എന്ന പേരിൽ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന

നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ് , 13 MLD ജല ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലൽപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജുകളായാണ് നടപ്പാക്കുന്നത് . പാക്കേജ് 1-ൽ ഉൾപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരവേ തൊഴിൽ തർക്കംമൂലം ഇപ്പോൾ പണികൾ കരാറുകാരൻ നിർത്തി വച്ചിരിക്കുകയാണ്. പാക്കേജ് 1-ലെ പ്രവൃത്തികൾ 2021 സെപ്റ്റംബർ-മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സീതത്തോട് നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ പൂർത്തിയായി. 2-ാം ഘട്ടത്തിലെ ഘടകങ്ങൾ 4 പാക്കേജുകളായാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ പാക്കേജ് 1-ലെ പ്രവൃത്തികളിൽ 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള മൂന്നു ഉപരിതല ജലസംഭരണികളിൽ 2 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 22870 മീറ്റർ വിവിധ ഇനം പൈപ്പുകളിൽ (508 mm MS-22170 m) 500 എം.എം. ഡി.ഐ.-500m, 200mm- 200 മീ) എന്നിവയിൽ 8764 മീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. ആങ്ങമൂഴി-പ്ലാപ്പള്ളി റോഡിൽ 5670 മീറ്റർ സ്ഥാപിച്ചു. പ്രാദേശിക തൊഴിൽ തർക്കത്തെത്തുടർന്ന് ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ്. വനപ്രദേശത്ത് നിർമ്മിക്കേണ്ട മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലത്തുള്ള മരങ്ങൾ ലേലം നടത്തുന്നതിനുള്ള നടപടി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസിൽ പുരോഗമിക്കുന്നു. പമ്പ് സെറ്റുകളുടെ മോട്ടോറുകൾ പരിശോധന പൂർത്തിയായി സൈറ്റിൽ എത്തിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ മൂന്ന് ബൂസ്റ്റിംഗ് സ്റ്റേഷനുകൾ, ജലശുദ്ധീകരണ ശാലയ്ക്കുവേണ്ടിയുള്ള സബ്സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കരാറുകാരൻ സമർപ്പിച്ചു. ആയതിന്റെ സൂക്ഷ്മ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ്-കം-പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽനിന്നും സീതത്തോട് പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന നടന്നുവരുന്നു. ജലസംഭരണികൾ പണിയുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി പുരോഗമിക്കുന്നു. പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ

ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടന്നുവരുന്നു. റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനംവകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഇരുമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

171(676) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി കിഫ്ബി അംഗീകരിച്ച ഇരുമ്പിളിയം-എടയൂർ- വളാഞ്ചേരി പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് വിവരം ലഭ്യമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിനായി കിഫ്ബി അംഗീകരിച്ച ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി 3 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത് പാക്കേജ് 1 - നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു- 40% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പാക്കേജ് 2- വിതരണ ശൃംഖല- പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ പൈപ്പുകളുടെ ടെസ്റ്റ് ഭാഗികമായി പൂർത്തിയായി. പാക്കേജ് 3- ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ - പ്രസ്തുത പ്രവൃത്തിക്ക് 5-5-2021 ന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

## ഇരിട്ടി, പേരാവൂർ, മുഴക്കുന്ന് കുടിവെള്ള പദ്ധതി

172(677) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ ഇരിട്ടി നഗരസഭ, പേരാവൂർ, മുഴക്കുന്ന് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ കിഫ്ബിയിൽപ്പെടുത്തിയുള്ള കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഇരിട്ടി നഗരസഭയ്ക്കും മട്ടന്നൂർ മുനിസിപ്പാലിറ്റിക്കുംവേണ്ടി കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റ് മട്ടന്നൂർ നഗരസഭയ്ക്കുള്ള ഉന്നതതല സംഭരണി, പ്ലാന്റിൽനിന്നും സംഭരണിയിലേയ്ക്കുള്ള പൈപ്പ്ലൈൻ എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇരിട്ടി നഗരസഭയ്ക്കുള്ള ഉന്നതതല സംഭരണിയുടെയും സംഭരണിയിലേയ്ക്ക് പ്ലാന്റിൽനിന്നുള്ള പൈപ്പ് ലൈനിന്റെയും നിർമ്മാണം പുരോഗമിച്ച് വരുന്നു ഇത് 2022 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. പേരാവൂരിനും മുഴക്കുന്നിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല വിതരണപദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം ലഭ്യമായാലുടനെ തുടർനടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കുടിവെള്ള പദ്ധതികൾ

173(678) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ആയ കാരോട്, അതിയന്നൂർ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബി വഴി 89.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജല ശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി പൊൻവിളയിലെ രണ്ടേക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഭൂമിയുടെ മൊത്ത വിലയായ 8,13,35,000 രൂപ കിഫ്ബിയിൽനിന്നും ലഭ്യമാക്കി കലക്ടറേറ്റിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ 9.0 മീ. വ്യാസമുള്ള കിണറിന്റെ നിർമ്മാണത്തിന് മാവിളക്കടവിലെ സ്ഥലം റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. അത് കൈമാറി

ക്കൊണ്ടുള്ള ഉത്തരവ് ജില്ലാ ഭരണകൂടത്തിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. കാളിപ്പാറ പദ്ധതിയുടെ ഭാഗമായി ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനായി ചെങ്കൽ കുടുമ്പോട്ടുകോണത്ത് നൽകിയ സ്ഥലം പഞ്ചായത്ത് മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയതിനാൽ ഉദിയൻകുളങ്ങര വ്യാപാര കേന്ദ്രത്തിനടുത്ത സ്ഥലം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം നേരത്തേ നിശ്ചയിച്ചിരുന്ന സ്ഥലത്തുനിന്നും 1.8 കിലോമീറ്റർ മാറിയാണ് വരുന്നത്. കാരോട് 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനായി കൈമാറിയ സ്ഥലം പരിമിതമായതിനാൽ അതനുസരിച്ചുള്ള ജല സംഭരണിയെ നിർമിക്കാനാകുകയുള്ളൂ. മേല്പറഞ്ഞ മാറ്റങ്ങൾക്കനുസരിച്ച് പദ്ധതിയുടെ രൂപരേഖയിൽ മാറ്റം വരും. കുളത്തൂരിൽ ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനായി 15 സെന്റ് സ്ഥലം പ്രാഥമിക കേന്ദ്രത്തിനടുത്തായി ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി ലഭിക്കുന്നതിനായി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പരിശോധനയിലാണ്. അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25.49 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കിണറും പമ്പ് ഹൗസും നിർമിക്കുന്നതിനാവശ്യമായ സ്ഥലം പ്രായുമൂടിനടുത്ത് ലഭ്യമായിട്ടുണ്ട്. പോങ്ങിൽ 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല അതിനടുത്തതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, റാ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിനുകൾ തുടങ്ങിയവ സ്ഥാപിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴി ശുദ്ധജല വിതരണം നടത്താനാണ് പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് ക്ഷണിക്കുകയും അത് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരികയുമാണ് .

(ബി) കാരോട്, അതിയന്നൂർ കുടിവെള്ള പദ്ധതികൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനായി എത്ര തുകയാണ് കിഫ്ബിയിൽനിന്നും ലഭ്യമായതെന്ന് വ്യക്തമാക്കുമോ?

കാരോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി പൊൻവിളയിലെ രണ്ടേക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 8,13,35,000 രൂപ കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. അതിയന്നൂർ കുടിവെള്ള പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തുകയൊന്നും ലഭ്യമാക്കേണ്ട ആവശ്യകത വന്നിട്ടില്ല.

## ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

174(679) ശ്രീ. വി ജോയി:
ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രതീക്ഷിതമായി ലഭിക്കുന്ന കനത്ത മഴയെ തുടർന്ന് ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്നതിനാൽ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

മഴയെത്തുടർന്ന് ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡാമുകളിലെ ജലനിരപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും അനുവദനീയമായ ജലനിരപ്പിന് മുകളിലേയ്ക്ക് സംഭരണികളിലെ ജലനിരപ്പ് ഉയരാതിരിയ്ക്കാനും ആവശ്യമായ നടപടി അംഗീകൃത ചട്ടങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡാം എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ ബന്ധപ്പെട്ട ജില്ലാ അധികാരികളിൽനിന്നും സമയബന്ധിതമായി അനുവാദം ലഭ്യമാക്കി മതിയായ മുന്നറിയിപ്പുകൾ നൽകിയശേഷം ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ തുറന്ന് അധിക ജലം പുറത്തേയ്ക്കൊഴുക്കി സംഭരണിയിലെ ജലനിരപ്പ് ക്രമീകരിക്കുന്നു. ഇതു കൂടാതെ കനാലുകൾ, റിവർ സ്ലൂയിസുകൾ എന്നിവയിൽ കൂടിയും ആവശ്യാനുസരണം ജലം പുറത്തേയ്ക്കൊഴുക്കി ജലനിരപ്പ് ക്രമീകരിക്കുന്നു. ഓരോ ഡാമിലെയും ജലനിരപ്പും വൃഷ്ടിപ്രദേശത്ത് രേഖപ്പെടുത്തിയ മഴയുടെ തീവ്രത കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കാലാവസ്ഥാ പ്രവചനം എന്നിവ ദിവസേന പരിശോധിക്കുകയും മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് ദിവസേന നദീതടാടിസ്ഥാനത്തിലും സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു. ഇതിനായി ഡാമുകളിൽ 24 മണിക്കൂറും ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെയും സ്ഥിതിഗതികളും വിലയിരുത്താറുണ്ട്.

(ബി) ഡാമുകളിൽ അടിഞ്ഞുകൂടുന്ന എക്കലും മണലും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മംഗലം ഡാമിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം ഡാമിൽനിന്നും 17-12-2020 മുതൽ മണൽ നീക്കം ചെയ്യുന്ന നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള special purpose vehicle (SPV) ആയ KIIDC എന്ന സ്ഥാപനത്തെയും, വാളയാർ, മീൻകര ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ KEMDEL എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം 10 ഡാമുകളുടെയും 2 ബാരേജുകളുടെയും Bathymetry Study നടത്തുകയും അവയിൽ അടിഞ്ഞുകൂടിയ sediments ന്റെ അളവ് കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. പഴശ്ശി, കാരാപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ sedimentation study പുരോഗമിച്ചുവരികയാണ്. കൂടാതെ മലമ്പുഴ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി രേഖ തയ്യാറാക്കിവരുന്നു. മണിയാർ ഡാമിന്റെ sedimentation study നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു അരുവിക്കര ഡാമിലെ ചെളി നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് കമ്പനികളെ തെരഞ്ഞെടുക്കുന്നതിനുള്ള Expression of Interest (EOI) തയ്യാറാക്കിയിട്ടുണ്ട്.

(സി) ഡാമുകളുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ലഭ്യമാണെങ്കിൽ ആയത് നൽകുമോ?

ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ഡ്രിപ്പ് ഘട്ടം -1ൽ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി ബാരേജ്, പെരിയാർവാലി ബാരേജ് (ഭൂതത്താൻകെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/ റെഗുലേറ്ററുകൾ എന്നിവയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി

നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേയ്ക്കായി 327 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 13 ഡാമുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിച്ചു. 2021 മാർച്ച് 31-ന് ഡ്രിപ്പ് ഘട്ടം-1-ന്റെ കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള നെയ്യാർ, കല്ലട, പീച്ചി ഡാമുകളുടെ പണികൾ ഡ്രിപ്പ് ഘട്ടം- 2-ലേയ്ക്ക് ഏറ്റെടുത്തു നടത്തിവരുന്നു. ഡ്രിപ്പ് ഘട്ടം -1 ന് മാർച്ച് 31 വരെ 327 കോടി രൂപയിൽ 268.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-2026 കാലയളവിലേയ്ക്കായി ഡ്രിപ്പ് ഘട്ടം -2 ൽ 15 ഡാമുകളുടെ (മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, പഴശ്ശി ബാരേജ്, പെരിയാർ വാലി ബാരേജ്, കല്ലട, നെയ്യാർ, വാളയാർ, കുറ്റ്യാടി, പമ്പ, മംഗലം, കാരാപ്പുഴ) പുനരുദ്ധാരണ പ്രവൃത്തികൾ ഉൾപ്പെടുത്തി 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22-ൽ 65 കോടി രൂപ ബഡ്ജറ്റ് വിഹിതം ലഭിച്ചിട്ടുണ്ട്. ടി വർഷം Stabilization of Kuttiyadi Dam, കാരാപ്പുഴ, മലങ്കര, കാഞ്ഞിരപ്പുഴ എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു

## പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണ്ണും മണലും മാറ്റുന്നതിന് നടപടി

175(680) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണ്ണും മണലും ദുരന്തനിവാരണ നിയമപ്രകാരം മാറ്റുന്നതിന് തീരുമാനിച്ചിരുന്നോ?

തീരുമാനിച്ചിരുന്നു.

(ബി) ഈ മണൽ നീക്കുന്നതിന് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നോ; വിശദാംശം നൽകാമോ?

പ്രളയകാലത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയിരുന്ന അവശിഷ്ടങ്ങളും, ചെളി, പ്ലാസ്റ്റിക് മാലിന്യങ്ങൾ, തുണി മാലിന്യങ്ങൾ തുടങ്ങിയവയും സൗജന്യമായി നീക്കം ചെയ്യുന്നതിന് കേരള ക്ലെയ്സ് & സെറാമിക് പ്രൊഡക്ട്സ്, കണ്ണൂർ എന്ന പൊതുമേഖലാ സ്ഥാപനത്തിന് റവന്യൂ വകുപ്പിന്റെ 6-3-2020-ലെ REV-DEV 2/71/2020-REV നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിരുന്നു.

(സി) ഈ മണൽ വനാതിർത്തി കടത്തി കൊണ്ടുപോകുന്നത് വനം വകുപ്പ് തടഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

തടഞ്ഞിട്ടുണ്ട്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച നടപടി കൈക്കൊള്ളുന്നത് 1980-ലെ വന സംരക്ഷണ നിയമത്തിന് വിധേയമാണ്. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 2 പ്രകാരം അത്തരം പ്രവർത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് യൂസർ ഏജൻസി നിശ്ചിത മാതൃകയിൽ അപേക്ഷ നൽകി അനുമതി കരസ്ഥമാക്കേണ്ടതാണ്. നിലവിൽ പമ്പ നദിയിൽനിന്നും മണൽ നീക്കം ചെയ്യുന്നതിനും വിൽക്കുന്നതിനുമായി ആരും വനം വകുപ്പിനുമുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും മേൽപ്രകാരമുള്ള അനുമതി കൂടാതെ പമ്പ നദിയിൽനിന്നും മണൽ വനാതിർത്തിക്ക് പുറത്ത് കൊണ്ടുപോകുന്നത് വനസംരക്ഷണ നിയമത്തിന് വിരുദ്ധമാണെന്നും ടി വിഷയം നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ പരിഗണനയിലുള്ളതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മീറ്റർ റീഡിംഗ്**

176(681) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള വാട്ടർ കണക്ഷനുകൾ എത്രയാണ്?

31-5-2021 വരെ കേരള വാട്ടർ അതോറിറ്റി 30.16 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ എത്ര ജീവനക്കാരുണ്ട്; അവരിൽ സ്ഥിരം, താല്ക്കാലിക ജീവനക്കാർ എത്രവീതമാണ്?

346 സ്ഥിരം മീറ്റർ റീഡർ തസ്തികയിൽ 320 പേർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ 400 deployed മീറ്റർ റീഡർമാരും നിലവിലുണ്ട്. താൽക്കാലികാടിസ്ഥാനത്തിൽ കുടുംബശ്രീ വഴി 846 പേരും HR അടിസ്ഥാനത്തിൽ 310 പേരും സേവനമനുഷ്ഠിക്കുന്നു.

(സി) ജല അതോറിറ്റിയിൽ മീറ്റർ റീഡർമാർ പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

പ്രതിദിനം എടുക്കേണ്ട റീഡിംഗുകളുടെ എണ്ണം 2005 -ൽ 9 ലക്ഷം കണക്ഷനുകൾ ഉള്ളപ്പോഴാണ് അവസാനമായി പരിഷ്കരിച്ചത്. കണക്ഷനുകളുടെ എണ്ണം 30 ലക്ഷത്തിലേയ്ക്ക് വർധിച്ചതുകൊണ്ടും 16 വർഷമായി പ്രതിദിന റീഡിംഗുകളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താത്തതുകൊണ്ടും 31-12-2020-ൽ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും അംഗീകൃത യൂണിയനുകളുടെ എതിർപ്പുമൂലം നടപ്പിലാക്കാതെ താൽകാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(ഡി) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കുമോ?

ഉണ്ട്. 7-5-2021 മുതൽ 23-5-2021 വരെ കോവിഡ് വ്യാപനം രൂക്ഷമായതിനാൽ മീറ്റർ റീഡിംഗ് നിർത്തിവച്ചിരുന്നു. 24-5-2021 മുതൽ മീറ്റർ റീഡിങ് എടുക്കുന്നത് കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വേണമെന്നും വീടുകളിൽ പോയി മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഫോൺ/വാട്സാപ്പ് മെസ്സേജ് വഴി റീഡിംഗ് ശേഖരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വൈദ്യുതി ബോർഡിൽ ഏർപ്പെടുത്തിയ മാതൃകയിൽ വാട്ടർചാർജ്ജ് ഈടാക്കുന്നതിനുള്ള സംവിധാനം വാട്ടർ അതോറിറ്റിയും ഒരുക്കുമോ?

നിലവിൽ ജല അതോറിറ്റിയിൽ വാട്ടർ ചാർജ് അടയ്ക്കാൻ KSEB യിലെ പോലെ ഓൺലൈൻ സംവിധാനം നിലവിലുണ്ട് .

## കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

177(682) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര; ഏതൊക്കെ വിഭാഗങ്ങളിൽനിന്നും; തരംതിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക 2067.25 കോടി രൂപയാണ്.

| വിഭാഗങ്ങൾ | രൂപ.(കോടി) |
|---|---|
| ഗാർഹികം | 316.79 |
| ഗാർഹികേതരം | 941.96 |
| വ്യവസായികം | 8.83 |
| മറ്റുള്ളവ | 62.04 |
| LSGD | 737.63 |
| Total | 2067.25 |

(ബി) കേരള വാട്ടർ അതോറിറ്റിക്ക് എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളത്; അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്ര; ഇതുമൂലം അതോറിറ്റിയുടെ നഷ്ടം എത്ര; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് 28.62 ലക്ഷം ഗാർഹിക കണക്ഷനുകളാണുള്ളത്. ഇതിൽ 70538 എണ്ണം പ്രവർത്തന രഹിതമായ മീറ്ററുകളാണ്. മീറ്റർ പ്രവർത്തന രഹിതമാകുമ്പോൾ അവസാന താരിഫിലുള്ള വാട്ടർചാർജ് ആണ് സർചാർജ്ജിനോടൊപ്പം ഈടാക്കുന്നത്. അങ്ങനെ വരുമ്പോൾ പ്രവർത്തന രഹിതമായ മീറ്ററിൽനിന്ന് ഉപഭോക്താവ് കൂടുതൽ വെള്ളം ഉപയോഗിക്കുകയാണെങ്കിൽ അത് എത്രത്തോളമാണെന്ന് അറിയാൻ സാധിക്കുന്നില്ല. ഇതുമൂലം എത്ര നഷ്ടം വരുന്നുവെന്നത് കണക്കാക്കാൻ കഴിയില്ല. മീറ്ററുകൾ പ്രവർത്തനരഹിതമാകുമ്പോൾ ഉടൻ തന്നെ മാറ്റി സ്ഥാപിക്കണമെന്ന് കാണിച്ച് ഉപഭോക്താവിന് അറിയിപ്പ് നൽകാറുണ്ട്.

(സി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം (അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച) പ്രതിദിനം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ചുള്ള വിശദമായ പഠനം നടത്തിയിട്ടില്ല. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിനെ പക്കൽ എത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിതജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത

ജലത്തിന്റെ അളവ് (Non - Revenue Water) ഏകദേശം 40 % -45%ത്തോളം ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ 20%- 25% ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്

(ഡി) ഇതുമൂലം എത്ര തുകയുടെ നഷ്ടം വരുമെന്ന് കണക്കാക്കുന്നു; ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ പ്രതിദിന കുടിവെള്ള ഉത്പാദനം 2800 MLD യാണ്. കേരള വാട്ടർ അതോറിറ്റിയിലെ വരുമാനരഹിത ജലത്തിന്റെ അളവ് ഉദ്ദേശം 40 % - 45 % ശതമാനമാണ് എന്നാണ് നിലവിൽ ബിൽ ചെയ്യുന്ന കണക്കുകൾ പ്രകാരം അനുമാനിക്കുന്നത്. ഇത് പൂർണമായും കുറയ്ക്കുവാൻ സാധിക്കില്ല. എന്നാൽ ആഗോളതലത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത് വരുമാന രഹിത ജലത്തിന്റെ അളവ് 20 % വരെ കുറച്ചു കൊണ്ടുവരാം എന്നാണ്. അതിൻപ്രകാരം വാട്ടർ അതോറിറ്റിക്ക് ഉള്ള വരുമാന ജലത്തിന്റെ അളവ് നിലവിൽ 20%-25% കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ പ്രതിദിനം ഏകദേശം 550 MLD മുതൽ 700 MLD വരെ ജലനഷ്ടം ഉണ്ടാകുന്നുണ്ട്. നിലവിലെ താരിഫ് പ്രകാരമാണെങ്കിൽ ഇത്തരത്തിൽ ഉണ്ടാകുന്ന പ്രതിദിന നഷ്ടം ശരാശരി 60 ലക്ഷം രൂപ വരും. ആയത് ഭൗതിക നഷ്ടവും വാണിജ്യനഷ്ടവും ചേർന്നതാകയാൽ ഭൗതിക നഷ്ടത്തിൽപ്പെടുത്താവുന്ന ജല ചോർച്ച കാരണമുള്ള നഷ്ടം ഇതിന്റെ പകുതിയോളമേ വരൂ. ജലനഷ്ടം പരിഹരിക്കുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഫ്ലോ മീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്. എല്ലാ റീജിയണുകളിലും ലീക്ക് ഡിറ്റക്ഷൻ & സർവൈലൻസ് സ്ക്വാഡ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിക്കാനും സംവിധാനമുണ്ട്. പൊതുജനങ്ങൾക്ക് ഇത്തരം പരാതികൾ രജിസ്റ്റർ ചെയ്യാനും ലീക്കുകൾ പരിഹരിക്കുന്നതുവരെ നിരീക്ഷിക്കാനുമായി ജല അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്.

## തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

178(683) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ജല അതോറിറ്റി മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ യു. ഡബ്ല്യു.എസ്.എസ്. തിരൂരിനുവേണ്ടി, 19-Replacement of pipe lines എന്ന ശീർഷകത്തിൽ, 12-8-2013-ൽ 2000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തി 4 പാക്കേജുകളായാണ് നടപ്പിലാക്കിയത്. അതിൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഉൾപ്പെടുന്ന Package-I പൂർത്തീകരിച്ചു. ഗ്രാവിറ്റി പൈപ്പുലൈനുകൾ മാറ്റുന്ന പ്രവൃത്തിയും, തിരൂർ തലക്കളത്തൂർ റോഡിലുള്ള പൈപ്പുലൈനും ഉൾപ്പെടുന്ന രണ്ടാമത്തെ പാക്കേജ് റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് പൂർണ്ണമായും അടയ്ക്കാത്തതിനാൽ ഭാഗികമായി നടപ്പാക്കാനേ കഴിഞ്ഞിട്ടുള്ളൂ. പാക്കേജ് III-ൽ ഉൾപ്പെടുന്ന ട്രാൻസ്ഫോർമറും പമ്പ് സെറ്റും സ്ഥാപിക്കുന്ന പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിതരണശൃംഖലകൾ ഉൾപ്പെടുന്ന 4-ാം പാക്കേജ് 3 തവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ക്വാട്ട് ചെയ്യാത്തതിനാൽ നടപ്പാക്കാനായിട്ടില്ല. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ, 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള തിരൂർ മുനിസിപ്പാലിറ്റി വാർഡ്-38-ലെ നോർത്ത് അനാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ആതവനാട് പഞ്ചായത്തിലെയും, തിരുനാവായ പഞ്ചായത്തിലെയും ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വളവന്നൂർ, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃഖല ദീർഘിപ്പിച്ച് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു ജലസേചന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (1) ആയി* ഉൾപ്പെടുത്തിയിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ. മുഖേന നടപ്പിലാക്കുന്ന 18 പദ്ധതികളുടെ നിർവ്വഹണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 4 പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്കീമുകളുടെ നിർവ്വഹണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധം (2) ആയി* ഉള്ളടക്കം ചെയ്യുന്നു.

(ബി) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ജലഅതോറിറ്റി മുഖേന വെട്ടം, തലക്കാട്, മംഗലം, പുറത്തൂർ, തൃപ്പങ്ങോട് എന്നീ 5 പഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 35800 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാനായി തയ്യാറാക്കിയിട്ടുണ്ട്. ഭൂജല വകുപ്പിന്റെ മേൽനോട്ടത്തിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ആയത് പരിഹരിക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ച് വരുന്നു

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

179(684) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വിതരണം ചെയ്യുന്നതിനായി (ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, പായിപ്പാട്, തൃക്കൊടിത്താനം, കുറിച്ചി) തിരുവല്ല ചങ്ങനാശ്ശേരി നഗരസഭ ജലവിതരണ പദ്ധതിയിൽനിന്നും കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിയിൽനിന്നും ജലം ലഭ്യമാക്കുന്നുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തിരുവല്ല-ചങ്ങനാശ്ശേരി നഗര ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം പൂർണ്ണതോതിൽ പൂർത്തിയാകുന്നതോടെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിന് പൂർണ്ണതോതിൽ പരിഹാരം കാണാവുന്നതാണ്. കൂടാതെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി, മാടപ്പള്ളി പഞ്ചായത്തുകളിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ. നടപ്പിലാക്കിയ പദ്ധതികളിൽ പുനരുദ്ധാരണം ആവശ്യമായവയ്ക്ക് സംസ്ഥാന പ്ലാൻ സ്കീമിൽ അനുവദിച്ച സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജലലഭ്യത കുറവുള്ള 6 പദ്ധതികളുടെയും ജലഗുണനിലവാര പ്രശ്നമുള്ള 7 പദ്ധതികളുടെയും നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. കുറിച്ചി ഗ്രാമപഞ്ചായത്തിലെ ജലഗുണനിലവാര പ്രശ്നമുള്ള 3 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനവും നടന്നുവരുന്നു. ഇതിനുപുറമേ KRWSA യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ളസംഭരണം ഭൂജല പരിപോഷണ പദ്ധതിയുടെ ഭാഗമായി ചങ്ങനാശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 175 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് സഹായകരമായ മഴവെള്ളസംഭരണികൾ നിർമ്മിച്ചുനൽകി. ഗുണഭോക്തൃ വിഹിതം സമാഹരിച്ച് പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് പദ്ധതി നടപ്പിലാക്കിയത്. കൂടാതെ മണ്ഡലത്തിൽ ഉൾപ്പെടുന്ന വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 160 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം സംഭരിച്ച് റീ-ചാർജ് ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ശുചിത്വം ഉറപ്പാക്കുന്നതിനും പമ്പുകൾ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നിർവ്വഹണ നടപടി പുരോഗമിച്ച് വരുന്നു

(സി) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കും നിയോജകമണ്ഡലത്തിലെ മറ്റു പഞ്ചായത്തുകൾക്കും മാത്രമായി ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുമോ; വിശദമാക്കാമോ?

ഇതിനായി മണിമലയാർ സ്രോതസ്സാക്കിയുള്ള ഒരു ശുദ്ധജലവിതരണ പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നു.

## മാനന്തവാടി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

180(685) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടപ്പാക്കി വരുന്ന മുഴുവൻ പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

കേരള ജലഅതോറിറ്റിക്ക് കീഴിൽ മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*. ചീഫ് എഞ്ചിനീയർ, രൂപകല്പനയും പര്യവേക്ഷണവും വകുപ്പിനു കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.* ഭൂജലവകുപ്പിന് കീഴിൽ മാനന്തവാടി മണ്ഡലത്തിൽ നീർവ്വാരം ഗവൺമെന്റ് എച്ച്. എസ്. എസ്.-ൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ കാര്യാലയത്തിനു കീഴിൽ വയനാട് ജില്ലയിലെ പനമരം പഞ്ചായത്തിൽ വെന്നിയോട് നദിയ്ക്ക് കുറുകെ മലങ്കര പാറക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ 3,20,00,000 രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു ജലനിധി കാര്യാലയത്തിനുകീഴിൽ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ ആവശ്യമായ പ്രവൃത്തികൾ പുനരുദ്ധാരണ നടത്തിയും നവീകരിച്ചും കാര്യക്ഷമമായി ജല വിതരണം നടത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 31 കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി 2.70 കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ സുസ്ഥിരത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച 24 സ്കീമുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 9 സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം (4) ആയി ഉള്ളടക്കം ചെയ്യുന്നു*. ജലസേചന വകുപ്പിന് കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (5) ആയി* ഉൾക്കൊള്ളിച്ചിരിക്കുന്നു. എടവക ഗ്രാമപഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധിയുടെ നിലവിലുള്ള സ്കീമുകളിൽനിന്നും അധികമായി 1200 ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള 1.94 കോടി രൂപയുടെ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

181(686) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ ശ്രീകണ്ഠപുരം നഗരസഭയിലും ചെങ്ങളായി പഞ്ചായത്തിലും ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ നിടിയേങ്ങ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി സർവ്വേ നടപടി പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ കുടിവെള്ളം ലഭ്യമാക്കുക. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ രണ്ടാമത്തെ വില്ലേജായ ശ്രീകണ്ഠപുരം വില്ലേജിൽ നിലവിൽ ഇരിക്കൂർ ശുദ്ധജലവിതരണ പദ്ധതിയിൽനിന്നുമാണ് ശുദ്ധജല വിതരണം നടത്തുന്നത്. ചെങ്ങളായി പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് 2021-22- ൽ പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നല്ലാതെ ബദൽ നിർദ്ദേശങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ബദൽ പദ്ധതികളുടെ ആവശ്യകത ഇപ്പോൾ നിലവിലില്ല .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൂർത്തനാട് കുടിവെള്ള പദ്ധതി

182(687) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അറിയിക്കാമോ?

മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഋതപ്പുഴയിൽ നിലപ്പറമ്പ് കടവിൽ 10 മീറ്റർ വ്യാസമുള്ള കിണർ, പമ്പ്ഹൗസ്, ഇടിയറാട്ടുകുന്നിൽ 15 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാല, 3350 മീറ്റർ ദൈർഘ്യമുള്ള 500 എം.എം. റാ-വാട്ടർ പമ്പിംഗ് മെയ്ൻ, 330 H.P പമ്പ് സെറ്റ് 6.25 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി, 400 എം.എം, 200 എം.എം, 100 എം.എം ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 5.81 ലിറ്റർ, 5.10 ലക്ഷം ലിറ്റർ ശേഷി വീതമുള്ള ഉന്നതതല ജല സംഭരണികൾ, 3065 മീറ്റർ ദൈർഘ്യത്തിൽ 300 എം.എം.ഡി.ഐ. ഗ്രാവിറ്റി മെയിൻ, 1092 മീറ്റർ ദൈർഘ്യത്തിൽ 250 എം.എം.ഡി.ഐ. ഗ്രാവിറ്റി മെയ്ൻ, 240 കിലോമീറ്റർ വിതരണ ശൃംഖല എന്നീ പ്രവൃത്തികൾ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂർത്തനാട് കുടിവെള്ളപദ്ധതിയുടെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ട് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം ഇനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇനി വിനിയോഗിക്കാൻ ബാക്കിയുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിക്കായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 5674.32 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയിരുന്നത്. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ശീർഷകങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇനി എത്ര കണക്ഷനുകൾ നൽകാൻ ബാക്കിയുണ്ട്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എത്ര കണക്ഷനുകൾ നൽകാൻ കഴിയും; വിശദമാക്കുമോ?

ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1- ൽ ചേർത്തിരിക്കുന്നു.*

(ഡി) പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് സഹായകരമായ കീഴ്പറി മോദിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ആയതിന്റെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കീഴ്പറി മോദിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സർക്കാർ 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിയിൽ സമർപ്പിച്ച് 67.64 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി.-യുടെ ടെക്നിക്കൽ കമ്മിറ്റി 22-11-2019-ന് 66.94 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പ്രീ-ക്വാളിഫിക്കേഷൻ സമ്പ്രദായത്തിൽ 23-11-2019-ന് ടെൻഡർ ചെയ്യുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. പ്രസ്തുത പ്രവൃത്തിയിൽ ഇടത് അബട്മെന്റ്, റാഫ്റ്റ് ഫൗണ്ടേഷൻ, 2 പിയറുകളുടെ ഓപ്പൺ ഫൂട്ടിംഗ്, 3 പിയറുകളുടെ പൈൽ ഫൗണ്ടേഷൻ 1.5 മീറ്റർ ഉയരത്തിൽ 2 പിയറുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## വടകര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

183(688) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് തീരദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; ഇതിനായി നിലവിൽ ഫണ്ടുകളേതെങ്കിലും നീക്കിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

&

(സി) ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. കുടിവെള്ളക്ഷാമം നേരിട്ടതായി റവന്യൂ അധികാരികൾ അറിയിച്ച കുരിയാടി, പാക്കയിൽ വടകര മുനിസിപ്പാലിറ്റി വാർഡ് 4, അഴിയൂർ വാർഡ് 16 എന്നീ സ്ഥലങ്ങളിലേയ്ക്ക് പുതിയാപ്പ് ടാങ്ക്, ജനത ടാങ്ക് എന്നീ ഫില്ലിംഗ് സ്റ്റേഷനുകളിൽനിന്ന് ടാങ്കറുകളിൽ കുടിവെള്ളം നൽകിയിട്ടുണ്ട്. വടകര നിയോജകമണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റി ചോറോട്, അഴിയൂർ, ഏറാമല, ഒഞ്ചിയം എന്നീ പഞ്ചായത്തുകളിലായി ചുവടെ പരാമർശിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്:

<u>ഡെപ്പോസിറ്റ് പ്രവൃത്തികൾ</u>

1. അഴിയൂർ-സൗത്ത് ചോമ്പാല മത്സ്യത്തൊഴിലാളികളുടെ കോളനിയിലേയ്ക്കുള്ള കുടിവെള്ള വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി.
2. അഴിയൂർ ഗ്രാമപഞ്ചായത്ത് വാർഡ് 1, 2, 6, 11, 12, 17 എന്നിവിടങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി.
3. അഴിയൂർ ഗ്രാമപഞ്ചായത്ത് 7, 9, 18 എന്നീ വാർഡുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി.
4. ഫിഷറീസ് 2018-19 ചോമ്പാല മുതൽ അഴിയൂർ പഞ്ചായത്തിലെ 13, 14, 16, 18 (പൂഴിത്തല പ്രദേശം) എന്നീ വാർഡുകൾ വരെയുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി.
5. വടകര കുടിവെള്ള പദ്ധതി ഐസ് റോഡ് മുതൽ പാക്കയിൽ, കസ്റ്റംസ് റോഡ് എന്നിവിടങ്ങളിലേയ്ക്കുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തി (100 മീറ്റർ)

6. Augmentation of BWSS വടകര മുനിസിപ്പാലിറ്റി 300 എം.എം. AC പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കൽ പ്രവൃത്തി. ഗ്രാമീണ മേഖലയിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഒഞ്ചിയം, ചോറോട്, ഏറാമല, അഴിയൂർ പഞ്ചായത്തുകളിലെ മുഴുവൻ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകാനുള്ള ഏറാമലക്കും 7 സമീപ പഞ്ചായത്തുകൾക്കുമായുള്ള 50422 ലക്ഷം രൂപയുടെ സമഗ്ര ശുദ്ധജല പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. വടകര നിയോജക മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിൽ KRWSA നടപ്പിലാക്കിയ 21 ജലനിധി പദ്ധതികൾ മുഖേന 1131 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. ഇതിനുപുറമേ ചോറോട് ബൾക്ക് വാട്ടർ സപ്ലൈ സ്കീം മുഖേന 1279 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. 300 കണക്ഷൻ പുതുതായി ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 45,06,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഇടക്കൊച്ചി കുടിവെള്ള വിതരണം

184(690) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി പ്രദേശത്ത് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓവർ ഹെഡ് ടാങ്ക് നിർമ്മാണം നടക്കുന്നുണ്ടോ?

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഇടക്കൊച്ചിയിലെ 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം നടക്കുന്നുണ്ട് .

(ബി) എങ്കിൽ ഈ ടാങ്ക് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ടാങ്ക് നിർമ്മാണം 32% പൂർത്തിയായി. നിലവിൽ പൈൽ ക്യാപ്പിന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) എന്നത്തേയ്ക്ക് ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വെള്ളം സംഭരിച്ച് കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ടാങ്കിന്റെ നിർമ്മാണം 30-11-2021-ഓടെ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി

185(691) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട്-ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ആരംഭിച്ച താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയാണ് താഴേക്കോട്-ആലിപ്പറമ്പ് കുടിവെള്ള പദ്ധതി. പ്രസ്തുത പദ്ധതിയുടെ 6 മീറ്റർ വ്യാസമുള്ള കിണർ, 12 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണ ശാല, ആലിപ്പറമ്പ് ഉപരിതല ജല സംഭരണിയിലേയ്ക്കുള്ള ശുദ്ധ ജല പമ്പിംഗ് മെയിൻ, 3700 മീറ്റർ ദൈർഘ്യത്തിൽ 300 എം.എം ഡി.ഐ പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നതെന്നും പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഈ പദ്ധതിയുടെ ബാക്കി പ്രവൃത്തികളായ താഴേക്കോട്, ആലിപ്പറമ്പ് എന്നിവിടങ്ങളിൽ 19 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഓരോ ഉപരിതല ജല സംഭരണി, താഴേക്കോട് ഉപരിതല ജല സംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, താഴേക്കോട്, ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല, മേൽപ്പറഞ്ഞ രണ്ട് പഞ്ചായത്തിലെയും വീടുകളിലേയ്ക്കുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 131 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു .

## പേരാവൂരിലെ കണിച്ചാർ, കേളകം, കൊട്ടിയൂർ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

186(692) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് NABARD TRANCHE XXIII-ൽ 3525 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പാക്കേജ് 1-ൽ ഉൾപ്പെട്ടിട്ടുള്ള കിണർ, പമ്പിംഗ് മെയിൻ ശുദ്ധീകരണശാല എന്നിവയുടെ 51% പ്രവൃത്തിയും പാക്കേജ് II-ലുള്ള ഗ്രാവിറ്റി മെയിനിന്റെ 75% വും പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് III-ലുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനാവശ്യമായ 8.83 കി.മീ. പൈപ്പുകളിൽ 1.80 കി.മീ. കരാറുകാരൻ വിതരണം ചെയ്തിട്ടുണ്ട്. ടാങ്കുകളും നിർമ്മാണം ആരംഭിച്ചിട്ടില്ല. പാക്കേജ് IV-ൽ ഉൾപ്പെട്ടിട്ടുള്ള ടാങ്കുകളുടെയും ട്രാൻസ്മിഷൻ മെയിനും നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ഇതുവരെ ആരും ഏറ്റെടുത്തില്ല. ടെണ്ടർ തുറക്കുന്ന തീയതി 05-06-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തി ദ്രുതഗതിയിൽ തീർക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ

187(693) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും കുടിവെള്ളം വലിയ തോതിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ പൊട്ടുന്നത് കാരണം കുടിവെള്ളം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

നിലവിൽ അമൃത്, കിഫ്ബി, Sustainability Support to Community Managed Water Supply Scheme എന്നീ പദ്ധതികൾ വഴി പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ - കൈതക്കൊല്ലി റോഡിൽ ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും ജലം

പാഴാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ കൈതക്കൊല്ലി റോഡിൽ പി.ഡബ്ല്യൂ.ഡി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ തകരാറിലായിട്ടുണ്ട്. ഇത് മാറ്റിസ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു

**കുടിവെള്ള പദ്ധതി**

188(694) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രവീതമാണെന്നും നിർമ്മാണപ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, പാവറട്ടി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടത്തിയ പ്രവൃത്തികൾ**

189(695) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുവഴി നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലസേചന വകുപ്പിനുകീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 1* ആയും ഭൂജല വകുപ്പിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 2* ആയും ഉള്ളടക്കം ചെയ്തിരിക്കുന്നു. കെ.ഐ.ഐ.ഡി.സി.-യുടെ കീഴിൽ മങ്കട നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്ശറിക്കടവ്, ളുതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളിലായി 95.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3)*ആയി ചേർത്തിരിക്കുന്നു. ജലനിധി പദ്ധതിയുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ സംസം, കുറുവ SLC, ചൊവ്വാണ എന്നീ പദ്ധതികളും പുഴക്കാട്ടിരി പഞ്ചായത്തിലെ സഫ, തോട്ടത്തൊടി, കണ്ണൻ പറമ്പ് എന്നീ കുടിവെള്ള പദ്ധതികളും ജലനിധി സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി വഴി ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിയുടെയും വിശദാംശം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ജലസേചന വകുപ്പിനുകീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 1* ആയും ഭൂജല വകുപ്പിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം 2* ആയും ഉള്ളടക്കം ചെയ്തിരിക്കുന്നു. കെ.ഐ.ഐ.ഡി.സി-യുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമായി മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് മലപ്പുറം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, ഉൗതപുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ, കൂട്ടിലങ്ങാടി, മങ്കട, അങ്ങാടിപ്പുറം എന്നീ പഞ്ചായത്തുകളിലായി 95.03 കോടി രൂപയുടെ പ്രവൃത്തികൾക്ക് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (3)* ആയി ചേർത്തിരിക്കുന്നു. ജലനിധി പദ്ധതിയുടെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ സംസം, കുറുവ SLC, ചൊവ്വാണ എന്നീ പദ്ധതികളും പുഴക്കാട്ടിരി പഞ്ചായത്തിലെ സഫ, തോട്ടത്തൊടി, കണ്ണൻ പറമ്പ് എന്നീ കുടിവെള്ള പദ്ധതികളും ജലനിധി സുസ്ഥിരത പദ്ധതിയിൽ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

## കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം

190(696) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ നിലവിൽ കുഴൽക്കിണർ സ്കീമുകളാണ് പ്രവർത്തിക്കുന്നത്. മെച്ചപ്പെട്ട ജലവിതരണം ഉറപ്പാക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പള്ളിപ്പാട് ജല ശുദ്ധീകരണ ശാലയിൽനിന്നും കണ്ടല്ലൂർ പഞ്ചായത്തിലെ കോഴിക്കായൽവാരത്തെ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 38.21 കോടി രൂപയുടെയും ദേവികുളങ്ങര കൂട്ടംവാതിക്കൽ കടവിൽ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 41.17 കോടി രൂപയുടെയും പദ്ധതിക്ക് ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് 19-5-2021-ൽ നൽകിയിട്ടുണ്ട്. ഡി.പി.ആർ അംഗീകരിച്ച് തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ജല ശുചിത്വ മിഷനിൽ സമർപ്പിച്ച് അനുമതി വാങ്ങി സംസ്ഥാന ജല ശുചിത്വ സമിതിയിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) കായംകുളം നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പഴയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്റ്റേറ്റ് പ്ലാൻ, ജലജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ

191(697) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കോടഞ്ചേരി പഞ്ചായത്തിൽ 56 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി - പൂർത്തീകരിച്ചു.
2. തിരുവമ്പാടി പഞ്ചായത്തിൽ 61 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി - പൂർത്തീകരിച്ചു.
3. കാരശ്ശേരി പഞ്ചായത്തിൽ 104 കുടിവെള്ള കണക്ഷനുകൾ നൽകുവാനുള്ള പ്രവൃത്തി -പൂർത്തീകരിച്ചു.

## കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ

192(698) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച 108 കോടി രൂപയുടെ ടെണ്ടർ നടപടി പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കാമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ 108 കോടി രൂപയുടെ പ്രവൃത്തികൾ 6 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

1. പാക്കേജ് 1 - വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോവാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ - പുരോഗമിച്ചു വരുന്നു - 45% പൂർത്തീകരിച്ചു.
2. പാക്കേജ് 2 - ജല സംഭരണികളും, ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികളും - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
3. പാക്കേജ് 2 എ - ജല സംഭരണികളും, ട്രാൻസ്മിഷൻ മെയിൻ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
4. പാക്കേജ് 3 എ - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - പ്രവൃത്തി പുരോഗമിച്ചുവരുന്നു - 63% പൂർത്തീകരിച്ചു.
5. പാക്കേജ് 3 ബി - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - പ്രവർത്തന ഉത്തരവ് നൽകിയിട്ടുണ്ട്.
6. പാക്കേജ് 3 സി - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഈ പദ്ധതിക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

നിലവിൽ പാക്കേജ് 3 എ-യിൽ ഉൾപ്പെട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗത്തിന് ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 40,78,000 രൂപ അടയ്ക്കുവാനുണ്ട്. പ്രസ്തുത തുക അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കി റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്.

(സി) നടപടി പൂർത്തിയാക്കി ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

നിലവിൽ പാക്കേജ് 3 എ - യിൽ ഉൾപ്പെട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗത്തിന് ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 40,78,000 രൂപ അടയ്ക്കുവാനുണ്ട്. പ്രസ്തുത തുക അടയ്ക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കി റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്.

(ഡി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതിക്ക് അനുവദിച്ച 40 കോടി രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്തത് പുനഃസ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചീക്കോടും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്കുള്ള 40 കോടി രൂപയുടെ ഭരണാനുമതി പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 4 പാക്കേജുകളായി തിരിച്ച് ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു.

പാക്കേജ് 1- ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി - പുരോഗമിച്ചു വരുന്നു - 60% പൂർത്തീകരിച്ചു.

പാക്കേജ് 2 - വാഴയൂർ, വാഴക്കാട് പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി - പുരോഗമിച്ചു വരുന്നു - 30% പൂർത്തീകരിച്ചു.

പാക്കേജ് 3 - പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി- പുരോഗമിച്ചു വരുന്നു - 10 % പൂർത്തീകരിച്ചു.

പാക്കേജ് 4 എ - ചീക്കോടും അനുബന്ധ പഞ്ചായത്തുകളിലെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്ന പ്രവൃത്തി - പൂർത്തീകരിച്ചു.

(ഇ) പ്രസ്തുത ഭരണാനുമതി പുനഃസ്ഥാപിച്ചാലും മേൽപ്പറഞ്ഞ ആറ് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന് ഇനിയും എത്ര തുക വേണമെന്ന് അറിയിക്കാമോ; ഇതിനുവേണ്ടി ഏതെങ്കിലും പ്രൊപ്പോസലുകൾ സർക്കാർ നൽകിയിട്ടുണ്ടോ; പദ്ധതി പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഇപ്പോൾ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ചീക്കോട്, മുതുവല്ലൂർ, വാഴയൂർ, വാഴക്കോട്, പുളിക്കൽ, ചെറുകാവ്, കുഴിമണ്ണ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കുമായി 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക പദ്ധതി പൂർത്തീകരണത്തിന് പര്യാപ്തമാണ്. ഇതിൽ വാഴയൂർ, വാഴക്കോട്, പുളിക്കൽ, ചെറുകാവ്, മുതുവല്ലൂർ (ഭാഗികം) എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടി പുരോഗമിച്ച് വരുന്നു.

**ഉപഭോക്താവിൽനിന്ന് പിരിച്ചെടുത്ത അമിത തുക**

193(699) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ മണക്കാട് കുര്യാത്തി സെക്ഷൻ കൺസ്യൂമർ നം. MDD21157/D ഉപഭോക്താവ്, ഗാർഹിക കുടിവെള്ള കണക്ഷനിൽനിന്ന് ഒരു കാരണവശാലും ഗാർഹികേതര ആവശ്യങ്ങൾക്ക് കുടിവെള്ളം ഉപയോഗിച്ചിട്ടില്ലെന്നും ജല ഉപയോഗം തെളിവാക്കി തങ്ങളിൽനിന്ന് പിരിച്ചെടുത്ത അമിത തുക തിരിച്ചുനൽകണമെന്നും കാണിച്ച് അപേക്ഷ നൽകിയിരുന്നോ?

നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ഗാർഹികേതര ഉപയോഗം ഏത് തീയതിയിലാണ് സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപ്പെട്ടത്?

16-3-2020 - ലാണ് ഗാർഹികേതര ഉപയോഗം സ്ഥലത്തെ വാട്ടർ മീറ്റർ റീഡറുടെ ശ്രദ്ധയിൽപ്പെട്ടത് .

(സി) എങ്കിൽ പ്രസ്തുത ഉപഭോക്താവിൽനിന്ന് മേൽപ്പറഞ്ഞ അധിക തുക ഈടാക്കാൻ തീരുമാനിച്ചത് എന്ന് മുതൽക്കാണെന്നും എന്ന് മുതൽ കണക്കാക്കി അധിക തുക പിരിച്ചെടുത്തുവെന്നും എത്ര തുകയാണ് സാധാരണയിൽനിന്നും അധികമായി കുടുംബത്തിന്റെ ഉപയോഗത്തിൽ കാണിച്ച് ജല അതോറിറ്റി പിരിച്ചെടുത്തത് എന്നും വ്യക്തമാക്കാമോ?

16-03-2020 മുതൽ 20-05-2020 വരെ ഗാർഹികേതര വിഭാഗത്തിലാണ് ബില്ല് ചെയ്തിട്ടുള്ളത്. 20-05-2020-ൽ ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച് ഗാർഹികേതര വിഭാഗത്തിൽ നിലവിൽ വെള്ളം ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി തിരിച്ച് ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റിനൽകിയിട്ടുണ്ട്. ഈ കാലയളവിൽ ഗാർഹികേതര വിഭാഗത്തിൽ ആയതിനാൽ 1204 രൂപ അധികമായി ഒടുക്കേണ്ടിവന്നിട്ടുണ്ട്.

(ഡി) ഉപഭോക്താവിൽനിന്ന് അധികമായി ഗാർഹികേതര ഇനത്തിൽ പിരിച്ചെടുത്ത തുകയ്ക്കാനുപാതികമായി എത്ര യൂണിറ്റ് കുടിവെള്ളമാണ് കൂടുതലായി ഉപയോഗിക്കപ്പെട്ടത് എന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ജനുവരി 2020 മുതൽ മേയ് മാസം 2020 വരെയുള്ള കാലയളവിൽ മുൻ മാസത്തേക്കാൾ 2KL കുടിവെള്ളം പ്രതിമാസം കൂടുതലായി ഉപയോഗിച്ചുവെന്നാണ് കണ്ടെത്തിയത്.

(ഇ) പ്രസ്തുത ഉപഭോക്താവ്, മീറ്റർ റീഡർ ചൂണ്ടിക്കാട്ടിയതിന് വിരുദ്ധമായി, ഗാർഹികേതര കാര്യങ്ങൾക്ക് കുടിവെള്ളം ഉപയോഗപ്പെടുത്തിയിരുന്നില്ല എന്നത് വ്യക്തമായി പരിശോധിച്ച് ഉപഭോക്താവിൽനിന്നും അധികം ഈടാക്കിയ തുക ഉപഭോക്താവിന്റെ ഭാവിയിലെ ഉപയോഗത്തിനുള്ള അഡ്വാൻസായി കണക്കാക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുമോ?

വിശദമായ പരിശോധന നടത്തിയതിൽനിന്നും മീറ്റർ റീഡർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നത് റിപ്പോർട്ട് ചെയ്തത് ശരിയാണെന്ന് ബോധ്യപ്പെട്ടതിനാൽ വാട്ടർ സപ്ലൈ റെഗുലേഷൻ 1991, 16(a), 16(b) പ്രകാരമാണ് ഗാർഹികേതര വിഭാഗത്തിൽ ബില്ല് ചെയ്തിട്ടുള്ളത്. 20-05-2020-ലെ അഭ്യർത്ഥന പ്രകാരം വീണ്ടും സ്ഥലം സന്ദർശിച്ച് ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി വീണ്ടും തിരിച്ച് ഗാർഹിക വിഭാഗത്തിൽ മാറ്റിനൽകിയിട്ടുണ്ട്. ഉപഭോക്താവിന് മറ്റ് ഇളവുകളൊന്നും നിലവിലുള്ള നിയമപ്രകാരം അനുവദനീയമല്ല.

## സംസ്ഥാനത്തെ മത്സ്യലഭ്യത

194(700) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനത്തെ ആകെ മത്സ്യ ലഭ്യത എത്ര ടൺ ആയിരുന്നുവെന്ന് അറിയിക്കുമോ?

2018-19, 2019-20 വർഷങ്ങളിൽ സംസ്ഥാനത്തെ ആകെ മത്സ്യലഭ്യത യഥാക്രമം 8.01758 ലക്ഷം മെട്രിക് ടൺ, 6.80798 ലക്ഷം മെട്രിക് ടൺ എന്നിങ്ങനെയാണ്.

(ബി) മത്സ്യലഭ്യത കുറയുന്ന പക്ഷം, ആയത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ മത്സ്യ കൃഷി ഉൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മത്സ്യലഭ്യത കുറയുന്ന പക്ഷം ആയത് വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം 61.15 കോടി രൂപ വകയിരുത്തി മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, വീട്ടുവളപ്പിൽ പടുത കുളത്തിലെ

മത്സ്യക്കൃഷി, കുളത്തിലെ കരിമീൻ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യക്കൃഷി രീതി റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കിവരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ജലസംഭരണികളിൽനിന്ന് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന തിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കി അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യ സമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കി. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകവഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും ഉൾനാടൻ മത്സ്യമേഖല കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഒരു ഉത്തേജനമായി വർത്തിക്കുകയും ചെയ്യുന്നു. ഉൾനാടൻ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം-ജനകീയ മത്സ്യക്കൃഷി പദ്ധതിയും പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും, റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലുണ്ട്. ഇതുകൂടാതെ കടലിലെയും കായലിലെയും പുഴകളിലെയും പ്രകൃത്യാലുള്ള മത്സ്യ സമ്പത്ത് സുസ്ഥിരമായി പരിപാലിക്കുക വഴി മത്സ്യബന്ധനം വഴിയുള്ള മത്സ്യോല്പാദനം ഉയർത്തുവാൻ കഴിയുന്നതാണ്. ആയതിലേയ്ക്കുവേണ്ടി കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ടും/കേരള ഇൻലാൻഡ് ഫിഷറീസ് അക്വാകൾച്ചർ ആക്ടും കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനുള്ള നടപടികൾ

195(701) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ കടലാക്രമണവും മറ്റ് പ്രതികൂല സാഹചര്യങ്ങളും നിമിത്തം മത്സ്യത്തൊഴിലാളികളുടെ ജീവിതം വളരെ പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21-ൽ അനുവദിച്ചുനൽകി. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ് 19-മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും ഉൾപ്പെടെയാണ് 36.12 കോടി രൂപ ധനസഹായം അനുവദിച്ചത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടലിൽ പണിയെടുക്കുന്നവർക്കും അനുബന്ധ തൊഴിലാളികൾക്കും വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസങ്ങളിലേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളിക്കും 1,200 രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 157573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മേയ് മാസത്തിൽ 22.49 കോടി രൂപ വിതരണം ചെയ്തു. കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് എന്നിവമൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യ സാധനങ്ങളും മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് നടപടി സ്വീകരിച്ചു.

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ

196(702) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കൊല്ലം പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന പഠനങ്ങൾ നടത്തുന്നതിനാണ് CWPRS-നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. Mathematical model study for hydrodynamics and sedimentation.

2. Mathematical model studies for shore line changes.

3. Mathematical model studies for wave tranquility

4. Geotechnical stability studies for breakwaters

5. Desk and wave flume studies for breakwaters.

മേൽ പരാമർശിച്ച പഠനങ്ങളിൽ 1 മുതൽ 3 വരെയുള്ള പഠന റിപ്പോർട്ട് CWPRS-ൽനിന്നും ലഭിക്കുകയും മറ്റ് രണ്ട് പഠനങ്ങൾ നടന്നുവരികയുമാണ്. അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ഹാർബർ നിർമ്മാണത്തിനായി പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിച്ചുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

CWPRS-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷമേ പരിസ്ഥിതി ആഘാത പഠനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ ?

CWPRS-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം EIA Study Report, CRZ Clearance, Pollution Control Board Clearance എന്നിവ ലഭ്യമാക്കി പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

**തീരദേശ വികസനം**

197(703) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരദേശ മേഖല തീവ്ര കടൽക്ഷോഭം കാരണം പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യഘട്ടം എന്നിവയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ 2020-21-ൽ അനുവദിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ

കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ് 19-മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും ഉൾപ്പെടെ 36.126 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 207104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 1200 രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മേയ് മാസത്തിൽ 22.49 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിരുന്നു. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവമൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യ സാധനങ്ങളും മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സമഗ്ര തീരദേശ വികസനത്തിനായി സംസ്ഥാന സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഓഖി ദുരന്തത്തിനുശേഷം തീരദേശ മേഖലയുടെ അടിസ്ഥാന വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. പാക്കേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതും അനിവാര്യമായിരുന്നു. ഇതിലേക്കായി തീരദേശ അടിസ്ഥാന സൗകര്യം, മാനവ വികസനം, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയവ സംബന്ധിച്ച പഠനം നടത്തുന്നതിന് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെയും (TISS) ജീവനോപാധി സംബന്ധിച്ച പഠനം നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് (IRMA)-നെയും ചുമതലപ്പെടുത്തി. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് ഫീൽഡ്തല പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് സമിതി മുൻപാകെ സമർപ്പിച്ച് നടപടി കൈക്കൊള്ളുന്നതുമാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റുമായി എഗ്രിമെന്റ് വച്ച് Work Order നൽകിയിട്ടുണ്ട്. Detailed Project Report മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആവശ്യമായ Expression of Interest ലഭ്യമായിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി പിന്നീട് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള Expression of Interest ലഭ്യമായിട്ടില്ല.

(സി) തീരദേശ മണ്ണൊലിപ്പ് തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

തീരസംരക്ഷണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 9677.434 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയും വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരികയും ചെയ്യുന്നു. കണ്ണൂർ - തലായ് ഫിഷിംഗ് ഹാർബറിലെ അഡിഷണൽ ഗ്രോയിൻ നിർമ്മാണം (348 ലക്ഷം രൂപ), മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിലെ തെക്കുഭാഗത്തെ സ്റ്റെബിലൈസേഷൻ പ്രവൃത്തി (1347 ലക്ഷം രൂപ), ചേറ്റുവ ഹാർബറിലെ തെക്കു ഭാഗത്തെ ഗ്രോയിൻ നിർമ്മാണം (686 ലക്ഷം രൂപ), കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീര സംരക്ഷണ പ്രവൃത്തി (3508 ലക്ഷം രൂപ), മുതലപ്പൊഴി ഫിഷിംഗ് ഹാർബർ താഴംപള്ളി കഠിനംകുളം കായലിലെ തീരസംരക്ഷണ പ്രവൃത്തി (1831 ലക്ഷം രൂപ), പൂന്തുറ തീരസംരക്ഷണ പ്രവൃത്തി (1957.434 ലക്ഷം രൂപ) എന്നിവ ഇതിൽ ഉൾപ്പെടുന്നു. തീരസംരക്ഷണ പ്രവൃത്തികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബിയിൽ ഉൾപ്പെടുത്തി 101.59 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഓഖി ദുരന്ത തീരദേശ പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെയും നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി 7.40 കോടി രൂപയുടെയും തീരസംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.ഐ പദ്ധതിയിൽപ്പെടുത്തി 52.90 കോടി രൂപയുടെ പദ്ധതി പുരോഗമിച്ചുവരികയാണ്. ഹാർബറുകളോടനുബന്ധമായ തീരസംരക്ഷണത്തിനും കടൽക്ഷോഭം മൂലമുണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിനും നാശനഷ്ടങ്ങൾ ഉണ്ടാകാതെ തീരം സംരക്ഷിക്കുന്നതിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യബന്ധന ഹാർബറുകളോട് ചേർന്ന് കിടക്കുന്ന തീരശോഷണം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ KIIFB - വഴി 101.59 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തീരസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി മുതലപ്പൊഴി (18.31 കോടി), കായംകുളം (2.42 കോടി), തോട്ടപ്പള്ളി (2.40 കോടി), ചേറ്റുവ (6.86 കോടി), തലായ് (3.48 കോടി), മഞ്ചേശ്വരം (13.47 കോടി) എന്നീ ഹാർബറുകളിലും കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് മുതൽ താന്നി വരെ (35.00 കോടി), തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, വലിയതുറ (19.57 കോടി) എന്നിവിടങ്ങളിലായി ആകെ 101.50 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ തലായ് ഫിഷിംഗ്

ഹാർബർ തീരസംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പ്രവൃത്തി പുരോഗമിച്ച് വരുന്ന നബാർഡ് XXV പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ പുറത്തൂരിൽ 7.14 കോടി രൂപയ്ക്ക് തീരസംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. RKI (Rebuild Kerala Initiative) പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിലെ ഷിറിയ എന്നിവിടങ്ങളിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിക്കായി യഥാക്രമം 28.60 കോടി, 24.30 കോടി ആകെ (52.90 കോടി) രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മേൽ പ്രവൃത്തികൾക്ക് പാരിസ്ഥിതിക ആഘാത പഠനം നടന്നുവരുന്നു.

### തീരദേശ റോഡുകളുടെ നവീകരണം

200(704) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവൃത്തി പൂർത്തിയാകാത്തതുമായ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രസ്തുത റോഡുകളുടെ പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ ഒന്നും തിരൂർ നിയോജകമണ്ഡലത്തിൽ ഇല്ല.

(ബി) പ്രവൃത്തി നിർവ്വഹിക്കേണ്ട റോഡുകളുടെയും ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ച റോഡുകളുടെയും ലിസ്റ്റും എസ്റ്റിമേറ്റ് തുകയും അറിയിക്കുമോ?

മുൻ എം.എൽ.എ നിർദ്ദേശിച്ച പ്രവൃത്തി നിർവ്വഹിക്കേണ്ടതായിട്ടുള്ള 6 റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വാക്കാട്-കാശ്മീൻ സീവാൾ റോഡ്- 245.40 ലക്ഷം രൂപ
2. പൂത്തങ്ങാടി - സീവാൾ റോഡ് - 102.60 ലക്ഷം രൂപ
3. രണ്ടത്താണ്-ഇല്ലിക്കൽ-കുഞ്ഞപ്പൻ കുട്ടിഹാജി റോഡ് 25.00 ലക്ഷം രൂപ
4. നാരായണൻ പടി-അങ്കണവാടി-ചീരാടത്ത് റോഡ്- 5.60 ലക്ഷം രൂപ

5. ഉപ്പൂട്ടുങ്ങൽ-വെട്ടത്ത്കാവ്-ആൽത്തറ റോഡ് (വാർഡ് II)- 5.5 ലക്ഷം രൂപ

6. ആലിങ്ങൽ പടി - പഞ്ചപാടം റോഡ് (വാർഡ് 9)- 17.00 ലക്ഷം രൂപ കൂടാതെ ചുവടെ ചേർത്തിരിക്കുന്ന മൂന്ന് റോഡുകൾ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.

1. വാക്കാട്- തട്ടാൻപടി റോഡ് പൂർത്തീകരണം - 31.30 ലക്ഷം രൂപ

2. പടിയത്ത് പറമ്പ് - അങ്കണവാടി റോഡ് -31.00 ലക്ഷം രൂപ

3. ഈസ്റ്റ് അരിക്കാഞ്ചിറ അവറാങ്കിൽ റോഡ് - 6.33 ലക്ഷം രൂപ .

**മത്സ്യങ്ങൾ ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിക്കുന്നതിന് നടപടി**

201(705) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി പടർന്ന് പിടിച്ചതിന്റെ മറവിൽ വിൽപ്പനയ്ക്ക് കൊണ്ടുവന്ന ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യങ്ങൾ പല സ്ഥലത്തുനിന്നും പിടിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്തുള്ളതും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ വിൽപ്പനയ്ക്കുള്ള മത്സ്യങ്ങൾ ഭക്ഷ്യയോഗ്യമാണോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) ഇല്ലെങ്കിൽ ആയത് ഭക്ഷ്യയോഗ്യമാണോ എന്ന് കൃത്യമായി പരിശോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of

Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ലിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi Media Company, Mumbai വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ലിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടി സ്വീകരിച്ച് വരുന്നു ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്.

**രാസപദാർത്ഥം കലർന്ന മത്സ്യം**

201(706) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നും രാസപദാർത്ഥങ്ങൾ കലർന്നതും പഴകിയതുമായ മത്സ്യം വൻതോതിൽ എത്തിക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആരോഗ്യത്തിന് ഏറ്റവും ഹാനികരമായ ഇത്തരം മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ, ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ,

പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. കോവിഡ് ഒന്നാം തരംഗത്തിൽ ചെക്ക് പോസ്റ്റുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ ഇരുപത്തിയൊന്ന് മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി HI Media Company, Mumbai വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടി സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്.

## ചെല്ലാനത്തെ തീരസംരക്ഷണം

201(707) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവ്ര കടൽക്ഷോഭംമൂലം ചെല്ലാനം നിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ചെല്ലാനത്ത് കടൽക്ഷോഭവും തീരശോഷണവും ഉണ്ടായപ്പോൾ അവർക്ക് എന്തെല്ലാം ഉറപ്പുകളാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ; അതിൽ ഏതെല്ലാം ഉറപ്പുകൾ പ്രാവർത്തികമാക്കിയെന്ന് അറിയിക്കാമോ?

കടൽക്ഷോഭവും തീരശോഷണവും തടയുന്നതുസംബന്ധിച്ച് ഈ വകുപ്പ് മുഖേന ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

(സി) ചെല്ലാനത്തെ തീരസംരക്ഷണത്തിനായി പ്രത്യേക പാക്കേജ് ഈ സർക്കാർ വിഭാവന ചെയ്യുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്.

1. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-05-2021-ന് 6 മന്ത്രിമാർ പങ്കെടുത്ത് ചെല്ലാനത്തെ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ച നടത്തി.

2. ഫിഷറീസ്. ജലസേചനം, ഗതാഗതം, വ്യവസായം മന്ത്രിമാർ പങ്കെടുത്ത് പ്രത്യേകം ചർച്ച നടത്തുകയും വ്യവസായ, ഫിഷറീസ് മന്ത്രിമാർ 27-05-2021-ന് ചെല്ലാനം സന്ദർശിക്കുകയും കളക്ടറുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടു.

(a) ചെല്ലാനത്ത് 8 കോടി രൂപ ചെലവിൽ നിർമ്മാണം നടന്നുവരുന്ന ജിയോ ട്യൂബ് പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(b) കടൽഭിത്തി നിർമ്മാണത്തിന് നിലവിൽ ടെണ്ടർ ചെയ്ത 16 കോടി രൂപയുടെ പദ്ധതി പല കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിരുന്നു. പ്രസ്തുത പദ്ധതി ഒഴിവാക്കി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനകം ടെണ്ടർ നടപടി സ്വീകരിക്കുവാൻ ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തി.

(c) വിജയം കനാൽ, മുപ്പട്ടക്കാട് തോട് എന്നിവയിലെ മണൽ മാറ്റി നവീകരിക്കുവാൻ 35 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് പൂർത്തീകരിക്കുവാൻ അധികമായി ആവശ്യമായ 245 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

(d) ചെല്ലാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് രണ്ട് കോടി രൂപ ചെലവഴിച്ച് അടിയന്തരമായി കടലാക്രമണം തടയുന്നതിന് ഇടപെടൽ നടത്താൻ തീരുമാനിച്ചു.

(e) ചെല്ലാനം മത്സ്യഗ്രാമം 'മാതൃകാ പദ്ധതി' ഏറ്റെടുക്കുവാൻ തീരുമാനിച്ചു. അതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ (KUFOS) ചുമതലപ്പെടുത്തി. കുഫോസ് വിശദമായ സെമിനാർ സംഘടിപ്പിക്കുകയും ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാനും തീരുമാനിച്ചു. ഈ പ്രവർത്തനങ്ങൾ ആകെ മേൽനോട്ടം വഹിക്കുന്നതിന് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു ഗവേണിംഗ് കമ്മിറ്റിയും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം**

202(708) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയസമയത്ത് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ സ്വന്തം ബോട്ടുകളുമായി മനുഷ്യ ജീവനുകളെ രക്ഷിക്കാനെത്തിയ മത്സ്യത്തൊഴിലാളികളുടെ തകരാറിലായ ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകിയിട്ടുണ്ടോ;

&

(ബി) ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ അതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

ഉണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും പ്രളയ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 485 എഞ്ചിനുകൾക്കും 592 വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ തീർത്തു നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇന്ധനച്ചെലവ് ഉൾപ്പെടെ 2,59,46,436 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്കായി മറ്റ് സഹായങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ?

ഫിഷറീസ് വകുപ്പിന്റെ എല്ലാ ക്ഷേമ പ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കളാണ് കേരളത്തിന്റെ സൈന്യമായ മത്സ്യത്തൊഴിലാളികൾ. എന്നാൽ പ്രളയത്തിൽ അവരുടെ യാനങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോൾ യാനങ്ങൾക്ക് കേടുപാടുകൾ ഉണ്ടാകുകയും ആയത് പരിഹരിച്ചു നൽകുകയും ചെയ്തു. അവരുടെ ധീരമായ കാരുണ്യപ്രവൃത്തിക്ക് സർക്കാർ തലത്തിൽ വിപുലമായ ചടങ്ങിൽ ആദരിക്കുകയും പ്രശംസാപത്രം നൽകി അനുമോദിക്കുകയും ചെയ്തിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

203(709) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ പേമാരിയും കടലേറ്റവും കാരണവും വൻനാശം വിതച്ച യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലും സംസ്ഥാനത്തെ തീരമേഖലയിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ചുവോ?

സംഭവിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എപ്രകാരമുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചതെന്നും എത്ര തുകയുടെ നഷ്ടം വന്നുവെന്നും എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് തീരമേഖലയിലെ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു; അവർക്ക് എന്തൊക്കെ സഹായങ്ങൾ സർക്കാർ നൽകിയെന്നും ആയതിന് എത്ര കോടി രൂപ ചെലവായി എന്നും വ്യക്തമാക്കുമോ?

ഇക്കഴിഞ്ഞ ടൗട്ടെ ചുഴലിക്കാറ്റിലും കടൽ ക്ഷോഭത്തിലും തീരപ്രദേശത്ത് ഒരുപാട് നാശനഷ്ടം സംഭവിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം 186 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പൂർണ്ണമായും തകരുകയും 2432 വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. 3000 ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കും വലകൾക്കും മത്സ്യകൃഷിയിടങ്ങൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടം എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കണക്കാക്കുകയും ആയത് 140.90 ലക്ഷം രൂപയാണെന്ന് കണക്കാക്കി പ്രൊപ്പോസൽ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂതന മത്സ്യ കൃഷി രീതികളായ ബയോ ഫ്ലോക്ക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കേജ് ഫാമിംഗ്, പടുതയിലെ മത്സ്യകൃഷി എന്നിവയുടെ നഷ്ടപരിഹാരത്തിനുള്ള 398.58 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ഡി) മുൻ സർക്കാരിന്റെ പദ്ധതികളിലൊന്നായ കടലോരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; ഇതിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്; എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടിരൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കിവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവന ചെയ്യുന്നു. തീരദേശത്ത്നിന്നും മാറി താമസിക്കുന്നതിന് തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 03-06-2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പുനർഗേഹം പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പാക്കിവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവന ചെയ്യുന്നു. തീരദേശത്ത്നിന്നും മാറി താമസിക്കുന്നതിന് തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 3-6-2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

204(710) ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലിയേറ്റ രേഖയ്ക്ക് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, വിശദാംശം നൽകുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവന ചെയ്യുന്നു. തീരദേശത്ത്നിന്നും മാറി താമസിക്കാൻ തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി ഡി.എൽ.എ.സി അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30-06-2021 വരെ 2014 പേർ ഭൂമി കണ്ടെത്തി വില

നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം എത്ര കുടുംബങ്ങളെ മാറ്റി പുനരധിവസിപ്പിക്കുവാൻ സാധിച്ചു?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി ഫിഷറീസ് വകുപ്പ് സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ വിശദമായ സർവ്വേയുടെയും അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ എണ്ണം 20931 ആയി റിവൈസ് ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്ന തീരദേശത്ത്നിന്നും മാറി താമസിക്കാൻ തയ്യാറായ കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി ഡി.എൽ.എ.സി അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30-06-2021 വരെ 2014 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കുവാൻ കഴിയുമാറ് ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഇനിയും എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുണ്ട്?

മാറി താമസിക്കാൻ തയ്യാറായ 10275 കുടുംബങ്ങളിൽ 2740 പേർക്ക് ഫ്ലാറ്റും വ്യക്തിഗത ഭവനങ്ങളും തയ്യാറായിവരുന്നു. ഇനിയും 18191 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുണ്ട്.

(ഡി) സംസ്ഥാനത്ത് കനത്ത കടലാക്രമണവും തീരശോഷണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളെ അടിയന്തരമായി മാറ്റി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു .

(ഇ) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല. 'പുനർഗേഹം' പദ്ധതിക്കായി 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതത്വം

205(711) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മലബാർ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

തീരദേശ മേഖലയിൽ 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിന് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്ക് നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വാങ്ങാനും, ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്ത് കൂലി എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്. എന്നിരുന്നാലും സ്ഥലം വാങ്ങലിനും, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. അപേക്ഷകനോ പങ്കാളിക്കോ 50 മീറ്ററിനുള്ളിൽ അല്ലാതെ ഭൂമിയില്ലെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. അപേക്ഷകൻ സ്വന്തമായി ഭൂമി കണ്ടെത്തുന്ന പക്ഷം കോർപ്പറേഷൻ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമി കണ്ടെത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന ഭൂമി CRZ-ൽപ്പെടുന്നതാണെങ്കിൽ കെട്ടിട നിർമ്മാണത്തിന് അനുവദനീയമായ സ്ഥലത്തായിരിക്കണം. അപേക്ഷകൻ

സർക്കാരിന്റെ മറ്റിതര പുനരധിവാസ പദ്ധതികളിൽനിന്നും ഭൂമിയും വീടും ലഭിച്ചവരായിരിക്കരുത്. ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു പരിത്യജിക്കേണ്ടതുമാണ്. എന്നാൽ 5 സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല.

(സി) ഈ പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് മാർക്കറ്റ് വില അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ ഭൂമി വില നിശ്ചയിച്ചുനൽകുന്നതിനായി സമീപ പ്രദേശങ്ങളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യൂ ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യൂവിന്റെ നിശ്ചിത മൾട്ടിഫിക്കേഷൻ ഫാക്ടർകൊണ്ട് ഗുണിച്ച് പരമാവധി സൊളേഷൻകൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യൂ കണ്ടെത്തി അങ്ങനെ കണക്കാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ 100% വരെ വില നെഗോഷിയേറ്റ് ചെയ്ത് നിശ്ചയിക്കുന്ന തുക 6 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറും ബന്ധപ്പെട്ട തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ) ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിക്കാണ്.

## പുനർഗേഹം പദ്ധതി

206(712) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി എപ്പോഴാണാവിഷ്കരിച്ചതെന്നും പ്രസ്തുത പദ്ധതിക്കാവശ്യമായ തുക എത്രയാണെന്നും എങ്ങനെയാണ് ഫണ്ട് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

26-12-2019-ലെ ഉത്തരവ് പ്രകാരമാണ് പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ അടങ്കൽ തുക 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF)-ൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

(ബി) പ്രസ്തുതപദ്ധതി പ്രകാരം എത്ര മൽസ്യത്തൊഴിലാളികൾക്കാണ് വീട് നിർമ്മിച്ചുകൊടുക്കുന്നതെന്നും ഇതിനകം എത്രപേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി ഫിഷറീസ് വകുപ്പിന്റെ സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. പിന്നീട് നടത്തിയ വിശദമായ സർവ്വേയുടെയും അപ്പീലുകളുടെയും അടിസ്ഥാനത്തിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുടെ എണ്ണം 20931 ആയി റിവൈസ് ചെയ്തിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രകാരം 10275 ഗുണഭോക്താക്കളുടെ ലിസ്റ്റ് 9 ജില്ലകളിലായി ജില്ലാകളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2014 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 1528 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 261 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കാൻ കഴിയുമാറ് ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(സി) വീട് നിർമ്മിച്ചുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

50 മീറ്ററിനുള്ളിൽ സ്വന്തമായി വീടുണ്ടായിരിക്കണം. ഗുണഭോക്താവ് അവരുടെ ഭൂമി പരിത്യജിക്കേണ്ടതും പിൽക്കാലത്ത് പ്രസ്തുത സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് മുൻഗണനന ഉണ്ടായിരിക്കും.

(ഡി) കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിന് വിധേയരാകുമ്പോൾ അവരുടെ സുരക്ഷിതത്വമാണോ പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കടൽതീരത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ കടലാക്രമണത്തിന് വിധേയരാകുമ്പോഴുള്ള സുരക്ഷിതത്വം മാത്രമല്ല പുനർഗേഹം കൊണ്ടുദ്ദേശിക്കുന്നത്. ചുവടെ പറയുന്ന ലക്ഷ്യം കൂടിയുണ്ട്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുക. നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണം തീരത്ത് ഒരു ഹരിത കവചമുൾപ്പെടെയുള്ള 'ബഫർസോൺ' ഒരുക്കുക.

(ഇ) എങ്കിൽ കടൽത്തീരത്തുനിന്ന് വളരെ ദൂരത്ത് താമസിക്കേണ്ടിവന്നാൽ അത് അവരുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം അവർ കണ്ടെത്തുന്ന ഭൂമിയിലാണ് പുനരധിവസിപ്പിക്കുന്നത്.

**മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം**

207(713) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനായി മത്സ്യ തൊഴിലാളികൾക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര വീടുകൾ നിർമ്മിച്ചുവെന്നും അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര വീടുകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2020-21 വർഷത്തെ ബഡ്ജറ്റിൽ ഭവന നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികൾക്ക് തുക വകയിരുത്തിയിരുന്നില്ല. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കിവരുന്നത്. കടലിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

208(714) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും, പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി തീരദേശ വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിലുള്ളവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, വിദ്യാതീരം പദ്ധതി, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളെ ദത്തെടുക്കൽ പദ്ധതി, പ്രതിഭാ തീരം പദ്ധതി, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയാണ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ. തിരൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ നടപ്പിലാക്കിവരുന്ന മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) മണ്ഡലത്തിൽ കടൽക്ഷോഭം കാരണം നാശനഷ്ടമുണ്ടായ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

കടൽക്ഷോഭം കാരണം യാനങ്ങൾക്കും എഞ്ചിനുകൾക്കുമുണ്ടാകുന്ന നഷ്ടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ ഓഖി മാതൃകയിലുള്ള ഇവാല്യേഷൻ കമ്മിറ്റി പരിശോധിച്ച് നാശനഷ്ടം കണക്കാക്കി ശിപാർശ ചെയ്യുന്നതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണനിധി/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഫണ്ട് അനുവദിക്കുകയും ആയത് നാശനഷ്ടം നേരിട്ട ആളുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നത്. കടൽക്ഷോഭംമൂലം 2018-19 വർഷത്തിൽ യാനങ്ങളും എഞ്ചിനുകളും നഷ്ടമായ തിരൂർ നിയോജകമണ്ഡലത്തിനുകീഴിൽ വരുന്ന 3 പേർക്ക് കഴിഞ്ഞ വർഷം നഷ്ടപരിഹാരമായി 2,45,902 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രത്യേക കേസായി അനുവദിച്ചുനൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. പ്രീമിയം തുകയുടെ 90 ശതമാനവും സർക്കാർ സബ്സിഡിയാണ്. 2019-20 വർഷം മുതൽ ഇൻഷ്വറൻസ് എഞ്ചിനുംകൂടി കവറേജ് ലഭിക്കുന്ന രീതിയിലാണ് നടപ്പാക്കുന്നത്. ആയതിനാൽ ഇൻഷ്വർ ചെയ്യാത്ത യാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതല്ല.

## മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ പദ്ധതി

209(715) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള ധനസഹായം കഴിഞ്ഞ മാസം മുതൽ ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(ബി) വടകര നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ മടപ്പള്ളി, മാടാക്കര, അഴിയൂർ, ചോമ്പാല, മുട്ടുങ്ങൽ, കുരിയാടി, വടകര സൗത്ത്, വടകര നോർത്ത് എന്നീ 8 മത്സ്യ ഗ്രാമങ്ങളിൽ നിന്നുമായി ആകെ 3214 പേർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കാൻ അർഹതയുള്ളത്.

(സി) ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിലെ വടകര നിയോജകമണ്ഡലം ഉൾപ്പെടെയുള്ള വിവിധ കടൽ മത്സ്യഗ്രാമങ്ങളിലെ ഗുണഭോക്താക്കൾക്ക് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ (2020-21) ഒന്നാം ഗഡു തുക നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് 14-5-2021-ന് ഉത്തരവ് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയുടെ രണ്ടാം ഗഡു (സംസ്ഥാന സർക്കാർ വിഹിതം) 2021 ജൂൺ മാസത്തിൽ വിതരണം ചെയ്യുന്നതിനും, പദ്ധതിയുടെ മൂന്നാം ഗഡു (കേന്ദ്ര സർക്കാർ വിഹിതം) 2021 ജൂലൈ മാസത്തിൽ പദ്ധതി വിഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം

210(716) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരപ്രദേശത്ത് കഴിഞ്ഞ കുറച്ച് കാലങ്ങളായി ധാരാളം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടുകൊണ്ടിരിക്കുന്നതും പൊഴിമുഖത്ത് വച്ചാണ് ഏറെയും അപകടങ്ങൾ ഉണ്ടാകാറുള്ളത് എന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരത്തിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നാളിതുവരെയായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല.

(സി) മേൽപ്പറഞ്ഞ തരത്തിൽ അപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനം മത്സ്യബന്ധന കേന്ദ്രങ്ങളോട് ചേർത്ത് സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനം മത്സ്യബന്ധന കേന്ദ്രങ്ങളോട് ചേർത്ത് സ്ഥാപിച്ചിട്ടില്ല. എന്നാൽ കടൽക്ഷോഭങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലുംപെട്ട് അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുക, അവർക്ക് പ്രാഥമിക ശുശ്രൂഷ നൽകുക, കഴിയുന്നത്ര വേഗം കരയിലെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി 3 മറൈൻ ആംബുലൻസുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്കും മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ?

അപകടത്തിൽപ്പെടുന്ന യാനങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രീമിയം തുകയിൽ സർക്കാർ വിഹിതം 90 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമായിട്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ എഞ്ചിനുകൾക്കുംകൂടി കവറേജ് ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ-ടെൻഡറിലൂടെ തെരഞ്ഞെടുത്ത യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമായ ടി പദ്ധതിയിൽ എല്ലാ മത്സ്യത്തൊഴിലാളികളെയും അംഗമാക്കുന്നതിനുള്ള ബോധവത്കരണം നടത്തിവരുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭത്തിലോ, കടൽക്ഷോഭത്തിലോപെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന/ മരണപ്പെടുന്ന തൊഴിലാളികൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെങ്കിൽ മത്സ്യതൊഴിലാളികൾക്കും

അനുബന്ധ മത്സ്യതൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കിയിട്ടുണ്ട്. അതുപ്രകാരം മൽസ്യബന്ധനത്തിനിടയിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ചുവടെ പറയും പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്:

അപകട മരണം - 10 ലക്ഷം രൂപ

മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതായാൽ -10 ലക്ഷം രൂപ

സ്ഥിരവും പൂർണ്ണവുമായ അവശത-10 ലക്ഷം രൂപ

സ്ഥിരവും ഭാഗീകവുമായ അവശത - 5 ലക്ഷം രൂപ

അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം - 5,000 രൂപ പ്രകാരം പരമാവധി 10,000 രൂപ

അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് സഹായം - പരമാവധി 25000 രൂപ.

### കടലാക്രമണംമൂലമുള്ള നാശനഷ്ടം

211(717) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണംമൂലമുള്ള നാശനഷ്ടം വർദ്ധിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ?

കണക്കിലെടുത്തിട്ടുണ്ട്.

(ബി) കടൽക്ഷോഭം കൂടുതലുള്ള ചെല്ലാനം അടക്കമുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; കാലവർഷം രൂക്ഷമാകുന്നതിനുമുൻപ് എന്തൊക്കെ താൽക്കാലിക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകാമോ?

കടൽ തീരങ്ങളിലെ സംരക്ഷണ ഭിത്തി നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(സി) മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന ഈ സാഹചര്യം മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന സാഹചര്യം മറികടക്കുന്നതിനായി 96.77 കോടി രൂപയുടെ തീരസംരക്ഷണ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) മറ്റ് രാജ്യങ്ങളിൽ കടലാക്രമണം നേരിടുന്നതിന് നടപ്പിലാക്കുന്ന മാർഗ്ഗങ്ങൾ ഇവിടെ പ്രായോഗികമാണോ എന്ന കാര്യം പരിശോധിക്കുമോ?

മറ്റ് രാജ്യങ്ങളിൽ കടലാക്രമണം നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കുശേഷം മാത്രമേ ഇവിടെ പ്രായോഗികമാണോ എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ.

**കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി**

212(718) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയായിട്ട് എത്ര മാസമായി; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കീഴൂർ ഫിഷറീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയായിട്ട് 4 വർഷവും 3 മാസവും ആയിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് മറ്റ് ജില്ലകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കടലിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് ജില്ലയിൽ തന്നെ പ്രവർത്തിക്കുന്ന രക്ഷാ ബോട്ടും ലൈഫ് ഗാർഡുമാരുമുണ്ട്. ഈ രക്ഷാ ബോട്ടിൽ രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ കണ്ണൂർ, ബേപ്പൂർ എന്നീ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫിഷറീസ് സ്റ്റേഷനുകളിൽനിന്നുള്ള രക്ഷാ ബോട്ടുകളും മറൈൻ ആംബുലൻസും സഹായത്തിനായി എത്താറുണ്ട്. മാത്രമല്ല, അടിയന്തര ഘട്ടങ്ങളിൽ കോസ്റ്റൽ പോലീസിന്റെയും കോസ്റ്റ് ഗാർഡിന്റെയും, നേവിയുടെയും സഹായങ്ങൾ ലഭ്യമാക്കാറുണ്ട്. ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി മറൈൻ എൻഫോഴ്സ്മെന്റിന്റെ മുഴുവൻസമയ സാന്നിധ്യം ലഭ്യമാകുകയും KMFR ACT കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കുകയും ചെയ്യും.

(സി) ജീവനക്കാരെ നിയമിച്ച് കീഴൂർ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ച് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

213(719) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെയും പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ അടിയന്തരമായി സഹായിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യഘട്ടം എന്നിവയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപയുടെ ധനസഹായം 2020-21-ൽ അനുവദിച്ചിരുന്നു. കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ്-19-മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും 36.12 കോടി രൂപയുടെ ധനസഹായമാണ് അനുവദിച്ചത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറ് ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 1200 രൂപ വീതം ആകെ

18.36 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മേയ് മാസത്തിൽ 22.49 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിരുന്നു. കോവിഡ്-19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് റേഷൻകടകൾ മുഖാന്തരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കടലാക്രമണത്തിൽ വീടുകൾ തകർന്ന മത്സ്യത്തൊഴിലാളികളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇക്കഴിഞ്ഞ ടൗട്ടെ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും തീരദേശത്ത് നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയുണ്ടായി. പ്രാഥമിക കണക്കുകൾ പ്രകാരം 186 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. 3000 ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇതിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടവരെ അതാത് ജില്ലകളിൽ ജില്ലാ ഫിഷറീസ് ഓഫീസർ മുഖേന അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു .

(സി) പ്രകൃതി ദുരന്തങ്ങളിൽ ഒരു സൈന്യം ആയി പ്രവർത്തിച്ചവരും കേരളത്തിന് വിദേശനാണ്യം നേടിത്തരുന്നവരുമായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരുടെ ജീവിതം സുരക്ഷിതമാക്കുന്നതിന് ഒരു സൈന്യം പോലെ പ്രവർത്തിച്ച മത്സ്യത്തൊഴിലാളി സമൂഹത്തിന് ഫിഷറീസ് വകുപ്പ്, അനുബന്ധ ഏജൻസികളായ സാഫ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസി പ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി, FRP ബോട്ടുകൾ, DAT, VHF, GPS എന്നിവ നൽകുന്ന പദ്ധതി, കടൽ രക്ഷാപ്രവർത്തനത്തിന് മറൈൻ ആംബുലൻസുകൾ, മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് സാഗര മൊബൈൽ

ആപ്ലിക്കേഷൻ, മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോണുകൾ നൽകുന്ന പദ്ധതി, മാസ്റ്റർ കൺട്രോൾ റൂമുകളും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്ന പദ്ധതി, യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി, വെസ്സൽ ട്രാക്കിംഗ് സിസ്റ്റം, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ, Square mesh എന്നിവ ഘടിപ്പിക്കുന്ന പദ്ധതി, വിദ്യാഭ്യാസ സഹായ പദ്ധതികളായ വിദ്യാതീരം, പ്രതിഭാതീരം പദ്ധതികൾ, ഇ-ഗ്രാന്റ്സ്, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി, മത്സ്യബന്ധന തുറമുഖങ്ങളിൽ CCTV സ്ഥാപിക്കൽ, കടൽ സുരക്ഷാ സ്ക്വാഡുകൾ, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. കൂടാതെ കോവിഡ്, കാലാവസ്ഥ മുന്നറിയിപ്പ് തുടങ്ങിയവയോടനുബന്ധിച്ച് ധനസഹായം, ഫുഡ് കിറ്റ് എന്നിവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### സംസ്ഥാനത്ത് 10 വർഷം മുമ്പുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി

214(720) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 10 വർഷം മുമ്പുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയായിരുന്നു എന്നും ആയത് നിലവിൽ എത്രയാണ് എന്നും വ്യക്തമാക്കുമോ?

Ministry of Environment and Climate Change data പ്രകാരം സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളുടെ വിസ്തൃതി 590 കിലോമീറ്ററാണ്.

(ബി) നിലവിൽ കടലാക്രമണ/അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശ വിസ്തൃതി എത്രയാണെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പ് 2018-19-ൽ നടത്തിയ തീരദേശ സർവ്വേ പ്രകാരം തീരദേശത്തെ 50 മീറ്റർ പരിധിക്കുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി സർക്കാർ സമയബന്ധിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ തീരശോഷണം കുറയ്ക്കുന്നതിനും തീരസംരക്ഷണ ത്തിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിട്ടുണ്ട്. കൂടാതെ NABARD RIDF XXVI-ൽ ഉൾപ്പെടുത്തി 7.34 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 96.77 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ തീരപ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേക്ക് അധിവസിപ്പിക്കുന്നതിനായുള്ള പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ ജില്ലകളിലെ 9 കേന്ദ്രങ്ങളിലായി 1212 പേരെ പുനരധിവസിപ്പിക്കുവാൻ കഴിയുമാറ് ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലുൾപ്പെടുന്ന ചെല്ലാനം തീരത്ത് സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

കൊച്ചി - ചെല്ലാനം തീരത്ത് കടൽക്ഷോഭവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും തീരശോഷണത്തിനും ശാശ്വത പരിഹാരം കാണുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്ന ചെല്ലാനത്തെ ഒരു മാതൃകാ ഗ്രാമം ആക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിനായി ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ, മത്സ്യത്തൊഴിലാളികൾ എന്നിവരെ ഉൾപ്പെടുത്തി സെമിനാർ സംഘടിപ്പിച്ചുകഴിഞ്ഞു. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാകും. റിപ്പോർട്ട് ലഭ്യമായശേഷം തുടർനടപടി കൈക്കൊള്ളാവുന്നതാണ്.

## മത്സ്യസമ്പത്തിന്റെ സുസ്ഥിരത

215(721) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായി നിരവധി നടപടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ കെ.എം.എഫ്.ആർ ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യ തീറ്റനിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി, കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തത്തോടെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുംവേണ്ടി കെ.എം.എഫ്.ആർ ആക്ട് (ഭേദഗതി) 2017 പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിങ്ങനെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആയതിൻപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് സർക്കാർ ഉത്തരവാകുകയും ആയത് പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെയും വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെയും രൂപീകരണം അന്തിമഘട്ടത്തിലാണ്. കൂടാതെ നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു.

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

216(722) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിക്കായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ചിരുന്നോ;

&

(ബി) പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നാല് മദർ ഷിപ്പുകളും 400 ട്രോളറുകളും നിർമ്മിക്കുന്നതിന് പ്രസ്തുത കമ്പനിയുടെ പ്രതിനിധികളുമായി ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ കരാർ ഒപ്പുവച്ചിരുന്നോ?

2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് അസൻഡ് 2020- ൽ ഇ.എം.സി.സി.-യുമായി ഫിഷറീസ് വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

(സി) മുൻസർക്കാരിലെ മത്സ്യബന്ധനവും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ അമേരിക്കയിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണോ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. അസൻഡിൽ പദ്ധതി സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിലെ മത്സ്യബന്ധനവും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയും ഇ.എം.സി.സി. പ്രതിനിധികളും തമ്മിൽ ഔദ്യോഗികമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഫയലിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

പ്രസ്തുത പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഫയലിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യലഭ്യതയുടെ കണക്ക്

217(723) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷം കഴിയുന്തോറും സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നിരവധി നടപടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.ക്കുമുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂട്ട കൃഷിയും പ്രാവർത്തികമാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ദിനംപ്രതി ആവശ്യമുള്ള മത്സ്യത്തിന്റെ അളവെത്രയെന്നും നിലവിലെ മത്സ്യലഭ്യതയുടെ അളവ് എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 2050 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. അതായത് പ്രതിവർഷം 7.5 ലക്ഷം മെട്രിക് ടൺ മത്സ്യാവശ്യകതയുണ്ട്. വർഷംതോറും 1.48 ലക്ഷം മെട്രിക് ടൺ മത്സ്യം സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. അങ്ങനെ വർഷംതോറും 8.98 ലക്ഷം മെട്രിക് ടണ്ണിന്റെ മത്സ്യാവശ്യകതയാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തെ അവസാന 5 വർഷത്തെ വാർഷിക മത്സ്യ ലഭ്യത (marine + inland) ചുവടെ ചേർക്കുന്നു:

2015-16 - 727507 MT

2016-17 - 676466 MT

2017-18 - 672767 MT

2018-19 - 801758 MT

2019-20 - 680798 MT

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവെത്ര; ഏതൊക്കെ ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ഇത്തരത്തിൽ മത്സ്യം എത്തുന്നത്; ഇതിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങൾ സംസ്ഥാനത്തുണ്ട് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടണ്ണാണെന്ന് കണക്കാക്കിയിട്ടുണ്ട്. കർണാടകം, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുമാണ് ദിനം പ്രതി കേരളത്തിൽ മത്സ്യം എത്തുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്

(ഡി) സംസ്ഥാനം എന്നത്തേയ്ക്ക് മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ?

സംസ്ഥാനം അടുത്ത 5 വർഷം കൊണ്ട് മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്.

**കേരളതീരത്തെ മത്സ്യസമ്പത്ത്**

218(724) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം കേരള തീരത്ത് മത്സ്യസമ്പത്തിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂട് കൃഷിയും പ്രാവർത്തികമാക്കിവരുന്നുണ്ട്.

(സി) പൊതുമേഖലയിൽ ഫിഷ് മീൽ കമ്പനികൾ ആരംഭിക്കാനുള്ള നീക്കം മത്സ്യ സമ്പത്ത് വൻതോതിൽ കുറയുന്നതിന് ഇടയാക്കുമെന്ന ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഫിഷ് മീൽ പ്ലാന്റുകളിൽ പ്രധാനമായും ചെറു മത്സ്യങ്ങളാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നത്. ഇത്തരം ചെറുമത്സ്യങ്ങളെ പിടിച്ചെടുത്താൽ മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് കോട്ടം തട്ടും എന്ന് മനസ്സിലാക്കി കേരളത്തിലെ വാണിജ്യ പ്രാധാന്യമുള്ള 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലും KMFR Act & Rule എന്നിവയിലെ വിവിധ വകുപ്പുകളുടെ അടിസ്ഥാനത്തിലും നിയമലംഘനം നടത്തി ചെറുമീൻ പിടിക്കുന്ന യാനങ്ങളെ പിടിച്ചെടുത്ത് ഉയർന്ന പിഴ ഉൾപ്പെടെ കർശന ശിക്ഷണ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയും മത്സ്യബന്ധനത്തിനുപയോഗിക്കുന്ന പ്രധാന വലകളുടെ ആകെ വലിപ്പം നിയന്ത്രിക്കുകയും കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഒരു നിശ്ചിത വലിപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് നിയന്ത്രിക്കാൻ കഴിയുന്നു. മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കടൽ മേഖലയിൽ നടപ്പാക്കിവരുന്ന നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## ഉൾനാടൻ മത്സ്യകൃഷി

219(725) <u>ഡോ. എൻ. ജയരാജ്</u>:

<u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് കാലത്ത് ഉണ്ടാകാനിടയുള്ള മത്സ്യക്ഷാമവും, വിലക്കയറ്റവും, പിടിച്ചുനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ട്രോളിംഗ് നിരോധന കാലയളവിൽ Bottom Trawling മാത്രമാണ്

കേരളത്തിൽ നിരോധിക്കുന്നത്. ടി കാലയളവിൽ പരമ്പരാഗത വള്ളങ്ങളും ഇൻബോർഡ് വള്ളങ്ങളും മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ട്. കൂടാതെ ഉൾനാടൻ മത്സ്യകൃഷിയുടെ വിളവെടുപ്പ് തുടങ്ങിയിട്ടുള്ളതിനാൽ അതിലൂടെയും മത്സ്യത്തിന്റെ കുറവ് ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

(ബി) ട്രോളിംഗ് സമയത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും പഴകിയതും രാസവസ്തുക്കൾ ചേർത്തതുമായ മത്സ്യവരവ് തടയുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന് പുറത്തുനിന്നും വില്പനക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-media Company വ്യാവസായിക അടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്.

(സി) ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം ഉൾനാടൻ മത്സ്യ മേഖല വികസനത്തിനായി 9212 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 500 ലക്ഷം രൂപ, മത്സ്യകൃഷി വികസനത്തിനായി 6262 ലക്ഷം രൂപ, ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപ, ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടത്തിനും നിർവ്വഹണത്തിനുമായി 100 ലക്ഷം രൂപ, ജലസംഭരണികളിലെ മത്സ്യകൃഷി വികസനത്തിനായി 150 ലക്ഷം രൂപ,

വേമ്പനാട് കായൽ വൃത്തിയാക്കൽ യജ്ഞത്തിനായി 100 ലക്ഷം രൂപ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും 1600 ലക്ഷം രൂപയും അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള മൂലധന വികസന പ്രവർത്തനങ്ങൾക്കായി 400 ലക്ഷം രൂപയും ഉൾപ്പെടുന്നു. ആയതനുസരിച്ച് ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം - ജനകീയ മത്സ്യകൃഷി പദ്ധതിയും പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും, റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലുണ്ട്. ഇതുകൂടാതെ കായലിലെയും പുഴകളിലെയും പ്രകൃത്യാലുള്ള മത്സ്യസമ്പത്ത് സുസ്ഥിരമായി പരിപാലിക്കുക വഴി മത്സ്യബന്ധനം വഴിയുള്ള ഉൾനാടൻ മത്സ്യോല്പാദനം ഉയർത്തുവാൻ കഴിയുന്നതാണ്. ആയതിലേയ്ക്ക് കേരള ഇൻലാന്റ് ഫിഷറീസ് അക്വാകൾച്ചർ ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ഡി) ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കാനായി എന്തെങ്കിലും പുതിയ പദ്ധതി ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം - ജനകീയ മത്സ്യകൃഷി പദ്ധതി പരിഗണനയിലുണ്ട്.

## ചെല്ലാനത്തെ മാതൃകാ തീരദേശപ്രദേശമായി മാറ്റൽ

220(726) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ പേമാരിയും കടലേറ്റവും കാരണം വൻ നാശം വിതച്ച യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലും കൊച്ചി മണ്ഡലത്തിലെ ചെല്ലാനം ഗ്രാമത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ചെല്ലാനം മേഖലയിൽ അടിക്കടിയുണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് ചെല്ലാനം തീരദേശ നിവാസികൾ നേരിടുന്ന എല്ലാത്തരം പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ മാതൃകാ മത്സ്യഗ്രാമം ഉൾപ്പെടെയുള്ള മാതൃകാ തീരദേശ പ്രദേശമായി മാറ്റുന്നതിന് അടിന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സ്വീകരിക്കും. മാതൃകാ ഗ്രാമം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റിയെ (KUFOS) ചുമതലപ്പെടുത്തിയിട്ടുണ്ട്. കുഫോസ് വിശദമായ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

## നീണ്ടകരയിലെ കായൽ പ്രദേശത്തിന്റെ ആഴം കൂട്ടുന്നത് സംബന്ധിച്ച്

221(727) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീണ്ടകര മത്സ്യബന്ധന തുറമുഖം മുതൽ ദളവാപുരം വരെയുള്ള കായൽ പ്രദേശത്തിന്റെ ആഴം കൂട്ടുന്നതിന് 10 കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖം മുതൽ ദളവാപുരം പാലം വരെ ഡ്രഡ്ജ് ചെയ്യുന്നതിന് 9.991 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. അതനുസരിച്ച് മാമൻ തുരുത്ത് മുതൽ ദളവാപുരം വരെയുള്ള ഡ്രഡ്ജിംഗിനായി 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ ടി സ്ഥാപനത്തിന് കരാർ പ്രവൃത്തിയുടെ 3.43 ശതമാനം മാത്രമേ നിർവ്വഹിക്കുവാനായുള്ളൂ എന്നതിനാലും പ്രവൃത്തിയുടെ നടത്തിപ്പിൽ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച പരിഗണിച്ചും ഡ്രെഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ടി പ്രവൃത്തിയുടെ കരാറിൽനിന്നും ഒഴിവാക്കി പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

## വടകര നിയോജകമണ്ഡലത്തിലെ ബയോ ഗ്യാസ് പ്ലാന്റ്

222(728) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ചോമ്പാല മത്സ്യമാർക്കറ്റിനോട് അനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും ഇതിനായി സർക്കാർ എത്ര തുകയാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ബയോ ഗ്യാസ് പ്ലാന്റിന്റെ തുടർപ്രവർത്തനങ്ങൾക്കായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

&

(സി) പ്ലാന്റ് പ്രവർത്തനം ആരംഭിച്ചതിനുശേഷം ഏതാനും ദിവസങ്ങൾ മാത്രമാണ് യഥാവിധി പ്രവർത്തിപ്പിച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്ലാന്റ് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടി കൈക്കൊള്ളുമെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

## പുലിമുട്ട് നിർമ്മാണം

223(729) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിച്ചുകൊണ്ട് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും മത്സ്യബന്ധനയാനങ്ങൾക്ക് അപകടരഹിതമായി അഴിമുഖത്തുകൂടി ലാൻഡിംഗ് സെന്ററിലേയ്ക്ക് കയറിയിറങ്ങുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും?

പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ EIA Study നടന്നുവരുന്നു. EIA Study, CRZ Clearance എന്നിവ പൂർത്തിയാക്കിയാലുടൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പുതിയങ്ങാടി പാലക്കോട് അഴിമുഖത്തിന് വടക്കും തെക്കും ഭാഗങ്ങളിൽ യഥാക്രമം 365 മീറ്റർ, 210 മീറ്റർ നീളത്തിൽ കടലിലേയ്ക്ക് രണ്ട് ഗ്രോയിനുകളും നദിയുടെ വടക്കുഭാഗം ഉള്ളിലേയ്ക്ക് 100 മീറ്റർ, തെക്കുഭാഗം ഉള്ളിലേയ്ക്ക് 95 മീറ്റർ, ചൂട്ടാട് ഭാഗം 500 മീറ്റർ എന്നീ ഭാഗങ്ങളിൽ River bank protection പ്രവൃത്തികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പൊഴിയൂരിലെ മത്സ്യബന്ധന തുറമുഖം

224(730) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചോ?

ഇല്ല. നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാപഠന റിപ്പോർട്ട് പൂർത്തിയാക്കിയാലുടനെ DPR തയ്യാറാക്കുന്നതാണ്.

(ബി) തുറമുഖത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകിയ ശേഷം മാത്രമേ ദർഘാസ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 2021 സെപ്തംബർ 30-നുമുമ്പ് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് 3-6-2021-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കടലാക്രമണത്തിൽ നഷ്ടപ്പെട്ട തീരം സംരക്ഷിക്കുന്നതിന് മേല്പറഞ്ഞ തുറമുഖത്തിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ കഴിയുമോ?

ഹാർബറിനോട് അനുബന്ധിച്ചുള്ള തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതിയുംകൂടി ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

## മുനക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ മിനി ഹാർബറായി ഉയർത്തൽ

225(731) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ മുനക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ, മിനി ഹാർബറായി ഉയർത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

നിലവിൽ ഇല്ല.

(ബി) പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടും ഫിഷ് ലാൻഡിംഗ് സെന്റർ മിനി ഹാർബറായി ഉയർത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

മുനയ്ക്കക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിൽ നിലവിൽ 53 മീറ്റർ, 45 മീറ്റർ എന്നിങ്ങനെ 2 വാർഫ്, 10 ലോക്കർ മുറികൾ, 1 ഓവർഹെഡ് വാട്ടർ ടാങ്ക്, ടോയ്‌ലറ്റ് ബ്ലോക്ക്, ടോൾ ബൂത്ത്, പാർക്കിംഗ് ഏരിയ, കോമ്പൗണ്ട് വാൾ എന്നിവ ഉണ്ട്. ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തണമെന്ന എം.എൽ.എ.-യുടെ ആവശ്യപ്രകാരം പരിശോധനയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ട് വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**ശുചിത്വ സാഗരം പദ്ധതി**

226(732) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ശുചിത്വ സാഗരം പദ്ധതി ഏതെല്ലാം വകുപ്പുകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

ശുചിത്വ സാഗരം പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വ സാഗരം പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഐക്യരാഷ്ട്ര സംഘടനയുടെയും വേൾഡ് എക്കണോമിക് ഫോറത്തിന്റെയും പ്രത്യേക പരാമർശം നേടിയ പ്രസ്തുത പദ്ധതി എല്ലാ മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്.

## തീരദേശറോഡ് പുനരുദ്ധാരണ പദ്ധതി

227(733) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ തീരദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പുഴയോര പഞ്ചായത്തുകളിൽ നാശോന്മുഖമായ റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും 15-2-2019-ലെ ഉത്തരവ് നമ്പർ(സാധാ) 127/2019/മ.തു.വ-ന്റെ വ്യവസ്ഥകൾ പ്രകാരവുമുള്ള റോഡുകളുടെ നവീകരണത്തിനുള്ള നടപടി സ്വീകരിച്ച് വരുന്നു പ്രസ്തുത ഉത്തരവ് പ്രകാരം കടൽ തീരത്ത് ഹൈവാട്ടർലൈനിൽനിന്നും 8 കി.മീ പരിധിക്കുള്ളിൽ വരുന്ന റോഡുകളെയാണ് കോസ്റ്റൽ റോഡിൽ ഉൾപ്പെടുത്തുന്നത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) നിലവിൽ കടലിൽനിന്ന് എത്ര കിലോമീറ്റർവരെയുള്ള റോഡുകളെയാണ് ഈ പദ്ധതിയിൽ പരിഗണിക്കുന്നത്; ഇതുസംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും 15-2-2019-ലെ ഉത്തരവ് നം.(സാധാ) 127/2019/മ.തു.വ-ന്റെ വ്യവസ്ഥകൾ പ്രകാരവുമുള്ള റോഡുകളുടെ നവീകരണത്തിനുള്ള നടപടി സ്വീകരിച്ച് വരുന്നു പ്രസ്തുത ഉത്തരവ് പ്രകാരം കടൽ തീരത്ത് ഹൈവാട്ടർലൈനിൽനിന്നും 8 കി.മീ പരിധിക്കുള്ളിൽ വരുന്ന റോഡുകളെയാണ് കോസ്റ്റൽ റോഡിൽ ഉൾപ്പെടുത്തുന്നത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനി സ്റ്റേഡിയം

228(734) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ജി.എഫ്.എൽ.പി. എസ്, അനങ്ങാട്, കായിക ഉപകരണ വിതരണം - 3 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.
2. ജി.യു.പി.എസ്. അരിയല്ലൂർ, കായിക ഉപകരണ വിതരണം - 3 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.
3. ജി.യു.പി.എസ്. അരിയല്ലൂർ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം - 7 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.
4. അത്താണിക്കൽ പബ്ലിക് ഹെൽത്ത് സെന്റർ പുതിയ കെട്ടിട നിർമ്മാണം - 80 ലക്ഷം രൂപ - പദ്ധതി പൂർത്തീകരിച്ചു.
5. സി.ബി.എച്ച്.എസ്.എസ്. വള്ളിക്കുന്ന് സ്കൂളിലെ 11 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു.
6. എ.പി.എച്ച്.എസ്.എസ്. അരിയല്ലൂർ സ്കൂളിലെ 273 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്തു. കിഫ്ബി പദ്ധതികൾ -

1. ജി.എൽ.പി.എസ്. വള്ളിക്കുന്ന് പുതിയ കെട്ടിടം നിർമ്മാണം - 60.27 ലക്ഷം രൂപ - പദ്ധതി പുരോഗമിക്കുന്നു.
2. ജി.യു.പി.എസ്. അരിയല്ലൂർ പുതിയ കെട്ടിടം നിർമ്മാണം - 185.96 ലക്ഷം രൂപ - പദ്ധതി പുരോഗമിക്കുന്നു.

(ബി) വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ മിനി സ്റ്റേഡിയം പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ വഴി തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ അരിയല്ലൂർ സ്റ്റേഡിയം വിവിധ കളി ഗ്രൗണ്ടാക്കാനുതകുന്ന രീതിയിൽ നവീകരിക്കുന്നത് സംബന്ധിച്ച് കെ.എസ്.സി.എ.ഡി.സി. ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിക്കുകയും പ്രസ്തുത സ്ഥലത്ത് വോളിബോൾ, ഷട്ടിൽ കോർട്ട്, സെവൻസ് ഫുട്ബോൾ കോർട്ട്, ടോയ്ലറ്റ്, ഡ്രസ്സിംഗ് റൂം മുതലായവ നിർമ്മിക്കുന്നതിന് ലഭ്യമായ സ്ഥലം പര്യാപ്തമല്ലാത്തതിനാലും ആയതിനോട് ചേർന്ന് മറ്റ് സ്ഥലമൊന്നും ഇല്ലാത്തതിനാലും ലഭ്യമായിട്ടുള്ള സ്ഥലത്ത് മണ്ണ് ഫില്ലിംഗ് നടത്തി ഗ്രൗണ്ട് നവീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു

**പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റി**

229(735) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ഉത്തരമേഖല കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാൻ സ്വന്തമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് യൂണിവേഴ്സിറ്റിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക് കോറോം വില്ലേജ് റീ. സ 32/1, 33/1- ൽപ്പെട്ട 5.093 ഹെക്ടർ മിച്ചഭൂമിയാണ്. മിച്ചഭൂമി പതിച്ചുനൽകണമെങ്കിൽ ആയത് പൊതുആവശ്യത്തിലേക്കായി നീക്കിവച്ച് റവന്യൂ വകുപ്പിൽനിന്ന് ഉത്തരവാകേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് ആയത് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഫിഷറീസ് യൂണിവേഴ്സിറ്റിക്കുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക് കോറോം വില്ലേജ് റീ. സ 32/1, 33/1 ൽപ്പെട്ട 5.093 ഹെക്ടർ മിച്ചഭൂമിയാണ്. മിച്ചഭൂമി പതിച്ചുനൽകണമെങ്കിൽ ആയത് പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ച് റവന്യൂ വകുപ്പിൽനിന്ന് ഉത്തരവാകേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുആവശ്യത്തിലേയ്ക്കായി നീക്കിവച്ചുകൊണ്ട് ഉത്തരവാകുന്ന മുറയ്ക്ക് ആയത് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫിഷറീസ് സർവ്വകലാശാലയിലെ നിയമനം

230(736) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയിൽ ഉന്നത അക്കാദമിക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് ദേശീയ പത്രങ്ങളിൽ പരസ്യം നൽകണമെന്ന യു.ജി.സി വ്യവസ്ഥ ലംഘിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ നിർദേശിക്കുന്ന പ്രകാരം രണ്ട് മലയാളം ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും കൂടാതെ സർവകലാശാല വെബ്സൈറ്റിലും ഇതുസംബന്ധിച്ച പരസ്യം നൽകിയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത് .

(ബി) സർവ്വകലാശാലയിൽ അടുത്തിടെ നടന്ന ഫിഷറീസ് ഡീൻ, റിസർച്ച് ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ ഏതെല്ലാം ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

കുഫോസിൽ ഒഴിവുവന്ന ഗവേഷണ വിഭാഗം മേധാവിയുടെയും ഡീൻ ഫിഷറീസിന്റെയും തസ്തികയിൽ നിയമനം നടത്തുന്നതിനായി 17-2-2021-ന് GA5/4419/20 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രഥമ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ട് മലയാള ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദേശീയ ദിനപത്രത്തിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും വിജ്ഞാപനം

പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രഥമ സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം VII, സ്റ്റാറ്റ്യൂട്ട് 79 (b) പ്രകാരം ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിന് സ്റ്റാറ്റ്യൂട്ടിലെ 79 (ii) പ്രകാരം സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചു. സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ മിനിട്സ്, റാങ്ക് ലിസ്റ്റ്, ശിപാർശ എന്നിവ 12-05-2021-ൽ കൂടിയ 74-ാമത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതനുസരിച്ച് ഡോ. എം. റോസലിൻഡ് ജോർജ്ജിനെ (പ്രൊഫസർ & ഹെഡ്, ഫിഷ് പാത്തോളജി ആൻഡ് ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, തമിഴ്നാട് ഡോ. ജെ. ജയലളിത, ഫിഷറീസ് സർവകലാശാല, ഫിഷറീസ് കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൂത്തുക്കുടി) കുഫോസിലെ ഫിഷറീസ് ഫാക്കൽറ്റി ഡീനായും ഡോ. ദേവിക പിള്ളയെ (പ്രൊഫസർ & ഹെഡ്, അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, കുഫോസ്, പനങ്ങാട്) ഗവേഷണ വിഭാഗം മേധാവിയായും നിയമിച്ചു.

(സി) ഇപ്രകാരം നിയമനം ലഭിച്ചത് ആർക്കൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കുഫോസിൽ ഒഴിവുവന്ന ഗവേഷണ വിഭാഗം മേധാവിയുടെയും ഡീൻ ഫിഷറീസിന്റെയും തസ്തികയിൽ നിയമനം നടത്തുന്നതിനായി 17-2-2021-ന് GA5/4419/20 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രഥമ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ട് മലയാള ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദേശീയ ദിനപത്രത്തിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രഥമ സ്റ്റാറ്റ്യൂട്ടിലെ അധ്യായം VII, സ്റ്റാറ്റ്യൂട്ട് 79 (b) പ്രകാരം ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിന് സ്റ്റാറ്റ്യൂട്ടിലെ 79 (ii) പ്രകാരം സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചു. സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ മിനിട്സ്, റാങ്ക് ലിസ്റ്റ്, ശിപാർശ എന്നിവ 12-5-2021-ൽ കൂടിയ 74-ാമത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതനുസരിച്ച് ഡോ. എം റോസലിൻഡ് ജോർജ്ജിനെ (പ്രൊഫസർ & ഹെഡ്, ഫിഷ് പാത്തോളജി ആൻഡ് ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, തമിഴ്നാട് ഡോ.ജെ. ജയലളിതാ ഫിഷറീസ് സർവകലാശാല, ഫിഷറീസ് കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൂത്തുക്കുടി) കുഫോസിലെ ഫിഷറീസ് ഫാക്കൽറ്റി ഡീനായും ഡോ. ദേവിക പിള്ളയെ (പ്രൊഫസർ & ഹെഡ്, അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, കുഫോസ്, പനങ്ങാട്) ഗവേഷണ വിഭാഗം മേധാവിയായും നിയമിച്ചു.

(ഡി) ഫിഷറീസ് സർവ്വകലാശാലയിലെ ഉന്നതരുടെ ബന്ധുക്കളെയാണ് പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുള്ളതെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഇതുസംബന്ധിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടില്ലെങ്കിലും പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട് .

**അവശ കലാകാര പെൻഷൻ**

231(737) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാര പെൻഷൻ മുടങ്ങാതെ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

പെൻഷൻ മുടങ്ങാതെ ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും വകുപ്പിൽ ഹാജരാക്കേണ്ടതുണ്ട്. ഇതിനായി പ്രത്യേക ഫോമുകൾ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല.

(ബി) പെൻഷൻ ലഭിക്കുന്നതിന് ലൈഫ് സർട്ടിഫിക്കറ്റും അതിനുവേണ്ടിയുള്ള പ്രത്യേക ഫോമുകളും ഉപയോഗിക്കണമെന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ?

പെൻഷൻ മുടങ്ങാതെ ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും, മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും വകുപ്പിൽ ഹാജരാക്കേണ്ടതുണ്ട്. ഇതിനായി പ്രത്യേക ഫോമുകൾ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല.

(സി) അവശ കലാകാര പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

18-2-2021-ൽ അവശ കലാകാര പെൻഷൻ 1,600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുടർന്നും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.ജി.സുബ്രഹ്മണ്യം കലാഗ്രാമം

232(738) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കെ.ജി.സുബ്രഹ്മണ്യം കലാഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

കെ.ജി.സുബ്രഹ്മണ്യൻ കലാഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലേ & സിറാമിക് സ്റ്റുഡിയോയുടെയും, ഗ്രാഫിക് സ്റ്റുഡിയോയുടേയും നിർമ്മാണം നടത്തുന്നതിനായി ഈ വർഷം കേരള ലളിത കലാ അക്കാദമിയുടെ കർമ്മ പദ്ധതിയിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കലാഗ്രാമത്തോടനുബന്ധിച്ച് ഒരു ഫൈൻ ആർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പരിഗണനയിലില്ല.

(സി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

പരിഗണനയിലില്ല.

## മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക കമ്മിറ്റിക്ക് വാർഷിക ഗ്രാന്റ് നൽകൽ

233(739) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക കമ്മിറ്റിക്ക് വാർഷിക ഗ്രാന്റായി എത്ര തുകയാണ് നൽകിവന്നിരുന്നതെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരത്ത് പ്രവർത്തിക്കുന്ന ഗോവിന്ദപൈ സ്മാരകത്തിന് 37,500 രൂപയാണ് ആവർത്തന/വാർഷിക ധനസഹായമായി അനുവദിക്കുന്നത്.

(ബി) പ്രസ്തുത കമ്മിറ്റിക്ക് നൽകിവന്നിരുന്ന ഗ്രാന്റ് തുക നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത കമ്മിറ്റിക്ക് നൽകുന്നതിന് എത്ര തുകയാണ് കുടിശ്ശികയുള്ളത്; ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഇത് വിനിയോഗിക്കുന്നത്; ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കുടിശ്ശികയില്ല. ഗോവിന്ദപൈ സ്മാരകത്തിന്റെ നേതൃത്വത്തിലുള്ള വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായാണ് ഇത്തരത്തിൽ ആവർത്തന/വാർഷിക ധനസഹായം അനുവദിച്ചുപോരുന്നത്. 2021-22 സാമ്പത്തിക വർഷം സ്ഥാപന അധികൃതർ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ആവർത്തന/വാർഷിക ഗ്രാന്റ് അനുവദിക്കുന്നതാണ്.

**യുവകലാകാരന്മാരെ സഹായിക്കുന്നതിനുള്ള പദ്ധതി**

234(740) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ സഹകരണ കൂട്ടായ്മ സംഘടിപ്പിച്ച് യുവകലാകാരന്മാരെ സഹായിക്കുന്നതിന് സാംസ്കാരിക വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

കലാപഠനം പൂർത്തിയാക്കിയ യുവകലാകാരന്മാർക്ക് ഒരു നിശ്ചിത വർഷ കാലയളവിലേക്ക് ഒരു സാമ്പത്തിക പിന്തുണ ഉറപ്പ് വരുത്തുന്നതിനുവേണ്ടി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഫെലോഷിപ്പ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കലാകാരന്മാരുടെ തുടർന്നുള്ള ജീവനോപാധിയായി കലാപ്രവർത്തനങ്ങൾ തുടരുന്നതിന് അവരുടെ ഇടയിൽ സഹകരണവും കൂട്ടായ്മയും സംജാതമാക്കുന്നതിലേക്ക് രണ്ട് ജില്ലകൾക്ക് ഒന്ന് വീതം ഒരു സഹകരണ സൊസൈറ്റി രൂപീകരിക്കണമെന്ന ആശയം ഉരുത്തിരിയുകയും തുടർ നടപടി ചർച്ചചെയ്ത് വരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കലാപഠനം പൂർത്തിയാക്കിയ യുവകലാകാരന്മാർക്ക് ഒരു നിശ്ചിത വർഷ കാലയളവിലേയ്ക്ക് ഒരു സാമ്പത്തിക പിന്തുണ ഉറപ്പ് വരുത്തുന്നതിനുവേണ്ടി

സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഫെലോഷിപ്പ് കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കലാകാരന്മാരുടെ തുടർന്നുള്ള ജീവനോപാധിയായി കലാപ്രവർത്തനങ്ങൾ തുടരുന്നതിന് അവരുടെ ഇടയിൽ സഹകരണവും കൂട്ടായ്മയും സംജാതമാക്കുന്നതിലേയ്ക്ക് രണ്ട് ജില്ലകൾക്ക് ഒന്ന് വീതം ഒരു സഹകരണ സൊസൈറ്റി രൂപീകരിക്കണമെന്ന ആശയം ഉരുത്തിരിയുകയും തുടർ നടപടി ചർച്ചചെയ്ത് വരികയും ചെയ്യുന്നു.

**കോവിഡ്മൂലം പ്രതിസന്ധിയിലായ കലാകാരന്മാർക്ക് സഹായം**

235(741) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം കേരളത്തിൽ നിരവധി കലാകാരന്മാർക്ക് കഴിഞ്ഞ 15 മാസമായി തൊഴിൽ നഷ്ടമായിരിക്കുന്നതിനാൽ ഇവരുടെ കുടുംബങ്ങൾ ഇന്ന് നിത്യപട്ടിണിയിലും പലരും ആത്മഹത്യയുടെ വക്കിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കലാകാരന്മാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ സജീവ ശ്രദ്ധയിലുണ്ട്. സർക്കാർ ഇക്കാര്യത്തിൽ സമാശ്വാസ നടപടി സ്വീകരിച്ച് വരുന്നു.

(ബി) എങ്കിൽ ഈ പ്രതിസന്ധിയിൽ ഇവരെ സഹായിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1,000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായമായി സർക്കാർ 640 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന ഇതുവരെ ആകെ 4383 പേർക്ക് 2,000 രൂപ വീതം സഹായധനം വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കുവാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചത്

പ്രകാരം 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുമായി 290.5 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർദ്ധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാഡമി നടപ്പിലാക്കിയ സർഗ്ഗഭൂമിക എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കവിയരങ്ങ്, കഥയരങ്ങ്, നൃത്തപരിപാടി, സംഗീത പരിപാടികൾ, പറയൻതുള്ളൽ, നാടകം, നാടൻപാട്ട്, വീണക്കച്ചേരി തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് കലാകാരന്മാരെ സഹായിച്ചിട്ടുണ്ട്. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന നിറകേരളം (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25,000 രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2,000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1,000 രൂപ വീതം പ്രതിഫലവും നൽകിവരുന്നു. കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

**പൈതൃക ടൂറിസം പദ്ധതി**

236(742) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സാംസ്കാരിക വകുപ്പ് പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി) തിരുവമ്പാടി കുടിയേറ്റ സ്മാരക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി കുടിയേറ്റ സ്മാരക പദ്ധതി വകുപ്പിന്റെ പരിഗണനയിലില്ല.

## സാംസ്കാരിക സമുച്ചയങ്ങളും തിയേറ്റർ ശൃംഖലകളും

237(743) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അതുല്യമായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി എല്ലാ ഗ്രാമങ്ങളിലും ചെറുനഗരങ്ങളിലും സാംസ്കാരിക സമുച്ചയങ്ങളും തിയേറ്റർ ശൃംഖലകളും കലാ സാംസ്കാരിക ഗ്രാമീണ കേന്ദ്രങ്ങളും സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ?

നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം പദ്ധതി നടപ്പിലാക്കിവരുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം, കാസർഗോഡ് ജില്ലകളിൽ സമുച്ചയത്തിന്റെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സമുച്ചയത്തിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിംഗ് നടപടികൾ പൂർത്തിയായിവരുന്നു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കി ജില്ലകളിൽ സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 100 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ,

പയ്യന്നൂർ എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണം പൂർത്തിയായിവരുന്നു. വൈക്കം, കാക്കനാട്, പായം, പേരാമ്പ്ര എന്നിവിടങ്ങളിലെ തീയേറ്റർ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു നെയ്യാറ്റിൻകരയിലെ തീയേറ്റർ നിർമ്മാണത്തിനായുള്ള ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലും ചെറുനഗരങ്ങളിലും കലാ സംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ നടപ്പിലാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്യുകയും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിർമ്മാണ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

(ബി) എങ്കിൽ ഇതിനകം എത്ര സാംസ്കാരിക സമുച്ചയങ്ങളും തിയേറ്റർ ശൃംഖലകളും സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം പദ്ധതി നടപ്പിലാക്കിവരുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം, കാസർഗോഡ് ജില്ലകളിൽ സമുച്ചയത്തിന്റെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സമുച്ചയത്തിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിംഗ് നടപടികൾ പൂർത്തിയായിവരുന്നു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കി ജില്ലകളിൽ സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തീയേറ്റർ

സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 100 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തീയേറ്റർ നിർമ്മാണം പൂർത്തിയായിവരുന്നു. വൈക്കം, കാക്കനാട്, പായം, പേരാമ്പ്ര എന്നിവിടങ്ങളിലെ തീയേറ്റർ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു നെയ്യാറ്റിൻകരയിലെ തീയേറ്റർ നിർമ്മാണത്തിനായുള്ള ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമങ്ങളിലും ചെറു നഗരങ്ങളിലും കലാ സംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം ചെയ്യുകയും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിർമ്മാണ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

(സി) ഇതിനായി എത്ര തുക വീതമാണ് മുൻ സർക്കാർ വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ?

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 700 കോടി രൂപയും, തീയേറ്റർ നിർമ്മാണത്തിന് 100 കോടി രൂപയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നാട്ടരങ്ങ് പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ 115 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

## നാദാപുരം കെ.എസ്.എഫ്.ഡി.സി. മിനി തിയേറ്റർ

238(744) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി മിനി തിയേറ്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

നാദാപുരത്ത് തിയേറ്റർ നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ട സ്വകാര്യ വ്യക്തികളുടെ കൈവശം നിർമ്മാണത്തിൽ ഇരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്, കെ.എസ്.എഫ്.ഡി.സി. യുടെ ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് പരിശോധന നടത്തുകയുണ്ടായി. എന്നാൽ തിയേറ്റർ നിർമ്മാണ ചട്ടപ്രകാരം പ്രസ്തുത കോംപ്ലക്സിനുള്ളിൽ തിയേറ്റർ നിർമ്മാണം അനുയോജ്യമല്ല എന്ന് കാണുന്നു.

## നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ

239(745) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച കെ.എസ്.എഫ്.ഡി.സി. തീയേറ്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിയേറ്റർ നിർമ്മാണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആയതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ നൽകിയതെന്ന് വിശദമാക്കാമോ?

ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ട്. 16.37 കോടി രൂപയുടെ ഡി.പി.ആർ ആണ് കിഫ്ബിക്ക് നൽകിയിട്ടുള്ളത്.

## ചലച്ചിത്ര അക്കാദമി ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

240(746) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇടതുപക്ഷ അനുഭാവികളായ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ചലച്ചിത്ര അക്കാദമി ചെയർമാൻ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം ഏതെല്ലാം തസ്തികയിൽ നിയമിക്കണമെന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്; ശ്രീ, ഷാജി. എച്ച് - ഡെപ്യൂട്ടി ഡയറക്ടർ-ഫെസ്റ്റിവൽ, ശ്രീ. റിജോയ്. കെ. ജെ- പ്രോഗ്രാം മാനേജർ-ഫെസ്റ്റിവൽ, ശ്രീ എൻ. പി. സജീഷ് - ഡെപ്യൂട്ടി ഡയറക്ടർ-പ്രോഗ്രാംസ്, ശ്രീ. വിമൽകുമാർ വി. പി പ്രോഗ്രാം മാനേജർ-പ്രോഗ്രാംസ് എന്നീ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടത്.

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച തുടർനടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കത്തിലെ ആവശ്യം നിരസിച്ചിരുന്നു.

(സി) ചലച്ചിത്ര അക്കാദമിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥിരനിയമനം നൽകിയ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ?

ചലച്ചിത്ര അക്കാദമിയിൽ പത്ത് വർഷത്തിലധികം സർവ്വീസുണ്ടായിരുന്ന ശ്രീമതി മേരി നൈനാനെ എൽ. ഡി. ക്ലർക്ക് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**യുവജന ക്ഷേമ പദ്ധതികൾ**

241(747) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരളോത്സവം, സാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ചലച്ചിത്ര ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാലപൂർവ്വ ശുചീകരണം, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവത്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വവികസന പരിശീലന ക്യാമ്പ്, ചിത്രരചനാ ക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം, ജൻഡർ പ്രോജക്ട്, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ ട്രെയിനിംഗ്, അമച്വർ നാടകോത്സവം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം നാടൻപാട്ട് മത്സരം, സെവൻസ് ഫുട്ബോൾ ടൂർണമെന്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനവും നിർമ്മാണ വിപണനവും എന്നിവയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം

എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ച് കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ നടത്തുക, ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും നടത്തുക, ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം/ശില്പശാല, യൂത്ത് ഐക്കൺ അവാർഡ് എന്നിവ സംഘടിപ്പിക്കുക, പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, സാംസ്കാരിക വിനിമയ പദ്ധതി, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, ദേശീയ യുവജന ദിനാഘോഷം എന്നിവയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

(ബി) ഈ രംഗത്ത് കേരള യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

(സി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്ന പരിശീലന പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ മത്സരാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നു. ഓൺലൈൻ മുഖാന്തരവും ബോർഡിന്റെ യുട്യൂബ് ചാനൽ വഴിയും പി.എസ്.സി., യു.പി.എസ്.സി, റെയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്കും കരിയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും പരിശീലന ക്ലാസ്സുകൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**യുവജനക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തികൾ**

242(748) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സമൂഹത്തിലെ വിവിധ മേഖലകളിലുള്ള യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സ്പീക്ക് യംഗ് എന്ന പരിപാടി 12-2-2021-ന് സംഘടിപ്പിക്കുകയുണ്ടായി. ഭാവി കേരളത്തെക്കുറിച്ച് യുവജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്കായി കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് ഹാളിൽവച്ച് കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തുകയുണ്ടായി. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എറണാകുളം ജില്ലാ യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 10 യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തു.

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സ്പീക്ക് യംഗ് പ്രോഗ്രാം, കരിയർ ഗൈഡൻസ്, സ്പോർട്സ് കിറ്റ് വിതരണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ എതെല്ലാമെന്നും, എന്തുകൊണ്ടാണ് പ്രസ്തുത പ്രവർത്തികളുടെ പൂർത്തീകരണം വൈകുന്നതെന്നും വ്യക്തമാക്കാമോ;

&

(ഡി) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ വിഭാവന ചെയ്തിരുന്ന മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

### യുവജനങ്ങളുടെ പങ്കാളിത്തം

243(749) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണ സ്ഥാപനങ്ങളിലെ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും കൃഷി, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ താഴെത്തട്ടിലേയ്ക്ക് എത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ യൂത്ത് സെന്ററുകൾ മുഖേനയാണ്. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യൂത്ത് സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് യൂത്ത് കോ-ഓർഡിനേറ്ററും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ യൂത്ത് കോ-ഓർഡിനേറ്ററും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയും കോവിഡ് -19 മായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. യൂത്ത് സെന്ററുകൾ വാർഡ്തലം വരെ രൂപീകരിച്ച് കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്. ഇതിനകംതന്നെ 2000 യുവാക്കൾക്ക് പരിശീലനം നൽകി, 14 ജില്ലകളിലുമായി ഒരു സന്നദ്ധ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വരും വർഷങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ ഭാഗമായി ഈ സേന പഞ്ചായത്ത് തലംവരെ വ്യാപിപ്പിച്ചുവരികയാണ്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/വാർഡ് തലങ്ങളിൽവരെ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുകയും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യും. വോളന്റിയർമാർ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. കൗൺസലിംഗ്, സാങ്കേതിക വൈദഗ്ദ്ധ്യം, സർവ്വേ, ശുചീകരണ മാലിന്യമുക്ത പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലായി വൈവിധ്യമാർന്ന ടീമുകളെ ഈ പദ്ധതിയുടെ ഭാഗമായി സജ്ജമാക്കും. കൂടാതെ കോവിഡ് പോലുള്ള മഹാമാരികളെ പ്രതിരോധിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കും. കോവിഡ്-19 കാലഘട്ടത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും യുവാക്കളിൽ കാർഷികവൃത്തിയുടെ പ്രാധാന്യം ഉൾവാക്കുന്നതിനുമായി, ബോർഡ് തുടക്കം കുറിച്ച യുവത്വം കൃഷിയിലേയ്ക്ക് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഒരു ജില്ലയിൽ/പഞ്ചായത്തിൽ കുറഞ്ഞത് ഒരു യൂത്ത് ക്ലബ്ബിനെയും 30 കോ-ഓർഡിനേറ്റർമാരെയും 14 ജില്ലാ യുവജനകേന്ദ്രങ്ങളെയും ഈ പദ്ധതിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അവർ ചെയ്യുന്ന

കൃഷിയുടെ രീതിയും സ്വഭാവവും അനുസരിച്ച് ബോർഡ് സാമ്പത്തികസഹായവും മികച്ച കൃഷിക്ക് അവാർഡുകളും നൽകും. സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാതലങ്ങളിലായി 5 ലക്ഷത്തിലധികം യുവ കലാ-കായിക പ്രതിഭകൾ മാറ്റുരയ്ക്കുന്ന കേരളോത്സവം എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നു പ്രശസ്ത നാടൻപാട്ട് കലാകാരൻ കലാഭവൻ മണിയുടെ സ്മരണാർത്ഥം മണിനാദം എന്ന പേരിൽ കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം സംഘടിപ്പിച്ച് വരുന്നു രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തനത് നാടൻ കലാരൂപങ്ങളെക്കുറിച്ച് മനസ്സിലാക്കുക, അതിലൂടെ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ തിരിച്ചറിയുക അതുവഴി വൈവിധ്യത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന നമ്മുടെ ഏകത്വം മനസ്സിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള സംഘടിപ്പിച്ച് വരുന്നു യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യ നന്മയ്ക്ക് ലക്ഷ്യം വച്ചുകൊണ്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോക്യുമെന്ററികൾ നിർമ്മിക്കുകയും വിവിധ മേഖലകളിലുള്ള ഷോർട്ട് ഫിലിമുകൾക്ക് മത്സരങ്ങൾ സംഘടിപ്പിക്കുകയും ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഈ വർഷവും മേൽ സൂചിപ്പിച്ച സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിച്ച് യൂത്ത് കോ-ഓർഡിനേറ്റർമാരെ ശക്തിപ്പെടുത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും കൃഷി, സംസ്കാരികം തുടങ്ങിയ മേഖലകളിൽ യുവജനങ്ങളെ സജീവമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(521, 541, 689 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ വെബ്സൈറ്റിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 am

## II അടിയന്തരപ്രമേയം

### നികുതിയിളവ്

മി. സ്പീക്കർ: അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില മുൻ കാലത്തെ അപേക്ഷിച്ച് കുറഞ്ഞുനിൽക്കുമ്പോഴും ഇന്ത്യയിൽ പെട്രോളിന്റെ വില 100 രൂപയിലെത്തുകയും ഡീസലിന്റെ വില 100 രൂപയോട് അടുക്കുകയും പ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടേയും കാലത്ത് ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ അധികനികുതിയിൽ ഇളവ് അനുവദിക്കാത്ത സാഹചര്യത്തിലും ജനങ്ങൾക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഐ. സി. ബാലകൃഷ്ണൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്ത്യയിൽ പെട്രോളിന്റെയും പെട്രോൾ ഉൽപ്പന്നങ്ങളുടേയും വില വലിയ തോതിൽ വർദ്ധിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷം തന്നെയാണ്. സംസ്ഥാനങ്ങളല്ല ഈ വില വർദ്ധനവിന് കാരണമെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അഖിലേന്ത്യാതലത്തിൽ മുമ്പുണ്ടായിരുന്ന ഓയിൽ പൂൾ അക്കൗണ്ട് എന്നു പറയുന്ന പെട്രോളിയം വിലയെ നിയന്ത്രിക്കുന്ന സംവിധാനമടക്കം എടുത്തു കളഞ്ഞുകൊണ്ട് മാർക്കറ്റിന് ഈ സംവിധാനം വിട്ടുകൊടുത്ത, രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലം മുതലാണ് പെട്രോളിയം വില വർദ്ധിക്കാൻ തുടങ്ങിയത്. അതിനുശേഷം ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പൂർണ്ണമായി അതെടുത്തുകളഞ്ഞു. സംസ്ഥാനത്ത് ഈ ടാക്സ് പ്രത്യേകം വർദ്ധിപ്പിക്കുന്നില്ല എന്നു മാത്രമല്ല, ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് ടാക്സ് അല്പം കുറയ്ക്കുകയാണ് ചെയ്തത്. ആ നില തന്നെയാണ് തുടരുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പെട്രോളിനും ഡീസലിനുമുള്ള ടാക്സ് പോലെ അത്രയും ശതമാനം കേരളത്തിലില്ല. വളരെ ഗുരുതരമായ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനം നേരിടുമ്പോൾ, ഇങ്ങനെയൊരു ആവശ്യം രാഷ്ട്രീയമായി ഉന്നയിക്കാൻ പാടില്ലാത്തതാണ്. കേരളത്തിന്റെ പൊതുതാൽപ്പര്യമെന്ന നിലയിൽ നമുക്കെല്ലാം ഒരുമിച്ച് ഉന്നയിക്കേണ്ടതാണ്, അതിന്റെ പ്രധാനപ്പെട്ട കുറ്റവാളി ആരാണെന്ന് ഈ പ്രമേയത്തിൽ പറയാനെങ്കിലും തയ്യാറാകേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റിനെപ്പറ്റി ഒരക്ഷരംപോലും പറയാതെ, സംസ്ഥാന ഗവൺമെന്റാണ്

ഇതെല്ലാം ചെയ്യേണ്ടത് എന്നനിലയിൽ പറയുന്നതുതന്നെ അതിലെ ദുഷ്ടലാക്ക് ലക്ഷ്യം വ്യക്തമാക്കുന്നതാണ്. കേരളത്തിലെ ബി.ജെ.പി.-യുടെ ചില നേതാക്കന്മാർ മുമ്പ് നിരന്തരമായി പറഞ്ഞുകൊണ്ടിരുന്ന കാര്യമാണ്. എന്തായാലും നേരത്തെയുണ്ടായിരുന്ന പ്രാതിനിധ്യംപോലും അവരുടെ വാദങ്ങൾക്ക് ജനങ്ങൾ കൊടുക്കാത്തതുകൊണ്ട് അവർക്ക് നിയമസഭയിലേയ്ക്ക് വരാൻ കഴിഞ്ഞില്ല. അവർ പറയുന്ന കാര്യങ്ങൾ, ആ കുറവു നികത്തുന്ന തരത്തിൽ, ഇവിടെ പറയാൻ പാടില്ലാത്തതാണ്. നമുക്ക് ഈ വില വർദ്ധനവിനെതിരെ ശക്തമായി ഒരുമിച്ചു നിൽക്കാം. അതിന് യാതൊരു തർക്കവുമില്ല. ആയതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്നു കരുതുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, റിസർവ് ബാങ്ക് ഗവർണർ ശ്രീ. ശക്തികാന്ത ദാസ് ബോംബെ ചേംബർ ഓഫ് കോമേഴ്സ് സംഘടിപ്പിച്ച ഒരു പൊതുപരിപാടിയിൽ വച്ച് തുറന്നുപറയുകയുണ്ടായി, "ഇന്ധന വില വർദ്ധനവിനു കാരണക്കാർ കേന്ദ്രമാണോ, സംസ്ഥാനമാണോ എന്നു ചോദിച്ചാൽ രണ്ടുപേരും ഇതിന്റെ ഗുണഭോക്താക്കളാണ്" എന്ന്. ഖജനാവിലേയ്ക്ക് പണം സ്വരുക്കൂട്ടാനുള്ള മികച്ച മാർഗ്ഗമായി സർക്കാരുകൾ ഇന്ധന വിലവർദ്ധനവിനെ കാണുകയാണ്. കേന്ദ്രവും സംസ്ഥാനവും സാമ്പത്തിക ഞെരുക്കത്തിലായിരിക്കാം. പക്ഷെ അതിന് പണം കണ്ടെത്താൻ ഇന്ധനക്കൊള്ള മാർഗ്ഗമാകുമ്പോൾ, രാജ്യത്തെ ജനങ്ങളെ ഒന്നാകെയാണ് നിങ്ങൾ കൊള്ളയടിക്കുന്നത്. കേരളത്തിലുൾപ്പെടെ പെട്രോൾ വില നൂറ് കടക്കുകയും ഡീസൽ വില നൂറിനോടടുക്കുകയും ചെയ്യുമ്പോൾ, ഈയൊരു മാസക്കാലം മാത്രം പെട്രോളിന് അഞ്ച് രൂപയും ഡീസലിന് ആറ് രൂപയുമാണ് വർദ്ധിച്ചത്. ഇതിൽ ജനങ്ങൾക്കുള്ള അമർഷവും പ്രതിഷേധവും ആശങ്കയും വിവരണാതീതമാണ്. അത് പ്രതിഫലിക്കേണ്ടത് ഇത്തരം ജനപ്രാതിനിധ്യ സഭകളിലാണ്. ആ ഉത്തരവാദിത്വമാണ് ഞങ്ങൾ ഇവിടെ നിർവ്വഹിക്കുന്നത്. നിങ്ങളെപ്പോലെ ശ്രീ. നരേന്ദ്ര മോദിയെ പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു പേടിയുമില്ല. എണ്ണവില പിടിച്ചുനിർത്തുമെന്ന പ്രഖ്യാപനവുമായിട്ടാണ് ശ്രീ. നരേന്ദ്ര മോദി 2014-ൽ അധികാരത്തിൽ വന്നത്. എന്നാൽ 2014-ൽ ഒരു ലിറ്റർ പെട്രോളിന്റെ നികുതിയായി കേന്ദ്രം സ്വീകരിച്ചിരുന്നത് 9.48 രൂപയാണ്, ഇന്ന് അത് 32.89 രൂപയുമാണ്. മൂന്നര മടങ്ങാണ് നരേന്ദ്ര മോദി സർക്കാർ വർദ്ധിപ്പിച്ചത്. അതു പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. ശ്രീ. നരേന്ദ്ര മോദി എന്ന് പ്രമേയത്തിൽ ചേർക്കാൻ വിസമ്മതിച്ചത് നിങ്ങളാണ്. രാജാവിനെ കാണുമ്പോൾ കവാത്ത് മറക്കുന്നത് അപ്പുറത്തുള്ളവർക്കാണ്. അങ്ങനെ യാതൊരു വിധത്തിലുള്ള പ്രയാസവും ഇപ്പുറത്തുള്ളവർക്കില്ല. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ, ഡീസലിന്റെ കേന്ദ്ര നികുതി ഒരു ലിറ്ററിന് 3.56 രൂപയായിരുന്നു.

ഇന്നത് 31.83 രൂപയാണ്. ഒൻപതര മടങ്ങാണ് വർദ്ധനവ്. ഏഴുവർഷത്തിനുള്ളിൽ ശ്രീ. നരേന്ദ്ര മോദി ഇന്ത്യയിലെ ജനങ്ങളെ പിഴിയുകയാണ്. അഞ്ച് ലക്ഷം കോടിയിൽപ്പരം രൂപയാണ് നികുതിയിനത്തിൽ ലഭിച്ചത്. നരേന്ദ്ര മോദി സർക്കാർ നമ്മുടെ രാജ്യത്തിന്റെ ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ ചരിത്രത്തിൽ സ്വന്തം ജനതയെ കൊള്ളയടിക്കുന്ന സർക്കാർ, രാഷ്ട്രത്തിന്റെ സ്വത്ത് കോർപ്പറേറ്റുകൾക്ക് വിറ്റുകൊണ്ടിരിക്കുന്ന സർക്കാർ; നമ്മുടെ രാജ്യത്തെ എയർപോർട്ടുകളും റെയിൽവേ സ്റ്റേഷനുകളും വിൽക്കുകയാണ്. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി പറഞ്ഞതുപോലെ ശ്രീ. നരേന്ദ്ര മോദിയുടെ ഭരണം വിരലിലെണ്ണാവുന്ന ചില കുത്തകകൾക്കു വേണ്ടിയാണ്. അത് വളരെ വ്യക്തമാണ്. ഇന്നും കർഷക സമരം കെട്ടടങ്ങിയിട്ടില്ല. നിലനിൽപ്പിനു വേണ്ടിയാണ് അവർ സമരം ചെയ്തത്. ഈ രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. കർഷകരുടെ അവകാശങ്ങൾപോലും കോർപ്പറേറ്റുകൾക്ക് നൽകുകയാണ്. ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള അജണ്ടകൾ മൂർച്ച കൂട്ടുന്നു. വെറുപ്പും വിദ്വേഷവും വളർത്തി ഈ നാടിനെ അതിന്റെ മറവിൽ കൊള്ളയടിക്കുകയാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ സംഘ്പരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. യാതൊരു അടിസ്ഥാനവുമില്ലാത്ത ഇന്ധനവില വർദ്ധനവാണ്. മറ്റു രാഷ്ട്രങ്ങളുമായി ഇതിനെ താരതമ്യപ്പെടുത്തുമ്പോൾ അയൽരാജ്യങ്ങളെക്കുറിച്ച് നമുക്ക് പരിശോധിക്കാം. രൂപയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ പാക്കിസ്ഥാനിൽ പെട്രോളിന് 51 രൂപ, ശ്രീലങ്കയിൽ 59, ഭൂട്ടാനിൽ 69, ബംഗ്ലാദേശിൽ 77, നേപ്പാളിൽ 60 എന്നിങ്ങനെയാണ്. അവിടെയൊക്കെ മേൽപ്പറഞ്ഞ രൂപയ്ക്ക് പെട്രോൾ കിട്ടുമ്പോൾ എന്തുകൊണ്ടാണ് നമ്മുടെ രാജ്യത്ത് മാത്രം ഇതിങ്ങനെ വർദ്ധിച്ചുപോയത്? അനുദിനം കുതിച്ചുയരുന്ന പെട്രോൾ വിലവർദ്ധനവിൽ യഥാർത്ഥത്തിൽ കൂടുന്നത് പെട്രോളിന്റെ വിലയാണോ അതോ നികുതിയാണോ? അതാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. പെട്രോളിന്റെ വില കൂടുന്നില്ല. നികുതിയാണ് ഓരോ സമയത്തും കൂടുന്നത്. പെട്രോളിന്റെ യഥാർത്ഥ വില ഇന്നത്തെ കണക്കുപ്രകാരം 32.75 രൂപയാണ്. അതിലെ കേന്ദ്ര നികുതി 32.89 രൂപയാണ്. പെട്രോളിന്റെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ കേന്ദ്രനികുതിയാണ്. ഒരു പാവപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളി ഒരു ലിറ്റർ പെട്രോൾ അടിച്ചാൽ 22 രൂപ കേരളത്തിന്റെ ഖജനാവിലും കിട്ടും. ഡീസലിന്റെ കേന്ദ്രനികുതി 31.83 രൂപയും കേരളം വാങ്ങുന്നത് 19 രൂപയുമാണ്. നമ്മൾ പ്രമേയം അവതരിപ്പിക്കുന്നത് അറിഞ്ഞിട്ടാവണം ഇന്ന് രാവിലെതന്നെ വില കൂട്ടിയിരിക്കുകയാണ്. കഴിഞ്ഞ രണ്ടു ദിവസം ഒരു ബ്രേക്ക് ഉണ്ടായിരുന്നു. ഈ മാസം ഇന്നുൾപ്പെടെ ഇരുപത്തിരണ്ട് തവണയാണ് വില വർദ്ധനവുണ്ടായിട്ടുള്ളത്. ഈയൊരു വർഷം നാൽപ്പത്തിയെട്ട് തവണ വർദ്ധനവുണ്ടായി. പെട്രോൾ, ഡീസൽ

വിലയുടെ ഏകദേശം അറുപത് ശതമാനവും നികുതിയാണ്. ഇത് ഒഴിവാക്കിയാൽ രാജ്യത്തെ ജനങ്ങളുടെ ഭാരം കുറച്ചെങ്കിലും ലഘൂകരിക്കാൻ കഴിയും. വിലയുടെ നിയന്ത്രണാധികാരം എണ്ണ കമ്പനികൾക്ക് കൊടുത്തപ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കേണ്ടത്? (...ബഹളം...) നിങ്ങൾ വെറുതെ അന്ധമായി ബഹളം വയ്ക്കരുത്. യഥാർത്ഥത്തിൽ സംഭവിക്കേണ്ടത് ക്രൂഡ് ഓയിലിന്റെ വില കൂടുമ്പോൾ എണ്ണയുടെ വില കൂടണം. ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ എണ്ണയുടെ വില കുറയണം, അത് സംഭവിക്കുന്നില്ലല്ലോ. പത്ത് കൊല്ലം മുമ്പ് ക്രൂഡ് ഓയിലിന്റെ വില ബാരൽ ഒന്നിന് 145.29 ഡോളറായിരുന്നു. അന്ന് പെട്രോളിന്റെ വില ഇന്ത്യയിൽ 50.56 രൂപയും ഡീസലിന്റേത് 34.80 രൂപയുമായിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇന്ന് ഒരു ബാരൽ ക്രൂഡ് ഓയിലിന്റെ വില 77 ഡോളറായി കുറഞ്ഞുവന്നു. പെട്രോൾവില ഇപ്പോൾ 100 രൂപയിലാണ് നിൽക്കുന്നത്. കമ്പനികൾ വില നിയന്ത്രിച്ചതുകൊണ്ടല്ല പ്രശ്നം. ടാക്സ് കുറയുന്നതിനനുസരിച്ച് പെട്രോളിന്റെ വില കുറയുമ്പോൾ കേന്ദ്ര ഗവൺമെന്റ് വില കൂട്ടുകയാണ്. അതിന്റെ ഗുണം നമുക്കും കിട്ടുകയാണ്. വാഴ നനയുമ്പോൾ ചേനയും നനയുകയാണ്. നനയുകയാണെങ്കിൽ നനഞ്ഞോട്ടേ എന്നതാണ് നിങ്ങളുടെ നിലപാട്. അതാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. വാഴ നനയുമ്പോൾ ചേനയും നനയും, അപ്പോൾ ചേനയ്ക്ക് കിട്ടുന്നത് കിട്ടിക്കോട്ടേ എന്ന് പറയുകയാണ്. മറ്റൊരു കണക്ക് പ്രകാരം കോവിഡ് വന്നപ്പോൾ ക്രൂഡ് ഓയിലിന്റെ വില 50 ഡോളറിൽ താഴെയായി. അന്നും പെട്രോൾ വില 90 രൂപയുടെ മുകളിൽ തന്നെയായിരുന്നു. ഡീസലും ഏകദേശം 85 രൂപയുടെ മുകളിലായിരുന്നു. അപ്പോൾ ക്രൂഡ് ഓയിലിന്റെ വില താഴ്ന്നാലും ഉയർന്നാലും വിലനിയന്ത്രണാധികാരം കമ്പനിക്ക് കൊടുത്തതുകൊണ്ട് ഒരു അർത്ഥത്തിലും ഇതിനെ ബാധിക്കുന്നില്ല. പിന്നെ അതൊരു കുറ്റമായി നമ്മൾ പറയേണ്ട കാര്യമെന്താണ്? ക്രൂഡ് ഓയിലിന്റെ വിലയ്ക്കനുസരിച്ച് ഇത് കുറയ്ക്കാനാണ് അന്ന് യു.പി.എ. ഗവൺമെന്റ് കമ്പനികൾക്ക് ഈ അധികാരം കൊടുത്തത്. പക്ഷെ ആ ഗുണഫലം കിട്ടിയില്ലെന്നുമാത്രമല്ല ഇന്ന് ക്രൂഡ് ഓയിലിന്റെ വില എത്ര കൂടിയാലും കുറഞ്ഞാലും ടാക്സ് കൂട്ടി പെട്രോളിന്റെ വില താഴേയ്ക്ക് വരാതിരിക്കാൻ പ്രത്യേകമായി ശ്രമിക്കുകയാണ് ഇപ്പോൾ കേന്ദ്രം ഭരിക്കുന്നവർ ചെയ്യുന്നത്. കേന്ദ്രത്തിന് ഇതിൽ കള്ളക്കളിയുണ്ട്. കഴിഞ്ഞ ഒരു മാസം തെരഞ്ഞെടുപ്പ് കാലമായിരുന്നു. ഈ ഒരു മാസക്കാലം പെട്രോൾ കമ്പനികൾ ഉണ്ടായിരുന്നില്ലേ? അവരാണ് വില കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതെങ്കിൽ ആ സമയത്ത് കൂട്ടണമായിരുന്നല്ലോ. ആ ഒന്നര മാസക്കാലം അഞ്ച് സംസ്ഥാന നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കുകയാണ്, പലയിടത്തും പാർലമെന്റിലേയ്ക്ക് ഉപതെരഞ്ഞെടുപ്പും നടക്കുകയാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന് മേയ് രണ്ടിന് വോട്ട് എണ്ണുന്നതുവരെ വളരെ നിശ്ചലമായി.

പെട്രോൾ വിലയിൽ ഒരു മാറ്റവുമുണ്ടാകാതെ ഒരേ അവസ്ഥയിൽനിന്നു. കമ്പനികളാണ് വില വർദ്ധിപ്പിക്കുന്നത് അല്ലാതെ ഞങ്ങളല്ലായെന്ന് കേന്ദ്രം പറയുന്നത് ശരിയല്ല. യഥാർത്ഥത്തിൽ ഇവിടെ വില വർദ്ധിപ്പിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതും വില കുതിച്ചുയരാൻ ഇടയാക്കിയിട്ടുള്ളതും കേന്ദ്ര സർക്കാരിന്റെ നയങ്ങൾ തന്നെയാണ്. അല്ലെങ്കിൽ തെരഞ്ഞെടുപ്പ് കാലത്ത് ഉയരണമായിരുന്നല്ലോ. കമ്പനികൾക്ക് എന്ത് തെരഞ്ഞെടുപ്പാണ്? തെരഞ്ഞെടുപ്പുസമയത്തും വില വർദ്ധിക്കണമായിരുന്നു, പക്ഷെ ഉയർന്നിട്ടില്ല. അപ്പോൾ ഇത് കള്ളക്കളിയാണ്.

മറ്റൊരു സംഗതികൂടി കാണേണ്ടതുണ്ട്. ഇപ്പോൾ എല്ലാം G.S.T. (Goods and Services Tax) ആണ്. പെട്രോൾ ഉൽപ്പന്നങ്ങൾ എന്തുകൊണ്ടാണ് ജി.എസ്.ടി.-യിലേയ്ക്ക് വരാത്തത്; അത് ജി.എസ്.ടി.-യിലേയ്ക്ക് കൊണ്ടുവരണ്ടേ? 60 ശതമാനമാണ് ഇപ്പോൾ കേന്ദ്രവും കേരളവും കൂടി ടാക്സ് ഈടാക്കുന്നത്. ജി.എസ്.ടി.-യിലേയ്ക്ക് വന്നാൽ മാക്സിമം 28 ശതമാനം മാത്രമേ ടാക്സ് എടുക്കാൻ പറ്റുകയുള്ളൂ. അതാണ് ജി.എസ്.ടി. നിയമം. ഇന്നത്തെ സ്ഥിതിക്ക് പെട്രോൾ ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിലേയ്ക്ക് വന്നാൽ ഒരു ലിറ്റർ പെട്രോൾ 70 രൂപയ്ക്ക് നമുക്ക് കിട്ടും. അപ്പോൾ അങ്ങനെ കൊണ്ടുവരുന്നതല്ലേ നല്ലത്? ഡീസൽ ജി.എസ്.ടി.-യിൽ കൊണ്ടുവന്നാൽ 66 രൂപയ്ക്ക് കിട്ടും. ഞാൻ ഇവിടെ ആത്മാർത്ഥമായി ഇടതുപക്ഷത്തോട് പറയുകയാണ്, ഈ രാജ്യത്തെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന വലിയ പ്രയാസത്തിന് ആശ്വാസമുണ്ടാക്കാൻ പെട്രോൾ ഉൽപ്പന്നങ്ങൾകൂടി ജി.എസ്.ടി.-യിൽ വരണമെന്ന് അടുത്ത ജി.എസ്.ടി. കൗൺസിലിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെടണം. കേന്ദ്രവും നിങ്ങളും അത് പറയില്ല. ഇക്കാര്യത്തിൽ നിങ്ങൾ ചേട്ടൻബാവയും അനിയൻബാവയുമാണ്. അവിടെയാണ് പ്രശ്നം. ജനങ്ങളെ പിഴിഞ്ഞിട്ട് കിട്ടുന്നത് പോരട്ടേ എന്ന നിലയിലാണ് സർക്കാർ നിൽക്കുന്നത്. കേന്ദ്രത്തെ മാത്രം പഴിചാരി രക്ഷപ്പെടാൻ പിണറായി സർക്കാർ ശ്രമിക്കരുത്. ജനങ്ങളുടെ വിഷമം മനസ്സിലാക്കി ജനപക്ഷത്ത് നിൽക്കുന്നവരാണെങ്കിൽ വില വർദ്ധനവിന്റെ അധിക വരുമാനം വേണ്ടെന്ന് വയ്ക്കാൻ നിങ്ങൾക്ക് സാധിക്കണം. കേന്ദ്രത്തെ കുറ്റം പറഞ്ഞ് നാട്ടിലെ സാധാരണക്കാരെ പിഴിഞ്ഞെടുക്കുന്ന പണത്തിന്റെ ഒരു ഓഹരി നിങ്ങളും പറ്റുകയാണ്. യു.ഡി.എഫ്.-നെ കണ്ടുപഠിക്കുക; ഉമ്മൻ ചാണ്ടി സർക്കാർ ഏഴ് തവണ അധിക നികുതി വരുമാനം വേണ്ടെന്ന് വച്ചിട്ടുണ്ട്. നിങ്ങൾ കോൺഗ്രസ്സിനെയാണല്ലോ കുറ്റം പറയുന്നത്? ഇന്ന് ഛത്തീസ്ഗഢ് ഉൾപ്പെടെയുള്ള കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ ഈ അധിക വരുമാനം വേണ്ടെന്ന് വച്ചു. പെട്രോളിന്റെ അധിക വരുമാനമായ 619.17 കോടി രൂപ ഉമ്മൻ ചാണ്ടി സർക്കാർ വേണ്ടെന്ന് വച്ചിട്ടുണ്ട്. എന്താണ് നിങ്ങൾക്ക് അങ്ങനെയൊരു നിലപാട് എടുക്കാൻ

സാധിക്കാത്തത്? നിങ്ങൾ പാവങ്ങളുടെ പേര് പറയുന്ന സർക്കാരല്ലേ; ഈ കോവിഡ് കാലത്തെങ്കിലും അങ്ങനെയൊരു നിലപാട് എടുക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? ഇതാണ് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ. അന്ന് ഉമ്മൻ ചാണ്ടി സർക്കാർ പാവപ്പെട്ട ഓട്ടോറിക്ഷക്കാരന്റെയും ലോറി ഡ്രൈവറിന്റെയും ലോറി ഉടമകളുടെയും പോക്കറ്റിൽനിന്ന് പോകേണ്ട 619.17 കോടി രൂപ അവരുടെ പോക്കറ്റിൽതന്നെ നിലനിർത്തികൊടുത്തു. ആ മാതൃക നിങ്ങൾക്ക് ഇവിടെ സ്വീകരിക്കാമായിരുന്നില്ലേ? ഈ കോവിഡ് കാലത്തെങ്കിലും അങ്ങനെയൊരു മാതൃക സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് പറയുകയാണ്. സംസ്ഥാന വിഹിതം ഒഴിവാക്കാൻ നിങ്ങൾ തയ്യാറാകണം. അഞ്ച് കൊല്ലം മുമ്പ് സംസ്ഥാനത്തിന് ഇന്ധന നികുതിയായി കിട്ടിയിരുന്നത് 4,779 കോടി രൂപയാണ്; ഇപ്പോൾ അത് 16,998 കോടി രൂപയാണ്. 12,000 കോടി രൂപയാണ് വർദ്ധിച്ചത്. അതിന് യാതൊരു കുഴപ്പവുമില്ല. വാഴ നനയുമ്പോൾ ചേന നനയുമെന്ന് പറഞ്ഞതുപോലെ സർക്കാർ ഖജനാവിലേയ്ക്ക് വരുന്നത്
12,000-ൽപ്പരം കോടി രൂപയാണ്. ഈ കോവിഡുകാലത്തെങ്കിലും അതൊഴിവാക്കാൻ സർക്കാർ തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നതുമായ വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ഇന്ന് കാണുന്ന വിലയും അന്താരാഷ്ട്ര വിലയുമായി ബന്ധപ്പെടുത്തി ഈ സമ്പ്രദായം കൊണ്ടുവന്നത് രണ്ടാം യു.പി.എ. സർക്കാരാണെന്ന് നമുക്കറിയാം. ആ ഡീറെഗുലേഷനാണ് ഇതിന് കാരണം. യു.പി.എ. ഗവൺമെന്റ് ആദ്യം പെട്രോൾ ഡീറെഗുലേറ്റ് ചെയ്തു, രണ്ടാമത് ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഡീസൽ ഡീറെഗുലേറ്റ് ചെയ്യുന്നത്. അന്ന് പാർലമെന്റിൽ ഇതിനെ ശക്തമായി എതിർത്ത ആളുകളായിരുന്നു ഞങ്ങളുടെ പ്രതിനിധികൾ. രണ്ടാമത്, ഡീസലിന്റെ കാര്യത്തിൽ ഞാൻ തന്നെ രാജ്യസഭയിൽ ഉന്നയിച്ചത് എനിക്ക് നല്ല ഓർമ്മയുണ്ട്. ശ്രീ. അരുൺ ജെയ്റ്റ്ലിയായിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി. അന്നെല്ലാം രാജ്യസഭയിലും ഇതിനനുകൂലമായ നിലപാട് എടുക്കുകയായിരുന്നു കോൺഗ്രസ്. രണ്ടാം ഗവൺമെന്റ് വന്നപ്പോഴും അതേ നിലപാട് തന്നെയാണ് എടുത്തതെന്നത് വ്യക്തിപരമായ അനുഭവത്തിൽ നിന്ന് ഞാൻ പറയുകയാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഞങ്ങൾ ഇക്കാര്യം പാർലമെന്റിൽ എതിർത്തു. അന്നേരവും കോൺഗ്രസ് നിശബ്ദരായി ഇരിക്കുകയായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ഡീറെഗുലേഷന്റെ കാര്യമാണ് ഞാൻ പറയുന്നത്. ഇന്ധന

വിലവർദ്ധനവും സർക്കാരിന് ലഭിക്കുന്ന വരുമാനവും സംബന്ധിച്ച് ഇവിടെ തെറ്റിദ്ധാരണാജനകമായ ചില കാര്യങ്ങൾ പറഞ്ഞു. കൂടുതൽ ഭാഗം കേന്ദ്രത്തിനാണ് കിട്ടുന്നത്. ഇവിടെ അദ്ദേഹം പറഞ്ഞ കണക്കുകൾ പൂർണ്ണമായി ശരിയല്ല, എന്നാൽ അതിൽ ഭാഗികമായ ശരിയുണ്ട്. സംസ്ഥാന സർക്കാരിന് പെട്രോളിന്റെ നികുതിയിനത്തിൽ 22.22 രൂപയും കേന്ദ്ര സർക്കാരിന് 31.73 രൂപയുമാണ് ലഭിക്കുന്നത്. ഡീസലിന്റെ കാര്യമാകുമ്പോൾ 17.39 രൂപ സംസ്ഥാന സർക്കാരിനും 29.8 രൂപ കേന്ദ്ര സർക്കാരിനും ലഭിക്കും. കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കണക്കുകൾ കൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവുമാണ് നികുതി ലഭിക്കുന്നത്. ഞാൻ എല്ലാ സംസ്ഥാനങ്ങളുടെയും കണക്ക് പറയുന്നില്ല. രാജസ്ഥാന്റെ കണക്ക് പറയാം, കേരളത്തിൽ 30.08 ശതമാനമാണെങ്കിൽ രാജസ്ഥാനിൽ 36 ശതമാനമാണ് ടാക്സ്. അവിടെ കോൺഗ്രസാണ് ഭരിക്കുന്നത്. (.....ബഹളം......) പഞ്ചാബിൽ 24.79 ശതമാനവും കൂടാതെ ഒരു ലിറ്റർ പെട്രോളിന് 20 രൂപയുമാണ് വില. ഒരു കിലോലിറ്ററിന് 2,050 രൂപ വച്ച്, അതുകൂടാതെ 24 ശതമാനം എന്നുപറഞ്ഞാൽ ഏകദേശം ഈ ശതമാനത്തിനേക്കാളും കൂടുതൽ വരും. തെലുങ്കാനയിൽ 35 ശതമാനവും ഒറീസ്സയിൽ 32 ശതമാനവും മദ്ധ്യപ്രദേശിൽ 33 ശതമാനവും കർണ്ണാടകത്തിൽ 35 ശതമാനവുമാണ് ടാക്സ് കിട്ടുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ കണക്കുകൾകൂടി മനസ്സിലാക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വലിയ തോതിൽ ഇളവ് തന്നുവെന്നാണല്ലോ ഇവിടെ വിശദീകരിക്കുന്നത്. അതിന്റെ വസ്തുതകൾ നിങ്ങൾ മനസ്സിലാക്കണം. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വരുമ്പോൾ അന്നുതന്നെ ഞങ്ങൾ ആലോചിച്ച് ഇളവ് നൽകിയിരുന്നു. 29.01 ശതമാനത്തിൽനിന്ന് 26.64 ശതമാനവും 24.69 ശതമാനത്തിൽ നിന്ന് 22.69 ശതമാനവുമായി കുറച്ചിരുന്നു. അതിനുശേഷമാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. 2006-2011-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഡീസലിന് 24.69 ശതമാനവും പെട്രോളിന് 22.69 ശതമാനവും നികുതി ആയിരുന്നെങ്കിൽ യു.ഡി.എഫ്. അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ പെട്രോളിന് 31.8 ശതമാനവും ഡീസലിന് 24.52 ശതമാനവുമായിരുന്നു. വർദ്ധിക്കുകയാണല്ലോ ചെയ്തത്. അതിനുശേഷം ആ ഘട്ടത്തിൽ പെട്രോളിന്റെ നികുതി പതിമൂന്ന് തവണയും ഡീസലിന്റെ നികുതി അഞ്ച് തവണയും യു.ഡി.എഫ്. വർദ്ധിപ്പിച്ചു. എന്നാൽ ഡീസലിന് ഒരു തവണയും പെട്രോളിന് മൂന്ന് തവണയും അവർ ചെറുതായി നികുതി കുറച്ചിട്ടുണ്ട്. പക്ഷെ വർദ്ധിപ്പിക്കുകയാണ് കൂടുതലും ചെയ്തത്. അങ്ങനെ വർദ്ധിപ്പിച്ചതു കൊണ്ടാണ് മുമ്പുണ്ടായിരുന്നതിനേക്കാളും ശതമാനം കൂടിയത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായിരു

ന്നതിനേക്കാൾ ശതമാനം കൂടിയ കണക്ക് ഞാൻ ഇവിടെ പറഞ്ഞു. 2018-ൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് വീണ്ടും ശതമാനം കുറച്ചു. പെട്രോളിന്റെ നികുതി 30.08 ശതമാനമായും ഡീസലിന്റെ നികുതി 22.76 ശതമാനമായും കുറച്ചത് ഒന്നാം പിണറായി വിജയൻ സർക്കാരാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പെട്രോളിന് 31.8 ശതമാനവും ഡീസലിന് 24.52 ശതമാനവുമായിരുന്നത് കുറച്ചു. അന്ന് 620 കോടി രൂപ കുറവുകിട്ടി. പിന്നീട് 13 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചതിലൂടെ ഇതിന്റെ ഏകദേശം നാലിരട്ടി പൈസ അധികമായി ജനങ്ങളിൽനിന്നും ഈടാക്കുകയും ചെയ്തു. രേഖകൾ പരിശോധിച്ചാൽ നിങ്ങൾക്കത് കാണാനാകും. ഇതാണ് കണക്ക് (പേപ്പർ ഉയർത്തിക്കാട്ടി). ഒന്നാം പിണറായി വിജയൻ സർക്കാർ 509 കോടി രൂപയാണ് കുറച്ചത്. അന്ന് immediate effect ആയി കുറച്ചതാണ്. അതേ ശതമാനം പിന്നെ ഞങ്ങൾ കൂട്ടിയിട്ടില്ല. ഏകദേശം 1,500 കോടി രൂപയെങ്കിലും ആ കുറവിന്റെ ഭാഗമായി മുന്നോട്ട് വന്നപ്പോൾ ജനങ്ങൾക്ക് ബെനിഫിറ്റുണ്ടായിരുന്നു. ഇതാണ് കണക്ക്. ഓരോ വർഷത്തേയും ടാക്സ് റേറ്റുകളെല്ലാം ഇതിനകത്തുണ്ട്. ഇവിടത്തെ ഡാറ്റയിൽനിന്നും എടുത്തതാണ്. കോവിഡുകാരണം വലിയ ബുദ്ധിമുട്ട് സംസ്ഥാനങ്ങൾ നേരിടുകയാണ്. ആ ഘട്ടത്തിൽ നമ്മുടെ നികുതി, നികുതിയേതര വരുമാനങ്ങളിൽ വലിയ കുറവാണ് വന്നതെന്നുള്ളതിന് യാതൊരു സംശയമില്ല. കാരണം പെട്രോളിയം ഉല്പന്നങ്ങൾക്ക് ചെലവ് കുറവാണ്. ലോക്ഡൗൺ ആയതുകൊണ്ട് വാഹനങ്ങൾ ഓടുന്നില്ല. അങ്ങനെ ധാരാളം നഷ്ടമുണ്ടാകുന്നു. കേന്ദ്രസർക്കാർ നമുക്ക് നൽകാമെന്ന് പറഞ്ഞ കടം വെട്ടിക്കുറച്ചു. അതോടൊപ്പംതന്നെ കോവിഡ് പ്രതിരോധത്തിനായി വലിയ ചെലവ് വരികയും ചെയ്തു. സാമ്പത്തിക മേഖലയിലുണ്ടായ പ്രതിസന്ധി കാരണം സർക്കാരിന്റെ വലിയ ഇടപെടൽ നടത്തേണ്ടതുണ്ട്, നമ്മൾ ഇവിടെ സംസാരിച്ചു കൊണ്ടിരിക്കുന്നതും ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതും അതാണ്. കൂടുതൽ കാര്യങ്ങളിൽ ജനങ്ങളെ സഹായിക്കണം. ഇതിനെല്ലാം സമ്പത്ത് കണ്ടെത്തണം. ഇതോടൊപ്പംതന്നെ പെട്രോളിയത്തിന്റെ വില കൂടിയാൽ നമ്മുടെ സംവിധാനങ്ങളിൽ ആകെ ചെലവ് കൂടും. ആ ചെലവും എല്ലാംവരുന്ന ഘട്ടത്തിൽ കേരളത്തിന് അല്ലെങ്കിൽ സംസ്ഥാനങ്ങൾക്ക് ഒരു പണവും വേണ്ട എന്നുപറയുന്നത് ആരെ സഹായിക്കാനാണ്? ഇവിടെ ഒരു ശതമാനവും കൂട്ടിയിട്ടില്ല, ഒന്നാം പിണറായി വിജയൻ സർക്കാർ കുറച്ച ടാക്സിന്റെ ശതമാനം നമ്മൾ കൂട്ടിയിട്ടില്ല, ഒന്നും നമ്മൾ ചെയ്തിട്ടില്ല. അക്കാര്യം പറയുമ്പോൾ രാഷ്ട്രീയമായി ഒരു മുദ്രാവാക്യം പോലെ തോന്നുന്നു എന്നുള്ളതുകൊണ്ടാണ് ആദ്യം ഞാൻ പറഞ്ഞത്. ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വലിയ ബാദ്ധ്യതകളെല്ലാം നേരിട്ടുകൊണ്ടു തന്നെയാണ് നമ്മൾ നിൽക്കുന്നത്. ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ ഏറ്റവും വലിയ പ്രശ്നമെന്താണ്? മാർക്കറ്റ് വിലയനുസരിച്ച് വില കുറയ്ക്കാതെ പ്രത്യേക

സെസ് ഏർപ്പെടുത്തുകയാണ്. പ്രസ്തുത സെസ് ആണെങ്കിൽ ഫീസിബിളല്ല, സംസ്ഥാനങ്ങൾക്ക് തരുന്നതേയില്ല. ഇങ്ങനെ പരമാവധി നമ്മളെ ശ്വാസംമുട്ടിച്ച് കൊല്ലാനായി ശ്രമിക്കുന്ന ഒരു കേന്ദ്രസർക്കാരിന്റെ നിലപാടിനെ ഒറ്റക്കെട്ടായി നമ്മൾ എതിർക്കണം. പെട്രോളിയത്തിന്റെ വില കൂടുമ്പോൾ കേരളത്തിന് ഗുണമാണെന്ന് ഒരു കേന്ദ്രമന്ത്രി പറഞ്ഞിരുന്നു. അതുപോലെ അവരുടെ പാർട്ടിയെയും കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞു. ആ കേന്ദ്രമന്ത്രി പറഞ്ഞത് അദ്ദേഹത്തിനുപോലും മനസ്സിലായിട്ടില്ല. അങ്ങനെയൊരു കണക്ക് നേരത്തെ പറയുന്നുണ്ടായിരുന്നു. ഏതായാലും അവരുടെ രാഷ്ട്രീയം ജനങ്ങൾ തള്ളിക്കളഞ്ഞു. പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനുമതീതമായി കേന്ദ്ര ഗവൺമെന്റ് പൈസ മുഴുവൻ ചൂഷണംചെയ്ത് കയ്യിൽ വയ്ക്കുന്നത് ഫെഡറലിസത്തിന് നല്ലതാണോ? ഫിസ്കൽ ഫെഡറലിസത്തെക്കുറിച്ചൊക്കെ ഇവിടെ ചർച്ച നടത്തിയല്ലോ; സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾ മൊത്തം ജി.എസ്.ടി. വന്നതിനുശേഷം തങ്ങളുടെ കയ്യിലേയ്ക്ക് ആക്കുമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം. പാർലമെന്റിലെ കാര്യങ്ങൾ പരിശോധിച്ചാൽ അതിന്റെ ഡിസെന്റ് നോട്ടും ഞങ്ങളുടെ അഭിപ്രായവുമൊക്കെ കാണാം. (.....ബഹളം.....) ഇന്നലെ അതുസംബന്ധിച്ച് ചർച്ച ചെയ്തതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ചെറിയൊരു പ്രശ്നമല്ല. ആദ്യം കേന്ദ്രം പറഞ്ഞതുപോലെയല്ല ജി.എസ്.ടി.-യുടെ വിഷയം കൊണ്ടുവന്നതെന്ന് നമുക്കറിയാം. ഇപ്പോൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയാണ് ജി.എസ്.ടി.-ക്ക് വിട്ടുകൊടുക്കണമെന്ന്. സംസ്ഥാന ഗവൺമെന്റിന് ആകെ രണ്ട് കാര്യത്തിലെ അവകാശമുള്ളൂ. അതാരും ആയിക്കൊള്ളട്ടെ; കേരളമോ, രാജസ്ഥാനോ, മദ്ധ്യപ്രദേശോ, കോൺഗ്രസും ബി.ജെ.പി.-യും ഭരിക്കുന്ന സംസ്ഥാനങ്ങളോ, മറ്റ് സംസ്ഥാനങ്ങളോ ആയികൊള്ളട്ടെ; അവിടെയെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ആകെ ആൽക്കഹോളുമായും പെട്രോളിയവുമായും ബന്ധപ്പെട്ട കാര്യങ്ങളേ ഇപ്പോഴുള്ളൂ. ഈ അവകാശങ്ങൾ എല്ലാം കൊടുത്തിട്ടും സംസ്ഥാനത്തിന് ആവശ്യമായ വിഹിതം തരുന്നില്ല. ഇതെല്ലാം long lasting നയമാണെന്നേ പറയാനുള്ളൂ. മുസ്ലീംലീഗിന് വേണമെങ്കിൽ അത് പറയാം. കോൺഗ്രസ് പാർട്ടി അങ്ങനെ പറയാൻ പാടില്ല. കോൺഗ്രസ് അങ്ങനെ പറയുമെന്ന് ഞാൻ കരുതുന്നില്ല. എല്ലാം അങ്ങനെ വിട്ടുകൊടുക്കുകയായിരുന്നു. നേരത്തെയുള്ള കണക്കിനേക്കാളും വ്യത്യാസമുണ്ട്. ആൽക്കഹോൾ പൂരിത സ്പിരിറ്റ് (ENA- Extra Neutral Alcohol) എന്നുപറഞ്ഞാൽ മദ്യം ഉണ്ടാക്കുന്നതിനുള്ള സ്പിരിറ്റ് കൊണ്ടുവന്ന് അതിൽനിന്നാണ് മദ്യം ഉണ്ടാക്കുന്നത്. ഇ.എൻ.എ.-യ്ക്ക് കേന്ദ്ര ഗവൺമെന്റ് ടാക്സ് ഈടാക്കണമെന്നുള്ള നിയമം കൊണ്ടുവരാൻ ശ്രമിച്ചു. അതിനെ ബി.ജെ.പി. ഭരിക്കുന്ന സ്റ്റേറ്റ് ഉൾപ്പെടെയുള്ള എല്ലാ സ്റ്റേറ്റുകളും എതിർത്തു. കാരണം സ്റ്റേറ്റുകളുടെ അവകാശം രണ്ട് കാര്യങ്ങളിലാണ്. പെട്രോളിയത്തിന്റെ കാര്യത്തിൽ നാച്വറൽ ഗ്യാസിന്

ടാക്സ് ഈടാക്കാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിന് വേണമെന്ന് ഇപ്പോൾ പറയുകയാണ്. എല്ലാ അവകാശങ്ങളും നഷ്ടമായാൽ സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എന്ത് ചെയ്യാൻ കഴിയും? ഞങ്ങൾ അന്ന് ഡിസെന്റ് നോട്ടിൽ പറഞ്ഞിരുന്നു. സ്റ്റേറ്റ് ഗവൺമെന്റ് എന്നുപറഞ്ഞാൽ ടാക്സേഷൻ പവേഴ്സ് ഇല്ലാത്ത വെറും പൈസ വിതരണം ചെയ്യുന്ന ക്യാഷ്യറുടെ ലെവലിലേയ്ക്ക് ഒതുങ്ങിപ്പോകും. അങ്ങനെ പോകാൻ പാടില്ല. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ കേവല രാഷ്ട്രീയത്തിന് അപ്പുറം ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് ഇത് ഇവിടത്തെ ഒരു പ്രശ്നമായി മാത്രം കാണരുത്, ഞങ്ങൾ ഡിസെന്റിന്റെ ഭാഗമായി പറഞ്ഞ ഒരു കാര്യമുണ്ട്. ബ്രക്സിറ്റും ഗ്രീസിലെ ഇക്കണോമിയുൾപ്പെടെയുള്ള കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു. എന്തുകൊണ്ടാണ് ബ്രക്സിറ്റ് (Brexit) വന്നത്? ഇംഗ്ലണ്ട് യൂറോപ്യൻ യൂണിയനിൽ നിന്ന് പോയത് ഈ ടാക്സേഷൻ പവേഴ്സിന്റെ പ്രശ്നമാണ്. എന്തുകൊണ്ടാണ് ഗ്രീസിന്റെ സാമ്പത്തിക നില തകർന്നത്? അങ്ങനെയൊക്കെ അനുഭവമുള്ളപ്പോൾ, ഇതുകൂടി വിട്ടുകൊടുക്കാൻ പറയുകയാണ്. പക്ഷേ, ഇവിടെ പറയാം സംസ്ഥാനത്തിന്റെ താൽപ്പര്യമല്ലേയെന്ന്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒന്നാം പിണറായി സർക്കാർ ചെയ്ത നിലപാടും ഇപ്പോൾ തുടരുന്ന നിലപാടും കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. (.....ബഹളം....) രാവിലെ വരെ രാമായണം വായിച്ചിട്ടും സീത രാമന്റെ ആരായെന്ന് ചോദിച്ചാൽ ഞാൻ എന്ത് പറയാനാണ്? ഞാൻ കാര്യങ്ങളെല്ലാം വളരെ കൃത്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ആദ്യം മറുപടി പറഞ്ഞപ്പോൾ ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് നടത്തിയത്. അദ്ദേഹം പറഞ്ഞത് ഈ അടിയന്തരപ്രമേയ നോട്ടീസിൽ കേന്ദ്ര ഗവൺമെന്റിന് എതിരായിട്ടുള്ള ഒരു വിമർശനം പോലുമില്ലാതെ സംസ്ഥാന സർക്കാരിന് എതിരായിട്ടാണ് നോട്ടീസ് കൊടുത്തിരിക്കുന്നതെന്നാണ്. അതിന്റെ വിശദീകരണക്കുറിപ്പ് ഞാൻ ഇവിടെ വായിക്കാം. "സാധാരണക്കാരായ ജനങ്ങളെ മറന്നുകൊണ്ട് കോർപ്പറേറ്റുകളെ സഹായിക്കുന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നയത്തിന്റെ ഭാഗമാണ് ഈ

വർദ്ധനവ്. 2021 നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം പെട്രോൾ, ഡീസൽ വില ഇരുപത്തിയൊന്ന് തവണയാണ് കേന്ദ്രസർക്കാർ കൂട്ടിയത് എന്ന് ഇതിന്റെ വിശദീകരണക്കുറിപ്പിലുണ്ട്. Rules of Procedure-ന്റെ റൂൾ 51 അനുസരിച്ച് " The notice shall be accompanied by a brief statement of the matter proposed to be discussed" എന്നാണ്. അതായത് ഈ വിശദീകരണക്കുറിപ്പ് it is a part of the notice, അതുകൊണ്ട് ഞങ്ങളുടെ പ്രമേയത്തിൽ അതിശക്തമായി കേന്ദ്രസർക്കാരിനെ വിമർശിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുണ്ട്. അത് ഇല്ലായെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ല. അത് പിൻവലിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മഹാമാരിയുടെ പിടിയിൽപ്പെട്ട് ഉഴലുന്ന ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ സർക്കാരുകൾ ചേർന്ന് കൊള്ളയടിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. ഇവിടെ കേന്ദ്രസർക്കാരിന്റെ നയത്തെക്കുറിച്ച് സൂചിപ്പിച്ചു. 2014-ൽ ഡോ. മൻമോഹൻ സിംഗ് അധികാരത്തിൽ നിന്ന് ഒഴിഞ്ഞ്, അടുത്ത –ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പെട്രോളിന്റെ എക്സൈസ് ഡ്യൂട്ടി 9 രൂപ 48 പൈസയും ഡീസലിന്റേത് 3 രൂപ 56 പൈസയും മാത്രമാണ്. എന്നാൽ ഇപ്പോൾ പെട്രോളിന്റെ എക്സൈസ് ഡ്യൂട്ടി 9 രൂപ 48 പൈസയ്ക്ക് പകരം 32 രൂപ 90 പൈസയായും ഡീസലിന്റേത് 3 രൂപ 56 പൈസയിൽനിന്ന് 31 രൂപ 80 പൈസയായും വർദ്ധിച്ചിരിക്കുകയാണ്. എത്ര പ്രാവശ്യമാണ് കേന്ദ്രസർക്കാർ (നരേന്ദ്ര മോദി സർക്കാർ) അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചിരിക്കുന്നത്? അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിക്കുന്നതനുസരിച്ചാണ് സാധാരണ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്നത്. ഇവിടെ ക്രൂഡ് ഓയിലിന്റെ വില ഏറ്റവും കൂടിയിരുന്നത് യു.പി.എ. സർക്കാർ ഭരിച്ചിരുന്ന 2008 ജൂലൈ 3-ാം തീയതിയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ഒരു ബാരലിന്റെ വില 145.29 ഡോളറായിരുന്നു. അത് എക്കാലത്തെയും വലിയ വിലയായിരുന്നു. അന്ന് ഇന്ത്യയിലെ പെട്രോൾ വില 50 രൂപ 56 പൈസയും ഡീസൽ വില 34 രൂപ 80 പൈസയും മാത്രമായിരുന്നു. കാരണം എന്താണ്? അഡീഷണലായി എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കാതെ അന്താരാഷ്ട്ര മാർക്കറ്റിൽ വില ഉയരുന്നതനുസരിച്ചുള്ള വർദ്ധനവ് മാത്രമാണ് ഇവിടെയുണ്ടായത്. എന്നാൽ, നരേന്ദ്ര മോദി സർക്കാരിന്റെ ഭരണകാലത്ത്, 2016 ഫെബ്രുവരി പതിനേഴാം തീയതിയാണ് ക്രൂഡ് ഓയിലിന്റെ വിലയിൽ ഏറ്റവുമധികം കുറവുണ്ടായത്. അന്ന് 27.67 ഡോളറായിരുന്നു ഒരു ബാരലിന്റെ വില. അതായത്, യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായിരുന്ന വിലയേക്കാൾ അഞ്ചിലൊന്നായി അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞു. അങ്ങനെ വരുമ്പോൾ, കണക്കനുസരിച്ച് പെട്രോളിന്റെ വില അന്നുണ്ടായിരുന്ന 50 രൂപയ്ക്ക് പകരം പത്ത് രൂപയാകണമായിരുന്നു; ഡീസലിന്റെ വില ആറ് രൂപയാകണമായിരുന്നു;

അതിനുപകരം, പെട്രോളിന്റെ വില 60 രൂപയും ഡീസലിന്റെ വില 45 രൂപയുമായിരുന്നു. ശ്രീ. മൻമോഹൻ സിംഗും യു.പി.എ. ഗവൺമെന്റുമാണ് കുഴപ്പമുണ്ടാക്കിയത് എന്ന് ഇവിടെ വിമർശിച്ചു. അന്ന് പ്രൈസ് അഡ്മിനിസ്റ്റേർഡ് സിസ്റ്റം ഡീറെഗുലേറ്റ് ചെയ്തതിനെതിനെയല്ലേ നിങ്ങൾ വിമർശിച്ചത്; അതിനുള്ള സാഹചര്യമെന്താണ്? കാരണം, അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചപ്പോൾ, 85 ശതമാനം ക്രൂഡ് ഓയിൽ ഇംപോർട്ട് ചെയ്യുന്ന ഒരു രാജ്യത്ത്, ഓയിൽ കമ്പനികളുടെ മുഴുവൻ ബാദ്ധ്യതയും ബോണ്ടുകളായി വാങ്ങി കേന്ദ്രസർക്കാരിന് ഏറ്റെടുക്കേണ്ടിവന്നു, രണ്ടുലക്ഷം കോടി രൂപയുടെ ബാദ്ധ്യത കേന്ദ്രസർക്കാരിന് വന്നു. ഫോറിൻ എക്സ്ചേഞ്ച് ഇല്ലാത്ത സ്ഥിതി വന്നു. അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവില കൂടുകയും ഇവിടെ അതിനനുസരിച്ച് കൂട്ടുവാൻ കഴിയാതെ, ഗവേർണൻസിനുള്ള ബുദ്ധിമുട്ട് വന്നപ്പോഴാണ് APM (Administered Price Mechanism) സിസ്റ്റം ഡീറെഗുലേറ്റ് ചെയ്തു മാറ്റിയത്. യു.പി.എ. സർക്കാർ കൊണ്ടുവന്ന സിസ്റ്റമാണ് ഇന്ന് നിലവിലുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ മാർക്കറ്റിൽ കിട്ടുന്നതിന്റെ പകുതി വിലയ്ക്ക് പെട്രോളും ഡീസലും കിട്ടുമായിരുന്നു. കാരണം അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് വില 113 യു.എസ്. ഡോളറുണ്ടായിരുന്ന സമയത്താണ് പെട്രോളിന് 71 രൂപയാക്കിയത്. ഇപ്പോൾ 71 യു.എസ്. ഡോളർ മാത്രമാണ് അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില. അതുകൊണ്ട് കോൺഗ്രസ്സിനെയും യു.പി.എ.-യെയും വിമർശിക്കുന്നതിനുമുമ്പ്, ഡീറെഗുലേറ്റ് ചെയ്തതിനെ വിമർശിക്കുന്നതിനുമുമ്പ്, യാഥാർത്ഥ്യം മനസ്സിലാക്കണം. അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറഞ്ഞതിന്റെ ആനുകൂല്യം ഈ രാജ്യത്തെ കൺസ്യൂമേഴ്സിന് കിട്ടാതെ പോയത് എന്തുകൊണ്ടാണ്? യു.പി.എ. ഗവൺമെന്റ് പോളിസി മാറ്റിയതുകൊണ്ടാണ് ഇങ്ങനെ വില കൂടിയതെന്ന് നിങ്ങൾ പറയുന്നത് പരോക്ഷമായി നരേന്ദ്ര മോദി സർക്കാരിനെ സഹായിക്കുന്നതിന് തുല്യമാണ്.

അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറഞ്ഞതിന്റെ ആനുകൂല്യം സംസ്ഥാനത്ത് നമുക്ക് കിട്ടാതെ പോയത് നിരവധി പ്രാവശ്യം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതുകൊണ്ടാണ്. തോന്നുമ്പോഴൊക്കെ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. എക്സൈസ് നികുതി, പെട്രോളിന് 9.48 രൂപയുണ്ടായിരുന്നത് ഇപ്പോൾ 33 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. എത്ര ഇരട്ടിയായി വർദ്ധിച്ചു? ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം മാത്രം പലതവണ വർദ്ധിപ്പിച്ചു. 37 ദിവസംകൊണ്ട് 21 തവണയാണ് വില വർദ്ധിച്ചത്. അന്താരാഷ്ട്ര മാർക്കറ്റിൽ കൂടിയ വിലയല്ല ഇവിടെ വർദ്ധിപ്പിച്ചത്, നികുതി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നികുതി കൊള്ളയാണ് നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര

ഗവൺമെന്റ് പോളിസിയിൽ മാറ്റംവരുത്തി A.P.M. സിസ്റ്റം ഡീറെഗുലേറ്റ് ചെയ്ത് വില കുറച്ചാൽ അതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് നമുക്കവകാശമില്ലേ? എല്ലാ വിദേശരാജ്യങ്ങളിലും പോളിസി അക്രൂഡ് ഇക്കണോമിക് റൈറ്റുണ്ട്. അതായത്, ഗവൺമെന്റ് ഒരു പോളിസി മാറ്റിയാൽ അതുകൊണ്ടുണ്ടാകുന്ന സാമ്പത്തിക സ്വാതന്ത്ര്യം അവിടത്തെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്, ഈ രാജ്യത്തെ ജനങ്ങൾക്കതുണ്ടോ? പോളിസി മാറ്റിയതിന്റെ സാമ്പത്തികമായ അവകാശം ഈ രാജ്യത്തെ ജനങ്ങൾക്ക് നിഷേധിക്കുകയാണ്. ടാക്സ് ടെററിസം (നികുതി ഭീകരത) ആണ് ഈ രാജ്യത്ത് നടക്കുന്നത്. അതിനെതിരെയാണ് നമ്മൾ പോരാടേണ്ടത്. പെട്രോളിയം ഉല്പന്നങ്ങൾക്ക് കേന്ദ്രസർക്കാർ വില കൂട്ടിക്കൊണ്ടിരുന്ന സമയത്ത് അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റായിരുന്ന ശ്രീമതി സോണിയാ ഗാന്ധി, ഇന്ത്യയിലെ കോൺഗ്രസ്സ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളോടും അവർക്ക് കൂടുതലായി കിട്ടാൻ പോകുന്ന നികുതി കുറച്ച് നികുതിഭാരംകൊണ്ട് വീർപ്പുമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം നൽകണമെന്ന് ആവശ്യപ്പെട്ടു. കേരളത്തിലെ ഉമ്മൻചാണ്ടി സർക്കാർ മാത്രമല്ല, ഇന്ത്യയിലെ എല്ലാ കോൺഗ്രസ്സ് സർക്കാരുകളും ഈ നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകി. പഞ്ചാബിൽ കോൺഗ്രസ് ഇപ്പോഴും അതേ നിലപാട് സ്വീകരിച്ചു. പഞ്ചാബിലെയും ഛത്തീസ്ഗഢിലെയും കോൺഗ്രസ് ഗവൺമെന്റുകൾ കുറേയെങ്കിലും നികുതി കുറയ്ക്കാൻ ശ്രമിച്ചു.

ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ധനവില ജി.എസ്.ടി.-യിൽ കൊണ്ടുവരുന്നതിനെതിരായ നിലപാടെടുത്തു. ജി.എസ്.ടി.-യിൽ കൊണ്ടുവന്നാൽ എന്താണ് പ്രശ്നം? ഇപ്പോഴും കേന്ദ്രവും സംസ്ഥാനവും നികുതി വാങ്ങിക്കുകയാണ്. സംസ്ഥാനം 31 ശതമാനം നികുതി ഈടാക്കുമ്പോഴാണ്, കേന്ദ്രം തോന്നിയതുപോലെ കൂട്ടിക്കൊണ്ടിരിക്കുന്നത്. ഇന്ധനവില ജി.എസ്.ടി.യിൽ കൊണ്ടുവരണമെന്നുള്ളതിന്റെ അഡ്വാന്റേജ് എന്താണ്? ഇങ്ങനെ കൊണ്ടുവന്നാലുള്ള പ്രയോജനമെന്ന് പറയുന്നത്, ജി.എസ്.ടി. നിരക്കിന് ഒരു സീലിംഗുണ്ട്. ഏറ്റവും കൂടിയ നിരക്ക് 28 ശതമാനമാണ്. അങ്ങനെ 28 ശതമാനം ടാക്സ് ഏർപ്പെടുത്തിയാൽ കേന്ദ്രത്തിനും സംസ്ഥാനത്തിനും 14 ശതമാനം വീതം (50:50) ലഭിക്കും. ഡീസലിന്റെയും പെട്രോളിന്റെയും വില കുറച്ചാൽ സംസ്ഥാന ഗവൺമെന്റിന് പരോക്ഷമായി വളരെയധികം പ്രയോജനം ലഭിക്കും. സംസ്ഥാന സർക്കാരിന്റെ വാഹനങ്ങൾ മുഴുവൻ ഓടുന്നതിനുള്ള ഇന്ധനച്ചെലവ് കുറയും. ഇന്ത്യയിൽ ഡീസലിന് വില വർദ്ധിച്ചാൽ ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിലാണ് ഏറ്റവും കൂടുതൽ വിലക്കയറ്റമുണ്ടാകുന്നത്. കാരണം, ഏറ്റവും അറ്റത്തുകിടക്കുന്ന സംസ്ഥാനമാണ്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യോല്പന്നങ്ങൾ, അസംസ്കൃത സാധനങ്ങൾ

തുടങ്ങിയവ മുഴുവൻ ട്രക്കുകളിലാണ് വരുന്നത്. ഡീസൽ വില കൂടുന്നതിനനുസരിച്ച് നമ്മൾ അറിഞ്ഞോ അറിയാതെയോ 40 മുതൽ 50 ശതമാനം വരെ വിലവർദ്ധനവ് ഈ സംസ്ഥാനത്തുണ്ടാകുന്നുണ്ട്. നമ്മൾ അത് കാണാതെ പോകരുത്. ഈ നികുതി ഭാരം കുറച്ചുകൊണ്ടുവരാനാവശ്യമായ ശ്രമമുണ്ടാകണം. അതിന് ഗവൺമെന്റ് തയ്യാറാകുന്നില്ല. അത് നിങ്ങൾ പല പ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ, ജനങ്ങൾക്ക് കുറച്ച് ആനുകൂല്യങ്ങളെങ്കിലും കൊടുക്കണ്ടേ; കെ.എസ്.ആർ.ടി.സി. അടക്കമുള്ള യാത്രാബസ്സുകൾക്ക് നിങ്ങളൊരു ഇന്ധന സബ്സിഡി കൊടുക്കണ്ടേ? സ്റ്റേറ്റ് ഗവൺമെന്റ് കൂടുതലായി വാങ്ങിക്കുന്ന നികുതിയിൽനിന്ന് പത്ത് രൂപ കുറച്ച് കൊടുക്കുക. അപ്പോൾ 200 ലിറ്റർ ഡീസൽ അടിക്കുന്ന ഒരു യാത്രാ ബസ്സിന് രണ്ടായിരം രൂപ ലാഭം കിട്ടുമല്ലോ; തീരദേശത്തെ നമ്മുടെ സൈന്യമായ മത്സ്യത്തൊഴിലാളികൾ കഷ്ടപ്പെടുകയല്ലേ? മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ അടിക്കുമ്പോൾ, ഒരു ലിറ്റർ ഡീസലിന് പത്ത് രൂപ ഫ്യൂവൽ സബ്സിഡി കൊടുക്കാമല്ലോ; പാവപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളികൾക്കും ടാക്സി ഓടിക്കുന്നവർക്കും ഒരു ദിവസം ആദ്യം അടിക്കുന്ന അഞ്ചോ പത്തോ ലിറ്റർ ഇന്ധനത്തിന് പത്ത് രൂപ ഫ്യൂവൽ സബ്സിഡി കൊടുക്കാമല്ലോ; അങ്ങനെയാണെങ്കിൽ അവർക്ക് 50 രൂപ ലാഭം കിട്ടുമല്ലോ. ഇങ്ങനെയല്ലാം ജനങ്ങളെ സഹായിക്കാൻ ഗവൺമെന്റിന് കഴിയുമല്ലോ. കേന്ദ്ര ഗവൺമെന്റിനെ നമുക്കൊരുമിച്ച് കുറ്റപ്പെടുത്താം, അവർക്കെതിരെ ഒരുമിച്ച് നിലപാടെടുക്കാം. ഞങ്ങൾ തയ്യാറാണ്. കേന്ദ്രസർക്കാരിന്റെ ഈ കൊള്ളയ്ക്കെതിരായി നിലപാടെടുക്കാൻ നമുക്കൊരു ധാർമ്മികതകൂടി വേണം. അതുവേണമെങ്കിൽ നമുക്ക് അധികമായി കിട്ടിയിരിക്കുന്ന ഈ നികുതിയിൽനിന്ന് ഫ്യൂവൽ സബ്സിഡി എങ്കിലും മഹാമാരികൊണ്ട് ഉഴലുന്ന ജനങ്ങൾക്ക് കൊടുക്കാൻ തയ്യാറാകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ഗവൺമെന്റിന് ഇക്കാര്യത്തിൽ നല്ലൊരു സമീപനമില്ല. മഹാമാരിമൂലം സാധാരണക്കാർ പ്രയാസപ്പെടുകയാണെന്നുള്ള ധാരണയില്ലാതെ കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിക്കുന്നതുകണ്ട് ഉള്ളിൽ സന്തോഷിക്കുന്ന ഒരു സംസ്ഥാന സർക്കാരാണ് ഇവിടെ ഭരിക്കുന്നതെന്നതിൽ ഞങ്ങൾക്ക് സങ്കടമുണ്ട്. വിലവർദ്ധനവിനെ നിങ്ങൾ എതിർക്കുന്നുണ്ട്. പക്ഷെ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ വരുമാനവുംകൂടി വർദ്ധിക്കുമല്ലോയെന്ന് വിചാരിക്കുന്ന സമീപനം ശരിയല്ല. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനം ഏർപ്പെടുത്തിയിരിക്കുന്ന നികുതിയിൽനിന്ന് ഒരു ഫ്യൂവൽ സബ്സിഡി പോലും കൊടുക്കാതെ, ഒരു ആനുകൂല്യം പോലും കൊടുക്കാൻ തയ്യാറാകാതെ നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട്

പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പ്രസംഗത്തിന്റെ അവസാനം പറഞ്ഞ് നിർത്തിയത് ഉള്ളിൽ സന്തോഷിക്കുന്ന ഭരണകക്ഷിയുടെ നിലപാടാണ്. ഇതുവരെയുള്ള നിലപാടിൽനിന്ന് വ്യത്യസ്തമായി ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, 'വാഹനങ്ങൾ ഓടുന്നില്ല, മറ്റ് വരുമാനമില്ല, വേറെ എവിടെനിന്നും വരുമാനം കണ്ടെത്താനാകില്ല, അതുകൊണ്ട് ഇന്ധനവില ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്നൊക്കെ പറയരുത്, അത് സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണ് എന്നാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിൽനിന്ന് കിട്ടുന്ന തുകകൊണ്ടാണ് സംസ്ഥാനം പിടിച്ചുനിൽക്കുന്നതെന്നും അതുംകൂടി ഇല്ലാതാക്കാൻ പ്രതിപക്ഷം ശ്രമിക്കരുതെന്നുമുള്ള രീതിയിലും പറഞ്ഞു. അതിനാൽ, പെട്രോളിനും ഡീസലിനും വില വർദ്ധിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റിനെപ്പോലെ തന്നെ സംസ്ഥാന ഗവൺമെന്റും സന്തോഷിക്കുന്നുവെന്നുള്ള തരത്തിലാണ് അങ്ങ് പറഞ്ഞതെന്ന് പറയേണ്ടിവരും. അതുമാത്രമല്ല, ഇതിനെ എല്ലാ നിലയിലും ഇന്ന് സംസ്ഥാന ഗവൺമെന്റ് ന്യായീകരിക്കുകയാണ് ചെയ്തത്. അദ്ദേഹം സംസാരിക്കാൻ തുടങ്ങിയപ്പോൾ, കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുന്ന ഒന്നുംതന്നെ ഇതിലില്ലെന്ന് പൊളിറ്റിക്കലായി പറഞ്ഞു. യഥാർത്ഥത്തിൽ, കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുന്ന ഭാഗം അതിലുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിനെ ശക്തിയായി വിമർശിക്കുന്നത് വാചകങ്ങളിൽ മാത്രം പോരാ, പ്രവർത്തിയിലും വേണം. പെട്രോളിന്റെയും ഡീസലിന്റെയും വില 100 രൂപ കടന്നതുമൂലം ജനങ്ങൾ കഷ്ടപ്പെടുന്നത് ചൂണ്ടിക്കാണിക്കാനാണ് പ്രതിപക്ഷം ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. അതിന് മറുപടിയായി സംസ്ഥാനത്തെ ജനങ്ങൾക്ക് എന്ത് ആശ്വാസം കൊടുക്കുമെന്ന് പറയുന്നതിന് പകരം ഇതിനെ ന്യായീകരിക്കുന്നതിനുവേണ്ടി ബ്രക്സിറ്റ്, ഗ്രീസ് തുടങ്ങിയ വിഷയങ്ങളൊക്കെ പറഞ്ഞു. യൂറോപ്യൻ യൂണിയനിലുണ്ടായിരുന്ന രാജ്യങ്ങൾ പുറത്തുപോയ വിഷയങ്ങളൊക്കെ പറഞ്ഞുകൊണ്ട്, ഇന്ധനവില ജി.എസ്.ടി.-യിലുൾപ്പെടുത്തുന്നത് സ്റ്റേറ്റിന് നഷ്ടമാണെന്ന് സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ജി.എസ്.ടി.-യിൽ കൊണ്ടുവന്നാൽ നികുതിനിരക്കിന് ഒരു സീലിംഗുണ്ട്, ടാക്സ് കുറയും. ഇന്ത്യയുടെ അയൽരാജ്യങ്ങളിലൊക്കെ പെട്രോളിനും ഡീസലിനുമൊക്കെ വില കുറഞ്ഞിരിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. മദ്യത്തിനെന്നപോലെ പെട്രോളിനും ഡീസലിനുമൊക്കെ വിലയെക്കാൾ കൂടുതൽ ടാക്സ് വരുന്നതുകൊണ്ടാണ് വില കൂടുന്നത്. അതുകൊണ്ടാണ് ടാക്സ് കുറയ്ക്കണമെന്ന് പറയുന്നത്. അപ്പോൾ ടാക്സ് നല്ലതാണ്, ഫ്രീ ടാക്സ് നല്ലതാണ്, ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തരുത് എന്നാണ് ഗവൺമെന്റിന്റെ നിലപാടെങ്കിൽ അത് നയപരമായ

ഒരു ഡീവിയേഷനാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്നപ്പോൾ വില കുറച്ചിട്ടുണ്ട്. നികുതി കുറച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്ന സമീപനം സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. സംസ്ഥാനത്തിന് ആകെ കിട്ടുന്ന വരുമാനം ഞങ്ങൾക്കുതന്നെ വേണമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും സമീപനം ഒന്നുതന്നെയാണ്. പെട്രോൾ, ഡീസൽ വില വർദ്ധനവിൽനിന്ന് ലഭിക്കുന്ന ടാക്സ് രണ്ടുകൂട്ടരും ഓഹരി വയ്ക്കുന്നു. വാക്കിൽമാത്രം കേന്ദ്ര ഗവൺമെന്റിനെ കുറ്റംപറയുന്ന ഗവൺമെന്റിന് ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടി സ്വീകരിക്കുന്ന കാര്യത്തിൽ യാതൊരുവിധ ആത്മാർത്ഥതയും ഇല്ലെന്ന് തെളിഞ്ഞ ഒരു ചർച്ചയാണ് ഇവിടെ കണ്ടത്. ഇതിനെ ന്യായീകരിക്കുന്ന നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. പല സ്റ്റേറ്റ് ഗവൺമെന്റുകളും ചെയ്തതും ഞങ്ങളിവിടെ അധികാരത്തിലിരുന്നപ്പോൾ ചെയ്തതുപോലെയുമുള്ള എന്തെങ്കിലും ആശ്വാസ നടപടി സ്വീകരിക്കാൻ കേരള ഗവൺമെന്റ് തയ്യാറാകണം. പെട്രോളിനും ഡീസലിനുമുള്ള താങ്ങാനാവാത്ത ഈ വില വർദ്ധനവ് പരോക്ഷമായി വലിയ വിലക്കയറ്റത്തിന് ഇടയാക്കുന്നു. ഇതൊന്നും വകവയ്ക്കാതെ വരുമാനം മാത്രം നോക്കിയിരിക്കുന്ന, ജി.എസ്.ടി.-യിൽപ്പോലും ഉൾപ്പെടുത്തേണ്ട എന്ന രീതിയിലുള്ള ഗവൺമെന്റ് നിലപാട് വളരെ ഗൗരവമുള്ള ഒരു പോളിസി ചെയിഞ്ചാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ കുത്തഴിഞ്ഞ നയംമൂലം ഒരു ഇൻഡയറക്ട് ബെനിഫിറ്റ് കിട്ടുന്നതിൽ സന്തോഷിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, അടിയന്തരപ്രമേയത്തിലെ വിശദീകരണ കുറിപ്പിൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ തെറ്റായ നയത്തെ വിമർശിച്ചുകൊണ്ടുള്ള ഭാഗം നിങ്ങൾ കാണാതെ പോയത് ശരിയായില്ല. ഇവിടെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് 7 തവണ, പെട്രോളിന്റെ വർദ്ധിച്ച നികുതി മുഴുവനായും വേണ്ടെന്ന് വച്ചു. അങ്ങനെയൊരു നിലപാട് സ്വീകരിച്ച് ഇന്ധനവില കുറഞ്ഞാൽ അതിന്റെ ഗുണം സംസ്ഥാന ഗവൺമെന്റിനും കെ.എസ്.ആർ.ടി.സി.-ക്കും അതുപോലെ ഗവൺമെന്റിന്റെ എല്ലാ വാഹനങ്ങൾക്കും ലഭിക്കും. കേന്ദ്ര ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടി കൂട്ടി ഇങ്ങനെ വില വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൽ, ഈ വർദ്ധിച്ച നികുതിക്കെതിരെ പ്രതിഷേധിക്കാൻ വേണ്ടിയെങ്കിലും സംസ്ഥാന ഗവൺമെന്റ് നികുതി വിഹിതം വേണ്ടെന്ന് വയ്ക്കണം. മുഴുവനായിട്ടല്ലെങ്കിലും ഭാഗികമായെങ്കിലും കുറവ് ചെയ്യണമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടത്.

പ്രസ്തുത നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്നലത്തെ ബജറ്റ് ചർച്ചയിലും ഞാൻ ഈ വിഷയം അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അദ്ദേഹം കൂടുതലും ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റിനാണ് ശ്രമിച്ചതെന്ന് സംശയിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം ഇവിടെ ഉന്നയിച്ച കാര്യങ്ങളിലേയ്ക്കല്ല വന്നത്. പകരം കേന്ദ്ര സർക്കാരിനെതിരെ ഞങ്ങൾ വിമർശിച്ചിട്ടില്ല എന്നുപറഞ്ഞു. പക്ഷെ അടിയന്തരപ്രമേയത്തിനുള്ള വിശദീകരണക്കുറിപ്പ് നോക്കിയാൽ ഞങ്ങൾ വിമർശിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകും. യു.ഡി.എഫ്.-ന്റെ ശക്തവും വ്യക്തവുമായ കാഴ്ചപ്പാട് അതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ ഞങ്ങൾ മുമ്പോട്ടുവയ്ക്കുന്നത്, ഇന്നത്തെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആശ്വാസകരമായ നിലയിൽ അധികനികുതി ഒഴിവാക്കാൻ സാധിക്കുമോ എന്നതാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട്, ഈ പ്രതിസന്ധി കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്കും ഓട്ടോറിക്ഷ-ടാക്സി തൊഴിലാളികൾക്കും മത്സ്യബന്ധന മേഖലയിലുള്ളവർക്കും താൽക്കാലികമായി സബ്സിഡി കൊടുക്കാൻ കഴിയും. ഇപ്പോഴത്തെ പ്രതിസന്ധി കണക്കിലെടുത്ത് ആറു മാസത്തേയ്ക്ക് അധികനികുതി വേണ്ടെന്ന തീരുമാനമെടുക്കാൻ ഗവൺമെന്റിന് എന്തുകൊണ്ട് കഴിയുന്നില്ല? അങ്ങനെയൊരു നിലപാടെടുക്കാൻ സാധിക്കില്ല എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മാസശമ്പളം വാങ്ങുന്നവരൊഴികെയുള്ള എല്ലാ ജനവിഭാഗങ്ങളും കോവിഡ് മഹാമാരിക്കാലത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലിചെയ്തിരുന്ന ഒരുപാടാളുകളുടെ തൊഴിൽ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അങ്ങനെയൊരു വലിയ പ്രതിസന്ധി ഇന്ന് കേരളം നേരിടുന്നുണ്ട്. അവർക്കൊരു ആശ്വാസം നൽകുന്ന നിലയിൽ ഉദാരമായ സമീപനം സർക്കാർ സ്വീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ വീണ്ടും ഹാജരായി.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) സ്ഥലമേറ്റെടുക്കുന്നതിന് തുക അനുവദിക്കൽ

ഡോ. എൻ. ജയരാജ്: സർ, 1987-ലാണ് വടകരയിൽ ഒരു പോളിടെക്നിക് ആരംഭിച്ചുകൊണ്ട് സർക്കാരിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ് തുടങ്ങിയത്. ഒരു സെൽഫ് ഫിനാൻസിംഗ് സ്ഥാപനമെന്ന നിലയിൽ സാങ്കേതിക/ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏകദേശം എൺപത്തിയേഴോളം സ്ഥാപനങ്ങളിപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏകദേശം അഞ്ചോളം സ്ഥാപനങ്ങൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതുകൊണ്ട് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ കാലാകാലങ്ങളിൽ ലഭ്യമാകാൻ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ നിബന്ധനയനുസരിച്ച് അഞ്ചേക്കറോളം സ്ഥലം ഐ.എച്ച്.ആർ.ഡി. കോളേജുകൾ പ്രവർത്തിക്കാൻ ആവശ്യമാണ്. അതിനായി ഇവയ്ക്ക് സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ നൽകണം അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകണം. പല പ്രദേശങ്ങളിലും പലപ്പോഴും നിലവിലുള്ള മാർക്കറ്റ് വിലയനുസരിച്ച് ഭൂമി കണ്ടെത്താനോ വാങ്ങിക്കാനോ കഴിയാത്ത സാഹചര്യമാണുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പലപ്പോഴും അതിനുള്ള പണമില്ല. സർക്കാർ ഭൂമി പല സ്ഥലങ്ങളിലും ലഭ്യമല്ല. ഇത് എന്റെ നിയോജകമണ്ഡലത്തിലെ മാത്രം കാര്യമല്ല, ഈ നിയമസഭയിലെ പല ജനപ്രതിനിധികളുടെയും നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന, തുടക്കത്തിൽ വാടകക്കെട്ടിടങ്ങളിലും സ്കൂളുകളിലുമൊക്കെ ആരംഭിച്ച ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ പൊതുസ്വഭാവമാണ്. ഇക്കാര്യത്തിൽ ഫണ്ട് ചെലവഴിച്ച് സ്ഥലം കണ്ടെത്താനായി ഐ.എച്ച്.ആർ.ഡി. തയ്യാറാകുന്നില്ല. ഈ സ്ഥാപനങ്ങൾ ഒരു സെൽഫ് ഫിനാൻസിംഗ് സ്വഭാവത്തിൽ മുന്നോട്ടുപോകുന്നുവെന്നേയുള്ളൂ. ഈ സാഹചര്യത്തിലാണ് കാഞ്ഞിരപ്പള്ളിയിൽ 2010-ൽ ഇലക്ട്രോണിക്സ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.കോം. എന്നിങ്ങനെ 3 കോഴ്സുകളോടുകൂടി ഐ.എച്ച്.ആർ.ഡി. കോളേജ് ആരംഭിക്കുന്നത്. ഇപ്പോൾ രണ്ട് വർഷമായി ഇലക്ട്രോണിക്സ് കോഴ്സ് നടക്കുന്നില്ല. മറ്റ് രണ്ട് കോഴ്സുകൾ മാത്രമാണ് നടക്കുന്നത്. പേട്ട ഗവൺമെന്റ് ഹൈസ്കൂളിലാണ് ആദ്യമായി ഈ കോളേജ് തുടങ്ങിയതെങ്കിലും ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തികച്ചും അപര്യാപ്തമായ സാഹചര്യമാണുള്ളത്. ഞാനും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളുൾപ്പെടെ കാഞ്ഞിരപ്പള്ളിയിൽ സ്ഥലം കണ്ടെത്താനായി നല്ലവണ്ണം ശ്രമിച്ചു. പക്ഷെ ഫണ്ട്

കണ്ടെത്താനുള്ള ബുദ്ധിമുട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങാൻ ശ്രമിച്ചപ്പോൾ നിലവിലുള്ള നിയമപ്രകാരം സ്ഥലം വാങ്ങാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾ പരിമിതിയിലാണ്. ഈ നിയമസഭയിലെ അംഗങ്ങളായ സർവ്വശ്രീ ഇ. കെ. വിജയൻ, കെ. പി. മോഹനൻ എന്നീ ജനപ്രതിനിധികളുടെ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജുകളും സ്ഥലപരിമിതിയുമായി മുന്നോട്ടുപോകുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. അഞ്ചേക്കർ ഭൂമി വേണമെന്ന് യൂണിവേഴ്സിറ്റി നിഷ്കർഷിക്കുമ്പോഴും കേരളത്തിലെ പല ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ഒരേക്കറിൽ താഴെയുള്ള സ്ഥലത്താണ്. ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇത് സെൽഫ് ഫിനാൻസിംഗ് സ്ഥാപനമാണെങ്കിലും ഇതിനൊരു ബഡ്ജറ്ററി പ്രൊവിഷൻ വച്ചുകൊണ്ട് ആവശ്യമായ സ്ഥലം കണ്ടെത്താനുള്ള മാർഗ്ഗം ഗവൺമെന്റിന്റെയോ ഐ.എച്ച്.ആർ.ഡി.യുടെയോ ഭാഗത്തുനിന്നുണ്ടാക ണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അല്ലെങ്കിൽ നിലവിലുള്ള നോംസ് റിലാക്സ് ചെയ്തുകൊണ്ട് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള സാധ്യത ചർച്ച ചെയ്യണം. കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാൻ ഐ.എച്ച്.ആർ.ഡി.-യുടെ ഭാഗത്തുനിന്ന് ശ്രമം ആരംഭിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഒരു കോൺസ്റ്റിറ്റ്യുവൻസിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനം മറ്റൊരു സ്ഥലത്തേയ്ക്ക് പോകുമ്പോൾ ഉണ്ടാകുന്ന പ്രാദേശിക ബുദ്ധിമുട്ട് ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങളെല്ലാവരും അനുഭവിക്കുന്ന പ്രധാന വിഷയമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ അടിയന്തരമായൊരു ഇടപെടൽ ഉണ്ടാകണം. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷൻ ഓരോ വർഷവും താത്കാലികമായി എടുക്കുകയാണ്, പെർമനെന്റ് അഫിലിയേഷൻ ഇപ്പോഴും ലഭിച്ചിട്ടില്ല. ഇത് ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ പൊതുസ്വഭാവമാണ്. ഉന്നത - സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ മാറ്റങ്ങളുണ്ടാക്കുമെന്ന പ്രതീക്ഷയോടുകൂടി ആരംഭിച്ച വലിയൊരു പ്രസ്ഥാനം ഒരുപാട് പരിമിതികൾക്കകത്താണ് പ്രവർത്തിക്കുന്നത്. ഈ പരിമിതികൾ മറികടക്കാനാവശ്യമായ ഇടപെടലുകളുണ്ടാകണം.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞങ്ങളുടെ മണ്ഡലങ്ങളിലുമുള്ള ഒരു പ്രശ്നമാണിത്. ഈ വിഷയം ബാധിക്കുന്ന എം.എൽ.എ.-മാരുടെ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് വിളിച്ചുചേർക്കുന്നത് നല്ലതാണെന്ന അഭിപ്രായം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, തീർച്ചയായും ഉണ്ട്. ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജുകൾ സ്ഥിതിചെയ്യുന്ന മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ച് ബഹുമാന്യയായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഐ.എച്ച്.ആർ.ഡി. ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ (ശ്രീ. പി. എസ്. സുപാൽ)

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, ഐ.എച്ച്.ആർ.ഡി.-ക്കുകീഴിൽ കാഞ്ഞിരപ്പള്ളിയിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് പ്രവർത്തനമാരംഭിച്ചത് 2010-ലാണ്. അന്നുമുതൽ ആ കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കാനായി പഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ ശ്രമിച്ചുവരികയാണ്. സ്വകാര്യവ്യക്തികളുടെ സ്ഥലം മാർക്കറ്റ് വില കൊടുത്ത് വാങ്ങാൻ ഇപ്പോൾ ഐ.എച്ച്.ആർ.ഡി.-ക്ക് സാമ്പത്തിക സ്ഥിതിയില്ലാത്തതിനാൽ ഇതുവരെ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വില്ലേജിലെ സർവ്വേ നമ്പർ 15/5-ൽപ്പെട്ട കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 6.75 ഏക്കർ സ്ഥലം ഈ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭവന നിർമ്മാണ ബോർഡിന് കത്തയച്ചിരുന്നു. എന്നാൽ ആ സ്ഥലത്ത് മറ്റൊരു പ്രോജക്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതുകൊണ്ട് അത് സൗജന്യമായി വിട്ടുനൽകാൻ കഴിയില്ലെന്നാണ് ബോർഡ് അധികൃതർ അറിയിച്ചിട്ടുള്ളത്. സ്വന്തമായി ഭൂമിയും കെട്ടിടങ്ങളും കണ്ടെത്താൻ കഴിയാത്തത് തീർച്ചയായും കോളേജിന്റെ അഫിലിയേഷനെ ബാധിക്കുമെന്നതിനാൽ കോളേജ് ഓഫ് അപ്ലൈയ്ഡ് സയൻസസ് കാഞ്ഞിരപ്പള്ളിക്ക്, യൂണിവേഴ്സിറ്റി നിയമപ്രകാരം ആവശ്യമായ സ്ഥലം ഐ.എച്ച്.ആർ.ഡി.-യുടെ പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിന്റെ ക്യാമ്പസിൽ അനുവദിക്കാനായി പെർമിസീവ് സാംഗ്ഷൻ നൽകി നേരത്തെതന്നെ ഐ.എച്ച്.ആർ.ഡി. തീരുമാനമെടുത്തിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. കോളേജുകൾ സെൽഫ് ഫിനാൻസ് മോഡിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അവയുടെ ഭൗതിക സാഹചര്യങ്ങളൊരുക്കുന്നത് സ്ഥാപനങ്ങളുടെ തനതുവരുമാനവും പ്രാദേശിക ജനസമൂഹത്തിന്റെ പിന്തുണയും ഉറപ്പുവരുത്തിക്കൊണ്ടാണ്. ഈ കോളേജുകൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിക്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതുകൊണ്ട് സർക്കാരിന്റെ ധനസ്ഥിതിയുടെയും നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

ഡോ. എൻ. ജയരാജ്: സർ, ഞാൻ രണ്ടുകാര്യങ്ങളാണ് ചോദിച്ചത്. ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ ധനസ്ഥിതിയുടെ പ്രത്യേക സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്നതിന് നടപടിയുണ്ടാകുമോയെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇത് എന്റെ മാത്രം വിഷയമല്ല. ഒരു നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനം മറ്റൊരു നിയോജകമണ്ഡലത്തിലേയ്ക്ക് കൊണ്ടു പോകുമ്പോഴുണ്ടാകുന്ന പ്രാദേശിക ബുദ്ധിമുട്ട് പരിഗണിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട എല്ലാ എം.എൽ.എ.-മാരുടെയും യോഗം വിളിച്ച് ഇക്കാര്യത്തിലൊരു സമവായമുണ്ടാക്കാൻ ശ്രമിക്കുമോ?

പ്രൊഫ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ഉത്കണ്ഠ മനസ്സിലാക്കുന്നു. അത്തരം കോളേജുകളുള്ള നിയോജകമണ്ഡലങ്ങളിലെ ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അത് കേൾക്കാൻ തയ്യാറാണ്. പക്ഷേ, ഇത് സർക്കാരിന്റെ നയവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കൂടുതൽ ഗൗരവപൂർണ്ണമായ ആലോചനകൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

11.00 AM]

## (2) ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി

ശ്രീ. പി. ജെ. ജോസഫ്: സർ, ഇടുക്കി ജില്ലയിൽ നിലനിൽക്കുന്ന ഭൂപതിവ് ചട്ടത്തെ സംബന്ധിച്ചൊരു കാര്യം ഉന്നയിക്കുകയാണ്. 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടപ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ വീട് വയ്ക്കുന്നതിനും കൃഷിചെയ്യാനും മാത്രമെ അവകാശമുള്ളൂ. മറ്റ് പതിമൂന്ന് ജില്ലകളിലും ഈ നിയന്ത്രണമില്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ചട്ടങ്ങൾക്ക് നിരക്കുന്നതല്ലെന്ന് ചില പരിസ്ഥിതി പ്രവർത്തകരുടെ പരാതിയിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെടുകയും ഇടുക്കിയിലെ കട്ടപ്പന, അടിമാലി തുടങ്ങിയ സ്ഥലങ്ങളിലെ കെട്ടിടങ്ങൾ മാത്രമല്ല കോളേജുകൾ, സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, മിനി സിവിൽ സ്റ്റേഷൻ ഇതെല്ലാം ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുകയും ചെയ്തു. ഇടുക്കി ജില്ലയിലെ പട്ടയ ഭൂമിയിൽ കൃഷി ചെയ്യാനും വീടുവയ്ക്കാനും മാത്രമെ അനുവാദമുള്ളൂവെന്ന് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. ബൈസൺവാലിയിലെ ഒരു കർഷകൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇക്കാര്യം ചോദ്യം ചെയ്തുകൊണ്ട് പരാതി കൊടുത്തപ്പോൾ ഇടുക്കി ജില്ലയിലെ പട്ടയ ഭൂമിക്കു മാത്രമായി വിവേചനപരമായ നിയമം അനുവദനീയമല്ലെന്നും മറ്റ് ജില്ലകളിലെ കർഷകരെപ്പോലെ ഇടുക്കി ജില്ലയിലെ കർഷകർക്കും പട്ടയഭൂമി മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ അവകാശമുള്ളതായി

സിംഗിൾ ബഞ്ച് ഉത്തരവിറക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ അപ്പീൽ പോയെങ്കിലും സിംഗിൾ ബഞ്ച് ഉത്തരവ് ശരിവച്ചു. അതിനർത്ഥം ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്നാണ്. 1960-ലെ ആക്റ്റിലെ ഒരു ഭാഗത്ത് absolute എന്നുള്ളത് കൃത്യമായി കാണണം. വീടുവയ്ക്കാനും കൃഷി ചെയ്യാനും മാത്രമല്ല മറ്റ് കാര്യങ്ങൾക്ക് (other purposes) കൂടി ഈ പട്ടയം ഉപയോഗിക്കാം. ഉപാധിരഹിതമായ പട്ടയം ലഭ്യമാകത്തക്ക നിലയിൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരിക്കൽ ഇക്കാര്യം സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡിസംബർ 17-ാം തീയതി സർവ്വകക്ഷി യോഗം വിളിക്കുകയും ഇടുക്കി ജില്ലയോട് വിവേചനം പാടില്ലെന്നും ഒരു ഭേദഗതി ആവശ്യമാണെന്ന് പറയുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും സുപ്രീംകോടതിയും ഉത്തരവിറക്കി നിലപാട് സ്വീകരിച്ച പശ്ചാത്തലത്തിൽ ഈ വിവേചനം പാടില്ല. ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ആളുകൾക്ക് വീടുവയ്ക്കാനും കൃഷിചെയ്യാനും മാത്രമല്ല മറ്റ് കാര്യങ്ങൾക്കുകൂടിയുള്ള ഒരു ഭേദഗതി കൊണ്ടുവരണമെന്നാന്ന് എനിക്ക് ഉന്നയിക്കാനുള്ളത്. ഇത് ആ ജില്ലയോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ ആവശ്യമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ജെ. ജോസഫ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് അങ്ങ് നൽകിയിട്ടുള്ള ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ വാചകങ്ങൾ അപൂർണ്ണമാണ് എന്നതാണ്. സർക്കാരിന്റെ എല്ലാ കാലത്തെയും ആഗ്രഹം പട്ടയങ്ങൾ ഉപാധിരഹിതമാക്കണമെന്ന് തന്നെയാണ്. പക്ഷേ നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ചാണ് ഇപ്പോൾ പട്ടയം നൽകിക്കൊണ്ടിരിക്കുന്നത്. 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണകരമായ അനുഭവത്തിനും (Beneficiary Enjoyment) 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രകാരം സ്വന്തമായി കൃഷിക്കും താമസത്തിനും കടകൾക്കുമാണ് പട്ടയം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ചാണ് പട്ടയം അനുവദിച്ചു വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും ചട്ടങ്ങളും നിയമങ്ങളും ഒരുപോലെ ബാധകമാണ്. ഇടുക്കി ജില്ലക്കുവേണ്ടി മറ്റ് ജില്ലകളിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും കുറവുകളോ പ്രത്യേക ചട്ടങ്ങളോ ഒന്നും ഇതുവരെ നിലനിൽക്കുന്നില്ല. മൂന്നാർ പ്രദേശത്ത് പ്രത്യേകമായൊരു പ്രശ്നമുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. ഇവിടെ

കാർഷികാവശ്യങ്ങൾക്കായി പതിച്ച നൽകിയിട്ടുള്ള ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.P.(C)1801/2010-ാം നമ്പർ കേസിൽ 21.01.2010-ൽ പുറപ്പെടുവിച്ച ഒരു ഇടക്കാല ഉത്തരവുണ്ടായിരുന്നു. ഈ ഇടക്കാല ഉത്തരവിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നില്ലെന്ന് റവന്യൂ, തദ്ദേശം, പോലീസ്, വനം വകുപ്പുകൾ ഉറപ്പുവരുത്തേണ്ടതാണെന്ന നിർദ്ദേശം മൂന്നാർ പ്രദേശത്തെ സംബന്ധിച്ച് പ്രത്യേകമായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നൽകിയിരുന്നു. തുടർന്ന് 9-6-2016-ലും 1-8-2016-ലും ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം ഈ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-6-2020-ലെ W.P.(C)17983/83/2019-ാം നമ്പർ കേസിലെ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റിൽ ഭൂമി എന്ത് ആവശ്യത്തിനാണ് പതിച്ച് നൽകുന്നതെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 1993-ലെ പ്രത്യേക ഭൂപതിവ് ചട്ടപ്രകാരം പട്ടയമനുവദിച്ചിട്ടുള്ള ഭൂമികളെല്ലാം തന്നെ വനഭൂമികളാകയാൽ അത്തരം ഭൂമികളിൽ തരംമാറ്റം അനുവദിക്കുന്നതിന് നിലവിൽ സംസ്ഥാന സർക്കാരിന് നടപടി സ്വീകരിക്കാൻ സാധിക്കില്ല. ഇത്തരം ഭൂമികൾ വനഭൂമികളല്ലെന്ന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തരംമാറ്റം വരുത്തുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം കാർഷികാവശ്യങ്ങൾക്കായി അനുവദിച്ച പട്ടയങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലെന്ന വ്യവസ്ഥ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഏർപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ നിർദ്ദേശിച്ചത്. അത് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ആണ് തീരുമാനമെടുക്കേണ്ടത്. നിലവിൽ സംസ്ഥാനമൊട്ടാകെ കാർഷിക ആവശ്യങ്ങൾക്ക് പതിച്ച് നൽകിയ ഭൂമിയിൽ പൊതുവായ തരംമാറ്റത്തിന് വിലക്കുണ്ട്. അതുകൊണ്ട് പൊതുവായൊരു ചട്ടഭേദഗതി മുമ്പ് ആലോചിച്ചിരുന്നില്ല. എന്നാൽ മൂന്നാറിലെ വിഷയവുമായി ബന്ധപ്പെട്ട് ഇതുപോലെ 269/2019 ആയി സർക്കാർ 22-8-2019-ൽ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6 പ്രകാരവും ഉപഖണ്ഡികയിലെ 2, 3 വകുപ്പുകൾ പ്രകാരവും ചെറുകിടക്കാരെ സഹായിക്കാനായുള്ള ചട്ടഭേദഗതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. അക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിന്റെ പൊതു സ്പിരിറ്റ് നമ്മൾ ഉൾക്കൊള്ളുന്നുണ്ട്. പക്ഷേ അക്കാര്യത്തിൽ പ്രത്യേകമായൊരു നിയമവും ഇപ്പോൾ തയ്യാറാക്കിയിട്ടില്ല. അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ഇടുക്കി ജില്ലയ്ക്ക് മാത്രമായി വിവേചനപരമായ ഉത്തരവ് പാടില്ലെന്നാണ്. മറ്റ് ജില്ലകളിലെ പട്ടയ ഭൂമിയിലുള്ള അവകാശം ഇടുക്കി ജില്ലയ്ക്കുമുണ്ട്. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയെങ്കിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ചും സുപ്രീംകോടതിയും ആ ഉത്തരവ് ശരിവച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതികൾ അനിവാര്യമായിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഇടുക്കി ജില്ലയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ബഹുമാന്യനായ അങ്ങ് ഒരു യോഗം വിളിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 1964-ലെയും 1993-ലെയും ചട്ടങ്ങളിൽ പ്രത്യേകമായ ഭേദഗതികൾ വരുത്തണമെങ്കിൽ അതുസംബന്ധിച്ച ആലോചനയും ഉത്തരവും ആവശ്യമാണ്. ഗവൺമെന്റ് ഈ ചട്ടങ്ങൾ നിലനിർത്തുകയും ഇടക്കാല ഹൈക്കോടതി ഉത്തരവുകളിൽ ബന്ധപ്പെട്ട സമയങ്ങളിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ നല്ലതുപോലെ ശ്രദ്ധിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. അക്കാര്യത്തിൽ പ്രത്യേകമായൊരു അഭിപ്രായം ഇപ്പോൾ പറയാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. ചട്ടങ്ങൾ സംബന്ധിച്ച് ഏതെങ്കിലും കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ടെങ്കിൽ സർക്കാർ ആലോചിച്ച് അക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തും. ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നതുസംബന്ധിച്ച് പരിശോധിക്കാം.

## IV സബ്മിഷൻ

### (1) ഭൂമി ഏറ്റെടുക്കൽ

ശ്രീ. ഐ. ബി. സതീഷ്: സർ, കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽശാലയിലാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017 ഫെബ്രുവരി 16-ാം തീയതി യോഗം ചേർന്നാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 2021 ജനുവരി 7-ാം തീയതി സാമൂഹ്യ പ്രത്യാഘാത പഠനങ്ങളുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുത്തു കൊണ്ടുള്ള അന്തിമ വിജ്ഞാപനം 19(1) വന്നുകഴിഞ്ഞു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടമുൾപ്പെടെയുള്ള തടസ്സങ്ങൾ ഉണ്ടായതുകൊണ്ട് തുടർപ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടില്ല. രണ്ട് വർഷംകൊണ്ട് ഹരിത മാതൃകാ കാമ്പസായി ടെക്നോളജിക്കൽ സർവ്വകലാശാല നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. റവന്യൂ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുകയുള്ളൂ. അടിയന്തരമായി റവന്യൂ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് ഒന്നിൽ വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ടുവരുന്ന ഭൂമി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് 3-7-2019-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1757/2019/RD പ്രകാരം ഉത്തരവായി. ആയതിന്റെ അഭ്യർത്ഥന എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ 31-10-2019-ലെ 35/2014/KUT നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടി Land Acquisition, Rehabilitation and Resettlement Act, സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം 24-12-2019-ൽ അസാധാരണ ഗസറ്റ് നമ്പർ 3184 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. Centre for Management Development, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് expert ഗ്രൂപ്പിന്റെ ശിപാർശ ശരിവച്ച് പൊന്നുംവില നടപടി തുടരുന്നതിനുവേണ്ടി 8-6-2020-ലെ പ്രത്യേക ഉത്തരവ് [സ.ഉ. (കൈ) 150/2020/റവന്യൂ] പ്രകാരം ആയിട്ടുണ്ട്. തുടർന്ന് സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 27-6-2020-ലെ ജി.ഒ.(പി) 45/2020/RD പ്രകാരം പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് 1-7-2020-ലെ 1632-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 2013-ലെ പൊന്നുംവില നിയമം സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം 27-1-2021-ലെ ജി.ഒ. (പി) നം.12/21/RD പ്രകാരം പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് 28-1-2021-ൽ അസാധാരണ ഗസറ്റ് നമ്പർ 335 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില 5-2-2021-ൽ അംഗീകരിക്കുകയും ചെയ്തു. ഇരുന്നൂറ്റി ഇരുപതോളം ഭൂവുടമകൾക്ക് നോട്ടീസ് നൽകി റെക്കോർഡ് ശേഖരിച്ച് അവാർഡ് വിചാരണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിലവിവര പട്ടിക തയ്യാറാക്കുന്നതിനായി പൊന്നുംവില ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന വൃക്ഷങ്ങളുടെ വില ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വിളപ്പിൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ചിട്ടുണ്ട്. പൊന്നുംവില ഭൂമിയിൽ ഉൾപ്പെട്ടുവന്നിരുന്ന ചമയങ്ങളുടെ വില പൂർണ്ണമായും പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല.

202 ലാൻഡ് അക്വിസിഷൻ കേസ്സുകളുടെ വിശദ വിലവിവര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഭൂവുടമകൾക്ക് അവാർഡ് തുക നൽകുന്നതിനായി ഏകദേശം 350 കോടിയിൽപ്പരം രൂപ ആവശ്യമാണ്. എന്നാൽ നാളിതുവരെ 106.91 കോടി രൂപ മാത്രമാണ് സർവ്വകലാശാല അധികൃതർ പൊന്നുംവില ഓഫീസർ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ളത്. ഈ അംഗം വളരെ ശ്രദ്ധാപൂർവ്വമായ ചുമതലയെടുത്താണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരിക്കുന്നത്. പൊന്നുംവില അവാർഡ് നൽകുന്നതിനുള്ള തുക പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള 39.1996 ഹെക്ടർ ഭൂമി അവാർഡ് പാസ്സാക്കി ആറ് മാസത്തിനുള്ളിൽ ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) റെഗുലേറ്റർ -കം -ബ്രിഡ്ജ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട നിയോജകമണ്ഡലത്തിലെ കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, മങ്കട, മൂർക്കനാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 2016-ൽ കമ്മീഷൻ ചെയ്ത പദ്ധതിയാണ് മൂർക്കനാട് കുടിവെള്ള പദ്ധതി. കുന്തിപ്പുഴയിലെ നിലാപറമ്പ് കടവിലുള്ള 10 mm വ്യാസമുള്ള കിണറും പമ്പ് ഹൗസുമാണ് ഈ പദ്ധതിയുടെ ജല സ്രോതസ്സ്. 2021-ൽ 'ജലജീവൻ മിഷൻ' പദ്ധതിയിലുൾപ്പെടുത്തി ആകെ 25875 ടാപ്പ് കണക്ഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർദ്ധിച്ചുവരുന്ന ജലത്തിന്റെ ആവശ്യകതയനുസരിച്ച് ഇതിന്റെ ശേഷി 40 ലിറ്റർ/കൺസ്യൂമർ എന്നത് 100 ലിറ്ററാക്കി ഉയർത്തേണ്ടതുമുണ്ട്. കൂടാതെ കൂട്ടിലങ്ങാടിയിലെ ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം ഉറപ്പുവരുത്തിക്കൊണ്ടുവേണം പദ്ധതിയുടെ പൂർത്തീകരണം നടത്തേണ്ടത്. ഇതിനായി കിണർ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുകയും ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം കണ്ടുപിടിച്ച് പദ്ധതി അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ഇതിന് കുറുവ പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായി കണ്ടെത്തിയ സ്ഥലത്തുനിന്നും പ്ലാന്റിനാവശ്യമായ സ്ഥലം കണ്ടെത്താവുന്നതാണ്. അതുപോലെ നിലവിലുള്ള മൂച്ചിക്കൽ ടാങ്കിന് സമീപം ലഭ്യമായ പി.ഡബ്ല്യൂ.ഡി. പുറംപോക്കിൽനിന്നും ഭൂതലസംഭരണിക്കും സ്ഥലം കണ്ടെത്താവുന്നതാണ്. ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. പദ്ധതിക്കുവേണ്ടി നിർമ്മിച്ച കിണറിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് കുന്തിപ്പുഴയിൽ നിലാപറമ്പിന് സമീപം കീഴ്മുറിക്കടവ്-മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചത്. മൂർക്കനാട് നിലാകടവിന് താഴെ കീഴ്മുറിക്കടവിൽ 160 മീറ്റർ നീളത്തിലും 7.5 മീറ്റർ

വീതിയിലുമാണ് ആർ.സി.ബി. നിർമ്മിക്കുന്നത്. ഇതിൽ 3.5 മീറ്റർ ഉയരത്തിൽ 10 കിലോമീറ്റർ നീളത്തിൽ വെള്ളം കെട്ടിനിൽക്കും. ഇതിന് 2019-ൽ കിഫ്ബി 67.4 കോടി രൂപയുടെ ഭരണാനുമതിയും 60 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2020-ൽ 18 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുമെന്ന കരാറിലാണ് K.I.I.D.C (Kerala Irrigation Infrastructure Development Corporation) പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. എന്നാൽ കരാർ കാലയളവിലെ പകുതി പിന്നിടുമ്പോഴും പ്രവൃത്തിയുടെ മൂന്നുശതമാനംപോലും പൂർത്തിയായിട്ടില്ല. അതുകൊണ്ട് സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ സാഹചര്യത്തിൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് അടിയന്തരമായി വിളിച്ചുചേർക്കണമെന്നും മങ്കട നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മങ്കട നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതപരിഹാരമാണ് മൂർക്കനാട് കുടിവെള്ള പദ്ധതി. ജലസ്രോതസ്സ് നിലനിർത്തുന്നതിന് മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ കീഴ്മുറിക്കടവ് തൂതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് സർക്കാർ ഉത്തരവ് പ്രകാരം 70 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന്റെ എസ്.പി.വി. ആയ K.I.I.D.C പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്ന് 7-9-2019-ലെ ഉത്തരവ് പ്രകാരം 67.64 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. K.I.I.D.C.-യുടെ ടെക്നിക്കൽ കമ്മിറ്റി 21-11-2019-ന് 66.94 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ നൽകുകയും ചെയ്തു. ടെണ്ടർ നൽകിയ കരാറുകാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാകുന്നതിനുവന്ന കാലതാമസം കാരണം 28-9-2020-ന് Paulose George Construction Company (P) Limited, K.I.I.D.C.-യുമായി കരാറിൽ ഒപ്പിടുകയും തുടർന്ന് കരാറുകാരന് സ്ഥലം കൈമാറി പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. 59.76 കോടി രൂപയ്ക്കാണ് കരാർ പ്രവൃത്തി ഏറ്റെടുത്തത്. പ്രസ്തുത പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചു വരികയുമാണ്. ഫൗണ്ടേഷൻ, പിയറുകളുടെ ഓപ്പൺ ഫൂട്ടിംഗ്, 3 പിയറുകളുടെ പൈൽ

ഫൗണ്ടേഷൻ, 1.5 മീറ്റർ ഉയരത്തിൽ 2 പിയറുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. മൊത്തം 11 പിയറുകളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. കോവിഡുമൂലമുള്ള പ്രതിസന്ധിയും കനത്ത മഴയും കാരണം പ്രവൃത്തി പുരോഗമിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. കോവിഡ് മുഖേനയുള്ള ലോക്ഡൗണുകളും മറ്റ് പ്രതിബന്ധങ്ങളും നിലനിൽക്കുന്നതിനാൽ സമയബന്ധിതമായി വർക്ക് പൂർത്തീകരിക്കാനുള്ള എല്ലാ നടപടിയും ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ട്. ഓഫ് സീസൺ സമയത്ത് ചെയ്യാൻ സാധിക്കാത്ത പ്രവൃത്തികൾ എന്തൊക്കെയാണോ അത് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പദ്ധതി മോണിറ്റർ ചെയ്യാനാവശ്യമായ സാഹചര്യങ്ങളുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിച്ച് ഈ പദ്ധതിയെപ്പറ്റി വിലയിരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (3) വന്യജീവി ആക്രമണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മാത്രം കഴിഞ്ഞ ഒന്നരവർഷം വന്യജീവികളുടെ ആക്രമണത്താൽ രണ്ട് മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഒരാളെ കടുവയും മറ്റൊരാളെ കാട്ടുപന്നിയും കൊലപ്പെടുത്തി. പുലിയും കാട്ടാനയുമെല്ലാം നാട്ടിലിറങ്ങി നാശം വിതയ്ക്കുകയാണ്. കാട്ടുപന്നി വ്യാപകമായി നാശം വിതയ്ക്കുന്നതിനിടയിൽ പന്ത്രണ്ടോളം ആളുകൾക്കാണ് ആക്രമണം ഏറ്റിട്ടുള്ളത്. കർഷകർക്ക് കൃഷിഭൂമിയിൽ പോകാൻ ഭയമാണ്. റബ്ബർ കർഷകർ ടാപ്പിംഗ് ഉപേക്ഷിക്കുകയാണ്. കാട്ടുപന്നിയുടെ അക്രമം കോന്നിയിൽ മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. സത്യത്തിൽ ഇത് കാട്ടുപന്നിയല്ല, നാട്ടുപന്നിയാണ്. കാരണം, നാട്ടിലെ കുറ്റിക്കാടുകളിൽ വന്ന് തമ്പടിച്ച് അവിടെ പെറ്റുപെരുകുന്ന പന്നികളാണ് ഇപ്പോൾ അക്രമങ്ങളും നാശവുമൊക്കെ വരുത്തിയിട്ടുള്ളത്. ഇതിനുമുമ്പും സഭയിൽ ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. തീർച്ചയായും ഈ വിഷയം അടിയന്തരപ്രാധാന്യത്തോടുകൂടി കണ്ട് കാട്ടുപന്നിയുടെ അക്രമണത്തിൽ നിന്നും കർഷകരുടെ ജീവനും കൃഷിക്കും സംരക്ഷണം ഉറപ്പുവരുത്തുവാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

വനം - വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കോന്നി എം.എൽ.എ., ശ്രീ. കെ. യു. ജനീഷ് കുമാർ മലയോര മേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. മനുഷ്യരും

വന്യജീവികളും തമ്മിലുള്ള സംഘർഷം ഈയടുത്ത കാലത്തായി വളരെയേറെ വർദ്ധിച്ചുവരുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. വനത്തിനകത്തേയ്ക്ക് മനുഷ്യർ കൃഷിക്കും മറ്റാവശ്യങ്ങൾക്കും കുടിയേറിയതിന്റെയും വനപ്രദേശങ്ങളോടുചേർന്ന് വർദ്ധിച്ച തോതിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെയും ധാതുഖനനത്തിന്റെയും മനുഷ്യരുടെ ഇടപെടലിന്റെയും ഫലമായി വന്യമൃഗങ്ങൾ ഇപ്പോൾ ജനവാസമേഖലയിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും കടന്നുകയറാൻ ഇടയായിട്ടുണ്ട്. കാട്ടാന, കാട്ടുപന്നി, മാൻ, കുരങ്ങ് എന്നീ വന്യമൃഗങ്ങളാണ് ഇത്തരത്തിൽ കാർഷിക വിളകൾ നശിപ്പിക്കുന്നതായി കണ്ടുവരുന്നത്. വനാതിർത്തിയിൽ എല്ലായിടത്തുമുണ്ടെങ്കിലും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഗണ്യമായി അനുഭവപ്പെടുന്നത് പാലക്കാട്, വയനാട്, ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിലാണ്. മനുഷ്യ-വന്യജീവി സംഘർഷം പൂർണ്ണമായും ഇല്ലാതാക്കാൻ ഇതുവരെ ശാസ്ത്രീയമായ ഒരു പരിഹാരവും കണ്ടെത്തിയിട്ടില്ല. എന്നാൽ ഇതിന്റെ ആഘാതം ലഘൂകരിക്കുന്നതിന് ഇപ്പോൾ വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും Crash-guard, rope-fencing എന്നിവയും ആവശ്യാനുസരണം നിർവ്വഹിച്ചുവരുന്നുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ ജില്ലകളിൽ 13 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കി ആനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച വരുന്നു. ഇതിനുപുറമേ വന്യജീവികൾ കാരണം കൃഷിനാശം, സ്വത്തുനാശം, പരിക്ക്, ജീവഹാനി എന്നിവയുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനായി 1980-ൽ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ വിളനാശത്തിന് 8-1-2015-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവയുണ്ടാകുന്നവർക്ക് 5-4-2018-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏതാണ്ട് എല്ലാ വർഷവും 10 കോടിയോളം രൂപ ഈ ഇനത്തിൽ വനം വകുപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ ഉയർന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വന്യജീവികളുടെ ആക്രമണം ഏറ്റവും കൂടുതലായി കണ്ടുവരുന്ന ചില പ്രത്യേക മേഖലകളുണ്ട്. അവ തെരഞ്ഞെടുത്ത് അവിടെ സവിശേഷമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കഴിയുമോയെന്ന കാര്യം സർക്കാർ വളരെ കാര്യമായിത്തന്നെ പരിഗണിക്കുന്നതാണ്.

## (4) പാർപ്പിട പ്രശ്നം

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് വനവും തോട്ടവുമടങ്ങിയ പ്രദേശമാണ്. മുതലമടയിലെ പറമ്പിക്കുളം പൂർണ്ണമായും വനമേഖലയാണ്. ഇരുപത്തി അയ്യായിരത്തോളം ജനസംഖ്യയുണ്ടായിരുന്ന നെല്ലിയാമ്പതി ഗ്രാമപഞ്ചായ ത്തിലിപ്പോൾ ജനസംഖ്യ അയ്യായിരത്തോളമായി കുറയുകയും സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തതിന്റെ പേരിൽ അവർ മലയിറങ്ങുകയുമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നൂറ്റിനാല്പത്തിരണ്ടോളം വരുന്ന എസ്.ടി. ജനവിഭാഗത്തിന് വനാവകാശ നിയമപ്രകാരം അനുവദിച്ച ഒരേക്കർ ഭൂമി വീതം ഓറഞ്ച് & വെജിറ്റബിൾ ഫാമിൽനിന്നും കൊടുത്ത ഭൂമിയുടെ അവകാശവും 1986-ൽ മുപ്പത്തിയേഴോളം വരുന്ന മറ്റു വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിച്ച കൈവശരേഖയും ഒഴിവാക്കിയാൽ ഏകദേശം ആയിരത്തിനാന്നൂറോളം വരുന്ന കുടുംബങ്ങളിൽപ്പെട്ട ഒറ്റയാൾക്കും താമസിക്കാൻ ഒരു തുണ്ടുഭൂമിയോ ഒരു വീടോ സ്വന്തമായിട്ടില്ല. 60 വർഷങ്ങൾക്കുമുമ്പ് പറമ്പിക്കുളം മേഖലയിൽ മൂന്ന് ഡാമുകൾ നിർമ്മിക്കുന്നതിനുവേണ്ടി അവരവരുടെ ഊരുകളിൽനിന്നും മാറ്റി പാർപ്പിക്കപ്പെട്ട ആദിവാസി സമൂഹത്തിൽപ്പെട്ടവരുടെ അവസ്ഥയും വളരെ ദയനീയമാണ്. അന്ന് മാറ്റി പാർപ്പിക്കപ്പെടുമ്പോൾ കൊടുത്തിരുന്ന അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ളവരാണ് സർക്കാരിന്റെ ധനസഹായം കൊണ്ട് ചെറിയ വീടുകൾ വച്ച് താമസിക്കുന്നത്. ഏകദേശം 20 മറ്റു വിഭാഗത്തിൽപ്പെട്ട ആളുകളുൾപ്പെടെ അറുന്നൂറോളം വരുന്ന എസ്.ടി. ജനവിഭാഗക്കാർ അവിടെയുണ്ട്. അന്ന് കൊടുത്ത ചെറിയ വീടുകളിൽ ഇപ്പോൾ മക്കളും വിവാഹിതരായതിനുശേഷം അവരുടെ കുടുംബാംഗങ്ങളുമുൾപ്പെടെ രണ്ടും മൂന്നും കുടുംബങ്ങളായിട്ടാണ് താമസിച്ചു വരുന്നത്. അവരുടെ അവസ്ഥ വളരെ ദയനീയമാണ്. മാറ്റി പാർപ്പിക്കപ്പെട്ടവർ എന്ന നിലയിൽ വനാവകാശനിയമ പ്രകാരം അവർക്ക് ലഭിക്കേണ്ട ഭൂമിയും അവിടെ ലഭിച്ചിട്ടില്ല. ഈ രണ്ടു പ്രദേശങ്ങളും വനമേഖലയായതുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെക്കൂടി ഉൾപ്പെടുത്തി നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെയും പറമ്പിക്കുളം മേഖലയിലെയും എസ്.സി./എസ്.ടി. മറ്റുവിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കുൾപ്പെടെ ജീവിക്കാനും താമസിക്കാനുമാവശ്യമായ ഒരുതുണ്ട് ഭൂമിയും ഒരു വീടും ലഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട നെന്മാറ അംഗം ശ്രീ. കെ. ബാബു ഇവിടെ ഉന്നയിച്ചത് പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി

ഗ്രാമപഞ്ചായത്തിൽ എസ്.ടി. ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഏകദേശം 114 തോട്ടം തൊഴിലാളികൾക്ക് വീടുകൾ അനുവദിച്ചുനൽകി. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന് സ്വകാര്യ ഭൂമിയില്ലാത്തതിനാൽ തൊട്ടടുത്ത ഗ്രാമപഞ്ചായത്തുകളായ നെന്മാറ, എലവഞ്ചേരി, കൊല്ലങ്കോട്, മേലാർകോട്, പല്ലശ്ശന എന്നിവിടങ്ങളിലാണ് ഈ 114 തോട്ടം തൊഴിലാളികൾക്ക് വീട് അനുവദിച്ചത്. അതിൽ 88 ഗുണഭോക്താക്കളുടെ ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗത്തിലുൾപ്പെട്ട ജനവിഭാഗങ്ങൾക്ക് ഗ്രാമപഞ്ചായത്തും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ധനസഹായം നൽകി ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. മുതലമട ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പറമ്പിക്കുളം, എർത്ത് ഡാം കോളനിയിൽ 2017-ലെ ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 38 പേർക്ക് വീടുകൾ അനുവദിച്ചിരുന്നു. ഇതിൽ 32 പേരുടെ വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിലവിലുള്ള പഴയ വീട് പൊളിച്ചാൽ മാറിത്താമസിക്കാൻപോലും ബദൽ സംവിധാനം ഇല്ലാത്തതിന്റെ പേരിൽ ആറു കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിന് ബദൽ സംവിധാനം ഉണ്ടാക്കിക്കൊടുക്കാൻ വകുപ്പ് ശ്രമിക്കുന്നതാണ്. അതുപോലെ പറമ്പിക്കുളം സുങ്കം കോളനിയിൽ ലൈഫ് ഒന്നാം ഘട്ടത്തിൽ 19 വീടുകളുടെ നിർമ്മാണം ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ ചെയ്തു തീർക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മുതലമട പഞ്ചായത്തിലെ കുടുംബശ്രീ നിർമ്മാണ യൂണിറ്റ് പ്രവൃത്തി ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രസ്തുത സംഘത്തിന്റെ സഹായത്തോടുകൂടി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ പറമ്പിക്കുളം കടവ് കോളനിയിൽ 65 കുടുംബങ്ങളുണ്ട്. വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ച ഇവിടെ ഒന്നര ഹെക്ടറോളം ഭൂമിയാണ് ലഭ്യമായിട്ടുള്ളത്. ചുരുങ്ങിയ സ്ഥലത്ത് ഇത്രയും വീടുകൾ ഗുണഭോക്താക്കളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് സൗകര്യപ്രദമായ രീതിയിൽ നിർമ്മിക്കുന്നതിന് കേരളാ സ്റ്റേറ്റ് നിർമ്മിതികേന്ദ്രം ഒരു പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുശേഷം ലൈഫ്മിഷൻ മുഖേനയോ പ്രത്യേക പദ്ധതി വഴിയോ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. നെല്ലിയാമ്പതി-പറമ്പിക്കുളം എന്നിവിടങ്ങളിലെ മുഖ്യപ്രശ്നം എന്നു പറയുന്നത് നിർമ്മാണ സാമഗ്രികൾ പ്രസ്തുത സ്ഥലത്ത് എത്തിക്കുമ്പോഴുണ്ടാകുന്ന ഭീമമായ ചെലവാണ്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് അവിടെ കുടുംബശ്രീയുടെയോ തൊഴിലുറപ്പ് പദ്ധതിയുടെയോ കീഴിൽ പ്രത്യേക നിർമ്മാണ യൂണിറ്റുകളാരംഭിച്ച് ഭവനനിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## (5) പാലക്കയം ആദിവാസി കോളനി റോഡ്

<u>ശ്രീ. പി. കെ ബഷീർ</u>: സർ, എന്റെ മണ്ഡലത്തിലെ, ചാലിയാർ ഗ്രാമപഞ്ചായത്തിലെ പാലക്കയം-വെറ്റിലക്കൊല്ലി ആദിവാസി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് 2013-14-ൽ 280 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി 2017-ൽ ആരംഭിച്ചു. അതിന്റെ നോഡൽ ഏജൻസി കിറ്റ്കോ ആയിരുന്നു. പി.വി.റ്റി.ജി (Particularly Vulnerable Tribal Groups) സ്കീമിലുൾപ്പെടുത്തി സംസ്ഥാനത്തെ 32-ഓളം റോഡുകൾക്ക് അനുവാദം നല്കിയിരുന്നു. ഒമ്പത് റോഡുകളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തത് കിറ്റ്കോയെന്ന് പറയുന്ന വെള്ളാനയായിരുന്നു. കിറ്റ്കോ നിർമ്മാണച്ചുമതലയേറ്റെടുത്ത ഒമ്പത് റോഡുകളും പൂർത്തീകരിച്ചില്ലെന്ന് മാത്രമല്ല, മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ നബാർഡ് ഫണ്ട് നഷ്ടമാകുകയും ചെയ്തു. എന്റെ മണ്ഡലത്തിലെ ഈ റോഡിന്റെ പണി 20 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് മൂന്ന് പ്രാവശ്യം അന്നത്തെ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. നവംബർ 2020-ൽ സഭയിൽ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ ആ റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് പറയുകയും അതിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ അതിന്റെ റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുകയും ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അത് അംഗീകരിച്ച് സംസ്ഥാന പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർക്ക് കൊടുക്കുകയും ചെയ്തു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, വെറ്റിലക്കൊല്ലി-പാലക്കയം എന്നത് റിമോർട്ട് ഏരിയയാണ്. അപ്പോൾ നബാർഡ് സ്കീമിലുൾപ്പെടുത്തി 2,80,00,000 രൂപയോ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപയോ വെറ്റിലക്കൊല്ലി റോഡ് നിർമ്മാണത്തിന് കൊടുക്കാമെന്നാണ് പറഞ്ഞത്. അതിനാൽ എത്രയും വേഗം ആ റോഡിന് ഭരണാനുമതി നൽകി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, 2013-14 വർഷം നബാർഡിന്റെ RIDF-XIX സ്കീമിലുൾപ്പെടുത്തി മലപ്പുറം ജില്ലയിലെ പാലക്കയം-വെണ്ണക്കൊടി കോളനി റോഡിന്റെ പ്രവൃത്തിക്ക് നിർമ്മാണാനുമതി നൽകിയിരുന്നു. സർക്കാരിന്റെ അംഗീകൃത നിർവ്വഹണ ഏജൻസിയായ കിറ്റ്കോയെയാണ് അതിന്റെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നത്. എന്നാൽ കിറ്റ്കോ പ്രവൃത്തി മറ്റ് കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആരംഭഘട്ടത്തിൽ കുറച്ച് പണി ആരംഭിച്ചെങ്കിലും പിന്നീട് യാതൊരു മുന്നറിയിപ്പും കൂടാതെ ജോലി നിർത്തിവയ്ക്കുകയാണ് ചെയ്തത്. ഇക്കാര്യം ബഹുമാനപ്പെട്ട

പി. കെ. ബഷീർ എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. കരാർ ലംഘനം നടത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി കിറ്റ്കോ അറിയിച്ചിട്ടുണ്ട്. നബാർഡ് RIDF-XIX സ്കീമിന്റെ പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണ കാലാവധി 31-3-2019-ന് അവസാനിച്ചിരിക്കുന്നതിനാൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി ഇനി പൂർത്തീകരിക്കാനാകില്ല. മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പാലക്കയം കോളനിയിൽ കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ട 17 കുടുംബങ്ങളും മുതുവാൻ വിഭാഗത്തിൽപ്പെട്ട 25 കുടുംബങ്ങളുമാണ് താമസിക്കുന്നത്. റിമോട്ട് ഏരിയയിലാണ് അവർ താമസിക്കുന്നത്. 42 കുടുംബങ്ങളാണ് ആകെയുള്ളത്. ആ റോഡ് ഇപ്പോൾ നിർമ്മിക്കുന്നതിനായി 2,60,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഇത്രയും തുക കണ്ടെത്താൻ പ്രയാസമുണ്ട്. മറ്റെന്തെങ്കിലും രീതിയിൽ തുക കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുകയാണ്. 42 കുടുംബങ്ങൾക്ക് വേണ്ടിയാണ് 2,60,00,000 രൂപ വയ്ക്കുന്നതെന്നുള്ളതും നമ്മൾ കാണേണ്ടതാണ്. എന്തെങ്കിലും ബദൽ സംവിധാനങ്ങൾ ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (6) റോഡ് നിർമ്മാണം

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തിയിരുന്ന രണ്ട് പ്രധാനപ്പെട്ട റോഡുകളാണ് മനയ്ക്കക്കടവ് - നെല്ലാട് റോഡും മണ്ണൂർ - പോഞ്ഞാലശ്ശേരി റോഡും. ഇതിൽ മനയ്ക്കക്കടവ്-നെല്ലാട് റോഡ് മൂന്ന് സ്ട്രെച്ചുകളായിട്ടാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ആദ്യ റീച്ച് മനയ്ക്കക്കടവ് മുതൽ പള്ളിക്കരവരെയും രണ്ടാമത്തേത് കിഴക്കമ്പലം മുതൽ നെല്ലാട് വരെയും മൂന്നാമത്തെ റീച്ച് പട്ടിമറ്റം മുതൽ പത്താംമൈൽ വരെയുമാണ്. ഇതിൽ ആദ്യത്തെ സ്ട്രെച്ച് മനയ്ക്കക്കടവ് മുതൽ പള്ളിക്കര വരെയുള്ള റീച്ചും പട്ടിമറ്റം മുതൽ പത്താംമൈൽ വരെയുള്ള റീച്ചും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ മൂന്നാമത്തെ സ്ട്രെച്ചായിട്ടുള്ള കിഴക്കമ്പലം മുതൽ നെല്ലാട് വരെയുള്ള റോഡ് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. റോഡിന്റെ സ്ഥിതി വളരെ മോശമാണ്. ആളുകൾക്ക് യാത്ര ചെയ്യാൻപോലും പറ്റാത്ത രീതിയിൽ മോശമായി കിടക്കുകയാണ്. എറണാകുളം-തേക്കടി സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മണ്ണൂർ-പോഞ്ഞാലശ്ശേരി റോഡ് കുന്നത്തുനാട്-പെരുമ്പാവൂർ മണ്ഡലങ്ങളിൽ കൂടിയാണ്

കടന്നുപോകുന്നത്. 2016-17 വർഷത്തെ കിഫ്ബി പദ്ധതിയായ പ്രസ്തുത റോഡിന്റെ ഭരണാനുമതി 23 കോടിരൂപയാണ്. ഈ റോഡിലേയും കുന്നത്തുനാട് മണ്ഡലത്തിൽ മൂന്ന് കിലോമീറ്റർ വരുന്ന റോഡിലേയും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ഇതുവരെ തുടങ്ങിയിട്ടില്ല. ഈ റോഡിന്റെ ശോചനീയാവസ്ഥയും അപകടാവസ്ഥയും പരിഹരിച്ച് അടിയന്തരമായി നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഉന്നയിക്കാനുള്ളത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയമാണ്. അതുകൂടി പറയാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ അത് അനുവദിക്കാൻ പാടില്ല. ആ മണ്ഡലത്തിലെ വിഷയമാണിത്. ബഹു. മിനിസ്റ്റർ മറുപടി പറയൂ.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം രണ്ട് റോഡുകളുടെ പ്രവൃത്തി സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. ഒന്ന്, കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട്- മനയ്ക്കക്കടവ് റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തുന്നതിനായി 32.63 കോടി രൂപ അനുവദിച്ചിരുന്നു. ........ (ബഹളം).....ഇതിൽ പട്ടിമറ്റം മുതൽ പത്താംമൈൽ വരെയും മനയ്ക്കക്കടവ് മുതൽ പള്ളിക്കര വരെയും ബി.എം. & ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചു. റോഡുകൾക്ക് ഇരുവശവും ടൈൽ വിരിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു. ഈ പ്രവൃത്തിയിൽ കിഴക്കമ്പലം മുതൽ നെല്ലാട് വരെയുള്ള റോഡിലെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കുന്നത്തുനാട്, പെരുമ്പാവൂർ മണ്ഡലങ്ങളിലുൾപ്പെടുന്ന 12 കിലോമീറ്റർ നീളം വരുന്ന മണ്ണൂർ - പോഞ്ഞാലശ്ശേരി റോഡ് പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് 2,375 ലക്ഷം രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. ഈ റോഡിന്റെ ചില ഭാഗങ്ങളുടെ പണിയും ഇനി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഈ റോഡ് കടന്നുപോകുന്ന ഭാഗങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഉന്നതതലയോഗം വിളിച്ച് രണ്ട് പ്രവൃത്തികളുടേയും തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) മേൽപ്പാല നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. ടൗണിൽത്തന്നെ ഇളമ്പള്ളൂർ, പള്ളിമുക്ക്, മുക്കട, ആറുമുറിക്കട എന്നീ നാല് റെയിൽവേ ഗേറ്റുകളാണുള്ളത്. ഒരു ദിവസം 21 തവണയാണ് റെയിൽവേ

ഗേറ്റുകൾ അടയ്ക്കുന്നത്. ഇത്തരത്തിൽ അടയ്ക്കുമ്പോഴുണ്ടാകുന്ന ഗതാഗതക്കുരുക്ക് വലിയ ബുദ്ധിമുട്ടാണ് ജനങ്ങളിൽ സൃഷ്ടിക്കുന്നത്. കുണ്ടറയിലെ ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ, സിവിൽ സ്റ്റേഷൻ, കെ.സി.ഇ.ബി.എൽ.-ന്റെ സബ്സ്റ്റേഷൻ, ടെക്നോപാർക്ക്, കെൽ, അലിൻഡ്, കേരള സിറാമിക്സ് ലിമിറ്റഡ്, താലൂക്കാശുപത്രി എന്നിവയെല്ലാം ഇളമ്പള്ളൂരിലെ റെയിൽവേ ഗേറ്റിന്റെ അപ്പുറത്താണ് സ്ഥിതിചെയ്യുന്നത്. പലപ്പോഴും അപകടങ്ങളുണ്ടാകുമ്പോൾ ഫയർഫോഴ്സിന് എത്താൻ കഴിയാതെ റെയിൽവേ ഗേറ്റിൽ കുടുങ്ങിപ്പോകും. ആശുപത്രിയിൽനിന്നും ഗുരുതരാവസ്ഥയിലുള്ള രോഗികളുമായി മെഡിക്കൽ കോളേജിലേയ്ക്ക് പോകുമ്പോൾ റെയിൽവേ ഗേറ്റിൽ ആംബുലൻസ് കുരുങ്ങിക്കിടക്കും. ഇക്കാര്യങ്ങളിൽ വലിയ അപകടങ്ങൾ മുമ്പുണ്ടായിട്ടുമുണ്ട്. അതുകൊണ്ട് അവിടെ ഒരു റെയിൽവേ മേൽപ്പാലം പണിയുകയാണ് ഈ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ശാശ്വതപരിഹാരം. അത് പൊതുമരാമത്ത് വകുപ്പും റെയിൽവേയുമായിട്ടുള്ള 50:50 സ്കീമിൽ ലഭിക്കുന്നതാണ്. അതിനായി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തരമായ നടപടി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സർ, ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഇവിടെ ഉന്നയിച്ചത് കുണ്ടറ ടൗൺ റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ്. കുണ്ടറ-പള്ളിമുക്ക് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി 39.86 കോടി രൂപ വകയിരുത്തി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala)-യെ എസ്.പി.വി. ആയി നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നു. തുടർന്ന് സ്ഥലമെടുപ്പിനായി കൊല്ലം ജില്ലാ കളക്ടർക്ക് requisition നൽകുകയും ഇതുസംബന്ധിച്ച് കൊല്ലം, സ്പെഷ്യൽ തഹസീൽദാറുടെ (എൽ.എ) (ജനറൽ) ഓഫീസിൽനിന്നും എൽ.എ. നടപടികൾ സ്വീകരിച്ചു വന്നിരുന്നതുമാണ്. എന്നാൽ കൊല്ലം - തിരുമംഗലം (എൻ.എച്ച്-744) ദേശീയപാതയിൽ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനുവേണ്ടി കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ മൂന്ന് കിലോമീറ്റർ നാലുവരി പാതയാക്കുന്നതിനും കുണ്ടറ-പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും കിഫ്ബിയിലുൾപ്പെടുത്തി ഈ പദ്ധതിക്ക് 27-5-2020-ൽ 447.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. കുണ്ടറ-പള്ളിമുക്ക് ജംഗ്ഷനിലെ ഫ്ലൈഓവറിനും റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുംവേണ്ട സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

## (8) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ് കല്ലൂരിക്കടവ് പാലം നിർമ്മാണം. ഇത് പാപ്പിനിശ്ശേരി - നാറാത്ത് എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. 2017-18-ൽ അതിനെ ബഡ്ജറ്റിലുൾപ്പെടുത്തി എ.എസ്.-ഓടുകൂടി 25 കോടി രൂപ അനുവദിച്ചുവെന്നാണ് അറിയാൻ കഴിയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു ബൈപ്പാസായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്. വളപട്ടണം ജംഗ്ഷനിൽനിന്ന് കണ്ണൂരിലേയ്ക്ക് പോകാൻ സാധിക്കുന്ന പ്രധാനപ്പെട്ട ഒരു വഴിയായി ഇത് മാറും. നാടിന്റെ പ്രധാന ആവശ്യങ്ങളിലൊന്നായ ഇതിന്റെ മറ്റ് പണികളൊന്നും ആരംഭിച്ചതായി കാണുന്നില്ല. അടിയന്തരമായി ഈ പാലം നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് കല്ലൂരിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി - നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം കിഫ്ബി പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തിയുടെ tentative general design drawing-മുള്ള feasibility report പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. 27-3-2021-ൽ പ്രവൃത്തിയുടെ ഫയൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ കിഫ്ബി വിംഗിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

## (9) കെട്ടിട നിർമ്മാണം

ശ്രീ. പ്രമോദ് നാരായൺ: സർ, പത്തനംതിട്ട ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന റാന്നി താലൂക്കാശുപത്രി ശബരിമല തീർത്ഥാടന കാലത്ത് ഭക്തജനങ്ങൾക്ക് മികച്ച സേവനംകൂടി നൽകുന്ന സ്ഥാപനമാണ്. സമർപ്പിത സേവനം നടത്തുന്ന ഡോക്ടർമാരും കഠിനാധ്വാനികളായ ജീവനക്കാരും ആ ആശുപത്രിയുടെ മികവിന് മുതൽക്കൂട്ടാണ്. കേവലം ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമായിരുന്ന ഈ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തപ്പെടുന്നത് 1991-ലാണ്. ദീർഘകാലം അവിടത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. രാജു എബ്രഹാം മുൻകയ്യെടുത്ത് സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഉയർത്തപ്പെട്ട ആശുപത്രി ആർദ്രം മിഷനിലും ഉൾപ്പെടുത്തിയിരുന്നു. ആ ആശുപത്രിയുടെ ഭാവി

വികസനത്തിനായി റാന്നി ബ്ലോക്ക് പഞ്ചായത്ത് 25 സെന്റ് സ്ഥലം വാങ്ങി നൽകുകയും ഇപ്പോൾ 50 സെന്റ് സ്ഥലംകൂടി പുതുതായി ഏറ്റെടുക്കുന്ന നടപടി റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുമുണ്ട്. റാന്നി താലൂക്കാശുപത്രിയിൽ ഇപ്പോൾ ലക്ഷ്യ സ്റ്റാൻഡേർഡിൽ ആധുനിക ലേബർ ഡെലിവറി റിക്കവറി സ്യൂട്ട്സ് സ്ഥാപിക്കാൻ അനുമതി നൽകിയ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ റാന്നിയിലെ ജനങ്ങൾക്കുവേണ്ടി പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു. കിഫ്ബിവഴി റാന്നി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റാന്നി ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് സ്ഥലപരിമിതി വലിയ തടസ്സമായതിനാൽ 12 നിലകളുള്ള കെട്ടിടമാണ് വിഭാവന ചെയ്തിരുന്നത്. ആശുപത്രികളുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ആധുനിക കാഴ്ചപ്പാട് ലോകത്താകെ മാറുകയും എല്ലാ സൗകര്യങ്ങളോടുംകൂടി ഇത്തരമൊരു കെട്ടിടത്തിന് രൂപകല്പന നടത്തുകയും ചെയ്തു. എന്നാൽ ഇപ്പോൾ മൂന്ന് നിലകൾ മാത്രമുള്ള കെട്ടിടമായി അത് പരിമിതപ്പെടുത്തണമെന്ന നിർദ്ദേശമാണ് ലഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഒരു കെട്ടിടം നിർമ്മിച്ചാൽ പിന്നീട് മുകളിലേയ്ക്ക് പണിയാൻ കഴിയാതെ വരും. ആശുപത്രി സ്ഥിതി ചെയ്യുന്നത് ടൗണിലായതിനാൽ ആ സ്ഥലത്തിന്റെ പ്രത്യേകതയനുസരിച്ച് ഇനി സ്ഥലം ലഭിക്കുകയുമില്ല. അതിനാൽ മുമ്പ് വിഭാവന ചെയ്തതുപോലെ 12 നിലകളുള്ള കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, റാന്നി താലൂക്കാശുപത്രിയിൽ നിലവിൽ നാല് നിലകൾ വീതമുള്ള ഒ.പി. വിഭാഗവും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്ന രണ്ട് കെട്ടിടങ്ങളാണുള്ളത്. ഒ.പി. ട്രാൻസ്ഫർമേഷന്റെ ഭാഗമായി ഒരു കോടി നാല് ലക്ഷം രൂപയുടെ പ്രവൃത്തികൾ ഹൗസിംഗ് ബോർഡുവഴി നടത്തുന്നതിനുള്ള നടപടി തുടരുകയാണ്. റാന്നി താലൂക്കാശുപത്രിയിലെ ഔട്ട് പേഷ്യന്റ് വിഭാഗം, അത്യാഹിത വിഭാഗം, ലാബുകൾ എന്നിവയുൾപ്പെടെയുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ കിഫ്ബി ധനസഹായത്തോടുകൂടി നവീകരിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി HITES-നെ ചുമതലപ്പെടുത്തിയിരുന്നു. HITES തയ്യാറാക്കിയ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 30.12.2020-ലെ ഉത്തരവ് പ്രകാരം 12.77 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഈ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് 12 നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചില

സാങ്കേതിക തടസ്സങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ HITES ചൂണ്ടിക്കാട്ടിയിരുന്നു. ഒ.പി., കാഷ്വാലിറ്റി തുടങ്ങിയവയുടെ നവീകരണത്തിനായി കിഫ്ബി പദ്ധതിയിൽപ്പെടുത്തി അനുവദിച്ചിരുന്ന 12.77 കോടി രൂപ ഉപയോഗിച്ച് മൂന്നുനിലകളുള്ള ഒരു കെട്ടിടം ഭാവിയിൽ ഏഴുനിലകൾ വരെ നിർമ്മിക്കാവുന്ന രീതിയിലുള്ള ഫൗണ്ടേഷനോടുകൂടി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ട വിശദമായ പദ്ധതിരേഖയാണ് HITES തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളത്. ഇതിന്മേൽ കിഫ്ബിയുടെ സാങ്കേതിക പരിശോധനകൾക്കും സാമ്പത്തികാനുമതിക്കുംശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

റാന്നി താലൂക്കാശുപത്രിയോട് ചേർന്നുകിടക്കുന്ന റാന്നി വില്ലേജിലെ രണ്ട് സ്ഥലങ്ങൾ, 30 സെന്റ് സ്ഥലവും 21 1/2 സെന്റ് സ്ഥലവും നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ വാങ്ങുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. അവിടെ 12 നിലയ്ക്ക് സാങ്കേതിക തടസ്സങ്ങൾ ഉള്ളതുകൊണ്ട് ഏഴുനിലയ്ക്കുള്ള ഫൗണ്ടേഷൻ ഇട്ടുകൊണ്ടാണ് ഇപ്പോൾ ആദ്യഘട്ടത്തിൽ മൂന്ന് നിലകൾ പണിയുന്നത്. ബഹുമാന്യനായ എം.എൽ.എ.-യുടെയും റാന്നിയുടെയും ആവശ്യം പരിഗണിച്ചുകൊണ്ട് റാന്നി താലൂക്കാശുപത്രിയിൽ ഇന്നലെ ഒരു ആധുനിക ലേബർ ഡെലിവറി സ്യൂട്ട് നിർമ്മിക്കുന്നതിന് 69 3/4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## (10) കോവിഡ് ചികിത്സാ സൗകര്യം

ശ്രീ. ടി. സിദ്ദിഖ്: സർ, എല്ലാവർഷവും പ്രത്യേകിച്ച് പ്രളയസമയത്ത് വയനാട്ടിലേയ്ക്കുള്ള എല്ലാ റോഡുകളിലും ഗതാഗതം പൂർണ്ണമായി നിർത്തേണ്ടിവന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അത് 25 ദിവസം വരെ നീണ്ടുനിന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. ഉരുൾപൊട്ടൽ, റോഡ് തകരൽ, വെള്ളപ്പൊക്കം, മലയിടിച്ചിൽ തുടങ്ങി എല്ലാ പ്രശ്നങ്ങളും അവിടെ നേരിടുന്നുണ്ട്. ഇപ്പോൾ കോവിഡിന്റെ സെക്കൻഡ് വേവ് നടക്കുമ്പോൾ ഓക്സിജൻ കിട്ടാതെ ബുദ്ധിമുട്ട് വന്ന ഒരു ദിവസവുമുണ്ടായി. അപ്പോൾ അവിടെ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിയും ജില്ലാ ഭരണകൂടവും ഞങ്ങളെല്ലാവരും ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തു. നിലവിൽ വയനാട് ജില്ല ആശ്രയിക്കുന്നത്, കോഴിക്കോട് ഗോവിന്ദ് ഏജൻസി, ചേളാരി ശ്രീകൃപ, പാലക്കാട് കഞ്ചിക്കോടുള്ള INOX ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെയാണ്. റോഡ് തകർന്നാൽ വേറെ മാർഗ്ഗമില്ല; അവിടെ റെയിൽവേയും ബദൽ റോഡുമില്ല. അതുപോലെ എയർ കണക്ടിവിറ്റിയും ഇല്ലാത്ത സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ ചുരത്തിന് മുമ്പിലും

പിറകിലുമായി നിരവധിയാളുകൾ മരണപ്പെടുന്നതായ ഒരു ജില്ലയാണ്. നിലവിൽ കോവിഡ് മൂന്നാം വേവ് ഉണ്ടാകുമോയെന്നുള്ള ആശങ്ക നമ്മുടെ മുന്നിലുണ്ട്. അത് വരാനിരിക്കുന്ന സമയത്ത് മൺസൂൺ കടന്നുവരികയാണ്. സ്വാഭാവികമായി മണ്ണിടിച്ചിലും പ്രളയവും ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമൊക്കെ കാരണം റോഡ് ഗതാഗതം പൂർണ്ണമായും സ്തംഭിപ്പിക്കപ്പെടും. നിലവിൽ ഓക്സിജന്റെ പാസ്സേജ് മുഴുവൻ റോഡിലൂടെയാണ്. ഓക്സിജന്റെ സ്വയംപര്യാപ്തതയില്ലാത്ത ഒരു ജില്ലയാണ് വയനാട്. സർക്കാർ, സ്വകാര്യ മേഖലകളിൽ ആശുപത്രികളുള്ള വയനാട് ജില്ലയിൽ സമ്പൂർണ്ണ സ്വയംപര്യാപ്തതയിലേയ്ക്ക് ഓക്സിജൻ മേഖലയെ കൊണ്ടു പോകാനുള്ള അടിയന്തര നടപടിയുണ്ടാകണം. അതിന്റെ ഭാഗമായി 18-5-2021-ൽ ഇറക്കിയ സർക്കാർ ഓർഡർ ഇതുവരെ പ്രാബല്യത്തിലായിട്ടില്ല. മൺസൂൺകാലം തുടങ്ങിയതുകൊണ്ട് അടിയന്തരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. അതിനോടൊപ്പം ഐ.സി.യു. ആംബുലൻസിന്റെ ഒരു പ്രശ്നംകൂടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും ബഹുമാന്യയായ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. എം.എൽ.എ. ഫണ്ടിൽനിന്ന് ഐ.സി.യു. ആംബുലൻസ് ലഭിക്കുന്നതിനുവേണ്ടി ബഹുമാന്യനായ സുൽത്താൻ ബത്തേരി എം.എൽ.എ. ഉൾപ്പെടെ 2020 മേയ് മാസം അപേക്ഷ കൊടുത്തതാണ്. എമർജൻസി സർവ്വീസിനാവശ്യമായ ഇക്കാര്യംപോലും ഇതുവരെ അനുവദിക്കപ്പെട്ടില്ല.

ഏറ്റവും വേദനിപ്പിക്കുന്ന ഒരു അനുഭവം എന്റെ നിയോജക മണ്ഡലത്തിലുണ്ടായിട്ടുണ്ട്. ബത്തേരി താലൂക്കാശുപത്രിയിലെ ലാബ് ടെക്നീഷ്യ നായിരുന്ന 25 വയസ്സുള്ള അശ്വതി കോവിഡ് ബാധിച്ച് മരിച്ചു. മരിക്കുന്നതിനുമുമ്പ് ഫേസ്ബുക്കിൽ മനോഹരമായി എല്ലാവരോടും കളിച്ചുചിരിച്ച് യാത്ര പറഞ്ഞ് ചികിത്സയ്ക്ക് പോയി. അവിടെ വച്ച് അശ്വതി വളരെ ഗുരുതരാവസ്ഥയിലായി. ആ കുട്ടിയെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ ഐ.സി.യു. ആംബുലൻസിനുവേണ്ടി 12 മണിക്കൂർ കാത്തുനിൽക്കേണ്ടിവന്നു. അതിനുശേഷം ആ കുട്ടിയെ മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുമ്പോൾ പുതുപ്പാടിയിൽവച്ച് ശ്വാസതടസ്സമുണ്ടായി മരിക്കുന്ന സാഹചര്യമുണ്ടായി. എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുണ്ടായിട്ടും ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ എമർജൻസി ഐ.സി.യു. ആംബുലൻസ് ലഭ്യമാകാത്ത സാഹചര്യം ഗൗരവതരമായ ഒരു പ്രശ്നമാണ്. അതുകൊണ്ടുതന്നെ ഈ രണ്ട് കാര്യത്തിലും ഗൗരവതരമായ ഇടപെടലും നടപടിയുമുണ്ടാകണം. ഓക്സിജന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയുള്ള ജില്ലയാക്കി മാറ്റാനുള്ള നടപടിയുണ്ടാക ണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വയനാട് ജില്ലയിൽ കോവിഡ് മഹാമാരിയോടനുബന്ധിച്ച് 21 സ്ഥാപനങ്ങൾ വഴിയാണ് രോഗീചികിത്സ ഏകോപിപ്പിക്കുന്നത്. സർക്കാർ-സ്വകാര്യമേഖലകളിലുള്ള ആരോഗ്യസ്ഥാപനങ്ങളും കോവിഡ് ഫസ്റ്റ് ലൈൻ, സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ഉൾപ്പെട്ടിരിക്കുന്ന മേൽപ്പറഞ്ഞ ചികിത്സാസ്ഥാപനങ്ങളിൽ 826 ഓക്സിജൻ സിലിണ്ടറുകളുടെയും മാനന്തവാടി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് മിനിറ്റിൽ 280 ലിറ്റർ ശേഷിയുള്ള ഓക്സിജൻ ജനറേറ്ററിന്റെയും വിംസ് മെഡിക്കൽ കോളേജിൽ 6 മെട്രിക് ടൺ ലിക്വിഡ് മെഡിക്കൽ ഓക്സിജന്റെയും കരുതൽശേഖരം ഉറപ്പാക്കിയിട്ടുണ്ട്. അദ്ദേഹം കോഴിക്കോട്ടുനിന്ന് വാങ്ങുന്ന ഓക്സിജനെക്കുറിച്ച് പറഞ്ഞു. ഞാൻ അതേക്കുറിച്ച് പറയുന്നില്ല. പാലക്കാട് ജില്ലയിലെ INOX എന്ന സ്ഥാപനത്തിൽനിന്നും കൃത്യമായ ഇടവേളകളിൽ വാഹനസൗകര്യം ഒരുക്കി വിംസ് ആശുപത്രിയിലെ 6 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ ടാങ്കിൽ ഓക്സിജന്റെ കരുതൽശേഖരം ഉറപ്പാക്കി. ആരോഗ്യ വകുപ്പ് കോവിഡ് സംബന്ധിയായ അടിയന്തര ചികിത്സ നടപ്പാക്കിവരുന്നു. കോവിഡ് രണ്ടാംതരംഗത്തിന്റെ പീക്ക് ടൈമിൽ 4.02 മെട്രിക് ടൺ ഓക്സിജനാണ് കോവിഡ്, നോൺ-കോവിഡ് ചികിത്സയ്ക്കായി വയനാട്ടിൽ എല്ലാ ഹോസ്പിറ്റലുകളിലുമായി പരമാവധി ഒരു ദിവസം വേണ്ടിവന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജ് വയനാട് ഉൾപ്പെടെ മൂന്ന് ഗവൺമെന്റ് ഹോസ്പിറ്റലുകളും ഡി.എം. വിംസ് മെഡിക്കൽ കോളേജുമുൾപ്പെടെ 10 പ്രൈവറ്റ് ഹോസ്പിറ്റലുകളുമാണ് പ്രധാന കോവിഡ് ഹോസ്പിറ്റലുകൾ. ഇവിടെ ആറ് കിലോ ലിറ്റർ കപ്പാസിറ്റിയുള്ള ലിക്വിഡ് ഓക്സിജൻ പ്ലാന്റും മാനന്തവാടി മെഡിക്കൽ കോളേജിൽ 280 ലിറ്റർ/മിനിട്ട് കപ്പാസിറ്റിയുള്ള ഓക്സിജൻ ജനറേറ്ററുമാണുള്ളത്. ഇതിനുപുറമെ വരുന്ന ഓക്സിജൻ ആവശ്യങ്ങൾക്ക് ഡി ടൈപ്പ് സിലിണ്ടറുകളും ബി ടൈപ്പ് സിലിണ്ടറുകളുമാണ് ഉപയോഗിച്ചു വരുന്നത്. മറ്റെല്ലാ ഹോസ്പിറ്റലുകളുടെയും ആവശ്യങ്ങൾക്ക് സാധാരണ ഓക്സിജൻ സിലിണ്ടറുകളാണ് ഉപയോഗിച്ചുവരുന്നത്. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കാരണം മഴക്കാലമാകുമ്പോൾ, വയനാട്ടിലേയ്ക്കുള്ള ഗതാഗതം തടസ്സപ്പെടുമ്പോൾ, അവിടെ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഉണ്ടായിട്ടുള്ള പ്രളയവും മണ്ണിടിച്ചിലും മുൻനിർത്തി, വയനാട് ജില്ലയിൽത്തന്നെ ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് രണ്ട് ഓക്സിജൻ ജനറേറ്ററുകൾ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്.

1500 ലിറ്റർ/മിനിട്ട് കപ്പാസിറ്റിയുള്ള ജനറേറ്റർ വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലും 1000 ലിറ്റർ/മിനിട്ട് കപ്പാസിറ്റിയുള്ള ജനറേറ്റർ ജനറൽ ഹോസ്പിറ്റൽ കൽപ്പറ്റയിലും കെ.എം.എസ്.സി.എൽ. മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ സപ്ലൈ, ഇൻസ്റ്റലേഷൻ നടപടികൾ കൈക്കൊണ്ടുവരികയാണ്. കൂടാതെ 800 ഡി ടൈപ്പ് സിലിണ്ടർകൂടി ബഫർ സ്റ്റോക്കായി ജില്ലയിൽ ആവശ്യം വന്നേക്കാം. ഇതിനായി 140 ഇൻഡസ്ട്രിയൽ സിലിണ്ടറുകളടക്കം 360 ഡി ടൈപ്പ് സിലിണ്ടർ ജില്ലയിൽ ഇതിനോടകം എത്തിച്ചുകഴിഞ്ഞു. ബാക്കി ലഭ്യമാക്കാനുള്ള നടപടി അടിയന്തരമായി കൈക്കൊണ്ടു വരികയാണ്.

മറ്റൊന്ന് ഡി.എം. വിംസ് ഹോസ്പിറ്റലുമായി ബന്ധപ്പെട്ടുള്ളതാണ്. ഇവിടെ ലിക്വിഡ് ഓക്സിജൻ പ്ലാന്റാണുള്ളത്. INOX, പാലക്കാട് നിന്നാണ് ഓക്സിജൻ റീഫില്ലിംഗ് നടക്കുന്നത്. അവിടെ ഓക്സിജൻ സ്റ്റോർ ചെയ്തുവയ്ക്കാൻ സാധ്യമല്ലാത്തതിനാൽ മൈസൂരു-വയനാട് പാതയിലൂടെ ഓക്സിജൻ എത്തിക്കുന്നതിനുള്ള നടപടിയും അടിയന്തരഘട്ടത്തിൽ കൈക്കൊള്ളുന്നതാണ്. വയനാട് ജില്ലയിൽ ആരോഗ്യ സ്ഥാപനങ്ങളുടെ ഭാഗമായി നിലവിൽ ലഭ്യമായിട്ടുള്ള ആംബുലൻസുകൾക്കുപുറമെ അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് സംവിധാനമുള്ള ഓരോ ആംബുലൻസുകൾ മാനന്തവാടി ജില്ലാ ആശുപത്രിയിലും ബത്തേരി താലൂക്കാശുപത്രിയിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കനിവ് 108 ആംബുലൻസ് പദ്ധതിയോടനുബന്ധിച്ച് 11 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകളും കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് 24 മണിക്കൂറും ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റ് ആംബുലൻസുകളിൽനിന്നും വ്യത്യസ്തമായി പരിശീലനം സിദ്ധിച്ച പൈലറ്റിന്റെയും എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെയും സേവനവും ആവശ്യ ഉപകരണങ്ങളുടെയും മരുന്നിന്റെയും ലഭ്യതയും ആംബുലൻസിൽ ഉറപ്പാക്കുന്നുണ്ട്. കോവിഡ് രോഗബാധയെത്തുടർന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആ നിർഭാഗ്യകരമായ സംഭവത്തെത്തുടർന്ന് മരണപ്പെട്ട ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി നിയമിക്കപ്പെട്ടിരുന്ന ലാബ് ടെക്നീഷ്യനെ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.സി.യു. ബെഡ് ലഭ്യത ഉറപ്പാക്കിയശേഷം അതേ ഐ.സി.യു. ആംബുലൻസിൽ തന്നെയാണ് ഷിഫ്റ്റ് ചെയ്തിട്ടുള്ളത്. എം.എൽ.എ. ഫണ്ട് അനുവദിച്ച് ഒരു വർഷമായിട്ടും ഐ.സി.യു. ആംബുലൻസ് ലഭിച്ചില്ലെന്ന വിഷയത്തിൽ, അടിയന്തരമായി ഒരു ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസ് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

## V ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് അവതരിപ്പിച്ച ബഡ്ജറ്റിന്റെ തുടർച്ചയായിട്ടാണ് ഈ ബഡ്ജറ്റും അവതരിപ്പിച്ചത്. അന്ന് മുൻകൂട്ടിക്കാണാൻ സാധിക്കാതിരുന്ന ചില പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നതിനുവേണ്ടിയാണ് ഈ ബഡ്ജറ്റിന് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളതെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് ഇക്കാര്യത്തിൽ ഒന്നുരണ്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാനുണ്ട്. വലിയ വീടുകൾക്ക് ലക്ഷ്വറി ടാക്സ് നൽകുന്നുണ്ട്. ഗൾഫ് നാടുകളിലുണ്ടായിരുന്ന സന്ദർഭത്തിൽ വലിയ വീടുകൾ നിർമ്മിച്ചവരെല്ലാം ഇപ്പോൾ നിർദ്ധനരായി മാറിയിരിക്കുകയാണ്. അതുപോലെതന്നെ അച്ഛൻ വലിയ വീട് നിർമ്മിച്ചിട്ടുണ്ടാകും. പക്ഷേ സ്വത്ത് ഭാഗം ചെയ്തുവരുമ്പോൾ ഇളയ മകനായിരിക്കാം ഈ വീട് കിട്ടിയിട്ടുണ്ടാകുക. അപ്പോൾ അവർക്ക് ഈ ലക്ഷ്വറി ടാക്സ് അടയ്ക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതുകൊണ്ട് ലക്ഷ്വറി ടാക്സ് വേണ്ട എന്നല്ല ഞാൻ പറയുന്നത്, മറിച്ച് വെഹിക്കിൾ ടാക്സ് പോലെ ഒറ്റത്തവണയായി അത് ഈടാക്കാനുള്ള സംവിധാനമൊരുക്കിയാൽ ഇത്തരം ആഡംബര വീടുണ്ടാക്കുന്നവർ അപ്പോൾത്തന്നെ ആ നികുതി അടയ്ക്കും. പിന്നീട് വരുന്നയാളുകൾക്ക് ആ ബാദ്ധ്യതയുണ്ടാവില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ബഡ്ജറ്റിനെപ്പറ്റി ആകെ പറയാനുള്ള കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇന്നലെ സൂചിപ്പിച്ചിരുന്നു. നിയമസഭയ്ക്കുള്ളിൽവച്ച് ആർക്കും ഒരാക്ഷേപവും പറയാൻ ധൈര്യമില്ല. മാർ ക്രിസോസ്റ്റം തിരുമേനി, കെ. ആർ. ഗൗരിയമ്മ, ആർ. ബാലകൃഷ്ണപിള്ള എന്നീ മൂന്ന് വ്യക്തികൾക്കാണ് സ്മാരകം നിർമ്മിക്കാനുള്ള പ്രൊവിഷൻ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്. അതെന്താണ് ഉണ്ടാക്കുന്നതെന്നത് സംബന്ധിച്ച് ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ ഇന്നലെ സൂചിപ്പിച്ചതുകൊണ്ട് ആ കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇങ്ങനെയുള്ള തെറ്റായ, പ്രചണ്ഡമായ പ്രചാരവേലകൾ എല്ലായിടത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുക എന്നതുമാത്രമാണ് പ്രതിപക്ഷ നിരയിലുള്ളവർക്ക് ചെയ്യാൻ സാധിക്കുന്നത്. ഇതൊരു പുതിയ അനുഭവമല്ല. തിരുവനന്തപുരത്ത് സി.എച്ച്. ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ട്. അതിനുള്ള സ്ഥലം നൽകിയത് ഗവൺമെന്റാണ്. എ.കെ.ജി. സെന്ററുമുണ്ട്, അങ്ങനെ ഒരുപാടുണ്ട്, ഇല്ലെന്ന് ഞാൻ

പറയുന്നില്ല. അപ്പോൾ സ്മാരകങ്ങളെന്ന് പറയുന്നത് വെറും പ്രതിമയാണെന്നുള്ള രീതിയിൽ പ്രചരണം നടത്തി ഈ ബഡ്ജറ്റിനെ ഇകഴ്ത്തിക്കാണിക്കാനുള്ള ശ്രമമാണ് പലയാളുകളും നടത്തുന്നത്.

ഇന്നലെ, ഫോറസ്റ്റിൽനിന്ന് മരം മുറിച്ചുകൊണ്ടുപോകുകയാണെന്നുള്ള ചില പരാമർശങ്ങളുണ്ടായി. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലുള്ള മരങ്ങളാണ് ഇങ്ങനെ മുറിച്ചത്. വനത്തിൽ കൊള്ള നടത്തിയതാണെന്നുള്ള പ്രചണ്ഡമായ പ്രചാരവേലകളാണ് പുറത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ആവശ്യം കൃഷിക്കാരാണ് മുന്നോട്ടുവച്ചത്. കാരണം അവരുടെ പറമ്പിൽ അവർ നട്ടു വളർത്തിയ മരങ്ങളാണ് മുറിക്കുന്നത്. ഞങ്ങൾക്കതിന് സാധിക്കുന്നില്ലെങ്കിൽ ഞങ്ങളെന്തിനാണ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് എന്ന കൃഷിക്കാരുടെ ന്യായമായ ചോദ്യമാണ്; അത് അനുവാദത്തോടെ മുറിക്കാനുള്ള ഒരനുമതിയാണ് അവർ ആഗ്രഹിക്കുന്നത്. അത് ദുരുപയോഗപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. പക്ഷെ, പ്രതിപക്ഷത്തുള്ളവർ പറയുന്നത് ഇതിനെ വനം കൊള്ളയെന്നാണ്. ഇന്ന് വാഹനങ്ങളെ സംബന്ധിച്ചും പെട്രോളിന്റെയും ഡീസലിന്റെയും ടാക്സിനെ സംബന്ധിച്ചും പറഞ്ഞു. ഇവിടെ വാഹനങ്ങൾ ഓടുന്നില്ല, അതിനാൽ ഡീസലും അടിക്കുന്നില്ല. ഓട്ടോറിക്ഷ ഓടാത്തതിനാൽ അവർ പെട്രോളുമടിക്കുന്നില്ല. അതേസമയം കഴിഞ്ഞ ഗവൺമെന്റ് ചെയ്തൊരു കാര്യം മനസ്സിലാക്കണം. അവരുടെ വെഹിക്കിൾ ടാക്സ് ഒഴിവാക്കിക്കൊടുത്തു. അപ്പോൾ ഇങ്ങനെയുള്ള പ്രചണ്ഡമായ പ്രചാരവേലകൾ നടത്താനുള്ള ഒരു ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. അല്ലാതെ ഈ ബഡ്ജറ്റിനെ യഥാർത്ഥത്തിൽ വിമർശിക്കാനുള്ള ഒരു സാധ്യതയും പ്രതിപക്ഷത്തി നില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

ഞാൻ കുന്ദമംഗലം നിയോജകമണ്ഡലത്തിൽനിന്നാണ് വരുന്നത്. ഇവിടെ കഴിഞ്ഞ കുറേ ദിവസങ്ങളായി ഒരു ചർച്ച നടന്നത്, എല്ലായിടത്തും കോ-ലീ-ബി സഖ്യമായിരുന്നുവെന്നതാണ്. കുന്ദമംഗലത്ത് പരസ്യമായ കോ-ലീ-ബി സഖ്യമാണുണ്ടായിരുന്നത്. ഇവിടെനിന്നുള്ള മൂന്നാളുകൾ കുന്ദമംഗലത്തിന് പുറത്തുപോയി മത്സരിച്ചിട്ടുണ്ട്. ഒരാൾ വയനാട്ടിൽനിന്നും ജയിച്ച് ഈ സഭയിലെത്തിയിട്ടുണ്ട്. മറ്റൊരാൾ പാലക്കാട് പോയി മത്സരിച്ച് ജയിച്ച് ഇവിടെ എത്തിയിട്ടുണ്ട്. അതുപോലെ മറ്റൊരാൾ മലപ്പുറം ജില്ലയിൽ പോയാണ് മത്സരിച്ചത്. പക്ഷെ ജയിച്ചവരും തോറ്റവരുമായ അവരെല്ലാം മത്സരിച്ചത് അവരുടെ പാർട്ടി ചിഹ്നത്തിലാണ്. പക്ഷെ കുന്ദമംഗലത്ത് മത്സരിച്ച വ്യക്തിയെ പ്രഖ്യാപിച്ചത് പാണക്കാട് തങ്ങളായിരുന്നു. ഡി.സി.സി. സെക്രട്ടറിയെയാണ് പ്രഖ്യാപിച്ചത്. അയാൾക്കാണെങ്കിൽ ചിഹ്നമില്ലായിരുന്നു. ശ്രീ. പി. ഉബൈദുള്ളയെ പ്രഖ്യാപിച്ച ആളുതന്നെയാണ് കുന്ദമംഗലത്തെ

ഡി.സി.സി. സെക്രട്ടറിയുടെ പേരും പ്രഖ്യാപിച്ചത്, അതാണ് പ്രശ്നം. അപ്പോൾ നിങ്ങളെന്താണ് ഉദ്ദേശിച്ചതെന്നത് കുന്ദമംഗലത്തെ ജനങ്ങൾ കൃത്യമായി മനസ്സിലാക്കിയതുകൊണ്ട് അവർ അതിനെതിരായി ഒരു മറുമരുന്ന് ഉപയോഗിച്ചു. അപ്പോൾ ഒരുപാട് നിയോജകമണ്ഡലങ്ങളിൽ ഈ കോ-ലീ-ബി സഖ്യമുണ്ടായിരുന്നുവെന്ന് നമുക്കറിയാം.

12.00 Noon]

പക്ഷേ കുന്ദമംഗലത്ത് പ്രത്യേകം പരസ്യമായൊരു സഖ്യമാണ് ഉണ്ടായതെന്നുള്ളത് മീഡിയാ വൺ ചാനൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, കേരളത്തിലുടനീളം നിങ്ങൾ വർഗ്ഗീയ ധ്രുവീകരണം നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വാക്സിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിചാരിക്കുന്നത്, അവരുടെ ജില്ലയെ സംബന്ധിച്ച് പറഞ്ഞപ്പോൾ നിങ്ങൾ മറ്റെന്തോ പറയുകയാണെന്നാണ്. മലപ്പുറം ജില്ലയ്ക്ക് വാക്സിൻ കൊടുത്തിട്ടില്ല എന്നുപറയാൻ വേണ്ടിയാണ് ഈ ബഹളമൊക്കെ ഉണ്ടാക്കുന്നത്. യഥാർത്ഥത്തിൽ ജനസംഖ്യാനുപാതികമായി മലപ്പുറം ജില്ലയ്ക്ക് വാക്സിൻ കൊടുത്തിട്ടുണ്ട്. രണ്ടാമത്തേത് കൊടുക്കുമ്പോൾ അവിടെ ആരെങ്കിലും എടുക്കണ്ടെ? അത് എടുക്കുന്നതിനനുസരിച്ചാണ് ബാക്കി വാക്സിൻ കൊടുക്കുന്നത്. മലപ്പുറം ജില്ലയ്ക്ക് വാക്സിൻ കൊടുത്തില്ല എന്നുപറഞ്ഞ് ഒരു വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് പറയൂ.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്, മലപ്പുറം ജില്ലയിൽ കൂടുതൽ വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തണമെന്നത് വർഗ്ഗീയതയാണെന്നാണ്. ഒരു ജില്ലയിലെ ജനങ്ങൾക്ക് കൂടുതൽ വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തണം എന്നുപറഞ്ഞാൽ അവിടെ ഒരു സമുദായത്തിന്റെയോ ജാതിയുടെയോ കാര്യം പറഞ്ഞിട്ടില്ല. തൊട്ടതിനൊക്കെ വർഗ്ഗീയത കാണാൻ കഴിയുന്നത് വർഗ്ഗീയ കൂട്ടുകെട്ടിന്റെ ഫലമാണ്. അതുകൊണ്ട് അത്തരം അടിസ്ഥാനരഹിതമായ പരാമർശങ്ങൾ, പ്രത്യേകിച്ചും ഒരു പ്രദേശത്തെ വർഗ്ഗീയമായി മുദ്രകുത്തുന്ന പരാമർശങ്ങൾ സഭാ രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പരിശോധിച്ച് നടപടി സ്വീകരിക്കാം *.

*ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവു പ്രകാരം (ഫ.നം. 9246/ഇ.ബി/2021/നി.സെ തീയതി

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കഴിഞ്ഞ ദിവസം കടപ്പുറത്ത് വെള്ളപ്പൊക്കവും ദുരിതങ്ങളുമുണ്ടാകുന്നതു സംബന്ധിച്ച് പറഞ്ഞപ്പോൾ ഒരാളിവിടെ പ്രസംഗിച്ചു, കൊച്ചി വരെയേയുള്ളൂ, അവിടെ നിന്നങ്ങോട്ട് കാണുന്നില്ല എന്ന്. ബഹുമാനപ്പെട്ട മന്ത്രി, വളരെ വ്യക്തമായി 590 കിലോമീറ്ററാണ്, 52 ക്രൂഷ്യൽ പോയിന്റുണ്ട് എന്നൊക്കെ പറഞ്ഞപ്പോൾ അപ്പുറത്തുനിന്ന് പറയുന്നത്, വണ്ടി കൊച്ചിയിൽനിന്ന് അങ്ങോട്ട് പോകുന്നില്ല, തിരൂരങ്ങാടിയും പരപ്പനങ്ങാടിയുമൊക്കെയുണ്ട് എന്ന്. ഇതൊക്കെ ജനങ്ങൾക്ക് മനസ്സിലായതു കൊണ്ടാണ് നിങ്ങൾക്ക് അപ്പുറത്ത് ഇരിക്കേണ്ടി വന്നതെന്ന് മനസ്സിലാക്കിയാൽ മതി. പള്ളിയിലെ ബാങ്കുവിളിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. എം.എൽ.എ. ക്വാർട്ടേഴ്സിൽ താമസിക്കുന്ന ആളുകൾ പള്ളിയിലെ ബാങ്കുവിളി ശ്രദ്ധിച്ചുകേൾക്കണം. സാധാരണ 5 മണിസമയത്താണ് ബാങ്ക് വിളിക്കുന്നത്. ബാങ്ക് വിളിക്കുന്ന കൂട്ടത്തിൽ 'സ്വല്ലൂ ഫീ ദിയാരിക്കും' എന്ന് പറയുന്നുണ്ട്. അതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് അറിയാമോ? 'എവിടെയാണോ നിങ്ങൾ താമസിക്കുന്നത് അവിടെവച്ച് നിസ്കരിക്കുന്നതാണ് നിങ്ങൾക്ക് ഉത്തമം' എന്നാണ്. ശ്രീ. പിണറായി വിജയൻ പറഞ്ഞിട്ടല്ല പള്ളിയിൽനിന്ന് അത് പറയുന്നത്, അവരുടെ മതപരമായ ധർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്. 2020-ൽ ബഹുമാനപ്പെട്ട കെ. പി. എ. മജീദ് കോഴിക്കോടുവച്ച് പള്ളി തുറക്കണമെന്നുപറഞ്ഞ് എല്ലാ മതസംഘടനയിൽനിന്നും യോഗം വിളിച്ചു. എന്നിട്ട് എന്തുണ്ടായി? ഒറ്റ ദിവസംകൊണ്ട് അത് പൊട്ടിപ്പോയി. കാരണം അതൊക്കെ പറയേണ്ടത് മതനേതാക്കന്മാരും മതപണ്ഡിതന്മാരുമാണ്. അതുകൊണ്ട് പള്ളിയിലെ ബാങ്കും മറ്റും പറഞ്ഞ് നിങ്ങളിവിടെ പ്രശ്നമുണ്ടാക്കാൻ ശ്രമിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ കോഴിക്കോടുനിന്ന് തിരുവനന്തപുരത്തേയ്ക്ക് വരുന്ന യാത്രാമദ്ധ്യേ ഒരുപാട് പള്ളികൾ ഉണ്ടെങ്കിലും അവിടെയൊക്കെ കയറി നിസ്കരിക്കാനൊന്നും പറഞ്ഞിട്ടില്ല. ചുരുക്കി നിസ്കരിക്കാനും ഒറ്റ പ്രാവശ്യം നിസ്കരിക്കാനും സാധിക്കുന്ന ഒരു മതമാണ് ഇസ്ലാംമതമെന്ന് മനസ്സിലാക്കിയാൽ മതി. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളൊന്നും പറയേണ്ട ആവശ്യമില്ല. അതുമാത്രമല്ല, പ്രവാചകൻ, മഴ ഉണ്ടാകുമെന്ന് കണ്ടപ്പോൾ പള്ളിയിലെത്തിയ ആളോട് അടുത്ത നിസ്കാരവുംകൂടി ഇപ്പോൾ നിസ്കരിച്ച് പൊയ്ക്കോളൂ എന്ന് പറഞ്ഞതാണ്. ആ ഒരു വ്യവസ്ഥയുള്ള സംവിധാനമാണ്.

ഈ ഗവൺമെന്റിന് നൂറിലധികം സീറ്റ് കിട്ടേണ്ടതായിരുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റായ ബഹുമാനപ്പെട്ട ജിഫ്രി മുത്തുക്കോയ തങ്ങൾ കോഴിക്കോട് കടപ്പുറത്തുവച്ച് ഒരു പ്രസംഗം നടത്തിയിരുന്നു. പൗരത്വ ബില്ലുമായി

10-6-2021) സഭാ രേഖകളിൽ നിലനിർത്തി.

ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ യോഗത്തിൽ നടത്തിയ ഒരു പ്രസംഗമുണ്ട്. ഒരു സമൂഹം എന്ത് ചെയ്യണമെന്നറിയാതെ ഭയവിഹ്വലരായി നിൽക്കുമ്പോൾ ഞങ്ങളെ ചേർത്തുപിടിച്ച് ഒന്നായി നിർത്തിയിട്ടുള്ള അങ്ങാണ് ഭരണാധികാരി, നിങ്ങളുടെ കൂടെയാണ് ഞങ്ങളുള്ളത് എന്ന്. അപ്പോൾ ഞാൻ ഉറപ്പിച്ചതാണ് നൂറിലധികം സീറ്റ് ലഭിക്കുമെന്ന്. രണ്ടെണ്ണത്തിന്റെ കുറവേയുള്ളൂ. അനതിവിദൂരമല്ലാത്ത ഭാവിയിൽ അത് നൂറല്ല നൂറ്റൊന്ന് തികയ്ക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. ന്യൂനപക്ഷ വിവാദം, 80:20 വിവാദം എന്നിങ്ങനെ ഇപ്പോൾ എന്തൊക്കെ വിവാദങ്ങളാണ് ഉണ്ടായിട്ടുള്ളത്. എനിക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഞ്ചാം മന്ത്രി വിവാദ സമയത്ത് നിങ്ങളോട് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. കേരളത്തിലെ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കിക്കൊണ്ടുവേണം കാര്യങ്ങൾ പറയേണ്ടതെന്ന്. അത് നിങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ, ബഹുമാന്യനായ പുതിയ പ്രതിപക്ഷനേതാവ് ആ വാദങ്ങൾ ഉപേക്ഷിച്ചിട്ടുണ്ടോ എന്നെനിക്ക് പറയാൻ സാധിക്കില്ല, ഏതായാലും നിങ്ങൾ അക്കാര്യം മനസ്സിലാക്കുക. നിങ്ങൾ പറഞ്ഞതുപോലെയൊന്നും ഇപ്പോൾ മതപണ്ഡിതന്മാരെ കിട്ടുന്നില്ല. 80:20 വലിയ പ്രശ്നമായി നിങ്ങൾ എന്തുകൊണ്ടാണ് ഒരു അടിയന്തരപ്രമേയമോ, സബ്മിഷനോ, ശ്രദ്ധക്ഷണിക്കലോ ആയി കൊണ്ടുവരാത്തത്? അതുകൊണ്ട് നിങ്ങൾ എവിടെയാണ് നിൽക്കുന്നതെന്ന് സ്വയം മനസ്സിലാക്കിയാൽ മതി. പാലക്കാട് ജില്ലയിൽ പുതുനഗരം പഞ്ചായത്തിലെ 90 ശതമാനം ആൾക്കാരും മുസ്ലീം ജനവിഭാഗങ്ങളാണ്. മാത്രമല്ല, പുതുനഗരം പഞ്ചായത്തിന് മലപ്പുറം ജില്ലയേക്കാൾ വലിയൊരു ചരിത്രവുമുണ്ട്. ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബിന്റെ കാലഘട്ടത്തിൽ പോലും, കോഴിക്കോട് മുസ്ലീംലീഗ് ഉണ്ടാകുന്നതിന് മുമ്പുണ്ടായ സ്ഥലമാണ്. ഒരു സമ്മേളനമുണ്ടാകുമ്പോൾ എല്ലാ വീടുകളിലും പച്ചക്കൊടി നാട്ടുന്ന സ്ഥലമാണ് പുതുനഗരം. അവിടെ കഴിഞ്ഞ തെരഞ്ഞെടുപ്പിന് 1600 വോട്ടിൽ കൂടുതലുണ്ടായിരുന്ന നിങ്ങൾക്ക് ഇപ്രാവശ്യം എത്രയായിരുന്നു? 1000 വോട്ടിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുമ്പിലായിരുന്നു എന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ചരിത്രം പഠിക്കുന്നില്ലെങ്കിൽ, വായിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ഇതിനേക്കാൾ വലിയ നാശമാണ് ഉണ്ടാകാൻ പോകുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചപ്പോൾ 80:20-ന്റെ കാര്യം പറഞ്ഞു, ന്യൂനപക്ഷ സംവരണം, സ്കോളർഷിപ്പിന്റെ കാര്യം. ഇവിടെ സർക്കാർ ഒരു സർവ്വകക്ഷിയോഗം കൂടി. ആ യോഗത്തിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കി എല്ലാ പാർട്ടികളും

ഗവൺമെന്റിനെ ഇതിനൊരു പരിഹാരമുണ്ടാക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. അങ്ങനെ പ്രതിപക്ഷവും ഭരണപക്ഷവും എല്ലാംകൂടി ഗവൺമെന്റിനെ ചുമതലപ്പെടുത്തിയൊരു വിഷയത്തിൽ അദ്ദേഹം ഇങ്ങോട്ട് നോക്കി പറഞ്ഞ കാര്യം ശരിയാണോ? ഒരു റൂളിംഗ് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം*.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അഭിനന്ദിക്കാനുള്ള കാരണം നിയമസഭയിലേയ്ക്ക് ആദ്യമായി കടന്നുവന്ന് ഒരു maiden speech ബഡ്ജറ്റ് പ്രസംഗമായി ലഭിച്ചു എന്നൊരു അപൂർവ്വത, ആദ്യത്തേതാണോയെന്ന് എനിക്കറിയില്ല, പക്ഷേ അപൂർവ്വമായൊരു അവസരമാണ്. അത് ലഭിച്ച ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ. പക്ഷേ ആ അപൂർവ്വമായ അവസരം ജനങ്ങൾക്കുവേണ്ടി വിനിയോഗിച്ചില്ല എന്നതുകൊണ്ടാണ് ഞാൻ ബഡ്ജറ്റിനെ എതിർക്കുന്നത്.

ഇതുപോലെ 5 വർഷംമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിയ 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗം മുഴുവൻ ഉമ്മൻ ചാണ്ടി ഗവൺമെന്റിനെതിരെയുള്ള കുറ്റപത്ര സമർപ്പണമായിരുന്നു. സമയപരിമിതികൊണ്ട് അതിന്റെ എല്ലാ തലങ്ങളിലേയ്ക്കും ഞാൻ പോകുന്നില്ല. പക്ഷേ ചില കാര്യങ്ങൾ സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല. അഞ്ച് വർഷക്കാലത്തെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടും കെടുകാര്യ സ്ഥതകൊണ്ടും അഴിമതികൊണ്ടും നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെന്നതാണ് അദ്ദേഹത്തിന്റെ ആദ്യത്തെ ചാർജ്ജ് ഷീറ്റ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പറയട്ടെ. അഞ്ച് വർഷം കഴിഞ്ഞു. ഈ ഗവൺമെന്റ് തുടർച്ചയാണ്. അങ്ങ് പുതിയ ധനകാര്യ വകുപ്പുമന്ത്രിയാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അഴിമതികൊണ്ടും കെടുകാര്യസ്ഥതകൊണ്ടും നികുതി പിരിവ് പരാജയമായിരുന്നെങ്കിൽ എന്തിന്റെ പുറത്താണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലം ദയനീയ പരാജയമായി നികുതിപിരിവ് മാറിയതെന്നുള്ളത് അങ്ങ് പരിശോധിക്കണം. സമയപരിമിതികൊണ്ട് ഞാൻ എല്ലാ കണക്കുകളും പറയുന്നില്ല, പക്ഷെ 2020-21-ലെ കണക്കുമാത്രം അങ്ങ് ഒന്ന് പരിശോധിക്കണം. എന്തായിരുന്നു റവന്യൂ റെസീപ്റ്റ്; ബഡ്ജറ്റ് എസ്റ്റിമേറ്റ്,

*ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവു പ്രകാരം (ഫ.നം. 9246/ഇ.ബി/2021/നി.സെ തീയതി 10-6-2021) സഭാ രേഖകളിൽ നിലനിർത്തി.

114635 കോടി രൂപ. എന്തായിരുന്നു Revenue Expenditure ? ആർ.ഇ. വന്നപ്പോൾ 18 ശതമാനം താഴോട്ടുവന്നു, വന്നത് 93115 കോടി രൂപയാണ്. അതുകഴിഞ്ഞ് അക്കൗണ്ട് കണക്ക് ഞങ്ങൾക്ക് ലഭിച്ചിട്ടില്ലെങ്കിലും അങ്ങേയ്ക്ക് ലഭിച്ചുകാണും. എനിക്ക് ഉറപ്പാണ് അത് 90000 കോടി രൂപയ്ക്കും താഴെയായിരിക്കും. നികുതി വരുമാനമെന്ന് പറയുന്നത് ഏതാണ്ട് 25-നും 30-നും ഇടയിലുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിലെ കുറവാണ് 2020-21 വർഷത്തിൽ മാത്രം. അതിനുമുമ്പുള്ള കണക്ക് പറയണമെങ്കിൽ കൂടുതൽ സമയം വേണ്ടിവരുമെന്നതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നികുതി പിരിവിൽ ഇത്രയും ഗുരുതരമായ വീഴ്ച വന്നത് എന്തുകൊണ്ടാണ്; അഴിമതികൊണ്ടാണോ; കെടുകാര്യസ്ഥത കൊണ്ടാണോ? അങ്ങ് പരിശോധിക്കണമെന്നേ എനിക്ക് പറയാനുള്ളൂ. രണ്ടാമത് അദ്ദേഹം പറഞ്ഞ ഒരു കാര്യമുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജായിരുന്നു ഏറ്റവും വലിയ കാര്യം. 50000 കോടി രൂപ കിഫ്ബിയിലൂടെ അനുവദിക്കുന്നു. രണ്ട് കൊല്ലംകൊണ്ട് 20000 കോടി രൂപ അനുവദിക്കുന്നു, കേരളത്തിൽ യു.ഡി.എഫ്. തകർത്ത സാമ്പത്തിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്റ്റിമുലസ് പാക്കേജ്, തൊഴിലില്ലായ്മ പരിഹരിക്കാൻ പോകുന്നു, മാർക്കറ്റുകൾ സജീവമാകുന്നു, പണം ഇറങ്ങുന്നു, 20000 കോടി രൂപ ഇറങ്ങിക്കഴിഞ്ഞാൽ രണ്ട് വർഷം കൊണ്ടുള്ള മാറ്റം എന്തായിരിക്കും? അഞ്ച് വർഷംകൊണ്ട് 50000 കോടി രൂപ കിഫ്ബിയിലൂടെ വന്നുകഴിഞ്ഞാൽ കേരളത്തിലെ സാമ്പത്തിക പ്രശ്നങ്ങൾ തീരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങളുടെ ചോദ്യത്തിന്റെ മറുപടി കണക്ക് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

13-1-2021-ന് ശ്രീ. ടി. വി. രാജേഷിന്റെ ചോദ്യത്തിന് 'ഏതാണ്ട് 821 പദ്ധതികളാണ് പാസ്സാക്കിയത്; 60000 കോടി രൂപ നൽകി' എന്നാണ് ഉത്തരം പറഞ്ഞത്. അതിൽ ടെണ്ടർ നൽകിയിട്ടുള്ളത് 17000 കോടി രൂപയ്ക്കാണ്. അതിനുശേഷം വന്ന വാർത്തകളിൽ പറയുന്നു പ്രവൃത്തി പൂർത്തീകരിച്ച് പണം കൊടുത്തത് 7274 കോടി രൂപയ്ക്കാണെന്ന്. 50000 കോടി രൂപ ഉപയോഗിച്ച് 5 കൊല്ലംകൊണ്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കച്ചവടം ഇല്ലാത്തവന് കച്ചവടവും ഓട്ടോറിക്ഷാക്കാരന് ഓട്ടവും ലഭ്യമാക്കുമെന്ന് നിങ്ങൾ പറഞ്ഞ് കൊട്ടിഘോഷിച്ച കിഫ്ബി, ഏതാണ്ട് 7274 കോടി രൂപയാണ് ചെലവഴിച്ചത്. എന്നിട്ടാണ് വലിയ മാറ്റമുണ്ടാക്കിയെന്ന് നിങ്ങൾ പറയുന്നത്. ഇതാണോ സ്റ്റിമുലസ് പാക്കേജ്? റവന്യൂ ഡെഫിസിറ്റുമായി ബന്ധപ്പെട്ട കാര്യം, ഞങ്ങൾക്കെതിരായി ശക്തമായ കുറ്റപത്രം നൽകിയതാണ്, റവന്യൂ ഡെഫിസിറ്റ് കുറച്ചുകൊണ്ടുവരും, ഫിസിക്കൽ ഡെഫിസിറ്റ് കുറച്ചുകൊണ്ടുവരും, അങ്ങ് അത് പരിശോധിക്കണം. ഞാൻ കണക്കുകൾ

പറയുന്നില്ല, എല്ലാ കണക്കും അങ്ങേയ്ക്ക് ലഭിക്കുമല്ലോ; കണക്ക് പരിശോധിച്ചു കഴിഞ്ഞാൽ ഇതൊക്കെ ഒരുകാലത്തുമില്ലാത്ത രീതിയിൽ വർദ്ധിച്ചിരിക്കുന്നുവെന്ന് ബോധ്യമാകും. 5 വർഷക്കാലംകൊണ്ട് ഈ രീതിയിലുള്ള പ്രവർത്തനമാണ് ഗവൺമെന്റ് നടത്തിയത്. അക്കമിട്ട് പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. 2016-17-ലെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം എടുത്ത് പരിശോധിച്ചാൽ നിങ്ങൾ പറഞ്ഞ വാചകക്കസർത്തും, 5 വർഷം കഴിയുമ്പോൾ ഓരോ കാര്യങ്ങളിലും നിങ്ങൾ എവിടെയെത്തി നിൽക്കുന്നുവെന്നും ബോദ്ധ്യമാകും. ഇപ്പോൾ ശ്രീ. പി. ടി. എ. റഹീം പറഞ്ഞു, ഞങ്ങൾ ഇപ്പുറത്ത് ഇരിക്കുന്നുവെന്ന്. ശ്രീ. എ. എൻ. ഷംസീറിന് ചരിത്രമൊക്കെ അറിയാമല്ലോ, ഞങ്ങൾ 2001-ൽ ഈ സഭയിൽ വരുമ്പോൾ 100 പേർ അവിടെയുണ്ടായിരുന്നു, നിങ്ങൾ 40 പേരെ ഉണ്ടായിരുന്നുള്ളൂ. അതിനുമുമ്പുള്ള ചരിത്രം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഞാൻ സൂചിപ്പിക്കുന്നു, ഇതൊന്നും ആദ്യമായല്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യത്തിൽ വിജയിച്ചു, പരസ്യത്തിന്റെ കാര്യത്തിൽ. നമ്മുടെ മനസ്സിൽ ഒരു പരസ്യം ഇപ്പോഴുമുണ്ട്, "ലൈഫ്ബോയ് എവിടെയോ അവിടെയാണാരോഗ്യം". ലൈഫ്ബോയും ആരോഗ്യവും തമ്മിൽ ഒരു ബന്ധവുമില്ല. പക്ഷെ പരസ്യം നമ്മുടെയൊക്കെ മനസ്സിൽ എത്തി, അന്നൊക്കെ പ്രോഡക്ടുകളെയായിരുന്നു മാർക്കറ്റ് ചെയ്യുക. ഒരു ഗവൺമെന്റിനെ മാർക്കറ്റ് ചെയ്യുത് ചിലപ്പോൾ ലോകത്ത് ആദ്യമായി പിണറായി വിജയൻ ഗവൺമെന്റിനെ ആയിരിക്കും. ആ മാർക്കറ്റിംഗ് വിജയിച്ചതുകൊണ്ടാണ് നിങ്ങൾക്ക് ഇവിടെ വന്നിരിക്കാൻ സാധിച്ചത്. 2018-ലെ പ്രളയത്തിൽ ജനങ്ങൾ മുങ്ങി, 2019-ലെ പ്രളയത്തിലും മുങ്ങി, 2021-ലെ പരസ്യപ്രളയത്തിലും ജനങ്ങൾ മുങ്ങിയതുകൊണ്ടാണ് ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്. ഈ പ്രോഡക്ട് മോശമാണെന്ന് ജനങ്ങൾക്ക് മനസ്സിലാകും. ഇന്നലെ ബഹുമാന്യനായ ശ്രീ. എം. മുകേഷ് സംസാരിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് ഒരുപാട് പരാമർശം നടത്തുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ശ്രീ. രാഹുൽ ഗാന്ധി എടുക്കുന്ന നിലപാടുകളെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ഈ സഭയിൽ കേന്ദ്ര ഗവൺമെന്റിന് എതിരായി ഒരു പ്രമേയം കൊണ്ടുവരുമ്പോൾ അതിൽ പ്രധാനമന്ത്രിയെക്കുറിച്ച് ഒരു വാക്ക് പറയാൻ മടിക്കുന്ന നേതാക്കളാണ് അവിടെയുള്ളത്. നിങ്ങൾ ഒന്നോർക്കണം ഇന്ത്യാരാജ്യത്ത് ശ്രീ. നരേന്ദ്ര മോദിയുടെ ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ ശക്തമായി, തന്റേടത്തോടുകൂടി പ്രതികരിക്കുന്ന നേതാവുണ്ടെങ്കിൽ അത് ശ്രീ. രാഹുൽ ഗാന്ധിയാണ്. അദ്ദേഹം കൊല്ലത്തുവന്ന് കടലിൽ ചാടിയെന്നൊക്കെ ശ്രീ. എം. മുകേഷ് പറഞ്ഞു. എനിക്ക് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്, ശ്രീ. എം. മുകേഷിനെപ്പോലെ ഒരാൾ കൊല്ലത്തെ ഒരു ചെറിയ കുളത്തിൽ ചാടണമെങ്കിൽ ഡ്യൂപ്പിനെ വയ്ക്കേണ്ടിവരും.

അവിടെയാണ് ശ്രീ. രാഹുൽ ഗാന്ധി കടലിൽ ചാടിയത്. ശ്രീ. രാഹുൽ ഗാന്ധിയുടേത് ശ്രീ. എം. മുകേഷിനെപ്പോലെ അഭിനയമല്ല. ശ്രീ. രാഹുൽ ഗാന്ധി ആരാണെന്നും അദ്ദേഹത്തിന്റെ പശ്ചാത്തലം എന്താണെന്നും ഞാൻ പറയേണ്ട കാര്യമില്ല. അദ്ദേഹം കടലിൽ പോയിട്ടുണ്ടെങ്കിൽ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കാനും അറിയാനുമാണ്. അതിനെ പരിഹസിച്ചുകൊണ്ട് സംസാരിക്കുന്നത് നിങ്ങളുടെ അജണ്ടയാണ്. ഞാൻ പറയട്ടെ, സംഘപരിവാറിന് അജണ്ടയുണ്ടായിരുന്നു. ആ അജണ്ട ഞാൻ പറഞ്ഞു തരേണ്ടല്ലോ; ശ്രീ. രാഹുൽ ഗാന്ധി കടന്നുവന്നപ്പോൾ അദ്ദേഹത്തെ എങ്ങനെയൊക്കെ പരിഹസിക്കാം, അങ്ങനെ പരിഹസിച്ചുകൊണ്ട് അദ്ദേഹത്തെ ജനങ്ങളിൽനിന്നും എത്രമാത്രം അകറ്റാം എന്നൊക്കെയാണ് അവർ ആലോചിച്ചത്. ആ സംഘ്പരിവാറിന്റെ അജണ്ട ദേശാഭിമാനിയിൽ നിന്ന് കടമെടുത്തതാണ്. പിന്നീട് ആ തെറ്റ് അവർക്ക് ബോദ്ധ്യമായി. ഈ സഭയിൽ സംഘ്പരിവാറിന്റെ പ്രതിനിധികളില്ല, പക്ഷെ സംഘ്പരിവാറിനു വേണ്ടി സംസാരിക്കുന്നവർ ഈ സഭയിൽ ഉണ്ടെന്നുള്ളതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധിയെ ഈ രീതിയിൽ വിമർശനം നടത്തുന്നതെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് ഒരു രീതിയിലും സഹായം നൽകുന്നില്ല. കോവിഡിന്റെ രണ്ടാം തരംഗം വന്നുകഴിഞ്ഞു, കോവിഡിന്റെ മൂന്നാം തരംഗത്തിലേയ്ക്ക് രാജ്യം നീങ്ങുന്നുവെന്ന് പറയുന്നു. ഇക്കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റല്ല എന്നുള്ളതുകൊണ്ടുതന്നെയാണ് ഞാൻ ഇതിനെ ഒരിക്കൽക്കൂടി ശക്തിയുക്തം എതിർക്കുന്നത്.

<u>ശ്രീ. വി. ശശി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റും ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ടും അംഗീകരിക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പുതിയ ബഡ്ജറ്റ് പരിശോധിക്കുന്ന ഏതൊരാൾക്കും അതിലെന്തെങ്കിലും കാപട്യം ഒളിച്ചുവച്ചിരിക്കുന്നതായി തോന്നുമെന്ന് കരുതുന്നില്ല. എന്നാൽ ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടത്തിയ പ്രതികരണത്തിൽ ബഡ്ജറ്റിനുള്ളിൽ എന്തോ കാപട്യം ഒളിച്ചുവച്ചിരിക്കുന്നുവെന്നാണ് സൂചിപ്പിച്ചത്. പ്രതിസന്ധിഘട്ടത്തിൽ ജനങ്ങളെ കബളിപ്പിക്കുന്ന മര്യാദകേടാണ് ഈ ബഡ്ജറ്റെന്നും അദ്ദേഹം പറയുകയുണ്ടായി. ഇങ്ങനെയൊരു പ്രതികരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്നും ഉണ്ടായത് എന്തുകൊണ്ടാണെന്ന് അറിയാൻ ഈ ബഡ്ജറ്റ് ഡോക്യുമെന്റ് വിശദമായി ഞാൻ പരിശോധിക്കുകയുണ്ടായി. അതിലെന്തെങ്കിലും കാപട്യം ഒളിച്ചുവച്ചതായി എനിക്ക് കാണാൻ സാധിച്ചില്ല. കോവിഡ് മഹാമാരിയുടെ രണ്ടാം

തരംഗത്തിൽ പെട്ടെന്നുണ്ടായ വ്യാപനവും മൂന്നാം തരംഗത്തിന്റെ വരവും അത് സൃഷ്ടിക്കാവുന്ന മാരകമായ പ്രത്യാഘാതങ്ങളും ആരോഗ്യ അടിയന്തരാവസ്ഥ നമ്മുടെ വികസന തന്ത്രത്തിൽ ചില പ്രധാന മാറ്റങ്ങൾ ആവശ്യപ്പെടുന്നുവെന്ന് പുതുക്കിയ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആമുഖമായി വ്യക്തമാക്കിയിരുന്നു. വികസനം സാധ്യമാകണമെങ്കിൽ മഹാമാരിയെ ചെറുത്തുതോൽപ്പിക്കുക എന്നത് മുൻ ഉപാധിയായി കണ്ടേമതിയാകൂ എന്നും പുതിയ ബഡ്ജറ്റ് വ്യക്തമാക്കുന്നു. അതാണ് എല്ലാറ്റിനും മുമ്പേ ആരോഗ്യം അഥവാ ഒന്നാമത് ആരോഗ്യം എന്ന നിലപാട് സ്വീകരിച്ചത്. 20000 കോടി രൂപയുടെ രണ്ടാം പാക്കേജ് പ്രഖ്യാപിച്ചതും അതുകൊണ്ടാണ്. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം പാക്കേജ് പ്രഖ്യാപിച്ചതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനുള്ളിൽ എന്തോ കാപട്യം ഒളിഞ്ഞിരിക്കുന്നതായി ആരോപിച്ചത്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിന് 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായ ജനങ്ങൾക്ക് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ സബ്സിഡി പലിശ എന്നിവയ്ക്കായി 8300 കോടി രൂപയുമുൾപ്പെടെ 20000 കോടി രൂപ കോവിഡ് പാക്കേജിലൂടെ ലഭ്യമാക്കുമെന്നാണ് പുതിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ബഡ്ജറ്റിന്റെ ഭേദഗതിയിൽ പുതിയ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന പദ്ധതി അടങ്കലിൽ മാറ്റം വരുത്തിയിട്ടില്ലെന്നത് ശരിയാണ്. എന്നാൽ നിലവിലെ പദ്ധതികൾ പുന:ക്രമീകരണത്തിലൂടെ പുതിയ പദ്ധതികളുള്ള തുക കണ്ടെത്തുന്നതാണെന്ന് ഭേദഗതി പത്രികയിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഭേദഗതികളുടെ ഫലമായി 2605.18 കോടി രൂപ പദ്ധതിയേതര ചെലവുകൾക്കായി പുതിയ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റ് രേഖ പ്രകാരം 1715 കോടി രൂപ മാത്രം എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്. ഇത് ബഡ്ജറ്റ് പ്രസംഗത്തെ അധികരിച്ച അധികച്ചെലവ് മാത്രമാണ്. ഇതിനുപുറമെയാണ് ബഡ്ജറ്റ് കണക്കിനുള്ളിലെ 2605.1 കോടി രൂപ. ഇതിനെല്ലാം പുറമെ കേരള ബാങ്ക്, കെ.എഫ്.സി., കുടുംബശ്രീ, നബാർഡ് തുടങ്ങിയ ഏജൻസികളിൽനിന്നും പലിശ സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കുമെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തുത ഇതായിരിക്കെ ഇതിനുള്ളിൽ കാപട്യം ഒളിച്ചുവച്ചിരിക്കുന്നുവെന്നും ജനങ്ങളെ വഞ്ചിച്ചിരിക്കുന്നുവെന്നുമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസ്താവനകൾ വസ്തുതാവിരുദ്ധമാണ്. ടെട്രാപോഡുകളും ഡയഫ്രം മതിലുകളും സംയോജിപ്പിച്ച് തീരദേശത്തെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുമെന്ന ബഡ്ജറ്റിലെ പ്രഖ്യാപനം വളരെ

സന്തോഷത്തോടുകൂടിയാണ് തീരദേശവാസികൾ ശ്രവിച്ചത്. പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടെത്തി തീരദേശങ്ങളെ സംരക്ഷിക്കുക എന്നുള്ളത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യമാണ്. ബാത്തിമെട്രിക്, ഹൈഡ്രോഗ്രാഫിക് പഠനങ്ങൾ നടത്തുന്നതാണെന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകുന്നതിനുമുമ്പ് പ്രാദേശിക പങ്കാളിത്തത്തോടെ വിപുലമായ സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ നടത്തുന്നതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഇതിനായി 5000 കോടി രൂപ ലോകബാങ്ക്, കിഫ്ബി, നബാർഡ് എന്നീ ഏജൻസികളിൽനിന്നും കണ്ടെത്തുന്നതാണെന്നും ബഡ്ജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും ദുർബ്ബലമായ പ്രദേശങ്ങൾ അടിയന്തരമായി സംരക്ഷിക്കുന്നതിന് ആദ്യഘട്ടത്തിൽ 1500 കോടി രൂപ കിഫ്ബി അനുവദിക്കുന്നുണ്ട്. ആദ്യഘട്ട പദ്ധതി 2021 ജൂലൈ മാസം പ്രവർത്തനം ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അടുത്ത കാലവർഷത്തിനുമുമ്പായി തീരദേശവാസികൾക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുമെന്ന പ്രഖ്യാപനം കടലാക്രമണത്തിന്റെ കെടുതിയിൽപ്പെട്ട് യാതന അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ വളരെയധികം സന്തോഷത്തോടു കൂടിയാണ് സ്വാഗതം ചെയ്തത്. എന്റെ നിയോജകമണ്ഡലത്തിലെ താഴംപള്ളി മത്സ്യബന്ധന തുറമുഖത്തോട് ചേർന്നുവരുന്ന പ്രദേശം സംരക്ഷിക്കുന്നതിനായി കിഫ്ബിയിൽ 19 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിരുന്നു. ഇപ്പോൾ മൂന്നുവർഷം പിന്നിട്ടു. ഓരോ കടലാക്രമണകാലത്തും നിരവധി വീടുകൾ തകർന്നടിയുന്നു. മരണങ്ങളുണ്ടാകുന്നു. ഈ പ്രോജക്ടും ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിക്കുമെന്നാണ് ഞാൻ ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽനിന്നും മനസ്സിലാക്കുന്നത്. ഇതുൾപ്പെടെ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള നിരവധി നിർദ്ദേശങ്ങൾ 2021-22-ലെ ബഡ്ജറ്റിലും തുടർന്നുള്ള പുതുക്കിയ ബഡ്ജറ്റിലും വ്യക്തമാക്കിയിട്ടുണ്ട്. ഓഖി ദുരന്തത്തിനുശേഷം ചെറിയ കാലാവസ്ഥാ വ്യതിയാനമുണ്ടായാൽപ്പോലും കടലിൽ പോകുന്നത് വിലക്കിക്കൊണ്ടുള്ള വിജ്ഞാപനം ഇന്ന് സർവ്വസാധാരണമായിരിക്കുകയാണ്. ഇതുകാരണം ഒരു വർഷത്തിൽ നിരവധി ദിവസങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്നത്. ഇത് അവരെ വളരെനാളുകൾ പട്ടിണിയിലേയ്ക്ക് നയിക്കുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചുവരികയാണ്. ഈ നാളുകളിൽ ഇവരെ സഹായിക്കുന്നതിന് സ്ഥിരസംവിധാനം, അതായത് ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ള അടിസ്ഥാനവർഗ്ഗങ്ങൾക്ക് വളരെ ആശ്വാസകരമായ ചില പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തിക വികസനം ലക്ഷ്യമാക്കി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി 10 ലക്ഷം രൂപവീതം 100 പേർക്ക് ധനസഹായം

നൽകുമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അഭ്യസ്തവിദ്യരായ പതിനായിരക്കണക്കിന് യുവതീ-യുവാക്കൾ ഇന്ന് നാട്ടിലുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലൊന്നും ഇവർക്ക് സംവരണമില്ല. സ്വകാര്യ തൊഴിൽ മേഖലയിലും തൊഴിലവസരങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ലെന്ന പരാതിയാണുള്ളത്. തൊഴിൽ തേടി അലയുന്ന അഭ്യസ്തവിദ്യരായ എസ്.സി./ എസ്.ടി. യുവതീ-യുവാക്കളുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. ഈ വിഭാഗങ്ങളുടെ വികസനത്തിനുവേണ്ടി Scheduled Castes Sub Plan (SCSP)/ ടി.എസ്.പി. ഇനങ്ങളിലായി 3958 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള 3958 കോടി രൂപയിൽ കേന്ദ്രത്തിന്റെ പ്രത്യേക ധനസഹായവും ഉൾപ്പെടുന്നുണ്ട്. ഭവന, വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിയാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. ഭൂരഹിതരായ ഇവർക്ക് സ്വയം തൊഴിൽ രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകാനാകണം. 40% തുക ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്നുണ്ടെങ്കിലും സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വേണ്ടത്ര ഊന്നൽ നൽകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിക്കുന്ന പദ്ധതികൾക്കും പരിപാടികൾക്കും പ്രാധാന്യം നൽകേണ്ടിയിരുന്നുവെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

2000-ൽ ആരംഭിച്ച അംബേദ്കർ വില്ലേജ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂട്ടായി താമസിക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കിയത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സമഗ്രമായി വിലയിരുത്തേണ്ട സമയമായെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു കോടി രൂപ ചെലവുചെയ്ത് ഒരു സങ്കേതത്തിന്റെ സമഗ്ര വികസനം നടത്താൻ ഇന്ന് ഏതാണ്ട് അഞ്ചുവർഷം വേണ്ടിവരുന്നുവെന്നാണ് അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത്. തീർച്ചയായും ഈ പദ്ധതിയുടെ സമഗ്രമായ ഒരു വിലയിരുത്തലിനുവേണ്ടി ശ്രമിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെയും വോട്ട് ഓൺ അക്കൗണ്ടിനെയും പൂർണ്ണമായും പിന്തുണയ്ക്കുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, രാവിലെ നടന്ന അടിയന്തരപ്രമേയത്തിന്റെ ചർച്ചയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രാമായണ കഥാസന്ദർഭത്തെ സൂചിപ്പിച്ചുകൊണ്ട് ഒരു വാക്ക് പറയുകയുണ്ടായി. അദ്ദേഹം രാമായണത്തിലെ നല്ലൊരു തേരാളിയുടെ ലക്ഷണം പറഞ്ഞു. കാലവും ദേശവും ദൈന്യവും ബലവും ഒക്കെ അറിഞ്ഞ് പ്രവർത്തിക്കുന്ന ഒരാളാണ് നല്ല തേരാളി എന്നാണ് രാമായണത്തിൽ ആദികവി പറയുന്നത്. ഈ സന്ദർഭത്തിൽ എനിക്ക്

പറയാനുള്ളത്, നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ സാഹചര്യവും ബലവും ശക്തിയും ദൗർബല്യവുമെല്ലാം തിരിച്ചറിഞ്ഞുകൊണ്ട് വളരെ നന്നായി അതിന്റെ തേരുരുട്ടി മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുന്ന നല്ലൊരു സാത്വികനായി ബഹുമാന്യനായ പുതിയ ധനകാര്യ വകുപ്പുമന്ത്രിക്ക് മാറാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഡോ. ടി. എം. തോമസ് ഐസക് അവസാനത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സമയം പാൻഡെമിക് വളരെ കുറവായിരുന്നു. അതുകൊണ്ടുതന്നെ അന്ന് അദ്ദേഹം ഒരു സമീപനമെടുത്തിരുന്നത് ഒരു ഇൻക്യുബേഷൻ കൾച്ചർ, യഥാർത്ഥത്തിൽ സമ്പദ്‌വ്യവസ്ഥയെ രൂപപ്പെടുത്തിയെടുക്കുക എന്ന ആശയത്തോടു കൂടിയായിരുന്നു. അതിനുശേഷം രണ്ടാം തരംഗം വന്നപ്പോൾ നമ്മുടെ സ്ട്രാറ്റജിയിൽ ചെറിയ മാറ്റമുണ്ടാക്കേണ്ടിവന്നു. അതിന് പബ്ലിക് എക്സ്‌പെൻഡിച്ചർ വർദ്ധിപ്പിക്കേണ്ടിവന്നു. യഥാർത്ഥത്തിൽ കിഫ്ബി മുഖേന പബ്ലിക് എക്സ്‌പെൻഡിച്ചർ വർദ്ധിപ്പിക്കാനുള്ള നടപടികൾ വളരെ നേരത്തെ ആരംഭിച്ചിരുന്നു. പക്ഷേ കോവിഡ് സൃഷ്ടിച്ച മാന്ദ്യം മറികടക്കാൻ പബ്ലിക് എക്സ്‌പെൻഡിച്ചർ വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടായി. ഈ ബഡ്ജറ്റിൽ ഞാൻ കണ്ട വളരെ പ്രധാനപ്പെട്ട സവിശേഷത, പബ്ലിക് എക്സ്‌പെൻഡിച്ചർ വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ അതെങ്ങനെ പോയിയെന്നുള്ളതാണ്. അതിലൊന്ന്, സാമൂഹ്യക്ഷേമ ഇടപെടലുകൾ നന്നായി വരികയും ആളുകളുടെ കൈവശം കൂടുതൽ പണം എത്തിക്കാനുള്ള മാർഗ്ഗമുണ്ടാക്കുകയും ഡിമാന്റ് ഇക്കോണമിയിൽ വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കി അതിനെ സ്റ്റിമുലേറ്റ് ചെയ്യാനുള്ള ഒരു നടപടിയുമുണ്ടായി എന്നതാണ്. ഏതാണ്ട് 8500 കോടി രൂപയുടെ സ്റ്റിമുലേഷൻ പാക്കേജാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട മുഖമുദ്ര എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. രണ്ടാമതായി, കോവിഡ് കാലത്ത് അതിനെ മറികടക്കാനുള്ള സംവിധാനം,(മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്) രൂപപ്പെടുത്താനുള്ള ഒരു കാര്യമാണ്. അങ്ങനെ രണ്ട് സ്ട്രാറ്റജി ഇക്കാര്യത്തിലുണ്ട്. ഈ സ്ട്രാറ്റജികളെല്ലാം നടപ്പാക്കുമ്പോൾ അദ്ദേഹം വല്ലാത്തൊരു പ്രതിസന്ധിയിലാണ്. അദ്ദേഹം മാത്രമല്ല, ലോകത്തെമ്പാടുമുള്ള സമ്പദ് വ്യവസ്ഥകൾക്കും സാമ്പത്തിക വിദഗ്ദ്ധർക്കും ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിമാർക്കുമുള്ള പ്രതിസന്ധി നിലനിൽക്കുകയാണ്. കാരണം നമ്മുടെ ജി.എസ്.ഡി.പി.-യുടെയും ജി.ഡി.പി.-യുടെയും വളർച്ച വളരെയേറെ പുറകോട്ടുപോയി. ആഭ്യന്തര ഉൽപ്പാദനത്തിൽ വളരെയേറെ കുറവുണ്ടായി. ഇതിനെ മറികടന്ന് ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് വന്നപ്പോൾ എവിടെ നിന്നാണ് ഈ പണമെന്നുള്ളത് ചാനൽ ചർച്ചകളിലൊക്കെ വന്ന കാര്യമാണ്. അത് ബഡ്ജറ്റ് മുഴുവൻ വായിച്ച്

നോക്കാത്തതുകൊണ്ടാണ്. നോൺ ടാക്സ് റവന്യൂ ഉൾപ്പെടെയുള്ള ടാക്സ് സംവിധാനം നിലവിലുണ്ട്. നമുക്ക് ഫിനാൻസ് കമ്മീഷന്റെ അവാർഡ് അടിസ്ഥാനത്തിൽ കിട്ടാനുള്ളത്, ഇപ്രാവശ്യം പ്രത്യേകിച്ച് 41 ശതമാനം തുക കിട്ടിയിട്ടുണ്ട്. പതിനാറായിരം കോടി രൂപ ഈ ഇനത്തിൽ വരുന്നുണ്ട്. ജി.എസ്.ടി.-യുടെ അഡീഷണലായിട്ടുള്ള വിഹിതവും കിട്ടാനുണ്ട്. ഗവൺമെന്റ് സോഴ്സ് ഏത് സമയത്തും ഫ്ലോ ചെയ്യുകയാണ്. സ്റ്റാഗ്നന്റായി നിൽക്കുന്നതല്ല. അതിനുള്ള സോഴ്സ് കണ്ടെത്തിക്കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം നബാർഡിൽ നിന്നുള്ള ലോണുകളും നമുക്ക് സോഴ്സായിത്തന്നെ നിൽക്കുന്ന ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ പറയുകയും നടപ്പാക്കാനുള്ള ഇച്ഛാശക്തിയുമുണ്ട്.

വികസ്വര രാജ്യങ്ങളിലെല്ലാം ആഭ്യന്തരോല്പാദനത്തിന്റെ ഏതാണ്ട് 2.5-3 ശതമാനത്തോളം ആരോഗ്യ മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നുണ്ട്. 2017-ൽ കേന്ദ്ര ഗവൺമെന്റ് ഒരു നയമുണ്ടാക്കി. അതിൽ പറഞ്ഞിരിക്കുന്നത്, മൂന്ന് ശതമാനത്തോളം തുക ആരോഗ്യ മേഖലയ്ക്ക് മാറ്റിവയ്ക്കണമെന്നുള്ളതാണ്. ഇപ്രാവശ്യം 35,000 കോടി രൂപ കേന്ദ്ര ഗവൺമെന്റ് മാറ്റിവച്ചതിൽ ഏതാണ്ട് 1.5 ശതമാനത്തോളം മാത്രമേയുള്ളൂ. ഇപ്പോഴും അച്ചീവ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നില്ല. അതാണ് 'നിങ്ങൾ വച്ച പണം എവിടെപ്പോയി' എന്ന് പ്രധാനമായും ബഹുമാനപ്പെട്ട സുപ്രീംകോടതി ചോദിച്ചത്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. അദ്ദേഹത്തിന് അറിയാവുന്ന ഒരു വിഷയം തന്നെയാണിത്. FRBM Act (Fiscal Responsibility and Budget Management Act,2003) റീസ്ട്രക്ച്ചർ ചെയ്യണമെന്നുള്ള 15-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം നിലവിലുണ്ട്. കഴിഞ്ഞ പ്രാവശ്യം 42-ൽനിന്ന് 41-ലേയ്ക്ക് നമ്മുടെ വിഹിതം കുറഞ്ഞുവെന്നുള്ള കാര്യം നമുക്കറിയാം. യഥാർത്ഥത്തിൽ അക്കാര്യത്തിലൊക്കെ ശക്തമായ ഇടപെടൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതൊക്കെ പറയുമ്പോഴും ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. സത്യത്തിൽ നമ്മളെടുക്കുന്ന ഏത് നിലപാടുകളും സമയബന്ധിതമായി പൂർത്തീകരിക്കാൻ പൊതുവെ ഒരു റീസ്ട്രക്ച്ചറിംഗ് ആവശ്യമാണ്. അതിന് മൊത്തത്തിൽ, നമ്മുടെ ബ്യൂറോക്രസിയുൾപ്പെടെ റീസ്ട്രക്ച്ചർ ചെയ്യണം. 'ഒ. എം. നമ്പ്യാർ വിചാരിച്ചാലും പി. ടി. ഉഷ ഓടാതെ മെഡൽ കിട്ടില്ല' എന്ന് സാധാരണ പറയാറുണ്ട്. അതുകൊണ്ട് നമ്പ്യാർ നന്നായി വിചാരിക്കണം, അതോടൊപ്പം പി. ടി. ഉഷ ഓടുകയും വേണം, നമുക്ക് ഈ മെഡൽ വാങ്ങിക്കുകയും വേണം. ഈ നടപടികളും നിലപാടുകളും നമ്മളെടുക്കുന്ന നിർദ്ദേശങ്ങളും തീർച്ചയായും പൂർണ്ണമായി നടപ്പാക്കാനുള്ള ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന ആശംസയോടെ ഒരിക്കൽക്കൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, കരിമ്പനകൾക്കുപോലും കാറ്റുപിടിക്കുന്ന ടിപ്പുവിന്റെ പടയോട്ടം കണ്ട് പാലക്കാട് ജില്ലയിലെ നെൽപ്പാടങ്ങളും കരിമ്പനകളുമെല്ലാം നിറഞ്ഞ് നിൽക്കുന്ന തരൂർ നിയോജക മണ്ഡലത്തിൽനിന്നും ചരിത്രം തിരുത്തിയ തെരഞ്ഞെടുപ്പിൽ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഭാഗമാകാൻ എന്നെ അനുവദിച്ച ഇവിടത്തെ നല്ലവരായ ജനങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിൽ മന്ത്രിയായിരുന്ന സഖാവ് എ. കെ. ബാലൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കുകൂടി വേണ്ടിയാണ് ഞാൻ അവിടെനിന്നും മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നത്. ജനക്ഷേമത്തിനും സാമൂഹ്യക്ഷേമത്തിനും നാടിന്റെ വികസനത്തിനുമുതകുന്ന രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിനെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു. മഹാമാരിയുടെ കാലത്ത് ജീവിത സുരക്ഷ ഉറപ്പാക്കുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ എങ്ങനെ കേരളത്തെ മുന്നോട്ട് നയിക്കാം എന്ന് നമുക്ക് കാണിച്ചുതരുന്ന പദ്ധതികളാണ് ഈ ബഡ്ജറ്റിലുള്ളത്. രണ്ടാം പിണറായി സർക്കാർ വീണ്ടും അധികാരത്തിൽ വന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ വികസന നേട്ടങ്ങളും ക്ഷേമപ്രവർത്തനങ്ങളും കേരളത്തിലെ ഓരോ വീട്ടിലേയ്ക്കും എത്തിക്കാൻ സാധിച്ചതിനാലാണ്. അത് ക്ഷേമ പെൻഷനുകളായും ഭക്ഷ്യകിറ്റുകളായും ഓരോ മലയാളിയും ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ സമാനതകളില്ലാത്ത ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു സർക്കാരാണ്; ഓഖി, നിപ, രണ്ട് പ്രളയങ്ങൾ - അതിലൊന്ന് നൂറ്റാണ്ടിന്റെ പ്രളയം എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. അതിനുശേഷം ഇപ്പോൾ ഒന്നേകാൽ വർഷമായി കോവിഡ് മഹാമാരിക്കെതിരായുള്ള പോരാട്ടത്തിലാണ് നാം. ഇങ്ങനെ മഹാമാരിയുൾപ്പെടെ ദുരന്തങ്ങളെല്ലാം ഉണ്ടായപ്പോഴും സാധാരണ ജനങ്ങളുടെ ക്ഷേമ പെൻഷനുകൾ കുറയ്ക്കാനോ മുടക്കാനോ ഗവൺമെന്റ് തുനിഞ്ഞില്ല. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് പ്രകടന പത്രികയിൽ പറഞ്ഞ പ്രഖ്യാപനങ്ങളിൽ 600-ൽ 580-ലേറെയും നടപ്പിലാക്കിയ സർക്കാരാണ് വീണ്ടും അധികാരത്തിൽ വന്നിരിക്കുന്നത്. ഇപ്പോൾ പ്രഖ്യാപിച്ച പ്രകടന പത്രികയിലെ 900 പ്രഖ്യാപനങ്ങൾ ഈ സർക്കാർ സമയബന്ധിതമായി നടപ്പിലാക്കും. ആ പ്രകടനപത്രികയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളിലൊന്ന് വീട്ടമ്മമാർക്ക് പെൻഷൻ കൊടുക്കുമെന്നുള്ളതാണ്. നമ്മുടെ കുടുംബങ്ങളിലെ വീട്ടമ്മമാർ രാവിലെ മുതൽ രാത്രി വരെ ഒട്ടേറെ ജോലികൾ ചെയ്യുന്നവരാണ്; അതൊരു കാണാപ്പണിയാണ്. അതിന് പ്രത്യേകിച്ച് കൂലി കണക്കാക്കുന്നില്ല. അങ്ങനെയുള്ള ആയിരക്കണക്കിന് വീട്ടമ്മമാർക്ക് ഈ സർക്കാർ ഈ അഞ്ച് വർഷത്തിനുള്ളിൽ പെൻഷൻ കൊടുക്കുമെന്നത് ഏറ്റവും ആകർഷണീയമായ കാര്യമാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലകളിലെ മാറ്റങ്ങൾ കഴിഞ്ഞ അഞ്ച് വർഷം നാം നേരിട്ടറിഞ്ഞതാണ്. അഞ്ച് കിലോമീറ്റർ ചുറ്റളവിൽ ഹൈസ്കൂളുകളും മൂന്ന് കിലോമീറ്റർ ചുറ്റളവിൽ യു.പി. സ്കൂളുകളും ഒന്നര കിലോമീറ്റർ ചുറ്റളവിൽ എൽ.പി. സ്കൂളുകളുമുള്ള വിപുലമായി ആർജ്ജിച്ചെടുത്ത പൊതുവിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിന്റെ വിദ്യാഭ്യാസ മേഖല. അവിടെ കഴിഞ്ഞ അഞ്ച് വർഷം കൊണ്ടുണ്ടായത് ആറ് ലക്ഷത്തിലേറെ കുട്ടികളാണ്. പ്രത്യേകിച്ച്, എൽ.പി., യു.പി., ഹൈസ്കൂളുകളിൽ 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം' പോലെയുള്ള പഠന പദ്ധതികൾ കൊണ്ടുവന്ന് കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന്റെ മേന്മയെ ഉയർത്തിപ്പിടിക്കാൻ മുൻ സർക്കാരിന് സാധിച്ചു. അതോടൊപ്പം ഈ മഹാമാരിയുടെ കാലത്ത് കുട്ടികൾക്ക് പഠിക്കുന്നതിനുവേണ്ടി പൊതു ഓൺലൈൻ അദ്ധ്യയന സംവിധാനം സൃഷ്ടിക്കാനായി പത്ത് കോടി രൂപ അനുവദിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് രണ്ട് ലക്ഷം ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനുള്ള ഒരു സ്കീമിന് കെ.എസ്.എഫ്.ഇ. രൂപം നൽകിയിട്ടുണ്ട്. അത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. കോവിഡിനെതിരെയുള്ള പ്രതിരോധം അതിശക്തമായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ എല്ലാവർക്കും വാക്സിൻ ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. മൂന്നാം തരംഗത്തെ നേരിടാനാവശ്യമായ മുന്നൊരുക്കങ്ങൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഓക്സിജൻ നിർമ്മാണം, വെന്റിലേറ്റർ സജ്ജീകരണം, ഐസൊലേഷൻ സൗകര്യമൊരുക്കൽ തുടങ്ങി എങ്ങനെയാണ് മഹാമാരിയെ പിടിച്ചുകെട്ടേണ്ടത് എന്ന് വ്യക്തമായി കാണിച്ചുതരുന്ന ബഡ്ജറ്റ് കൂടിയാണിത്. ഒരു കാർഷിക സംസ്ഥാനമാണ് എന്നതാണ് കേരളത്തിന്റെ പ്രത്യേകത. തരിശ് കിടന്ന കൃഷിയിടങ്ങളാകെ കാർഷിക സമൃദ്ധിയിലേയ്ക്ക് നയിക്കാൻ ഒന്നാം പിണറായി വിജയൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ വിഷരഹിത പച്ചക്കറി ഉൽപ്പാദന മേഖലയാക്കുന്നതിനും സമ്പൂർണ തരിശുരഹിത കാർഷിക സംസ്ഥാനമാക്കുന്നതിനും ഈ ബഡ്ജറ്റ് ഊന്നൽ നൽകുന്നു. കാർഷികോല്പന്ന വിപണനത്തിനായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവന ശൃംഖല ആരംഭിക്കുന്നതിനും റബ്ബർ കർഷകർക്ക് വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്ന സബ്സിഡി കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കാനും അമ്പത് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് ഒട്ടേറെപ്പേർക്ക് ആശ്വാസം പകരുന്നു.

എന്റെ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്രയിൽ നെല്ല് സംഭരണത്തിനും മറ്റുമായി ആധുനിക റൈസ് മിൽ ഉൾപ്പെടെ സ്ഥാപിക്കുമെന്ന് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ചരിത്രപരമായ കാരണങ്ങളാൽ പുറകിൽ നിൽക്കുന്നവരാണ് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ. അവരെ സംരക്ഷിക്കാൻ ആ വിഭാഗങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന നൂറ് സംരംഭകർക്ക് കുറഞ്ഞ പലിശയ്ക്ക്

പത്ത് ലക്ഷം രൂപ വായ്പാ സഹായം നൽകുമെന്ന നിർദ്ദേശം അടിസ്ഥാന വിഭാഗത്തിന് പ്രതീക്ഷയേകുന്നതാണ്. കലാ-സാംസ്കാരിക-സാഹിത്യ രംഗത്തെ പ്രതിഭ തെളിയിച്ച യുവതീ-യുവാക്കൾക്ക് ഒരു ലക്ഷം രൂപവീതം സഹായം നൽകുന്ന 'പ്രതിഭാ പിന്തുണ' പദ്ധതി കേരളത്തിന്റെ സാംസ്കാരിക രംഗത്ത് ഏറ്റവും നല്ല പിന്തുണയാകും എന്നതും നാം കാണേണ്ടതാണ്. കേരളത്തിന്റെ സൈന്യം എന്നറിയപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ വികസനത്തിനും അവരെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനും അവരുടെ ജീവന് സുരക്ഷ ഉറപ്പു വരുത്തുന്നതിനുമൊപ്പം സുരക്ഷിതമായ ഭവനവും ന്യായമായ വരുമാനവും ഉറപ്പാക്കാൻ ഈ സർക്കാർ മുൻപന്തിയിലുണ്ട്. തീരസംരക്ഷണത്തിലെ നവീന സാങ്കേതിക പദ്ധതിക്ക് 5300 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. യുവജന മേഖലയിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കുവേണ്ടി വലിയ പിന്തുണ പ്രഖ്യാപിച്ച ബജറ്റാണിത്. അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ഈ ബഡ്ജറ്റിലുണ്ട്. ജോലി നഷ്ടപ്പെട്ട പ്രവാസികൾക്കുൾപ്പെടെ ഉപകാര പ്രദമാകുന്ന പദ്ധതികളാണ് ഇതിലുള്ളത്. എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻവേണ്ട ലൈഫ് മിഷൻ പദ്ധതിയെ പ്രതിപക്ഷം തകർക്കാൻ ശ്രമിച്ചത് കഴിഞ്ഞ കാലങ്ങളിൽ കേരളം കണ്ടതാണ്. ലൈഫ് മിഷനിൽ 40000-ത്തോളം വരുന്ന പട്ടികജാതി കുടുംബങ്ങൾക്കും 12000-ത്തോളം വരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നൽകാൻ 2050 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകുന്ന വായ്പ ഗ്രാമീണ ജീവിതത്തെ ഊർജ്ജസ്വലമാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. കുടുംബശ്രീ എന്നാൽ കുടുംബത്തിന്റെ ഐശ്വര്യമാണ്. നമ്മുടെ നാടിന്റെ വികസനത്തിനും കുടുംബങ്ങളുടെ വിജയത്തിനും കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല. കഴിഞ്ഞ അഞ്ച് വർഷം രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി. ഒരു കാരണവശാലും നടക്കില്ല എന്ന് വിചാരിച്ച നാലുവരി പാതയും ഗെയിൽ പദ്ധതിയും കേരളത്തിൽ യാഥാർത്ഥ്യമാക്കി. ഗെയിൽ പദ്ധതിയിലൂടെ കേരളത്തിലെ അടുക്കളകളിൽ വീട്ടമ്മമാർ ഇന്ന് അനുഭവിക്കുന്ന പാചക വാതക വിലക്കയറ്റം അടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആവശ്യമായ കാര്യങ്ങളെല്ലാമുണ്ടാകും. വിനോദസഞ്ചാര മേഖലയിൽ കോവിഡാനന്തരം വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ വേണ്ട തീരുമാനങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. കേരളത്തിലെ ഏറ്റവും വലിയ മയിൽ സങ്കേതം എന്റെ മണ്ഡലമായ തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ ചൂലന്നൂർ മയിൽ സങ്കേതമാണ്. ആ പ്രദേശത്തെ വിനോദസഞ്ചാര മേഖലയിലെ നല്ലൊരു സാധ്യതയാക്കിമാറ്റാൻ ആവശ്യമായ തീരുമാനങ്ങൾ കൂടി വരുന്ന ബഡ്ജറ്റിലുണ്ടാകണം എന്നുപറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

ശ്രീ. മാണി സി. കാപ്പൻ: സർ, കോവിഡ്-19 എന്ന മഹാമാരി തുടരുന്നതിനിടയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച, സാധാരണക്കാർക്കുവേണ്ടി ഒന്നുമില്ലാത്ത 2021-22-ലെ പുതുക്കിയ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. നമ്മുടെ രാജ്യം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള സമീപനമായിരുന്നു ഈ ബഡ്ജറ്റിൽ പുതുതായി കാണേണ്ടിയിരുന്നത്. പക്ഷെ നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-22-ലെ ബഡ്ജറ്റിൽ ഇതൊന്നും തന്നെയുണ്ടായില്ല. എന്നാൽ ഈ ബഡ്ജറ്റിൽ സ്വാഗതാർഹമായ ചില നിർദ്ദേശങ്ങളുണ്ടെന്ന് അംഗീകരിക്കാൻ ഞാൻ തയ്യാറാണ്. ഉദാഹരണത്തിന് കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കാൻ കഴിയുന്ന കോൾഡ് സ്റ്റോറേജ് ശൃംഖലയും കാർഷികോൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധന വുണ്ടാക്കാൻ കഴിയുന്ന ഫുഡ് പാർക്കുകളും നദികളുടെയും തോടുകളുടെയും ചേറും ചെളിയും നീക്കി ആഴം കൂട്ടി വെള്ളപ്പൊക്കം തടയാനുള്ള നിർദ്ദേശവും വളരെ സ്വാഗതാർഹമാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തിരേഖകളിലുള്ള രീതിയിൽ ചേറും ചെളിയും നീക്കി ആഴവും വീതിയും കൂട്ടുമ്പോൾ തോടുകളിലും നദികളിലും സംരക്ഷണഭിത്തി കെട്ടി ഇരുവശത്തുമുള്ള സ്ഥലങ്ങൾ സംരക്ഷിക്കേണ്ട ബാദ്ധ്യതകൂടി സർക്കാർ ഏറ്റെടുക്കണം. എന്റെ നിയോജക മണ്ഡലമായ പാലായിൽ കടനാട് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ തോടുകളിലെ ചേറും ചെളിയും നീക്കി അവിടെ വെള്ളപ്പൊക്കം ഇല്ലാതാക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. കഴിഞ്ഞ രണ്ട് മഹാ പ്രളയങ്ങളിലുമായി വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് നാമമാത്രമായ നഷ്ടപരിഹാരം മാത്രമാണ് എന്റെ നിയോജകമണ്ഡലത്തിൽ ലഭിച്ചിരിക്കുന്നത്. വീടും കൃഷിയും നഷ്ടപ്പെട്ടവർക്ക് ന്യായമായ നഷ്ടപരിഹാരം സർക്കാർ അടിയന്തരമായി ഉറപ്പുവരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, കഴിഞ്ഞ ചുഴലിക്കാറ്റിലും പേമാരിയിലും എന്റെ നിയോജകമണ്ഡലത്തിൽ നിരവധി വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നുപോയിട്ടുണ്ട്. കാർഷിക വിളകളായ റബ്ബർ, വാഴ, ജാതി, തെങ്ങ് തുടങ്ങിയവയ്ക്ക് കനത്ത നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇവർക്കെല്ലാം ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്താനുള്ള ഒരു നിർദ്ദേശവും കോവിഡ് മഹാമാരി തുടരുന്ന ഈ സാഹചര്യത്തിൽ ബഡ്ജറ്റിലില്ല. എന്റെ നിയോജകമണ്ഡലത്തിലെ പാലാ ജനറൽ ആശുപത്രിയിൽ പണി പൂർത്തിയായ രണ്ട് ഏഴ് നില കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യത്തിൽ അതിലൊന്നിൽ

അടിയന്തരമായി കാത്ത്‌ലാബ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ ടൂറിസം മേഖല പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഈ മേഖലയിലെ സംരംഭകർക്ക് ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അവരെ സഹായിക്കാനുള്ള ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. ബഹുമാന്യനായ മന്ത്രി പ്രഖ്യാപിച്ച ടൂറിസം സർക്യൂട്ടിൽ എന്റെ നിയോജക മണ്ഡലമായ മീനച്ചിലാറിന്റെ ഉത്ഭവസ്ഥാനമായ ഇല്ലിക്കൽ കല്ല്, ഇലവീഴാപൂഞ്ചിറ, കുറിഞ്ഞി-കൊമ്പൻ മലകൾ എന്നിവയെക്കൂടി ഉൾപ്പെടുത്തണം. ഈ പ്രദേശങ്ങൾ നൈസർഗ്ഗിക പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമാണ്.

റബ്ബറിന്റെ തറവില 200 രൂപയാക്കി ഉയർത്തണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ എനിക്ക് ശക്തമായ പ്രതിഷേധമുണ്ട്. മാർക്കറ്റിൽ കിലോയ്ക്ക് 176 രൂപ വിലയുണ്ട്. എന്നാൽ തറവില 170 രൂപ മാത്രമാണ്. ആയതിനാൽ ഇപ്പോഴത്തെ പ്രതിസന്ധി പരിഗണിച്ച് റബ്ബറിന്റെ തറവില 200 രൂപയായി ഒക്ടോബർ മാസം മുതലെങ്കിലും പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കോവിഡ് മഹാമാരിക്കിടയിലും തങ്ങളുടെ നിയോലിബറൽ പരിഷ്കാരങ്ങൾ നടപ്പിലാക്കാനുള്ള സന്ദർഭമായിട്ടാണ് കേന്ദ്ര സർക്കാർ കാണുന്നത്. ഇതിന് ഉദാഹരണമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ ധൃതിപിടിച്ച് നടപ്പിലാക്കിയ കാർഷിക നിയമം. ഇതിനെതിരെ ഇന്ത്യയിലെ കർഷകർ നടത്തുന്ന 'ദില്ലി ചലോ' സമരം ഐതിഹാസിക മുന്നേറ്റമായി മാറിക്കഴിഞ്ഞത് നാം കണ്ടതാണ്. ഇക്കാരണത്താൽ സർക്കാർ കൂടുതൽ സബ്സിഡികളും മറ്റും പ്രഖ്യാപിച്ച് കർഷകരെ സഹായിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രതിസന്ധികളെ നേരിട്ട് കൂടുതൽ ശക്തമായി മുന്നേറാനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിൽ കാണുന്നില്ല.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രതിനിധിയായി എന്നെ തെരഞ്ഞെടുത്ത ബാലുശ്ശേരിയിലെ പ്രബുദ്ധരായ വോട്ടർമാർക്ക് ഞാൻ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച സർവ്വതലസ്പർശിയായ കഴിഞ്ഞ ബഡ്ജറ്റിന്റെ തുടർച്ച എന്നുള്ള നിലയിലാണ് ഈ ബഡ്ജറ്റിനെ നമുക്ക് കാണാൻ കഴിയുന്നത്. പറയുന്നത് ചെയ്യുകയും ചെയ്യുന്നത് മാത്രം പറയുകയും ചെയ്യുന്ന സർക്കാരിന്റെ ജനകീയമായ അംഗീകാരമാണ് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ ഉജ്ജ്വലമായ വിജയം. സർവ്വതും തകർക്കപ്പെട്ട യു.ഡി.എഫ്.

ഭരണകാലത്തിന് എന്നെന്നേയ്ക്കുമായി അവസാനം കുറിച്ചു കൊണ്ടാണ് കേരളത്തിൽ 2016-ൽ സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ ഒരു സർക്കാർ അധികാരത്തിൽ വന്നത്. ആ ഗവൺമെന്റിന് മുമ്പ് യു.ഡി.എഫ്. കേരളം ഭരിച്ചപ്പോൾ എന്തായിരുന്നു കേരളത്തിന്റെ സ്ഥിതി എന്നുള്ള കാര്യം നമുക്ക് എല്ലാവർക്കും അറിവുള്ളതാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും സഖാവ് പിണറായി വിജയന്റെയും ഭരണകാലങ്ങൾ തമ്മിൽ വളരെ വലിയ വ്യത്യാസമാണുള്ളത്. സർവ്വതും തകർന്നുപോയ കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം. നമ്മുടെ നാട്ടിൽ ലാഭകരമല്ലെന്ന് പറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടപ്പെട്ട കാലമാണ് യു.ഡി.എഫ്.-ന്റെ ഭരണകാലം. പൊതുവിദ്യാലയങ്ങളിൽ അഞ്ച് ലക്ഷം വിദ്യാർത്ഥികൾ കുറഞ്ഞുപോയ കാലമാണ് യു.ഡി.എഫ്.-ന്റെ ഭരണകാലം. പരീക്ഷ കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നില്ല. ക്ഷേമപെൻഷൻ 600 രൂപ മാത്രമായിരുന്നിട്ടും പതിനെട്ട് മാസം അത് കുടിശ്ശികയാക്കി സാധാരണക്കാരെ ദുരിതത്തിലാഴ്ത്തി. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമല്ലാതെ അടച്ചുപൂട്ടുന്ന സ്ഥിതിയുണ്ടായി. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് കേരളം ഇരുട്ടിലായിരുന്നത്. ആറ് മണിക്കൂർ വരെ വൈദ്യുതി ഇല്ലാതിരുന്ന കേരളം യു.ഡി.എഫ്.-ന്റെ ഭരണകാലത്തായിരുന്നില്ലേ? കേരളത്തിലെ 9 സർവ്വകലാ ശാലകളിലെ വൈസ് ചാൻസലർമാർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയില്ലാതെ വന്നതും പൊതുവിതരണ സമ്പ്രദായം തകർക്കപ്പെട്ടുപോയതും കൊടിയ അഴിമതിയുടെ പാലമായ പാലാരിവട്ടം പാലം കെട്ടിപ്പൊക്കിയതും യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് നമ്മുടെ ആരോഗ്യമേഖല തകർന്നുതരിപ്പണമായിപ്പോയത്. മരുന്നും ഡോക്ടർമാരുമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങളുള്ള നാടായി കേരളം മാറി. ഈ തകർച്ചയിൽനിന്നാണ് 2016-ൽ കേരളം ഉയർന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നു, സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി, അന്ധകാരത്തിന്റെ ഇരുൾവീണ ഇടനാഴികളിലേയ്ക്ക് ഉദിച്ചുയർന്ന സൂര്യതേജസ്സായി സഖാവ് പിണറായി വിജയൻ ഗവൺമെന്റ് 2016-ൽ അധികാരത്തിൽ വന്നതിനുശേഷമല്ലേ കേരളം മാറിയത്? കേരളം മാറി. സർവ്വതലത്തിലും മാറ്റമുണ്ടായി. കേരളം വികസനത്തിന്റെ പാതയിലേയ്ക്കുയർന്നു. അങ്ങനെ ആ കാലയളവിൽ നമുക്കെല്ലാവർക്കും അറിയുന്നതുപോലെ ഈ കേരളമണ്ണിലെ സമസ്ത മേഖലകളിലും വികസനമുണ്ടായി. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഏറ്റവും നല്ല നിലയിലേയ്ക്ക് നമ്മുടെ പൊതുവിദ്യാലയങ്ങൾ മാറി. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അടച്ചുപൂട്ടപ്പെട്ട പൊതുവിദ്യാലയങ്ങൾ തുറന്നുപ്രവർത്തിച്ചത് സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന ഭരണകാലത്താണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് ആറര ലക്ഷത്തിലധികം വരുന്ന വിദ്യാർത്ഥികൾ പൊതുവിദ്യാലയത്തിലേയ്ക്ക് കടന്നുവരുന്ന സ്ഥിതിയുണ്ടായി. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണ് 45000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറിയത്. 141 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെട്ടതും ഈ

ഭരണകാലത്താണ്. ശ്രീനാരായണ ഗുരുവിന്റെ പേരിൽ ഓപ്പൺ സർവ്വകലാശാല ആരംഭിച്ചു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണ് കുടിശ്ശിക തീർത്ത് 600 രൂപയിൽ നിന്നും ഘട്ടം ഘട്ടമായി 1600 രൂപയിലേയ്ക്ക് ക്ഷേമപെൻഷൻ ഉയർത്തിയത്. സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയാ യിരിക്കുന്ന കാലഘട്ടത്തിലാണ് പൊതുവിതരണ കേന്ദ്രങ്ങൾ ശക്തിപ്പെട്ടത്. 82 വിൽപ്പനശാലകൾ, 47 മാവേലി സ്റ്റോറുകൾ, 15 സൂപ്പർ മാർക്കറ്റുകൾ എന്നിവ അധികമായി ആരംഭിച്ചത് സഖാവ് പിണറായി വിജയന്റെ ഭരണകാലത്താണെന്ന് നാം കാണേണ്ടതുണ്ട്; ആർദ്രം പദ്ധതിയിലൂടെ കേരളത്തിന്റെ ആരോഗ്യ മേഖല മാറിയത്; വലിയ വികസന ചരിത്രം സൃഷ്ടിക്കാൻ ആരോഗ്യരംഗത്ത് നമുക്ക് സാധ്യമായത് സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന ഭരണകാലത്തല്ലേ? എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് ലൈഫ് മിഷൻ പദ്ധതി പ്രകാരം രണ്ടര ലക്ഷത്തിലധികം വീടുകൾ നിർമ്മിച്ചു നൽകാൻ തയ്യാറായി. ശ്രീ. പിണറായി വിജയന്റെ ഭരണകാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണമുണ്ടായി. പവർകട്ടില്ലാത്ത, ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത കേരളം യാഥാർത്ഥ്യമാക്കിയത് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്താണ്. 15 പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ മണ്ണിൽ ലാഭകരമായി മാറ്റിയിട്ടുണ്ട്. കേരളത്തിൽ ഇത്രയധികം വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. എത്രയോ അധികം വൻകിട പദ്ധതികൾ കേരളത്തിലുണ്ടായി. ഗെയിൽ പൈപ്പ്ലൈൻ പദ്ധതി, ഇടമൺ-കൊച്ചി പവർലൈൻ, കൊച്ചി-മെട്രോ റെയിൽ, കെ-ഫോൺ പദ്ധതി, ദേശീയ ജലപാതാ വികസനം, ദേശീയപാത വികസനം, ട്രാൻസ്ഗ്രിഡ്, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങി ഒട്ടനവധി വൻകിട പദ്ധതികൾക്ക് തുടക്കംകുറിച്ചത് കേരളത്തിൽ ഇടതുപക്ഷം ഭരിക്കുന്ന കാലഘട്ടത്തിലാണ്.

സംഘ്പരിവാറിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ നിയമസഭയിൽ പ്രതിപക്ഷം പല ഘട്ടങ്ങളിലായി അവരുടെ പ്രസംഗങ്ങളിൽ സംഘ്പരിവാറിനെ എതിർക്കുന്നത് ആരാണെന്നുള്ള ചോദ്യം ചോദിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ നിസ്സംശയം പറയുന്നു, ഇടതുപക്ഷമാണെന്ന്. ആർ.എസ്.എസ്.-നെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്നത് കേരളത്തിലെ ഇടതുപക്ഷമല്ലേ? ആർ.എസ്.എസ്. സംഘ്പരിവാർ ശക്തികൾക്കെതിരായി ശരിയായ രാഷ്ട്രീയ നയം സ്വീകരിക്കുന്നത് ഇടതുപക്ഷമല്ലേ? ഇവിടെ എത്രയോ അധികം അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഇക്കഴിഞ്ഞ കാലയളവിൽ ഒരു സർക്കാർ സമരമായി മാറുന്നത് നാം കണ്ടു. നിങ്ങൾ നോക്കൂ, പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കുന്ന കാലത്ത് സർക്കാർ സമരമായി മാറി, രാജ്യത്തിന്റെ മതനിരപേക്ഷതയെ സംരക്ഷിക്കാൻ സർക്കാർ സന്നദ്ധമായി മുന്നോട്ടുവന്നു. ഇവിടെ കഴിഞ്ഞ കാലയളവിൽ ഏറ്റവും പ്രധാനമായും കാശ്മീർ വെട്ടിപ്പിളർന്ന ഘട്ടത്തിൽ, കാശ്മീരിനകത്ത് വലിയ രൂപത്തിലേയ്ക്ക് ജനങ്ങളെ വിഘടിപ്പിക്കുന്ന കാലത്ത്, കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ഒരു സമരമായിമാറി

ഈ രാജ്യത്തിനുവേണ്ടി നിലയുറപ്പിച്ചു. ഈ രാജ്യത്തിന്റെ സ്ഥിതിയെ മോശമാക്കിയ എണ്ണിയാലൊടുങ്ങാത്ത നിരവധി പ്രശ്നങ്ങളിൽ രാഷ്ട്രീയ നിലപാട് സ്വീകരിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് സാധിച്ചുവെന്നതാണ് കേരളത്തിൽ ഇടതുപക്ഷത്തിന് കരുത്ത് വർദ്ധിപ്പിക്കാൻ ഒരു കാരണമായി മാറിയത്. രാജ്യത്തെ കർഷകർ നടത്തിയ പ്രക്ഷോഭത്തിന് പിന്തുണ നൽകിയത് ഇടതുപക്ഷ നയത്തിന്റെ ഭാഗമായിട്ടായിരുന്നു. ഏറ്റവുമൊടുവിൽ ലക്ഷദ്വീപ് കാവിവൽക്കരിക്കുന്ന സംഘ്പരിവാർ അജണ്ടകൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിച്ചത് കേരളത്തിലെ ഇടതുപക്ഷമാണ്. നാം കാണണം, ആർ.എസ്.എസ്.-നെതിരെ നിവർന്നുനിന്ന് നിലപാട് പറയാൻ രാജ്യത്ത് കരുത്തുള്ള ഒരേയൊരു ഭരണാധികാരി മാത്രമേയുള്ളൂ എന്നുള്ള കാര്യം നമുക്കറിയാം. ഇവിടെ സംഘ്പരിവാറുൾപ്പെടെ വലിയ രൂപത്തിലേയ്ക്കുള്ള തിട്ടൂരങ്ങൾ പുറപ്പെടുവിക്കുമ്പോൾ അതിനെതിരായി നിവർന്നുനിന്ന് രാഷ്ട്രീയം പറഞ്ഞ് നിലപാട് സ്വീകരിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കേരളം മാറുന്നു. സധൈര്യം എല്ലാ കാര്യങ്ങളിലും ശരിയായ സമീപനം സ്വീകരിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവരുന്ന അതേ സന്ദർഭത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യമായ ഒരു കാര്യമുണ്ട്. കേരളത്തിലുണ്ടായിരുന്ന ബി.ജെ.പി.-യുടെ ഒരേയൊരു സീറ്റ് നേമം നിയോജക മണ്ഡലമായിരുന്നു. അതുസംബന്ധിച്ച് ഇവിടെ ഫലം പുറത്തുവരുന്നതിന്റെ തൊട്ട് തലേദിവസം നടത്തിയ പത്രസമ്മേളനത്തിൽ കേരളത്തിൽ ബി.ജെ.പി.-ക്കുള്ള ഒരേയൊരു സീറ്റ് ഞങ്ങൾ പൂട്ടിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെ പൂട്ടിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി മികച്ച ഭൂരിപക്ഷം നേടി നിയമസഭയിലേയ്ക്ക് കടന്നുവന്ന ചരിത്രം ഈ കേരളത്തിലെ ജനങ്ങൾക്കറിയാം. ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കുന്നതിൽ, കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ നന്നായി മുന്നോട്ടുകൊണ്ടു പോകുന്നതിൽ, കേരളത്തിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഭരണകാലത്ത് പ്രാവർത്തികമാക്കിയ ബഡ്ജറ്റിലെ വികസന പദ്ധതികളുടെയെല്ലാം തുടർച്ച തന്നെയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങൾക്ക് കരുത്തേകുന്ന ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, തുടർഭരണത്തിന്റെ പ്രോജ്ജ്വലതയിൽ ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സമഗ്രത, ലക്ഷ്യബോധം, പ്രായോഗികത, പ്രയോജനക്ഷമത, വസ്തുതാപരമായ അപഗ്രഥനം, ജനവികാരത്തിന്റെയും അംഗീകാരത്തിന്റെയും പ്രതിഫലനമാണ് ഈ ബഡ്ജറ്റ് എന്ന് ഞാൻ രേഖപ്പെടുത്തുന്നു. എൽ.ഡി.എഫ്.-ന്റെ തുടർഭരണം രാഷ്ട്രീയ

ചരിത്രത്തിൽ പുതുയുഗത്തിന്റെ പിറവിയാണ്. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരം ഏറ്റെടുത്തപ്പോൾ ഓഖി, നിപ, മഹാപ്രളയം പിന്നീട് കോവിഡ് തുടങ്ങി നിരവധി പ്രതിസന്ധികളുണ്ടായി. അതിജീവനത്തിന്റെ കരുത്ത്, ആത്മധൈര്യം, അചഞ്ചലമായ ലക്ഷ്യബോധം, ഇച്ഛാശക്തി, കേരളം രക്ഷപ്പെട്ടത് മുഖ്യമന്ത്രിയുടെ കൃത്യമായ കർമ്മനിർവ്വഹണത്തിന്റെ ഭാഗമായിട്ടാണ്. ദുരന്തങ്ങളിൽനിന്നും കേരളത്തെ രക്ഷിച്ച രക്ഷകൻ അതാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ജനങ്ങൾക്ക് സുരക്ഷിതത്വം ബോദ്ധ്യമായി എന്നതാണ് ജനവിധിയിലൂടെ പ്രകാശിതമായത് എന്നാണ് എന്റെ വിശ്വാസം. മറുപക്ഷത്ത് മൂന്ന് മുന്നണികൾ. യു.ഡി.എഫ്., ബി.ജെ.പി., കേന്ദ്ര അന്വേഷണ ഏജൻസികളുടെ മൂന്നാം മുന്നണി. ഈ മൂന്ന് മുന്നണികളെയും നേരിട്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി തിളക്കമാർന്ന വിജയമുണ്ടാക്കിയത്. വികസനത്തിന്റെ ദീർഘകാല കാഴ്ചപ്പാട് നടപ്പിലാക്കാനുള്ള ബഹുമുഖ പരിപാടികളെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. പഞ്ചവത്സര പദ്ധതികളാണ് ഇതിന് സഹായകരമാകുക എന്നുകൂടി അദ്ദേഹം രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. കേരളത്തിന്റെ പതിമൂന്നാം പദ്ധതിയുടെ സമാപന വർഷമാണ് 2021-22, പതിനാലാം പദ്ധതിയുടെ വർഷമാണ് 2022-23 മുതൽ 2026-27 വരെ. ഈ പ്രവർത്തനങ്ങൾ സർക്കാർ വൈകാതെ ആരംഭിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

1.00 pm]

ഈ സന്ദർഭത്തിലാണ് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. രാജ്യത്തിന്റെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളും സന്ദർശിച്ചാണ് പഞ്ചവത്സര പദ്ധതിയും പ്ലാനിംഗ് കമ്മീഷനും രൂപപ്പെടുത്തിയത്. കേന്ദ്ര ഗവൺമെന്റ് അത് രണ്ടും വലിച്ചെറിഞ്ഞു. മുന്നിട്ടിറങ്ങി പ്രതിഷേധിക്കേണ്ടവർ പലരും പ്രതിഷേധിച്ചില്ല. എന്നാൽ, ഈ രണ്ടുകാര്യങ്ങളും സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്ന് ഇന്ത്യയിൽ ആത്മധൈര്യം കാണിച്ച ഒരു മുഖ്യമന്ത്രിയുണ്ടായി. ആ മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്ന ശ്രീ. പിണറായി വിജയൻ. കേരളം ആ നിലയിൽ മുന്നോട്ടുപോകുകയാണ്. അക്കാര്യത്തിൽ മാത്രമല്ല, രാജ്യവ്യാപകമായി വിവാദത്തിലായ പൗരത്വ നിയമഭേദഗതി കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പറയാൻ നട്ടെല്ല് കാണിച്ചയാളാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. കർഷക നിയമത്തിന്റെ കാര്യത്തിലും അതാണ് സംഭവിച്ചത്. രാജ്യത്താകമാനം കോളിളക്കം സൃഷ്ടിച്ച കർഷക നിയമം ഇവിടെ നടപ്പിലാക്കുകയില്ലെന്ന് പറയാൻ ധൈര്യം കാണിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

2021 ഒക്ടോബർ 2, മഹാത്മാ ഗാന്ധിയുടെ ജന്മദിനത്തിൽ എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനായി പൗരന്മാർക്ക് ലഭ്യമാക്കുന്ന സംവിധാനം ഔദ്യോഗികമായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. ഞാനതിനെ ഏറെ

പ്രാധാന്യത്തോടെ കാണുകയാണ്. കാരണം, രാഷ്ട്രപിതാവ് ഉൾപ്പെടെയുള്ള ദേശീയ നേതാക്കളെ അപകീർത്തിപ്പെടുത്തുവാനും തമസ്കരിക്കുവാനും ഗാന്ധിജിയുടെ ഘാതകൻ നാഥൂറാം വിനായക് ഗോഡ്സെയെ രാഷ്ട്രപിതാവായി അംഗീകരിക്കണമെന്നുപോലും ഇന്ത്യൻ പാർലമെന്റിൽ പ്രസംഗിക്കാൻ ആർ.എസ്.എസ്. - സംഘ്പരിവാർ ശക്തികൾ തയ്യാറായി. ഉത്തരേന്ത്യയിൽ ഗാന്ധിജിയുടെ വധം, അത് ആവർത്തിച്ചുകൊണ്ട് പടക്കം പൊട്ടിക്കാനും മധുരപലഹാരങ്ങൾ വിതരണം ചെയ്യാനും ആർ.എസ്.എസ്.-സംഘപരിവാർ ശക്തികൾ പരിപാടികൾ നടത്തിയപ്പോൾ ഈ രാജ്യത്തെ പ്രധാനമന്ത്രി അതിനെ അപലപിക്കാൻ പോലും തയ്യാറായില്ല. പക്ഷെ, അതിനെതിരെ ശബ്ദമുയർത്താൻ ഈ രാജ്യത്തൊരു സംസ്ഥാനവും സംസ്ഥാനത്തൊരു മുഖ്യമന്ത്രിയുമുണ്ടായി. രാഷ്ട്രപിതാവുൾപ്പെടെയുള്ള ദേശീയ നേതാക്കളുടെ ചരിത്രം തമസ്കരിച്ചപ്പോൾ ഗാന്ധിജി വെടിയേറ്റു മരിച്ച ജനുവരി 30 രക്തസാക്ഷിത്വം എന്ന നാമധേയത്തിൽ വർഷങ്ങൾ നീണ്ടുനിൽക്കുന്ന ബഹുമുഖമായ പരിപാടികൾ സംഘടിപ്പിച്ച് രാഷ്ട്രത്തിന് മാതൃകയായി പ്രവർത്തിച്ചത് കേരളവും അതിന് നേതൃത്വം കൊടുത്തത് നമ്മുടെ മുഖ്യമന്ത്രിയുമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. അങ്ങനെ വിവിധ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ഓരോ നയവും നടപടികളും ഈ നിലയിൽ പ്രാധാന്യമർഹിക്കുന്നതാണ്. അതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തുടർഭരണം കേരളത്തിൽ മാത്രമൊതുങ്ങി നിൽക്കുന്നതല്ലെന്ന് പറയുന്നത്. കേന്ദ്രത്തിന്റെ ഭരണഭീകരതയ്ക്കെതിരായുള്ള, കരുത്തുറ്റ പ്രതിരോധം എന്താണ് ദേശീയ ബദൽ എന്ന ചോദ്യത്തിനുള്ള വ്യക്തമായ മറുപടിയാണ് കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റി നിർവ്വഹിച്ചതെന്നാണ് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

സംസ്ഥാന അധികാരം കവർന്നെടുക്കാൻ ഭരണഘടനാമൂല്യങ്ങളെല്ലാം കാറ്റിൽപ്പറത്തുകയാണ്. കോവിഡ് മഹാമാരിയെ നേരിടുന്ന കാര്യത്തിൽ പക്ഷപാതപരമായ നിലപാടാണ് സ്വീകരിച്ചത്. അവസാന ഘട്ടത്തിലാണ് സൗജന്യവാക്സിന്റെ കാര്യത്തിലെത്തിച്ചേർന്നത്. കേരളത്തോട് എല്ലാ കാര്യങ്ങളിലും രാഷ്ട്രീയ വൈരാഗ്യത്തോടെ സമീപിക്കുന്ന കേന്ദ്ര സർക്കാർ, ഇക്കാര്യത്തിൽ വളരെ വ്യക്തമായ ധാരണയോടുകൂടി രാഷ്ട്രീയ അജണ്ട നടപ്പിലാക്കുന്ന പശ്ചാത്തലത്തിലാണ് നമുക്ക് പ്രവർത്തിക്കാനുള്ളത്. രണ്ടാം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 20,000 കോടി രൂപ അനുവദിച്ചു. തുടർച്ചയായി 8,900 കോടി രൂപ, 8,300 കോടി രൂപ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ച് മുന്നോട്ടുപോകുന്ന പ്രഖ്യാപന പദ്ധതികൾ, അതുപോലെതന്നെ സി.എച്ച്.സി., താലൂക്ക്, ജില്ലാ ആശുപത്രികൾ പ്രത്യേകിച്ച് ഐ.സി.യു. ബെഡ് തുടങ്ങിയിട്ടുള്ള കാര്യങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

തീരദേശസംരക്ഷണത്തിന് പ്രാധാന്യം നൽകുമെന്നത് സുപ്രധാന തീരുമാനമാണ്. കടലാക്രമണം ദുരന്തമായി മാറുകയാണ്. ഓരോ വർഷവും കടലാക്രമണം രൂക്ഷമായി ആവർത്തിച്ചാൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ വലിപ്പംതന്നെ കുറഞ്ഞുപോകും. പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയതാണ് കേരളമെന്നാണ് നമ്മുടെ സങ്കൽപ്പത്തിലും ഐതീഹ്യത്തിലുമുള്ളത്. നിരന്തരമായി ഇങ്ങനെ സംഭവിച്ചാൽ കേരളം അലിഞ്ഞ് ഇല്ലാതായിത്തീരും. അതുകൊണ്ട് കേരളത്തിലെ കടലാക്രമണം ദേശീയ ദുരന്തമായി അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് സഹായങ്ങൾ നൽകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

കാർഷികമേഖലയിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ഭാഗത്തിൽ ഉൽപ്പാദനത്തിനും കർഷകരെ സഹായിക്കുന്നതിനുമുള്ള നിരവധി കാര്യങ്ങൾക്കുമായി തുക അനുവദിച്ചിട്ടുണ്ട്. മത്സ്യബന്ധനമേഖല, തീരദേശസംരക്ഷണം തുടങ്ങിയ വിവിധ കാര്യങ്ങൾക്കും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ നിർവ്വഹിക്കുന്നതിന് ജനകീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കായി സാമ്പത്തിക-സാമൂഹിക രംഗങ്ങളിലെ സമഗ്രമായ പരിപാടികളുടേയും ജനക്ഷേമ പദ്ധതികളുടേയും വികസന പ്രവർത്തനങ്ങളുടേയും അനുഭവങ്ങൾ ബോദ്ധ്യമായ ജനങ്ങളാണ് ഈ സംസ്ഥാന ഗവൺമെന്റിനെ വീണ്ടും അധികാരത്തിലെത്തിച്ചത്. അതുകൊണ്ടുതന്നെ ഇതൊരു തുടർഭരണമാണ്. ഈ ഭരണം തുടരാൻ ജനങ്ങൾ ആഗ്രഹിക്കുകയാണ്. ആഗ്രഹത്തിന്റെ പിന്നിൽ കക്ഷിരാഷ്ട്രീയ-ജാതിമത ചിന്തകൾക്കെല്ലാം അതീതമായ ജനവികാരമാണുള്ളത്. കേരളത്തിൽ ഈ നിലയിൽ ഭദ്രമായ ഒരു ഭരണസാഹചര്യമുണ്ടാക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിജയിപ്പിച്ചത് ഇവിടത്തെ ജനങ്ങളാണ്. അങ്ങനെ വിജയിപ്പിച്ചതിലൂടെ ജനങ്ങൾ രേഖപ്പെടുത്തിയ ഹൃദയവികാരം ഉൾക്കൊണ്ടു കൊണ്ട് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുമെന്ന് ഈ ബഡ്ജറ്റിലൂടെ വ്യക്തമാകുന്നു. ജനഹൃദയങ്ങളിലുയർന്നുവന്ന ആ ഹൃദയവികാരത്തിന്റെ ഹൃദയസ്പന്ദമാണ് ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രകടമാക്കിയത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഇന്ന് വൈകാരികമായിട്ടാണ് ആ ഒരു കസേരയെ നോക്കുന്നത്. 60 വർഷം മുമ്പ് ആ കസേരയിൽ ഒരു മുപ്പത്തിനാലുകാരൻ സ്പീക്കറായി ഇരുന്ന ദിവസമാണിന്ന്. അത് എന്റെ പിതാവാണ്. 1961 ജൂൺ 9-ാം തീയതി 34 വയസ്സുള്ള എന്റെ പിതാവ് സ്പീക്കറായ ദിവസമാണ് ഞാൻ ഇവിടെ പ്രസംഗിക്കുന്നതെന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഒരു രാഷ്ട്രീയ ആമുഖത്തോടെ

ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിന്റെ ആദ്യത്തെ താളുകൾ എടുത്ത് പരിശോധിച്ചാൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്ന് നമുക്ക് ബോധ്യമാകും. ഒന്നാമത്, ഇടതുപക്ഷം ഈ തെരഞ്ഞെടുപ്പിൽ നേടിയത് രാഷ്ട്രീയ വിജയമല്ല. കാരണം, ഇടതുപക്ഷ രാഷ്ട്രീയത്തെ അട്ടത്തുവച്ച തെരഞ്ഞെടുപ്പാണ് ഇവിടെ കഴിഞ്ഞുപോയത്. വൈരുദ്ധ്യാത്മക ഭൗതികവാദം വെയിലത്ത് ഉണക്കാൻ വച്ച തെരഞ്ഞെടുപ്പായിരുന്നു. എന്നാൽ, ജാതിമത സമവാക്യങ്ങളെ കൂട്ടിയും കിഴിച്ചും ഗുണിച്ചും ഹരിച്ചും പരീക്ഷിച്ച തെരഞ്ഞെടുപ്പാണിത്. സംവരണവും സ്കോളർഷിപ്പും സി.എ.എ. (Citizenship (Amendment) Act) ഗീർവാണവും ശബരിമലയും ജനങ്ങൾക്കുമുമ്പിൽ മധുരം പുരട്ടി വിളമ്പിക്കൊടുത്ത തെരഞ്ഞെടുപ്പാണിത്. സി.എ.എ. സത്യത്തിലൊരു തള്ളൽ മാത്രമാണെന്നതിന്റെ തെളിവ് ഇന്നത്തെ പത്രത്തിലുണ്ട്. 2020 ഫെബ്രുവരി 11-ന് കേരളത്തിൽ തടങ്കൽപ്പാളയങ്ങൾ ഉണ്ടാക്കുകയെന്നത് ഞങ്ങളുടെ ലക്ഷ്യമല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ, വീണ്ടും സാമൂഹ്യസുരക്ഷാവകുപ്പ് ഡയറക്ടർ അത് പുനർവിജ്ഞാപനം ചെയ്തുകൊണ്ട് തടങ്കൽപ്പാളയങ്ങളുണ്ടാക്കാൻ തീരുമാനിച്ചത് സി.എ.എ.-യോട് നിങ്ങൾക്ക് എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. പത്രമേതായാലും സംഭവം ശരിയാണോയെന്ന് സാമൂഹ്യസുരക്ഷാ വകുപ്പിനോട് ചോദിച്ചാൽ മതി.

അതുപോലെതന്നെ, മഹാമാരിയുണ്ടാകുന്ന സമയത്ത് പാവപ്പെട്ടവർ ഭക്ഷണം കിട്ടാതെ അലയുമ്പോൾ അത് കൊടുക്കുകയെന്നുള്ളത് ഏതൊരു സർക്കാരിന്റെയും ചുമതലയാണ്. പെൻഷൻ കൊടുക്കുകയെന്നുള്ളത് - അവരുടെ കയ്യിൽ കുറച്ച് പൈസ കൊടുക്കുകയെന്നുള്ളതും ലോകനിയമമാണ്. അഭയാർത്ഥികൾ ഏതെങ്കിലും ക്യാമ്പിൽ അൽപ്പസമയത്തെങ്കിലും നിൽക്കുന്നുണ്ടെങ്കിൽ ആ സമയത്ത് അവർക്ക് പൈസ കൊടുക്കും. ഇപ്പോൾ ഒരുവർഷം മഹാമാരിയുണ്ടായി ആളുകൾക്ക് പുറത്തിറങ്ങാൻ പറ്റാതിരിക്കുന്ന സമയത്ത് അവർക്ക് ഭക്ഷണക്കിറ്റ് കൊടുത്തതും പെൻഷൻ കൊടുത്തതും ഞങ്ങളുടെ ഔദാര്യമാണ്, അത് വേണമെങ്കിൽ നിങ്ങൾ ഞങ്ങളുടെ ഒരു ദാനമായി എടുത്തുകൊള്ളുവെന്നുള്ള രീതിയിലുള്ള പ്രചരണം നടന്ന തെരഞ്ഞെടുപ്പാണിത്. സത്യത്തിൽ, ഇതൊരു ഗവൺമെന്റിന്റെ ഉത്തരവാദിത്വമല്ലേ? ഒരു വർഷം ഭക്ഷണം കിട്ടാതെ കിടന്നവരെ പിന്നെ നിങ്ങൾ എന്താ ചെയ്യാൻ പോയത്? നിങ്ങൾ ഭക്ഷണം കൊടുക്കാൻ തീരുമാനിച്ചിട്ടില്ലായിരുന്നോ? ഇത് ഞങ്ങളുടെ ഔദാര്യമായി കൊടുത്തുവെന്നുള്ള രീതിയിലല്ലേ തെരഞ്ഞെടുപ്പിൽ പറഞ്ഞത്? ഈ പ്രചരണത്തിനുവേണ്ടി പലിശയ്ക്ക് കടം വാങ്ങി നാടായ നാടുകളിലും പത്രങ്ങളിലും ഗ്രാമഗ്രാമാന്തരങ്ങളിലും നഗര നഗരാന്തരങ്ങളിലും വലിയ ഹോർഡിംഗ് വച്ച് ഒരു ക്യാപ്റ്റന്റെ ചിത്രവും വച്ച്

നിങ്ങൾ നടത്തിയിട്ടുള്ള ഈ കാപട്യം സത്യത്തിൽ നിങ്ങളുടെ രാഷ്ട്രീയമാണോ എന്നാണ് ആദ്യം പരിശോധിക്കേണ്ടത്. അതുപോലെ, ഇവിടെ കോവിഡ് സ്റ്റിമുലസ് പാക്കേജെന്ന് പറയുന്നത് കരാറുകാരുടെ കുടിശ്ശിക തീർക്കാനാണെന്ന പുനർനിർവ്വചനം നടന്നത് ഈ തെരഞ്ഞെടുപ്പ് കാലത്താണ്. ഇപ്പോഴത്തെ സ്റ്റിമുലസ് പാക്കേജ് ഈ സർക്കാർ കൊടുക്കാനുള്ള കുടിശ്ശികകൾ കൊടുക്കുന്നതിനു വേണ്ടിയാണെന്ന് പത്രസമ്മേളനം നടത്തി അങ്ങേയ്ക്ക് പറയേണ്ടി വന്നതും ഒരു ഗതികേടായിട്ടാണ് ഞാൻ കാണുന്നത്. ഏതായാലും ഈ തെരഞ്ഞെടുപ്പിൽ ഞങ്ങളെക്കുറിച്ചുള്ള ആരോപണം എപ്പോഴുമുള്ളതുപോലെ ഗീബൽസിയൻ തന്ത്രമാണ്. സത്യത്തിൽ, പോൾ ജോസഫ് ഗീബൽസിനെ ഹിറ്റ്ലർ അദ്ദേഹത്തിന്റെ Propaganda Minister ആക്കിയപ്പോൾ പലരും ചോദിച്ചു, എന്തിനാണ് ഇദ്ദേഹത്തെ ആക്കിയതെന്ന്. നുണ ഇത്രയും നന്നായി പറഞ്ഞ് സത്യമാക്കി തോന്നിക്കാൻ ഇദ്ദേഹത്തെപ്പോലെ കഴിവുള്ളയാളില്ലായെന്നാണ് ഹിറ്റ്ലർ അതിനു നൽകിയ മറുപടി. മറ്റുള്ളവർ എന്ത് പറയുന്നുവെന്ന് നിങ്ങൾ കേൾക്കണ്ട, നിങ്ങൾ അവരുടെമേൽ ആരോപിക്കാനുള്ളത് നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കുകയെന്നാണ് പോൾ ജോസഫ് ഗീബൽസ് Propaganda Minister ആയിരുന്നപ്പോൾ എടുത്ത തീരുമാനം. അതാണ് 'കോലീബി സഖ്യം' എന്ന് നിങ്ങൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാലിത് നിങ്ങൾ നടത്തിയിട്ടുള്ള അവിഹിതബന്ധത്തെ മറച്ചുവയ്ക്കുന്നതിന് വേണ്ടിയായിരുന്നുവെന്ന സംശയം ഇവിടെ ആർക്കുമില്ല. കാരണം ബി.ജെ.പി.-യോട് നിങ്ങൾ പറഞ്ഞത്, ഞങ്ങൾ വന്നാലും നിങ്ങൾ വന്നാലും ഒരുപോലെയാണ് അതുകൊണ്ട് നിങ്ങൾക്കുപകരം ഞങ്ങൾ വരാമെന്നാണ്. ഞങ്ങളുടെ പാർട്ടിയിൽനിന്നും പല ആളുകളും പോകുന്നു, കോൺഗ്രസ് പാർട്ടി മുഴുവൻ ബി.ജെ.പി. ആയിയെന്ന് പറയുന്ന നിങ്ങളോട് ഞാനൊന്ന് ചോദിക്കട്ടെ, കാഞ്ഞിരപ്പള്ളിയിലെ ബി.ജെ.പി. സ്ഥാനാർത്ഥി ആരായിരുന്നു; നിങ്ങളുടെ സഹയാത്രികനായ ശ്രീ. അൽഫോൺസ് കണ്ണന്താനം ആണ്. മാവേലിക്കരയിലെ ബി.ജെ.പി. സ്ഥാനാർത്ഥി ആരാണ്; നിങ്ങളുടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. സഞ്ജു ആണ്. ആറൻമുളയിലെ ബി.ജെ.പി. സ്ഥാനാർത്ഥി ആരാണ്; നിങ്ങളുടെ പഴയ എസ്.എഫ്.ഐ. നേതാവായിരുന്ന ശ്രീ. ബിജു ആണ്. പൂഞ്ഞാറിലെ ബി.ജെ.പി. സ്ഥാനാർത്ഥി ആരാണ്; പഴയ പഞ്ചായത്ത് പ്രസിഡന്റ് മനിലയാണ്. മണ്ണാർക്കാട് ബി.ജെ.പി. മുന്നണി സ്ഥാനാർത്ഥിയായി നിങ്ങൾ മത്സരിപ്പിച്ചത് ജനാധിപത്യ മഹിളാ അസോസിയേഷന്റെ പഴയ നേതാവായ ശ്രീമതി നസീമയെയാണ്. ഇത്തരം കാര്യങ്ങൾകൊണ്ടാണ് അവിഹിത ബന്ധമുണ്ടെന്ന് ആർ.എസ്.എസ്.-ന്റെ നേതാവ് ബാലശങ്കർ പറഞ്ഞത്. ഞങ്ങൾ ജയിച്ചുവന്ന മണ്ഡലങ്ങൾ നിങ്ങൾ നോക്കു. മഞ്ചേശ്വരത്തെ കാര്യം നമ്മൾ കണ്ടല്ലോ, ശ്രീ. കെ. സുരേന്ദ്രൻ

അവിടത്തെ സ്വതന്ത്ര സ്ഥാനാർത്ഥിയായ ശ്രീ. കെ. സുന്ദരയെക്കൊണ്ട് സ്ഥാനാർത്ഥിത്വം പിൻവലിപ്പിച്ച് രണ്ട് ലക്ഷവും ഒരു മൊബൈൽ ഫോണും കൊടുക്കുകയും വൈൻ ഉണ്ടാക്കാൻ വേണമെങ്കിൽ ബംഗളൂരുവിൽ സ്ഥാപനവും ആരംഭിക്കാമെന്ന് പറഞ്ഞതും മാർക്സിസ്റ്റ് പാർട്ടിയെ തോല്പിക്കാൻ വേണ്ടിയല്ല. മറിച്ച്, ബി.ജെ.പി.-ക്ക് ജയിക്കാൻ വേണ്ടിയാണ്. ശ്രീ. കെ. സുരേന്ദ്രന്റെ സ്വപ്നത്തിന്റെ മുകളിൽ കരിഓയിൽ ഒഴിച്ച് അദ്ദേഹത്തിന്റെ നെഞ്ചത്ത് നിവർന്ന് നിന്നുകൊണ്ട് ഗംഭീര സ്വരത്തിൽ വിളംബരം നടത്തി നിയമസഭയിലേയ്ക്ക് കടന്നുവന്നിട്ടുള്ള ഒരു ചുണക്കുട്ടിയുണ്ട്. അദ്ദേഹത്തിന്റെ പേരാണ് ശ്രീ. എ. കെ. എം. അഷ്റഫ് എന്ന മഞ്ചേശ്വരത്തുകാരൻ. നിയമസഭാ തെരഞ്ഞെടുപ്പിൽ പാലക്കാട് നിന്നും മത്സരിച്ച ശ്രീ. ഇ. ശ്രീധരൻ എന്നുപറയുന്ന വ്യക്തിയുണ്ട്. പാലാരിവട്ടം പാലം സംബന്ധിച്ച് അന്വേഷിക്കാൻ നിങ്ങൾ നിയോഗിച്ച ഉദ്യോഗസ്ഥൻ. അവിടെ അദ്ദേഹം ഒരു ഓഫീസും പണിത് ലെറ്റർപാഡും തയ്യാറാക്കി ആളുകളെ കാണാനുള്ള ക്ഷണപത്രങ്ങളും പ്രസിദ്ധീകരിച്ചു. അതിനെ പൂട്ടിട്ട്പൂട്ടി അരക്കിട്ട് നന്നായി ഒട്ടിച്ച് താക്കോൽ വിരലിൽ ചുഴറ്റി വന്നിട്ടുള്ള നമ്മുടെ ആൺകുട്ടിയാണ് ഇവിടെ ഇരിക്കുന്ന ശ്രീ. ഷാഫി പറമ്പിൽ എന്നുപറയുന്ന പ്രിയപ്പെട്ട നേതാവ്. നേമം നിയോജകമണ്ഡലത്തെ സംബന്ധിച്ചും പറയാം. നേമത്ത് ശ്രീ. കെ. മുരളീധരൻ എന്നുപറയുന്ന കെ. കരുണാകരന്റെ മകൻ ഇല്ലായിരുന്നുവെങ്കിൽ ശ്രീ. ഒ. രാജഗോപാലിന് പിൻഗാമിയായി ശ്രീ. കുമ്മനം രാജശേഖരൻ ഇവിടെ ഇരിക്കുന്നത് നമുക്ക് കാണാമായിരുന്നു. കാസർഗോഡിൽ നിന്നുംവന്ന ശ്രീ. എൻ. എ. നെല്ലിക്കുന്ന് ബി.ജെ.പി.-യോടാണ് നേരിട്ടത്. എന്നാൽ നിങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്ന ധാരാളം കാര്യങ്ങൾ എനിക്ക് ഇവിടെ പറയാനുണ്ട്. ഞാൻ അതിനെക്കുറിച്ച് ദീർഘിപ്പിച്ച് പറയുന്നില്ല. അരുവിക്കരയിൽ എൽ.ഡി.എഫ്.ന് 5046 അധിക വോട്ട് കിട്ടിയപ്പോൾ എൻ.ഡി.എ.-യ്ക്ക് 4915 വോട്ട് കുറഞ്ഞു. നെടുമങ്ങാട് എൽ.ഡി.എഫ്.-ന് 13309 അധിക വോട്ട് ലഭിച്ചപ്പോൾ, 8728 വോട്ട് ബി.ജെ.പി.-ക്ക് കുറഞ്ഞു. ഏറ്റുമാനൂർ, ചങ്ങനാശ്ശേരി, ഉടുമ്പൻചോല, പീരുമേട് തുടങ്ങിയിടങ്ങളിലെ കണക്ക് പറയണമെങ്കിൽ പറയാം. ഇതിനുപകരമായി മഞ്ചേശ്വരത്തും പാലക്കാട്ടും നിങ്ങൾ തിരിച്ച് വോട്ട് ചെയ്ത് കൊടുത്തതിന്റെ കണക്കും ഞങ്ങൾ ഇവിടെ വയ്ക്കാം. കണക്കുകൾ വാർഡ് തലത്തിൽ വച്ചുകൊണ്ട് ചർച്ചയ്ക്ക് തയ്യാറുണ്ടോ; നിങ്ങൾ എസ്.ഡി.പി.ഐ.-യുടെ വോട്ട് വാങ്ങിയിട്ടില്ലേ; നേമത്ത് എസ്.ഡി.പി.ഐ.-യുടെ വോട്ട് വാങ്ങിയിട്ടില്ലേ; ലീഗിനാണ് തീവ്രവാദ പ്രസ്ഥാനങ്ങളുമായി ബന്ധമെന്ന് പറയുന്ന ആളുകൾ എസ്.ഡി.പി.ഐ.-യുമായുള്ള ബന്ധത്തെക്കുറിച്ച് എന്താണ് പറയുന്നത്; എസ്.ഡി.പി.ഐ.-യുടെ വോട്ട് പരസ്യമായി നേമത്ത് കൊടുക്കാൻ ഞങ്ങൾ തയ്യാറാണെന്ന് പറഞ്ഞ് സ്ഥാനാർത്ഥിയെപ്പോലും നിർത്താതെ

നിന്നിട്ടുള്ളവരാണ്. ഇത്തരത്തിൽ നവലിബറലിസത്തിന് എതിരെയുള്ള വർത്തമാനം ഇനി നിങ്ങൾക്ക് പറയാൻ കഴിയില്ല. കാരണം ഡോ. തോമസ് ഐസക് തന്നെ പറഞ്ഞിട്ടുണ്ട്, It is debatable whether it is possible to have an alternative and we cut off from the contemporary globalization. ഗ്ലോബലൈസേഷനിൽ നിന്ന് ഇനി നമുക്ക് വർത്തമാനം പറഞ്ഞ് മാറാൻ കഴിയില്ല കേരളം അതിന്റെ ഭാഗമായി നിൽക്കണം. മാത്രമല്ല, അദ്ദേഹം ഒരുവാക്കുകൂടി പറഞ്ഞു, India is performing better now എന്ന്. അതായത് ലിബറലൈസേഷനുശേഷം ഇന്ത്യ നന്നായി പെർഫോം ചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ Tech Mahindra, Ernst & Young, Teranet, Fujitsu, Hitachi, Nissan എന്ന് പറയുന്നുണ്ട്. ഇവ ഏത് proletarians ആണെന്ന് നിങ്ങൾ ഞങ്ങൾക്ക് പഠിപ്പിച്ച് തന്നാൽ നന്നായിരിക്കും. ഞങ്ങൾക്ക് നിങ്ങൾതന്നെ ക്ലാസ്സെടുത്ത് ഇത്തരക്കാരെ അടുപ്പിക്കരുതെന്ന് പറഞ്ഞിട്ട് അവരെ മുഴുവൻ കൊണ്ടുവന്ന് കുടിയിരുത്തിയശേഷം ലിബറലൈസേഷനെതിരെ അങ്ങ് സംസാരിക്കുന്നു. അങ്ങ് പറഞ്ഞല്ലോ, ഏത് കാര്യം പറഞ്ഞാലും ബി.ജെ.പി.-യെക്കുറിച്ച് പറയാൻ ഞങ്ങൾക്ക് പേടിയാണെന്ന്. ഈ ബഡ്ജറ്റിൽ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിനെതിരെ അദ്ദേഹത്തിന്റെ പേര് പറഞ്ഞ് എഴുതിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. നരേന്ദ്ര മോദിയെന്ന പേര് ഇതിൽ എഴുതാൻ വന്നപ്പോൾ അങ്ങയുടെ കൈ വിറച്ച് പോയോ?

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്ലീസ്....... കൺക്ലൂഡ്.....

<u>ഡോ. എം. കെ. മുനീർ</u>: സർ, ശ്രീ. നരേന്ദ്ര മോദിയുടെ പേര് പറയാൻ പോലും ധൈര്യമില്ലാതെ അതുപോലെ ഡോ. മൻമോഹൻ സിംഗിനെതിരെ പറഞ്ഞ് ഇവിടെ കോൺഗ്രസ്മുക്ത ഭാരതമാണെന്ന് പറയുന്ന ബി.ജെ.പി.-യുടെ ചുവടുപിടിച്ച്, ഇവിടെ കോൺഗ്രസ്സാണ് ഇല്ലാതാകേണ്ടത്, ശ്രീ. നരേന്ദ്ര മോദി അല്ല ഡോ. മൻമോഹൻ സിംഗാണ് ഇല്ലാതാകേണ്ടതെന്ന് പറയുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അങ്ങ് ഇവിടെ ബി.ജെ.പി.-കോൺഗ്രസ് ബാന്ധവത്തെക്കുറിച്ച് സംസാരിക്കുന്നു. ഇതൊന്നും ഇവിടെ വിലപ്പോകില്ലെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയാണെങ്കിൽ മാർക്സിസം അവസാനം എവിടെയെത്തും. ത്രിപുരയിലുള്ളവരെല്ലാം എങ്ങോട്ടുപോയി? ത്രിപുരയിലുള്ള മാർക്സിസ്റ്റുകാർ ബി.ജെ.പി.-യിലേയ്ക്ക് പോയോ; അതോ ആവിയായി പോയോ? അവരൊന്നും ആവിയായി പോയിട്ടില്ല. അവർ ബി.ജെ.പി. ചേരിയിലുണ്ട്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നതിന്റെ പ്രധാന കാരണം ആമുഖമായി രാഷ്ട്രീയം പറയുമ്പോൾ, ആ രാഷ്ട്രീയത്തിൽ കുറച്ചൊക്കെ നിഷ്പക്ഷമായ രാഷ്ട്രീയം പറയാൻ

മാർക്സിസ്റ്റ് പാർട്ടി ശ്രമിക്കണം എന്നതുകൊണ്ടാണ്. എന്റെ മണ്ഡലത്തിലെ ലോറി ഡ്രൈവർമാർക്കുവേണ്ടി ഒരു കാര്യം പറയാനുണ്ട്. മീറ്റർ ചാർജ് കണക്കാക്കി അവർക്ക് കൂലി നൽകണം. കാരണം അവർ വാഹനം ഓടിച്ചുവരുമ്പോൾ തോന്നുന്ന കാശാണ് ഇവിടെ വരുന്ന ആളുകൾ കൊടുക്കുന്നത്. അവർക്ക് കൃത്യമായി പണം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഓട്ടോ, ബസ്, ടാക്സി ഡ്രൈവർമാരുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധവേണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ബേപ്പൂർ പോർട്ടിനെ മംഗലാപുരത്തേയ്ക്ക് മാറ്റാൻ പോകുകയാണ്. ലക്ഷദ്വീപിനെ മാത്രമല്ല മലബാറിനെയും തകർക്കാൻ ശ്രീ. നരേന്ദ്ര മോദി ആസൂത്രണം ചെയ്യുമ്പോൾ ബേപ്പൂരിന്റെ എം.എൽ.എ.-യായ ശ്രീ. പി. എ. മുഹമ്മദ് റിയാസ്, തുറമുഖ വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവർ അക്കാര്യം ശ്രദ്ധിച്ച് ബേപ്പൂർ പോർട്ട് സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. ആരോഗ്യരംഗത്ത് മുന്തിയ പരിഗണനയാണ് ഈ ബഡ്ജറ്റ് കൊടുക്കുന്നത്. 20,000 കോടി രൂപയിലധികമുള്ള കോവിഡ് വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിലൂടെ ആരോഗ്യരംഗത്ത് ഗവൺമെന്റ് നടത്തുന്ന സേവനം ഈ ഗവൺമെന്റിന്റെ വരുംനാളുകളിലെ കാഴ്ചപ്പാട് എന്തെന്ന് വ്യക്തമാക്കുന്നതാണ്. കഴിഞ്ഞ പതിറ്റാണ്ടുകാലത്തെ ബഡ്ജറ്റുകളുടെ ചരിത്രം പരിശോധിച്ചാൽ നികുതി നിർദ്ദേശമില്ലാത്ത ഒരു ബഡ്ജറ്റും ഉണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ ഈ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശം ഇല്ലായെന്നത് ഈ ഗവൺമെന്റ് ജനങ്ങളോട് കാണിക്കുന്ന പ്രതിബദ്ധത എന്തെന്ന് എടുത്തുകാണിക്കുന്നതാണ്. ഒരു നയാപൈസയുടെ നികുതി നിർദ്ദേശമില്ല. കോവിഡുമൂലം പട്ടിണിയും ദാരിദ്ര്യവുംകൊണ്ട് വലയുന്ന ജനങ്ങൾക്ക് അധികഭാരം അവരുടെ തലയിൽ കെട്ടിവയ്ക്കുന്നത് ശരിയല്ലെന്ന കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിൽ ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി കേരളത്തിന്റെ ഭാവി, ഇന്ന് നാം നേരിടുന്ന കോവിഡ് എന്ന മഹാമാരിക്കെതിരെ പൊരുതിക്കൊണ്ടിരിക്കുന്ന ലോക ജനത, ഇന്ത്യൻ ജനത, അതിന്റെ ഭാഗമായി കേരളത്തിൽ നാം നടത്തുന്ന പോരാട്ടം, അതിന്റെ പ്രാധാന്യം എന്തെന്ന് എടുത്തുകാണിക്കുന്നതാണ് ഈ ബഡ്ജറ്റ് എന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇത് എന്തുകൊണ്ടും സർവ്വാത്മനാ പാസ്സാക്കേണ്ട ബാദ്ധ്യത ഈ നിയമസഭയിലുള്ള എല്ലാ വിഭാഗത്തിനുമുണ്ട് എന്നാണ് ഞാൻ ഈ അവസരത്തിൽ കരുതുന്നത്.

ഇവിടെ പ്രതിസന്ധിയാണ്. വലിയ പട്ടിണിയും ദാരിദ്ര്യവും ദുരിതവും നേരിടുകയാണ്. യാതൊരുവിധ ഉൽപ്പാദനവും ഇല്ല. അതേസമയം ഗവൺമെന്റിന്റെ ബാദ്ധ്യതകൾ പെരുകിവരികയാണ്. ജനങ്ങൾ ജീവന്മരണ പോരാട്ടത്തിലാണ്. ആ ജനങ്ങളോടൊപ്പമാണ് ഈ ഗവൺമെന്റ് എന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അതുകൊണ്ട് ഈ ഗവൺമെന്റിനെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് സർവ്വാത്മനാ പാസ്സാക്കേണ്ട ബാദ്ധ്യത കേരളത്തിലെ നിയമസഭാംഗങ്ങൾക്കുണ്ടെന്ന വിനീതമായ അഭിപ്രായമാണ് എനിക്കുള്ളത്. എന്നാൽ അതിനനുസരിച്ചല്ല പ്രതിപക്ഷ നിലപാടെന്നുള്ള നിർഭാഗ്യകരമായ അവസ്ഥ ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

എനിക്ക് മുമ്പ് സംസാരിച്ച ഡോ. എം. കെ. മുനീർ, അദ്ദേഹത്തിന്റെ പിതാവ് സി. എച്ച്. മുഹമ്മദ് കോയ സ്പീക്കറായിരുന്ന കാര്യം ഉദ്ധരിച്ചുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. അദ്ദേഹത്തിന്റെ പേരിന് അപമാനമുണ്ടാക്കരുതെന്നാണ് ഡോ. എം. കെ. മുനീറിനോട് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. സി. എച്ച്. മുഹമ്മദ് കോയ എവിടെ; ഡോ. എം. കെ. മുനീർ എവിടെ? അദ്ദേഹത്തിന്റെ പ്രതിഫലനവും പ്രതിപാദനവും കേട്ടാൽത്തന്നെ അദ്ദേഹമെടുത്ത നിലപാടും പ്രതികരണവും എന്താണെന്ന് വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് അത് തള്ളിക്കളയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, .....

ശ്രീ. എം. എം. മണി: സർ, ഞാനൊന്നിനും വഴങ്ങുന്ന പ്രശ്നമില്ല; അതിന്റെ കാര്യവുമില്ല. നിങ്ങൾ ആർക്കും വഴങ്ങിയില്ലല്ലോ; ചെയർമാൻ പറഞ്ഞിട്ടുപോലും നിങ്ങൾ കേട്ടില്ലല്ലോ; അപ്പോൾ നിങ്ങൾക്കുവേണ്ടി ഞാനെന്തിന് വഴങ്ങണം; എന്റെ സമയം അപഹരിക്കാനൊന്നും ഞാൻ സമ്മതിക്കില്ല. അപ്പോൾ കൂടുതൽ സമയം പിന്നീട് ഞാനെടുക്കേണ്ടിവരും, അതൊരു ബുദ്ധിമുട്ടാണ്. നമുക്ക് പിന്നീട് വേണമെങ്കിൽ സ്വകാര്യമായി ചർച്ച ചെയ്യാം. അതാണ് നല്ലത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ഡീസലിന് പുതിയ നികുതി ഈടാക്കുന്നതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. കേരളത്തിന്റെ വിഹിതത്തിൽ മാറ്റം വരുത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്. പ്രിയപ്പെട്ട സുഹൃത്തുക്കളെ, ഇന്ന് കേരളം നേരിടുന്ന സാമ്പത്തിക രംഗത്തെ പ്രതിസന്ധി, ഇല്ലാത്ത ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് ഗവൺമെന്റ് ജനങ്ങളെ നമ്മളോടൊപ്പം നിലനിർത്തേണ്ടത്, അവർക്ക് സഹായം ചെയ്യേണ്ടത് എന്ന ബാദ്ധ്യത നിലനിൽക്കുമ്പോൾ ഇത്തരമൊരു ഘട്ടത്തിൽ വരുമാനമുള്ള മാർഗ്ഗം വേണ്ടെന്നുവയ്ക്കണമെന്ന് പറയുന്നത് യഥാർത്ഥത്തിൽ ആരെ

സഹായിക്കാനാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ദീർഘനാളുകളായി നികുതി ഇങ്ങനെ വരുന്നതാണെന്ന് നമുക്കറിയാം. ഒന്നരവർഷത്തിൽ അധികമായി ഏറ്റവും വലിയ പ്രതിസന്ധിയാണ് നമ്മൾ നേരിടുന്നത്. കോവിഡ് മഹാമാരിക്കെതിരെ പൊരുതിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പൊരുതുമ്പോൾ പരമാവധി സഹായവും ബാദ്ധ്യതയുമാണ് ഗവൺമെന്റ് ഏറ്റെടുക്കുന്നത്. ആ ഘട്ടത്തിൽ ഗവൺമെന്റിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തെ ദുർബ്ബലപ്പെടുത്തുന്ന നിർദ്ദേശം വയ്ക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല.

ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിലുള്ള കൂട്ടുകെട്ടിനെ കുറിച്ചാണ് ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചത്. അത് ഞങ്ങളുടെ അജണ്ടയിലുള്ള കാര്യമല്ല. അത് എന്തുകൊണ്ടും ചേരുന്നത് മുസ്ലീംലീഗ് അടക്കമുള്ള കോൺഗ്രസ് നേതാക്കന്മാർക്കാണ്. നിങ്ങളുടെ മുൻകാല ചരിത്രം പരിശോധിച്ച് നോക്കണം. എക്കാലവും മുസ്ലീംലീഗ് ബി.ജെ.പി.-യും ആർ.എസ്.എസ്.-മായി കൂട്ടുകൂടിയിരിക്കുന്നുവെന്നത് ചരിത്രമാണ്. ബേപ്പൂർ മോഡലടക്കം എത്രയോ മോഡലുകളാണ് ഞങ്ങൾക്ക് പറയാനുള്ളത് എന്ന കാര്യം, അഥവാ ഞങ്ങൾ ഏറെ ചർച്ച ചെയ്തുവെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ, എസ്.ഡി.പി.ഐ., തീവ്രവാദികൾ, ആർ.എസ്.എസ്., സംഘ്പരിവാർ തുടങ്ങിയ ശക്തികളുമായി നിങ്ങൾക്ക് അലിഖിത ബന്ധമുണ്ടെന്ന കാര്യം ആർക്കും നിഷേധിക്കാൻ കഴിയില്ല. നിങ്ങൾ ഈ കൂട്ടുകെട്ടൊക്കെ ഉണ്ടാക്കിയതിനുശേഷം അവസാനം ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടി ഗവൺമെന്റ് രൂപീകരിച്ചപ്പോൾ ഇവിടെ വന്നുനിന്ന് 'ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണ' എന്ന മട്ടിൽ ബി.ജെ.പി.-യും ഞങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് അടിസ്ഥാനമില്ലാത്ത പ്രചാരവേല നടത്തുന്നത് സാമാന്യമര്യാദയ്ക്ക് നിരക്കാത്തതാണ്.

ഉടുമ്പൻചോലയിൽ യു.ഡി.എഫ്.-ന്റെ ഭൂരിപക്ഷം ആളുകളും എനിക്ക് വോട്ട് ചെയ്തു. മിനിമം 18000 ആളുകളെങ്കിലും വോട്ട് ചെയ്തിട്ടുണ്ടെന്നാണ് അവിടത്തെ ഭൂരിപക്ഷത്തിലൂടെ മനസ്സിലാകുന്നത്. നിങ്ങളുടെ സ്ഥാനാർത്ഥിയുടെ മഹത്വവും ഞാൻ കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനത്തിന്റെ നേട്ടവും കൊണ്ടാണ് യു.ഡി.എഫ്.-ന്റെ 18000-ത്തോളം വോട്ടർമാരെങ്കിലും എനിക്ക് വോട്ട് ചെയ്തിട്ടുണ്ടെന്നാണ് എന്റെയൊരു കണക്കുകൂട്ടൽ. അതുകൊണ്ടാണ് കഴിഞ്ഞ തവണ 1109 വോട്ടിന് ജയിച്ച ഞാൻ ഇത്തവണ 38305 വോട്ടിന് ജയിക്കാൻ കാരണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് നഷ്ടപ്പെട്ടുപോയ 20000 വോട്ട് തിരിച്ചുപിടിക്കാൻ കഴിഞ്ഞു. എതിർ സ്ഥാനാർത്ഥിയോടുള്ള പ്രതിഷേധം കൊണ്ടുകൂടിയാണ് യു.ഡി.എഫ്.-ന്റെ 18000-ത്തിലധികം ആളുകൾ എനിക്ക് വോട്ട് ചെയ്തിട്ടുള്ളത്. ഇവിടെ തികച്ചും ക്രിയാത്മകവും ശരിയായ

നിർദ്ദേശങ്ങളുമടങ്ങുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങേണ്ട ബാദ്ധ്യത കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമുണ്ട്. നയാപൈസയുടെ നികുതിഭാരംപോലും ജനങ്ങളുടെമേൽ കെട്ടിവയ്ക്കാതെ അവരെ ഗവൺമെന്റിനോടൊപ്പവും അവരോടൊപ്പം നമ്മളും നിൽക്കുക എന്ന സമീപനമാണ് ബഡ്ജറ്റിലുടനീളം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം നിയമസഭയിൽ കുഴൽപ്പണക്കേസ് ചർച്ച ചെയ്തു. ബി.ജെ.പി.-യുടെ കുഴൽപ്പണ കേസിനെക്കുറിച്ച് ചർച്ച ചെയ്തെന്ന് ദേശാഭിമാനിയുടെ റിപ്പോർട്ടിലാണ് പറയുന്നത്. ദേശാഭിമാനി പത്രം വസ്തുതയല്ലാതെ എന്താണ് പറയേണ്ടത്? കുഴൽപ്പണക്കേസിൽ ബി.ജെ.പി.-യും സുരേന്ദ്രനുമെല്ലാം ഇപ്പോൾ ചോദ്യംചെയ്യലിന് വിധേയമാകുന്നുവെന്ന കാര്യം ജനങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്നത് ഞങ്ങളുടെ പത്രമാണ്. അത് വീക്ഷണവും ചന്ദ്രികയും പോലെയല്ല, ഏത് കാര്യവും തുറന്നുപറയുന്ന പത്രമാണ് ഞങ്ങളുടേത്. ഏത് സാഹചര്യങ്ങളെയും നേരിടാനുള്ള ധൈര്യം ഞങ്ങളുടെ പത്രത്തിനുണ്ട്. ഞങ്ങൾ കുഴൽപ്പണക്കേസിനെ സഹായിക്കുന്നു എന്നാണ് ദേശാഭിമാനി പത്രം പറയുന്നത്. കുഴൽപ്പണവും കള്ളപ്പണവും ഉണ്ടാക്കിയത് ഞങ്ങളാണെന്ന് പറയാതിരുന്നതിൽ നിങ്ങളോട് ഞങ്ങൾക്ക് നന്ദിയുണ്ട്. കാരണം 1947 മുതൽ 60 വർഷക്കാലം ഇന്ത്യ ഭരിച്ചിരുന്നത് നിങ്ങളാണ്. ഇവിടത്തെ മുഴുവൻ കള്ളപ്പണത്തിന്റെയും സൃഷ്ടാക്കൾ നിങ്ങളാണ്. രണ്ടാമത് ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി. അനിയൻബാവയും ചേട്ടൻബാവയുമാണ്. സത്യം അതല്ലേ; നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുമോ? ഈ രാജ്യത്ത് കള്ളനോട്ട്, കുഴൽപ്പണം, കള്ളപ്പണം എന്നിവയുടെയെല്ലാം വക്താക്കൾ കോൺഗ്രസ് ഗവൺമെന്റുകളാണ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട, കോൺഗ്രസ്സു കഴിഞ്ഞാൽ ബി.ജെ.പി.-യാണ്. ഇന്ത്യ ഞങ്ങൾ ഭരിച്ചിട്ടില്ല. ഞങ്ങൾ നിങ്ങളെ പലപ്പോഴും പിന്താങ്ങിയിട്ടുണ്ട്. ഇന്ദിരാഗാന്ധി ഗവൺമെന്റിനെ വിവിധ ഘട്ടങ്ങളിൽ പിന്താങ്ങിയിട്ടുണ്ട്. അന്നത്തെ സാഹചര്യങ്ങൾ ശരിയാണെന്ന് ഞങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പിന്താങ്ങിയത്. ഒന്നാം യു.പി.എ. ഗവൺമെന്റിനെ പിന്താങ്ങിയില്ലേ; എന്തുകൊണ്ട്; അപ്പോൾ ഞങ്ങൾക്ക് മന്ത്രിസ്ഥാനവും നല്ല വകുപ്പുമൊക്കെ തരാമെന്ന് പറഞ്ഞപ്പോൾ, 'അടിയങ്ങൾക്ക് കിട്ടിയില്ലെങ്കിലും മാളോര് കഴിച്ചാൽ മതി' എന്നാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങളെന്തെങ്കിലും വാങ്ങിയോ, ഇല്ലല്ലോ; അവസാനം അമേരിക്കൻ സാമ്രാജ്യത്തിന്റെ പാദസേവ ചെയ്യുന്നുവെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ പിന്തുണ പിൻവലിച്ചു. അതല്ലേ ശരി. ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് നിങ്ങൾ വാചാലമായി പറയുന്നു. യഥാർത്ഥത്തിൽ അന്ന് യു.പി.എ. ഗവൺമെന്റിന് നേതൃത്വം കൊടുക്കേണ്ടിയിരുന്നത് അന്തരിച്ചുപോയ പ്രണബ് കുമാർ മുഖർജി

ആയിരുന്നു. അതിനുപകരം ഡോ. മൻമോഹൻ സിംഗിനെ കൊണ്ടുവന്ന് നിങ്ങൾ പ്രതിഷ്ഠിക്കുകയാണ് ചെയ്തത്. എന്നിട്ടും ഞങ്ങൾ പിന്താങ്ങി. ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും ഒഴിവാക്കുക എന്ന ലക്ഷ്യംവച്ചാണ് ഞങ്ങൾ പിന്താങ്ങിയത്. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം തിരിഞ്ഞുനോക്കുമ്പോൾ ഓരോ ഘട്ടത്തിലും ശരിയായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

ത്രിപുരയിലെയും പശ്ചിമ ബംഗാളിലെയും കാര്യം നിങ്ങൾ പറയുന്നുണ്ടല്ലോ; ത്രിപുരയിലെയും പശ്ചിമ ബംഗാളിലെയും പ്രശ്നങ്ങൾ ഗൗരവമായി കണ്ടുകൊണ്ട് തിരുത്തൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം അഭിമാനപൂർവ്വം പറയുകയാണ്. മുസ്ലീം ലീഗിന്റെ സ്ഥിതിയെന്താണ്; നിങ്ങളുടെ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സിന്റെ സ്ഥിതിയെന്ത്; ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത കോൺഗ്രസ്സ് ഇന്ന് എന്തായി; ഹാ..ഹാ.. വലിയ കഷ്ടമായിപ്പോയി എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പശ്ചിമ ബംഗാളിലെ കോൺഗ്രസ്സിനെ തടുത്തോ, ത്രിപുരയിൽ തടുത്തോ. ത്രിപുരയിൽ ബി.ജെ.പി. ആരാണ്; കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർ ഒന്നിച്ചുചേരുകയാണ് ചെയ്തത്. എന്നിട്ടാണ് ഞങ്ങളെ നേരിട്ടത്. അതുകൊണ്ട് പശ്ചിമ ബംഗാളിലെയും ത്രിപുരയിലെയും ഞങ്ങളുടെ അനുഭവങ്ങൾ വച്ചുകൊണ്ടാണ് ഞങ്ങൾ കേരളത്തിലും രാജ്യത്താകെ കമ്മ്യൂണിസ്റ്റ് പാർട്ടിയും മാർക്സിസ്റ്റും ഇടതുപക്ഷവും നിലപാടെടുക്കാൻ പോകുന്നത്. സ്ഥാനാർത്ഥി നിർണ്ണയമടക്കം എല്ലാ കാര്യങ്ങളിലും ഞങ്ങൾ ഈ മാർഗ്ഗം തുടർന്നിട്ടുണ്ടെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഞങ്ങളെ ഇതൊന്നും പറഞ്ഞ് വിരട്ടുന്നത് ശരിയല്ല. ക്രിയാത്മകമായ നിലപാടുകൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് ഞാൻ ഒരിക്കൽക്കൂടി ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുകയാണ്. യാഥാർത്ഥ്യബോധമില്ലാത്ത, തെറ്റായ ദിശയിലേയ്ക്ക് കേരളത്തെ നയിക്കുന്ന, ജനങ്ങളെ പച്ചയായി കബളിപ്പിക്കുന്ന, ധനസ്ഥിതിയെ തെറ്റായി വിവരിക്കുന്ന ഒരു ബഡ്ജറ്റാണിതെന്ന് പറയാനെനിക്ക് പ്രയാസമുണ്ട്. Annual Financial Statements അഥവാ വാർഷിക കണക്കുകളാണ് ബഡ്ജറ്റിൽ വരേണ്ടത്. അതിൽ കാണിക്കുന്ന ധനസൂചിക അഥവാ ഫിസ്കൽ ഇൻഡിക്കേറ്റേഴ്സാണ്. കേരളത്തിന്റെ ധനസ്ഥിതി എവിടെയെത്തിനിൽക്കുന്നു, കഴിഞ്ഞ വർഷത്തെ സ്ഥിതിയെന്തായിരുന്നു, കഴിഞ്ഞ വർഷങ്ങളിലെ സ്ഥിതിയുമായെങ്ങനെ താരതമ്യപ്പെടുത്തണം എന്നിങ്ങനെ നമ്മുടെ ഭാവി കാര്യങ്ങളെക്കുറിച്ച് കൃത്യമായൊരു ബോധ്യം നമുക്കുണ്ടാക്കിത്തരുന്നത്. വരാനിരിക്കുന്ന വർഷത്തെ എസ്റ്റിമേറ്റ് കണക്കാക്കുന്നതും ഇക്കഴിഞ്ഞ

വർഷങ്ങളിലെ ഫിസ്കൽ ഇൻഡിക്കേറ്റേഴ്സ് വച്ചിട്ടാണ്. പക്ഷെ പ്രകടമായിത്തന്നെ ഈ ഫിസ്കൽ ഇൻഡിക്കേറ്റേഴ്സ് മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലാണ്. ഉദാഹരണമായി, കഴിഞ്ഞ പ്രാവശ്യം (2021-22) ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെ റവന്യൂ വരവ് 1,28,375 കോടി രൂപയായിരുന്നു. ഇപ്പോഴത്തെ റവന്യൂ വരവ് 1,30,981 കോടിരൂപ എന്നാണ് കാണുന്നത്. യഥാർത്ഥത്തിൽ കഴിഞ്ഞ വർഷങ്ങളിലെ റവന്യൂ വരവിന്റെ ട്രെൻഡെന്താണ്? ഫ്ലഡ് ഉണ്ടായ വർഷം (2018-19) നമുക്കുണ്ടായിരുന്ന റവന്യൂ വരുമാനം 1,06,000 കോടി രൂപയായിരുന്നു. അത് പിറ്റേവർഷം (2019-20) ആയപ്പോൾ 7,000 കോടി രൂപ കുറഞ്ഞ് 99,000 കോടി രൂപയായി. 2020-21 ആയപ്പോഴേയ്ക്കും 6,000 കോടി രൂപ കുറഞ്ഞ് 93,000 കോടി രൂപയായി. റവന്യൂ വരുമാനം കുറഞ്ഞുവരികയാണ്. റവന്യൂ വരുമാനം, നികുതി വരുമാനം, മറ്റുള്ള നികുതിയേതരവരുമാനം എന്നിവ വർദ്ധിക്കേണ്ടതാണ്. സാധാരണയിൽക്കവിഞ്ഞ് നികുതി വർദ്ധനവും വരുമാനവർദ്ധനവും ഉണ്ടാകുന്നതിനുപകരം മൂന്ന് വർഷമായി റവന്യൂ വരവ് 7,000 കോടി രൂപയും 6,000 കോടി രൂപയും കുറഞ്ഞുവന്ന് 93,000 കോടി രൂപയിലെത്തി. അതിൽനിന്ന് റവന്യൂ വരവ് ഇപ്പോൾ 1,30,000 കോടി രൂപയിലേയ്ക്ക് ഉയർത്തിക്കാണിച്ചിരിക്കുന്നു. റവന്യൂ വരവിൽ ഈ വർഷം 37,000 കോടി രൂപയുടെ വ്യത്യാസം ഉണ്ടായിരിക്കുമെന്ന് പറഞ്ഞാൽ ആര് വിശ്വസിക്കാനാണ്; ഇങ്ങനെയൊരു കണക്ക് എഴുതി വയ്ക്കാൻ സാധിക്കുമോ? 37,000 കോടി രൂപയുടെ വരുമാന വർദ്ധനവ്, റവന്യൂ വരവ് ഈ ഒറ്റ വർഷം കൊണ്ട് ഉണ്ടാകുമെന്ന് പറഞ്ഞാൽ റവന്യൂ വരവിലെ വർദ്ധനവ് ഏകദേശം 40 ശതമാനമാണ്. അങ്ങേക്ക് എഴുതി വയ്ക്കാം. പക്ഷെ, 40 ശതമാനം റവന്യൂ വർദ്ധനവുണ്ടാകാൻ സാധ്യതയുള്ളതിന്റെ ഒരു സൂചനകളും അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ ഒരു സ്ഥലത്തും പറയുന്നില്ല. അപ്പോൾ ഈ കണക്കെങ്ങനെ വിശ്വസിക്കും? 1,47,000 കോടി രൂപയാണ് റവന്യൂ ചെലവിനായി ഈ ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. ഇപ്പോൾ ഫസ്റ്റ് ക്വാർട്ടർ അഥവാ Q1 കഴിഞ്ഞു. ഇനി Q2, Q3, Q4 എന്നീ മൂന്ന് ക്വാർട്ടറുകൾകൂടി വരാൻ പോകുകയാണ്. വരുമാനത്തിന്റെ കാര്യവും എക്സ്പെൻഡിച്ചറിന്റെ കാര്യവും ഈ Q1 പരിശോധിച്ചാലറിയാം. അപ്പോൾ കഴിഞ്ഞവർഷമുണ്ടായ 93,000 കോടി രൂപയുടെ റവന്യൂ വരവ് പോലും ഉണ്ടാകില്ലായെന്നുള്ള സൂചനകളാണ് Q1 തരുന്നത്. റവന്യൂ വരവ് 93,000 കോടി അല്ല മറിച്ച് 1,00,000 കോടിയായെന്ന് കരുതുക. അപ്പോഴും 1,47,000 കോടി രൂപയാണ് റവന്യൂ ചെലവ് കണക്കാക്കിയിരിക്കുന്നത്. എന്നു പറഞ്ഞാൽ 47,000 കോടി രൂപയാണ് റവന്യൂ കമ്മി. സാധാരണയായി എസ്റ്റിമേറ്റിൽ കാണിക്കുന്നതല്ല റവന്യൂ ചെലവായി വരുന്നത്, കുറച്ചുകൂടി കൂടും. അപ്പോൾ ഈ കണക്കനുസരിച്ച് 50,000 കോടി രൂപ

റവന്യൂ കമ്മിയിലേയ്ക്ക് പോകും. അത് ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനം വരും? എന്നിട്ട് റവന്യൂ കമ്മിയെക്കുറിച്ച് എഴുതിവച്ചിരിക്കുന്നത് കഴിഞ്ഞ 3 വർഷങ്ങളായി റവന്യൂ കമ്മി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. എപ്പോഴും കഴിഞ്ഞ 3-4 വർഷത്തെ ട്രെൻഡ് നോക്കിയിട്ടാണ് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. കഴിഞ്ഞ 3 വർഷത്തെ ട്രെൻഡ് എന്താണ്? 2018-19-ലെ റവന്യൂ കമ്മി 13,000 കോടി രൂപയായിരുന്നു. 2019-20-ൽ അത് 17,000 കോടി രൂപയായും 2020-21-ൽ 24,000 കോടി രൂപയായും വർദ്ധിച്ചു. ഇതിൽ 16,000 കോടി രൂപയെന്നാണ് റവന്യൂ കമ്മി എഴുതിവച്ചിരിക്കുന്നത്. മൂന്ന് വർഷം തുടർച്ചയായി 13,000 കോടി രൂപയും, 17,000 കോടി രൂപയും, 24,000 കോടി രൂപയുമായി വർദ്ധിച്ച റവന്യൂകമ്മി ഈ വർഷം 16,000 കോടി രൂപയായി കുറയുമെന്നുള്ള കണക്ക് എന്തടിസ്ഥാനത്തിലാണ്; ഇതിന്റെ ബാക്ക്-അപ്പ് എന്താണ്; റീസണിംഗ് എന്താണ്; അതിനൊരു കണക്ക് വേണ്ടെ; ഒരു അടിസ്ഥാനം വേണ്ടെ? ഒരടിസ്ഥാനവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ധനസ്ഥിതിയെക്കുറിച്ച്, Tell the truth to the people, atleast to this House. ഈ സഭയോടെങ്കിലും സത്യം പറയൂ. യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നത് എന്തിനാണ്; സത്യം പറയേണ്ടേ?

ഡോ. ടി. എം. തോമസ് ഐസകിന്റെ ബഡ്ജറ്റ് കുറച്ചുകൂടി സത്യസന്ധമാണ്. അതിലെ 365-ാമത്തെ പരാഗ്രാഫിൽ പറയുന്ന അവസാനത്തെ വാചകം, 'സ്വാഭാവികമായും ധനക്കമ്മി 4.25 ശതമാനമായി ഉയർന്നു. ബഡ്ജറ്റ് മതിപ്പ് കണക്കിനേക്കാൾ റവന്യൂ വരുമാനത്തിൽ 18.77 ശതമാനത്തിന്റെ കുറവുണ്ട്.' ഇപ്പോൾ ലോക്ഡൗൺ, സെക്കൻഡ് വേവ് എന്നിവയെല്ലാം നിലനിൽക്കുകയാണ്. 18.77 ശതമാനം റവന്യൂ വരുമാനത്തിൽ കുറവുണ്ടെന്ന് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുകയാണ്. 'എന്നാൽ റവന്യൂ കമ്മി 2.94 ശതമാനമായി ഉയർന്നു. കൂടുതൽ വായ്പയെടുത്താണ് ചെലവുകൾ നടത്തിയത്. സ്വാഭാവികമായും ധനക്കമ്മി 4.2 ശതമാനമായി കുറയും.' ഈ ബഡ്ജറ്റിൽ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. കോവിഡിന്റെ രണ്ടാം പാക്കേജാണ് ഈ ബഡ്ജറ്റിൽ പറയുന്ന ഏറ്റവും വലിയ ആകർഷണം. 20,000 കോടി രൂപയുടെ പാക്കേജാണ് പുതിയതായി പ്രഖ്യാപിച്ചിരിക്കുന്നത്. ഞാൻ അത്ഭുതപ്പെട്ടു, കഴിഞ്ഞ പാക്കേജ് പോലെയാകില്ലെന്ന് കരുതി. ഇതിൽ എഴുതിയിരിക്കുന്നത് എന്താണ്? '20,000 കോടി രൂപയുടെ രണ്ടാം കൊവിഡ് പാക്കേജ് പ്രഖ്യാപിക്കുകയാണ്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും' അടുത്തത് ശ്രദ്ധിക്കണം, 'ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8800 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി

8,300 കോടി രൂപയും ലഭ്യമാക്കും.' അപ്പോൾ നേരിട്ട് പണം കയ്യിലെത്തിക്കും. ഞാൻ ഇത് കേട്ടിട്ട് പത്രസമ്മേളനത്തിൽ പോയി സ്വാഗതം ചെയ്തു. കാരണം അതിന്റെ തലേദിവസം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ നൽകണം, ആളുകൾക്ക് നേരിട്ട് തുകയെത്തിക്കണമെന്ന് ഗവർണറുടെ പ്രസംഗത്തിലെ നന്ദി പ്രമേയ ചർച്ചയിൽ നിർദ്ദേശംവച്ച ഒരാളാണ് ഞാൻ. ഇത്രപെട്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്റെ നിർദ്ദേശം സ്വീകരിച്ചല്ലോയെന്ന് ഞാൻ വിചാരിച്ചു. നേരിട്ട് തുക ജനങ്ങളുടെ കയ്യിലെത്തിക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുണ്ടെന്ന് എന്നോട് മാധ്യമപ്രവർത്തകർ പറഞ്ഞു. കരാറുകാരുടെ കുടിശ്ശിക, വെൽഫെയർ പെൻഷൻ ഇതൊക്കെത്തന്നെയാണ്, പുതിയതായിട്ടൊന്നുമില്ല. ഞാൻ ചോദിക്കട്ടെ, കാരാറുകാരുടെ കുടിശ്ശിക നൽകേണ്ടത് ആരാണ്; അത് ഗവൺമെന്റിന്റെ ലയബിലിറ്റിയല്ലേ? വെൽഫെയർ പെൻഷൻ എല്ലാ മാസവും ഒന്നാം തീയതി കൃത്യമായി വീട്ടിലെത്തിക്കുമെന്നതായിരുന്നില്ലേ നിങ്ങളുടെ പ്രചരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാതൽ? വെൽഫെയർ പെൻഷൻ നൽകുന്നത് ഏത് ഗവൺമെന്റിന്റെയും ലയബിലിറ്റിയാണ്. വെൽഫെയർ പെൻഷൻ നൽകുന്നതിനെയും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനെയും ഇരുപതിനായിരം കോടി രൂപയുടെ പുതിയ പാക്കേജായി പ്രഖ്യാപിക്കുക എന്ന് പറഞ്ഞാൽ അതല്ലേ ജനങ്ങളെ കബളിപ്പിക്കുന്നത്; അതിനെയല്ലേ കാപട്യമെന്ന് പറയുന്നത്? കാപട്യമൊളിപ്പിച്ചുവച്ച ബഡ്ജറ്റാണിത്. പക്ഷേ, കണക്കുകൾ സത്യം പറയും, മൂടിവയ്ക്കാൻ പറ്റില്ല. കാരണം അവസാനത്തെ പേജിൽ പുതുക്കിയ എസ്റ്റിമേറ്റ് പറഞ്ഞിരിക്കുകയാണ്. എല്ലാ ബഡ്ജറ്റ് കഴിയുമ്പോഴും ഒരു കോളമുണ്ട്- 'ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ്'. അതായത് ഈ ബഡ്ജറ്റിൽ പുതിയതായി നൽകിയിരിക്കുന്ന നിർദ്ദേശങ്ങളാണ്, റിവൈസ്ഡ് ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിലൂടെ പുതിയതായി പ്രഖ്യാപിച്ചിരിക്കുന്ന അധികച്ചെലവ് 1,715 കോടി രൂപയാണ്. അപ്പോൾ ഈ 20,000 കോടി രൂപ ഇതിൽ പ്രഖ്യാപിച്ചിരിക്കുന്ന ചെലവല്ല. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന അധികച്ചെലവെന്ന് പറയുന്നത്, ഇപ്പോൾ പറഞ്ഞിരിക്കുന്ന 1,715 കോടി രൂപയും കോവിഡ് സ്റ്റിമുലസ് പാക്കേജിന്റെ 20,000 കോടി രൂപയും ചേർന്ന് 21,715 കോടി രൂപ വേണം. പക്ഷേ 1,715 കോടി രൂപയേ ഉള്ളൂ. അതെന്തുകൊണ്ടാണ്? ആ 20,000 കോടി രൂപയ്ക്ക് ബഡ്ജറ്റിൽ ആൾറെഡി അലോക്കേഷനുള്ളതാണ്, പുതിയതായിട്ടുള്ള സംഭവമല്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള, പെൻഷൻ നൽകാനും കാരാറുകാർക്ക് കുടിശ്ശിക നൽകാനും നീക്കിവച്ചിരിക്കുന്ന തുകയാണ്, പുതിയ തുകയില്ല. എന്തിനാണ് വളച്ചുകെട്ടി ഇത്തരം കാര്യങ്ങൾ പറയുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ലോണിന്റെ പലിശ സബ്സിഡിക്കുവേണ്ടി 8,300 കോടി രൂപ നൽകുമെന്ന് പറയുന്നുണ്ട്, അത് എവിടെ നിന്നാണ് നൽകുന്നത്? അത് ഈ കണക്കിൽ കാണുന്നില്ല. 8,300 കോടി രൂപയെന്ന് പറഞ്ഞാൽ ഒരു നിസ്സാര തുകയണോ; എവിടെ നിന്നാണ്, ആരുടെ പോക്കറ്റിൽ നിന്നാണ് എടുത്ത് കൊടുക്കുന്നത്? മറ്റൊന്ന്, പലിശ സബ്സിഡി

നൽകണമെങ്കിൽ ജനങ്ങൾ ലോൺ എടുക്കേണ്ടേ? കോവിഡും ലോക് ഡൗണുമുൾപ്പെടെയുള്ള ഈ പ്രതിസന്ധി കാലഘട്ടത്തിൽ ജനങ്ങൾ ഇപ്പോൾ ലോൺ എടുക്കുന്നില്ല, സിബിൽ റേറ്റിംഗ് (CIBIL Rating) താഴോട്ടുപോയി ക്കൊണ്ടിരിക്കുകയാണ്. സിബിൽ റേറ്റിംഗ് എന്നുപറഞ്ഞാൽ ക്രെഡിറ്റ് റേറ്റിംഗാണ്. ഓരോ വ്യക്തിയും ബാങ്കിൽനിന്ന് ലോൺ എടുത്തശേഷം തിരിച്ചടച്ചില്ലെങ്കിൽ നമ്മുടെ ക്രെഡിറ്റ് റേറ്റിംഗ് താഴോട്ടുപോകും. സിബിൽ റേറ്റിംഗ് താഴോട്ടുപോയാൽ നമുക്ക് ഒരു ബാങ്കും ലോൺ തരില്ല. ചെറുകിട/ ഇടത്തരം കച്ചവടക്കാർ, ബിസിനസ്സുകാർ, വ്യക്തികൾ എന്നിവർക്ക് ഈ സമയത്ത് ലോൺ തിരിച്ചടയ്ക്കാൻ സാധിച്ചില്ലെങ്കിൽ ക്രെഡിറ്റ് റേറ്റിംഗ് വളരെ താഴോട്ടുപോകും. എല്ലാ ബാങ്കുകൾ തമ്മിലും ബന്ധമുണ്ട്. ഒരു ബാങ്കിൽ നമ്മുടെ സിബിൽ റേറ്റ് താഴേയ്ക്ക് പോയാൽ വേറൊരു ബാങ്കും നമുക്ക് ലോൺ നൽകില്ല. അതുകൊണ്ട് ഈ സമയത്ത് ആളുകൾ ലോൺ എടുക്കില്ല. ലോൺ എടുക്കാൻ പേടിച്ചാണിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്ക് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ഈ സാഹചര്യത്തിൽ ആറ് മാസക്കാലത്തേയ്ക്ക് സിബിൽ റേറ്റിംഗ് സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം കേരളത്തിൽ ഇപ്പോൾ സിബിൽ റേറ്റിംഗ് കണക്കാക്കിയാൽ ഭാവിയിൽ ഒരു മലയാളിക്കും ബാങ്കിൽനിന്ന് ലോൺ ലഭിക്കാത്ത സ്ഥിതിവരും. അവരുടെ ക്രെഡിറ്റ് റേറ്റ് നഷ്ടപ്പെടും.

ഫസ്റ്റ് വേവിൽ ഗവൺമെന്റ് നന്നായി കാര്യങ്ങൾ ചെയ്തു, ഞങ്ങൾ അതിനെ സ്വാഗതം ചെയ്തതാണ്. ബാങ്കുകളിലും, സഹകരണ ബാങ്കുകളിലും, കുടുംബശ്രീ യൂണിറ്റുകളിലും മൊറട്ടോറിയമുണ്ടായിരുന്നു. കൊള്ളപ്പലിശക്കാരും മൈക്രോ ഫിനാൻസുകാരും നൽകുന്ന തുകയ്ക്ക് ഒരു സമയം പ്രഖ്യാപിച്ചിരുന്നു. ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ പ്രസംഗിച്ചതുപോലെ, ഒരോ വീട്ടിലും സ്ത്രീകളുടെ മുന്നിൽ ഗുണ്ടകളെപ്പോലുള്ള ആളുകൾ തുകകൾ പിരിച്ചെടുക്കാനായി എത്തുകയാണ്. ബാങ്കുകളിൽ നിന്നെടുത്ത ലോണുകളുടെ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിക്കണം. അതുപോലെ മറ്റുള്ള സംവിധാനങ്ങൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, മൈക്രോഫിനാൻസ് സംവിധാനങ്ങൾ തുടങ്ങിയവ സാധാരണക്കാരായ ആളുകളെ പേടിപ്പിച്ച് പിരിച്ചെടുക്കുന്ന സംവിധാനംകൂടി അവസാനിപ്പിക്കണം. അതിനുവേണ്ടി അടിയന്തരമായി യോഗം കൂടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് നേരിട്ട് തുക കയ്യിലെത്തിക്കാൻ വേണ്ടി ഒരു പദ്ധതി വേണം. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ മാർക്കറ്റിൽ ലിക്വിഡിറ്റി ക്രഞ്ചാണ്, പണമില്ല. പണമില്ലാത്തതിന്റെ റിയാക്ഷനെന്ന് പറയുന്നത് വളരെ വലുതാണ്. ആരുടെയും കയ്യിൽ പണമില്ലാതെവരും. Money in rotation ആണ്, അതിനാണ് വിലയുള്ളത്. Money റൊട്ടേറ്റ് ചെയ്യപ്പെടാതിരുന്നാൽ അതിന് കടലാസിന്റെ വിലമാത്രമേയുള്ളൂ. മനസ്സിലാക്കുന്നതിനുവേണ്ടി ചെറിയൊരു കാര്യം പറയാം; ഒരു കുടുംബം പ്രധാനപ്പെട്ടൊരു സ്ട്രീറ്റിലെ ഹോട്ടലിൽ റൂമെടുക്കാൻ പോയി. രണ്ടായിരം രൂപ

അഡ്വാൻസ് ആവശ്യപ്പെടുകയും അത് നൽകുകയും ചെയ്തു. ഭാര്യയും മക്കളും റൂം കാണണമെന്നാവശ്യപ്പെട്ടത് പ്രകാരം മുകളിൽ പോയി നോക്കിക്കൊള്ളാൻ പറഞ്ഞു, അവർ നോക്കാൻ പോയി. അപ്പോൾ ഹോട്ടലിലേയ്ക്ക് പച്ചക്കറികൾ സപ്ലൈ ചെയ്യുന്നയാൾ അവിടെ ഇരിക്കുകയായിരുന്നു. ഹോട്ടലിലെ മാനേജർ അഡ്വാൻസ് ലഭിച്ച തുക ആ പച്ചക്കറിക്കാരന് നൽകി. അയാൾ ആ തുക കൊണ്ടുപോയി വളം വാങ്ങിയ കടയിലെ കുടിശ്ശിക കൊടുത്തുതീർത്തു. വളക്കടക്കാരൻ എല്ലാ ആഴ്ചയിലും വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങിക്കുന്ന പ്രൊവിഷൻ സ്റ്റോറിലെ കടം ഈ രണ്ടായിരം രൂപകൊണ്ട് കൊടുത്തുതീർത്തു. പ്രൊവിഷൻ സ്റ്റോർ ഉടമ സ്ഥിരമായി ഭക്ഷണം കഴിക്കുന്ന റെസ്റ്റോറന്റ് കം ഹോട്ടലിൽ കൊടുത്തു തീർക്കാനുള്ള കടം കൊടുത്തു തീർത്തു. റെസ്റ്റോറന്റ് കം ഹോട്ടൽ മാനേജർ അവിടത്തെ പയ്യനെ വിളിച്ചിട്ട് പറഞ്ഞു, കഴിഞ്ഞയാഴ്ച ഇവിടൊരു ഗസ്റ്റ് വന്നപ്പോൾ ഇവിടെ റൂം ഇല്ലാത്തതിനാൽ തൊട്ടപ്പുറത്തേയ്ക്കാണ് വിട്ടത്. അവിടെ അന്നത്തെ പേമെന്റ് നൽകിയിരുന്നില്ല. അതുകൊണ്ട് ഈ രണ്ടായിരം രൂപ അവിടെ കൊടുക്കാൻ പറഞ്ഞു. നേരത്തെ പറഞ്ഞ ഫാമിലി കയറിച്ചെന്ന ഹോട്ടലിൽ ആ രണ്ടായിരം രൂപ തിരിച്ചെത്തി. അപ്പോൾ നേരെ മുകളിൽ നിന്നും ഭാര്യയും കുട്ടികളും ഇറങ്ങിവന്ന് റൂം ഇഷ്ടപ്പെട്ടില്ലെന്ന് അറിയിച്ചു. മാനേജർ രണ്ടായിരം രൂപ അവർക്ക് തിരികെ നൽകി. 15-20 മിനിട്ടിനുള്ളിൽ നാലഞ്ച് പേരുടെ കടം തീർന്നു. അതായത് money in rotation within 15 minutes. Money in rotation എന്ന് പറയുന്നത് ഒരു magic ആണ്. മാർക്കറ്റിൽ പണമുണ്ടാകണം. Liquidity crunch ഉള്ളൊരു മാർക്കറ്റിലേയ്ക്ക് സാധാരണ ചെയ്യുന്നത് money push ചെയ്യുകയാണ്. ബാങ്കുകളുടെ CRR (Cash Reserve Ratio) കുറച്ച് കൂടുതൽ തുക മാർക്കറ്റിലേയ്ക്ക് സാധാരണ പുഷ് ചെയ്യും. അതാണ് ഈ സമയത്ത് ഏറ്റവും കൂടുതൽ ആവശ്യം. അതിശയോക്തിയായി പറഞ്ഞതുമാത്രമല്ല. പണമിങ്ങനെ റൊട്ടേറ്റ് ചെയ്തുകൊണ്ടിരിക്കും. ഈ പാൻഡമിക് സിറ്റുവേഷനിൽ ഒരു ബഡ്ജറ്റ് പ്രൊപ്പോസൽ വയ്ക്കുമ്പോൾ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നതാണ് എന്റെ അഭ്യർത്ഥന.

എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും നാല് കോടി രൂപ മാറ്റിവയ്ക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളോട് പറഞ്ഞു, ഞങ്ങളതിന് പൂർണ്ണ പിന്തുണ നൽകി. മുഴുവൻ തുകയും എടുക്കേണ്ടതില്ല, കാരണം പുതിയ എം.എൽ.എ.-മാർ ജയിച്ചു വന്നിട്ടുണ്ട്, പഴയ എം.എൽ.എ.-മാർ തെരഞ്ഞെടുപ്പ് കാലത്ത് നൽകിയിട്ടുള്ള ഓഫറുകളുണ്ട്. എല്ലാ എം.എൽ.എ.-മാരും ധാരാളം ഓഫർ നൽകിയിട്ടുണ്ട്. അതുകൊണ്ട് കുറച്ചു തുകയുടെ ആവശ്യം വരും. കുറച്ച് തുക കയ്യിൽ വച്ചശേഷം ബാക്കി പണം നൽകാമെന്ന് ഞങ്ങൾ പറഞ്ഞു. പക്ഷേ അത് ഇംപ്ലിമെന്റ് ചെയ്യുന്ന സമയം ഓരോസ്ഥലത്തെയും Modus operandi എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമായി ചർച്ച ചെയ്താൽ

നന്നായിരുന്നുവെന്നൊരു നിർദ്ദേശം കൂടി വയ്ക്കുകയാണ്. എം.എൽ.എ.-മാരെല്ലാം പൊതുവെ പറഞ്ഞ ഒരുകാര്യം കൂടി സൂചിപ്പിക്കുകയാണ്. ഫോണും ടാബും ടി.വി.-യുമെല്ലാം വാങ്ങാൻ എത്ര സി.എസ്.ആർ. ഫണ്ട് കൊണ്ടുവന്നാലും സർക്കാർ തീരുമാനിക്കുന്ന പരിമിതമായൊരു തുക എം.എൽ.എ. ഫണ്ടിൽ നിന്നുകൂടി ചെലവാക്കണം. അതിനൊരു മാനദണ്ഡം വേണം. നമ്മുടെ ഇഷ്ടം പോലെ ഫോണും മറ്റും വാങ്ങി ജനങ്ങൾക്ക് നൽകാൻ സാധിക്കില്ല. അതിന് എ.ഇ.ഒ. യുടെയോ, സ്കൂളിൽനിന്നും പ്രധാന അദ്ധ്യാപകരുടെയോ സർട്ടിഫിക്കറ്റോടുകൂടി അപേക്ഷ കളക്ടർക്ക് കൊടുക്കട്ടെ. എം.എൽ.എ. ഫണ്ടിന്റെ കസ്റ്റോഡിയൻ കളക്ടറല്ലേ, അതിനൊരു തുക മാറ്റിവച്ചാൽ വളരെ നന്നായിരുന്നുവെന്നാണ് അഭിപ്രായം. ബാക്കി തുക കൂടി എം.എൽ.എ.-മാർ വ്യക്തിപരമായ ബന്ധം കൊണ്ടും സി.എസ്.ആർ. ഫണ്ട് കൊണ്ടും സ്പോൺസർഷിപ്പോടുകൂടിയും നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദുദ്ദേശ്യത്തോടെയാണ് ഇന്നലെ നമുക്കത് തീർക്കണമെന്ന് പറഞ്ഞത്. തീർക്കാൻ ഇത് കുറച്ചുകൂടി സഹായകരമാകും. കോവിഡ് വാക്സിനുവേണ്ടി ആയിരം കോടിരൂപ മാറ്റിവച്ചത് ഇപ്പോൾ റിലീസ് ആയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് വാക്സിൻ സൗജന്യമെന്ന് പ്രഖ്യാപിച്ചതിനാൽ ഇനി ആ തുകയുടെ ആവശ്യം വരില്ല. നമ്മളെല്ലാവരുംകൂടി പാസ്സാക്കിയ പ്രമേയം കേന്ദ്രത്തിൽ പോയതിനാലും സുപ്രീംകോടതിയുടെ ഇടപെടൽകൊണ്ടും കേന്ദ്രനയത്തിൽ ഒരു മാറ്റം വന്നു. ഞാനതിനെ കളിയാക്കിപ്പറഞ്ഞതല്ല, നമുക്കതിൽ പങ്കാളിത്തമുണ്ട്. പത്ത് നിയമസഭകൾ അങ്ങനെ ചെയ്യുമ്പോഴാണ് കേന്ദ്രഗവൺമെന്റിനുമേൽ ഒരു സമ്മർദ്ദം വരുന്നത്. പ്രമേയം പാസ്സാക്കിയതിനെ കളിയാക്കി നടക്കുന്നവർക്കുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്. സുപ്രീംകോടതിയുടെ ഇടപെടലിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇങ്ങനെയൊരു തീരുമാനം വന്നപ്പോൾ വാക്സിനുവേണ്ടിയുള്ള 1000 കോടി രൂപയിൽനിന്ന് ധനകാര്യ വകുപ്പുമന്ത്രി ഫ്രീയായി. അത് റീ അറേഞ്ച് ചെയ്യുന്നതെങ്ങനെയെന്ന് ആലോചിക്കാവുന്ന കാര്യമാണ്.

കിഫ്ബിയുടെ പോരായ്മകൾ പരിഹരിക്കണം. കിഫ്ബി പ്രോജക്ടും പ്ലാനും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. കേന്ദ്ര ഗവൺമെന്റിനെ നമ്മൾ എപ്പോഴും വിമർശിക്കും. കാരണം, നരേന്ദ്ര മോദി ഗവൺമെന്റിന്റെയൊരു പ്രത്യേകത പ്ലാനിൽ വിശ്വസിക്കാതെ പ്രോജക്ടിൽ വിശ്വസിക്കുന്നുവെന്നതാണ്. പ്ലാനും പ്രോജക്ടും തമ്മിലുള്ള വ്യത്യാസമെന്താണ്? പ്ലാനിൽ കൊടുക്കുമ്പോൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേക അലോക്കേഷനുണ്ടാകും. 10 ശതമാനം എസ്.സി.-ക്കും 2 ശതമാനം എസ്.ടി.

വിഭാഗങ്ങൾക്കും ടി.എസ്.പി. ഫണ്ട്, അങ്ങനെയൊക്കെ ഭരണഘടനാപരമായ സേഫ്റ്റിയും പ്രൊട്ടക്ഷനും നൽകി അവർക്കായി ഇത്രയും പൈസ മാറ്റിവയ്ക്കും. എന്നാൽ, പ്രോജക്ടിലേയ്ക്ക് വരുമ്പോൾ ഇതൊന്നും കാണില്ല.ഭരണഘടനാപരമായി അവർക്ക് അർഹതപ്പെട്ട തുകയായതിനാൽ അത് കിട്ടാതെ പോകരുത്. മോട്ടോർ വെഹിക്കിൾസ് ടാക്സും സെസ്സിന്റെ ഒരു ശതമാനവുമാണ് ബഡ്ജറ്റിൽനിന്ന് എല്ലാവർഷവും കിഫ്ബിയുടെ കോർപ്പസ് ഫണ്ടിലേയ്ക്ക് പോകുന്ന 2,000 - 2,500 കോടി രൂപയെന്ന് പറയുന്നത്. കിഫ്ബിയുടെ കോർപ്പസിലേയ്ക്ക് പോകുന്ന ഈ തുക ബഡ്ജറ്റിൽ നിന്നാണ് നൽകുന്നത്, ആ പണത്തിൽ ഈ രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടനാപരമായ അവകാശമുണ്ട്. കിഫ്ബിയിൽ നിന്ന് അവർക്ക് ഡ്യൂ ഷെയർ കൊടുക്കാതിരിക്കുന്നത് ശരിയല്ല, അത് ഭരണഘടനാ വിരുദ്ധമായ കാര്യമാണ്. കിഫ്ബിയുടെ പ്രോജക്ടുകൾ പ്രഖ്യാപിക്കുമ്പോൾ, പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കുവേണ്ടി പ്രത്യേക പ്ലാൻ കിഫ്ബിയിൽ നിങ്ങളുണ്ടാക്കണം. എത്രത്തോളം കോടിരൂപ അവർക്കുവേണ്ടി ചെലവാക്കിയാലും ഭരണഘടനാപരമായ അവകാശത്തെ നമ്മൾ വളഞ്ഞ വഴിയിലൂടെ ബൈപ്പാസ് ചെയ്യരുതെന്നാണ് എന്റെ അഭിപ്രായം.

കഴിഞ്ഞ കോവിഡ് കാലത്ത് നൽകിയ മൊറട്ടോറിയത്തെക്കുറിച്ച് ഞാൻ അങ്ങയോട് സൂചിപ്പിച്ചു. ടൂറിസം ഇൻഡസ്ട്രി തകരുന്നത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. ടൂറിസ്റ്റ് ബസ്സുകളും യാത്രാ ബസ്സുകളും തുരുമ്പുപിടിച്ച് കിടക്കുകയാണ്. പണ്ടാണ് ബസ്സ് മുതലാളിമാരെന്ന് പറയുന്നത്, ഇപ്പോൾ അങ്ങനെയല്ല. ബസ്സിൽ ഏതെങ്കിലും ഒരാളെ ഒഴിവാക്കി കണ്ടക്ടറായി നിൽക്കുന്നവരാണ് മിക്കവാറും ബസ് മുതലാളിമാർ. ബസ്സിന്റെ ബിസ്സിനസ്സുകളൊന്നും ഇപ്പോഴത്തെ കാലത്ത് ലാഭകരമല്ല, തട്ടീം മുട്ടിം പോകുന്നതാണ്. ലോക്ഡൗൺ തുടർച്ചയായി വരുമ്പോൾ ബസ്സിൽ ആളുകൾ കയറാത്ത സാഹചര്യമുള്ളതിനാൽ ഇൻഡസ്ട്രി തകരാറിലാവുകയാണ്. ഒരു ഇൻഡസ്ട്രിയും തകരാറിലാകാൻ നമ്മൾ സമ്മതിക്കരുത്. ഇൻഡസ്ട്രിയിൽ നിന്നെല്ലാം നമുക്ക് വരുമാനം കിട്ടുന്നതാണ്. ഇത്തരം ധാരാളം ഇൻഡസ്ട്രികൾ നിലനിൽക്കുന്നതുകൊണ്ടാണ് റവന്യൂ വരുമാനമുണ്ടാകുന്നത്. ഇൻഡസ്ട്രികൾ തകർന്നാൽ ഭാവിയിലേയ്ക്കുള്ള സർക്കാരിന്റെ വരുമാനം പോകും. മോട്ടോർ വെഹിക്കിൾസ് ടാക്സ്, സ്പെയർ പാർട്സിന്റെ ജി.എസ്.ടി. എന്നിങ്ങനെ ഒരു ഇൻഡസ്ട്രിയിൽനിന്ന് നേരിട്ടും അല്ലാതെയും ഗവൺമെന്റിലേയ്ക്ക് വരുമാനം വരുന്നതാണ്. ഇൻഡസ്ട്രിയിലെ ഏത് പ്രതിസന്ധിയും തകരാതെ നിലനിർത്തുക എന്നുള്ളതാണ് stimulus package-ന്റെ ഉദ്ദേശ്യം. എപ്പോഴും അങ്ങനെ തന്നെയാണ്. 2008-ൽ recession വന്നപ്പോൾ മൻമോഹൻ സിംഗ് ഗവൺമെന്റ് ആദ്യം സപ്പോർട്ട് ചെയ്തത് എക്സ്പോർട്ടിനെയാണ്. എക്സ്പോർട്ടിന് ഇത്രയും

പ്രാധാന്യം കൊടുത്തത് എന്തിനാണെന്ന് അന്ന് വലിയ ആക്ഷേപം വന്നു. എക്സ്പോർട്ട് തകർന്നു പോയാൽ അതിനോടനുബന്ധിച്ച ഉല്പാദന മേഖല തകരും. ഉല്പാദന മേഖല തകർന്നാൽ ഫാക്ടറികൾ അടച്ചിടേണ്ടിവരും, തൊഴിലില്ലായ്മ പ്രശ്നമാകും. ഇൻഡസ്ട്രികൾക്ക് വലിയ സാമ്പത്തിക സഹായമൊന്നും ചെയ്യാൻ പറ്റിയില്ലെങ്കിലും വണ്ടിയോടാത്ത കാലത്തെ നികുതിയെങ്കിലും ഒഴിവാക്കി കൊടുക്കണം. പ്രൈവറ്റ് ബസ്സുകൾ, ടൂറിസ്റ്റ് ബസ്സുകൾ, ടാക്സി, ഓട്ടോറിക്ഷ, ചരക്ക് കൊണ്ടുപോകുന്ന വാഹനങ്ങൾ എന്നിവയൊക്കെ ഷെഡ്ഡിൽക്കിടന്നു തുരുമ്പെടുക്കുന്നതിനാൽ എന്തെങ്കിലും സഹായം ചെയ്തു കൊടുക്കണം. അവർക്ക് ഈ സമയത്ത് നികുതി ഒഴിവാക്കിക്കൊടുക്കണം. അവരെ സപ്പോർട്ട് ചെയ്യാനായി ഒരു പാക്കേജ് ഉണ്ടാക്കണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ നികുതി ഭരണം കൂടുതൽ കാര്യക്ഷമമാക്കണം. ടാക്സ് അഡ്മിനിസ്ട്രേഷൻ സംവിധാനം മുഴുവൻ തകർന്ന് തരിപ്പണമായിക്കിടക്കുകയാണ്. VAT-ൽ നിന്ന് ജി.എസ്.ടി.-ലേയ്ക്ക് മാറിയപ്പോൾ സിസ്റ്റം മുഴുവൻ മാറി. പക്ഷെ, നമ്മുടെ ടാക്സ് അഡ്മിനിസ്ട്രേഷനിൽ ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. VAT-ൽ ഉണ്ടായിരുന്ന ടാക്സ് അഡ്മിനിസ്ട്രേഷൻ അതുപോലെ ജി.എസ്.ടി.-യിലും നിലനിൽക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി-ക്ക് അനുരൂപമായ രീതിയിൽ നികുതിഭരണ സംവിധാനത്തെ റീ-സ്ട്രക്ചർ ചെയ്തു. വാറ്റും ജി.എസ്.ടി.-യും രണ്ടാണ്. വാറ്റിന്റെ അപ്രോച്ച് വേറെയാണ്, ജി.എസ്.ടി.-യുടെ അപ്രോച്ച് വേറെയാണ്. അത് ശരിയായ രീതിയിൽ റീസ്ട്രക്ചർ ചെയ്യണം. 13,000 കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ടെന്ന് ഞാൻ കഴിഞ്ഞദിവസം പറഞ്ഞു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷമായി കൊണ്ടുവന്ന എല്ലാ ആംനെസ്റ്റി സ്കീമുകളും പൊളിഞ്ഞുപോയത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളോട് ഇക്കാര്യം സമ്മതിച്ചതാണ്. ആംനസ്റ്റി സ്കീം അട്രാക്റ്റീവല്ലെന്ന് ബഡ്ജറ്റ് ചർച്ചയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അതിന്റെ ന്യൂനതകൾ പറഞ്ഞു, പക്ഷെ മാറ്റാൻ തയ്യാറായില്ല. മൂന്ന് കൊല്ലവും ആംനെസ്റ്റി സ്കീം കൊണ്ടുവന്നെങ്കിലും മൂന്നു കൊല്ലവും അത് പൊളിഞ്ഞു. സോഫ്റ്റ് വെയറുണ്ടാക്കിയത് ഏത് വഴിക്ക് പോയെന്നറിയില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുകയെന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി പഴയ ആംനെസ്റ്റി സ്കീമുകളുടെ ന്യൂനതകൾ മനസ്സിലാക്കി പുതിയ ആംനെസ്റ്റി സ്കീം ചെയ്യാൻ തയ്യാറാകണം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, ദിശാബോധവും യാഥാർത്ഥ്യ ബോധവുമില്ലാത്ത, കണക്കുകളിൽ യാഥാർത്ഥ്യമില്ലാത്ത, തെറ്റിദ്ധരിപ്പിക്കുന്ന നിർദ്ദേശങ്ങളുള്ള ബഡ്ജറ്റ് എന്ന നിലയിൽ ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുന്നു.

## VI വ്യക്തിപരമായ വിശദീകരണം

### അവാസ്തവ പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഡ്ജറ്റ് ചർച്ചയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയും. ഇതുമായി ബന്ധപ്പെട്ടതല്ലാത്ത ഒരു കാര്യം മാത്രം ഇവിടെ ഉന്നയിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ഉന്നയിച്ച് തെറ്റിദ്ധാരണ ജനിപ്പിക്കുവാനായി സഭയെ ദുരുപയോഗിക്കുന്നതിനെതിരെ ഇതിനുമുമ്പും ഈ സഭയിൽ ഞാൻ അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. സഭാ വേദിയുടെ പരിരക്ഷ രാഷ്ട്രീയമായി ദുർവിനിയോഗം ചെയ്യുന്നത് വീണ്ടും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിവന്നിരിക്കുകയാണ്. മാംഗോ ഫോൺ (മൊബൈൽ ഫോൺ) മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതിനുമുമ്പ് അതിന്റെ പിന്നിലുള്ള പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തുവെന്ന ഒരു പരാമർശം ബഹുമാന്യനായ പി. ടി. തോമസ് കഴിഞ്ഞ ദിവസം സഭയിൽ നടത്തിയിരുന്നു. അതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. ഈ ആരോപണം എന്റെ മേൽ വന്ന് തറയ്ക്കുന്നതായി ആരെങ്കിലും കരുതുന്നെങ്കിൽ കരുതട്ടെ എന്നതാണ് ഇതിനുപിന്നിലുള്ള ദുഷ്ടലാക്ക്. ഏറ്റവും വലിയ പ്രത്യേകത, മുഖ്യമന്ത്രി ആരാണെന്നു പറയാതെയാണ് ശ്രീ. പി. ടി. തോമസ് ഇത് പറഞ്ഞത്. എങ്കിലും പൊതുവിൽ സഭയിലുണ്ടായ പ്രതീതി, അറസ്റ്റിലാവേണ്ട പ്രതികളുടെ പരിപാടി ഉദ്ഘാടനം ചെയ്യാൻ ഞാൻ പോയി എന്നതാണ്. ഇത് സത്യമല്ല. 2016 ഫെബ്രുവരി 29-നാണ് മാംഗോ ഫോൺ കമ്പനി ഉടമകൾ അറസ്റ്റിലായത്. ഞാൻ അന്ന് മുഖ്യമന്ത്രിയേയല്ല. അന്ന് മുഖ്യമന്ത്രി ആരായിരുന്നുവെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. എന്നെക്കൊണ്ട് അതാരാണെന്ന് പറയിക്കുന്നതിൽ ശ്രീ. പി. ടി. തോമസിന് പ്രത്യേകമായ സന്തോഷം എന്തെങ്കിലുമുണ്ടോയെന്ന് എനിക്ക് നിശ്ചയമില്ല. ഏതായാലും പട്ടാപ്പകലിനെ കുറ്റാക്കുരിരുട്ടാക്കി ചിത്രീകരിക്കുന്ന രീതികൾക്കായി നിയമസഭയെ ദുരുപയോഗിക്കരുത്. പകുതിമാത്രം പറഞ്ഞ് തെറ്റിദ്ധാരണയുടെ ഒരു മൂടൽമഞ്ഞുണ്ടാക്കി മുഖ്യമന്ത്രിയെ അതിന്റെ മറവിൽ നിർത്താൻ നോക്കുകയാണ് ചെയ്തത്. നിങ്ങൾ കൊണ്ടുവരുന്ന മൂടൽമഞ്ഞിന് കീഴ്പ്പെടുത്താനാവില്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. വനംകൊള്ളക്കാരുടെ സ്വാധീനത്തെക്കുറിച്ച് പറയവേയാണ് ബഹുമാന്യനായ പി. ടി. തോമസ് ഇതുപറഞ്ഞത്. വനംകൊള്ളക്കാർ നിസ്സാരക്കാരല്ലെന്നും തട്ടിപ്പുകേസ്സുകളിൽ പ്രതികളായിരുന്ന വരാണെന്നും പറഞ്ഞ് അവരുടെ സ്വാധീനം ബോദ്ധ്യപ്പെടുത്താനാണ് നമ്മുടെ മുഖ്യമന്ത്രിയെയായിരുന്നു മാംഗോ മൊബൈലിന്റെ ഉദ്ഘാടനത്തിന് ക്ഷണിച്ചിരുന്നതെന്ന് വിശദീകരിച്ചത്. ഉദ്ഘാടന വേദിയിൽ വച്ച് പോലീസ് അറസ്റ്റ് ചെയ്തുകൊണ്ട് മുഖ്യമന്ത്രിക്ക്

ഉദ്ഘാടനം ചെയ്യേണ്ടി വന്നില്ല എന്നും പറഞ്ഞു. ഏതായാലും ആ തട്ടിപ്പുകാരുടെ സ്വാധീനത്തിന്റെ വലയ്ക്കുള്ളിൽ നിൽക്കുന്നത് ഞാനല്ല; ഇന്നത്തെ മുഖ്യമന്ത്രിയല്ല; അവരുടെ പരിപാടി ഉദ്ഘാടനം ചെയ്യാമെന്ന് ഏറ്റത് ഞാനല്ല; ഈ മുഖ്യമന്ത്രിയല്ല. ഏതു മുഖ്യമന്ത്രിയുടെ മേലായിരുന്നു സ്വാധീനമെന്ന് അന്നത്തെ തീയതിയും കലണ്ടറും വച്ച് ബഹുമാന്യനായ പി. ടി. തോമസ് തന്നെ കണ്ടുപിടിക്കണം. എനിക്ക് ആവർത്തിച്ചുപറയാനുള്ളത് സഭാതലം തെറ്റിദ്ധരിപ്പിക്കലിനുള്ള വേദിയാക്കുന്നത് അനുവദിക്കരുതെന്നാണ്. സഭാതലത്തെ ആ വിധത്തിൽ ദുരുപയോഗിച്ചതിന് സഭയോട് ആ അംഗം സാധാരണ രീതിയിൽ മാപ്പു പറയുകയാണ് വേണ്ടത്. അതിനായി അഭ്യർത്ഥിക്കുന്നു. ആ ഭാഗം മാത്രമെ ഞാൻ പറയുന്നുള്ളൂ. ബാക്കി ചർച്ചയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കും.

2.00 PM]

**ധനകാര്യം -തുടർച്ച**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഡ്ജറ്റിനെ സംബന്ധിച്ച് ഇവിടെ വളരെ വിശദമായ ചർച്ചകളാണ് നടന്നത്. വാസ്തവത്തിൽ കഴിഞ്ഞ ജനുവരിയിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ തുടർച്ചയായി ബാക്കി കാര്യങ്ങൾ അവതരിപ്പിച്ച ഒരു ബഡ്ജറ്റായിരുന്നു ഇത്. അതിലുണ്ടായിരുന്ന കാര്യങ്ങളുൾപ്പെടെയുള്ളവ ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ബഡ്ജറ്റിന്റെ ഈ വർഷത്തേയ്ക്കുള്ള കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ വന്നത് കഴിഞ്ഞ ജനുവരിയിലാണ്. വണ്ടൂരിൽ നിന്നുള്ള ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ maiden speech-ൽ തന്നെ ബഡ്ജറ്റ് അവതരിപ്പിക്കാൻ അവസരം കിട്ടിയ പുതിയ അംഗം എന്ന നിലയിൽ ഞാൻ ഇന്നത്തെ കോവിഡ് കാലഘട്ടത്തിൽ കേരളത്തിന് സഹായകരമായ ചില നിർദ്ദേശങ്ങളും കാര്യങ്ങളുമാണ് മുന്നോട്ടുവച്ചത്. അത് പൂർത്തീകരിക്കുന്നത് സബ്ജക്ട് കമ്മിറ്റികളുടെ ചർച്ചകളിൽ കൂടിയാണെന്ന് നമുക്കറിയാം. വിശദമായ ചർച്ചകൾ അടുത്ത ഒരു മാസക്കാലം നടക്കും. അതുവഴി ഫൈനലൈസ് ചെയ്യുകയാണ് വേണ്ടത്. ജനുവരിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രൊപ്പോസലിൽ എല്ലാ മേഖലയിലുമുള്ള കാര്യങ്ങൾ പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. റബ്ബറിന്റെ തറവില 170 രൂപ ആക്കിയതും നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവില വർദ്ധിപ്പിച്ചതും ആരോഗ്യ വകുപ്പിൽ ധാരാളം വേക്കൻസികൾ പ്രഖ്യാപിച്ചതുമടക്കം വിവിധ കാര്യങ്ങൾ അതിലുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി 20 ലക്ഷം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കെ-ഡിസ്ക് -നുവേണ്ടി 200 കോടി രൂപയും കെ-ഫോണിനുവേണ്ടി 166 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ യൂണിവേഴ്സിറ്റി/കോളേജ് തലങ്ങളിൽ ആയിരത്തിലധികം വേക്കൻസികൾ, മേജർ സർവ്വകലാശാലകൾക്ക് 125 കോടി രൂപ, മറ്റ് സർവ്വകലാശാലകൾക്ക് 75 കോടി രൂപ വീതവും സഹായം അനുവദിക്കൽ, 20,000 പേർക്ക് തൊഴിൽ ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾ, വൻകിട വ്യവസായ ഇടനാഴികൾ, ടൂറിസത്തിന് വലിയ പദ്ധതികൾ, കാർഷിക- കാർഷികേതര മേഖലകളിൽ 5 ലക്ഷം തൊഴിലവസരങ്ങൾ, കയർ, കശുവണ്ടി, കൈത്തറി-മത്സ്യ മേഖലകളിൽ വലിയ വകയിരുത്തലുമുണ്ടായി. എല്ലാ വകുപ്പുകളിലും ധാരാളം പുതിയ പരിപാടികൾ പ്രഖ്യാപിച്ചു കൊണ്ടുള്ളതായിരുന്നു മുൻബഡ്ജറ്റ്. അതിലെ കണക്കുകളിൽ ചെറിയ ചില വർദ്ധനവുകൾ വരുത്തിക്കൊണ്ടാണ് പുതുക്കിയ ബഡ്ജറ്റ് ഞാൻ അവതരിപ്പിച്ചത്. ഇത് സാധാരണഗതിയിലുള്ള സമയത്തെ ഒരു ബഡ്ജറ്റാണെന്ന് നമുക്കാർക്കും കരുതാൻ കഴിയില്ല. ലോകം വളരെ വ്യത്യസ്തമായ ഘട്ടത്തിലൂടെ കടന്നു പോകുകയാണ്. അത് നാടിന്റെയും സംസ്ഥാനത്തിന്റെയും പരിമിതികൾക്കകത്തുനിന്നു കൊണ്ടുമാത്രമല്ല കാണേണ്ടത്. ലോകത്തെ പ്രശസ്തരായ ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും സാമ്പത്തിക വിദഗ്ദ്ധരുമൊക്കെ ഈ സാഹചര്യത്തിൽ കോവിഡ് മഹാമാരിയുമായും ലോക സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട ചില പഠനങ്ങൾ നടത്തുന്നുണ്ട്. അതുകൂടി നമ്മുടെ മനസ്സിൽ വേണം. അവിടെയാണ് പ്രതിപക്ഷവും ഭരണപക്ഷവും സാധാരണഗതിയിൽനിന്നും വ്യത്യസ്തമായി കാര്യങ്ങൾ കാണുന്ന അവസ്ഥയാകരുതെന്ന് പറയുന്നത്. മരുന്നുകളും ചികിത്സാ സംവിധാനവും സംബന്ധിച്ചുള്ള ചരിത്രത്തെക്കുറിച്ച് പറയുമ്പോൾ അമേരിക്കയിലെ ബെർക്ക്‌ലി സർവ്വകലാശാലയിലെ (Berkeley University) മരുന്നുകളും ചികിത്സാ സംവിധാനത്തെക്കുറിച്ചും പഠനം നടത്തുന്ന ഒരു ചരിത്രാദ്ധ്യാപിക എലീന കോണിസ് (Elena Conis), 1832-ൽ പടർന്നുപിടിച്ച കോളറയെപ്പറ്റി ഒരു പഠനം നടത്തി, ഇപ്പോഴത്തെ സ്ഥിതിയിൽനിന്നും പഴയതിലേയ്ക്ക് താരതമ്യം നടത്തിയശേഷം പറയുന്നത് സമ്പത്തും ദാരിദ്ര്യവും ബന്ധങ്ങളും കച്ചവടവും എല്ലാമുള്ള നഗരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായിരുന്ന ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിൽ നിന്നാണ് കോളറ വലിയ തോതിൽ ലോകത്തേയ്ക്ക് പടർന്നുപിടിച്ചത് എന്നാണ്. അങ്ങനെ അവിടത്തെ സമ്പദ് വ്യവസ്ഥ തകരുകയും പിന്നീടത് പല മടങ്ങ് വളർന്നുവെങ്കിലും ആ ചരിത്രാദ്ധ്യാപിക പറയുന്നത് ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്കും ക്യാപ്പിറ്റലിസത്തിന്റെ ഉദയത്തിനും തുടക്കം കുറിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ഈ മഹാമാരിയായിരുന്നുവെന്നാണ്. ഇതിലെ പ്രധാനപ്പെട്ട കാര്യം ലോകത്തിലെ സാമ്പത്തിക രംഗത്തും പരസ്പര ബന്ധങ്ങളിലുമുണ്ടാക്കുന്ന മാറ്റമാണ്. ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്തത്തിന്റെ

സ്വഭാവത്തിലേയ്ക്കു വന്ന ലോകത്തിന് കോളറ ഭാഗികമായി ഒരു കാര്യമായിട്ടുണ്ട് എന്ന് പറയുന്നതുപോലെ, 'സ്പാനിഷ് ഫ്ലൂ'-വിനെ നാസികൾ എങ്ങനെയാണ് ഉപയോഗിച്ചതെന്നും മറ്റൊരു പഠനത്തിൽ പറയുന്നുണ്ട്. ഫെഡറൽ റിസർവ് ബാങ്കിന്റെ സാമ്പത്തിക വിദഗ്ധൻ ക്രിസ്റ്റ്യൻ ബ്രിക്കിളിന്റെ പഠനത്തിൽ, എങ്ങനെയാണ് ജർമ്മനിയിലാകെ ചിറകുവിരിച്ച് നാസികൾ പോയത്, ചില സ്ഥലത്ത് വേണ്ടത്ര ബഡ്ജറ്റ് സപ്പോർട്ട് നടത്താതെ ധാരാളം ആളുകൾ മരിക്കുന്ന സ്ഥിതിയുണ്ടായത് തുടങ്ങിയ കാര്യങ്ങൾ പറയുന്ന ഒരു ലേഖനമുണ്ട്. അത് ഫെഡറൽ റിസർവ് ബാങ്കിന്റെ വെബ്സൈറ്റിലുള്ളതാണ്. പ്രസ്തുത പഠനങ്ങളിലും പറയുന്നത്, ഈ മഹാമാരികൾ ലോക സമ്പദ്‌വ്യവസ്ഥയിലും സാമ്പത്തിക സ്വഭാവത്തിലും മാറ്റം വരുന്നതിന് കാരണമായിട്ടുണ്ടെന്നാണ്. വളരെ അപൂർവ്വമായ ഒരു ചരിത്ര ഘട്ടത്തിൽ ക്കൂടിയാണ് രാജ്യവും ലോകവും കടന്നുപോകുന്നത്. അവിടെ നിന്നുകൊണ്ടുവേണം ഇത്തരമൊരു എളിയ ഇടപെടലെന്ന് നമ്മൾ കരുതുന്ന, എന്നാൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യവും സമ്പദ്‌വ്യവസ്ഥയുമെല്ലാം സംരക്ഷിക്കാനുള്ള കൂട്ടായ പരിശ്രമമായിട്ടുവേണം ഇതിനെ കാണേണ്ടത്. ടെക്നിക്കലായിട്ടുള്ള ധാരാളം കാര്യങ്ങൾ ഇതിൽ പറയാൻ കാണും. അവ ഒരുമിച്ച് ചർച്ച ചെയ്ത് അത് പോസിറ്റീവായി എടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. ആ ടെക്നിക്കാലിറ്റികളുടെ കാര്യത്തിൽ വാദിച്ച് ജയിക്കേണ്ട ഒരു സഭയായി ഞാൻ ഈ നിയമസഭയെ കാണുന്നില്ല. അത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. പൊതുവിൽ ഈ സാഹചര്യത്തിൽ എങ്ങനെ ചെയ്യാം, എന്തു ചെയ്യാം എന്നുള്ളതാണ് പ്രധാനം.

ഇന്ത്യയിലെ ആകെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള കണക്കുകൾ പറയുന്നില്ലെങ്കിലും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി റിസർവ് ബാങ്കിന്റെ അടുത്തുവന്ന കണക്കിനെ സംബന്ധിച്ച് ഒരു കാര്യം പറയാം. സംസ്ഥാനങ്ങളിലെ ജി.എസ്.ഡി.പി. വളർച്ചയിൽ വലിയ ഇടിവുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ചയുള്ള സംസ്ഥാനമായ ഗുജറാത്തിൽ കഴിഞ്ഞ വർഷം 11.8 ശതമാനമാണ് ജി.എസ്.ഡി.പി.-യിൽ ഇടിവുണ്ടായത്. മഹാരാഷ്ട്രയിൽ 10.3 ശതമാനവും ബീഹാറിൽ 9 ശതമാനവും ഇടിവുണ്ടായി. ജി.എസ്.ഡി.പി.-യുമായി ബന്ധപ്പെട്ട കടം നോക്കുമ്പോൾ ബീഹാറിൽ 30.7 ശതമാനമായിരുന്നത് ഇപ്പോൾ 41.2 ശതമാനമാണ്. നമ്മുടെ കടവും ചെറുതായി വർദ്ധിച്ചിട്ടുണ്ട്. ഉത്തർപ്രദേശിൽ 30.5 ശതമാനം എന്നുള്ളത് 40.9 ശതമാനമായി വർദ്ധിച്ചു. രാജസ്ഥാനിൽ കടം 33.4 ശതമാനം എന്നുള്ളത് 41.1 ശതമാനമായി. സാമ്പത്തികമായി വലിയ പ്രശ്നം നേരിടുന്ന ഒരു സംസ്ഥാനമായ പഞ്ചാബിൽ അതിനേക്കാളും രൂക്ഷമാണ്, 46.3 ശതമാനം. സംസ്ഥാനത്തും അതുപോലെ 30 ശതമാനത്തിൽനിന്നും ഉയർന്നിട്ടുണ്ട്. ഈ

പറഞ്ഞ സംസ്ഥാനങ്ങളെല്ലാം മോശമാണ്, അഡ്മിനിസ്ട്രേഷന്റെ ഭാഗമായാണ് കടമുണ്ടായതെന്ന് ഞാൻ പറയുന്നില്ല. കൃഷി ചെയ്യാനോ വീടിനടുത്തുപോയി റബർ വെട്ടാനോ, മത്സ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കാനോ, പശുവിനെ കറന്ന് പാൽ വിൽക്കുന്ന സാധാരണക്കാരന് അത് കൊടുക്കാനോ കഴിയുന്ന അവസ്ഥ പോലുമില്ലാത്ത, ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത പ്രത്യേക അവസ്ഥയിൽ നിൽക്കുമ്പോൾ, ശരാശരി നിയമങ്ങളനുസരിച്ചാണ് നമ്മുടെ ബഡ്ജറ്റിന്റെ കാര്യങ്ങൾ കാണേണ്ടതും ഫണ്ട് വകയിരുത്തേണ്ടതും ചെലവാക്കേണ്ടതുമെന്നുമുള്ള ധാരണ നമ്മൾ ഒഴിവാക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. മുമ്പ് കേന്ദ്ര ഗവൺമെന്റ് നമുക്ക് അനുവദിക്കുന്ന വായ്പാ പരിധി മൂന്നു ശതമാനമാണ്. അത് കഴിഞ്ഞ പ്രാവശ്യം അഞ്ചു ശതമാനം വരെ വർദ്ധിപ്പിച്ചു. പക്ഷേ നമുക്ക് മൊത്തം എടുക്കാൻ പറ്റിയില്ല. ചില കണ്ടീഷൻസുണ്ട്. ഇപ്പോഴാണെങ്കിൽ നാല് ശതമാനം അനുവദിച്ചു. അത് Tied loan ആണ്. അവർ പറയുന്ന ചില കണ്ടീഷൻസ് അനുസരിച്ചേ നമുക്ക് എടുക്കാൻ പറ്റൂ. അത് അഞ്ച് ശതമാനമാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. രാജസ്ഥാൻ, പഞ്ചാബ്, ഉത്തർപ്രദേശ്, ബീഹാർ അടക്കമുള്ള സംസ്ഥാനങ്ങൾക്ക് മുന്നോട്ട് പോകണമെങ്കിൽ ലോൺ കിട്ടിയേ പറ്റൂ. അവിടെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ആ സമ്പത്തിന്റെ കുറവ്. കുറവൊന്നും ഇല്ലെന്ന് പറയുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിലെ 1,28,000-ൽ ചില്വാനം കോടി രൂപയുള്ള income side-ൽ ഇപ്പോൾ 1,30,000 കോടി രൂപ എന്ന് പറഞ്ഞിരിക്കുന്നത് ആ expectation വച്ചാണ്. അതനുസരിച്ച് തുക വന്നില്ലെങ്കിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റോ, പ്രത്യേക ലോണോ തരാൻ കേന്ദ്രം തയ്യാറാകണമെന്ന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഒരുമിച്ച് ആവശ്യപ്പെടുന്ന ഒരു പ്രശ്നമാണ്. ഇത് കഴിഞ്ഞ ബഡ്ജറ്റിൽ വച്ചിരിക്കുന്നത് പോലെ തന്നെയാണ്. സാധാരണ expectation അങ്ങനെയാണ് എപ്പോഴും വയ്ക്കുന്നത്. Expectation വെറുതെയാണെന്ന് പറയാൻ കഴിയുകയില്ല. ഇന്ത്യയിൽ ഏറ്റവും വലിയ ജി.എസ്.ടി. വരവ് വന്നത് കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ്. 1,40,000 കോടി രൂപയിലധികം വന്നു. നമുക്കും അതിന്റെ പങ്ക് എന്ന നിലയിൽ 2,200 കോടി രൂപയിലധികം ലഭിച്ചു. പക്ഷേ അത് കഴിഞ്ഞ് വീണ്ടും താഴോട്ട് പോയി. ഇത്തരത്തിൽ ജി.എസ്.ടി. വരുമാനമുണ്ടായിരുന്നുവെങ്കിൽ നമുക്ക് ഈ ടാർഗറ്റിലേയ്ക്ക് എത്താം. പക്ഷെ ആ ടാർഗറ്റിലേയ്ക്ക് ഇപ്പോൾ എത്താൻ പറ്റില്ല, നമുക്ക് പൈസ കുറവാണ് എന്നുള്ളതുകൊണ്ട് ബഡ്ജറ്റ് കുറച്ചുവച്ച് എല്ലാം squeeze ചെയ്ത്, ആർക്കും ഒന്നും കൊടുക്കാതെ, ശമ്പളവും മരുന്നും കൊടുക്കാതെ കോവിഡ് വാക്സിൻ വാങ്ങിക്കാതെ ഇരിക്കുകയാണോ വേണ്ടത്? അവിടെയാണ് ഞങ്ങൾ പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് സഹായിക്കണം. സംസ്ഥാനത്തിന് കിട്ടാവുന്ന പരമാവധി കടം വാങ്ങി, സാമ്പത്തിക രംഗം തകരാതെ മുന്നോട്ട് പോകുകയെന്നുള്ള കാര്യം ചെയ്യേണ്ടിവരുമെന്ന് പറഞ്ഞത് അതുകൊണ്ടാണ്.

നമുക്ക് വേണമെങ്കിൽ സാങ്കേതികത്വത്തെക്കുറിച്ച് പറയാം. അതിൽ മാത്രം കുത്തിത്തിരിഞ്ഞ് നിൽക്കാതെ ഇപ്പോഴത്തെ സാഹചര്യം മറികടക്കാൻ കഴിയണമെന്നതിനെ എല്ലാവരും പൊതുവിൽ അംഗീകരിക്കുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ പറഞ്ഞു, നമ്മളെടുത്ത ഒരു തീരുമാനം, കേന്ദ്ര ഗവൺമെന്റിന്റെ നടപടി തിരുത്താൻ കാരണമായിട്ടുണ്ടെന്ന്. അത് ശരിയാണ്. അഭിമാനത്തോടുകൂടി പറയുന്നു, കേരള നിയമസഭയ്ക്ക് unanimous ആയി മുഴുവൻ ആളുകൾക്കും സൗജന്യ വാക്സിൻ കൊടുക്കണമെന്ന പ്രമേയം പാസ്സാക്കാൻ കഴിഞ്ഞു. ഇത്തരം കാര്യത്തിൽ ഒരുമിച്ച് നിൽക്കാൻ കഴിയുന്നതാണ് കേരള നിയമസഭ. സംസ്ഥാന ബഡ്ജറ്റ് സമ്മേളനം തുടങ്ങുന്നത് നയപ്രഖ്യാപനത്തോടെയായിരുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്ത് വിവിധ സംസ്ഥാനങ്ങൾക്ക് പോയി, നയപ്രഖ്യാപനം കഴിഞ്ഞതിനുശേഷം ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ അന്ന്, മറ്റ് രാജ്യങ്ങളിലുൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും മാധ്യമങ്ങളിൽ , കേരളത്തിൽ ഫ്രീ കോവിഡ് വാക്സിൻ കൊടുക്കുന്നുവെന്ന വളരെ പോസിറ്റീവായ വാർത്ത വന്നു. അതോടൊപ്പം മറ്റ് സംസ്ഥാനങ്ങൾ പറഞ്ഞതും ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടതും എല്ലാം കേന്ദ്ര ഗവൺമെന്റിന്റെ നയത്തിലും ഒരു മാറ്റമുണ്ടാകാൻ കാരണമായിട്ടുണ്ട്. നയത്തിന്റെ ഭാഗമായി വാക്സിന്റെ കാര്യത്തിൽ എങ്ങനെയാണ് കേന്ദ്രത്തിന്റെ കണക്ക് കൂട്ടലെന്ന് എനിക്ക് അറിയില്ല. അതൊക്കെ കാത്തിരുന്ന് കാണേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. എന്തായാലും അങ്ങനെയൊരു മാറ്റമുണ്ടായി. കേരളത്തിന് മാതൃകാപരമായി അക്കാര്യം ചെയ്യാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ ഇപ്പോഴത്തെ സാഹചര്യത്തിൽ എന്താണ് ചെയ്യേണ്ടത്? ഈ സാഹചര്യത്തിൽ ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റിന്റെ 'The New Deal' പോലുള്ള കാര്യമുണ്ട്. ഇക്കണോമിസ്റ്റ് എന്നനിലയിൽ മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്ന തത്വശാസ്ത്രം അനുസരിച്ച് എങ്ങനെയാണ് തകരുന്ന സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കേണ്ടതെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണത്. അമേരിക്കയിൽ ധാരാളം പാലങ്ങൾ, റോഡുകൾ, ഡാമുകൾ, റെയിൽവേ ലൈനുകളെല്ലാം നിർമ്മിച്ചത് ആ ഘട്ടത്തിലാണ്. അത് അവിടത്തെ സാമ്പത്തിക രംഗത്ത് വലിയ മാറ്റമുണ്ടാക്കുകയും ആളുകൾക്ക് purchasing power ഉണ്ടാക്കുകയും ചെയ്തു. ഹോട്ടലിൽ താമസിക്കാൻ പോകുന്ന ഒരാൾ പൈസ കൊടുത്താൽ പച്ചക്കറി വിൽക്കാൻ വന്നയാൾ ആ പൈസ വാങ്ങി പലചരക്ക് കടയിൽ കൊടുത്ത്, പലചരക്ക് കടക്കാരൻ മറ്റൊരു ഹോട്ടലിൽ കൊടുത്ത് പോകുന്നതാണ് ചംക്രമണമെന്ന് പറയുന്നത്. അതുകൊണ്ടാണ് ചക്രം എന്ന് മുൻകാലങ്ങളിൽ ഈ പണത്തെ പറയുന്നത്. ചക്രമുണ്ടാകുക എന്നുള്ളതാണ്

പ്രധാനം. ആ ചക്രം നാട്ടുകാരുടെ ഇടയിലേയ്ക്ക് ചെന്നാൽ അത് കറങ്ങും. പരമാവധി ആളുകളുടെ കയ്യിലേയ്ക്ക് പണം എത്തിക്കുന്ന സ്കീമാണ് ഇക്കാര്യത്തിൽ കണ്ടത്. അതിന്റെ ഭാഗമായി കഴിഞ്ഞ കോവിഡ് പാക്കേജ് പറഞ്ഞ സമയത്തും വലിയ വിമർശനം അന്ന് പ്രതിപക്ഷം ഉന്നയിച്ചിരുന്നു. പിന്നീട് കണക്ക് വന്നപ്പോൾ ആ പണം കൊടുത്തിട്ടുണ്ട്. ഇതിൽ മൂന്നുനാല് കാര്യമാണ് പറഞ്ഞത്. ഒന്ന്, 2800 കോടി രൂപയോളമാണ് ഇതിന്റെ ഭാഗമായി ആശുപത്രി ചെലവിനായി ജനങ്ങളുടെ കയ്യിലേയ്ക്ക് വയ്ക്കുന്നത്. അത് മുഴുവൻ ബഡ്ജറ്റിന്റെ ചെലവിൽ വരേണ്ടതല്ല. എം.എൽ.എ.-മാരുടെ ഫണ്ട് തന്നെ ഇതിലൊരു ഭാഗമുണ്ട്. 2,800 കോടി രൂപയുടെ ഡീറ്റെയിൽസ് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. അതിൽ 636 കോടി രൂപ ആശുപത്രികളുടെ വികസനത്തിനാണ്. അതിൽ നല്ലൊരുഭാഗം എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും വരുന്നതാണ്. കോവിഡ് വാക്സിനും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ 1500 കോടിരൂപ ഇപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപോലെ CSSD (Central Sterile Supply Department) തയ്യാറാക്കുന്നതിനായി 18 കോടി രൂപയും അതുപോലെ ചെറിയ തുകകളുമുണ്ട്. 559 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അത് ആരോഗ്യ മേഖലയ്ക്കായി കേന്ദ്രത്തിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി കിട്ടുന്ന ഒരു പ്രത്യേക ഗ്രാന്റാണ്. ഇതിൽ ബാദ്ധ്യത വരുന്നത് ചെറിയൊരു ഭാഗമേയുള്ളൂ. 1500 കോടി രൂപ നേരത്തെതന്നെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നേരിട്ട് ക്യാഷ് ട്രാൻസ്ഫർ എന്നുപറയുന്നത് ഒരു പദമാണ്. നേരിട്ട് 'ക്യാഷ് ട്രാൻസ്ഫർ' എന്നല്ല പറയേണ്ടത്, 'cash and kind' എന്നനിലയിൽ ആളുകളുടെ കയ്യിൽ തുക എത്തുമെന്ന് വിചാരിച്ചാൽ മതി. ആ ടെക്നിക്കൽ പദം വേണമെങ്കിൽ ഉപയോഗിച്ചോളൂ. വളരെ കൃത്യമായി കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടെ പറയുന്ന ഒരു പാക്കേജിന്റെ രീതിയാണ് അതിൽ പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജിൽ കോൺട്രാക്ടർമാർക്കും അതുപോലെ സർവ്വീസ് രംഗത്തും കൊടുക്കാനുള്ള തുക കൊടുത്തുതീർത്തു. അതിനുമുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുമ്പോൾ കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. സാധാരണ അങ്ങനെ വരാം. പെൻഷൻ 18 മാസംവരെ കുടിശ്ശികയുണ്ടായിരുന്നു. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വളരെ മോശമാണെന്ന് എന്തിനാണ് നമ്മൾ മറച്ചുവയ്ക്കുന്നത്. കുറച്ചുകൂടി വിശദമായ ചർച്ചകൾ വേണമെന്ന് കഴിഞ്ഞ ദിവസംതന്നെ ഞാൻ പറഞ്ഞിരുന്നു. ഈ സാമ്പത്തിക സ്ഥിതി ഇവിടെ എന്തെങ്കിലും ചെയ്തതു കൊണ്ടല്ല, ഈ ഒരു അവസ്ഥകൊണ്ടാണ്. ഇങ്ങനെ ഒരു അവസ്ഥ വരുമ്പോൾ പെൻഷൻ കൊടുക്കാനും കോൺട്രാക്ടർമാരുടെ തുക കൊടുക്കാനും മറ്റുകാര്യങ്ങൾക്കുമൊക്കെ തുക പെൻഡിംഗ് വയ്ക്കാതെ ഉടനെ ആളുകളുടെ കയ്യിലേയ്ക്ക്

എത്തിക്കുക എന്നതാണ് നമ്മൾ ഉദ്ദേശിച്ചത്. അതാണ് ഡയറക്ടായി ചെല്ലുന്നത്. ആളുകൾക്ക് വാങ്ങി കൊടുക്കുന്ന കിറ്റുകൾക്കായി 1740 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആ കിറ്റുകൾ വാങ്ങിക്കുകയെന്ന് പറഞ്ഞാൽ ക്യാഷിന് തുല്യമായിട്ടെന്നാണ് ഞാൻ കരുതിയത്. അതുകൊണ്ടാണ് ക്യാഷ് എന്ന് വച്ചിരിക്കുന്നത്. ഭക്ഷണ ഗ്രോസറി പാക്കറ്റുകൾ അവർക്ക് ലഭിക്കും. അതുപോലെ വെൽഫെയർ ബോർഡുകളിൽ അംഗമായിട്ടുള്ള പെൻഷൻ ലഭിക്കാത്ത ആളുകൾ; അതിൽ ഓട്ടോറിക്ഷ തൊഴിലാളികൾ, ബസ് തൊഴിലാളികൾ തുടങ്ങിയവർക്ക് 1100 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അത് ഇപ്പോൾ കൊടുക്കാൻ തുടങ്ങുന്നു. 1000 രൂപയേ ഒരാൾക്ക് ലഭിക്കുന്നുള്ളൂ. അത് വലിയ തുകയൊന്നുമല്ലെങ്കിലും ലഭിക്കുന്നവർക്ക് വലിയ തുക തന്നെയാണ്. ഭക്ഷണ പാക്കറ്റും ഭക്ഷണവും അരിയുമൊക്കെ കിട്ടുമ്പോൾ ഒന്നുമില്ലാത്തിടത്ത് ഇത് തീരെ ചെറിയ തുകയല്ല. അതിനപ്പുറം നമ്മൾ social service-ന് 8000 - 9000 കോടി രൂപ ഒരു വർഷം കൊടുത്തുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ്. ആ സംസ്ഥാനത്തിന്റെ ഒരു സ്ഥിതിയിൽ മറ്റുചില സ്ഥലത്ത് കുറച്ച് ആളുകൾക്ക് കൊടുത്തുവെന്ന് പറയുന്നത് പോലെയല്ല. ഏറ്റവും വലിയ ബഡ്ജറ്റ് തുക ഇതിനായി വകയിരുത്തിയ സംസ്ഥാനം കേരളമാണെന്ന് കാണണം. 1100 കോടി രൂപ അങ്ങോട്ട് ചെല്ലുകയാണ്.

തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിലും പറഞ്ഞു, അത് കേന്ദ്ര ഗവൺമെന്റിന്റെ പോളിസിയിലുമുണ്ട്. തൊഴിലുറപ്പ് പദ്ധതി കുറച്ചുകൂടി വ്യാപിപ്പിച്ച് പരമാവധി ആളുകൾക്ക് തൊഴിൽ ലഭിക്കുക എന്നുള്ളതാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്താണ് തൊഴിലുറപ്പ് പദ്ധതി വന്നത്. അതിൽ വലിയ പങ്ക് ഇടതുപക്ഷ സർക്കാരും വഹിച്ചിട്ടുണ്ട്. അന്ന് വലിയ തോതിൽ കർഷകരുടെ ആത്മഹത്യ നടക്കുന്ന കാലഘട്ടത്തിലാണ് ഗ്രാമപ്രദേശങ്ങളിൽ ആളുകളുടെ കയ്യിലേയ്ക്ക് പണമെത്തിക്കാൻവേണ്ടി തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിക്കുന്നത്. അതുതന്നെയാണ് ഇപ്പോഴുള്ള ആശയവും. മൂവായിരം കോടിയോളം രൂപ തൊഴിലുറപ്പ് പദ്ധതി വഴി കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കത്തക്കവിധത്തിലുള്ള പരിപാടി ചെയ്യുക എന്നുള്ളതാണ്. 1700 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് നാലോ അഞ്ചോ മാസം കഴിഞ്ഞ് കൊടുത്താൽ കാര്യമില്ല, ഉടനെ കൊടുക്കണം എന്ന നിലയിലാണ് ആ മേഖലയിലെ പണത്തിന്റെ കണക്ക് വച്ചിട്ടുള്ളത്.

ലോൺ അറേഞ്ച് ചെയ്ത് കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. എനിക്ക് ഒരു വിഷമമുള്ളത്, കാർഷിക മേഖലയിലെ സജീവതയ്ക്കുവേണ്ടി ചില കാര്യങ്ങളെക്കുറിച്ച് കുറച്ചുകൂടി ചർച്ച ഇവിടെ വരുമെന്നാണ് ഞാൻ കരുതിയത്.

2000 കോടി രൂപ പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് പ്രോജക്ടുകളെടുത്ത് കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ്. ഇവിടെ മൂവാറ്റുപുഴയിലെ പ്രിയപ്പെട്ട മെമ്പർ ഉൾപ്പെടെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ ഒപ്പ് ശേഖരിച്ച ഒരു മെമ്മോറാണ്ടം തന്നിരുന്നു. കാർഷികമേഖലയെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തു. കൈതച്ചക്ക അഴുകിപ്പോകുന്നു. അത് പരിഹരിക്കാനുള്ള മാർഗ്ഗത്തെക്കുറിച്ച് ഞാൻ ഈ സഭയിലും പത്ര സമ്മേളനത്തിലും അതിനുശേഷമുള്ള വേദികളിലും പറഞ്ഞു. കൈതച്ചക്കയും പാളയംതോടൻ പഴം പോലെ പെട്ടെന്ന് നശിച്ചുപോകുന്ന പഴങ്ങൾ പലതും നമുക്കുണ്ട്. കേരളത്തിൽ എഴുപത്-എഴുപത്തഞ്ച് തരം ചെറുപഴങ്ങളുണ്ട്. ഞങ്ങൾ ഡൽഹിയിൽ ദീർഘകാലം പ്രവർത്തിച്ചവരാണ്. കേരളത്തിന് പുറത്ത് പോയാൽ അവിടെ 'കേല' എന്ന റോബസ്റ്റ പോലുള്ള പച്ച പഴം മാത്രമേയുള്ളൂ.

അതുപോലെ മുതലമട മാങ്ങയുടെ പ്രത്യേകതകളെപ്പറ്റി ചർച്ചയിൽ പറഞ്ഞു. ഇത്തരം ധാരാളം സാധനങ്ങൾ നമുക്കുണ്ട്. ഇത് പ്രിസർവ് ചെയ്യാതെ അധിക ദിവസം സൂക്ഷിക്കാൻ സാധിക്കില്ല. എന്തെങ്കിലുമൊക്കെ പ്രിസർവേഷൻ ടെക്നിക് ഉപയോഗിക്കണം. അതുമാത്രമല്ല, ചെറിയ ഇൻഡസ്ട്രിയൽ യൂണിറ്റുകളുണ്ടാക്കണം. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നാല് ശതമാനം പലിശയ്ക്ക് ഇൻഡസ്ട്രിയൽ യൂണിറ്റോ, പ്രോസസ്സിംഗ് യൂണിറ്റോ, മാർക്കറ്റിംഗ് യൂണിറ്റോ ഉണ്ടാക്കാൻ സാധിക്കുന്ന സഹകരണ സംഘങ്ങളുടെ സഹായത്തോടുകൂടി ഏറ്റവും വലിയൊരു പദ്ധതിയാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ചില പത്രപ്രവർത്തകർ ചോദിച്ചപ്പോൾ, പൊതുചർച്ചയ്ക്ക് വിധേയമാകണമെങ്കിൽപ്പോലും മരച്ചീനിയുടെ വിലയുടെ പ്രശ്നം ഞാൻ പറഞ്ഞു. മരച്ചീനിയിൽ നിന്ന് സ്പിരിറ്റുൾപ്പെടെയുണ്ടാക്കാം. പ്രൊഡക്ഷൻ കോസ്റ്റിന്റെ കാര്യം നോക്കുമ്പോൾ മൊളാസസ്സിൽ നിന്ന് കൊണ്ടുവരുന്നതിനേക്കാളും ഇവിടെ അല്പംകൂടി തുക ചെലവാകും. ഞാൻ കർഷക സംഘത്തിന്റെ ഒരു പ്രവർത്തകനെന്ന നിലയിൽ വലിയ തോതിൽ ഉല്പന്നങ്ങളുണ്ടായ സമയത്ത് കർഷകരുമായി സംയുക്തചർച്ച നടത്തിയിരുന്നു. ഇങ്ങനെ ഉണ്ടാക്കുകയാണെങ്കിൽ ഒരു കിലോയ്ക്ക് 5 രൂപയല്ല, 10 രൂപയോ 11 രൂപയോ കിട്ടും. പക്ഷേ പുറത്തുനിന്ന് കൊണ്ടുവരുന്നതിനേക്കാളും കോസ്റ്റ് അല്പംകൂടി കൂടുതലുണ്ടാകും. എന്നാൽ കേരളത്തിൽ മൂവായിരമോ നാലായിരമോ കോടി രൂപയുടെ ഉല്പന്നമുണ്ടാക്കാൻ കഴിയുമെങ്കിൽ അതല്ലേ ഏറ്റവും വലിയ സഹായം? അതുസംബന്ധിച്ച് ചർച്ച വരണമായിരുന്നു. വിമർശനമായാലും അനുകൂലമായാലും അത്തരം കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇൻഡസ്ട്രിയൽ പർപ്പസിന് ഉപയോഗിക്കുന്ന സ്പിരിറ്റുൾപ്പെടെ അതിന്റെ അപകടങ്ങൾ പരിശോധിച്ചശേഷം മതി. ഇത്തരം കാര്യങ്ങൾ ചർച്ച

ചെയ്യുമ്പോൾ, 2000 കോടി രൂപയുടെ ഈ പദ്ധതിയിൽ 1000 കോടി രൂപയുടേതെങ്കിലും നല്ലരീതിയിൽ നടന്നാൽ മതിയായിരുന്നു. ഞാൻ വളരെ ശുഭപ്രതീക്ഷയൊന്നും പറയുന്നില്ല. കാരണം 2000 കോടി രൂപ കൃത്യമായി എടുത്ത് ബുദ്ധിമുട്ടി ചെയ്യുന്ന സ്വഭാവം എല്ലാവരിലും കാണില്ല. അത് ചെയ്താൽ നമ്മുടെ നാട്ടിൽ കാർഷിക രംഗത്ത് വലിയൊരു മാറ്റമുണ്ടാകും. എല്ലാത്തരം ഉല്പന്നങ്ങളും ഒന്നോ രണ്ടോ മൂന്നോ സൊസൈറ്റികൾ ചേർന്ന് കളക്ടീവായോ ഒരു സൊസൈറ്റിക്കോ ചെയ്യാം. ഒരു സൊസൈറ്റിക്ക് അഞ്ചോ പത്തോ കോടി രൂപയുടെ ഉല്പന്നങ്ങളുണ്ടാക്കാം. അതിന് ഇനിയായാലും ബഹുമാനപ്പെട്ട മെമ്പർമാർ എന്തുവേണമെന്നുള്ളത് ചർച്ച ചെയ്ത് തീരുമാനിച്ചാൽ മതി.

സഖാവ് വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഞാൻ അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്നപ്പോൾ വിയറ്റ്നാമിൽ പോകാനുള്ള അവസരം കിട്ടി. അന്ന് യുവജനസംഘടനയുടെ പ്രവർത്തകനെന്ന നിലയിലാണ് പോയത്. അവിടെ പോയിവന്നപ്പോൾ രണ്ടുമൂന്ന് ഭക്ഷണ പായ്ക്കറ്റുകൾ കൊണ്ടുവന്നിരുന്നു. ശ്രീ. മുല്ലക്കര രത്നാകരൻ അന്ന് കൃഷി വകുപ്പുമന്ത്രിയായിരുന്നു. ചക്കപ്പഴത്തിനെ അങ്ങനെതന്നെ ഡീവേപ്പറൈസ് ചെയ്ത് ഉപ്പേരിയാക്കിയിരിക്കുന്നു. നല്ല ക്രിസ്പിയായിട്ടുള്ള ഉപ്പേരിയാണ്. അത് കഴിക്കുമ്പോഴാണ് ചക്കപ്പഴമെന്ന് അറിയുന്നത്. എന്നുവച്ചാൽ പഴുത്ത സാധനങ്ങൾ വരെ ഡീഹൈഡ്രേറ്റ് ചെയ്ത് ഉപ്പേരിയാക്കാനുള്ള ടെക്നിക്ക് ചെറിയ രാജ്യങ്ങളിലുണ്ട്. പൈനാപ്പിളും മറ്റ് പഴവർഗ്ഗങ്ങളുമൊക്കെ അങ്ങനെയാണ് അവർ ചെയ്യുന്നത്. മത്സ്യം അരച്ച് ചെറിയ സ്നാക്ക്സുകളുണ്ടാക്കും. കൃഷിക്കാർക്ക് നമ്മുടെ നാട്ടിൽ ഇതുപോലുള്ള വെറൈറ്റി കാര്യങ്ങളിലേയ്ക്ക് പോകാതെ രക്ഷയില്ല എന്നുള്ളതുകൊണ്ട് കാർഷികമേഖലയെ വലിയൊരു ഇനിഷ്യേറ്റീവ് ആക്കാനാണ് ഉദ്ദേശിക്കുന്നത്. കാർഷികമേഖല കുറേക്കൂടി മുന്നോട്ടുവന്നാൽ നല്ല ഗുണം ഉണ്ടാകുമെന്നുള്ളതാണ് ഒരു പാക്കേജ്. അതിൽ ടാക്സിന് മാത്രമല്ല, വ്യക്തികൾക്കുള്ള തുകയുമുണ്ട്. എം.എസ്.എം.ഇ. (Micro Small and Medium Enterprises) ഉൾപ്പെടെയുള്ള വ്യവസായരംഗത്ത് ആക്ടിവൈസ് ചെയ്യാൻ കുറച്ച് തുക വകയിരുത്തിയിട്ടുണ്ട്.

മറ്റൊന്ന് ടൂറിസം മേഖലയാണ്. ഈ മേഖലയിൽ കുറച്ച് കാര്യങ്ങൾ ചെയ്യണമെന്ന് ആഗ്രഹിച്ചു. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ കുറേ മേഖലകൾ പറഞ്ഞിട്ടുണ്ട്. ചർച്ച വന്നപ്പോൾ സർവ്വശ്രീ പി. ജെ. ജോസഫ്, അനൂപ് ജേക്കബ് തുടങ്ങിയ മെമ്പർമാരെല്ലാം സമഗ്ര വികസനം വേണമെന്ന് വാദിച്ചു. ഇത് നേരത്തെ ചെയ്തതിന്റെ തുടർച്ചയാണ്. അവിടെയാണ് ലിറ്ററി സർക്യൂട്ടിലും ബയോ ഡൈവേഴ്സിറ്റി സർക്യൂട്ടിലും ചില സ്ഥലങ്ങൾ കൂട്ടിച്ചേർക്കുന്നതിനെപ്പറ്റി അഭിപ്രായം വന്നത്. ചിറയ്ക്കൽ ചെറുശ്ശേരിയുടെ

സ്മാരകം നിൽക്കുന്നിടത്തുനിന്ന് ആരംഭിച്ച് മോയീൻകുട്ടി വൈദ്യരുടെ സ്മാരകമുൾപ്പെടെയുള്ള കാര്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ആ പേരുകൾ ഓരോന്നായി പറയുന്നില്ല. എന്തായാലും ചിറയ്ക്കലിൽ നിന്ന് തുടങ്ങി കലാമണ്ഡലം വരെ ടച്ച് ചെയ്യുന്ന രീതിയിലായിരിക്കണം. ഇവിടെ ചില സ്ഥലങ്ങളുടെ പേരുകൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ എഴുതി തന്നിട്ടുണ്ട്. അത് ടൂറിസം വകുപ്പ് പരിശോധിച്ചതിനുശേഷം ചെയ്യാം. എന്തായാലും ചെറുശ്ശേരിയുടെ സ്മരണ നിലനിർത്തുന്ന സ്ഥലത്തു നിന്ന് തുടങ്ങണം. ലിറ്ററി രംഗത്ത് അത് പറയേണ്ടതാണ്. അതുൾപ്പെടെ വരണം. ബയോഡൈവേഴ്സിറ്റിയുടെ ഭാഗമായുള്ള ചർച്ച വന്നു. ശാസ്താംകോട്ട കായലിന്റെ കാര്യം, കോന്നി അടവി, പത്രൂർ കായൽ, കടയ്ക്കൽ കൂടാതെ ഒന്നുരണ്ട് സ്ഥലങ്ങളുടെ കാര്യംകൂടി പറഞ്ഞു. ഞാൻ സ്ഥലങ്ങളുടെ പേരെടുത്ത് പറയുന്നില്ല. ഈ രണ്ട് സർക്യൂട്ടുകളും നേരത്തെ പറഞ്ഞതിൽ ഉൾപ്പെട്ടതാണ്. കോവിഡ് രോഗം കൺട്രോൾ ചെയ്താൽ വലിയ തോതിൽ പുഷ് ചെയ്യാൻ പറ്റുന്ന ഒരു മേഖലയാണിത്. അതുകൊണ്ട് പലിശ കുറഞ്ഞ ലോണുകൾ കൊടുക്കാം. അത് കൂടുതൽ ചെയ്യാമെന്നുള്ളതുതന്നെയാണ് അഭിപ്രായം. ആ മേഖലയിൽ കുറേ പ്രോജക്ടുകൾ കൊണ്ടുവരാൻ സാധിക്കും.

ഡൊമസ്റ്റിക് ടൂറിസത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കുന്ന കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അതാണ് രണ്ടാമത്തെ മേഖലയായി എടുക്കുന്നത്. വ്യവസായത്തിന്റെ കാര്യം നല്ലതുപോലെ എടുത്തിട്ടുണ്ട്. ഇവിടെ ചർച്ചകൾ വന്നതിന്റെ അടിസ്ഥാനത്തിൽ, കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകൾ ഇതിൽ വരുമോയെന്ന് സംശയമുണ്ട്. അവർക്ക് ഇതുപോലെ പലിശ കുറഞ്ഞ ലോൺ കൊടുത്ത് ആ സ്ഥാപനം തുറന്ന് പ്രവർത്തിക്കാനുള്ള സഹായമാണ് ചെയ്യുന്നത്. ഇതിന് എവിടെ നിന്നാണ് ഇത്രയും തുക എന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചോദിക്കുകയുണ്ടായി. 8,300 കോടി രൂപ ചെലവാക്കുമെന്ന് പറഞ്ഞിട്ടില്ല. ഒരു വർഷത്തേയ്ക്ക് 8,300 കോടി രൂപയ്ക്ക് ഒരു ശതമാനം പലിശയായാൽ 83 കോടി രൂപയേയുള്ളൂ. അത് മൂന്ന് ശതമാനമാകുമ്പോൾ 249 കോടി രൂപ മതി. അത് 6 മാസത്തേയ്ക്ക് മതി. അതുകൊണ്ട് ആ തുക നമുക്ക് ഇതിൽനിന്നും കണ്ടെത്താൻ സാധിക്കും. കശുവണ്ടി, കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് അക്കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇവിടെ പറഞ്ഞതനുസരിച്ച് അത് കൂട്ടിച്ചേർക്കാം. ഫണ്ട് ഇപ്പോൾ വയ്ക്കുന്നില്ല; നമുക്കത് കണ്ടെത്താൻ പറ്റുന്നതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, വ്യാപാരികളെക്കുറിച്ചാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ കാര്യം പറഞ്ഞു. കേരളത്തിൽ ഏതെങ്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിക്കാത്ത ആരെങ്കിലുമുണ്ടോ? സാമൂഹ്യ സുരക്ഷാ

പെൻഷനിൽ അവരൊക്കെ ഉൾപ്പെടുന്നുണ്ട്. എന്നാൽ ചെറുകിട വ്യാപാരികൾക്ക് അങ്ങനെയൊരു കാര്യം കിട്ടുന്നില്ല. അവിടെയും വ്യവസായ വകുപ്പുമായി ചേർന്ന് പലിശ കുറച്ച് ലോൺ ലഭിക്കുന്ന ഒരു സഹായം നമുക്ക് ചെയ്യാൻ സാധിക്കും. അതും ഈ പറഞ്ഞ പദ്ധതിയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഇക്കാര്യംകൂടി ചെയ്ത് നമുക്ക് വ്യാപാരികളെ സഹായിക്കാൻ കഴിയും.

ടാക്സിന്റെ കാര്യത്തിൽ, ചെറുകിട വാഹനങ്ങളുടെയും ആട്ടോറിക്ഷകളുടെയും സ്റ്റേജ് കാര്യേജ് ബസ്സുകളുടെയും ടാക്സ് വിട്ടുകളയണമെന്നല്ല പറയുന്നത്. അവർക്ക് ടാക്സ് അടയ്ക്കുന്നതിനുള്ള കാലാവധി കുറച്ചുകൂടി നീട്ടിക്കൊടുക്കാം. ബഡ്ജറ്റ് പ്രസംഗത്തിന്റെ ഒരു ഭാഗത്ത് കാലാവധി രണ്ടുമൂന്ന് മാസം നീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യാം. അവർക്ക് ടാക്സ് അടയ്ക്കുന്നതിനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി കൊടുക്കാം. മുമ്പും കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടായിരുന്നു. ബാക്കി കാര്യങ്ങൾ സാമ്പത്തിക സ്ഥിതി പരിശോധിച്ചതിനുശേഷം ചെയ്യാവുന്നതാണ്. ഇവിടെ ഒന്നുരണ്ട് പ്രോജക്ടുകളെ സംബന്ധിച്ച് പറഞ്ഞു. കടലോരത്തേയും കായലോരത്തേയും നദീതടത്തേയും സംരക്ഷിക്കുന്നതിന് പദ്ധതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്താൽ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. ഈ പദ്ധതികൾ ജോയിന്റായി പ്രവർത്തിച്ചാൽ നല്ല രീതിയിൽ ചെയ്യാൻ സാധിക്കും. അതിന് വേറെ ബുദ്ധിമുട്ടില്ല. ഈ പ്രവൃത്തികൾ ഉടൻതന്നെ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വേണ്ടിവരും. നേരത്തെ പറഞ്ഞ ടാക്സല്ലാതെ, ടാക്സേഷൻ ഇതിൽ ഉൾപ്പെടുന്നില്ല. നികുതി വകുപ്പിൽ, ആംനെസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ഓഗസ്റ്റ് 31-ൽനിന്നും നവംബർ 30-ലേയ്ക്ക് നീട്ടുമെന്ന് പറഞ്ഞിട്ടുണ്ട്. ആംനെസ്റ്റി പദ്ധതി ശാസ്ത്രീയമായി ഒന്നുകൂടി പരിശോധിക്കണം. അതിന് കുറച്ചുസമയം നീട്ടി നൽകാവുന്നതാണ്. അപ്പോൾ പരമാവധി ടാക്സ് ലഭിക്കും. കുടിശ്ശിക ടേൺ-ഓവർ ടാക്സ് (ടി.ഒ.ടി.) അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യേണ്ട അവസാന തീയതി 2021 ജൂൺ മാസം 30 ആയിരുന്നത് സെപ്റ്റംബർ 30-ലേയ്ക്കും നികുതി ഒടുക്കുന്നതിനുള്ള തീയതി ജൂലൈ 31-ൽനിന്നും ഒക്ടോബർ 31 വരെയും നീട്ടാവുന്നതാണ്. ഇത്തരം മേഖലകളിൽ പ്രവർത്തനമൊന്നും നടക്കാത്തതു കൊണ്ടാണ് സമയം നീട്ടേണ്ടിവരുന്നത്. പാറ, മണൽ എന്നിവയിൽനിന്നുള്ള വരുമാനത്തെപ്പറ്റി പറഞ്ഞു. പാറ പൊട്ടിക്കൽ, മണൽ കുഴിച്ചെടുക്കൽ എന്നതുകൊണ്ട് ആ മേഖലയിൽ അനിയന്ത്രിതമായി ഖനനാനുമതി നൽകുന്നുവെന്നല്ല അതിനർത്ഥം. ആ മേഖലയിൽനിന്നെല്ലാം കുറച്ചുകൂടി ടാക്സ് കിട്ടാനുണ്ടെന്നാണ്. വേണ്ടത്ര ടാക്സ് കളക്ട് ചെയ്യാൻ കഴിയാത്ത ഇത്തരം മേഖലകളിൽനിന്നെല്ലാം ടാക്സ് ശേഖരിക്കുന്നതിനുള്ള നിലപാടെടുക്കുമെന്നാണ് സൂചിപ്പിച്ചത്.

പൊതുവായി കാര്യങ്ങൾ പറഞ്ഞിട്ടുള്ളതിനാൽ വളരെ വിശദമായി ഇനിയും പറയേണ്ടതില്ലെന്നാണ് കരുതുന്നത്. കണക്കുകളെ സംബന്ധിച്ച് വേണമെങ്കിൽ വിശദമായി പറയാം, ഞാൻ അതിനെപ്പറ്റിയെല്ലാം പറഞ്ഞതാണ്. വളരെ നിർണ്ണായകമായൊരു സമയത്താണ് ഈ മേഖലകളിൽ ഇതെല്ലാം ചെയ്യുന്നത്. വിശദമായി സബ്ജക്റ്റ് കമ്മിറ്റിയിൽ പരിശോധിച്ചിട്ട് ചെയ്യാം. പുതിയ പല പരിപാടികളും കൂട്ടിച്ചേർക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറയുകയുണ്ടായി. നേരത്തെയുള്ള ബഡ്ജറ്റ് അങ്ങനെതന്നെ നിൽക്കുകയാണ്, അതിനപ്പുറത്തേയ്ക്ക് ഒരു കാര്യവും ചെയ്യാൻ സാധിക്കില്ല. കിഫ്ബിയിൽ 63000 കോടിയോളം രൂപയുടെ വർക്ക് ചാർജ് ചെയ്തിട്ടുണ്ട്. അതിനെപ്പറ്റി വിശദമായി ബഡ്ജറ്റിൽ പറയുന്നുണ്ട്. 12000 കോടി രൂപയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടുതലായി നിൽക്കുന്ന കിഫ്ബി പ്രോജക്ടുകൾ അടക്കമുള്ള കാര്യങ്ങൾ പൂർത്തിയാക്കാം. പൊതുവായി ചർച്ചയ്ക്ക് വന്ന കാര്യങ്ങളെല്ലാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം പരിഗണിക്കാവുന്നതാണ്. ഇത്രയും കാര്യങ്ങളാണ് പൊതുവെ പറയാനുള്ളത്. അഡീഷണൽ കമ്മിറ്റ്മെന്റ് വരുന്നതൊന്നുംതന്നെ പറഞ്ഞിട്ടില്ല. കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ മേഖലകൾക്ക് കണക്കുകൂട്ടുമ്പോൾ കുറച്ച് തുക നൽകേണ്ടി വരും. പിന്നീട് പരിശോധിച്ച് അത് കൊണ്ടുവരാവുന്നതേയുള്ളൂ. അതിന്റെയൊരു പ്രോജക്റ്റ് തയ്യാറാക്കാതെ അതിൽ ഒരു കമ്മിറ്റ്മെന്റ് പറഞ്ഞിട്ടില്ല. നേരത്തെ പറഞ്ഞ അതേ കാര്യം തന്നെയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ഖജനാവിൽ 5000 കോടി രൂപ ബാക്കി നിൽപ്പുണ്ടെന്നാണ്. കൂടാതെ റവന്യൂ ഡെഫിസിറ്റിന്റെ കോമ്പൻസേഷനായി ഗവൺമെന്റ് ഓഫ് ഇന്ത്യ നൽകിയ 18000 കോടി രൂപയും ചേർത്ത് ആകെ 23000 കോടി രൂപ ഇപ്രാവശ്യം കയ്യിലുള്ളതുകൊണ്ട് ഈ വർഷം ഒരു സാമ്പത്തിക ബുദ്ധിമുട്ടോ, ഒരു പ്രയാസമോ നേരിടേണ്ടിവരില്ലെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അത് ശരിയാണോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അതിൽ 5000 കോടി രൂപയ്ക്ക് ലിക്വിഡിറ്റി ക്രഞ്ചില്ലെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. പണം വരുന്നതിലും ചെലവാക്കുന്നതിലുമുള്ള എസ്റ്റിമേറ്റുകൾ തമ്മിൽ വ്യത്യാസമുണ്ടാകുമെന്നത് അങ്ങേയ്ക്കും ഇവിടെയിരിക്കുന്ന എല്ലാ മെമ്പർമാർക്കും അറിയാവുന്ന കാര്യമാണ്. അപ്പോൾ ലിക്വിഡിറ്റി ക്രഞ്ചില്ലാതെ, സാധാരണ നിയമമനുസരിച്ച് ഒരു പ്രത്യേക ലിമിറ്റ് പോയികഴിഞ്ഞാൽ, ബാക്കി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് അവരുടെ കയ്യിലുള്ള പണമാണ്. അതുകൂടി ഞാൻ പറയാം, 151 കോടി രൂപയേയുള്ളൂവെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ സാധാരണഗതിയിൽ മാർച്ച് 31-ന് സർക്കാരിന്റെ കയ്യിൽ ബാക്കിയുള്ള തുക ഒരു നിശ്ചിത പരിധി കഴിഞ്ഞാൽ റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റിയിൽ നിക്ഷേപിക്കും. എന്നാൽ പിറ്റേ ദിവസത്തെ

വിനിമയത്തിനാവശ്യമായ പണമില്ലെങ്കിൽ ആ സെക്യൂരിറ്റി പ്രീമച്വർ ആയി ക്ലോസ് ചെയ്ത് തുക തിരികെ സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് വരവുവയ്ക്കും. ഈ മാർച്ച് 31-ന് ഇങ്ങനെ സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ അധികമായിട്ടുണ്ടായിരുന്ന 2809.64 കോടി രൂപ ടി.ബി.എച്ച്. ആയി നിക്ഷേപിച്ചിരുന്നു. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2128 കോടി രൂപ കടമെടുക്കാതെ ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവച്ചിരുന്നു. കടമെടുക്കാനുള്ള ലിമിറ്റിൽ അൽപ്പംകൂടി സേവിംഗ്സുണ്ടായിരുന്നു. ഈ പണം റിസർവ് ബാങ്കിന്റെ നോംസ് അനുസരിച്ച് നമുക്ക് വരുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. പി. കെ. ബഷീർ: സർ, നിയമസഭാ സമ്മേളനം നാളെ അവസാനിക്കുകയാണ്. ഇവിടെ പഴയ എം.എൽ.എ.-മാരും പുതിയ എം.എൽ.എ.-മാരുമുണ്ട്. നിയമസഭ കഴിഞ്ഞ് നാട്ടിൽ ചെന്നാൽ എല്ലാവരും ഫണ്ടിനെപ്പറ്റിയും വികസന കാര്യങ്ങളെപ്പറ്റിയുമെല്ലാം ചോദിക്കും. അതിനാൽ ആസ്തിവികസന ഫണ്ടിൽ കുറവ് വരുത്തരുതെന്നാണ് ആവശ്യപ്പെടുന്നത്. മൂന്നുകോടി രൂപയെങ്കിലും നിലനിർത്തണം. അക്കാര്യത്തിലൊരു വ്യക്തത വരുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതൊരു തർക്ക വിഷയമാക്കി മാറ്റേണ്ട കാര്യമില്ല. നമുക്കെല്ലാവർക്കുമറിയാം, അഞ്ച് കോടി രൂപ കിട്ടിയാലും എം.എൽ.എ.-മാരുടെ ആവശ്യത്തിന് അത് തികയാതെ വരും. പക്ഷെ, ഇന്നത്തെ സാഹചര്യത്തിൽ അതിൽനിന്നും നാല് കോടി രൂപ എടുക്കുകയാണ്. ഇന്നത്തെയൊരു പ്രത്യേക സാഹചര്യത്തിൽ ഒരു കോടി രൂപ എം.എൽ.എ.-മാർക്ക് ചെലവഴിക്കുന്നതിനുവേണ്ടി ബാക്കിയുണ്ടാകും. ആ നിലയിലെടുക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മുടെ കടബാദ്ധ്യതയെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും ഒരുപാട് സംശയങ്ങളും ആശങ്കകളും നിലനിൽക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു ധവളപത്രം പുറത്തിറക്കിയിരുന്നു. അതേ മാതൃകയിൽ ഒരു ധവളപത്രമിറക്കി യഥാർത്ഥ സാമ്പത്തികനില ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ തയ്യാറാകുമോ?

മി. സ്പീക്കർ: അതിനുള്ള മറുപടി ചോദ്യോത്തരവേളയിൽ പറഞ്ഞു കഴിഞ്ഞതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ വിഷയത്തെപ്പറ്റി ഇന്നലെയും ഇന്നും വിശദമായ ചർച്ച നടത്തിയതാണ്. അക്കാര്യത്തിൽ പുതിയതായി ഒന്നും ഇനി പറയാനില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ ചില കാര്യങ്ങൾ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞതിനെ ഞാൻ

സ്വാഗതം ചെയ്യുന്നു. കശുവണ്ടി വ്യവസായ മേഖല വലിയ തകർച്ചയിലാണെന്ന് വളരെ കൃത്യമായി അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അഞ്ച് വ്യവസായികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഒരുപാട് ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. കയർ മേഖലയിൽ മുമ്പ് നടപ്പിലാക്കിയതുപോലെയുള്ള ഒരു ഇൻകം സപ്പോർട്ട് സ്കീം കശുവണ്ടി വ്യവസായ മേഖലയിലും നടപ്പിലാക്കാൻ തയ്യാറാകണമെന്നൊരു അഭ്യർത്ഥനയാണുള്ളത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയുള്ള കാര്യങ്ങളൊക്കെ പിന്നീട് വിശദമായി ചർച്ച ചെയ്യേണ്ടവയാണ്. കശുവണ്ടി ഫാക്ടറികൾ, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകൾക്കും അവ തുടർന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതിന് കൃത്യമായ ഒരു സ്കീമുണ്ടാക്കി പരിഗണിക്കാം. മറ്റ് കാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യാം.

## VII അറിയിപ്പ്

### പരിശീലന പരിപാടി

മി. സ്പീക്കർ: ഓർഡർ......ഓർഡർ..... കോവിഡ്-19 മൂന്നാം തരംഗവുമായി ബന്ധപ്പെട്ട സുരക്ഷാസന്നാഹങ്ങളെക്കുറിച്ചുള്ള ഒരു പരിശീലന പരിപാടി സഭാനടപടികൾക്കുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾക്കായി മെമ്പേഴ്സ് ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രമുഖ ഡോക്ടർമാരാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടി നീണ്ടുപോയേക്കാമെന്ന് കരുതി മൂന്നര മണിക്ക് തുടങ്ങുമെന്നാണ് അറിയിച്ചിരുന്നത്. ഇപ്പോൾ സമയം രണ്ടരയായിട്ടേയുള്ളൂ. അവർ ഇപ്പോൾ എത്തിച്ചേർന്നു കാണുമെന്ന് കരുതുന്നു. അതുകൊണ്ട് മൂന്നു മണിക്കുതന്നെ തുടങ്ങാൻ കഴിയും. ഈ പരിശീലന പരിപാടി എം.എൽ.എ.-മാർക്ക് വളരെ പ്രയോജനപ്പെടുന്ന ഒന്നാണ്. ഈ പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ഥലം ഈ മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലുള്ള ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് ആണ്.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.38-ന് പിരിഞ്ഞു.)